# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 12, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1026/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 51

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 51
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 88

II അടിയന്തരപ്രമേയനോട്ടീസ്

ഓഡിറ്റ് നിഷേധം 476

III ശ്രദ്ധ ക്ഷണിക്കൽ

(1) വാടക നിയന്ത്രണവും നഷ്ടപരിഹാരവും
— ശ്രീ. വി. കെ. സി. മമ്മത് കോയ 480

(2) ശബരിമലയിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ
— ശ്രീ. ഒ. രാജഗോപാൽ 484

IV നിയമനിർമ്മാണകാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ 490

(ii) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 502

അനുബന്ധം 505

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 12, ചൊവ്വ*

| വാല്യം 177] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |
|---|---|---|

നിയമസഭ 2019 നവംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ (*331)

### കിഫ്ബി, കിയാൽ എന്നിവയിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്

1 (*331) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. സി. കമറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, കിയാൽ എന്നിവയെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര കോർപ്പറേറ്റ്കാര്യ മന്ത്രാലയ നിയമപ്രകാരം കിഫ്ബി, കിയാൽ എന്നിവ പൊതുമേഖലാ സ്ഥാപനമോ കമ്പനിയോ ആയി കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ ഏത് രീതിയിലുള്ള സ്ഥാപനങ്ങളായാണ് നിലനിൽക്കുന്നത്; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കിഫ്ബി സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. കിഫ്ബിയെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. സി.&എ.ജി.-ഡി.പി.സി. ആക്ട്, 1971 (സി.&എ.ജി.-യുടെ കടമകളും അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും സംബന്ധിക്കുന്ന ആക്ട്)-ലെ സെക്ഷൻ 14(1) പ്രകാരം കിഫ്ബി നിലവിൽ സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിൻപ്രകാരം ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി.-യെ അറിയിക്കുകയും അതിൻപ്രകാരം ഓഡിറ്റ് നടക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പെടെ എല്ലാ രേഖകളും പരിശോധിക്കാനുള്ള സൗകര്യങ്ങളും ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്.

കണ്ണൂർ വിമാനത്താവള കമ്പനിയിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ആർട്ടിക്കിൾസ് പ്രകാരം ഡയറക്ടർ ബോർഡിൽ മൂന്നിലൊന്ന് ഡയറക്ടർമാരെ സർക്കാരിന് നിയമിക്കാമെന്ന അവകാശത്തിന് പുറമേ മറ്റെന്തെങ്കിലും അധികാരങ്ങൾ സർക്കാരിന് കൊടുക്കുന്ന ധാരണാ പത്രങ്ങളോ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റോ വോട്ടിംഗ് എഗ്രിമെന്റോ നിലവിലില്ല. സർക്കാരിന് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡിൽ ഭൂരിപക്ഷം ഇല്ലാത്തതിനാലും മറ്റ് നിയന്ത്രണങ്ങളൊന്നും ഇല്ലാത്തതിനാലും മുകളിൽ സൂചിപ്പിച്ച മറ്റ് വ്യവസ്ഥകൾകൂടി കണക്കിലെടുത്തും പാർലമെന്റ് പാസ്സാക്കിയ 2013-ലെ കമ്പനി നിയമമനുസരിച്ച് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ഒരു സർക്കാർ കമ്പനിയോ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയോ അല്ല. ആയതുകാരണം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടത് കമ്പനിയുടെ ഉടമസ്ഥരായ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്ററാണ്. മേൽ കാരണങ്ങളാൽ കിയാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യാൻ സി.&എ.ജി.-ക്ക് അധികാരമില്ലെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി. കത്ത് നൽകിയിരുന്നു. ഇതിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും ഈ നിലയിൽ തന്നെയാണ്. ഈ സാഹചര്യത്തിൽ കണ്ണൂർ വിമാനത്താവള കമ്പനിയെ ഏത് വിധത്തിൽ ഓഡിറ്റ് ചെയ്യണമെന്ന് സർക്കാരിന് നിഷ്കർഷിക്കാനാവില്ല.

(ബി) കേരള നിയമസഭ പാസ്സാക്കിയ കിഫ് ആക്ടിനാൽ 1999-ൽ രൂപീകൃതമായ സ്ഥാപനമാണ് കിഫ്ബി. ഇത് സ്റ്റാറ്റ്യൂട്ടറി ബോഡി കോർപ്പറേറ്റ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

കമ്പനി നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു അൺ ലിസ്റ്റഡ് പബ്ലിക് കമ്പനിയാണ് കിയാൽ. ഇതിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, നടപ്പ് സമ്മേളനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. ശിവകുമാർ 29-10-2019-ന് ചോദിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 451-ന്റെ മറുപടിയിൽ, കിഫ്ബി ആക്ട് അനുശാസിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ നിലനിൽക്കെ ആ ചുമതലയിലേയ്ക്ക് സി.&എ.ജി. വന്ന് സമാന്തര റിപ്പോർട്ട് തയ്യാറാക്കുന്നത് നിക്ഷേപകരിൽ ആശങ്ക സൃഷ്ടിക്കുമെന്ന് മറുപടി പറഞ്ഞതായി കാണുന്നു. അതായത് സി.&എ.ജി. തയ്യാറാക്കുന്ന റിപ്പോർട്ട് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ തയ്യാറാക്കുന്നതിൽനിന്ന് വ്യത്യസ്തവും ഭിന്നവുമാകുമെന്ന് സർക്കാരിനുതന്നെ അറിയാം. അതുകൊണ്ട് ശരിയായ രീതിയിൽ, മിസ്അപ്രോപ്രിയേഷനൊന്നുമില്ലാതെ നല്ലരീതിയിൽ പ്രവർത്തനം നടക്കുകയാണെങ്കിൽ, നിക്ഷേപകരിൽ ആശങ്കയ്ക്കുപകരം ആത്മവിശ്വാസമുണ്ടാകും. അല്ലെങ്കിൽ രണ്ട് കൂട്ടരുടെയും റിപ്പോർട്ട് ഒരുപോലെ വരും. നിക്ഷേപകരുടെ ആശങ്ക മാറ്റാനല്ലേ സി.&എ.ജി.-യുടെ ഓഡിറ്റ് മുഖേന സാധിക്കുകയുള്ളൂ. നിക്ഷേപകർക്ക് ആത്മവിശ്വാസം വർദ്ധിക്കാനുള്ള സാധ്യത സി.&എ.ജി.-യുടെ ഓഡിറ്റുകൊണ്ട് ഉണ്ടാകുമ്പോൾ ഇങ്ങനെയൊരു മറുപടി കൊടുത്തതിൽനിന്ന് ഗവൺമെന്റിന്റെ മനസ്സിലിരുപ്പ് വ്യക്തമല്ലേ.?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗവൺമെന്റ് ഉദ്ദേശിക്കുന്ന കാര്യം ഞാൻ വ്യക്തമായി പ്രതിപാദിച്ചു. നിയമത്തിലെ സെക്ഷൻ 14(1) പ്രകാരമുള്ള സി.&എ.ജി. ഓഡിറ്റിന് ഒരു നിബന്ധനകളുമില്ല. ഏത് വരവും ചെലവും സി.&എ.ജി.-ക്ക് പരിശോധിക്കാനുള്ള അവകാശമുണ്ട്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ എന്നുപറയുന്നത് വരവുചെലവ് കണക്കും വൗച്ചറും ബില്ലും പരിശോധിക്കുക മാത്രമല്ല. സി.&എ.ജി.-യുടെ പരിശോധനയിൽ ഈ ചെലവിന്റെ പ്രൊസീഡ്യുവേഴ്സ്, അത്തരത്തിലൊരു ചെലവ് നടത്തിയതിലെ വിസ്ഡം ഓഫ് ഇക്കണോമി, ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളുമുണ്ട്. –നിയമസഭയിൽ വായിക്കുന്ന റിപ്പോർട്ടുകൾപോലെ സമഗ്രമായവയാണ്. അതിന് ഒരു തടസ്സവുമില്ല, സ്റ്റാറ്റ്യൂട്ടുമുണ്ട്. സ്റ്റാറ്റ്യൂട്ടറി ഫിനാൻഷ്യൽ ഓഡിറ്റ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

തയ്യാറാക്കാനുള്ളതാണ്. അത് വർഷാവസാനം കിട്ടിയാൽ മാത്രം പോരാ. കിഫ്ബി പോലെയുള്ള കമ്പനിയിൽ പുതിയ വായ്പയ്ക്ക് പോകുമ്പോൾ അതുവരെയുള്ള കണക്ക് നൽകണം. ഇപ്പോൾ മസാല ബോണ്ട് എടുത്തു. അതിന്റെ ഡിപ്ലോയ്മെന്റ് എന്താണെന്ന് ആറാറ് മാസം കൂടുമ്പോൾ അറിയിക്കണം, ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് കൊടുക്കണം. ഇങ്ങനെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൂടി തയ്യാറാക്കുന്നതിനാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് എന്നുപറയുന്നത്. അത് അവരെ ഏൽപ്പിക്കാൻ പറ്റില്ല, പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. കണക്ക് മാത്രമല്ല, അതിന്റെ പിന്നിലുള്ള മോട്ടീവും അത് ഇങ്ങനെയാണോ ചെയ്യേണ്ടിയിരുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം പരിശോധിക്കാനുള്ള അവകാശം സി.&എ.ജി.-ക്കുണ്ട്. അതിനൊരു തടസ്സവും സൃഷ്ടിക്കില്ലെന്ന് മാത്രമല്ല, അങ്ങനെ ചെയ്യണമെന്നാണ് സർക്കാർ സി.&എ.ജി.-യോട് പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ മനസ്സിലാക്കിയത് കിഫ് ആക്ടുള്ളതുകൊണ്ട് സി.&എ.ജി. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിൽ ചാർട്ടേഡ് അക്കൗണ്ടന്റ്സ് തയ്യാറാക്കിയ കണക്ക് വെറ്റ് ചെയ്യുകയേ ഉള്ളൂവെന്നും അവർ റെസീപ്റ്റും മറ്റ് കാര്യങ്ങളുമൊന്നും പരിശോധിക്കുന്നില്ലെന്നുമാണ്. അത് ഈ മറുപടിക്ക് പകരമായി പറഞ്ഞതാണ്. എന്റെ രണ്ടാമത്തെ ചോദ്യം, കിഫ്ബി മുഖേനയുള്ള നിക്ഷേപ സമാഹരണങ്ങളും തിരിച്ചടവുകളും ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അവസാനിക്കുന്നതല്ല. തിരിച്ചടവിന്റെ സമ്പൂർണ്ണ ബാധ്യത അടുത്ത സർക്കാരിന്റെ തലയിലാകും. നിക്ഷേപ സമാഹരണത്തിന് കേന്ദ്ര സർക്കാർ അനുവാദം നിഷേധിച്ചാൽ വിദേശ കമ്പോളങ്ങളിൽനിന്ന് ബോണ്ടുകൾ മുഖേന പണം സമാഹരിക്കാൻ സാധിക്കുകയില്ല. അങ്ങനെയാകുമ്പോൾ കിഫ്ബി മുഖേന തുടക്കമിട്ട പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാനും സാധിക്കില്ല; നിലവിലുള്ള പലിശയും തിരിച്ചടവും പൊതുഖജനാവിൽ നിന്നുതന്നെ നടത്തേണ്ടിവരും. കിഫ്ബി മുഖേനയുള്ള സമാഹരണം നിലവിൽ സംസ്ഥാന ബഡ്ജറ്റിന് പുറത്താണ്. പക്ഷെ തടസ്സങ്ങൾ നേരിട്ടാൽ തിരിച്ചടവ് മുഴുവനും സർക്കാർ ഖജനാവിൽ നിന്നാകും. ഇതിലൊരു അപകടം നിലനിൽക്കുന്നുണ്ട്. ഈ സമാന്തര സാമ്പത്തിക സ്ഥാപനം സൃഷ്ടിച്ചുകൊണ്ടുള്ള നടപടി ഇതുവരെയുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ കേരളത്തിന്റെ ഭാവി സമ്പദ്‌വ്യവസ്ഥയെ തകരാറിലാക്കുമെന്ന് പറഞ്ഞാൽ അത് ശരിയല്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതുവരെയുള്ള അനുഭവം എന്താണ്; ഒന്ന്, ഇത് നമ്മുടെ സംസ്ഥാനത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. ഇവിടെയിരിക്കുന്ന ഓരോ അംഗത്തിനും തന്റെ നാടിന് ഇത് കൂടിയേ തീരുവെന്ന്

കരുതുന്ന എത്രയോ വികസന പദ്ധതികൾ കിഫ്ബി വഴി നമ്മൾ നടപ്പാക്കുന്നു; ഇതല്ലേ അനുഭവം. മലബാറിൽനിന്നും വരുന്നവർക്ക്, അവിടത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്താണൊരു മാർഗ്ഗം? 440 കെ.വി. ലൈൻ മലബാറിലേയ്ക്കോ കാസർഗോഡിലേയ്ക്കോ കൊടുത്തില്ലെങ്കിൽ അവിടത്തെ വോൾട്ടേജ് ക്ഷാമം എന്നെങ്കിലും പരിഹരിക്കാൻ സാധിക്കുമോ; പതിനായിരം കോടി രൂപയുടെ നിക്ഷേപമില്ലാതെ 440 കെ.വി. ട്രാൻസ്മിറ്റ് ലൈനുണ്ടാക്കാൻ പറ്റുമോ; എവിടെനിന്നാണ് പതിനായിരം കോടി രൂപ; ഇത് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് ആരെങ്കിലും പറയുമോ; അത് തുടങ്ങിയിരിക്കുകയല്ലേ. രണ്ട് ദശാബ്ദമായി മലയോര ഹൈവേയെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയല്ലേ; ശ്രീ. കെ. സി. ജോസഫ് മലയോര ഹൈവേയെക്കുറിച്ച് എപ്പോഴും ചോദിക്കുന്നതാണ്. അടുത്ത വർഷം അത് പൂർണ്ണമായും തീരുകയല്ലേ. നമ്മുടെ ദേശീയ ജലപാത. അതല്ലെങ്കിൽ എറണാകുളം പട്ടണത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള ഫ്ലൈ ഓവറുകളും അവിടത്തെ പുതിയ റോഡുകളും എയർപോർട്ട്-സീപോർട്ട് റോഡുമെല്ലാം. ഇത് മണ്ഡലം നോക്കിയല്ല, നമുക്കത് അത്യന്താപേക്ഷിതമാണ്, ഒഴിച്ചുകൂടാൻ പറ്റില്ല. നാളത്തേയ്ക്ക് പണമില്ലെങ്കിലും ഇതെല്ലാം നടക്കണമെന്ന് നമുക്ക് ബോധ്യമുള്ള പദ്ധതികൾ തുടങ്ങി രണ്ടുമൂന്ന് വർഷത്തിനുള്ളിൽ തീർക്കും എന്നുള്ളതല്ലേ ആദ്യത്തെ അനുഭവം. രണ്ടാമത്തേത്, സംസ്ഥാനത്ത് വലിയ സാമ്പത്തികമാന്ദ്യം വന്നിരിക്കുന്നു. ദേശീയ തലത്തിൽ വന്ന മാന്ദ്യത്തിന് പുറമേ ഗൾഫിൽനിന്നുള്ള വരുമാനത്തിലെ ഇടിവ്, നാണ്യവിളകളുടെ തകർച്ച ഇതിന്റെയെല്ലാം ഫലമായി, ഏറ്റവും രൂക്ഷമാണത്. ഇങ്ങനെയൊരു കാലയളവിൽ കേന്ദ്ര സർക്കാർ ഇവിടെ പണം മുടക്കാനും ഉത്തേജനം നൽകാനുമുള്ള ഒരു പരിശ്രമവുമില്ല. എന്തെല്ലാം പണി തരാൻ പറ്റുമോ അതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ ഒരു സംസ്ഥാനത്തും ഇല്ലാത്ത, നമ്മുടെ രാജ്യത്തില്ലാത്ത ഒരു ഉത്തേജക പാക്കേജ്, നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ ഏതാണ്ട് 10 ശതമാനം വരുന്നൊരു ഉത്തേജകപാക്കേജ് നമ്മൾ നടപ്പാക്കുകയാണ്. ഇതല്ലേ നമ്മുടെ അനുഭവം. ഇനി ഇത് തിരിച്ചടയ്ക്കുന്നത് എങ്ങനെയാണ്; തിരിച്ചടവ് ഭാവി തലമുറയ്ക്ക് ബാധ്യതയാകുമെന്ന് പറഞ്ഞാൽ, എല്ലാ വർഷവും നമ്മൾ ഏതാണ്ട് 20,000 കോടി രൂപയുടെ വായ്പയെടുക്കുന്നില്ലേ. 1990-കളിലെടുത്ത വായ്പ ഇപ്പോഴാണ് തിരിച്ചടയ്ക്കുന്നത്. ഇപ്പോഴത്തെ പ്രശ്നം, 1990-കളിൽ വലിയ രീതിയിൽ വായ്പയെടുത്തിട്ടുണ്ട്. ഇന്നിപ്പോൾ വായ്പ കൃത്യമായി 3 ശതമാനമേ എടുക്കാൻ പറ്റുന്നുള്ളൂ. അന്ന് ആ നിയമം ഇല്ലാതിരുന്നപ്പോൾ എടുത്ത വായ്പകളാണ്. അതിന്റെ ലംപ്സം പേമെന്റ് ഇപ്പോൾ വരുന്നതുകൊണ്ടാണ്. അതെല്ലാം സാധാരണമാണ്. സർക്കാരുകൾ അങ്ങനെയാണ്. തുടർച്ചയായി പ്രവർത്തിച്ചുപോകുകയാണ്.

അപ്പോൾ ഇതിലൊരു സെക്കന്റ് ഫേസ് ആരംഭിക്കാമല്ലോ. നമ്മൾ ഏറ്റെടുത്ത ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ റീപേമെന്റ് തുടങ്ങുമ്പോൾ, അന്ന് നമുക്ക് സെക്കന്റ് ഫേസിനെക്കുറിച്ചുകൂടി ആലോചിക്കാവുന്നതാണ്. ഇന്നിപ്പോൾ അമ്പതിനായിരം കോടി രൂപയുടേതേയുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ നാടിന്റെ അത്യന്താപേക്ഷിത വികസനത്തിന് എടുക്കുന്ന നടപടിക്ക് എല്ലാവരുടെയും പിന്തുണ വേണ്ടതാണ്. ഒരു ഭയാശങ്കയും ഇതിൽ വേണ്ട.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അങ്ങ് ഇവിടെ 45,000-50,000 കോടി രൂപയുടെ വികസനമെന്നൊക്കെ പറയുന്നുണ്ടെങ്കിലും എന്റെ മണ്ഡലത്തിൽ ഇതുവരെ ലഭിച്ചത് 98 കോടി രൂപ മാത്രമാണ്. അതിന്റെ ഒരു വർക്കും ഇതുവരെ ആരംഭിച്ചിട്ടില്ല. 96 കോടി രൂപയുടെ കുടിവെള്ള പദ്ധതിയെന്നൊക്കെ പറയുന്നുണ്ടെങ്കിലും എഗ്രിമെന്റുപോലും വച്ചിട്ടില്ല. എന്റെ ചോദ്യം, കണ്ണൂർ വിമാനത്താവളത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന ഏവിയേഷൻ കമ്പനികൾക്ക് ഏവിയേഷൻ ഫ്യൂവലിനുള്ള നികുതി സൗജന്യമാക്കിയത് കാരണം നമുക്ക് എത്ര നഷ്ടം സംഭവിച്ചിട്ടുണ്ട്? കോഴിക്കോട് എയർപോർട്ടിനും ഇതേ ഇളവ് കൊടുത്തിരുന്നുവെങ്കിലും ടിക്കറ്റ് നിരക്കിൽ കുറവും മറ്റും വരുത്തിയിട്ടില്ല, യാതൊരു ലാഭവുമുണ്ടായിട്ടില്ല. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിൽ ടിക്കറ്റ് നിരക്കിൽ ചെറിയ കുറവുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ കോഴിക്കോട് എയർപോർട്ടിന് ഈ ഇളവ് ലഭിച്ചിട്ടില്ല. ഈ വിഷയം സർക്കാർ ടേക്ക് അപ് ചെയ്ത് ടിക്കറ്റ് ചാർജ് കുറയ്ക്കാൻ ഏവിയേഷൻ കമ്പനികളോട് ആവശ്യപ്പെടുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നമുക്ക് സാമ്പത്തിക പ്രതിസന്ധിയൊക്കെയുണ്ടെങ്കിലും ഏവിയേഷൻ ഫ്യൂവലിന് ഇളവ് നൽകിയതിന്റെ ഉദ്ദേശം എല്ലാവർക്കുമറിയാം. ഒന്ന്, കൂടുതൽ വിമാനങ്ങളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുക. രണ്ട്, അവർ ഇവിടെ ഫ്രീ ഫ്യൂവൽ തരികയാണെങ്കിൽ ഇളവ് നൽകിയാലും വരുമാനം വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. യാത്രക്കൂലി കുറയ്ക്കണമെന്ന് അവരോട് നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടി ചെയ്തതാണ്. എത്ര നഷ്ടം വന്നു തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകമായൊരു ചോദ്യം തന്നാൽ മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. ഈ പറഞ്ഞ കാര്യങ്ങൾ നിശ്ചയമായും അവരുമായി വീണ്ടും ടേക്ക്അപ്പ് ചെയ്യും. ആദ്യം പറഞ്ഞ കാര്യത്തിൽ, സ്കൂൾ, ആശുപത്രി തുടങ്ങിയ കാര്യങ്ങൾ ഏതൊക്കെ മണ്ഡലങ്ങളിൽ വേണമോ അതെല്ലാം മാനദണ്ഡം വച്ച് നൽകുകയാണ്. ശ്രീ. മഞ്ഞളാംകുഴി അലി വന്ന് ഇങ്ങനെയൊരു ഒരു പ്രോജക്റ്റുണ്ട്, അത് തുടങ്ങിയിട്ടില്ല, താമസം വരുന്നു, നേരത്തെ ഇൻവെസ്റ്റ് ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ്, അതുകൂടി ഇതിലേയ്ക്ക്

ഉൾപ്പെടുത്തണമെന്ന് പറഞ്ഞപ്പോൾ എടുത്ത നിലപാട്, കിഫ്ബിയിൽ ഇത് ഭേദഗതി ചെയ്യാൻ സാധിക്കില്ല. പക്ഷേ ഇതിനകം 20 കോടി രൂപ മുടക്കിക്കഴിഞ്ഞ പദ്ധതിയാണ്. ഡിസ്ട്രിബ്യൂഷൻ ലൈനില്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്നുവെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്തപ്പോൾ, ഇങ്ങനെ കിടന്നാൽ അതിന്റെ ഗുണം നാട്ടുകാർക്കുണ്ടാകില്ലെന്നും അത് ചെയ്യണമെന്നുമുള്ള തീരുമാനമെടുത്തു. നാട്ടിലെ ആളുകൾക്ക് കുടിവെള്ളം കൊടുക്കുന്നതിനും യാത്രാസൗകര്യം ഉണ്ടാക്കുന്നതിനും കക്ഷിഭേദമോ വിവേചനമോ ഇല്ല.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, അങ്ങ് പറഞ്ഞത് കിയാലിൽ കേരള ഗവൺമെന്റിന് 32 ശതമാനം ഓഹരി മാത്രമേ ഉള്ളൂവെന്നാണ്. എന്നാൽ 4-11-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ ഓഡിറ്റുമായി ബന്ധപ്പെട്ട് നൽകിയ മറുപടിയിൽ പറയുന്നത് - കേരള സർക്കാർ - 32.99%, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ - 17.88%, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ - 1.95%, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ - 8.25% എന്നാണ്. ഇതെല്ലാം സ്വകാര്യ സ്ഥാപനങ്ങളല്ലല്ലോ. ഇത്രയും സ്ഥാപനങ്ങളുടെ ഓഹരി മൊത്തം കൂട്ടുമ്പോൾ 62 ശതമാനത്തിലധികമുണ്ട്. 62 ശതമാനത്തിലധികം സംസ്ഥാന/കേന്ദ്ര ഗവൺമെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓഹരിയുള്ള ഒരു സ്ഥാപനത്തിന് സംസ്ഥാന ഗവൺമെന്റിന് കേവലം 32 ശതമാനം മാത്രമേ ഓഹരിയുള്ളൂവെന്ന് പറഞ്ഞ് സി.&എ.ജി.-യുടെ ഓഡിറ്റ് തടസ്സപ്പെടുത്തുന്നത് എന്തിനാണ്? അങ്ങ് പറഞ്ഞ ഉത്തേജക പാക്കേജ് സ്വാഗതാർഹമാണ്. പക്ഷെ കണക്കുകൾ സുതാര്യമാകണം. കേരളത്തിലെ ജനങ്ങൾക്കും നിയമസഭയ്ക്കുമൊക്കെ അക്കൗണ്ടബിലിറ്റിയുണ്ടാകണം. 62 ശതമാനത്തിലധികം ഓഹരിയുള്ള കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ കണക്കുകൾ സി.&എ.ജി.-യുടെ ഓഡിറ്റിന് വിധേയമാക്കാൻ എന്ത് തടസ്സമാണുള്ളത്? കേവലം 32 ശതമാനം എന്നു പറഞ്ഞ് ഒതുക്കാതെ 65 ശതമാനമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്ന മറുപടിയിൽ പറഞ്ഞത് വളരെ കൃത്യമാണ്. സി.& എ.ജി.-യുടെ ഓഡിറ്റിനെ പേടിക്കുന്നത് എന്തിനാണെന്നുള്ളതാണ് സംശയം.

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്ര കമ്പനി നിയമപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേരിട്ടുള്ള നിക്ഷേപം മാത്രമാണ് പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടാണ് 51 ശതമാനത്തിൽ താഴെയാണ് സർക്കാരിന്റെ ഓഹരി എന്ന് മറുപടിയിൽ പറഞ്ഞത്. ഈ കമ്പനി നിയമം വന്നത് 2013-ലാണ്. അതിനുശേഷം ഇങ്ങനെയുള്ള ഒരു കമ്പനികളിലും സി.&എ.ജി.-

യുടെ ഓഡിറ്റില്ല. ഇപ്പോൾ തുടങ്ങിവച്ചതല്ല. 2002-നുശേഷം സിയാലിൽ സി.&എ.ജി.-യുടെ ഓഡിറ്റുണ്ടായിരുന്നു. യു.ഡി.എഫ്. ഇവിടെ ഭരിച്ചിട്ടുണ്ടല്ലോ. അതേ മാതൃക തന്നെയാണ് കിയാലിലുമുള്ളത്. പുതിയൊരു കാര്യവും സർക്കാർ പറഞ്ഞിട്ടില്ല. സിയാലിൽ എന്താണോ നിലപാടെടുത്തത്, ഈ സർക്കാർ മാത്രമല്ല നേരത്തെയുള്ള യു.ഡി.എഫ്. സർക്കാരും എടുത്തിട്ടുള്ളത്. അതുതന്നെയാണ് മുഖ്യമന്ത്രിയുടെ ഉത്തരത്തിലും ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, കിഫ്ബിയും കിയാലും പോലുള്ള സ്ഥാപനങ്ങളിൽ സി.&എ.ജി.-യുടെ ഓഡിറ്റുണ്ടെങ്കിൽ മാത്രമേ ഈ സ്ഥാപനങ്ങളുടെ വിശ്വാസ്യതയും സുതാര്യതയും നിലനിർത്താനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കാനും സാധിക്കുകയുള്ളൂ. ഈ സ്ഥാപനങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഓഡിറ്റ് സംവിധാനമില്ലാതെ വരുമ്പോൾ നിക്ഷേപകരിലും പൊതുസമൂഹത്തിലും വലിയ ആശങ്കയുണ്ടാകും. ഇതൊഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതുകൊണ്ട് ഓഡിറ്റ് ചെയ്യണമെന്ന് സി.&എ.ജി.-യോട് ആവശ്യപ്പെടുകയാണ്. അങ്ങനെ ഓഡിറ്റ് ചെയ്യുന്നതിന് പരിധിയോ പരിമിതിയോ സർക്കാർ കല്പിക്കുന്നില്ല എന്നറിയിച്ചിരിക്കുകയാണ്. കണക്കുകളുടെ വിശ്വാസ്യത മാത്രമല്ല, ചെയ്ത കാര്യങ്ങളുടെ മോട്ടീവും നടപടിക്രമങ്ങളും പരിശോധിക്കണമെന്ന് സി.&എ.ജി.-യോട് ഔപചാരികമായി ആവശ്യപ്പെട്ടിട്ടുണ്ട്. സി. & എ.ജി. പരിശോധിച്ചപ്പോൾ ഇവിടെനിന്ന് എന്തെങ്കിലും ലഭ്യമല്ലാതായിട്ടുണ്ടെങ്കിൽ അതറിയിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. കിഫ്ബിയിലെ ഓഡിറ്റിനുള്ള സമ്പൂർണ്ണ അധികാരം സി.&എ.ജി.-ക്ക് നൽകിയിട്ടുണ്ടെന്നതിൽ യാതൊരു സംശയവും വേണ്ട. അത് വിശ്വാസ്യത വർദ്ധിപ്പിക്കുകയേ ഉള്ളൂ. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളോട് സർക്കാരിന് പൂർണ്ണ യോജിപ്പാണുള്ളത്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലും സംസ്ഥാന സർക്കാരിന്റെ ഓഹരി 61 ശതമാനമോ 51 ശതമാനമോ എന്ന് വേണമെങ്കിൽ കണക്കാക്കാം. എങ്ങനെയാണെന്ന് വച്ചാൽ ജില്ലാ സഹകരണ ബാങ്കും കൊച്ചിൻ റിഫൈനറിയും 5 കോടി രൂപവീതം തുടക്കത്തിൽ ഓഹരി എടുത്തിട്ടുണ്ട്. ബോർഡ് ഓഫ് ഡയറക്ടേഴ്സും അതിന്റെ ഭാഗത്തുനിന്നുണ്ടാകാറുണ്ട്. പക്ഷെ കമ്പനിയുടെ നേരിട്ടുള്ള ഷെയർ നോക്കുമ്പോൾ 50 ശതമാനത്തിൽ താഴെയാണ്. അതുകൊണ്ടാണ് സി.&എ.ജി.-യെ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. കണ്ണൂർ

എയർപോർട്ടിന്റെ കാര്യത്തിലും ഇതേ മാനദണ്ഡമാണുള്ളത്. കിഫ്ബി എന്നൊരു വലിയ വികസന പദ്ധതിക്കെതിരായി പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു ക്യാമ്പയിനാണ് ഇതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ആദ്യമുന്നയിച്ചപ്പോൾ പുകമറയെന്ന് ചിന്തിച്ചിട്ടില്ല. സി.&എ.ജി.-യുടെ ഓഡിറ്റ് ഒഴിവാക്കാൻ ശ്രമിക്കുന്നുവെന്ന തെറ്റിദ്ധാരണയുണ്ടായതുമൂലമാണ് സംശയങ്ങൾ ഉയർന്നുവന്നത്. പക്ഷെ ഇന്ന് ഇത്രയും കാര്യങ്ങൾ വ്യക്തമാക്കിയിട്ടും അതുതന്നെ ഉന്നയിച്ചുകൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുകമറ സൃഷ്ടിക്കാനും ആശയക്കുഴപ്പമുണ്ടെങ്കിൽ അത് ഉണ്ടായിക്കോട്ടെ എന്ന് കരുതിയിട്ടുമാകും. ഇന്ന് അടിയന്തര പ്രമേയവും അതുതന്നെ വരുന്നു. ഇത് മോട്ടിവേറ്റഡാണ്. കിഫ്ബിയുടെ കണക്കുകൾ പരിശോധിക്കുന്നത് സി.&എ.ജി.-യെ ഒഴിവാക്കുന്നത് എന്തിനാണെന്ന ന്യായമായ സംശയം ആദ്യം ചിലർക്ക് വന്നു. സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ഫിനാൻഷ്യൽ പരിശോധന ഈ നിയമസഭ പാസ്സാക്കിയിട്ടുള്ള കിഫ് ആക്ട് പ്രകാരം എങ്ങനെയാണ് ചെയ്യേണ്ടതെന്നുണ്ട്. അതുപ്രകാരം വരവുചെലവ് കണക്കുകളും ബില്ലും വൗച്ചറുകളുമെല്ലാം പരിശോധിക്കും. അതിനപ്പുറത്തേയ്ക്ക് എന്തും ചെയ്യാൻ സി. & എ.ജി.-ക്ക് അധികാരം നൽകുന്നതാണ് 14(1). അപ്രകാരം ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർക്കാർ സി.& എ.ജി.-ക്ക് കത്തും അയച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ പുകമറ ഉണ്ടാക്കാൻ ശ്രമിക്കുന്നത് ധനകാര്യ വകുപ്പുമന്ത്രിയാണ്. സംസ്ഥാന ഖജനാവിൽനിന്ന് ഒരു പൈസ ചെലവാക്കിയാലും സഞ്ചിതനിധിയിൽനിന്ന് ചെലവാക്കുന്ന ഓരോ രൂപയും ഓഡിറ്റ് ചെയ്യാനുള്ള പൂർണ്ണമായ അധികാരം ഭരണഘടനാപരമായി സി.&എ.ജി.-ക്ക് ഉള്ളതാണ്. കിഫ്ബിയിലും കിയാലിലും സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റിന് മന്ത്രി തയ്യാറാകുന്നില്ല. അദ്ദേഹം പറഞ്ഞത് 14(1) അനുസരിച്ച് ഓഡിറ്റിന് അധികാരമുണ്ടെന്നാണ്. എന്നുവച്ചാൽ പതിനായിരം കോടി രൂപയുടെ ഓഡിറ്റിന് മാത്രമേ അധികാരമുള്ളൂ. 20(2) അനുസരിച്ച് പൂർണ്ണമായ ഓഡിറ്റിനുള്ള അധികാരം സി.&എ.ജി.-ക്ക് നൽകുകയാണ്. ഇതൊന്നും അറിയാതെയാണോ സി.&എ.ജി. മൂന്ന് കത്തയച്ചത്. അങ്ങ് കിയാലിന്റെ കാര്യം പറഞ്ഞു. കിയാലും സിയാലും ഒരുപോലെയല്ല. കിയാലിൽ 65 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൾപ്പെടെയുള്ള ഓഹരിയുള്ളതുകൊണ്ടാണ് കിയാൽ ഒരു ഗവൺമെന്റ് കമ്പനിയാണെന്ന് കമ്പനി രജിസ്ട്രാർ എഴുതിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കിയാലിൽ ഓഡിറ്റ് ഉണ്ടായിരുന്നു, സിയാലിൽ ഇല്ലായിരുന്നു. സിയാലിൽ 32 ശതമാനം

ഓഹരി മാത്രമുള്ളതുകൊണ്ടാണ് ഓഡിറ്റ് ഇല്ലാത്തത്. കിയാലിൽ 65 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഓഹരിയുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഓഡിറ്റ് നടത്തിയതിന്റെ ഓഡിറ്റ് പാരഗ്രാഫ് എല്ലാവരുടേയും മുൻപിലുണ്ട്. നിങ്ങൾ ചെയ്യുന്ന financial transactions സ്ക്രൂട്ടിനിക്ക് വിധേയമാക്കാതിരിക്കുന്നത് അഴിമതിയും സ്വജനപക്ഷപാതവും നടത്താൻവേണ്ടിയാണ്. സർക്കാർ പദ്ധതി നടത്തുകയാണ്, ആരും പരിശോധിക്കേണ്ട എന്ന് പറയുന്നതല്ലേ നല്ലത്; സി.&എ.ജി.-യുടെ പരിശോധനയും ബഡ്ജറ്റ് സ്ക്രൂട്ടിനിയും വേണ്ടേ? നിങ്ങളാണ് പുകമറയുണ്ടാക്കുന്നത്. സ്വജനപക്ഷപാതവും അഴിമതിയും പുറത്ത് വരാതിരിക്കാൻ വേണ്ടിയാണ് നിങ്ങളിത് ചെയ്യുന്നത്. അതുകൊണ്ട് 20(2) അനുസരിച്ച് കിയാലിലും കിഫ്ബിയിലും സി.&എ.ജി. മൂന്ന് കത്തിലും ആവശ്യപ്പെട്ടതുപോലെ ഓഡിറ്റ് നടത്താൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കിഫ്ബിയിലെ ഈ പ്രശ്നം സംബന്ധിച്ച് ഒരു മാസത്തിലേറെയായി ഇത്രയും ചർച്ചയും തർക്കവും ഉണ്ടായിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സി.&എ.ജി. നിയമത്തിലെ 14 (1), 20 (1) എന്നിവ എന്താണെന്ന് ഇതുവരെയും തിരിച്ചറിയാത്തത് കഷ്ടമാണ്. 14(1)-ലെ പ്രസക്തഭാഗം മാത്രം ഞാനിവിടെ വായിക്കാം. അങ്ങയുടെ കൈവശം കുറിപ്പുണ്ടെങ്കിൽ അതെടുത്തുവച്ചാൽ ഒത്തുനോക്കാം. ഞാൻ വായിക്കുന്നതിൽ തെറ്റുണ്ടെങ്കിൽ അങ്ങേയ്ക്കും പരിശോധിച്ച് അപ്പോൾത്തന്നെ പറയാമല്ലോ. Comptroller and Auditor General of India shall, subject......... audit all receipts and expenditures of that body. എക്സ്പെന്റിച്ചറിനും റെസീപ്റ്റുകൾക്കും ഒരു പരിധിയും കൽപ്പിച്ചിട്ടില്ല. ഏത് ബോഡി; സംസ്ഥാന സർക്കാരിൽനിന്നോ കേന്ദ്ര സർക്കാരിൽനിന്നോ സബ്സ്റ്റാൻഷ്യലായ ധനസഹായം ലഭിക്കുന്ന സ്ഥാപനത്തിന്റേത് എന്നാണ്. സംസ്ഥാന സർക്കാരിൽനിന്നുള്ള സബ്സ്റ്റാൻഷ്യൽ ധനസഹായമെന്ന് പറഞ്ഞത് സി.&എ.ജി.-യുടെ കമന്ററിയിൽ തൊട്ട് പിന്നാലെ കൊടുക്കുന്നുണ്ട്. അതെന്താണെന്ന് ചോദിച്ചാൽ, 25 ലക്ഷം രൂപയേക്കാൾ കൂടുതൽ സഹായം അല്ലെങ്കിൽ 75 ശതമാനത്തിലധികം ഉണ്ടെങ്കിൽ എന്നാണ്. All receipts and expenditures, കൊടുക്കുന്ന പണത്തെക്കുറിച്ചല്ല വേറെ എവിടെ നിന്നെങ്കിലും പണം വാങ്ങിച്ചതടക്കം എന്നാണ്. ഇക്കാര്യത്തിൽ നാഷണൽ ഡയറി ബോർഡുമായിട്ടുള്ള വലിയ കേസ് നടന്നിട്ടുണ്ട്. അതിൽ സുപ്രീംകോടതി ഒരു സംശയവുമില്ലാതെ കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. വേറെ എന്ത് നിയമങ്ങൾ ഇങ്ങനെയുള്ള കമ്പനികൾക്ക് ഉണ്ടെങ്കിലും unrestricted, absolute ആയ

പരിശോധനയ്ക്കുള്ള അവകാശം സി.&എ.ജി.-ക്ക് ഉണ്ടെന്നാണ്. പ്രതിപക്ഷ നേതാവ് ഇവിടെയിരുന്ന് എല്ലാവരോടും പറയുകയാണ്, അത് വന്നുകഴിഞ്ഞാൽ ചിലപ്പോൾ കണക്കും കാര്യവും അവിടെ നിൽക്കുമെന്ന്. 20(1) എന്താണ്? 14(1) സെക്ഷനുള്ളിൽ വരാത്ത കമ്പനികളെ ഓഡിറ്റ് ചെയ്യേണ്ടതുണ്ടെന്ന് സംസ്ഥാന സർക്കാരിനോ ഗവർണർക്കോ എഴുതി അനുവാദം വാങ്ങിച്ച് ചെയ്യാനുള്ള അധികാരമാണ്. അത് derived right ആണ്, absolute അല്ല. കോടതി വിധി. ഇവിടെ സി.&എ.ജി.-യുടെ കമന്ററിയിൽ 14(1)-നെക്കുറിച്ച് സവിസ്തരം കൃത്യമായി നിർവചിച്ചിട്ടുണ്ട്. 20 (1) എന്നുപറയുന്നത് ഇതിന് വിധേയമല്ലാത്ത കമ്പനികളിൽ ഇനിയും ഓഡിറ്റ് നടത്താനുള്ളതാണ്. 14(1) പ്രകാരം അവകാശമില്ല, പക്ഷെ സി.&എ.ജി.-ക്ക് ഒരു കമ്പനിയിൽ ഓഡിറ്റ് നടത്തണമെങ്കിൽ 14(1) പ്രയോഗിക്കേണ്ടതാണ്. എന്നിട്ട് പ്രതിപക്ഷനേതാവ് ഇവിടെനിന്നും ഉറപ്പിച്ച് പറയുകയാണ് 14(1)-ൽ കുറച്ച് കാര്യങ്ങൾ മാത്രമേ ഉള്ളൂവെന്നും നിങ്ങൾ എല്ലാം കാര്യങ്ങളും തുറന്നുകൊടുക്കാൻ തയ്യാറല്ലെന്നും 20(1) വേണമെന്നുമാണ്. അത് തെറ്റാണ്. അങ്ങ് ഇതു കഴിഞ്ഞിട്ടാണെങ്കിലും പരിശോധിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട സി.&എ.ജി. എന്തുകൊണ്ടാണ് മൂന്ന് കത്ത് അങ്ങേയ്ക്ക് എഴുതിയത്; സി.&എ.ജി.-ക്ക് ഒന്നും അറിയില്ലേ? ഞങ്ങൾക്ക് 20(2) അനുസരിച്ച് ഓഡിറ്റിനുള്ള അധികാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവർ കത്തയച്ചത് വിഡ്ഢിയായതുകൊണ്ടാണോ ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ നിലപാട് കൃത്യമായി വിശദീകരിച്ചുകൊണ്ടുള്ള അഞ്ച് പേജോളം വരുന്ന മറുപടി കിഫ്ബിയിൽനിന്ന് കൊടുത്തിട്ടുണ്ട്. വളരെ താഴ്മയായി, നിങ്ങൾ ഇപ്രകാരം വന്ന് പരിശോധിക്കാനും തടസ്സം എന്താണെന്ന് പറയാനും ആവശ്യപ്പെട്ടിട്ടുണ്ട്. 20(2) പ്രകാരം ഇതാണ് പരിമിതി. അത് സുപ്രീംകോടതി വിധി പ്രകാരം 14(1)-നേക്കാൾ ഒരു അധികാരവും കൂടുതൽ തരുന്നില്ല. ഞങ്ങൾ അതിന് മറുപടി പ്രതീക്ഷിക്കുകയാണ്. മറുപടി ലഭിക്കുമ്പോൾ നിശ്ചയമായും പറയാം; അതിനുമുമ്പ് സി.&എ.ജി. ചോദിച്ചത് സംബന്ധിച്ച് വിശദീകരിക്കാനില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് ദയവായി ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്. സി.&എ.ജി. മൂന്ന് കത്തിലൂടെ ആവശ്യപ്പെട്ടത് 20 (2) അനുസരിച്ച് കിഫ്ബിയിലെയും കിയാലിലെയും ഓഡിറ്റിനുള്ള അധികാരം നൽകണമെന്നാണ്. കിഫ്ബി കത്തയച്ചു എന്നുള്ളതല്ല. ഭരണഘടനാപരമായ സ്ഥാപനമായ സി.&എ.ജി. ആവശ്യപ്പെട്ടപ്പോൾ ഒന്നും മറയ്ക്കാനില്ലെങ്കിൽ അങ്ങ് അത് അനുവദിച്ചുകൊടുക്കുകയാണ് വേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, സ്റ്റാറ്റ്യൂട്ടറി ഫിനാൻഷ്യൽ ഓഡിറ്റിന് എന്ത് ചെയ്യണമെന്നത് സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനം നടക്കുന്നത്. അതാണ് ആ കമ്പനിയുടെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്നത്. എന്നാൽ ഇതടക്കം ഏത് കാര്യങ്ങളും സി.&എ.ജി.-ക്ക് പരിശോധിക്കാൻ 14(1) പ്രകാരം അധികാരമുണ്ട്. 20(1), 20(2) എന്ന് പറയുന്നത് അധികാരമില്ലാത്ത കമ്പനികൾക്കുള്ള വകുപ്പാണെന്ന് പറഞ്ഞ് വിശദമായ മറുപടി കൊടുത്തിട്ടുണ്ട്. അതിന് കത്ത് കിട്ടി, പരിശോധിച്ച് പറയാം എന്ന് സി.&എ.ജി. മറുപടി നൽകിയിട്ടുണ്ട്. അതിനുശേഷം നിശ്ചയമായും നിയമസഭയിൽ മറുപടി പറയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് പ്രതിപക്ഷനേതാവിന് മനസ്സിലാകുന്നില്ല, പുകമറ ഉണ്ടാക്കാൻ ശ്രമിക്കുകയാണെന്ന് അങ്ങ് പറഞ്ഞത് പിൻവലിക്കണം. ഭരണഘടനാസ്ഥാപനമായ സി.&എ.ജി. മൂന്ന് കത്തയയ്ക്കുകയും അതിനുള്ള മറുപടി അങ്ങ് കൊടുക്കുകയും ചെയ്തു. You are waiting for his reply എന്നാണ് അദ്ദേഹം പറഞ്ഞത്. That means this is not a closed chapter, it is a live subject. കേരളത്തിലെ കോടിക്കണക്കിന് ജനങ്ങളുടെ മുമ്പിൽ മറച്ചുവയ്ക്കാൻ ഒന്നുമില്ലെങ്കിൽ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അങ്ങ് 20(2) അനുസരിച്ച് വിട്ടുകൊടുക്കാൻ തയ്യാറാകുകയാണ് ചെയ്യേണ്ടത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെ പറഞ്ഞത് 14(1) എന്താണെന്നുള്ളത് സംബന്ധിച്ച് സി.&എ.ജി.-യുടെ കമന്ററിയും സുപ്രീംകോടതി വിധിയുമുണ്ട്. സെക്ഷൻ 20(2) എന്താണെന്നുള്ളത് സംബന്ധിച്ച് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്, നിയമത്തിൽ വ്യക്തമാണ്. ഈ വ്യത്യാസം അങ്ങേയ്ക്ക് മനസ്സിലാകാത്തതല്ല. ആര് വായിച്ചാലും മനസ്സിലാകില്ലേ? മനസ്സിലായിട്ടും അത് മറച്ചുവച്ച്, ഒരു കത്ത് വച്ച് പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നുവെന്ന് തന്നെയാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കർ, എനിക്ക് മാത്രമല്ല ഭരണഘടനാസ്ഥാപനമായ രാഷ്ട്രപതി നിയമിക്കുന്ന സി.&എ.ജി.-ക്കുപോലും ഡോ. ടി. എം. തോമസ് ഐസക്കിനെ മനസ്സിലായില്ല. കാരണം, അങ്ങ് പറയുന്നത് ശരിയല്ലാത്തതുകൊണ്ടാണ്. സെക്ഷൻ 20(2) അനുസരിച്ച് ഇതൊന്നും മറയ്ക്കാനില്ലെങ്കിൽ ജനങ്ങളുടെ മുമ്പിൽ സത്യം പുറത്തുകൊണ്ടുവരാൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങ് പറഞ്ഞ 40,000 കോടി രൂപയുടെ പ്രോജക്ടുകളെല്ലാം വേണമോ വേണ്ടയോയെന്നുള്ള അപ്രൈസൽ നടത്തുന്നത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റാണ്. ഏത് പ്രോജക്ട് വന്നാലും ഒരു

പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അതിന്റെ ഭാഗമായി പ്രവർത്തിക്കണമെന്നാണ് കിഫ്ബിയുടെ ആക്റ്റിൽ പറയുന്നത്. പക്ഷേ നിർഭാഗ്യവശാൽ 47,000 കോടി രൂപയുടെ പദ്ധതി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഔട്ട് സോഴ്സ് ചെയ്തിരിക്കുന്നത് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന കമ്പനിക്കാണ്. തിരുവനന്തപുരത്തുള്ള സി.എം.ഡി. എന്ന കമ്പനി അത് വീണ്ടും ഔട്ട് സോഴ്സ് ചെയ്തിരിക്കുന്നത് വഴുതക്കാടുള്ള ടെറനസ് എന്ന കമ്പനിക്കാണ്. ടെറനസിലെ ഭൂരിഭാഗം ആളുകളും വിരമിച്ച ഉദ്യോഗസ്ഥരും എന്റെ ജൂനിയേഴ്സുമാണ്. എന്റെ മണ്ഡലത്തിന്റെ അടുത്തുള്ള രണ്ട് റോഡുകളിലും ഇപ്പോൾ പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഇന്നലെ ഇക്കാര്യം പറഞ്ഞു. അപ്പോൾ ഇങ്ങനെയുള്ള പ്രശ്നങ്ങൾ നടക്കുമ്പോൾ വീണ്ടും ഔട്ട് സോഴ്സ് ചെയ്ത ചെറുകിട കമ്പനികൾക്കൊക്കെ ഈ പറഞ്ഞ ഓഡിറ്റ് ബാധകമാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പരിശോധനകളെല്ലാം ഉണ്ടായിട്ടും 50,000 കോടി രൂപയുടെ പ്രോജക്ടുകൾ ഇവിടെ അനുവദിക്കും എന്നുപറഞ്ഞതിൽ 43,000 കോടി രൂപയുടെ പ്രോജക്ടുകൾ അനുവദിച്ച് നടപ്പിലാക്കാൻ തുടങ്ങി. ആദ്യം അതൊന്ന് കാണൂ, ബാക്കി ഇനി ഇത്രയല്ലേ ഉള്ളൂ. ആ പരിശോധനകളൊക്കെ വേണ്ടിവരും. ഇത് പൂർണ്ണമായും കിഫ്ബി നേരിട്ട് പരിശോധിക്കുക എന്നുപറഞ്ഞാൽ വലിയ ഒരു സംവിധാനത്തെ കിഫ്ബിയിലുണ്ടാക്കേണ്ടി വരും. അതിനാൽ താഴെത്തട്ടിൽ കണക്കുകൾ ശേഖരിക്കുക, പ്രസക്തമായ ചോദ്യങ്ങൾക്ക് മറുപടി നൽകുക, അതിന് അപ്രൈസൽ റിപ്പോർട്ട് ഉണ്ടാക്കിത്തരിക തുടങ്ങിയ കാര്യങ്ങൾ ചെയ്യാം. അത് പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് കിഫ്ബിയിൽ സംവിധാനമുണ്ട്. അങ്ങനെയാണ് നമ്മളിത് ഏർപ്പാട് ചെയ്തിട്ടുള്ളത്. ഇപ്പോൾ ഈ കമ്പനികളുടെ പണമിടപാട് ഞാൻ പറഞ്ഞ നിയമങ്ങൾക്ക് വിധേയമായിട്ടാണ്. സി.എം.ഡി. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു ഗവേഷണ പഠന മാനേജ്മെന്റ് സ്ഥാപനമാണ്. പൂർണ്ണമായും അതിന് ബാധകവുമാണ്, നിയമവിധേയമായാണ് പ്രവർത്തിക്കുന്നത്. ആ നിയമത്തിൽ ഈ കമ്പനി കൊടുത്തിട്ടുള്ളത്, അതിന്റെ share holding pattern എന്ത്; സംസ്ഥാന സർക്കാരിൽനിന്നും ധനസഹായം കിട്ടുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചിട്ട് പറയേണ്ട കാര്യങ്ങളൊക്കെ ഞാൻ എങ്ങനെ പറയും?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ വാദം മുഴുവൻ ഞാൻ കേട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവർത്തിച്ച് ചോദിച്ചിട്ടും അങ്ങയുടെ ശരീരഭാഷയും ലാംഗ്വേജുമെല്ലാം ഈ ഓഡിറ്റ് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്. എന്തിനാണ് ഈ ഓഡിറ്റ് ഒഴിവാക്കുന്നതിന് അങ്ങ് ശ്രമിച്ചതെന്ന് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഭാഷയിലും ശരീരശൈലിയിലുമെല്ലാം അങ്ങ് എന്നെപ്പോലും കുഴിയിൽ വീഴ്ത്തിയതാണെന്ന് ഇന്നലെ ബോധ്യപ്പെട്ടതാണ്. അതുകൊണ്ട് അതിലൊട്ടും കുറഞ്ഞ വ്യക്തിയൊന്നുമല്ല അങ്ങ്. ഞാനതിന് ഉത്തരം പറഞ്ഞുകഴിഞ്ഞു. ഞാൻ ഒരു ഓഡിറ്റും ഒഴിവാക്കാൻ ശ്രമിക്കുന്നില്ല. മറിച്ച്, ഈ വിവാദം തുടങ്ങിയപ്പോൾ മുതൽ സി.&എ.ജി.-യുടെ ഓഡിറ്റ് വേണമെന്ന നിലപാട് തന്നെയാണ് എടുത്തത്. അതിന് എല്ലാ സഹായവും സർക്കാർ ചെയ്തുകൊടുക്കും. എന്തെങ്കിലും പോരായ്മ ഉണ്ടെന്നുപറഞ്ഞാൽ അത് തീർക്കുന്ന കാര്യത്തിൽ ഒരു മടിയുമില്ല, തുറന്ന മനസ്സാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്തു. ഈ തർക്കത്തിന്റെ രഹസ്യം ഈ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും മനസ്സിലായി. ഏതാണ് ശരി, തെറ്റ് എന്ന കാര്യം ബോധ്യമാണ്. ഇന്നലെ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ നിയമസഭയിൽ പറഞ്ഞ ചില കാര്യങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്. കിഫ്ബിയുടെ വർക്ക് നടക്കുമ്പോൾ അതിൽ അനുവദിക്കപ്പെട്ട പണം നിശ്ചിത കിലോ മീറ്ററിന്റെ കുറവുണ്ടെന്ന് പറഞ്ഞ് ക്യാൻസൽ ചെയ്യപ്പെട്ടാൽ അങ്ങനെയുള്ള വർക്ക് ബഡ്ജറ്റ് വർക്കായി കരുതി ചെയ്യാൻ അങ്ങേയ്ക്ക് കഴിയുമോ? 10 കിലോമീറ്റർ നീളമുള്ള റോഡിൽ 9 കിലോമീറ്ററും കിഫ്ബി പറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം തന്നെയാണ്. ബാക്കി ഒരു കിലോമീറ്റർ ഇല്ല. ആ വർക്ക് മുഴുവൻ ക്യാൻസൽ ചെയ്യാതെ 9 കിലോമീറ്റർ കിഫ്ബിയെക്കൊണ്ടും ബാക്കി പി.ഡബ്ല്യു.ഡി.-യെക്കൊണ്ടും ചെയ്യിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ; അതിനുള്ള ശക്തമായ പിന്തുണ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രിക്ക് കൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, Case by case ആയി പരിശോധിക്കേണ്ട കാര്യങ്ങളാണ്. കിഫ്ബിയുടെ മാനദണ്ഡപ്രകാരം ഉൾപ്പെടുത്താൻ പറ്റാത്തതാണ്. കിഫ്ബിയുടെ മാനദണ്ഡങ്ങളിൽ മാറ്റമെന്നതു കൊണ്ടല്ല, പ്രായോഗികമായി ഭൂമി ഏറ്റെടുക്കാൻ കഴിയുന്നില്ല, അതുകൊണ്ട് വീതിയുണ്ടാവില്ല തുടങ്ങിയ കാര്യങ്ങളാണ്. ബഡ്ജറ്റിൽ അതെല്ലാം ഉൾപ്പെടുത്താമെന്ന് ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ എനിക്ക് പറയാൻ

കഴിയില്ല. ഞാൻ എങ്ങനെ ഉറപ്പുനൽകും? ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഞാൻ ആദ്യം തീരുമാനിച്ചിരുന്നത് അങ്ങനെ ചെയ്യണമെന്നാണ്. ശ്രീ. വി. പി. സജീന്ദ്രനൊക്കെ എന്നോട് സംസാരിച്ചപ്പോൾ ഞാൻ അങ്ങനെ ചെയ്യാമെന്ന് പറഞ്ഞു. പക്ഷേ സാമ്പത്തിക ഞെരുക്കം ഇന്നൊന്നും മാറാൻ പോകുന്നില്ല. അപ്പോൾ ഇതിന്റെ പേമെന്റെല്ലാം കൊടുത്തുകഴിഞ്ഞാൽ അടുത്ത വർഷം ഉണ്ടാകാൻ പോകുന്ന ഞെരുക്കം എത്രയായിരിക്കും; അതൊക്കെ പരിശോധിക്കേണ്ടിവരും. പക്ഷേ സഭയിൽ പറഞ്ഞുകഴിഞ്ഞതാണ്. മാനദണ്ഡം മാറ്റുന്നില്ല, നാടിന് ആവശ്യമുള്ളതാണ്. എങ്ങനെ ഈ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പറ്റും എന്നുള്ളത് നിശ്ചയമായിട്ടും അനുഭാവപൂർവ്വം പരിശോധിക്കും.

ശ്രീ. റ്റി. വി. രാജേഷ്: സർ, കിഫ്ബിയുടെ ഭാഗമായുള്ള പ്രവൃത്തികൾ വളരെ വേഗത്തിൽ നടക്കുകയാണ്. റോഡിന് 10 മീറ്റർ വീതി നിർബന്ധമാണ്. അതോടൊപ്പം പാലങ്ങൾക്കുള്ള സ്ഥലം ഏറ്റെടുക്കലും ആവശ്യമായി വരുന്നു. ലാന്റ് അക്വിസിഷന് പ്രത്യേക സംവിധാനം ഏർപ്പെടുത്തും എന്നുപറഞ്ഞിരുന്നു. പക്ഷേ പല പദ്ധതികളും സ്ഥലമില്ലാത്തതുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ വേഗത്തിലാക്കാനുള്ള മെക്കാനിസത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിൽ പാലം പണിതിട്ട് താഴേയ്ക്കിറങ്ങാൻ പറ്റാതെ നിൽക്കുന്ന എത്ര പാലങ്ങളുണ്ടെന്ന് അറിയാമോ? കഴിഞ്ഞ ദിവസം ഞാൻ കുട്ടനാട്ടിൽ ഒരു പരിപാടിക്ക് പോകുന്ന അവസരത്തിൽ മുന്നിലൂടെ ഒരു പാലം കണ്ടപ്പോൾ വാഹനം ഓടിച്ചുപോകാമെന്ന് വിചാരിച്ചു. ഞാൻ പോലീസിനെ കൂടെ കൊണ്ടുനടക്കാറില്ല. ഓടിച്ചുപോയപ്പോഴാണ് മനസ്സിലാകുന്നത് പാലത്തിന് നടുക്കെത്തിക്കഴിഞ്ഞപ്പോൾ അങ്ങോട്ടിറങ്ങാൻ പറ്റുന്നില്ല. ഈ പാലം ഉപയോഗിക്കുന്നത് പാർക്കിംഗിനായിട്ടാണ്. കാറുകൾ കിടക്കുന്നത് കണ്ടപ്പോൾ വണ്ടി പോകുമെന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ടാണ് പാലം പണിയുന്നതിനുമുമ്പ് അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് നിർബന്ധമായും ശഠിക്കുന്നത്. അല്ലെങ്കിൽ ഇങ്ങനെ വന്നുചേരും. ഭൂമി ഏറ്റെടുക്കുന്നത് കൂടുതൽ എളുപ്പത്തിലാക്കാൻ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ പ്രത്യേകമായി കിഫ്ബിക്ക് നിയോഗിച്ചിട്ടുണ്ട്. അതിന്റെ എണ്ണം പോര എന്നുള്ള പ്രശ്നമുണ്ടെങ്കിൽ അതും പരിഹരിച്ചേക്കാം. പ്രവർത്തനങ്ങൾ എത്രയുംപ്പെട്ടന്ന് തീരണം. അതുകൊണ്ട് ഊർജ്ജിതപ്പെടുത്താനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുനൽകുന്നു.

## പരിസ്ഥിതിലോല മേഖലയിലെ ക്വാറി, ക്രഷർ യൂണിറ്റുകൾ

2(*332) ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയോട് ചേർന്നുള്ള പത്ത് കിലോമീറ്റർ ദൂരത്തിൽ ക്വാറി, ക്രഷർ തുടങ്ങിയവയ്ക്ക് നിലവിലുണ്ടായിരുന്ന വിലക്ക് നീക്കാനും ദൂരപരിധി കുറയ്ക്കാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം വന്യജീവി സങ്കേതങ്ങളുടേയും ദേശീയ ഉദ്യാനങ്ങളുടേയും പത്ത് കിലോമീറ്റർ ചുറ്റളവ് വരെ പരിസ്ഥിതിലോല മേഖലയായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഇതിന് കടകവിരുദ്ധമായിട്ടുള്ളതാണോ സംസ്ഥാന സർക്കാരിന്റെ തീരുമാനമെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ എടുത്ത തീരുമാനത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ;

(ഡി) സർക്കാരിന്റെ തീരുമാനം വനം മേഖലയുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാകാൻ സാധ്യതയില്ലേ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) സംസ്ഥാനത്തെ ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റുമായി പരിസ്ഥിതി സംവേദക മേഖലകൾ പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്. 13-5-2015-ൽ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അയച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംരക്ഷക പ്രദേശങ്ങൾ കണക്കാക്കി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത വിജ്ഞാപനങ്ങൾ 2018-ൽ കാലഹരണപ്പെട്ടിട്ടുള്ളതാകുന്നു. ആയതിനാൽ സ്ഥിരമായി 10 കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്നുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം

കേരളത്തിനും ബാധകമാണ്. 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം വന്യജീവി സങ്കേതങ്ങളുടേയും ദേശീയ ഉദ്യാനങ്ങളുടേയും പത്ത് കിലോമീറ്റർ ചുറ്റളവ് വരെ പരിസ്ഥിതിലോല മേഖലയായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇപ്പോൾ എടുത്ത തീരുമാനത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. കരട് വിജ്ഞാപനത്തിലേയ്ക്കുള്ള സംസ്ഥാന നിർദ്ദേശമാണ് കേന്ദ്ര സർക്കാരിനെ അറിയിക്കാനുള്ളത്.

(ഡി) കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും ബഹുമാനപ്പെട്ട സുപ്രീംകോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങൾ, വിവിധ വിദഗ്ദ്ധ സമിതികൾ (കേന്ദ്ര സർക്കാരിന്റെ വിദഗ്ദ്ധ സമിതി, 2011-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതി) അവർ നടത്തിയിട്ടുള്ള പഠനത്തിലെ വിശദാംശങ്ങൾ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നൽകിയ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ 1 കിലോമീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തീരുമാനം വനമേഖലയുടെ ആവാസ വ്യവസ്ഥയിൽ ഒരു തരത്തിലും ദോഷകരമായി ബാധിക്കാൻ സാധ്യത ഉള്ളതല്ല.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, അങ്ങയുടെ മറുപടിയിൽ വലിയ ആശയക്കുഴപ്പമുണ്ട്. 2018-ലെ കേന്ദ്രസർക്കാരിന്റെ കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ പത്ത് കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്നുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമാണെന്നാണ് ഒരു വാചകത്തിൽ അങ്ങ് പറയുന്നത്. അടുത്ത വാചകത്തിൽ, പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയായി ഇത് ചുരുക്കുന്നുവെന്നും പറയുന്നത് വിശദീകരിക്കപ്പെടേണ്ടതാണ്. രണ്ട് വർഷമായി കേരളത്തിലുണ്ടായ പ്രളയങ്ങൾക്കുശേഷം ആ നിലയിലുള്ള ഒരു പാഠം

അതിൽനിന്നും ഉൾക്കൊണ്ടിട്ടുണ്ടെന്നുള്ള സംശയമാണ് ഇവിടെ ഉയരുന്നത്. നേരത്തെ പ്രവർത്തിക്കാതിരുന്ന അറുപതോളം ക്വാറികൾ പുതുതായി തുറക്കുന്നുവെന്നുള്ള വാർത്തയുണ്ട്. കക്കാടംപൊയിൽ പോലെയുള്ള പല സ്ഥലങ്ങളിലും പരിസ്ഥിതിക്ക് വിനാശകരമാകുന്ന തരത്തിൽ തടയണകളും വാട്ടർ തീം പാർക്കും ക്വാറിയുമൊക്കെ പ്രവർത്തിക്കുന്നുണ്ട്. അതാണ് രണ്ടാം പ്രളയത്തിന് വഴിവച്ചതെന്നുള്ള ആക്ഷേപമുണ്ട്. പട്ടയ ഭൂമികളിൽ നിരവധി അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് അടുത്തദിവസം വാർത്തകളിലൂടെ പുറത്തുവന്നിട്ടുള്ളതാണ്. 1964-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം കൃഷിക്കും താമസത്തിനുംവേണ്ടി മാത്രമാണ് പട്ടയ ഭൂമി അനുവദിച്ചിട്ടുള്ളത്. എന്നാൽ അതിൽ അനധികൃതമായും നിയമവിരുദ്ധമായും നിരവധി ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെ നിയമാനുസൃതമാക്കാനുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്നുള്ള വാർത്തയും പുറത്തുവന്നിട്ടുണ്ട്. 2019 മാർച്ച് 5-ന്റെ ക്യാബിനറ്റിൽ അത്തരത്തിലുള്ള തീരുമാനമെടുത്തുവെന്നും അതിന്റെ തുടർനടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നുവെന്നുമാണ് വാർത്തകളിൽ കാണുന്നത്. ഇക്കാര്യത്തിലൊരു ക്ലാരിറ്റി വരുത്താൻ സാധിക്കുമോ? പട്ടയഭൂമിയിൽ നിയമവിരുദ്ധമായും അനധികൃതമായും ക്വാറികൾ നടത്തുന്ന ആളുകളെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് ശിക്ഷിക്കുക എന്നതിനുപകരം കോമ്പൻസേഷനോ പെനാൽറ്റിയെ ഈടാക്കിക്കൊണ്ട് അതിനെ സ്ഥിര പ്പെടുത്തുന്നതിനും ക്രമപ്പെടുത്തുന്നതിനുമുള്ള നടപടി പരിസ്ഥിതിയെ വലിയ രീതിയിൽ ദോഷകരമായി ബാധിക്കുമെന്നും ഇതൊരു തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നുമുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അക്കാര്യത്തിൽനിന്ന് പിൻവാങ്ങാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇന്ത്യയിൽ 2011 വരെ ഇതുസംബന്ധിച്ച് പ്രത്യേക നിയമങ്ങളൊന്നുമുണ്ടായിരുന്നില്ല. 2004-ലും 2006-ലുമാണ് കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചത്. അത് വളർന്നുകൊണ്ടിരിക്കുന്ന ഭൗതിക സാഹചര്യത്തിന്റെ ഭാഗമായിട്ടാണ്. കേരളത്തിൽ സ്വകാര്യ ക്വാറികൾ ധാരാളമായി പ്രവർത്തിച്ചിരുന്നപ്പോൾ പ്രത്യേക അനുമതി വാങ്ങേണ്ട ആവശ്യമില്ലായിരുന്നു. കരിങ്കൽ ഇനങ്ങളുടെ ആവശ്യങ്ങൾ വളരെ കുറവായിരുന്നു. പിന്നീട് വന്നിട്ടുള്ള പൊതു സാഹചര്യം കരിങ്കല്ലിന്റെ ആവശ്യകത വർദ്ധിപ്പിച്ചു. നമ്മൾ പുഴകളിൽനിന്നാണ് മണൽ വാരിയെടുത്തിരുന്നത്. ഗ്രീൻ ട്രിബ്യൂണൽ പുഴകളിൽനിന്ന് മണൽ വാരുന്നത് നിരോധിച്ചു. മണലിന്റെ ആവശ്യകത വന്നു. ശാസ്ത്രരംഗത്തുണ്ടായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് കരിങ്കല്ലിൽനിന്ന് എം സാന്റ് ഉൽപ്പാദിപ്പിക്കാൻ തുടങ്ങി.

അങ്ങനെവന്നപ്പോൾ കരിങ്കല്ലിന്റെ ആവശ്യകത വർദ്ധിച്ചു. കെട്ടിടനിർമ്മാണങ്ങൾ കേരളത്തിൽ വൻതോതിൽ വർദ്ധിക്കുകയും. കേരളത്തിന്റെ തീരപ്രദേശങ്ങളിലും കടലോരങ്ങളിലും വലിയ കടൽ ഭിത്തികൾ വേണ്ടിവരികയും ചെയ്യുപ്പോൾ. ഇതിനെയൊക്കെ പ്രതിരോധിക്കാൻ കരിങ്കല്ലിന്റെ ആവശ്യകത വർദ്ധിച്ചുവന്നു. അപ്പോഴാണ് ഖനനം വർദ്ധിച്ചത്. അങ്ങനെ വന്നപ്പോൾ ഇതുസംബന്ധിച്ച് പാരിസ്ഥിതിക പഠനം അനിവാര്യമായി വന്നതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് 2000-ത്തിലും 2004-ലും ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് നീങ്ങിയത്. അതിന്റെ ഭാഗമായി സംസ്ഥാനങ്ങളോട് ചില നിർദ്ദേശങ്ങൾ ചോദിച്ചു. സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടപ്പോൾ ചിലർ കോടതിയിലേയ്ക്ക് പോയി. കോടതി ഇതുസംബന്ധിച്ച് ആവശ്യമായ നിയമനിർമ്മാണം നടത്താൻ കേന്ദ്രഗവൺമെന്റിനോട് പറഞ്ഞു. കേന്ദ്രഗവൺമെന്റ് ഇതുസംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് കൊടുത്ത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളിൽനിന്ന് എത്രമാറി ഖനനം ചെയ്യാം എത്രമാറി ഖനനം ചെയ്യാൻ പാടില്ല എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് 2013-ൽ അന്നത്തെ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് കൊടുത്തു. 2015-ൽ ഇതുസംബന്ധിച്ച് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പിന്നീട് പരിഗണനയ്ക്ക് വന്നു. എല്ലാ സംസ്ഥാനങ്ങളിൽനിന്നും വ്യക്തമായ മറുപടി ലഭിച്ചില്ല. അതിന്റെ ഫലമായി 2018 ആകുമ്പോഴേയ്ക്കും നേരത്തെ സുപ്രീംകോടതിയും കേന്ദ്രഗവൺമെന്റും സ്ഥിരമായി നിശ്ചയിച്ചിട്ടുള്ള പത്ത് കിലോമീറ്റർ ഡിസ്റ്റൻസ് എന്നത് പൊതു-തത്വമായി അവിടെ നിൽക്കുകയാണ്. അതിന് നിയമപരമായി യാതൊരു പശ്ചാത്തലവുമില്ല. അതുകൊണ്ട് പത്ത് കിലോമീറ്റർ വരെ മൈനിംഗ് നടത്താൻ പാടില്ലെന്നുള്ള നിലപാടിലേയ്ക്കെത്തി. അതിന്റെ അടിസ്ഥാനത്തിൽ 2018-ഓടുകൂടി കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ നിയമനിർമ്മാണത്തിനുള്ള സാദ്ധ്യതകളില്ലാതായി. സംസ്ഥാനങ്ങൾ പലതും നിർദ്ദേശങ്ങൾ അയയ്ക്കാത്തതിന്റെ ഫലമായി വിജ്ഞാപനം കാലഹരണപ്പെട്ടു. അങ്ങനെ വന്നപ്പോൾ ഇവിടെ സ്ഥായിയായി നിൽക്കുന്നത് ഈ പത്ത് കിലോമീറ്ററാണ്. നിയമപരമായി അതിന് വലിയ അടിസ്ഥാന ഘടകങ്ങളൊന്നുമില്ല. പക്ഷേ പത്ത് കിലോമീറ്ററിൽ നിൽക്കുന്നു. സംസ്ഥാന ഗവൺമെന്റുകൾ ഇതുസംബന്ധിച്ച് നയം വ്യക്തമാക്കണം. കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പരിസ്ഥിതി പഠനം, കേരള ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പഠനം, ഖനന രംഗത്തുള്ള ഏറ്റവും വിദഗ്ധരായിട്ടുള്ള എക്സ്പെർട്ട്സ് നടത്തിയിട്ടുള്ള പഠനം ഇതിന്റെയൊക്കെ റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ കേരളത്തിന്റെ ഇന്നത്തെ സ്ഥിതിഗതികൾകൂടി കണക്കിലെടുത്ത് പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽനിന്ന് മാറി, ഒരു കിലോമീറ്റർ വരെ പരിസ്ഥിതി ദുർബ്ബല

പ്രദേശങ്ങളായി കണക്കാക്കി ആ പ്രദേശങ്ങളിൽ മൈനിംഗ് നടത്തുന്നത് ഗുണകരമല്ലെന്ന നിലപാട് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് കേന്ദ്രഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും ഇതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റ്, പ്രത്യേകിച്ച് കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് അംഗീകാരം നൽകേണ്ടതും നിയമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും. ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചാലും അതിന് ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരംകൂടി ലഭ്യമായാൽ മാത്രമേ ഒരു വ്യവസ്ഥയായി നിലനിൽക്കുകയുള്ളൂ. അതാണ് ഇതുസംബന്ധിച്ചുള്ള ഒന്നാമത്തെ കാര്യം. രണ്ടാമത്, 2018-നുശേഷം ഇവിടെ പ്രളയബാധിത പ്രശ്നങ്ങളൊക്കെയുണ്ടായി. 2018-നുശേഷം 174 മൈനിംഗ് ലൈസൻസുകൾ കൊടുത്തിട്ടുണ്ട്. ലൈസൻസുകൾ കൊടുക്കുന്നതിന് പ്രത്യേകമായി നിയമങ്ങളും ചട്ടങ്ങളും പാരിസ്ഥിതികാനുമതിയും വേണം. നിലവിലുള്ള നിയമങ്ങളനുസരിച്ച് മാത്രമേ മൈനിംഗ് ലൈസൻസ് കൊടുക്കാൻ സാധിക്കുകയുള്ളൂ. അത് പരിശോധിച്ചുകൊണ്ടാണ് 174 പ്രദേശങ്ങളിൽ മൈനിംഗ് ലൈസൻസുകൾ കൊടുത്തിട്ടുള്ളത്. പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരനുമതിയും കൊടുത്തിട്ടില്ല. ഇതെല്ലാം നല്ല രീതിയിൽ പരിശോധിച്ചുകൊണ്ടാണ് ഈ ലൈസൻസുകളെല്ലാം നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, പട്ടയ ഭൂമിയിലെ അനധികൃത ക്വാറികളെ ക്രമപ്പെടുത്താനുള്ള ഗവൺമെന്റിന്റെ നീക്കത്തെക്കുറിച്ചായിരുന്നു എന്റെ പ്രധാന ചോദ്യം. പാരിസ്ഥിതിക പഠനം നടത്തിയിട്ടാണെന്ന് അങ്ങ് പറഞ്ഞു. പലപ്പോഴും യാതൊരു തരത്തിലുമുള്ള നിലവാരവുമില്ലാതെ ഏതെങ്കിലും ഉപായത്തിൽ ഇതൊക്കെ കിട്ടുന്ന അവസ്ഥയാണുള്ളത്. തൃത്താല നിയോജകമണ്ഡലമടക്കം ഇതിന്റെ വലിയൊരു ദുരന്തം നേരിടുകയാണ്. ദൂരപരിധി ഇപ്പോൾ 50 മീറ്ററാക്കി ചുരുക്കിയിരിക്കുകയാണ്. അതുകൊണ്ട് ആര് അപേക്ഷിച്ചാലും വളരെ സ്വാഭാവികമായും കരിങ്കൽ ക്വാറികൾ മാത്രമല്ല ചെങ്കൽ ക്വാറികൾക്കും മണ്ണെടുക്കാനുമൊക്കെയുള്ള അനുമതി യഥേഷ്ടം ലഭിക്കുകയാണ്. ഇതിനെതിരെ ജനങ്ങൾക്കിടയിൽ വലിയ പ്രതിഷേധമുണ്ടാകുമ്പോൾ പരിശോധന നടത്താനോ ഇടപെടാനോ ഔദ്യോഗിക സംവിധാനങ്ങൾക്കൊന്നും കഴിയുന്നില്ല. അങ്ങിവിടെ പരിസ്ഥിതി പഠനത്തെക്കുറിച്ച് പറഞ്ഞു. കൃത്യമായിട്ടുള്ള ഒരു എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് (പാരിസ്ഥിതിക ആഘാത പഠനം) ഇക്കാര്യത്തിൽ നടത്തുന്നില്ല. പബ്ലിക് ഹിയറിംഗ് മുമ്പ് നിർബന്ധമായിരുന്നത് ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. ഈ നിലയിൽ പഞ്ചായത്തുകൾക്കുപോലും വേണ്ടത്ര നിയന്ത്രണമില്ലാതെ ജനങ്ങളുടെ പ്രതിഷേധത്തിന് യാതൊരു വിലയുമില്ലാതെ

ഇക്കാര്യം മുന്നോട്ടുപോകുകയാണ്. ഇത്തരം വിഷയങ്ങളിൽ ജനപ്രതിനിധികളുടെയും പഞ്ചായത്തുകളുടെയും ജനങ്ങളുടെയും അഭിപ്രായം മുഖവിലയ്ക്കെടുത്തുകൊണ്ട് പാരിസ്ഥിതികാഘാതപഠനം വളരെ കൃത്യമായി നടത്തിക്കൊണ്ടുമാത്രമേ ഇനിമുതൽ മൈനിംഗ് ലൈസൻസുകൾ നൽകുകയുള്ളൂ എന്ന കർശനമായ നിലപാട് സ്വീകരിക്കാൻ സാധിക്കുമോ? നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യമടക്കമുള്ള പ്രശ്നങ്ങൾ മറുഭാഗത്തുണ്ട്. അത് ഞങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടല്ല, പക്ഷേ ഇതിന് ത്വരിതഗതിയില്ലാതെ വരുമ്പോൾ വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ പല ഭാഗങ്ങളിൽനിന്നും ഉണ്ടാകുന്നു എന്നുള്ളതാണ് അവസ്ഥ. അത്തരം കാര്യങ്ങളിൽ കൃത്യമായൊരു പോളിസി ഗവൺമെന്റ് സ്വീകരിക്കാൻ തയ്യാറാകുമോ? 50 മീറ്റർ എന്നാക്കി ചുരുക്കിയത് വലിയ പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. അത് നേരത്തെയുള്ള നിലയിലേയ്ക്ക് മാറ്റാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും പ്രാഗത്ഭ്യമുള്ളതുമായ വ്യക്തിത്വമുള്ള കമ്മിറ്റികളാണ് ഇത്തരത്തിലുള്ള അനുമതികൾക്കുവേണ്ടി പരിശോധന നടത്തുന്നത്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനം ഇവയെല്ലാം പരിശോധിച്ചതിനുശേഷമാണ് മൈനിംഗ് ലൈസൻസ് നൽകുന്നത്. ഏതെങ്കിലും ആളുകൾ എവിടെനിന്നെങ്കിലും വഴിയേ പോകുന്ന അവസരത്തിൽ കൊടുക്കുന്നതല്ല. അത്തരത്തിൽ ഏതെങ്കിലും പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടായാൽ അത് ഗൗരവത്തിൽ പരിശോധിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. ഇന്നുവരെയുള്ള കാര്യങ്ങളെടുത്ത് പരിശോധിച്ചാൽ ഈ പരിശോധനാവിഭാഗം ഫലപ്രദമായി പരിശോധിച്ചിട്ടാണ് ലൈസൻസുകൾ കൊടുക്കുന്നത്. 1964-ലെ ഭൂപരിധി നിയമം സംബന്ധിച്ച്, 1964-ൽ കാർഷികാവശ്യങ്ങൾക്ക് കൊടുക്കുന്ന ഭൂമിയിൽ പലതും അതിന് ഉപയുക്തമാകുന്നതല്ല. അത് കരിങ്കൽ പാറയായതുകൊണ്ട് അവിടെ ഒരു കൃഷിയും നടത്താൻ സാധിക്കില്ല. ഭൂമി കൊടുത്തുകഴിഞ്ഞാൽ 12 വർഷത്തിനുശേഷം ക്രയവിക്രയം നടത്താൻ അധികാരമുണ്ട്. അവരുടെ കൈവശം കൊടുത്തിരിക്കുന്ന ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നു. ക്വാറികളിൽ പാറക്കല്ലിന്റെ ആവശ്യമുണ്ട്; ഇത് വെറുതെ കിടക്കുകയാണ്. അത്തരം പ്രദേശങ്ങളിൽ ആഘാതമുണ്ടാകാതെ ഏറ്റവും ശാസ്ത്രീയമായ നിലയിൽ ഇന്നത്തെ ഖനന ഉപകരണങ്ങളുപയോഗിച്ച് ഖനനം ചെയ്ത് കരിങ്കൽ ഉപയോഗപ്പെടുത്തുന്നത് ഗുണകരമായിരിക്കും. ഇത്തരം പ്രദേശങ്ങളിൽ ഇപ്പോൾ കണ്ടുവരുന്നത് വലിയതോതിൽ വെള്ളം

സംരക്ഷിക്കുന്നതിനുവേണ്ടി മലമുകളിൽ തടയണകൾ ഉണ്ടാക്കുന്നു. അതിന്റെ ഒരു ഭാഗം മണ്ണ് കെട്ടിക്കിടക്കുന്നതായിരിക്കും. ആ മണ്ണിന്റെയും പാറയുടെയും ഇടയിലൂടെ മഴ പെയ്ത് വെള്ളം ഒഴുകി പാറയും മണ്ണും രണ്ടായി, പലപ്പോഴും നമ്മൾ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രളയകാലഘട്ടങ്ങളിലും ശക്തമായ മഴ ഉണ്ടാകുമ്പോഴും മണ്ണിടിച്ചിലും മലയിടിച്ചിലും ഉണ്ടാകാനും ദുരന്തങ്ങളുണ്ടാകാനും ഇടയാകുന്നുണ്ട്. വളരെ വിദഗ്ദ്ധമായ പരിശോധനയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇത്തരം കാര്യങ്ങൾ നിർണ്ണയിക്കുന്നത്. ലൈസൻസുകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. 2018-ൽ പ്രളയബാധിത പ്രദേശങ്ങളിൽ പ്രത്യേകം നിരീക്ഷണം നടത്തിക്കൊണ്ടാണ് ലൈസൻസുകൾ നൽകുന്നത്. മണ്ണൊലിപ്പും ഉരുൾപൊട്ടലും ഉണ്ടായിട്ടുള്ള പ്രളയ പ്രദേശങ്ങളിലൊന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്ന് ലൈസൻസുകൾ കൊടുത്തിട്ടില്ല. മാത്രമല്ല, ഇനി ലൈസൻസ് കൊടുക്കണമെങ്കിൽ ഇ.സി.(എൻവയോൺമെന്റൽ ക്ലിയറൻസ്) അനിവാര്യമാണ്. പാരിസ്ഥിതിക അംഗീകാരം കൂടി ലഭിച്ചാൽ മാത്രമേ അത് ലഭ്യമാകൂ. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ വളരെ കർശനമായ നിലപാടാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും തരത്തിൽ വഴിവിട്ട കാര്യങ്ങളുണ്ടെങ്കിൽ ശക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്നുണ്ടെന്ന കാര്യവും അറിയിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഈ ഉത്തരത്തിൽ മുഴുവൻ കൺഫ്യൂഷനാണ്. ആദ്യത്തെ ഉത്തരത്തിൽ ഒരു പ്രശ്നമുണ്ട്. 10 കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്നുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമാണെന്ന് ചോദ്യത്തിന്റെ 'എ' പിരിവിൽ പറയുന്നുണ്ട്. അതിന്റെ അടുത്ത പാരഗ്രാഫിൽ പറയുന്നത്, 10 കിലോമീറ്റർ വരെ പരിസ്ഥിതിലോല മേഖലയായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്നാണ്. രണ്ടാമത്, പ്രളയത്തിനുശേഷം എത്ര ക്വാറികൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ടെന്നുള്ള ചോദ്യത്തിന് എഴുതി നൽകിയിരിക്കുന്ന ഉത്തരത്തിൽ 147 എന്നാണ് പറഞ്ഞിരിക്കുന്നത്. ഇപ്പോൾ മറുപടി പറഞ്ഞപ്പോൾ 173 എന്നാണ് അങ്ങ് പറഞ്ഞത്. ഇക്കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുകയാണ്. എന്റെ ചോദ്യം, 2018-ലെ പ്രളയത്തിനുശേഷം നിയമസഭാ സമിതി ഇതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് കൊടുക്കുകയും ചെയ്തു. അനധികൃതമായിട്ടുള്ള ക്വാറികളുടെ പ്രവർത്തനംമൂലം പശ്ചിമഘട്ടത്തിൽ ഉരുൾപൊട്ടലുകൾ, വിള്ളലുകൾ, പുഴ വഴിമാറി ഒഴുകുന്ന വിഷയങ്ങൾ എന്നിവ ഉണ്ടാകുന്നുണ്ടെന്ന് അന്ന് റിപ്പോർട്ടിൽ

കണ്ടെത്തിയിരുന്നു. അതുപോലെ വലിയ ദുരന്ത ഭൂമിയായി മാറിയിട്ടുള്ളത് കവളപ്പാറയാണ്. കവളപ്പാറയുടെ പത്ത് കിലോമീറ്റർ ചുറ്റളവിൽ അനധികൃത ക്വാറികൾ പ്രവർത്തിച്ചിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയൊരു ദുരന്തം അവിടെ ഉണ്ടായപ്പോൾ നിരവധി ക്വാറികൾ അതിന്റെ ചുറ്റുവട്ടത്തിൽ പ്രവർത്തിച്ചിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇപ്പോൾ വീണ്ടും ദൂരപരിധി കുറച്ചുകൊണ്ടുവരുമ്പോൾ പ്രകൃതി ദുരന്തങ്ങൾ കൂടുതലുണ്ടാകില്ലേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കവളപ്പാറയിൽ ഇരുപത് കിലോമീറ്റർ ചുറ്റളവിനുള്ളിൽ ക്വാറികൾക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്ന് പ്രവർത്തനാനുമതിയൊന്നും നൽകിയിട്ടില്ല. എന്നാൽ ഇതിനകത്ത് അനധികൃതമായി എട്ട് ക്വാറികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആ എട്ട് ക്വാറികൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും പോലീസ് കേസെടുത്ത് നടപടി തുടരുകയുമാണ്. ശക്തമായ നിലപാടുതന്നെ അവിടെ സ്വീകരിച്ചിട്ടുണ്ട്. 2018-ലെ മഹാ പ്രളയത്തിനുശേഷം സംസ്ഥാനത്ത് പുതിയ 147 ക്വാറികൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളത്. 2018-നുശേഷമുള്ള കാലഘട്ടത്തിൽ കേരളം ഒരു അതിവൃഷ്ടി അനുഭവിച്ചതിന്റെ പശ്ചാത്തലത്തിൽ, വളരെ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടാണ് ഈ ലൈസൻസുകൾ കൊടുത്തിട്ടുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, ദൂരപരിധി കുറച്ചതുമൂലം പുതിയതായി എത്ര ക്വാറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; അല്ലെങ്കിൽ ദൂരപരിധി കുറയ്ക്കുമ്പോൾ സ്വാഭാവികമായും എത്ര ക്വാറികൾ പുതിയതായി കൊടുക്കേണ്ട സാഹചര്യം ഉണ്ടാകുമെന്ന് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; അതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നേരത്തെ പത്ത് കിലോ മീറ്റർ എന്നുള്ളത് എന്തുകൊണ്ടാണ് വന്നതെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. നേരത്തെ അങ്ങനെയൊരു ധാരണയിൽ നിൽക്കുകയാണ്. അതിനുമുമ്പ് അങ്ങനെയൊരു ധാരണയേ ഉണ്ടായിരുന്നില്ല. ഇതുതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യമാണ്. പത്ത് കിലോമീറ്റർ ദൂരപരിധിയുടെ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണത്തിന് പരിശ്രമിക്കണമെന്ന ഡയറക്ഷൻ പിന്നീട് ഒരു തത്വമായി അംഗീകരിച്ചു. എന്നാൽ ഇതുസംബന്ധിച്ച് ഒരു നിയമവും ഉണ്ടാക്കിയിട്ടില്ല. ഇപ്പോൾ ഗോവയുടെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽനിന്നും മൈനിംഗിനുള്ള ദൂരപരിധി പൂജ്യം മുതൽ ഒരു കിലോമീറ്റർ എന്നുള്ള രീതിയിലാണ്. കേരളത്തിൽ പത്ത് കിലോമീറ്റർ ചുറ്റളവിനുള്ളിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം

ഏതാണ്ട് 96 ആണെങ്കിലും അവ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. കാരണം 2018-ൽ നിയമനിർമ്മാണം പൂർത്തീകരിക്കാതെ കാലഹരണപ്പെട്ടു. അപ്പോൾ അതിന് നിയമമില്ല. നേരത്തെയുള്ള ധാരണയുടെ അടിസ്ഥാനത്തിൽ, പത്ത് കിലോമീറ്ററാണ്. പ്രസ്തുത പത്ത് കിലോമീറ്ററിനകത്തെ 90 ക്വാറികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതിപ്പോൾ റോഡ്, പോർട്ട്, കെട്ടിട നിർമ്മാണം എന്നിവയെ വലിയതോതിൽ ബാധിക്കുന്ന വിഷയമാണ്. അതുകൊണ്ടുതന്നെ ഇത് ഗൗരവത്തിൽ പരിശോധിക്കേണ്ടതായി വന്നു. ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിച്ചാൽ, ഗവൺമെന്റിന് മുമ്പിൽ വരുന്നത് ഖനനമേഖലയിലെ പതിനായിരക്കണക്കിന് തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ജീവിതമാണ്. അംഗീകൃതമായി, ഗവൺമെന്റ് അനുവാദത്തോടുകൂടി പ്രവർത്തിക്കുന്ന ഏതാണ്ട് 700-ലധികം ക്വാറികളുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്നവയെ കണ്ടെത്താനുള്ള ശക്തമായ ടീമിനെ നിശ്ചയിച്ച് ഓരോ ജില്ലയിലും പ്രവർത്തിക്കുകയാണ്. അങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ക്വാറികൾ പൂർണ്ണമായും സ്തംഭനാവസ്ഥയിലേയ്ക്ക് വന്നാൽ അത് കേരളത്തിന്റെ സാമ്പത്തിക രംഗത്തും തൊഴിൽ മേഖലയിലും വലിയ ആഘാതമുണ്ടാക്കും. അതുകൊണ്ട് ഇതുസംബന്ധിച്ച് നിയമവിരുദ്ധമല്ലാതെ പ്രായോഗികമായ നിലപാട് സ്വീകരിച്ച്, നിലവിലുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിച്ച്, എക്സ്പെർട്ട്സുകളെ വച്ച് പരിശോധിച്ച് റിപ്പോർട്ടുകൾ വാങ്ങിയ ശേഷമാണ് 'പൂജ്യം മുതൽ ഒന്ന്' എന്ന പോയിന്റിലേയ്ക്ക്, ഒരു നിയമനിർമ്മാണത്തിന്, ഒരു പൊതു സമീപനം കേരളം സ്വീകരിച്ചത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ഇത്തരമൊരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. അനിൽ അക്കര</u>: സർ, നാട്ടിൽ രണ്ട് തരത്തിൽ, അതായത് നിയമപരമായതും അനധികൃതമായ ഖനനവുമാണ് നടക്കുന്നത്. ഈ രണ്ട് വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത്, നിയമപരമായ രീതിയിൽ നടത്തുന്ന ഖനനം പലപ്പോഴും നിയന്ത്രിതമല്ലാത്ത രീതിയിൽ പോകുന്നത് ഒരു പരിധിവരെ പാരിസ്ഥിതിക വിഷയങ്ങൾക്കിടയാക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മെറ്റലും മണലും അത്യാവശ്യമാണ്. അതിൽനിന്ന് മാറിനിൽക്കാൻ കഴിയില്ല. ഞാൻ ചോദിക്കുന്നത്, നമ്മുടെ നാട്ടിലെ ഖനനം സ്വകാര്യമേഖലയിലും വിതരണം പൂർണ്ണമായി പൊതുമേഖലയിലുമാക്കി മാറ്റിയാൽ ഇതിന്റെ വില നിയന്ത്രിക്കാൻ കഴിയും. അതുകൊണ്ട് ഖനനം സ്വകാര്യമേഖലയിലും വിതരണം പൊതു മേഖലയിലും ആക്കാൻ കഴിയുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അനധികൃതമായ കച്ചവടമല്ല, നിയമവിധേയമായ കച്ചവടമാണ്. അത് അത്ര എളുപ്പത്തിൽ മറുപടി പറയാൻ കഴിയുന്ന വിഷയമല്ല. എല്ലാ വശങ്ങളെക്കുറിച്ചും സമഗ്രമായി പഠനം നടത്തി പഠിച്ചുകൊണ്ടുമാത്രമേ ഇതുസംബന്ധിച്ച് ഒരു തീരുമാനത്തിലെത്താൻ സാധിക്കുകയുള്ളൂ. ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു, ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ അനധികൃത ക്വാറികളും പൂട്ടി. നിയമവിരുദ്ധമായി പ്രവർത്തിക്കാൻ ആരേയും സമ്മതിക്കില്ല. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിന്റെ പരിമിതികൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നത്. എല്ലാ ജില്ലകളിലുമുള്ള ക്വാറികളിൽ പോലീസിന്റെയും റവന്യൂ വകുപ്പിന്റെയും മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിന്റെയും സംയുക്ത പരിശോധനയുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ കഴിയാവുന്നത്ര നമ്മുടെ സംവിധാനത്തെ ഉപയോഗപ്പെടുത്തിയും നാടിന്റെ ആവശ്യകത പരിഗണിച്ചുകൊണ്ടുമുള്ള ഒരു സമീപനമാണ് ഈ രംഗത്ത് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഒരു തരത്തിലുമുള്ള നിയമവിരുദ്ധ ക്വാറികളും പ്രവർത്തിക്കാൻ ഗവൺമെന്റ് സമ്മതിക്കില്ല. ഇവിടെ വില നിശ്ചയിക്കാൻ ഗവൺമെന്റ് തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വില നിർണ്ണയത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കളക്ടർക്ക് നിർദ്ദേശം കൊടുക്കുകയും അമിതവില എടുക്കാൻ ആരേയും സമ്മതിക്കാത്ത ഒരു നിലപാടും ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്കുള്ള ഇളവുകൾ

3 (*333) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് ഏതെല്ലാം വിധത്തിലുള്ള ഇളവുകൾ നൽകാനാണ് ധനകാര്യ വകുപ്പ് ശിപാർശ നൽകിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) വായ്പാ കുടിശ്ശികയുള്ളവർക്ക് പലിശ ഇളവ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതൽ വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം നൽകിവരുന്നത്;

(സി) വിദ്യാഭ്യാസ വായ്പാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ 2016 മുതൽ നാളിതുവരെ എത്രയാണ് ലഭ്യമായ കേന്ദ്ര സഹായമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഈ സർക്കാർ നീക്കി വച്ചതും ചെലവഴിച്ചതുമായ തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ (Non NPA/Standard) വായ്പകൾക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകിവരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയുംചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു.

കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

(ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിലെ യോഗ്യരായ അപേക്ഷകർക്ക് പലിശയിളവ് നൽകുന്നുണ്ട്. 1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് വരുന്ന നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പകളിന്മേൽ 1-4-2016 മുതൽ 31-3-2020 വരെയുള്ള നാല് വർഷക്കാലയളവിൽ വാർഷിക തിരച്ചടവ് തുകയുടെ (12 x EMI) 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നു. 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA)

മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്തുവരുന്ന 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകളുടെ അടിസ്ഥാന തുകയുടെ 60% സർക്കാർ നൽകുന്നു. അടിസ്ഥാന തുക പൂർണ്ണമായും അടച്ച് തീർക്കുമ്പോൾ വായ്പ തുകയിന്മേൽ ഈടാക്കിയിട്ടുള്ള മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തുകൊണ്ട് വായ്പ അക്കൗണ്ട് ക്ലോസ് ചെയ്യാൻ സഹായിക്കുന്നു. 31-3-2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്തുവരുന്ന 4 ലക്ഷം രൂപ മുതൽ 9 ലക്ഷം രൂപ വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾക്ക് കുടിശ്ശിക മുതലിന്റെ 50%(പരമാവധി 2,40,000 വരെ) തിരിച്ചടവ് സർക്കാർ നൽകുന്നു. വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80%-മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ട് പോയതോ ആയ വിദ്യാർത്ഥികളുടെ 31/03/2016-നകം എടുത്ത വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തിരിച്ചടവ് തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ സർക്കാർ വഹിക്കുന്നു.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(ഡി) 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പാക്കിവരുന്നത്. ബാങ്കുകൾ എസ്.എൽ.ബി.സി. വഴി സർക്കാരിൽ സമർപ്പിക്കുന്ന ക്ലെയിം തുകകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ (Additional Authorization) ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതിയിലെ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നത്. പദ്ധതിക്കായി വർഷാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|
| 2017-18 | 2.92 |
| 2018-19 | 153.81 |
| 2019-20 (6-11-2019 വരെ) | 38.84 |
| ആകെ | 195.57 |

## കെ.എസ്.ഇ.ബി.എൽ.-ലെ ഐ.ടി. അധിഷ്ഠിത സേവന സംരംഭങ്ങൾ

4 (*334) ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനികീകരണ, ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ നടത്തുന്ന ഐ.ടി. അധിഷ്ഠിത സേവന സംരംഭങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കെ.എസ്.ഇ.ബി.എൽ.- ന് ലഭിച്ച വിവിധ അംഗീകാരങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന വൈദ്യുതി വാഹന നയത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക് മൊബിലിറ്റി പദ്ധതിയുടെ നോഡൽ ഏജൻസിയെന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ആധുനീകരണ, ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. നടത്തുന്ന ഐ.ടി. അധിഷ്ഠിത സേവന സംരംഭങ്ങൾ താഴെ പറയുന്നു:

1. എൽ.ടി., എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.
2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.
3. ഉപഭോക്താക്കൾക്ക് ഏതു സെക്ഷനാഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.
4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

5. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇൻഡ്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി. ബാങ്ക്, സി.എസ്.ബി. എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

6. ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പേമെന്റ് വെബ് സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

7. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.

8. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി.

9. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

10. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കാനുള്ള സംവിധാനം.

11. മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

12. മീറ്റർ റീഡിംഗ് എടുക്കുന്നതിനുവേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

13. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ. പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻവേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട

തീരുമാനങ്ങളെടുക്കാവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം) ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

14. മാനവശേഷി വിഭാഗം, മെറ്റീരിയിൽസ് മനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

15. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ഉള്ള സ്കാഡ പദ്ധതി നടപ്പിലാക്കിവരുന്നു.

16. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

17. വൈദ്യുതി ബിൽതുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.എൽ.-ലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്.പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

18. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം.

19. അപ്നാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾപോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റൗദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

21. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

22. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

23. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ് വെയർ സംവിധാനം.

24. ഉപഭോക്താക്കളുടെ സംശയ നിവാരണത്തിനും കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

25. എച്ച്.ടി. വിഭാഗം ഉപഭോക്താക്കൾക്ക് അതിവേഗം വൈദ്യുതി കണക്ഷൻ അടക്കമുള്ള സേവനങ്ങൾ നൽകുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം നടപ്പിലാക്കി.

26. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായിതന്നെ ഏത് സ്ഥലത്തുനിന്നും അപേക്ഷിക്കാനുള്ള സംവിധാനം.

<u>പുതിയതായി തുടക്കം കുറിച്ച ആധുനിക സംവിധാനങ്ങൾ/പദ്ധതികൾ</u>

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്.

1. വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടുപിടിക്കാനും കുറയ്ക്കാനും ലക്ഷ്യമിട്ടിട്ടുള്ള ആർ.എ.പി.ഡി.ആർ.പി., ഫേസ്-2 ഐ.ടി. പദ്ധതി (ഐ.പി.ഡി.എസ്.).

2. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

3. വിതരണമേഖലയുടെ നവീകരണത്തിനായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി.

4. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി.-ഡാസ് (RT-DAS) പദ്ധതി.

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ച വിവിധ അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു:

a. വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്മ്യൂണിക്കേറ്റിംഗ് ഫാൾട്ട് പാസ്സ് ഡിറ്റക്ടർ സംവിധാനം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ രൂപകൽപ്പനചെയ്ത് വികസിപ്പിച്ചത് പരിഗണിച്ചുകൊണ്ട് സ്കോച്ച് ഗവേണൻസ് മെറിറ്റ് ഓഫ് ഓർഡർ 2019-ൽ ലഭിച്ചു.

b. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് കെ.എസ്.ഇ.ബി.എൽ. ചെയ്തുവരുന്ന സേവനങ്ങൾ കണക്കിലെടുത്ത് ഏറ്റവും നല്ല സേവനങ്ങൾക്കുള്ള മെട്രോ എം.എസ്.എം.ഇ. അവാർഡ് 2019-ൽ ലഭിച്ചു.

c. വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ പദ്ധതികൾ മുഖേന ഉപഭോക്തൃ സമൂഹത്തിന് മെച്ചപ്പെട്ട സേവനം നൽകുന്നതും സ്ഥാപനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതും കണക്കിലെടുത്ത് കേരള സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ്, ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചു.

d. സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി വികസിപ്പിച്ച മികച്ച ആപ്ലിക്കേഷനുകൾക്ക് 2017 നവംബറിൽ ഇന്ത്യൻ എക്സ്പ്രസ്സ് ഗ്രൂപ്പ് നൽകിയ സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ ഇന്നവേഷൻ അവാർഡ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചു.

e. ക്രിയാത്മകവും മാതൃകാപരവുമായ രീതിയിൽ ഊർജ്ജ മിത്ര പദ്ധതിയിൽ (REC-യുടെ ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം) പങ്കെടുത്തതിനായി 2018 ഫെബ്രുവരിയിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ പ്രത്യേക പുരസ്കാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകി.

(സി) ഇലക്ട്രിക് മൊബിലിറ്റിയുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ സംസ്ഥാനത്ത് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും തീരുമാനിക്കുകയും ഇതിനായി കെ.എസ്.ഇ.ബി.എൽ.-നെ സംസ്ഥാന നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

## മലബാറിലെ ക്ഷേത്രങ്ങളുടെ ഭരണനിർവ്വഹണം

5 (*335) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്രങ്ങളിലെ ഭരണനിർവ്വഹണത്തെ സംബന്ധിച്ച പഠനങ്ങൾ നടത്തി ക്ഷേത്രജീവനക്കാരുടെ ദുരവസ്ഥ പരിഹരിക്കുവാൻ നിയമപരിഷ്കരണമുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് കെ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(ബി) കമ്മിറ്റി പ്രവർത്തനം തുടങ്ങിയത് എന്നു മുതലാണെന്നും കമ്മിറ്റിയുടെ ഘടന, പരിഗണനാ വിഷയങ്ങൾ, കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതെന്ന് തുടങ്ങിയ വിവരങ്ങളും വിശദമാക്കുമോ;

(സി) തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങളുടെ രീതിയിലേക്ക് മലബാർ ദേവസ്വത്തിന്റെ പ്രവർത്തനം മാറ്റണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിരുന്നോ; കമ്മിറ്റിയുടെ മറ്റ് പ്രധാന നിർദ്ദേശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ നടപടികൾ വെളിപ്പെടുത്തുമോ; കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ നിയമഭേദഗതികൾ എന്നത്തേക്ക് നടപ്പാകും; വിശദമാക്കുമോ?

സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) നിയോഗിച്ചിരുന്നു.

(ബി)19-1-2017-ലെ സ.ഉ. (സാധാ) നമ്പർ 186/2017/റവ പ്രകാരം അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. മോഹനൻ സി., ശ്രീ. എ. വേണുഗോപാൽ എന്നിവർ അംഗങ്ങളുമായ മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28-2-2017-ൽ കമ്മിറ്റി പ്രവർത്തനം തുടങ്ങി. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭേദഗതി) നിയമം 1951, പരിശോധനാവിധേയമാക്കി, കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുക എന്നതായിരുന്നു പ്രസ്തുത കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ. 7-9-2017-ന് കമ്മിറ്റി സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(സി) കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അഡ്വ. ഗോപാലകൃഷ്ണൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ദേവസ്വം വകുപ്പ് നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് നൽകുകയുണ്ടായി. തുടർന്ന് കരട് ഭേദഗതി ബിൽ തയ്യാറാക്കി നിയമ പരിഷ്കരണ കമ്മീഷന് നൽകിയിരിക്കുകയാണ്.

## ടൂറിസം മാർക്കറ്റിംഗ്

6 (*336) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുന്നതിനായി ഈ സർക്കാർ ടൂറിസം ഇവന്റുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം സംഘടിപ്പിക്കപ്പെട്ട ടൂറിസം ഇവന്റുകളിൽ ഏതെല്ലാം രാജ്യങ്ങളാണ് പങ്കെടുത്തതെന്നും വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഇത് എത്രത്തോളം പ്രയോജനകരമായി എന്നും അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമായി ഏതെല്ലാം പുതിയ ടൂറിസം ഉല്പന്നങ്ങളാണ് നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പുതിയ ടൂറിസം ഉല്പന്നങ്ങൾ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് അന്താരാഷ്ട്ര ശ്രദ്ധ ലഭിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് ലോകത്തിന്റെ വിവിധ നഗരങ്ങളിൽ ബിസിനസ് മീറ്റ് സംഘടിപ്പിക്കുകയും അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള ടൂറിസം വകുപ്പ്, സംസ്ഥാനത്തിന്റെ ടൂറിസം വിപണികളായ അന്തർദ്ദേശീയ നഗരങ്ങളിലാണ് ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കുന്നത്. കേരളത്തിൽനിന്നുള്ള ഹോട്ടലുകൾ, റിസോർട്ടുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹൗസ് ബോട്ട്, ഹോം സ്റ്റേ ഉടമകൾ എന്നിവരടങ്ങുന്ന സംരംഭകർക്ക് അതാത് നഗരത്തിലെ ടൂർ ഓപ്പറേറ്റർമാരുമായി വ്യാപാരത്തിലേർപ്പെടാനുള്ള അവസരമാണ് ടൂറിസം വകുപ്പ് ഇതിലൂടെ ഒരുക്കുന്നത്. കേരള ടൂറിസത്തിന്റെ പ്രധാന വിപണികളായ യു.കെ., അയർലണ്ട്, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, നെതർലാന്റ്സ്, യു.എസ്.എ, ചൈന, സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങൾ, സ്വിറ്റ്സർലണ്ട്, ജപ്പാൻ, മലേഷ്യ, റഷ്യ, ഉക്രൈൻ, ഹംഗറി, സ്പെയിൻ, പോളണ്ട്, സിംഗപ്പൂർ, ഇസ്രായേൽ, ആസ്ത്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലാണ് പ്രധാനമായും ഇവന്റുകൾ സംഘടിപ്പിച്ചിട്ടുള്ളത്. ഇത്തരം പ്രചരണ പരിപാടികളുടെ ഫലമായി കേരളം സന്ദർശിക്കുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 1. ഇന്ത്യൻ സംഗീതജ്ഞരെ ഉൾപ്പെടുത്തി 2018-ൽ നിശാഗന്ധി മൺസൂൺ രാഗോത്സവം ആരംഭിച്ചു.

2. കേരളത്തിലെ പരമ്പരാഗത ചുണ്ടൻ വള്ളംകളി മത്സരങ്ങളെ കോർത്തിണക്കി, ലീഗ് അടിസ്ഥാനത്തിൽ 6 ജില്ലകളിലായി 12 വേദികളിൽ 'ചാമ്പ്യൻസ് ബോട്ട് ലീഗ്' ആരംഭിച്ചു.

(ഡി) നിശാഗന്ധി മൺസൂൺ രാഗാസ്, ചാമ്പ്യൻസ് ബോട്ട് ലീഗ് എന്നീ രണ്ട് ഇവന്റുകളും ദേശീയ/അന്തർദ്ദേശീയ ടൂർ ഓപ്പറേറ്റർമാരുടെ യാത്രാ പദ്ധതികളിൽ നിലവിൽ ഉൾപ്പെട്ടിട്ടുണ്ട്.

## ജലവൈദ്യുത പദ്ധതികളിലെ ജലം പാഴാകാതിരിക്കാൻ നടപടി

7 (*337) <u>ശ്രീ. ടി. എ.അഹമ്മദ് കബീർ</u> :
<u>ശ്രീ. എം. ഉമ്മർ</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ അണക്കെട്ടുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന ജലം പാഴായിപ്പോകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലവൈദ്യുത പദ്ധതികളിലെ അണക്കെട്ടുകളിലെ ജലനിരപ്പ് ഉയരുന്നതിനാനുപാതികമായി വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ പര്യാപ്തമായ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) അണക്കെട്ടുകളിലെ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജലവൈദ്യുത പദ്ധതികളുടെ അണക്കെട്ടുകളിലെ ഉല്പാദനശേഷി പരമാവധി ഉപയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) അണക്കെട്ടുകളിലെ ജലം പാഴായിപോകാതെ വൈദ്യുതി പരമാവധി ഉല്പാദിപ്പിക്കാനായി നടപടികൾ എടുക്കുന്നുണ്ട്. എന്നിരുന്നാലും അതിശക്തമായ മഴ തുടർച്ചയായി ഉണ്ടാകുമ്പോൾ താരതമ്യേന ചെറിയ സംഭരണ ശേഷിയുള്ള ഡാമുകൾ തുറന്നുവിടേണ്ടിവരാറുണ്ട്.

ഡാമിന്റെ താഴെഭാഗത്തെ പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സെൻട്രൽ വാട്ടർ കമ്മീഷൻ അംഗീകരിച്ച റൂൾ ലെവൽ എത്തുന്ന സാഹചര്യങ്ങളിൽ റിസർവോയറിൽനിന്നും അധികജലം സ്പിൽവേ വഴി നിയന്ത്രിത തോതിൽ മാത്രമാണ് തുറന്നുവിടുന്നത്.

(ബി-ഡി) ജലവൈദ്യുത പദ്ധതികളിലെ അണക്കെട്ടുകളിലെ ജലനിരപ്പ് സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. സംഭരണ ശേഷി കൂടുതലുള്ള ഇടുക്കി, കക്കി, ഇടമലയാർ, ബാണാസുരസാഗർ എന്നീ ഡാമുകൾക്കുവേണ്ടി സംഭരിക്കാവുന്ന ജലത്തിന്റെ നിരപ്പും ഉല്പാദനവുമായി ബന്ധപ്പെടുത്തിയുള്ള റൂൾ ലെവൽ നിലവിൽ ഉണ്ട്. ഇത് പ്രകാരം ജലനിരപ്പുയരുന്നതനുസരിച്ച് വൈദ്യുതി ഉല്പാദനം കൂട്ടുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്. സംഭരണ ശേഷി താരതമ്യേന കുറവുള്ള മറ്റു ഡാമുകളിലെ ജലനിരപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരികയും ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് പ്രസ്തുത പവർ ഹൗസിൽനിന്നുമുള്ള വൈദ്യുതി ഉല്പാദനം ക്രമമായി വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജലം പുനഃചംക്രമണം ചെയ്ത് പീക്ക് ലോഡ് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളും ആരായുന്നുണ്ട്.

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

8 (*338) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിലായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്രസർക്കാർ നയങ്ങൾ കൊണ്ട് പ്രതിസന്ധിയിലായതിനാൽ സംസ്ഥാന സർക്കാർ ആ കമ്പനി ഏറ്റെടുക്കാൻ തയ്യാറായതിനോട് കേന്ദ്രം അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കഞ്ചിക്കോട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേന്ദ്രസർക്കാരിൽ നിന്ന് ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാർ നീക്കത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; സ്ഥലവിലയായി അറുനൂറ് കോടി രൂപ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇത് ഏറ്റെടുക്കലിനെ ബാധിക്കുമോ;

(സി) വൻലാഭത്തിലുള്ള ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് വിറ്റഴിക്കുന്നതിന്റെ ഭാഗമായി കണക്കെടുപ്പ് തുടങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വളരെ കുറഞ്ഞ അളവിൽ മാത്രം കേന്ദ്ര നിക്ഷേപമുള്ള സംസ്ഥാനത്തിന്റെ താല്പര്യം പരിഗണിച്ച് സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്താൻ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായി കേരളത്തിലെ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ). ഇതിനെ സ്വകാര്യവൽക്കരിക്കുന്ന നടപടികളിൽനിന്ന് പിന്മാറണമെന്ന് നിരവധി മാർഗ്ഗങ്ങളിലൂടെ കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല.

നിലവിൽ എച്ച്.എൻ.എൽ.-ന്റെ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം ഡൽഹിയിലെ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ എടുത്ത് ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. സർക്കാർ എച്ച്.എൻ.എൽ. ഏറ്റെടുക്കാൻ താല്പര്യം കാണിച്ച് ഒഫിഷ്യൽ ലിക്വിഡേറ്ററിന് കത്തയച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഇതിന്റെ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതല സമിതിയുടെ ശിപാർശയനുസരിച്ച് ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് G.O.(Ms) No.52/2018/ID തീയതി 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് 16-11-2018 ൽ കേന്ദ്ര – സംസ്ഥാന സെക്രട്ടറിമാർ തമ്മിൽ നടത്തിയ ചർച്ചയുടെ ഫലമായി തയ്യാറാക്കിയ കരട് ധാരണപത്രം കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി നൽകിയിരുന്നുവെങ്കിലും കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യമാണ് ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിരിക്കുന്നത്.

(സി) നീതി ആയോഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിലെ കേന്ദ്ര സർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്രസർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആസ്തികളുടെ മൂല്യനിർണ്ണയത്തിനായുള്ള കൺസൾട്ടന്റിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ലഭ്യമായ വിവരം.

(ഡി) കേരളത്തിന് സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിലും കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള കേരളത്തിൽ പ്രവർത്തിച്ചു വരുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്-പാലക്കാട്, ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്-കാസർഗോഡ് എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽത്തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡുള്ള ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിൽ ഭെല്ലിന്റെ കൈവശമുള്ള 51% ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനുള്ള കരട് 'Agreement for Sale'. 7-9-2019-ലെ G.O.(Ms) No.78/2019/ID പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

## പരിസ്ഥിതിലോല പ്രദേശങ്ങളിലെ ക്വാറികൾ

9 (*339) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ ഒരു കാരണം അനധികൃത ക്വാറികളും അതുണ്ടാക്കുന്ന പരിസ്ഥിതി ആഘാതവും ആണെന്നത് വസ്തുതയല്ലേ എന്ന് വ്യക്തമാക്കാമോ;

(ബി) 2018-ലെ മഹാപ്രളയത്തിന് ശേഷം പരിസ്ഥിതി ആഘാതം പഠിച്ച നിയമസഭാ സമിതി അതിന്റെ റിപ്പോർട്ടിൽ ക്വാറികളുടെ പ്രവർത്തനം കൊണ്ട് പശ്ചിമ ഘട്ടത്തിൽ ഉരുൾപൊട്ടൽ, വിള്ളലുകൾ, പുഴ വഴിമാറി ഒഴുകൽ എന്നിവ ഉണ്ടാകുന്ന എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) 2018-ലെ മഹാപ്രളയത്തിന് ശേഷം സംസ്ഥാനത്ത് പുതിയ ക്വാറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ;

(ഡി) ദുരന്തഭൂമിയായി മാറിയ കവളപ്പാറയ്ക്ക് ഇരുപത് കിലോ മീറ്റർ ചുറ്റളവിൽ നിലവിൽ എത്ര ക്വാറികൾ ആണ് പ്രവർത്തിക്കുന്നതെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(ഇ) പരിസ്ഥിതിലോല മേഖലകളിൽ കൂടുതൽ ക്വാറികൾ അനുവദിക്കുന്നത് വിലക്കിക്കൊണ്ടുള്ള 2013-ലെ കേന്ദ്ര വിജ്ഞാപനത്തിൽ സർക്കാർ ഇളവ് തേടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(എഫ്) 1964-ലെ ഭൂപതിവ് ചട്ട പ്രകാരം കൃഷിക്ക് വേണ്ടി പതിച്ച് നൽകിയ ഭൂമിയിൽ ഖനനം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് പ്രളയവും ഉരുൾപൊട്ടലും നിരന്തരം ഉണ്ടാകുന്ന സാഹചര്യത്തിൽ പരിസ്ഥിതിലോല മേഖലകളിൽ ക്വാറികൾ അനുവദിക്കുന്ന കാര്യത്തിൽ പുനർചിന്തനം നടത്തുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നുണ്ടെന്ന റിപ്പോർട്ടുകൾ പത്ര ദൃശ്യമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചരിവുള്ള പ്രദേശങ്ങളിൽ പെയ്യുന്ന അതിതീവ്ര മഴ കാരണം ഉരുൾപൊട്ടലുകൾ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. പാറമട സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലും പാറമടയില്ലാത്ത പ്രദേശങ്ങളിലും ഇപ്രകാരം ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്നിന്റെ ചരിവ്, തുടർച്ചയായി പെയ്യുന്ന മഴയുടെ അളവ്, മേൽമണ്ണിന്റെ കനം എന്നിവയാണ് ഈ പ്രതിഭാസത്തിന് ആക്കം കൂട്ടുന്നത്. കുന്നിൽ നിർമ്മിച്ചിട്ടുള്ള മഴക്കുഴികളും അവിടെയുള്ള മണ്ണിന്റെ ഘടനയും അശാസ്ത്രീയമായ കൃഷി രീതികളുമാണ് ഉരുൾപൊട്ടലുകൾ ഉണ്ടാകാനിടയായ മറ്റൊരു പ്രധാന കാരണം. പാറ ഖനനം ഉരുൾപൊട്ടലിന് കാരണമായേക്കാമെന്ന് റിപ്പോർട്ടുകൾ വന്നെങ്കിലും ഈ ഉരുൾപൊട്ടലുകൾ ഉണ്ടായത് പാറമടയിൽനിന്നും എത്ര ദൂരം മാറിയാണെന്ന് റിപ്പോർട്ടുകളിൽ സൂചന ഉണ്ടായിരുന്നില്ല.

(ബി) പരിസ്ഥിതി സംബന്ധിച്ച നിയമസഭാ സമിതിയുടെ (2019-2021) പതിനാറാമത് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018 മുതൽ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല മേഖലകളിൽ യാതൊരുവിധ ഖനനവും നടത്താൻ അനുമതി ഇല്ല.

(സി) 2018-ലെ മഹാപ്രളയത്തിനുശേഷം സംസ്ഥാനത്ത് 147 പുതിയ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) കവളപ്പാറയുടെ ഇരുപത് കിലോമീറ്റർ ചുറ്റളവിനുള്ളിൽ മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടില്ല. എന്നാൽ ടി ദൂരപരിധിയിൽ അനധികൃതമായി പ്രവർത്തിച്ച 8 കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പിച്ചിട്ടുണ്ട്. കവളപ്പാറയുടെ 3 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ യാതൊരുവിധ ഖനന പ്രവർത്തനവും നടന്നിട്ടില്ല.

(ഇ) ഇളവ് തേടിയിട്ടില്ല.

(എഫ്) 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4-ൽ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ജി) പരിസ്ഥിതിലോല പ്രദേശങ്ങളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ ക്വാറി പ്രവർത്തനത്തിന് നിലവിൽ ഖനനാനുമതി നല്കുന്നില്ല. പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കുന്നതിനുമുമ്പ് ഇത്തരം സ്ഥലങ്ങളിൽ അനുമതി നല്കിയിരുന്നു. നിലവിലുണ്ടായിരുന്ന ക്വാറികളുടെ പ്രവർത്തനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ ഓഫീസ് മെമ്മോറാണ്ട പ്രകാരം 2018-ൽ നിർത്തിയിട്ടുള്ളതുമാകുന്നു.

## എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീമിന്റെ പുരോഗതി

10 (*340) ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ കഴിയാതെ കടക്കെണിയിലായ തൊഴിൽരഹിതരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17 മുതൽ നടപ്പിലാക്കിവരുന്ന എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) തുടർവർഷങ്ങളിൽ ഈ സ്കീം ഫലപ്രദമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) വിദ്യഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 'വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി' (Education Loan Repayment Support Scheme) എന്ന പേരിൽ ഒരു പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ (Non NPA/Standard) വായ്പകൾക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷ കാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകിവരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയുംചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു.

കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

(ബി) ഉണ്ട്. വിദ്യഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി 31-1-2018 ആയിരുന്നു. ഇതനുസരിച്ച് elrs.kerala.gov.in എന്ന പോർട്ടൽ വഴി 78062 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 5512 അപേക്ഷകൾ യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 30041 അപേക്ഷകൾ വിവിധ അപാകതകളാൽ താല്ക്കാലികമായി നിരസിക്കപ്പെട്ടിട്ടുണ്ട്. (ആകെ 35553 അപേക്ഷകൾ ഇങ്ങനെ നിരസിക്കപ്പെട്ടിട്ടുണ്ട്) ബാക്കിയുള്ള 42509 അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി.-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള ബാക്കിയുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. ടി അപേക്ഷകൾ ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി. ശിപാർശയോടെ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്കാണ് സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്.

(സി) സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യമാണ് പോർട്ടലിൽ ആദ്യ ഘട്ടത്തിൽ ഒരുക്കിയിരുന്നത്. 2018-19 വർഷത്തെ ആനുകൂല്യത്തിന് അർഹരായവർക്ക് ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പോർട്ടലിൽ 2019 മാർച്ച് മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ടി ക്ലെയിമുകൾ ബാങ്കുകൾ പരിശോധിക്കുന്നതിനായി 2019 മേയ് മാസത്തിൽ പോർട്ടലിൽ ആവശ്യമായ സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

## നികുതി വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് നടപടി

11 (*341) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട രണ്ട് പ്രളയങ്ങൾമൂലം നികുതി വരുമാനത്തിൽ കാര്യമായ ഇടിവ് സംഭവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി വരുമാനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നികുതി റിട്ടേൺ സ്കൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി നടപ്പാക്കിയ ആംനെസ്റ്റി പദ്ധതി വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഇ) റെയിൽവേ വഴിയുള്ള ചരക്ക് കള്ളക്കടത്ത് നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണെന്നത് കണക്കിലെടുത്ത് അത് തടയുന്നതിന് വേണ്ടി സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. 2018 ജൂലൈ മാസത്തിൽ 1,443.62 കോടി രൂപ ജി.എസ്.ടി. വരുമാനം ലഭ്യമായിടത്ത് ആഗസ്റ്റ് 2018-ൽ 1,227.40 കോടി രൂപ മാത്രമാണ് ലഭിച്ചത്. ആയതുപോലെ 2019 ജൂലൈ മാസത്തിൽ 1,753.89 കോടി രൂപ ലഭിച്ചിടത്ത് 2019 ആഗസ്റ്റ് മാസത്തിൽ 1,637.98 കോടി രൂപ മാത്രമാണ് ലഭിച്ചത്.

(ബി & സി) നികുതി വരുമാനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറിയുടെ അവലോകനം നടത്തി.

3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

4. ആംനെസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കാൻ സാവകാശം ഉണ്ട്.

5. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേൺ സ്കൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടു പിടിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിലൂടെ നികുതിച്ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.

6. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

7. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജിൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി നടപ്പാക്കിയ ആംനെസ്റ്റി പദ്ധതി പ്രകാരം 31-10-2019-ലെ കണക്കനുസരിച്ച് 48043 ഡീലർമാർ അപേക്ഷ സമർപ്പിക്കുകയും ആയതിലൂടെ 390.40 കോടി രൂപ ആംനെസ്റ്റി പ്രകാരം തവണകളായി അടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിൽ 78.89 കോടി രൂപ നാളിതുവരെ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് സ്ക്വാഡുകൾ നിരന്തരം പരിശോധന നടത്തി ചരക്കുകൾക്ക് ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതിച്ചോർച്ച തടഞ്ഞുവരുന്നുണ്ട്.

## വ്യവസായ വികസന കോർപ്പറേഷൻ വഴിയുള്ള വ്യവസായ വികസനം

12 (*342) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനായി വ്യവസായ വികസന കോർപ്പറേഷൻ വഴി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ചേർത്തലയിലെ മെഗാ ഫുഡ് പാർക്കിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്നും പദ്ധതിയുടെ പുരോഗതിയും അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനായി വ്യവസായ വികസന കോർപ്പറേഷൻ വഴി ഇതിനകം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്ത് ഇടത്തരം/വൻകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 3,500 ലക്ഷം രൂപ വരെയുള്ള ലോണുകൾ കെ.എസ്.ഐ.ഡി.സി. നല്കിവരുന്നു. എല്ലാ സംരംഭങ്ങൾക്കുമുള്ള പലിശ നിരക്കുകൾ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ നൽകുന്ന ലോണുകളുടെ തിരിച്ചടവിന് ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നല്കുന്നുണ്ട്.

- കൂടാതെ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നല്കിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നല്കിവരുന്നത്. 100 യുവ സംരംഭങ്ങൾക്കായി ഇതുവരെ 20 കോടി രൂപ മൂലധന സഹായമായി അനുവദിക്കുകയുണ്ടായി. ഈ വായ്പ ഒരു വർഷത്തേയ്ക്കുള്ള സോഫ്റ്റ് ലോൺ ആയിട്ടാണ് നല്കിവരുന്നത്. ഇതുകൂടാതെ വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായങ്ങൾ വിപുലീകരിക്കാനും പുതിയത് തുടങ്ങാനും 7.5% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ ആറ് വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ അനുവദിച്ചുവരുന്നു. യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും പ്രവർത്തന മൂലധനത്തിന് വേണ്ടിയും വായ്പ അനുവദിച്ചുവരുന്നുണ്ട്. പുതിയ സംരംഭകർക്ക് ആകെ നിക്ഷേപത്തിന്റെ 50 ശതമാനം വരെ വായ്പ അനുവദിക്കുന്നതാണ്.

- വ്യവസായ വികസനം ലക്ഷ്യമിട്ട് കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നിവിടങ്ങളിൽ ആരംഭിച്ച വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 44 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ടെക്സ്റ്റൈൽസ്, ഫുട് വെയർ, പ്ലാസ്റ്റിക്, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ എന്നിവയാണ് ഇവിടെ നിലവിലുള്ള വ്യവസായ യൂണിറ്റുകൾ. കൂടാതെ ഒരു വർക്കിംഗ് വിമെൻസ് ഹോസ്റ്റലും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്, ഗവൺമെന്റ് ആർട്സ് കോളേജ്, കോമൺ ഫെസിലിറ്റി സെന്റർ, സബ്സ്റ്റേഷൻ എന്നിവയ്ക്കായി 63 ഏക്കർ ഭൂമി കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മാറ്റി വച്ചിട്ടുണ്ട്. ഇൻഫോപാർക്ക്, IHRD എഞ്ചിനീയറിംഗ്

കോളേജ്, കേരള വാട്ടർ അതോറിറ്റി, നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പുനരധിവാസത്തിനുള്ള സ്ഥലം എന്നിവ ചേർത്തല ഐ.ജി.സി.യിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ മെഗാ ഫുഡ് പാർക്കും പ്രവർത്തിക്കുന്നത് ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിലാണ്. സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ ജോലിചെയ്യുന്ന വനിതകൾക്കായി ക്രഷ്, വിശ്രമ കേന്ദ്രം മറ്റ് പൊതുസൗകര്യങ്ങൾ എന്നിവയും കെ.എസ്.ഐ.ഡി.സി. ഒരുക്കിയിട്ടുണ്ട്.

- തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്ക്, ആലപ്പുഴ ചേർത്തലയിലെ മെഗാഫുഡ് പാർക്ക്, പാലക്കാടുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം ആമ്പല്ലൂരിലെ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് തുടങ്ങിയവ കെ.എസ്.ഐ.ഡി.സി. വിഭാവനചെയ്ത് നടപ്പിലാക്കിവരുന്ന ബൃഹദ്പദ്ധതികളാണ്.

- ഐ.റ്റി., ടെലികോം തുടങ്ങിയ മേഖലകളിലെ നൂതന മാറ്റങ്ങളും വികസനങ്ങളും പരിഗണിച്ച് കേരളത്തിലെ യുവതലമുറയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽദാതാക്കളായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി ഏഞ്ചൽ ഫണ്ടിംഗ് സ്കീം എന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. ഏഞ്ചൽ ഫണ്ടിംഗ്/ സീഡ് ഫണ്ടിംഗ് സ്കീം എന്ന പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി. ഇന്നവേറ്റീവ് സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സഹായങ്ങൾ നല്കി അവർക്ക് വ്യാവസായിക വിജയം ഉറപ്പുവരുത്തുന്നു.

- വനിതാ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. കൊണ്ടുവന്ന ഒരു പദ്ധതിയാണ് വീ മിഷൻ. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലെ സംരംഭങ്ങൾക്ക് (ഉൽപ്പാദനം/ഐ.ടി.) വ്യാപാര വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിധീകരണത്തിനോ ആണ് ഹ്രസ്വകാല വായ്പ നല്കിവരുന്നത്. പ്രസ്തുത സംരംഭങ്ങൾ സ്ത്രീ സംരംഭകരുടെ ഉടമസ്ഥതയിലോ പങ്കാളിത്ത സ്ഥാപനമോ സ്വകാര്യ കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതലേ 50%ത്തിൽ കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം.

- ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- കൂടാതെ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്താൻ അനുകൂലമായ

മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഇൻവെസ്റ്റ്മെന്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഏതൊരു വ്യവസായിക്കും സംസ്ഥാനത്ത് വ്യവസായം തുടങ്ങാനും നടത്താനും തങ്ങൾക്കാവശ്യമുള്ള എല്ലാ വിവരങ്ങളും, അപേക്ഷ ഫോറങ്ങളും, അപേക്ഷിക്കേണ്ട വെബ്സൈറ്റുകളിലേയ്ക്കുള്ള ലിങ്കുകളും ലഭ്യമാണ്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ വിവിധ വ്യവസായ മേഖലകളുടെ നോഡൽ ഓഫീസർമാരുടെ വിവരങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ജനറൽ മാനേജർമാരുടെ വിവരങ്ങളും പ്രസ്തുത പോർട്ടലിൽ ലഭ്യമാണ്.

- പ്രളയ ബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി വ്യവസായങ്ങൾക്ക് കൈത്താങ്ങായി കെ.എസ്.ഐ.ഡി.സി. ആരംഭിച്ച മറ്റൊരു പദ്ധതിയാണ് പുനർജ്ജനി. ഇതിലൂടെ ഹ്രസ്വകാല വായ്പകൾ, പതിവ് കാലാവധി വായ്പകൾ, അധിക പിന്തുണാ പദ്ധതി എന്നിവ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിയിലൂടെ വായ്പകൾക്ക് മേലുള്ള പ്രോസസ്സിങ്ങ് ഫീ/അപ്ഫ്രണ്ട് ഫീ എന്നിവ ഒഴിവാക്കി നല്കിയിട്ടുണ്ട്. പലിശയിനത്തിൽ ഇളവും തിരിച്ചടവിന് മൊറട്ടോറിയവും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സമുദ്രോത്പന്ന സംസ്കരണം, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഫുഡ് പാർക്കാണ് സ്ഥാപിതമാകുന്നത്. പ്രസ്തുത ഫുഡ് പാർക്ക് മുഖേന കേന്ദ്രീകൃത സമുദ്രോത്പന്ന സംസ്കരണ കേന്ദ്രങ്ങളും സമുദ്രോത്പന്നങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മത്സ്യബന്ധന മേഖലയ്ക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യംവയ്ക്കുന്നത്. ഫുഡ് പാർക്കിൽ സംസ്കരണ മൂല്യവർദ്ധിത പ്ലാന്റുകൾക്ക് പുറമേ ഭക്ഷ്യ വസ്തുക്കൾ നശിച്ചു പോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാന്റുകളും വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈപ്പിൻ, മുനമ്പം, തോപ്പുംപടി ഹാർബറുകളോട് ചേർന്ന് സമുദ്രോത്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനുള്ള പ്ലാന്റുകളും ചേർത്തല ഫുഡ് പാർക്കിന് അനുബന്ധമായി സ്ഥാപിതമാകുന്നു. ചേർത്തല ഫുഡ് പാർക്ക് മുഖേന സമുദ്രോത്പന്ന ഭക്ഷ്യ സംസ്കരണ മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കും. ഏകദേശം 3000-ത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. 2019 ഡിസംബർ മാസത്തോടുകൂടി ചേർത്തല പള്ളിപ്പുറത്തെ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് വിഭാവന ചെയ്തിരിക്കുന്നത്.

## വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് നടപടികൾ

13 (*343) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെയും വിജിലൻസ് വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(ഡി) കേടായ മീറ്ററുകൾ മാറ്റി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് പ്രത്യേക സംവിധാനം ഉണ്ട്. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടിയ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർകൂടി ഉൾപ്പെട്ട 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും നിരന്തര പരിശോധനകൾ നടത്തിവരുന്നുണ്ട്. വിശദമായ നിലയിൽ ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സെക്ഷൻ ഓഫീസിലെ ഫീൽഡ് ഓഫീസേഴ്സിനേയും സബ് എഞ്ചിനീയർ, മീറ്റർ റീഡർ, ലൈൻമാൻ, വർക്കർ തുടങ്ങി എല്ലാ ജീവനക്കാരേയും ഇതേപറ്റി ബോധവത്കരിക്കുകയും ചെയ്തിട്ടുള്ളതാണ്. എല്ലാ മീറ്ററുകളും സീൽ ചെയ്യാനും ഉപഭോഗത്തിൽ വലിയ വ്യത്യാസം വരുന്ന ഉപഭോക്താവിനെ പ്രത്യേക പരിഗണനയിൽപ്പെടുത്തി തരംതിരിച്ച് പരിശോധന നടത്തേണ്ടതാണെന്നും എല്ലാ APTS യൂണിറ്റുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ സെക്ഷൻ ഓഫീസിൽ

പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പരുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തുന്നത് കണ്ടുപിടിയ്ക്കാൻ വേണ്ടി എല്ലാ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കിമാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

(ബി) എ.പി.റ്റി.എസ്. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങളുള്ള സ്റ്റാൻഡാർഡ് റഫറൻസ് മീറ്റർ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ലാപ് ടോപ്പ്, ടോങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ മൂലമറ്റത്തെ പവർ എഞ്ചിനീയറിംഗ് ട്രെയിനിംഗ് സെന്ററിൽ എ.പി.റ്റി.എസ്. സ്റ്റാഫിന് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും വേണ്ടവിധത്തിലുള്ള പരിശീലനം നൽകിവരുന്നു.

പതിവ് ഇൻസ്പെക്ഷന് പുറമേ എല്ലാ മാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തുന്നു. ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ അതത് ജില്ലയിലെ എ.പി.റ്റി.എസ്. യൂണിറ്റുകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(സി) വൈദ്യുതി മോഷണം കണ്ടെത്തിയാൽ വൈദ്യുതി നിയമം 2003 section 138 പ്രകാരം കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ എടുക്കാറുണ്ട്. നിയമപ്രകാരമുള്ള പിഴ ചുമത്താറുണ്ട്. വൈദ്യുതി മോഷണം പിടിക്കപ്പെട്ടാൽ ക്രിമിനൽ നടപടി ഒഴിവാക്കുന്നതിനായി വൈദ്യുതി നിയമം section 152 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാറുണ്ട്. കോമ്പൗണ്ടിംഗ് ഫീസ് അടയ്ക്കാതിരുന്നാൽ ഉപഭോക്താക്കളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നു.

(ഡി) കേടായ മീറ്ററുകൾ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതികൾ നിലവിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഉദയ് പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാനം എന്ന നിലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ

ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന പദ്ധതി) പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിൽ ഉള്ള 3.2 ലക്ഷം ഉപഭോക്താക്കൾക്ക് (6 കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും) ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 64.36 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60% ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് തീരുമാനം എടുത്തിട്ടുണ്ട്.

## വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

14 (*344) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശിക തുക യഥാസമയം പിരിച്ചെടുക്കാത്തതുമൂലം വൈദ്യുതി ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ എന്നറിയിക്കാമോ;

(ബി) ഈ പ്രതിസന്ധി മറികടക്കുവാൻ കെ.എസ്.ഇ.ബി. വൈദ്യുതി നിരക്കുകൾ കുത്തനെ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് എത്ര ശതമാനം വർദ്ധനവാണ് വരുത്തിയത്; വൈദ്യുതി നിരക്ക് വർദ്ധനവിനോടൊപ്പം ഫിക്സഡ് ചാർജ്ജും വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കാർഷികാവശ്യത്തിനുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കടുത്ത പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്ന കാർഷികമേഖലയുടെ തകർച്ചക്ക് ഈ വർദ്ധനവ് ആക്കം കൂട്ടുകയില്ലേ എന്നറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനകം എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി ബോർഡിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിലും വരവും ചെലവും തമ്മിൽ താൽക്കാലിക അന്തരം (Gap) നിലവിലുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക സർക്കാർ ഏറ്റെടുത്ത വകയിൽ സംസ്ഥാന സർക്കാരിൽനിന്ന് സാമ്പത്തിക സഹായമായി 2019-20 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട 384.07 കോടി രൂപയും 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിക്കേണ്ടിയിരുന്ന 104.80 കോടി രൂപയും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കുന്ന മുറയ്ക്ക് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന് ഒരു പരിധിവരെ പരിഹാരമാകും ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹ്രസ്വകാലവായ്പ ലഭ്യമാക്കിയാണ് നിലവിലെ ആവശ്യങ്ങൾ നിറവേറ്റുന്നത്.

(ബി) കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ല. ഓരോ കൺസ്യൂമറിൽനിന്നും കിട്ടാനുള്ള ചാർജ്ജ്, ബിൽ ചെയ്യുന്ന അന്നുതന്നെ വരവായി അക്കൗണ്ട് ചെയ്യുകയും അതുകൂടി കണക്കിലെടുത്തതിനുശേഷമുള്ള വരവുചെലവ് അന്തരമാണ് താരിഫ് പരിഷ്കരണത്തിലൂടെ നികത്തുന്നതിനുവേണ്ടി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നത്. ഇതനുസരിച്ച് നിലവിലുള്ള വ്യവസ്ഥകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ [വൈദ്യുതി നിയമം - 2003, താരിഫ് പോളിസി - 2006, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ - 2018] സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 8-7-2019- ൽ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവിലൂടെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫിൽ ശരാശരി 6.8% വർദ്ധനവ് മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് ശരാശരി 11.4% വർദ്ധനവാണ് വരുത്തിയിട്ടുളളത്. ടി ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജിൽ വരുത്തിയ വർദ്ധനവുകൂടി കണക്കിലെടുത്തുള്ള വർദ്ധനവ് ആണിത്. വിശദാംശങ്ങൾ അനുബന്ധം - 1 ആയി കൊടുത്തിരിക്കുന്നു.*

(ഡി) ഉണ്ട്. എന്നാൽ എല്ലാ കാർഷിക ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ മാനദണ്ഡ പ്രകാരം, കാർഷിക ഭൂവിസ്തൃതിയുള്ള എല്ലാ കർഷകർക്കും കൃഷി ഭവൻ മുഖേന വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് നൽകുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രളയ ബാധിതരിൽ നിന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് അധിക ചാർജ്ജുകൾ ഒന്നുംതന്നെ ഈടാക്കിയിട്ടില്ല. പ്രളയകാലത്ത് വൈദ്യുതി ബോർഡിന് ഗണ്യമായ നഷ്ടം സംഭവിച്ചെങ്കിലും വൈദ്യുതി യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുകയും ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന വിവിധ ഇളവുകൾ നൽകുകയുമാണ് ബോർഡ് ചെയ്തിട്ടുള്ളത്:

1. പ്രളയബാധിത പ്രദേശങ്ങളിൽ പ്രളയത്തിനുശേഷമുള്ള അടുത്ത ബില്ലിംഗ് സൈക്കിളിലേക്കുള്ള ബില്ലു നൽകുന്നത് താൽക്കാലികമായി ഒഴിവാക്കി.

2. പ്രളയബാധിത പ്രദേശങ്ങളിൽ അർഹതപ്പെട്ടവർക്ക് റീ കണക്ഷൻ ഫീയും സർചാർജ്ജും ഒഴിവാക്കി.

3. പ്രളയത്തിനുമുൻപ് നൽകിയ ബില്ലുകളിലെ വിച്ഛേദന തീയതി 6 മാസത്തേയ്ക്ക് നീട്ടി നൽകി.

4. ഇത്തരം ബില്ലുകൾ തവണ വ്യവസ്ഥയിൽ അടയ്ക്കാനുള്ള അനുവാദം നൽകി.

കേടായ മീറ്ററുകളുള്ള ഉപഭോക്താക്കളുടെ ബില്ലുകൾ പുനഃപരിശോധിച്ച് ആവറേജ് തുക കണക്കാക്കുമ്പോൾ വൈദ്യുതി ഇല്ലാതിരുന്ന ദിവസങ്ങൾക്കുള്ള ചാർജ് കുറവ് ചെയ്ത് തുകയിൽ ഇളവുകൾ നൽകി.

(ഇ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടു തവണ വൈദ്യുതി നിരക്കിൽ പരിഷ്കരണം ഉണ്ടായിട്ടുണ്ട്.

17-4-2017-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സ്വമേധയാ പുറപ്പെടുവിച്ച് താരിഫ് പരിഷ്കരണ ഉത്തരവിലൂടെ, സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട് (18-4-2017 മുതൽ)

തുടർന്ന് 8-7-2019-ലെ താരിഫ് ഉത്തരവിലൂടെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, 8-7-2019 മുതൽ നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.

18-4-2017-ലെ വർദ്ധനവിലൂടെ 4.77% അധിക വരുമാനവും 8-7-2019-ലെ വർദ്ധനവിലൂടെ 6.81% അധിക വരുമാനവും (പ്രതി-വർഷം) ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം-II ആയി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

15 (*345) ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സഞ്ചിത കടബാധ്യത വാർഷിക റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(സി) ജനങ്ങളിൽ അമിത സാമ്പത്തികഭാരം അടിച്ചേൽപ്പിക്കാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള പ്രായോഗിക നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പാ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

2019 സെപ്റ്റംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 4.81% ന്റെയും ആകെ റവന്യൂ വരുമാനത്തിൽ 2.83%-ന്റെയും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം നികുതിയേതര വരുമാനത്തിലും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിലും 3.37 %-ന്റെ ഇടിവ് ഉണ്ടായിട്ടുണ്ട്. ഇക്കാലയളവിൽ ആകെ വരുമാനത്തിൽ (വായ്പകൾ ഉൾപ്പെടെ) 4.16%-ന്റെയും ആകെ ചെലവിൽ 2.48%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിലെ റവന്യൂ കമ്മിയിലും ധന കമ്മിയിലും മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ച 2018-19 സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്ക് ഉൾപ്പെടെ 31-3-2019 വരെ സംസ്ഥാനത്തിന്റെ കടബാധ്യത റവന്യൂ വരുമാനത്തിന്റെ 256.63 ശതമാനമാണ്.

(സി) നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

3. നികുതിച്ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

6. ചരക്ക് സേവന നികുതിച്ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

(i) 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതിച്ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

(ii) ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iii) ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(iv) റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(v) നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ പാക്കേജുകളുടെ നടത്തിപ്പ്

16 (*346) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ പാക്കേജുകളുടെ നടത്തിപ്പിനായി കിഫ്ബി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരം കിഫ്ബി നൽകുന്ന വായ്പാ തുകയുടെ തിരിച്ചടവ് ബാധ്യത ഏതു കക്ഷിയ്ക്കാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിനായി കിഫ്ബി നൽകുന്ന തുകയുടെ തിരിച്ചടവിനായി പ്രത്യേക കരാർ ഉണ്ടാക്കിയിട്ടുണ്ടോ; തിരിച്ചടവ് കരാർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; തിരിച്ചടവിന്റെ കാലാവധി, പലിശ നിരക്ക് തുടങ്ങിയ വിശദാംശങ്ങൾ നൽകാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കിഫ്ബി ധനസഹായത്തോടെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി (ഊർജ്ജ വകുപ്പ്, കിഫ്ബി, കെ.എസ്.ഇ.ബി.എൽ.) കരാർ പ്രകാരം കിഫ്ബി നൽകുന്ന വായ്പ തുകയുടെ തിരിച്ചടവ് ബാധ്യത കെ.എസ്.ഇ.ബി.എൽ.-നാണ്.

(ബി) തിരിച്ചടവുള്ള കിഫ്ബി പദ്ധതികൾക്ക് ധനാനുമതി നൽകുമ്പോൾ പദ്ധതി തുകയുടെ 40% തുക അനുവദിക്കുന്നതിനുമുൻപായി തിരിച്ചടവ് കരാറിൽ (Repayment Agreement) കിഫ്ബിയും കെ.എസ്.ഇ.ബി.എൽ.-ഉം ഏർപ്പെടും. 20-8-2019-ലെ കിഫ്ബി ബോർഡ് മീറ്റിംഗിൽ കരട് റീപേമെന്റ് കരാറിന് അംഗീകാരം നൽകിയിട്ടുണ്ട്. കരാറിൽ ഒപ്പുവയ്ക്കുന്നതിനുമുൻപായി പലിശയും തിരിച്ചടവിന്റെ കാലാവധിയും തീരുമാനിക്കുന്നതാണ്. കരാറിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രാദേശിക ഫുട്ബോൾ മേളകൾ പ്രോത്സാഹിപ്പിക്കാൻ നടപടി

17 (*347) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്സ് ആൻഡ് സ്പോർട്സ് ക്ലബുകൾ വഴി പ്രാദേശിക തലത്തിൽ നടക്കുന്ന ഫുട്ബോൾ മേളകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും കളിക്കാർക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ വഴി പ്രദേശിക തലത്തിൽ നടക്കുന്ന ഫുട്ബോൾ മേളകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ കായികോപകരണങ്ങൾ വാങ്ങുന്നതിനും കായിക മേളകൾ നടത്തുന്നതിനും കളിസ്ഥല വികസനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ലബുകൾ, കായികതാരങ്ങൾ എന്നിവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

കൂടാതെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒരു സെന്ററിൽ 25 കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസമാണ് പരിശീലനം നൽകുന്നത്. ഫുട്ബോൾ പരിശീലന രംഗത്ത് 10 വർഷത്തിലധികം പരിചയമുള്ള സെപ്റ്റ് എന്ന സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കായി 14 സെന്ററുകൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ഗ്രാമപ്രദേശങ്ങളിലെ ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്ന തിനായി ജില്ലാ ഫുട്ബോൾ അസോസിയേഷൻ വഴി നടപടികൾ സ്വീകരിച്ച് വരുന്നു. ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലൂടെ 285 കായിക താരങ്ങൾക്ക് ഫുട്ബോളിൽ മികച്ച പരിശീലനം നൽകിവരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ കേരളോത്സവം നടത്തിവരുന്നു. കേരളോത്സവത്തോടനുബന്ധിച്ച് എല്ലാവർഷവും സംഘടിപ്പിക്കുന്ന ഫുടബോൾ മത്സരങ്ങളുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷം യൂത്ത് ക്ലബുകൾ/യുവാക്ലബുകളുടെ പങ്കാളിത്തത്തോടെ ജില്ലാ-സംസ്ഥാന തലങ്ങളിൽ സെവൻസ് ഫുടബോൾ മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം**

18 (*348) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉത്തരവാദിത്ത ടൂറിസം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഉത്തരവാദിത്ത ടൂറിസം ഫലപ്രദമായി നടപ്പാക്കിയതുമൂലം തദ്ദേശവാസികൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ഉത്തരവാദിത്ത ടൂറിസം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും ടൂറിസം പോലീസിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ഏതെല്ലാം അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉത്തരവാദിത്ത ടൂറിസം സംസ്ഥാനത്തിന്റെ ഔദ്യോഗിക ടൂറിസം നയമായി സ്വീകരിച്ചുകൊണ്ട് ഈ സർക്കാർ, 2008 മുതലുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാന വ്യാപകമാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2017 ജൂൺ മാസത്തിൽ ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത മിഷൻ ജില്ലാ അടിസ്ഥാനത്തിൽ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

(ബി) അവലോകനം ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ഉത്തരവാദിത്ത ടൂറിസത്തെയും മിഷൻ പ്രവർത്തനങ്ങളെയും പറ്റി പരിശീലനം നൽകിയതിനു ശേഷം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലും മറ്റു പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം പോലീസിനും ഉത്തരവാദിത്ത ടൂറിസത്തിൽ പരിശീലനം നൽകിക്കൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പ്രവർത്തനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം 4 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ 7 അവാർഡുകളാണ് കേരളത്തിലെ ഉത്തരവാദിത്ത പ്രവർത്തനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.

1. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ അവാർഡ് 2019 ഫോർ വിമെൻ എംപവർമെന്റ്-ഉത്തരവാദിത്ത ടൂറിസം മിഷന്റെ കുമരകത്തെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ലഭിച്ചു.

2. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018 ലെ 'ബെസ്റ്റ് ഫോർ മാനേജിങ് സക്സസ്'-കുമരകം.

3. 2018-ലെ 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് - കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ.

4. 2017 ൽ-ഡബ്ല്യു.ടി.എം.-ന്റെ ഹൈലി കമെൻഡഡ് അവാർഡ് - കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്.

5. 2018-ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ് സിൽ 'ഔട്ട് സ്റ്റാൻഡിങ് അച്ചീവ്മെന്റ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ

6. നാഷണൽ ടൂറിസം അവാർഡ് 2016-17-ലെ 'മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രോജക്റ്റ് ഇനിഷ്യേറ്റീവ്' എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി

7. നാഷണൽ ടൂറിസം അവാർഡ് 2015-16-ലെ 'ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് ഇൻ നിഷ് കാറ്റഗറി' യിൽ - കുമകരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി

<u>ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വരുന്നതിനു മുൻപ് ലഭിച്ച അവാർഡുകൾ</u>

1. നാഷണൽ ടൂറിസം അവാർഡ് 2013-14-ലെ 'ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രൊജക്റ്റ് - തേക്കടി ഉത്തരവാദിത്ത ടൂറിസം പദ്ധതി.

2. പസിഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പാറ്റ) സി ഇ ഒ ചലഞ്ച് അവാർഡ് -2015- തേക്കടി.

3. പസിഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പാറ്റ) ഗോൾഡ് അവാർഡ് 2014- കുമരകം.

4. യു.എൻ.ഡബ്ല്യു.ടി.ഒ. - ഉലീസസ് അവാർഡ് 2013- കുമരകം.

5. നാഷണൽ ടൂറിസം അവാർഡ് 2012-13-ലെ 'ബെസ്റ്റ് സിവിക് മാനേജ്മെന്റ് ഓഫ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ' - കുമരകം ഗ്രാമ പഞ്ചായത്ത്.

6. നാഷണൽ ടൂറിസം അവാർഡ് 2011-12-ലെ ബെസ്റ്റ് റൂറൽ ടൂറിസം പ്രോജക്റ്റ് - കുമരകം.

7. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പാറ്റ) ഗ്രാൻഡ് അവാർഡ് 2011- കുമരകം.

8. നാഷണൽ ടൂറിസം അവാർഡ് 2008-09-കുമരകം.

9. നാഷണൽ ടൂറിസം അവാർഡ് 2007-08- കേരള ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ.

## വ്യാവസായിക ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ വിപണി

19 (*349) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാരമേഖലയിൽ നൂറ് ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്ത് ആ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വ്യാവസായിക ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ വിപണി നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തന പുരോഗതിയെക്കുറിച്ച് അറിയിക്കാമോ;

(സി) വിപണി നേടിയെടുക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതോടൊപ്പംതന്നെ ദീർഘകാലാടിസ്ഥാനത്തിൽ ചെറുകിട വ്യാപാര മേഖലയിലെ ഓൺലൈൻ വ്യാപാരം കുത്തകകൾ കയ്യടക്കാനിടയുള്ള സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ചെറുകിട വ്യാപാരമേഖലയിൽ നൂറ് ശതമാനം വിദേശ നിക്ഷേപം അനുവദിക്കുന്നതിനുള്ള ആർ.സി.ഇ.പി. കരാറിൽ ഇന്ത്യ ഒപ്പ് വച്ചാൽ രാജ്യത്തിന്റെ കാർഷിക, ക്ഷീര, മത്സ്യബന്ധന, വാണിജ്യ മേഖലകളിൽ കടുത്ത പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന ആശങ്ക രാജ്യത്താകമാനം ഉയർന്നുവരികയുണ്ടായി. ചൈന ഉൾപ്പെടെയുള്ള അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ് (ASEAN) രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങൾ ഇന്ത്യൻ മാർക്കറ്റിൽ എത്തുമ്പോൾ അത് സൂക്ഷ്മ ചെറുകിട ഉല്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കും. കൂടാതെ ഭക്ഷ്യ ഉല്പാദന വ്യവസായ മേഖല, സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി എന്നിവയിൽ നിന്നുള്ള വരുമാനം വളരെയധികം താഴെ പോകുകയും ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉടലെടുക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ കരാറിനെതിരെ അഭിപ്രായ രൂപീകരണത്തിന് കൃഷി വകുപ്പ് മുൻകൈയെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം,

വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടി 28-10-2019-ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിലും 'ആർ.സി.ഇ.പി. കരാറും കേരളവും' എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തു.

ഇന്ത്യയ്ക്ക് അനുകൂലമല്ലാത്ത വ്യവസ്ഥകൾ അംഗീകരിക്കരുത് എന്നും രാജ്യത്തെ സാധാരണ ജനങ്ങളുടെ മേൽ അധികഭാരം ഏൽപ്പിക്കുന്ന ഈ കരാർ ഒപ്പ് വയ്ക്കാനുള്ള ആലോചനകളിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറണ മെന്നുമഭ്യർത്ഥിച്ചുകൊണ്ട് ഈ സമ്മേളനം ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയുണ്ടായിട്ടുണ്ട്.

(ബി) വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി G.O.(Rt) No:1329/2018/ID തീയതി 3-12-2018 പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ വിപണി നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

- ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ട്രേഡ് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

- കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ, അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

- ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

- കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

- മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുക.

- വാണിജ്യ സേവന മേഖലയുടെ വളർച്ചക്കായി ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുക.

(സി) കേരളത്തിലെ സൂക്ഷമ ചെറുകിട വ്യവസായ സംരംഭകർക്ക് വാണിജ്യ/വിപണനങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി എസ്.എം.ഇ. പോർട്ടൽ (www.keralasme.org/www.keralasme.com//www.keralasme.kerala.gov.in) കെ-ബിപ്പ് മുഖേന രൂപീകരിച്ചു. ഈ വെബ്ബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്താൻ സാധിക്കും.

എസ്.എം.ഇ പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ/ ബയർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്.എം.ഇ. പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കാൻ സാധിക്കും.

## കെ.എസ്.ഇ.ബി.എൽ. കിഫ്ബിയിൽനിന്നും എടുക്കുന്ന വായ്പ

20 (*350) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും കെ.എസ്.ഇ.ബി.എൽ. പതിനായിരം കോടി രൂപ കടം എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കുവാനാണ് ഇത്ര വലിയ സംഖ്യ കടമെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. എന്തെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; പ്രസ്തുത കരാറിലെ കക്ഷികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കരാർ അനുസരിച്ച് കെ.എസ്.ഇ.ബി.എൽ. കടമായി എടുക്കുന്ന തുക എത്ര കാലം കൊണ്ടാണ് തിരിച്ചടയ്ക്കേണ്ടതെന്ന് അറിയിക്കുമോ; ആയതിന്റെ പലിശ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ;

(ഡി) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ-ന്റെ ചട്ടങ്ങളാണോ അതോ കരാർ പ്രകാരമുള്ള സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ ചട്ടങ്ങൾ/ഉത്തരവുകൾ ആണോ ബാധകം എന്ന് വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 6,375 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ധനസഹായമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് KIIFB-യോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 5.200 കോടി രൂപയുടെ പ്രവൃത്തികളാണ് KIIFB അംഗീകരിച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ മൂന്ന് 400 കെ.വി. സബ്സ്റ്റേഷന്റെയും ഇരുപത്തിമൂന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 4390 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെ നിർമ്മാണവും ഈ ഘട്ടങ്ങളിൽ പൂർത്തീകരിക്കും. പൂർത്തിയാക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷനുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കെ.എസ്.ഇ.ബി.ലിമിറ്റഡും കേരള സർക്കാരും KIIFB യുമാണ് പ്രസ്തുത കരാറിലെ കക്ഷികൾ.

(സി) കടമായി എടുക്കുന്ന തുകയുടെ തിരിച്ചടവ് കാലാവധി, പലിശനിരക്ക് മുതലായവ സംബന്ധിച്ച് വായ്പയുടെ 40% തുക ചെലവഴിക്കുന്നതിന് മുമ്പായി തിരിച്ചടവ് കരാർ വയ്ക്കേണ്ടതുണ്ട് എന്നാണ് ത്രികക്ഷിക്കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. തിരിച്ചടവ് കാരാർ രൂപപ്പെടുത്തിവരുന്നതേയുള്ളൂ. പ്രസ്തുത കരാർ നടപ്പാക്കുന്ന മുറയ്ക്ക് മാത്രമേ തിരിച്ചടവ് കാലാവധി, പലിശനിരക്ക് മുതലായവയിൽ തീരുമാനമാവുകയുള്ളൂ.

(ഡി) KIIFB വഴി നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള ചട്ടങ്ങളും സംസ്ഥാന/കേന്ദ്ര സർക്കാരുകൾ നിർദ്ദേശിക്കുന്നവയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കേന്ദ്ര വൈദ്യുതി നിയമം 2003 ചട്ടം കെ.എസ്.ഇ.ബി.എൽ.-ന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വകുപ്പ് 55 എന്നിവ പ്രകാരം സർക്കാർ KSEBL-ന് ബാധകമാക്കുന്ന ചട്ടങ്ങളും ഉത്തരവുകളുമാണ് ബാധകമാവുക.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാലിന്യത്തിൽനിന്ന് വൈദ്യുതി ഉല്പാദനം

21 (*351) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദനം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് എവിടെയെല്ലാം പദ്ധതികൾ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്വകാര്യ ഏജൻസികളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) മാലിന്യത്തിൽനിന്ന് വൈദ്യുതി ഉല്പാദനം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡ് നേരിട്ട് പദ്ധതികൾ നടപ്പാക്കുന്നില്ല. എന്നാൽ, ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ KSIDC മുഖേന സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇവ ഉൾപ്പെടെ കേരളത്തിൽ സ്ഥാപിക്കുന്ന സമാന പ്ലാന്റുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വാങ്ങുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

(ബി) പ്ലാന്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ഏജൻസികൾ (കൺസഷനേറുകൾ) ഇപ്രകാരമാണ്.

(1) ഞെളിയൻ പറമ്പ്, കോഴിക്കോട് - ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ നോഡൽ ഏജൻസിയായ KSIDC തെരഞ്ഞെടുത്ത സ്വകാര്യ ഏജൻസി, മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡുമായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 4-9-2019-ൽ കൺസെഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(2) ബ്രഹ്മപുരം, കൊച്ചി - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ബ്രഹ്മപുരത്ത് ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സംസ്കരണപ്ലാന്റ് നിർമ്മാണത്തിന് ജി.ജെ. എക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 17-2-2016-ൽ കൊച്ചി കോർപ്പറേഷൻ കൺസെഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(3) സുൽത്താൻ ബത്തേരി, വയനാട് - ഇവിടെ സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനവും 30-12-2016-ൽ കൺസെഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## കിഫ്ബിവഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

22 (*352) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ പാക്കേജുകളുടെ നടത്തിപ്പിനായി കിഫ്ബി ഏർപ്പെട്ട ത്രികക്ഷി കരാറിലെ നിബന്ധനകൾക്ക് വിപരീതമായി എസ്റ്റിമേറ്റ് തുകയുടെ അൻപതു മുതൽ അറുപതു ശതമാനം അധിക തുകയ്ക്ക് സ്വകാര്യ കമ്പനികൾക്ക് കോലത്തുനാട്, കോട്ടയം ലൈൻസ് കരാറുകൾ നൽകിയത് കിഫ്ബി അംഗീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിയമപരമായി ഉണ്ടാക്കിയിട്ടുള്ള ഈ ത്രികക്ഷി കരാർ പാലിക്കാനുള്ള കടമ കിഫ്ബിക്കുണ്ടോ;

(സി) പ്രസ്തുത ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികളിൽ ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം എന്തൊക്കെ കടമകളാണ് കിഫ്ബിയിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ശ്രീ. ടി. എം. തോമസ് ഐസക്):

(എ) കിഫ്ബി പദ്ധതികൾക്കായി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബി.എൽ. കിഫ്ബി അംഗീകരിച്ച പ്രവൃത്തികൾക്ക് കേരള സർക്കാർ/കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായ മത്സരാധിഷ്ഠിതമായ ടെൻഡർ നടപടിക്രമങ്ങളിലൂടെ കരാറുകാരെ തെരഞ്ഞെടുക്കേണ്ടതാണ്. 24-2-2018-ലെ സ.ഉ.(കൈ) നമ്പർ 69/2018/ധന പ്രകാരം ഇറക്കിയിട്ടുള്ള കിഫ്ബി മാനദണ്ഡങ്ങളിലെ ഖണ്ഡിക 7.2.1 പ്രകാരം ടെൻഡർ അംഗീകരിക്കേണ്ട ചുമതല കെ.എസ്.ഇ.ബി.എൽ.-ൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ കിഫ്ബി മാനദണ്ഡം 7.2 പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസികൾ അംഗീകരിച്ച കരാർ തുക കിഫ്ബിയും അംഗീകരിക്കുന്നു.

(ബി&സി) ധനകാര്യ (ഇൻഫ്രാ) വകുപ്പ് 22-6-2017-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് G.O. (Ms) No. 306/2017/Fin പ്രകാരം, കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക്, പദ്ധതി നിർവ്വഹണ ഏജൻസിയും (SPV), ഭരണ വകുപ്പും കിഫ്ബിയും സംയുക്തമായി ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതുണ്ട്

എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നിർവഹണ ഏജൻസി ആയ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ഭരണ വകുപ്പായ ഊർജ വകുപ്പും കിഫ്ബിയും ചേർന്ന് 17-7-2017-ൽ, ത്രികക്ഷി കരാറിൽ (നമ്പർ: 05/17) ഒപ്പ് വെച്ചിട്ടുണ്ട്. നിയമപരമായി ഉണ്ടാക്കിയിട്ടുള്ള ഈ ത്രികക്ഷി കരാർ പാലിക്കാനുള്ള കടമ മൂന്ന് ഏജൻസികളിലും ഒരുപോലെ നിക്ഷിപ്തമാണ്. ടി കരാറിലെ വ്യവസ്ഥകൾ പ്രകാരം കിഫ്ബിയിൽ നിക്ഷിപ്തമായിരിക്കുന്ന കടമകൾ ചുവടെ ചേർക്കുന്നു:

1. ത്രികക്ഷി കരാറിന്റെ ഷെഡ്യൂൾ രണ്ടിൽ പ്രതിപാദിക്കുന്ന പദ്ധതികൾ ഏതെങ്കിലും വരുമാനദായകമായവ ആണെങ്കിൽ ആയതിന്റെ 40% തുക റിലീസ് ചെയ്യുന്നതിനുമുമ്പായി തിരിച്ചടവ് കരാറിൽ ഒന്നാം കക്ഷിയായ പദ്ധതി നിർവ്വഹണ ഏജൻസിയുമായി ഏർപ്പെടേണ്ടതാണ്.

2. ത്രികക്ഷി കരാറിന്റെ 5-ാം ഉപവകുപ്പ് പ്രകാരം കോൺട്രാക്ടർമാർ സമർപ്പിക്കുന്ന ബില്ലുകൾ, പദ്ധതി നിർവ്വഹണ ഏജൻസി പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം കിഫ്ബിയുടെ ഓൺലൈൻ സംവിധാനം വഴി കിഫ്ബിയുടെ വിശദമായ പരിശോധനയ്ക്കായി സമർപ്പിക്കുന്നു. ആയത് പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയുടെ അനുമതിയുടെ അടിസ്ഥാനത്തിൽ, കോൺട്രാക്ടർമാരുടെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കിഫ്ബി നേരിട്ട് തുക കൈമാറുന്നു.

3. ത്രികക്ഷി കരാറിന്റെ 8-ാം ഉപവകുപ്പ് പ്രകാരം ഒന്നാം കക്ഷിക്ക് പദ്ധതി നിർവഹണവും പൂർത്തീകരണവുമായി ബന്ധപ്പെട്ട് പദ്ധതി രേഖകൾ സമർപ്പിക്കുന്നതിന് ഉതകുന്നതായ ഓൺ ലൈൻ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയറിന്റെ പ്ലാറ്റ്ഫോം ലഭ്യമാക്കേണ്ടത് കിഫ്ബിയുടെ ചുമതലയാണ്.

അനുമതി നൽകിയതിൽ കൂടുതൽ തുക അനുവദിക്കേണ്ട അവസരങ്ങളിൽ, വകുപ്പിന്റെ അനുമതിയോടുകൂടി, പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തെ വീഴ്ചയല്ല ചെലവ് വർദ്ധനയ്ക്ക് കാരണം എന്ന് ഉറപ്പു വരുത്തിയതിനുശേഷം അനുമതി നൽകുന്നതാണ്.

4. പദ്ധതികളുടെ നടത്തിപ്പിന്റെ പൂർണ ഉത്തരവാദിത്തം അതാത് പദ്ധതി നിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. എന്നാൽ, ത്രികക്ഷി കരാറിന്റെ 11-ാം ഉപവകുപ്പ് പ്രകാരം പദ്ധതികളുടെ ശരിയായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് വേണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും എല്ലാ തരത്തിലുള്ള രേഖകളും പരിശോധിക്കാൻ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ട്

17 എ വകുപ്പ് പ്രകാരം രൂപീകൃതമായ കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുന്നപക്ഷം ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5. ത്രികക്ഷി കരാറിന്റെ 15-ാം ഉപവകുപ്പ് പ്രകാരം പദ്ധതിയുടെ defect liability period കഴിയുന്നതുവരെ പദ്ധതിയുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള അധികാരം കിഫ്ബിക്കുണ്ടായിരിക്കും.

6. ത്രികക്ഷി കരാറിന്റെ 16-ാം ഉപവകുപ്പ് പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള ക്രമക്കേടുകൾ മുഖാന്തരം ഉണ്ടാകുന്ന നഷ്ടങ്ങൾ ഏജൻസിയ്ക്ക് അവകാശ പെട്ട സെന്റേജ് തുകയിൽനിന്നും ഈടാക്കുന്നതാണ്.

7. ത്രികക്ഷി കരാറിന്റെ വ്യവസ്ഥകൾക്ക് എതിരായി അത്തരത്തിൽ ഉള്ള ക്രമക്കേടുകൾ പദ്ധതി നിർവഹണ ഏജൻസി വരുത്തുകയാണെങ്കിൽ പ്രസ്തുത ത്രികക്ഷി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരവും ത്രികക്ഷി കരാറിന്റെ ഉപവകുപ്പ് 17 ബി പ്രകാരം കിഫ്ബിക്കുണ്ട്.

## ഇ-വേ ബിൽ സ്ക്വാഡുകളുടെ പ്രവർത്തനവ്യാപനം

23 (*353) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തേക്ക് കടന്നുവരുന്ന അന്തർ സംസ്ഥാന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കാര്യക്ഷമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് നികുതി വളർച്ചയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇ-വേ ബിൽ പരിശോധനയ്ക്കായി രൂപീകരിച്ച വാഹന പരിശോധനാ സ്ക്വാഡുകളുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിനകത്തേയ്ക്ക് കടന്നുവരുന്ന അന്തർസംസ്ഥാന ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. 2018-19 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 75,75,877 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ

18,53,640 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കുനീക്കം സംബന്ധിച്ചുള്ളതാണ്. എന്നാൽ 2019-20 ലെ ഇതേ കാലയളവിൽ 93,35,852 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 19,06,046 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കു നീക്കം സംബന്ധിച്ചുള്ളതാണ്.

(ബി) ഉണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാൽ കൂടുതൽ ചരക്കുകളും മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതാണ്. ഇപ്രകാരം കൊണ്ടുവരുന്ന ചരക്കുകളിന്മേൽ ചുമത്തിയിട്ടുള്ള IGST ക്രെഡിറ്റ് സർക്കാരിന് ലഭ്യമാകണമെങ്കിൽ പ്രസ്തുത ചരക്ക് നീക്കങ്ങളുടെ വിവരങ്ങൾ കണക്കിൽ ഉൾപ്പെടുത്തേണ്ടതും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ യൂട്ടിലൈസ് ചെയ്യേണ്ടതുമാണ്. ഏപ്രിൽ 2018 മുതൽ ഒക്ടോബർ 2018 വരെ 5,991.56 കോടി രൂപയുടെ IGST ക്രെഡിറ്റ് SGST പേമെന്റിലേയ്ക്കായി യൂട്ടിലൈസ് ചെയ്തു. എന്നാൽ 2019 ഏപ്രിൽ മുതൽ ഒക്ടോബർ വരെ ഇതേ കാലയളവിൽ 6370. 81 കോടി രൂപയുടെ IGST ക്രെഡിറ്റ് SGST പേമെന്റിലേയ്ക്കായി യൂട്ടിലൈസ് ചെയ്തു. ഇത് സംസ്ഥാനത്തിന്റെ നികുതി വളർച്ചയിലുള്ള പുരോഗതി സൂചിപ്പിക്കുന്നു.

(സി) രാജ്യത്ത് ജി.എസ്.ടി. നിലവിൽ വന്നശേഷം സംസ്ഥാന അതിർത്തികളിൽ നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായതിനെ തുടർന്ന് അതിർത്തി കടന്നുവരുന്ന ചരക്ക് വാഹനങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർവെയ്‌ലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. അന്തർ സംസ്ഥാന ചരക്ക് നീക്കങ്ങളോടൊപ്പം സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങളും നിരീക്ഷണ വിധേയമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇന്റലിജൻസ് സ്ക്വാഡുകൾ ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്നതിൽ കർശന പരിശോധന നടത്തിവരുന്നു.

ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനംവഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾ അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

## ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെയുള്ള വൈദ്യുതോല്പാദനം

24 (*354) ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. സ്വരാജ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള സ്ഥലങ്ങൾ സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചെറുകിട വൈദ്യുതോല്പാദന രംഗത്തേയ്ക്ക് സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ചെറുകിട ജലവൈദ്യുത ഉല്പാദന മേഖല വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :-

(എ) ഉണ്ട്. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതി നായി ആകെ 93.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

നിർമ്മാണം നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (MW) | വാർഷിക ഊർജ്ജോല്പാദനം Mu | പ്രവർത്തന പുരോഗതി % | പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ഭൂതത്താൻ കെട്ട് | 24 | 83.5 | 93 | 8/2020 |
| 2 | പൊരിങ്ങൽക്കുത്ത് | 24 | 45.02 | 85.81 | 6/2020 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | അപ്പർ കല്ലാർ | 2 | 5.14 | 52 | 6/2020 |
| 4 | ചാത്തൻകോട്ടു നട - II | 6 | 14.76 | 59.36 | 3/2021 |
| 5 | പഴശ്ശിസാഗർ | 7.5 | 25.16 | 10.41 | 6/2021 |
| 6 | ചിന്നാർ | 24 | 76.45 | 21.5 | 5/2022 |
| 7 | പെരുവണ്ണാമൂഴി | 6 | 24.7 | 11.64 | 5/2021 |
| | ആകെ | 93.5 | | | |

7.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ആനക്കയം ചെറുകിട ജലവൈദ്യുതപദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 71.5 മെഗാവാട്ട് ശേഷിയുള്ള 10 ചെറുകിട ജലവൈദ്യുതപദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്.

പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (MW) | വാർഷിക ഊർജ്ജോല്പാദനം (Mu) |
|---|---|---|---|
| 1 | അപ്പർ ചെങ്കുളം | 24 | 53.2 |
| 2 | ലാഡ്രും | 3.5 | 12.13 |
| 3 | ഒലിക്കൽ | 5 | 10.26 |
| 4 | പൂവാരംതോട് | 3 | 5.88 |
| 5 | മാർമല | 7 | 23.02 |
| 6 | ചെമ്പുക്കടവ്- III | 7.5 | 17.75 |
| 7 | പീച്ചാട് | 3 | 7.74 |
| 8 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 9 | മരിപ്പുഴ | 6 | 14.84 |
| 10 | വളാംതോട് | 7.5 | 15.291 |
| | ആകെ | 71.5 MW | |

(ബി) ഉണ്ട്. വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യത വിവരണ പട്ടിക ക്രോഡീകരിച്ച് റിപ്പോർട്ട് ആക്കുന്ന പ്രവർത്തനം ഇ.എം.സി. നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരമനയാർ, വാമനപുരം എന്നീ നദികളും കൊല്ലം ജില്ലയിലെ ഇത്തിക്കര, കല്ലട എന്നീ നദികളിലും ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പഠനം കെ.എസ്.ഇ.ബി.എൽ.-ന്റെ Dam safety and DRIP consultancy വിഭാഗം മുഖേന നടത്തിക്കഴിഞ്ഞു.

കൂടാതെ പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, പമ്പ എന്നീ നദികളുടെ പഠനം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ consultancy വിഭാഗം മുഖേനയാണ് നടത്തുന്നത്. ഇതിൽ അച്ചൻകോവിൽ നദിയുടെ പഠനം അവസാനഘട്ടത്തിലാണ്. പമ്പാ നദിയുടെ പഠനം ഉടൻ ആരംഭിക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം കരമാനയാറിൽ 27 പദ്ധതികളിൽനിന്ന് 2.78 MW ഉം, വാമനപുരം നദിയിലെ 40 പദ്ധതികളിൽനിന്ന് 5.62 MW-ഉം, ഇത്തിക്കര നദിയിലെ 29 പദ്ധതികളിൽനിന്ന് 3.77 MW ഉം കല്ലട നദിയിലെ 15 പദ്ധതികളിൽ നിന്ന് 1.37 MW ഉം ലഭിക്കാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള നദികളിലും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പഠനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്. 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലഘട്ടത്തിൽ 20 പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് BOOT അടിസ്ഥാനത്തിൽ അനുവദിച്ച് നൽകിയിരുന്നു.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 47.4MW വൈദ്യുതി ഉത്പാദിപ്പിക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഉണ്ട്. 2012 ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകുന്നുണ്ട്. ഇതുപ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്തിന് 3 പദ്ധതികളും തൃശ്ശൂർ കോർപ്പറേഷന് 4 പദ്ധതികളും അനുവദിച്ച് നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച നൽകിയ പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

പാലക്കുഴി - 1 MW

ചെമ്പുക്കട്ടി - 6.5 MW

| | |
|---|---|
| കൂടം | - 4.5 MW |

തൃശ്ശൂർ കോർപ്പറേഷന് അനുവദിച്ച നൽകിയ പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആവേർക്കുട്ടി | - 10 MW |
| കണ്ണൻകുഴി | - 10 MW |
| കാഞ്ഞിരക്കൊല്ലി | - 4 MW |
| ഇട്ടിയാനി | - 1.5 MW |

ഇതുകൂടാതെ താല്പര്യപ്പെട്ടുവരുന്ന പഞ്ചായത്തുകൾക്ക് ഇത്തരത്തിലുള്ള പദ്ധതികൾ അനുവദിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

## ഊർജ്ജമേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

25 (*355) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നഗരപ്രദേശങ്ങളിലെ ഊർജ്ജ പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സംയോജിത ഊർജ്ജവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണമേഖലയിലെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനും വൈദ്യുതി ശൃംഖല ശാക്തീകരിക്കുന്നതിനും ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തുവരുന്നതെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്രാവിഷ്കൃതപദ്ധതികളായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതിയോജന (ഡി.ഡി.യു.ജി.ജെ.വൈ). സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്.) എന്നീ പദ്ധതികളാണ് സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ നടപ്പാക്കിവരുന്നത്.

ഇതുകൂടാതെ എല്ലാ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 2017-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സൗഭാഗ്യ.

സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ അനെർട്ട് മുഖേന നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

(1) . ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത(ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്കു നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(2) ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം ആണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമുള്ള പദ്ധതിയാണ്.

(3) പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ് സുരക്ഷാ ഏവം ഉത്താൻ മഹാഭിയാൻ (പി.എം. -കുസും) പദ്ധതി: ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ് ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർപ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി ചെലവിൽ 30% കേന്ദ്ര സർക്കാരും, 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

(ബി) സംയോജിത ഊർജ്ജ വികസനപദ്ധതിയിൽ (ഐ. പി. ഡി. എസ്.) താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് നഗരപ്രദേശങ്ങളിലെ ഊർജ്ജ പ്രസരണവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(1) പുതിയ സബ്സ്റ്റേഷനുകൾ (33/11 കെ.വി. & 66/11 കെ.വി.) -3 എണ്ണം

(2) നിലവിലെ സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ട്രാൻസ്ഫോർമറുകൾ അധികം സ്ഥാപിക്കൽ -1 എണ്ണം

(3) നിലവിലെ സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ - 14 എണ്ണം

(4) നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം -173 എണ്ണം

(5) പുതിയ 33 കെ.വി. ലൈൻ നിർമ്മാണം- 46 കിലോമീറ്റർ

(6) നിലവിലുള്ള 66 കെ.വി. ലൈനുകളുടെ പുനർനിർമ്മാണം-28 കിലോമീറ്റർ

(7) നിലവിലുള്ള സബ്സ്റ്റേഷനിലെ 33 കെ.വി. ബേ വിപുലീകരിക്കൽ - 6 എണ്ണം

(8) 11 കെ.വി. ലൈൻ നിർമ്മാണം -335.00 കിലോമീറ്റർ

(9) 11 കെ.വി. ലൈൻ പുനർനിർമ്മാണം - 195 കിലോമീറ്റർ

(10) ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് എച്ച്.റ്റി.& എൽ.റ്റി. ലൈൻ നിർമ്മാണം - 1162 കി.മീ

(11) 11 കെ.വി. ഭൂഗർഭകേബിൾ സ്ഥാപിക്കൽ - 192.19 കി.മീ

(12) വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ - 829 എണ്ണം

(13) നിലവിലെ വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ -385 എണ്ണം

(14) പുതിയ എൽ.റ്റി. ലൈൻ നിർമ്മാണം 218.015 കിലോമീറ്റർ

(15) നിലവിലുള്ള എൽ.റ്റി. ലൈനുകളുടെ പുനർനിർമ്മാണം - 2416.49 കിലോമീറ്റർ

(16) ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (HVDS) - 107 എണ്ണം

(17) വൈദ്യുതി കണക്ഷൻ കേടായ മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കൽ - 632649 – എണ്ണം

(18) ബൗണ്ടറി മീറ്റർ, ഫീഡർ മീറ്റർ, ഡി.റ്റി.ആർ. മീറ്റർ സ്ഥാപിക്കൽ -3199 എണ്ണം

(19) റൂഫ് ടോപ്പ് സോളാർ പ്രോജക്ട് - 4215 KWP

(20) റിംഗ് മെയിൻ യൂണിറ്റ് സ്ഥാപിക്കൽ- 58 എണ്ണം.

(സി) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജനയിൽ ഉൾപ്പെടുത്തിയുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികൾക്ക് എല്ലാം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. ബി.പി.എൽ. ഭവനങ്ങൾ വൈദ്യുതീകരണം - 98527 എണ്ണം

2. പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം - 2 എണ്ണം

3. നിലവിലുള്ള സബ്സ്റ്റേഷനിലെ (33 കെ.വി) ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ - 7 എണ്ണം

4. വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ - 581 എണ്ണം

5. എൽ.റ്റി. ലൈൻ നിർമ്മാണം - 3368.11 കിലോ മീറ്റർ

6. 11 കെ.വി. ലൈൻ നിർമ്മാണം - 1281.94 കിലോമീറ്റർ

7. 33 കെ.വി. ലൈൻ നിർമ്മാണം - 17.00 കിലോമീറ്റർ

8. കൺസ്യൂമർ മീറ്ററിംഗ് (മീറ്റർ മാറ്റിവയ്ക്കൽ) 1778944 എണ്ണം

9. വിതരണ ട്രാൻസ്ഫോർമർ മീറ്ററിംഗ് - 23655 എണ്ണം.

(ഡി) പദ്ധതി പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും ആവശ്യമായ തീരുമാനങ്ങളും അംഗീകാരങ്ങൾക്കും വേണ്ടി, IPDS-ന് പവർ സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ ഡിസ്ട്രിബ്യൂഷൻ റിഫോംസ് കമ്മിറ്റിയും DDUGJY ക്ക് വേണ്ടി ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയും രൂപീകരിച്ച് പുരോഗതികൾ കൃത്യമായി അവലോകനം ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും അംഗീകാരങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, DDUGJY-ലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും, IPDS-ലെ പ്രവൃത്തികൾ നവംബർ 2019-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുകയും ചെയ്തിരിക്കുന്നു.

**സഹകരണ മേഖലയുടെ പ്രവർത്തന വിപുലീകരണം**

26 (*356) ശ്രീ. എസ്. ശർമ്മ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ സാധ്യതയ്ക്കനുസരിച്ച് വളർത്തിക്കൊണ്ടുവരുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം സുതാര്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനോടൊപ്പം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ;

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ നടത്തുന്ന പദ്ധതികളിൽ സംഘങ്ങൾക്ക് പങ്കാളിത്തം നൽകുക വഴി പ്രസ്തുത പദ്ധതി ജനകീയമാക്കുന്നതിനും സംഘങ്ങൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ)

- കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

- ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്തുമൂലം ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിന് കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇതുവരെ ഈ പദ്ധതിയിൽ 139 കോടി രൂപ വായ്പ നൽകി.

- സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്നത്.

• സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച നടപ്പാക്കിവരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരളപദ്ധതി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. വിവിധ സമയങ്ങളിലായി 152 വീടുകൾ തുടർന്നും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടത്തുന്നത്.

• കെയർ ഹോം പദ്ധതി പ്രകാരം 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താവിന് കൈമാറി. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

• സഹകരണ പരിശീലന-പഠന ഗവേഷണ മേഖല ശക്തിപ്പെടുത്തുന്ന തിനുള്ള നടപടി സ്വീകരിച്ചു. ACSTI സ്വയംഭരണ സ്ഥാപനമാക്കി.

• സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ചു.

• അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

• സഹകരണ മേഖലയിൽ, PAPCOS എന്ന സംഘം രൂപീകരിച്ച് ആധുനിക പ്ലാന്റ് സ്ഥാപിച്ച് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

• സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ സംഘാടനത്തോടെ 'കൃതി അന്താരാഷ്ട്ര പുസ്തക മേള' 2018, 2019 വർഷങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. തുടർവർഷങ്ങളിലും 'കൃതി' സംഘടിപ്പിക്കും.

- സഹകരണ നയം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കി.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

- ഈ സർക്കാർ അധികാരത്തില വന്നതിനുശേഷം സഹകരണ സംഘങ്ങളുടെ/സ്ഥാപനങ്ങളുടെ വികസനത്തിനായി 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ (5.11.2019 വരെ) ആകെ 597.5170 കോടി രൂപ സംസ്ഥാന പദ്ധതി വഴിയും 246.4518 കോടി രൂപ എൻ.സി.ഡി.സി. പദ്ധതിവഴിയും അനുവദിച്ച് നൽകിയിട്ടുണ്ട്.

- സഹകരണ വകുപ്പിനായി നിലവിലുള്ള തുടർ പദ്ധതികൾക്ക് ഉപരിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്ക്കരണ ധനസഹായ പദ്ധതിയും വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘങ്ങൾ മുഖേന മാലിന്യസംസ്കരണം നടത്തുന്നതിനായുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

- കാർഷിക വായ്പയും കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സംയുക്ത പങ്കാളിത്തത്തോടുകൂടിയ ബൃഹത് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

- സംസ്ഥാനത്തെ വിവിധ മേഖലകളിൽ പ്രത്യേകിച്ച് ടൂറിസം മേഖലയിൽ തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘങ്ങൾ മുഖേന മാലിന്യസംസ്ക്കരണം നടത്തുന്നതിനായിട്ടുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

- സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'പുനർജ്ജനി' എന്ന നൂതന പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

- യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു.

- കൺസ്യൂമർഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി.

- ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി.

- ഒരു ജില്ലയിലെ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചു. ഇടുക്കി ജില്ലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം ഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന തങ്കമണി തേയില ഫാക്ടറി ഐ.സി.ഡി.പി ധനസഹായത്തോടെ പ്രവർത്തനം ആരംഭിച്ചു.

- സഹകരണ ഗവേഷണ മേഖല ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയംഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ.)-ന്റെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള നടപടി സ്വീകരിച്ചു.

(ബി) സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഉൾപ്പെടുന്നതായ ബൈലോ ഭേദഗതി, ഇലക്ഷൻ നടപടി ക്രമം, ഫണ്ട് മാനേജ്മെന്റ്, ആഡിറ്റ് എന്നിവ സമയബന്ധിതമായി നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടെ ടി വിഷയങ്ങൾ ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന് സി-ഡിറ്റുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ബൈലോ ഭേദഗതി, രജിസ്ട്രേഷൻ, ഫണ്ട് മാനേജ്മെന്റ് എന്നീ മോഡ്യൂളുകൾ പൂർത്തിയാക്കുകയും മറ്റുള്ളവ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിലേക്കായി സഹകരണ ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേയ്ക്കുള്ള ഊർജ്ജിത നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(സി) സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിനും വകുപ്പിൽ ഇ-ഗവേണൻസ് പ്രാവർത്തികമാക്കുന്നതിനും ആധുനികവത്കരണ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടമായി സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും തുടർന്ന് താലൂക്ക്തല ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സഹകരണ വകുപ്പിന്റെ

ആധുനികവത്ക്കരണത്തിന്റെ ഭാഗമായി സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഇലക്ഷൻ നടപടി ക്രമം, ഫണ്ട് മാനേജ്മെന്റ്, ആഡിറ്റ് എന്നിവ ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന് സി-ഡിറ്റുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ബൈലോ ഭേദഗതി, രജിസ്ട്രേഷൻ, ഫണ്ട് മാനേജ്മെന്റ് എന്നീ മോഡ്യൂളുകൾ പൂർത്തിയാക്കുകയും, മറ്റുള്ളവ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും ആഡിറ്റ് ഡയറക്ടറേറ്റിലും ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി 'എ' പിരിവിന്റെ മറുപടിയിൽ വ്യക്തമാക്കിയ പ്രകാരം വിവിധ തുടർ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതുമാണ്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ/ഏജൻസികൾ നടത്തുന്ന ട്രേഡ്ഫെയർ, പുസ്തകമേള ഉൾപ്പെടെയുള്ള വിവിധങ്ങളായ പദ്ധതികളിൽ കേരളത്തിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിക്കുകയും അതിലൂടെ ടി സംഘങ്ങളുടെ സേവനങ്ങൾ/ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണന സാധ്യത കണ്ടെത്തുന്നതിനും തദ്വാര ടി സംഘങ്ങളുടെ സാമ്പത്തിക ഭദ്രത ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പ് നേതൃത്വം നൽകുന്ന കെയർഹോം, മുറ്റത്തെമുല്ല, സാമൂഹ്യ സുരക്ഷ പെൻഷൻ, കെ.എസ്.ആർ.ടി.സി. പെൻഷൻ തുടങ്ങിയ പദ്ധതികൾ ജനകീയമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## സഹകരണ മേഖലയെ ആധുനികീകരിച്ച് ശാക്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ

27 (*357) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. എം. മുകേഷ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരെയും സ്വയംസഹായ സംഘങ്ങളെയും സംസ്ഥാനത്തെ വാണിജ്യബാങ്കുകൾ അവഗണിക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ആധുനികീകരിച്ച് ഇത്തരത്തിൽപ്പെട്ടവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ടൂറിസം രംഗത്തും കാർഷിക രംഗത്തും സഹകരണ പ്രസ്ഥാനം വഴി സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ബ്ലേഡ് പലിശക്കാരെ ഉന്മൂലനം ചെയ്യാനുള്ള പരിപാടി വിജയം കണ്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഏറ്റവും ദുർബല ജനവിഭാഗങ്ങളുടെ ഉന്നതി ലക്ഷ്യമാക്കി സംസ്ഥാന പട്ടികജാതി-പട്ടികഗോത്ര സഹകരണ ഫെഡറേഷൻ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളുടെയും നമ്മുടെ പ്രവാസി സമൂഹത്തിന്റേയും തനത് നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരത്തിലുള്ള നിക്ഷേപം സമസ്ത മേഖലയുടേയും വികസനത്തിന് ഉപയോഗപ്പെടുന്ന ശക്തമായ സാമ്പത്തിക അടിത്തറ ഉള്ളതും ആധുനിക സേവനങ്ങൾ നൽകാൻ കഴിയുന്നതുമായ ഒരു സംസ്ഥാനതല സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള അനുമതി റിസർവ് ബാങ്കിൽനിന്നും ലഭിച്ചിട്ടുള്ളതും ആയതിനുള്ള നടപടികൾ അവസാനഘട്ടത്തിലുമാണ്. കോർ ബാങ്കിംഗ് ഉൾപ്പെടെയുള്ള എല്ലാ ആധുനിക സേവനങ്ങളും ഇടപാടുകാർക്ക് ഇതിലൂടെ ലഭിക്കും.

(ബി) വില്ലേജ് ടൂറിസം, ഫാം ടൂറിസം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂർഫെഡ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിന് കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു.

സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത്

നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് ഗ്രാന്റ്, ഇൻഷ്വറൻസ് പ്രീമിയം തുക, പ്രോത്സാഹന സഹായം എന്നിവ നൽകിവരുന്നുണ്ട്.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ, PAPCOS എന്ന സഹകരണ സംഘം രൂപീകരിച്ചു. പ്ലാന്റ് സ്ഥാപിച്ച് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കാൻ നടപടികൾ നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ 2016-17, 2017-18, 2018-19 വർഷങ്ങളിലായി സംസ്ഥാന സർക്കാരിന്റെ പട്ടികജാതി വികസന വകുപ്പ്, സഹകരണ വകുപ്പ് എന്നിവയിൽനിന്നും പദ്ധതി ധനസഹായങ്ങളുടെ ഇനത്തിൽ 3,96,92,000 രൂപയുടേയും 2016-17-ൽ കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്നും 1,01,09,000 രൂപയുടെയും 2019-20-ൽ ഫെഡറേഷന്റെ തനതു ഫണ്ടിൽനിന്നും 60 ലക്ഷം രൂപയുടേയും പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി നടപ്പാക്കിയിട്ടുണ്ട്. ആയുർധാര ഉൽപ്പന്നങ്ങൾ, വനമാലിക ബ്രാൻഡ് വനവിഭവ ഉൽപ്പന്നങ്ങൾ, അംഗസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ, ട്രൈഫെഡ് ഉൽപ്പന്നങ്ങൾ മുതലായവയുടെ സംസ്ഥാന/ജില്ലാതല മൊത്ത വിതരണ ഏജൻസികളായി പ്രവർത്തിക്കുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് മുൻഗണന നൽകി താമസ സൗകര്യം ഒരുക്കിക്കൊണ്ട് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്താൽ പണിയുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

## എൽ.ഐ.സി. മാതൃകയിൽ സംസ്ഥാനത്ത് ഇൻഷ്വറൻസ് കമ്പനി

28 (*358) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഇൻഷ്വറൻസ് സ്ഥാപനങ്ങളെ സംബന്ധിച്ചും അവ സംസ്ഥാനത്തുനിന്നും ഇൻഷ്വറൻസ് ഇനത്തിൽ സംഭരിക്കുന്ന തുകയെ സംബന്ധിച്ചും എന്തെങ്കിലും വിവരശേഖരണം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ പ്രവർത്തനങ്ങൾ ആകർഷകമാക്കുന്നതിനും ഇൻഷ്വറൻസ് പരിരക്ഷയും നഷ്ടപരിഹാരവും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ലക്ഷക്കണക്കിന് പോളിസികളിലൂടെ പ്രതിമാസം കോടികൾ സംഭരിക്കുന്ന എൽ.ഐ.സി.-യ്ക്കും ആകർഷകമായ പരസ്യം നൽകി ജനങ്ങളെ കൊള്ളയടിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കുമിടയിൽ സംസ്ഥാനം എൽ.ഐ.സി മാതൃകയിലുള്ള ഇൻഷ്വറൻസ് കമ്പനി രൂപീകരിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ജനങ്ങൾക്ക് സുരക്ഷിതമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം ആലോചനകൾ സർക്കാർ നടത്തുമോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) വിവരശേഖരണം നടത്തിയിട്ടില്ല.

(ബി) വകുപ്പിന്റെ പ്രധാന പദ്ധതിയിൽ ഒന്നായ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ മരണാനന്തര ആനുകൂല്യങ്ങൾ ഇരട്ടിയാക്കി ഈ സർക്കാരിന്റെ കാലയളവിൽ ഉയർത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിനും വകുപ്പിന്റെ ഇൻഷ്വറൻസ് ബിസിനസ്സ് വിപുലപ്പെടുത്തുന്നതിനും മറ്റുമായി ഇൻഷ്വറൻസ് മേഖലയിൽനിന്നും വിദഗ്ദ്ധനായ ഒരാളെ ഇൻഷ്വറൻസ് വകുപ്പിൽ കൺസൾട്ടന്റായി നിയമിക്കുന്ന കാര്യം പരിഗണനയിലാണ്. കൂടാതെ വകുപ്പിന്റെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്ന തരത്തിൽ വകുപ്പിലെ വിശ്വാസ് സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്കരിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു.

(സി) പൊതുജനങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് ഐ.ആർ.ഡി.എ. നിയമപ്രകാരം വകുപ്പിന് പരിമിതികളുണ്ട്. എങ്കിലും ഇതുസംബന്ധിച്ച വിശദമായ പഠനങ്ങൾക്ക് ശേഷം ഐ.ആർ.ഡി.എ.-യുടെ അനുമതിക്ക് വിധേയമായി പൊതുജനങ്ങൾക്കായി ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിക്കായുള്ള ധനസമാഹരണം

29 (*359) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിക്കായി നടക്കുന്ന ധനസമാഹരണ പ്രക്രിയയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പുനർ നിർമ്മാണത്തിന് വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമായതും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതുമായ വായ്പ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) കേരളത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ ബൃഹത് പദ്ധതികൾക്കുള്ള വിഭവസമാഹരണത്തിനായി, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരളത്തിന്റെ പുനർനിർമ്മാണത്തിനായി വിദേശരാജ്യങ്ങളിൽ നിന്ന് ധനസഹായം സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിലപാട് അനുകൂലമാണോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമ്മൻ ബാങ്കായ KfW-ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1,779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ദേശീയ ദുരന്ത പ്രതികരണനിധിയിൽനിന്ന് 2,904.85 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 4,656.59 കോടി രൂപയോളം സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും ഈ വായ്പകൾ അടുത്ത 2 വർഷത്തേയ്ക്ക് കടമെടുപ്പ് പരിധിയുടെ പുറത്തായി നിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ. അടക്കമുള്ള ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അനുകൂല പ്രതികരണം ലഭിക്കുകയുണ്ടായില്ല.

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

30 (*360) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രകൃതി ദുരന്തങ്ങൾ പോലുള്ള അടിയന്തര സാഹചര്യങ്ങളെ നേരിടാൻ യുവജനക്ഷേമ ബോർഡ് യുവാക്കളെ ഉൾപ്പെടുത്തി കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെ മേഖലകൾക്ക് മുൻതൂക്കം നൽകി ബോർഡ് രൂപീകരിച്ച യുവാ ക്ലബ്ബുകളുടെ പ്രവർത്തനം എന്തെല്ലാമാണ്;

(ഡി) മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി എന്തെല്ലാം പരിശീലനങ്ങളാണ് ബോർഡ് സംഘടിപ്പിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന കേരളോത്സവത്തിൽ യുവജനങ്ങളുടെയും യൂത്ത് ക്ലബ്ബുകളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂത്ത് ക്ലബ്ബുകൾക്ക് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല-സംസ്ഥാനതലങ്ങളിൽ അവാർഡ് നൽകുന്നുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേന ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. വൺനെസ് ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ്, യൂത്ത് കേരള എക്സ്പ്രസ്സ് എന്നിവയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ.

(ബി) ഉണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധ സേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യവും മുന്നിൽ കണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾമൂലം അടിയന്തര സാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റി യൂത്ത് ആക്ഷൻ സേനയെ സജ്ജീകരിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവത്ക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

(സി) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച യുവാക്ലബ്ബുകളുടെ നേതൃത്വത്തിൽ, അതത് പ്രദേശങ്ങളിലെ യുവജനങ്ങൾക്കായി കലാകായിക സംസ്കാരിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ മുതലായവ നടത്തിവരുന്നു. ടി യുവാക്ലബ്ബുകൾക്ക് പ്രാദേശികതലത്തിൽ വിവിധ തരത്തിലുള്ള യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തിക സഹായവും യുവജനക്ഷേമ ബോർഡ് നൽകിവരുന്നു.

(ഡി) കേരളത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പി.എസ്.സി. പോലുള്ള മത്സരപരീക്ഷകളിൽ വിജയം കരസ്ഥമാക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലും പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. 14 ജില്ലകളിലെയും തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം നൽകി യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചുവരുന്നത്. പരിശീലന പരിപാടിക്കായി 2018-19 സാമ്പത്തിക വർഷം ആകെ 19,30,000 രൂപ (പത്തൊൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാന ധനകാര്യ കമ്മീഷൻ

1 (T* 4029) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും അവയ്ക്കുള്ള അവാർഡ് തുക നിർണ്ണയിക്കുന്നതിനുമുള്ള ശിപാർശ സമർപ്പിക്കുന്നതിനായി ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ;

(സി) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

(ഡി) അവയിൽ എത്രയെണ്ണം ഇതിനകം നടപ്പിലാക്കി; ശേഷിക്കുന്നവ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെയർമാൻ.

ശ്രീ. എസ്. എം. വിജയാനന്ദ്, മുൻ ചീഫ് സെക്രട്ടറി, കേരളം മെമ്പർമാർ:

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ. വകുപ്പ്

2. ശ്രീ. മനോജ് ജോഷി, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

(സി) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

| | | | |
|---|---|---|---|
| (ഡി) | നടപ്പിലാക്കിയവ | - | 8 |
| | ഭാഗികമായി നടപ്പിലാക്കിയവ | - | 1 |
| | ഭേദഗതിയോടെ നടപ്പിലാക്കിയവ | - | 28 |
| | ഭേദഗതിയോടെ ഭാഗികമായി നടപ്പിലാക്കിയവ | - | 1 |
| | നടപ്പിലാക്കിവരുന്നവ | - | 3 |

വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

## വിഭവ സമാഹരണത്തിന് അനുസൃതമല്ലാതെ പദ്ധതി

2 (4030) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഭവ സമാഹരണത്തിന് അനുസൃതമല്ലാതെ പദ്ധതി വിഭാവനം ചെയ്യുതായുള്ള ആക്ഷേപങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ട് നൽകുന്നതിന് സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) വകുപ്പുകൾ ആവശ്യപ്പെടുന്ന തുക പൂർണ്ണമായും നൽകാൻ കഴിയാത്തതിനാൽ ഫണ്ടിന്റെ വിഹിതം ഓരോ വകുപ്പിനും അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) സംസ്ഥാന വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ആ സാമ്പത്തിക വർഷത്തെ കടമെടുക്കൽ ഉൾപ്പെടെയുള്ള വിഭവ ലഭ്യത എസ്റ്റിമേറ്റ് ചെയ്തതിനുശേഷമാണ് പദ്ധതി അടങ്കൽ തുക തീരുമാനിക്കുന്നത്. ഇതിനുശേഷം ഓരോ വകുപ്പിന്റെയും പദ്ധതി വിഹിതം അംഗീകരിച്ച് ബഡ്ജറ്റിലൂടെ നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ടി വകുപ്പുകൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതിക്കനുസരിച്ചോ പൂർത്തിയായതിനു ശേഷമോ ആണ് അടങ്കൽ തുക അനുവദിച്ച് നൽകുന്നത്. ഈ സമയങ്ങളിൽ വിഭവ ലഭ്യതയ്ക്കനുസരിച്ച് ബില്ലുകൾ പാസ്സാക്കി നൽകാറുണ്ട്. ഫണ്ട് ലഭ്യതയിൽ കുറവ് വരുന്നപക്ഷം വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഈ നിയന്ത്രണങ്ങളിൽ ഇളവ് നൽകി പരമാവധി പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കാറുണ്ട്. ഫണ്ടിന്റെ വിഹിതം ഓരോ വകുപ്പിനും അനുവദിക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

## സാമ്പത്തിക പ്രതിസന്ധി

3 (4031) ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്റെ ഭാഗമായി പദ്ധതിച്ചെലവിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി-പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

## പ്രവൃത്തികളുടെ ഭരണാനുമതി കാരിഓവർ ചെയ്യുന്നതിന് വ്യവസ്ഥ

4 (4032) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കകം നൽകേണ്ടതാണെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് കാരണം മുൻവർഷങ്ങളിലെ ബാക്കി തുക ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം എത്ര നിയോജകമണ്ഡലങ്ങളിലുണ്ടെന്നും ഉപയോഗിക്കാൻ കഴിയാത്ത തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) മുൻവർഷങ്ങളിലെ ബാക്കി തുക കാരിഓവർ ചെയ്ത് നടപ്പുവർഷവും തുടർന്നും പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള അനുവാദം നൽകുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ 12-12-2018-ലെ സ.ഉ.(അ) നമ്പർ 194/2018/ധന ഉത്തരവിലെ ഇനം 2-ൽ 'ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ് എന്ന വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവ് 12-12-2018 മുതലാണ് പ്രാബല്യത്തിലുള്ളത്. ആയതിനാൽ എം.എൽ.എ. എസ്.ഡി.എഫ്.-ൽ നിന്നും നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ച തുകയിൽ മുൻവർഷങ്ങളിലെ ബാക്കി തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. മുൻ വർഷങ്ങളിലെ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് 12-12-2018-നുശേഷം മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

### കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ട് വിനിയോഗം

5 (4033) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ട് വിനിയോഗം കാര്യക്ഷമമാണോ; വ്യക്തമാക്കുമോ;

(ബി) വിവിധ പദ്ധതികൾക്കായി 2016 മുതൽ കേന്ദ്രം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ തുക ലാപ്സാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തെ കേന്ദ്ര പദ്ധതി നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കാര്യക്ഷമമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു.) രൂപീകരിച്ചിട്ടുണ്ട്. ടി യൂണിറ്റ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര സർക്കാരിൽനിന്നും കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്.

കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾപ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ ഫണ്ടും നിരീക്ഷിക്കാൻ കഴിയുന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി 21-02-2017-ൽ സ.ഉ. (പി) നമ്പർ 24/2017/ധന ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഭരണവകുപ്പിനുതന്നെ നേരിട്ട് നിർവ്വഹണ ഏജൻസികൾക്ക് റിലീസ് ചെയ്ത് നൽകാവുന്നതാണ്.

(ബി)ഇല്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചുതീരാത്ത സാഹചര്യമുണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

(ഡി) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിന് വരവ് ചെലവ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ പുറത്തിറക്കിയ 2016-17-ലെ അന്തിമ കണക്ക് അനുബന്ധം-I* ആയും 2017-18-ലെ അന്തിമ കണക്ക് അനുബന്ധം-II* ആയും ചേർത്തിരിക്കുന്നു. 2018-19-ലെ അന്തിമ കണക്ക് അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായിട്ടില്ല.

**ഇരിങ്ങാലക്കുട മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

6 (4034) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാർഷിക ബജറ്റുകളിൽ നിന്നും ഇരിങ്ങാലക്കുട മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ സഹിതം വിശദീകരിക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള സാമ്പത്തിക വർഷത്തെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ കിഫ്ബി, പൊതുമരാമത്ത് എന്നീ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പദ്ധതികൾക്കുള്ള ചെലവ്

7 (4035) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) നീക്കിവച്ച തുക ഏത് പ്രവൃത്തികൾ ഉദ്ദേശിച്ചാണെന്നും ഓരോ പദ്ധതിക്കുമുള്ള ചെലവ് എത്രയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി ആരംഭിച്ച പദ്ധതികൾ, ആരംഭിക്കാൻ ബാക്കിയുള്ള പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ഡി) തുക നീക്കിവച്ചിട്ടും ഏതെങ്കിലും കാരണങ്ങളാൽ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിന്റെ കാരണങ്ങളും ഉപേക്ഷിക്കേണ്ടിവന്ന പദ്ധതികൾ ഏതാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 2016-17, 2017-18, 2018-19 & 2019-20 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതവും ചെലവും (കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിഹിതം ഒഴിച്ച്) സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | സംസ്ഥാന പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2016-17 | 22515 | 16636.01 | 73.89% |
| 2017-18 | 25000 | 21757.68 | 87.03% |
| 2018-19 | 27500 | 22183.62 | 80.67% |
| 2019-20 (11-11-2019 വരെ) | 28960 | 13770.62 | 47.55% |

വകുപ്പുകൾ തിരിച്ചാണ് പദ്ധതികൾ നടപ്പാക്കുന്നതും കണക്കുകൾ സൂക്ഷിക്കുന്നതും. ആയതിനാൽ ജില്ലതിരിച്ചുള്ള ക്രോഡീകരിച്ച കണക്കുകൾ ലഭ്യമല്ല.

## പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാനുള്ള നീക്കം

8 (4036) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ഉണ്ടായ കാലവർഷക്കെടുതികളെ തുടർന്ന് മുൻവർഷത്തെ പ്പോലെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോ; ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ധനകാര്യ വകുപ്പ് മറ്റ് വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ;

(ബി) പദ്ധതി വിഹിതത്തിൽ നാളിതുവരെ എത്ര ശതമാനമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) മുൻ വർഷത്തെപ്പോലെ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വളർച്ചയെ കൂടുതൽ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്നത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മുൻവർഷം പദ്ധതി വിഹിതം വെട്ടിക്കുറച്ചതിന്റെ ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതി വിഹിതത്തിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) 7-11-2019 വരെ 49.28 ശതമാനമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 'എ' പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) മുൻവർഷം പദ്ധതി വിഹിതം വെട്ടിക്കുറച്ചതിന്റെ ആഘാത പഠനം നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിവച്ച തുക

9 (4037) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളുടെ അവസാനം വിവിധ വകുപ്പുകളുടെ ഫണ്ടിൽനിന്നും ട്രഷറി ക്യൂവിലേക്കും ഇ-ലെഡ്ജറിലേക്കും മാറ്റിവച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം മാറ്റിവച്ച തുകയിൽ നിന്ന് എത്ര തുകയാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് അടുത്ത സാമ്പത്തിക വർഷം മാറ്റി നൽകിയതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളുടെ അവസാനം യഥാക്രമം 85.83 കോടി രൂപ, 1351.27 കോടി രൂപ, 1863.76 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരമുള്ള ബില്ലുകളിൽ സർക്കാർ നിഷ്കർഷിച്ചിരുന്ന നടപടിക്രമം പാലിച്ച് ട്രഷറികളിൽ സമർപ്പിച്ച 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബില്ലുകളെല്ലാം പാസ്സാക്കി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകളിൽ നടപ്പു സാമ്പത്തിക വർഷം 5-11-2019 വരെ 1420.17 കോടി രൂപയുടെ ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്.

2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇ-ലെഡ്ജറിലേയ്ക്ക് യഥാക്രമം 834.22 കോടി രൂപ, 749.47 കോടി രൂപ, 994.60 കോടി രൂപ മാറ്റിയിരുന്നു. ടി തുകകളിൽ യഥാക്രമം 412.63 കോടി രൂപ, 244.79 കോടി രൂപ, 393.94 കോടി രൂപ അടുത്ത സാമ്പത്തിക വർഷം മാറി നൽകുന്നതിന് അനുമതി നൽകിയിരുന്നു.

## പ്രളയ പുനർ നിർമ്മാണത്തിന് ലോക ബാങ്ക് ധനസഹായം

10 (4038) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ മഹാപ്രളയത്തിൽ തകർന്ന പ്രദേശങ്ങൾ പുനർ നിർമ്മിക്കുന്നതിനായി ലോക ബാങ്ക് സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഈ ധനസഹായം നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത വായ്പയുടെ പലിശ നിരക്ക് എത്രയാണെന്നും എത്രകാലം കൊണ്ട് അവ തിരിച്ചടക്കണമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ലോക ബാങ്കിൽനിന്നും വായ്പാസഹായം സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. എന്നാൽ, 2018 ആഗസ്റ്റിൽ നേരിടേണ്ടിവന്ന സമാനതകളില്ലാത്ത പ്രളയത്തെത്തുടർന്ന് കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾക്കായി വികസനനയ വായ്പ (Development Policy Loan) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോകബാങ്ക് അറിയിച്ചിരുന്നു. ഇതനുസരിച്ച് കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പ (DPL) സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസനനയ വായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1,779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്.

പ്രസ്തുത തുക, പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് സർക്കാർ അംഗീകരിച്ച് ഉത്തരവായ സമഗ്ര രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme)യിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നി മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ തുടങ്ങിയ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോകബാങ്കിൽനിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779;58 കോടി രൂപ) വികസനനയ വായ്പയുടെ പലിശനിരക്ക് , തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഭാഗം-എ<br>കൺസഷണൽ വായ്പ | ഭാഗം-ബി<br>നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1,133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശനിരക്ക് | 1.25% വാർഷിക പലിശ | LIBOR+ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15-11-2024 മുതൽ 15-5-2049 വരെ 50 അർദ്ധവാർഷിക തവണകൾ | 15-11-2024 മുതൽ 15-11-2043 വരെ 39 അർദ്ധവാർഷിക തവണകൾ |

## സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

11 (4039) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാർക്ക് ആകെ എത്ര തുക നൽകാൻ കുടിശ്ശികയുണ്ട്; വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പരമാവധി എത്ര ദിവസത്തിനം തുക പാസ്സാക്കി നൽകാനാണ് വ്യവസ്ഥയുള്ളത്; നിലവിൽ പരമാവധി എത്ര ദിവസത്തെ വരെ കാലതാമസം തുക നൽകുന്നതിന് ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 31-10-2019-ലെ കണക്കുപ്രകാരം 1-1-2019 മുതൽ 31-10-2019 വരെയുള്ള കാലയളവിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| വകുപ്പ് | EMLI Software പ്രകാരമുള്ള കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 1,009.32 |
| പൊതുമരാമത്ത് (കെട്ടിടം)വകുപ്പ് | 287.71 |
| ജലവിഭവ വകുപ്പ് | 173.14 |

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരുടെ പ്രവൃത്തികളുടെ തുക സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചാണ് തീർപ്പാക്കിവരുന്നത്. ഇപ്രകാരം സമയബന്ധിതമായി കുടിശ്ശിക തീർപ്പാക്കുന്നതിനായി സമയക്രമം നിശ്ചയിച്ചാണ് തുക റിലീസ് ചെയ്തുവരുന്നത്. ഇതനുസരിച്ച് 2019 മേയ് വരെയുള്ള ബില്ലുകൾ തീർപ്പാക്കുന്നതിനായി സമയക്രമം ഇതിനകം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ജനുവരി 2019 | 20-11-2019 |
| ഫെബ്രുവരി, മാർച്ച് 2019 | 22-1-2020 |
| ഏപ്രിൽ 2019 | 21-4-2020 |
| മേയ് 2019 | 19-5-2020 |

## സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത

12 (4040) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 2020 മാർച്ച് 31-ന് എത്രയാവുമെന്നാണ് കണക്കാക്കുന്നത്;

(ബി) അതിന് പ്രതിവർഷം നൽകേണ്ടിവരുന്ന പലിശ ഏകദേശം എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് ഈ ധനകാര്യ വർഷം ഇതേവരെ എന്തു തുക വായ്പയെടുത്തിട്ടുണ്ട്; എന്തു തുക വായ്പയെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഇതിൽ കിഫ്ബി പ്രകാരമുള്ള വായ്പ ഉൾപ്പെടുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 31-3-2020 വരെ സംസ്ഥാനത്തിന്റെ കടബാധ്യത 2,64,459.28 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത പലിശ ചെലവ് 17,201.28 കോടി രൂപയുമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. (2019-20 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം)

(സി) 2019-20 സാമ്പത്തിക വർഷത്തിൽ പൊതുകടയിനത്തിൽ എടുക്കാനുദ്ദേശിച്ച വായ്പ (തനി) 23,235.73 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ (31-8-2019 വരെ) 11,596.26 കോടി രൂപയാണ് പൊതുകടയിനത്തിൽ വായ്പയായി (തനി) എടുത്തിട്ടുള്ളത്.

(ഡി) കിഫ്ബി കടമെടുക്കുന്ന തുക സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ വരുന്നില്ല.

## റവന്യൂ വരുമാനം

13 (4041) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരുമാനമെത്രയാണ്; ഇതുവരെ അതിലെത്ര വരുമാനം ലഭിച്ചു; വ്യക്തമാക്കുമോ;

(ബി) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയാണ്; അതിൽ ലഭ്യമായത് എത്രയാണ്;

(സി) റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കുമോ?

### ഉത്തരം

(എ) 2019-2020 സാമ്പത്തിക വർഷം സംസ്ഥാന തനത് നികുതി വരുമാനമായി 65,784.60 കോടി രൂപ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നു. ഇതിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2019 സെപ്റ്റംബർ മാസംവരെ 24,165.3 കോടി രൂപ ലഭിച്ചു.

(ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ പ്രതീക്ഷിച്ച റവന്യൂ വരുമാനവും ലഭ്യമായ തുകയും ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | പ്രതീക്ഷിച്ച റവന്യൂ വരുമാനം | ലഭിച്ച റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|---|
| 2016-17 | 84,616.85 | 75,611.72 |
| 2017-18 | 93,584.74 | 83,020.14 |
| 2018-19 | 1,02,801.24 | *91,622.94 |
| *അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം | | |

(സി) അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെത്തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ധനസഹായമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും റവന്യൂ വരുമാനത്തിൽ കുറവ് വരാൻ കാരണമായി.

## ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാനത്തുണ്ടായ നികുതിച്ചോർച്ച

14 (4042) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയ 2017 ജൂലായ് മുതൽ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നികുതി ചോർച്ച എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ; ഏതൊക്കെ മേഖലകളിൽ നിന്നുമാണ് ഇത്തരത്തിലുള്ള നികുതി ചോർച്ച സംഭവിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് പരിഹരിക്കുവാൻ ധനകാര്യ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2019-20 നടപ്പുവർഷം ഒക്ടോബർ 31 വരെ സംസ്ഥാനത്ത് ജി.എസ്.ടി, ജി.എസ്.ടി ഇതര നികുതികളിൽ നിന്ന് ആകെ കിട്ടിയത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ എത്ര കോടി നേടിയെടുക്കാനാണ് ധന വകുപ്പ് ലക്ഷ്യമിട്ടതെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അതിർത്തി ചെക്ക്പോസ്റ്റുകൾ നിർത്തലാക്കി. തന്മൂലമുണ്ടായ നികുതിച്ചോർച്ച തടയുന്നതിലേയ്ക്കായി പ്രധാന അതിർത്തി റോഡുകൾ കേന്ദ്രീകരിച്ച് ഇന്റലിജന്റ്സ് സർവ്വൈലൻസ് സ്ക്വാഡുകളെ വിന്യസിപ്പിച്ചു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾ പരിശോധനാ വിധേയമാക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ വിന്യസിച്ചു. ചരക്ക് വാഹനങ്ങളിൽ നിയമാനുസൃത രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തി അവ കണക്കിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് ഒരു പരിധി വരെ നികുതി ചോർച്ച തടയുന്നതിനുള്ള നടപടി സ്വീകരിച്ചു. വ്യാപാരികൾ സ്വയം നികുതിനിർണ്ണയം നടത്തി സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി ശരിയായ രീതിയിലാണോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിരിക്കുന്നതെന്നും ഇ-വേ ബില്ലിൽ കാണിച്ചിരിക്കുന്ന തുകകൾ റിട്ടേണുകളിൽ പ്രതിഫലിച്ചിട്ടുണ്ടോയെന്നും പരിശോധനാ വിധേയമാക്കി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബിൽ ചോദിച്ചുവാങ്ങുന്ന പ്രവണത വളർത്തിയെടുക്കുന്നതിനു വേണ്ടി പത്രമാധ്യമങ്ങൾവഴി ബോധവൽക്കരണം നടത്തി നികുതിച്ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ കട പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയ നികുതി നടപടികളും നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന

നടത്തി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തവരുടെയും തെറ്റായ റിട്ടേൺ ഫയൽ ചെയ്തവരേയും പരിശോധനാ വിധേയമാക്കി റിട്ടേൺ ഫയൽ ചെയ്യിപ്പിച്ചതിലൂടെ 324.84 കോടി രൂപ ലഭിക്കുകയും ചെയ്തു. നികുതി നിർണ്ണയം നടത്തി 1,503.94 കോടി രൂപ ഡിമാന്റ് സൃഷ്ടിക്കുകയുമുണ്ടായി. കൂടാതെ കടപരിശോധനവഴി 3.01 കോടി രൂപയുടെ നികുതി വെട്ടിപ്പുകളും ടെസ്റ്റ് പർച്ചേസിലൂടെ 0.56 കോടി രൂപയും 30-9-2019 വരെ ഈടാക്കിയിട്ടുണ്ട്. 1.50 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ 50 ശതമാനവും അതിന് താഴെ വിറ്റുവരവുള്ള വ്യാപാരികളുടെ പത്തിലൊന്ന് ഫയലുകൾ വീതവും കേന്ദ്ര ജി.എസ്.ടി. വകുപ്പാണ് ഭരണ നിർവ്വഹണം നടത്തുന്നത്.

(ബി) ഇത് പരിഹരിക്കാൻ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. സ്വീകരിച്ച നടപടികൾ താഴെ സൂചിപ്പിക്കുന്നവയാണ്.

1. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതിച്ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനത്തിൽ ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കുവാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. നികുതിച്ചോർച്ച, നികുതി വെട്ടിപ്പ്, അനർഹമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എന്നിവ കൂടുതൽ ശാസ്ത്രീയമായി കണ്ടെത്തി നികുതി നടപടികൾ കൂടുതൽ ലക്ഷ്യബോധത്തോടെ നിർവ്വഹിക്കാൻ ഉതകുന്നതിലേയ്ക്കായി വകുപ്പ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (IIITMK) യുമായി ഡാറ്റാ അനലറ്റിക്സ് ധാരണാപത്രത്തിൽ ഒപ്പിട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം സെപ്റ്റംബർ വരെയുള്ള ചരക്ക് സേവന നികുതി വരുമാനം (ജി.എസ്.ടി.) 10,142.43 കോടി രൂപയും ജി.എസ്.ടി. ഇതര വരുമാനം 24,165.30 കോടി രൂപയുമാണ്. 2019-20 സാമ്പത്തിക വർഷം ജി.എസ്.ടി. ഇനത്തിൽ 29,010.62 കോടി രൂപയും ജി.എസ്.ടി. ഇതര ഇനത്തിൽ 36,773.98 കോടി രൂപയുമാണ് ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നത്.

## സംസ്ഥാനത്തെ നികുതി വളർച്ച

15 (4043) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതിയുടെ വളർച്ച സംബന്ധിച്ച് സർക്കാർ തലത്തിലോ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) 1980 മുതൽ നികുതി സംവിധാനത്തിൽ ഉണ്ടായ കാതലായ മാറ്റങ്ങൾ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(സി) എങ്കിൽ 2000 മുതൽ മോട്ടോർ വാഹന നികുതി, പെട്രോളിയം നികുതി, സ്വർണ്ണ വിൽപ്പനയിൻ മേലുള്ള നികുതി, ലോട്ടറി നികുതി, മദ്യ നികുതി എന്നിവയിൽ ഉണ്ടായ വളർച്ച സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) ഇത്തരം നികുതികൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് എന്തെല്ലാം പരിമിതികളാണുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) 2015-16-ൽ 12 ശതമാനം വളർച്ചയും 2016-17-ൽ 9 ശതമാനം വളർച്ചയും 2017-18-ൽ 13 ശതമാനം വളർച്ചയും 2018-19-ൽ 14 ശതമാനം വളർച്ചയും നികുതി വരുമാനത്തിൽ കൈവരിച്ചു. സംസ്ഥാനത്തെ നികുതിയുടെ വളർച്ച സംബന്ധിച്ച് വകുപ്പുതലത്തിൽ വിവരശേഖരണം നടത്തി പ്രതിമാസാവലോകനം ചെയ്തുവരുന്നുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വരുമാനത്തിലും കേരള സംസ്ഥാനം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നല്ല വളർച്ച കാണിക്കുകയുണ്ടായി. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 1963 മുതൽ കേരള പൊതു വിൽപ്പന നികുതി നിയമ പ്രകാരം സംസ്ഥാനത്തിനകത്തുള്ള ആദ്യ വിൽപ്പന ഘട്ടത്തിൽ മാത്രമായിരുന്നു പ്രധാനമായും നികുതി ഈടാക്കിയിരുന്നത്. ഇതുമൂലം വ്യാപാര സ്ഥാപനങ്ങൾ സഹോദര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് ആദ്യ വിൽപ്പന ഘട്ടത്തിൽ വില കുറച്ച് കാണിക്കുകയും തുടർന്നുള്ള വിൽപ്പനയിൽ യഥാർത്ഥ വില രേഖപ്പെടുത്തുകയും ചെയ്യുന്നതുവഴി സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടാകുമായിരുന്നു. നികുതിക്കുമേൽ നികുതി എന്ന സ്ഥിതിവിശേഷവും നിലവിലുണ്ടായിരുന്നു. ഈ പ്രവണത ഒഴിവാക്കുന്നതിനായി 2005 മുതൽ മൂല്യവർദ്ധിത നികുതി നടപ്പിലാക്കി. മൂല്യവർദ്ധിത നികുതി നിയമം അനുസരിച്ച് വിൽപ്പനയുടെ ഓരോ ഘട്ടത്തിലുമുള്ള വില വർദ്ധനവിന് നികുതി ഈടാക്കി. എന്നാൽ സംസ്ഥാനത്തിനകത്തുള്ള വാങ്ങലുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കും. പക്ഷെ മൂല്യവർദ്ധിത നികുതി ഈടാക്കുന്നത് എക്സൈസ് ഡ്യൂട്ടി, സർവ്വീസ് ടാക്സ്, സി.എസ്.ടി. തുടങ്ങിയ പരോക്ഷ നികുതികൾക്ക് മുകളിലാണ്. ഈ നികുതികൾക്ക് മൂല്യവർദ്ധിത നികുതി ഘടനയിൽ ഇൻപുട്ട് ടാക്സ് ആനുകൂല്യം ലഭ്യമാകുന്നില്ല. ഈ നികുതിക്കുമേൽ നികുതി സമ്പ്രദായം സുഗമമായ ബിസിനസിന് പ്രതികൂലമായെന്ന് കണ്ടതിനാൽ 2017 ജൂലൈ മുതൽ ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കി. പ്രസ്തുത നിയമത്തിൽ എക്സൈസ് ഡ്യൂട്ടി, സി.എസ്.ടി., സർവ്വീസ് ടാക്സ് തുടങ്ങിയ വിവിധ നികുതികൾ ലയിച്ചിട്ടുള്ളതിനാൽ നികുതിക്കുമേൽ നികുതി ഒഴിവായി. കൂടാതെ ഇന്ത്യയൊട്ടാകെ ഒരു സാധനത്തിന് ഒരു നികുതിയെന്ന സംവിധാനം വന്നതോടുകൂടി ട്രെയിഡ് ഡൈവർഷൻ ഇല്ലാതായി. കൂടാതെ ഇന്ത്യയിൽ എവിടെനിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കി. ഇത് വ്യവസായ മേഖലകൾക്ക് അനുകൂലമായ സാഹചര്യമുണ്ടാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാകാലങ്ങളിൽ മോട്ടോർ വാഹന വകുപ്പിൽ അനുയോജ്യമായ രീതിയിൽ നികുതി പരിഷ്കരണങ്ങൾ നടത്തിയിട്ടുണ്ട്. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി 15 വർഷത്തേയ്ക്ക് ഒറ്റത്തവണ അടയ്ക്കണമെന്ന വ്യവസ്ഥ 2007 മുതൽ നടപ്പിലാക്കി. തുടർന്ന് 2014 മുതൽ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും 15 വർഷത്തേയ്ക്ക് ഒറ്റത്തവണ നികുതിയടയ്ക്കണമെന്ന വ്യവസ്ഥ നിലവിൽ വന്നു.

പുതിയ ഓട്ടോറിക്ഷകൾ, പഴയ സ്വകാര്യ വാഹനങ്ങൾ 3000kg വരെ GVW ഉള്ള പുതിയതും പഴയതുമായ ചരക്ക് വാഹനങ്ങൾ എന്നിവയുടെ ടാക്സ് 5 വർഷത്തേയ്ക്ക് Lumpsum Tax ആയി മാത്രമാണ് സ്വീകരിക്കുന്നത്. കോൺട്രാക്ട് ക്യാരേജുകളുടെ ടാക്സ് സ്വീകരിക്കുന്നത് അവയുടെ type of seat-ന്റെ അടിസ്ഥാനത്തിലാക്കി മാറ്റി പുനർനിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ camping trailer, caravan, stage carriage മുതലായ വാഹനങ്ങളുടെ ടാക്സ് നിർണ്ണയിക്കുന്നത് അവയുടെ floor area-യുടെ അടിസ്ഥാനത്തിലാക്കി മാറ്റി പരിഷ്കരിച്ചിട്ടുണ്ട്.

1-1-2017-ൽ 10 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 15 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 1-1-2017 മുതൽ ഹരിത നികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും 5 വർഷമോ അതിൽ കൂടുതലോ കാലയളവിലേയ്ക്ക് നികുതി കുടിശ്ശികയുള്ളതുമായ എല്ലാ മോട്ടോർ വാഹനങ്ങളിലൂടെയും നികുതി കുടിശ്ശിക "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" പ്രകാരം അടയ്ക്കുന്നതിന് വാഹനയുടമകൾക്ക് അവസരം നൽകി ക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി 31-12-2019 വരെ ലഭ്യമാണ്.

(സി) 2000 മുതൽ മോട്ടോർ വാഹനങ്ങളുടെ വിറ്റുവരവിന്മേലും പെട്രോളിയം നികുതി, സ്വർണ്ണ വിൽപ്പനയിന്മേലുള്ള നികുതി, ലോട്ടറി നികുതി, മദ്യനികുതി എന്നിവയിലുണ്ടായ വളർച്ച സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | മോട്ടോർ വാഹനങ്ങളിന്മേലുള്ള വിൽപ്പന നികുതി/ ജി.എസ്.ടി. വളർച്ച (തുകയിൽ ) | പെട്രോളിയം നികുതിയിലുണ്ടായ വളർച്ച (തുകയിൽ) | സ്വർണ്ണ നികുതിയിലുണ്ടായ വളർച്ച (തുകയിൽ ) | ലോട്ടറി നികുതിയിലുണ്ടായ വളർച്ച (തുകയിൽ ) | മദ്യ നികുതിയിലുണ്ടായ വളർച്ച (തുകയിൽ ) |
|---|---|---|---|---|---|
| 1999-2000 | 89.07 | 241.34 | - | - | 36.74 |
| 2000-2001 | 72.02 | 159.79 | 2.29 | - | 116.49 |
| 2001-02 | (-)7.15 | (-)66.66 | 5.96 | - | 148.75 |
| 2002-03 | (-)40.64 | 209.07 | 3.74 | 2.89 | 150.68 |
| 2003-04 | 250.02 | 150.25 | 2.22 | 7.20 | 132.50 |
| 2004-05 | 44.21 | 293.09 | 10.83 | (-)8.13 | 33.59 |
| 2005-06 | 68.95 | 110.73 | (-)30.27 | 44.55 | 229.82 |
| 2006-07 | 232.07 | 309.00 | 76.69 | 13.38 | 253.71 |
| 2007-08 | 24.34 | 3.41 | 23.03 | 34.23 | 316.31 |
| 2008-09 | (-)103.53 | 328.72 | 22.58 | 0.36 | 506.16 |
| 2009-10 | 116.56 | 233.19 | 19.53 | 10.83 | 481.13 |
| 2010-11 | 754.74 | 647.32 | 62.36 | (-)58.78 | 790.14 |
| 2011-12 | 281.21 | 558.72 | 76.80 | 20.14 | 965.70 |
| 2012-13 | 464.14 | 418.43 | 91.34 | 26.85 | 650.74 |
| 2013-14 | 117.29 | 630.97 | 77.99 | 17.95 | 438.64 |
| 2014-15 | -99.08 | 434.43 | (-)14.77 | 85.90 | 855.72 |
| 2015-16 | 235.14 | 506.76 | 84.94 | (-)12.10 | 1436.57 |

| | | | | | |
|---|---|---|---|---|---|
| 2016-17 | 55.39 | 776.16 | 87.95 | 6.50 | 449.08 |
| 2017-18 | 163.94 | 566.89 | 83.30 (OPT-യു മായി താരതമ്യം ചെയ്യുമ്പോൾ) | 181.69 | 298.47 |
| 2018-19 | 71.30 | 557.61 | 104.93 (OPT-യുമായി താരതമ്യം ചെയ്യുമ്പോൾ) | 178.12 | 745.58 |

(ഡി) മോട്ടോർ വാഹനം, സ്വർണ്ണം, ലോട്ടറി തുടങ്ങിയവ ഇപ്പോൾ ചരക്ക് സേവന നികുതി നിയമത്തിന്റെ പരിധിയിൽവരുന്ന ചരക്കുകളായതിനാൽ പ്രസ്തുത നികുതികൾ വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കേണ്ടത് ജി.എസ്.ടി. കൗൺസിലാണ്. സംസ്ഥാന സർക്കാരിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധ്യമല്ല. വിദേശ മദ്യത്തിന്റെ നികുതി നിരക്ക് ജി.എസ്.ടി.-ക്ക് പുറത്തായതിനാൽ ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

## വ്യാപാരികൾക്ക് പ്രീ അസസ്സ്മെന്റ് നോട്ടീസ്

16 (4044) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ വാറ്റ് നികുതിയുടെ പേരിൽ സംസ്ഥാനത്തെ വ്യാപാരികൾക്ക് പ്രീ അസസ്സ്മെന്റ് നോട്ടീസ് നൽകുന്നുണ്ടോ;

(ബി) വ്യാപാരികൾക്ക് പ്രീ അസസ്സ്മെന്റ് നോട്ടീസ് നൽകുമ്പോൾ എവിടെയാണ് പൊരുത്തക്കേട് ഉള്ളതെന്ന് വ്യക്തമാക്കാറുണ്ടോ;

(സി) ഇപ്പോൾ നൽകുന്ന നോട്ടീസുകളിൽ കാരണം കാണിച്ചിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് വ്യാപാരി വ്യവസായികൾ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം മുതൽ വ്യാപാരികൾ സ്വയം നികുതിനിർണ്ണയം നടത്തി സമർപ്പിച്ച മൂല്യവർദ്ധിത നികുതി നിയമപ്രകാരമുള്ള റിട്ടേണുകൾ സ്ക്രൂട്ടിണിക്ക് വിധേയമാക്കി അപാകതകൾ കണ്ടെത്തിയ കേസുകളിൽ പ്രീ അസസ്മെന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ട്.

(ബി) വ്യാപാരികൾക്ക് പ്രീ അസസ്മെന്റ് നോട്ടീസ് നൽകുമ്പോൾ പൊരുത്തക്കേടുകൾ എപ്രകാരം കണ്ടെത്തിയെന്ന കാരണം വ്യക്തമാക്കേണ്ടതാണ്.

(സി) ഉണ്ട്. ജനറൽ സ്ക്രൂട്ടിണി മൊഡ്യൂൾ ഉപയോഗിച്ച് നൽകിയ പ്രീ അസസ്മെന്റ് നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള വിറ്റുവരവ് മറച്ചുവയ്ക്കൽ, വാങ്ങൽ മറച്ചുവയ്ക്കൽ തുടങ്ങിയവ എപ്രകാരം എത്തിച്ചേർന്നുവെന്ന കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടില്ലെന്ന് ആക്ഷേപമുണ്ടായിട്ടുണ്ട്. മാത്രമല്ല വ്യാപാരികൾക്ക് അനുവദനീയമായ പല ഇളവുകളും കണക്കിലെടുക്കാതെയാണ് നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

(ഡി) വ്യാപാര സംഘടനകൾ ആക്ഷേപം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ ജനറൽ സ്ക്രൂട്ടിണി മൊഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ക്രൂട്ടിണി മൊഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകളിൽ നിയമ വകുപ്പുമായി ആലോചിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, എ.ജി.-യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്മെന്റ് നടപടികൾ തുടരുന്നതാണ്.

## സാമ്പത്തിക പ്രതിസന്ധിയും വാർഷിക പദ്ധതികളും

17 (4045) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ വെളിച്ചത്തിൽ കഴിഞ്ഞവർഷത്തെ പോലെ വാർഷിക പദ്ധതി അടങ്കൽ വെട്ടിക്കുറയ്ക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക അടങ്കലിൽ എത്ര ശതമാനം കുറവ് വരുത്തിയിരുന്നു; വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ വരുമാനം പ്രതീക്ഷിച്ച തോതിൽ ഉയരാത്തതിനാൽ ഈ വർഷം വളരെ കുറഞ്ഞ ശതമാനം തുക മാത്രമേ വാർഷിക പദ്ധതികളിൽ ചെലവിടാൻ കഴിഞ്ഞുള്ളൂ എന്നത് വസ്തുതയല്ലേ;

(ഡി) സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം വാർഷിക പദ്ധതികളെ ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) അനിവാര്യമല്ലാത്ത പദ്ധതി ചെലവുകൾ ഉപേക്ഷിച്ച് വാർഷിക പദ്ധതി ചെലവ് നിയന്ത്രിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി-പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക അടങ്കലിൽ 20% കുറവ് വരുത്തിയിരുന്നു.

(സി) സർക്കാരിന്റെ പ്രതീക്ഷിത വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷം ഒക്ടോബർ മാസത്തെ 33.84 ശതമാനത്തെ അപേക്ഷിച്ച് ഈ വർഷം ഇതേ കാലയളവിൽ പദ്ധതിച്ചെലവ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) 41.91 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) വാർഷിക പദ്ധതികളെ ബാധിച്ചിട്ടില്ല.

(ഇ) 'എ' പിരിവ് ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**കിഫ്ബി പദ്ധതികൾ**

18 (4046) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) കിഫ്ബിയിലേയ്ക്ക് ഏതു വർഷം വരെയുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത് എന്ന് വിശദമാക്കാമോ;

(സി) പുതിയ പദ്ധതികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; അടുത്ത സാമ്പത്തിക വർഷം പുതുതായി കിഫ്ബി പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ;

(ഡി) നിലവിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. പരിശോധന നടത്തി അംഗീകാരം നൽകുന്നതിന് വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒരു വർഷത്തിനകം പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നാളിതുവരെ 45,618.6 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 2016-17, 2017-18, 2018-19, 2019-20 ബഡ്ജറ്റ് പ്രസംഗങ്ങളിൽ കിഫ്ബി പദ്ധതികളായി പ്രഖ്യാപിച്ചതോ ക്യാബിനറ്റ് അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് കിഫ്ബിയിൽ പരിഗണിക്കാറുള്ളത്.

(സി) കിഫ്ബി വഴി 50,000 കോടി രൂപയുടെ പദ്ധതികൾ പ്രവർത്തന പഥത്തിൽ എത്തിക്കുക എന്നതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നാളിതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലായി ആകെ 50,000 കോടി രൂപയ്ക്ക് മേലുള്ള പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാനായി പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുഘട്ടത്തിൽ വ്യാവസായിക വികസനത്തിനുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 14,275.17 കോടി രൂപ ഉൾപ്പെടെ ആകെ 45,618.6 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നത് കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രഖ്യാപിത തുകയിൽ പദ്ധതികൾ പരിമിതപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സമർപ്പിക്കപ്പെടുന്ന ഡി.പി.ആർ. വിശദമായ അവലോകനം നടത്തി കിഫ്ബിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെങ്കിൽ അംഗീകാരം നൽകാറുണ്ട്. ഡി.പി.ആർ. പൂർണ്ണമല്ലെങ്കിൽ ഇതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് നൽകി പദ്ധതി നടപ്പിലാക്കുന്ന എസ്.പി.വി. മറുപടി നൽകുന്ന മുറയ്ക്ക് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് യോഗങ്ങളിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി നടത്തുന്ന പ്രവൃത്തികൾ

19 (4047) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടത്തുന്ന പ്രവൃത്തികൾ ജില്ലതിരിച്ച് വിശദമാക്കുമോ;

(ബി) ഇതിൽ നാളിതുവരെ എത്ര തുകയുടെ പദ്ധതികളാണ് പൂർത്തിയായതെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു*. ഇതിൽ 45,618.60 കോടി രൂപയുടെ 591 പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകി. 14,178.50 കോടി രൂപയ്ക്ക് അംഗീകാരം നൽകിയ 304 പ്രവൃത്തികൾ (കരാർ തുക 10,553.70 കോടി രൂപ) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 16,370.03 കോടി രൂപയ്ക്ക് അംഗീകരിച്ച 345 പ്രവൃത്തികൾ (ടെണ്ടർ തുക 13,590.94 കോടി രൂപ) ടെണ്ടറിംഗ് ഘട്ടത്തിലാണ്.

(ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ 38 ഡയാലിസിസ് സെന്ററുകൾ, ഒരു കാത്ത് ലാബ്, 5 കുടിവെള്ള പദ്ധതികൾ, ചേർത്തല തണ്ണീർമുക്കം റോഡ്, ട്രാൻസ്ഗ്രിഡ്-കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാംഘട്ടം എന്നിവ പൂർത്തിയായിട്ടുണ്ട്. കൂടാതെ വനം വകുപ്പിന്റെ കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതിയുടെ 8 ഘട്ടങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 95 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു*.

## കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ അവലോകനം

20 (4048) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നടക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന ചെലവ് വകുപ്പ് തിരിച്ച് പരിശോധിക്കുന്നുണ്ടോ;

(സി) ലക്ഷ്യമിട്ടതിനേക്കാൾ അധികമായി നടപ്പിലാക്കുന്ന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുന്നു. വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പെടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്.

(ബി) കിഫ്ബിയിൽ നടപ്പിലാക്കുന്ന പദ്ധതിക്കെല്ലാം MSP (Microsoft Project)യിൽ തയ്യാറാക്കുന്ന WBS (Work Breakdown Structure) ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ സഹായത്തോടെ ഓരോ പദ്ധതിയുടെയും പ്രതീക്ഷിത ചെലവ് അറിയാൻ സാധിക്കുന്നതാണ്.

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾ മാത്രമാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്.

**കിഫ്ബി പദ്ധതികളുടെ അവലോകനം**

21 (4049) <u>ശ്രീ. മാത്യു റ്റി.തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നടക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിതചെലവ് വകുപ്പുതിരിച്ച് പരിശോധിക്കുന്നുണ്ടോ;

(സി) ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കൂടുതലായി നടപ്പിലാകുന്ന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുന്നു. വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി /വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പെടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്.

(ബി) കിഫ്ബിയിൽ നടക്കുന്ന പദ്ധതികളെല്ലാം MSP (Mircosoft Project)യിൽ തയ്യാറാക്കുന്ന WBS (Work Breakdown Structure) ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ സഹായത്തോടെ ഓരോ പദ്ധതിയുടെയും പ്രതീക്ഷിത ചെലവ് അറിയാൻ സാധിക്കുന്നതാണ്.

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾ മാത്രമാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്.

**കിഫ്ബി പദ്ധതികളിൽ ജോയിന്റ് വെൻയ്വർ**

22 (4050) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി നടത്തിപ്പുകളിൽ ജോയിന്റ് വെഞ്ചർ സ്വീകരിക്കുന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളിൽ അഞ്ച് കോടിക്ക് താഴെയുള്ളവർക്കുകൾക്കുകൂടി ജോയിന്റ് വെഞ്ചർ നടപ്പാക്കണമെന്ന ചെറുകിട കരാറുകാരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ പ്രവൃത്തി നടപ്പിലാക്കുന്നത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളാണ്. (എസ്.പി.വി.) ആയതിനാൽ പദ്ധതികളുടെ കരാർ നടപടികൾ സ്വീകരിക്കുന്നത് അതാത് ഭരണ വകുപ്പിന് കീഴിൽ സർക്കാർ അംഗീകരിച്ച കരാർ രേഖയ്ക്ക് അനുസൃതമായാണ്. ഇതിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് തീരുമാനങ്ങളെടുക്കേണ്ടത് അതത് ഭരണ വകുപ്പുകളാണ്.

## കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസൽ

23 (4051) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി പ്രോജക്ട് അപ്രൈസൽ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സി.എം.ഡി.-ക്ക് നൽകിയ എത്ര കോടിയുടെ പ്രോജക്ടുകളാണ് ടെറനസിന് അപ്രൈസൽ നൽകിയത്; ഈയിനത്തിൽ ടെറനസ്സിന് നൽകിയ ഫീസ് എത്രയാണ് ?

ഉത്തരം

(എ) അതെ.

(ബി) കിഫ്ബി അപ്രൈസലിനായി സി.എം.ഡി.-ക്ക് നൽകിയ പ്രോജക്ടുകളിൽ സി.എം.ഡി. ലഭ്യമാക്കിയ വിവരമനുസരിച്ച് 32,389 കോടി രൂപയുടെ പദ്ധതികളുടെ അവലോകനത്തിന് സി.എം.ഡി. ടെറനസ്സിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 9.1 കോടി രൂപ സി.എം.ഡി. ടെറനസ്സിന് നൽകിയിട്ടുണ്ട്.

## കിഫ്ബി പ്രവൃത്തികൾക്ക് ഭരണാനുമതി

24 (4052) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

കിഫ്ബിയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. സ.ഉ.(കൈ) നമ്പർ 315/2016/ധന തീയതി 8-8-2016 & സ.ഉ.(കൈ) നം.69/2018/ധന തീയതി 24-02-2018 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾ മാത്രമാണ് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ഭരണാനുമതി നൽകുന്നത്.

## കിഫ്ബിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും

25 (4053) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി എന്തൊക്കെ സേവനങ്ങളാണ് കിഫ്ബിക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കരാർ നിയമനങ്ങളാണ് ഇതിനായി സി.എം.ഡി. നടത്തിയത്; വ്യക്തമാക്കുമോ;

(സി) ഈയിനത്തിൽ പ്രതിമാസം എന്ത് തുകയാണ് കിഫ്ബി സി.എം.ഡി.-ക്ക് നൽകുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽനിന്നും കിഫ്ബിക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

1. കിഫ്ബി പദ്ധതികളുടെ അവലോകനവും അതിന്റെ ഭാഗമായി ഗൈഡ് ലൈനുകൾ, മാനുവലുകൾ (അഡ്മിനിസ്ട്രേറ്റീവ്, ഫിനാൻഷ്യൽ, ടെക്നിക്കൽ) തയ്യാറാക്കുക.

2. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

3. ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) പൈലറ്റ് ഘട്ടം നടപ്പാക്കൽ, കിഫ്ബിക്കുവേണ്ടി ഡ്രോൺ-ലിഡാർ സർവ്വെ, ഡിസൈൻ അപ്ഗ്രഡേഷൻ തുടങ്ങിയ സേവനങ്ങൾക്ക് ഏജൻസികളെ ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കൽ

4. ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (RTC) അടിസ്ഥാന സൗകര്യ വികസനവും മാനവ വിഭവശേഷിയും അനുബന്ധ പ്രവർത്തനങ്ങളും ക്രമീകരിക്കുക.

5. കരാർ നിയമനങ്ങൾ നടപ്പിലാക്കുക.

(ബി) കിഫ്ബിയും കിഫ്ബിയിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്ററിലുമായി 65 കരാർ നിയമനങ്ങളാണ് സി.എം.ഡി. മുഖേന നടത്തിയത്. ഇതുകൂടാതെ നാല് റിസോഴ്സ് പേഴ്സൺസിന്റെ സേവനംകൂടി സി.എം.ഡി. വഴി കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം കിഫ്ബി പദ്ധതികളിൽ ആവശ്യാനുസരണം മാത്രമാണ് നൽകുന്നത്.

(സി) കരാർ നിയമനങ്ങളിലുള്ളവരുടെ വേതനമായി പ്രതിമാസം 38.30 ലക്ഷം രൂപയാണ് നൽകുന്നത്.

**കിഫ്ബിയുടെ ഓഫീസ്**

26 (4054) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് എവിടെയാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്ര സ്ക്വയർഫീറ്റ് സ്ഥലമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിൽ കിഫ്ബിയുടെ ഓഫീസ് തിരുവനന്തപുരം സ്റ്റാച്യുവിലെ ഫെലിസിറ്റി സ്ക്വയർ ബിൽഡിംഗിലും വഴുതക്കാടുള്ള കാർമൽ ടവറിലുമായാണ് പ്രവർത്തിക്കുന്നത്.

(ബി) ഫെലിസിറ്റി സ്ക്വയറിൽ 12080 സ്ക്വയർഫീറ്റും കാർമെൽ ടവറിൽ 4375 സ്ക്വയർഫീറ്റും വാടകയ്ക്ക് എടുത്തിട്ടുണ്ട്.

**കിഫ്ബിയുടെ ഭരണച്ചെലവുകൾ**

27 (4055) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ 2016, 2017, 2018, 2019 (സെപ്റ്റംബർ 30 വരെ) വർഷങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് വർഷം തിരിച്ച് നൽകുമോ;

(ബി) കിഫ്ബി പരസ്യങ്ങൾക്കായി ഈ വർഷം എന്ത് തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

(സി) പത്രങ്ങൾ, ചാനലുകൾ ഇവയിൽ പരസ്യം കൊടുത്ത വകയിൽ ഈ വർഷം എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) സോഷ്യൽ മീഡിയയിൽ കിഫ്ബി സ്പോൺസേർഡ് പരസ്യം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഇനത്തിൽ ചെലവായ തുക എത്രയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബി പരസ്യങ്ങൾക്കായി ഈ വർഷം 90,74,720 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പത്രങ്ങൾവഴി പരസ്യം കൊടുത്ത വകയിൽ 1,40,725 രൂപയും സംസ്ഥാനത്തെ 32 റെയിൽവേ സ്റ്റേഷനുകളിൽ പരസ്യം നൽകിയ വകയിൽ 89,33,925 രൂപയും ചെലവഴിച്ചിട്ടുണ്ട്. ചാനലുകളിൽ പരസ്യം നൽകിയിട്ടില്ല.

(ഡി) ഉണ്ട്. ഗൂഗിൾ, ഫേസ്ബുക്ക്, യൂട്യൂബ്, ലിങ്ക്ഡിൻ തുടങ്ങിയ സോഷ്യൽ മീഡിയകളിൽക്കൂടി കിഫ്ബിയുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി കിഫ്ബി സ്പോൺസേർഡ് പരസ്യം നൽകിയിട്ടുണ്ട്. പ്രസ്തുത മാധ്യമങ്ങൾ നൽകിയ ബില്ലുകൾ പരിശോധിച്ചുവരുന്നതേയുള്ളൂ. തുകയൊന്നും അനുവദിച്ചിട്ടില്ല.

## കിഫ്ബിയിലൂടെ ആരംഭിച്ചിട്ടുള്ള വൻകിട പദ്ധതികൾ

28 (4056) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരും കാലങ്ങളിലെ ആവശ്യങ്ങൾ കൂടി പരിഗണിക്കുകയും അവ ഇന്നത്തെ തലമുറയ്ക്ക് പ്രയോജനപ്പെടുകയും ചെയ്യുന്ന തരത്തിലുള്ള ഏതൊക്കെ വൻകിട പദ്ധതികളാണ് കിഫ്ബിയിലൂടെ ആരംഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ കേരളത്തിന്റെ അടിസ്ഥാന വികസന മേഖലകളിൽ ഏത് തരത്തിലുള്ള മാറ്റങ്ങളുണ്ടാവുമെന്നാണ് കരുതുന്നത്;

(ബി) കേരള വികസനത്തെ തുരങ്കം വെക്കുന്ന തരത്തിൽ കിഫ്ബിയെ കുറിച്ചുള്ള അപവാദങ്ങൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പൊള്ളയായ ആരോപണങ്ങളുടെ യാഥാർത്ഥ്യം പൊതുജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാരിന്റെ ഭാവിവരുമാനത്തിന്റെ ചെറിയൊരു പങ്ക്

വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നേടുന്നത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുകയെന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതുവരെ ആകെ 45,618.60 കോടി രൂപയുടെ 591 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.

കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിൽ റോഡുകൾ, പാലങ്ങൾ ഫ്ലൈഓവറുകൾ, അണ്ടർപാസ്സുകൾ, ഫിഷിംഗ് ഷാർബറുകൾ, സുവോളജിക്കൽ പാർക്കുകൾ, വിദ്യാഭ്യാസം-തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജലവിതരണ പദ്ധതികൾ, വൈദ്യുത ട്രാൻസ്ഗ്രിഡ്, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഹോസ്പിറ്റൽ, കൊച്ചിൻ ഇന്നൊവേഷൻ സോൺ, ആലപ്പുഴ കനാൽ, ജലഗതാഗത നവീകരണം, സ്റ്റേഡിയങ്ങൾ, മൊബിലിറ്റി ഹബ്, സാംസ്കാരിക സമുച്ചയങ്ങൾ, തിയേറ്റർ കോംപ്ലക്സ്, ടൂറിസം പദ്ധതികൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ, കാർഷിക വാണിജ്യവത്ക്കരണം ലക്ഷ്യമിടുന്ന അഗ്രോ പാർക്കുകൾ, കൊച്ചി നഗര പുനരുജ്ജീവനത്തിനായുള്ള സംയോജിത ജലഗതാഗത പദ്ധതി, അതിവേഗ ഇന്റർനെറ്റ് പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ ഉൾപ്പെടുന്നു. ഇവയെല്ലാം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ്.

ഗതാഗത മേഖലയിലുള്ള അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ചരക്കുനീക്കത്തിനും യാത്രാ സൗകര്യത്തിനും വഴിയൊരുക്കുന്ന റോഡുകൾ അടിസ്ഥാന സൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അനുദിനം വർദ്ധിക്കുന്ന റോഡ് ഗതാഗതത്തിന് പരിഹാരം കണ്ടെത്തുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ റോഡുകളും പാലങ്ങളും ബൈപ്പാസുകളും കിഫ്ബിയിലൂടെ വികസിപ്പിക്കുന്നുണ്ട്.

വിദ്യാഭ്യാസം-തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നാടിന്റെ സാമൂഹിക സാംസ്കാരിക പുരോഗതിക്ക് വഴിയൊരുക്കുന്നു. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്തമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിലും വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്.

ഒരു ജനവിഭാഗത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ പൊതുജനാരോഗ്യത്തിന്റെ പങ്ക് വളരെ വലുതാണ്. ജനങ്ങളുടെ ആയുരാരോഗ്യസൗഖ്യമാണ് ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെയും പുരോഗതിയുടെയും പ്രമുഖ അളവുകോലിൽ ഒന്ന്. പൊതുജനാരോഗ്യരംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണത്തിനുമുള്ള പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പിലാകുന്നുണ്ട്. ഇതുവഴി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കും.

സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിയിൽ വ്യവസായങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാണ്. ഏറ്റവും വലിയ തൊഴിൽ മേഖലകളിലൊന്ന് എന്ന നിലയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വ്യവസായങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. കേരളത്തെ ഒരു മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുക എന്ന ദീർഘവീക്ഷണത്തിലാണ് വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നത്.

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത പൂർത്തീകരിക്കുന്നതിനായി നാം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യ നിലയങ്ങൾ ഉൾപ്പെടെയുള്ള സ്രോതസ്സുകളെ ആശ്രയിക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് എന്ന വൈദ്യുതപ്രസരണ ബൃഹത് പദ്ധതി സംസ്ഥാനത്തെ വൈദ്യുതപ്രസരണ സംവിധാനങ്ങളുടെ ഒരു സംയോജിത പ്രവർത്തനം സാധ്യമാക്കും.

സംസ്ഥാനത്തിന്റെ വികസനത്തിൽ വിവരസാങ്കേതികവിദ്യ മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും ഇതുവഴി ജനങ്ങൾക്ക് തൊഴിലും വിദേശനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒരു ഡിജിറ്റൽ സൂപ്പർ ഹൈവേ നിർമ്മിച്ചെടുക്കുന്നതിനായി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് പദ്ധതി കിഫ്ബി നടപ്പിലാക്കുന്നു. സംസ്ഥാനത്തിന്റെ നെറ്റ്‌വർക്കായി പ്രവർത്തിക്കുകയും ഡിജിറ്റൽ രംഗത്ത് പുതിയ വികസന കമ്പോള സാധ്യതകൾ പ്രദാനം ചെയ്യാനും ഈ പദ്ധതിക്ക് സാധിക്കും.

സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഗണ്യമായ സംഭാവനകൾ നൽകുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾവഴി വരുമാന വർദ്ധനവിനും വിദേശ വിനിമയത്തിനും വഴിയൊരുക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

അടിസ്ഥാനസൗകര്യ വികസന പദ്ധതികൾവഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും സാംസ്കാരികവും ആരോഗ്യ, വിദ്യാഭ്യാസ, വ്യാവസായിക മേഖലകളുടെ വികസനം സാധ്യമാകുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തനരീതി മാന്ദ്യകാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുകവഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മക മാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിക്കപ്പെടും.

(ബി&സി) ഉണ്ട്. കിഫ്ബിയെയോ അതിന്റെ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാംതന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങളും മറ്റ് ഉപാധികളും ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിനുമുന്നിൽ പെട്ടെന്നുതന്നെ ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമായി.

കിഫ്ബി മുന്നോട്ടുവച്ച നൂതനമായ സാമ്പത്തിക ആശയം ഇതിനോടകംതന്നെ ദേശീയ-അന്തർദ്ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ടതും നിക്ഷേപക സമൂഹം അംഗീകരിച്ചതുമാണ്. ചുരുങ്ങിയ കാലയളവിൽത്തന്നെ പ്രശംസനീയമായ നേട്ടങ്ങൾ കിഫ്ബി കൈവരിച്ചിട്ടുണ്ട്. കിഫ്ബിയുടെ സംവിധാനങ്ങളുടെ മികവും ഉയർന്ന പ്രവർത്തന നിലവാരവും കണക്കിലെടുത്താണ് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ "BB-സ്റ്റേബിൾ ഔട്ട്ലുക്ക്' എന്ന റേറ്റിംഗ് കിഫ്ബിക്ക് നൽകിയത്. ഒരുവർഷം കഴിഞ്ഞ് നടത്തിയ വാർഷിക പുനരവലോകനത്തിനുശേഷവും ഈ ഏജൻസികൾ അതേ റേറ്റിംഗ് നിലനിർത്തിയിട്ടുണ്ട്.

## അപ്രൈസലിനായി കിഫ്ബി നേരിട്ട് നൽകിയ പ്രോജക്ടുകൾ

29 (4057) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രോജക്ട് അപ്രൈസലിനായി ടെറനസ് എന്ന കൺസൾട്ടൻസിക്ക് കിഫ്ബി നേരിട്ട് നൽകിയ പ്രോജക്ടുകൾ ഏതൊക്കയാണ്; വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ ഇതിനകം ടെറനസ്സിന് നൽകിയ ഫീസ് എത്ര എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതികളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന് പുറമേ പദ്ധതികളുടെ അപ്രൈസൽ നടത്തുന്നതിനായി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതുവരെ കിഫ്ബിയുടെ പ്രോജക്ട് അഡ്വൈസർ കൺസൾട്ടന്റിനായി ഷോർട്ട് ക്വട്ടേഷൻ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവ്വീസസ് എന്ന സ്ഥാപനവും ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട് ചെയ്യുകയും അവരിൽനിന്നും എൽ1 ബിഡ്ഡറായ ടെറനസിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ടെറനസിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു. ടി കാലയളവിൽ കിഫ്ബി അപ്രൈസലിനായി ടെറസനസ്സിന് നേരിട്ട് നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈയിനത്തിൽ ടെറനസ്സിന് 63,38,697/- രൂപ നൽകിയിട്ടുണ്ട്.

## കിഫ്ബി വഴി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ

30 (4058) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഫണ്ട് അനുവദിച്ച പ്രവൃത്തികളും ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർക്കുന്നു*.

**വൈക്കം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

31 (4059) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വൈക്കം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അംഗീകാരം നൽകിയിട്ടുള്ളതുമായ പദ്ധതികളും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും തുക ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു.*

**അമരവിള-ഒറ്റശേഖരമംഗലം റോഡ് നിർമ്മാണം**

32 (4060) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തി താത്ക്കാലികമായി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള മുതൽ പൂവൻകാല വരെയുള്ള ഭാഗത്തുള്ള കിഫ്ബി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള കാരണം അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി&സി) അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നൽകിയ നിർദ്ദേശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*. കിഫ്ബി നൽകിയ നിർദ്ദേശങ്ങൾ പാലിച്ച് അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതി പുനരാരംഭിച്ച് പൂർത്തീകരിക്കേണ്ടതും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയാണ്.

## നെന്മാറ ബൈപ്പാസ് കിഫ്ബിയിൽ ഉൾപ്പെടുത്താൻ നടപടി

33 (4061) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം-ഗോവിന്ദാപുരം എൻ.എച്ച്. റോഡ് വരുമെന്ന കാരണത്താൽ 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെന്മാറ ബൈപ്പാസ് കിഫ്ബിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മംഗലം-ഗോവിന്ദാപുരം എൻ.എച്ച്. എന്ന് തുടങ്ങുമെന്ന വിവരം ലഭിച്ചിട്ടുണ്ടോ;

(സി) നെന്മാറ പട്ടണത്തിലെ ഗതാഗതകുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് നെന്മാറ ബൈപ്പാസ് കിഫ്ബിയിൽ ഉൾപ്പെടുത്തി അടിയന്തരമായി പ്രവൃത്തി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ച 'നെന്മാറ ബൈപ്പാസിന്റെ നിർമ്മാണം' എന്ന പദ്ധതി നാഷണൽ ഹൈവേയുടെ വടക്കാഞ്ചേരി പൊള്ളാച്ചി റോഡ് വികസനത്തിന്റെ ഭാഗമായതിനാൽ കിഫ്ബിയുടെ 25-4-2018-ലെ യോഗത്തിൽ ടി പദ്ധതി കിഫ്ബി ധനസഹായത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഇല്ല.

## താനൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

34 (4062) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക വ്യക്തമാക്കുമോ;

(ബി) കിഫ്ബി മുഖേന അനുവദിച്ച എത്ര പദ്ധതികളാണ് പൂർത്തിയായിട്ടുള്ളത്; കിഫ്ബി മുഖേന അനുവദിച്ച എത്ര പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്;

(സി) ടെണ്ടർ ചെയ്യാനുള്ള പദ്ധതികൾ എത്രയെണ്ണമുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ ഏതെങ്കിലും തുടങ്ങുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) താനൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന 148.26 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളിൽ ഒന്നും പൂർത്തിയായിട്ടില്ല. 3 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഒരു പദ്ധതി ടെണ്ടർ ചെയ്യാനുള്ള നടപടികൾ ബന്ധപ്പെട്ട SPV സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത പദ്ധതികൾ ഏതെങ്കിലും തുടങ്ങുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതികൾ ബന്ധപ്പെട്ട SPV വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

35 (4063) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി മണ്ഡലങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതി വലിയ പദ്ധതിയായതിനാലും പ്ലാൻ ഫണ്ടിൽ തുക ലഭ്യമല്ലാത്തതിനാലും കിഫ്ബിയിലുൾപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യകതമാക്കുമോ;

(ബി) ബഡ്ജറ്റ് പ്രസംഗത്തിലോ, കാബിനറ്റ് തീരുമാനത്തിലോ ഉൾപ്പെടാത്ത പദ്ധതികൾ കിഫ്ബിയിലുൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കിഫ്ബി മാനദണ്ഡങ്ങളനുസരിച്ച് ബഡ്ജറ്റ് പ്രഖ്യാപനമുള്ളതോ കാബിനറ്റിന്റെ അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചശേഷം കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി പരിഗണിക്കുന്നത്.

2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകം 54,000 കോടി രൂപയിൽക്കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിൽ 45,618.60 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരവും നൽകിക്കഴിഞ്ഞു.

നാളിതുവരെ കിഫ്ബിവഴി നടപ്പിലാക്കുന്നതിനായി 45,618.60 കോടി രൂപയുടെ 591 പദ്ധതികൾ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകളെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലാകും ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്.

## ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

36 (4064) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ച കണിയാർ വയൽ-കാഞ്ഞിലേരി-തിരൂർ-ഉളിക്കൽ റോഡിന്റെ പ്രവൃത്തി ഏതുഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേയ്ക്ക് പ്രസ്തുത റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയതും വിശദ പദ്ധതി റിപ്പോർട്ട് പരിഗണനയിലുള്ളതുമായ പദ്ധതികളും അവയുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(ബി) കണിയാർ വയൽ-കാഞ്ഞിലേരി-തിരൂർ-ഉളിക്കൽ പദ്ധതി 20% പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി 6-11-2020-ൽ പൂർത്തീകരിക്കുന്നതിനാണ് കരാർ വച്ചിരിക്കുന്നതെന്ന് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്.

## കിഫ്ബിയുടെ പ്രവൃത്തികൾ

37 (4065) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ ആരംഭിച്ച അമരവിള-ഒറ്റശേഖരമംഗലം റോഡ്, മലയോര ഹൈവേ ഒന്നാംറീച്ച് എന്നീ പ്രവൃത്തികൾ താൽകാലികമായി നിർത്തിവച്ചിരിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രദേശത്തിന്റേയും ഭൂപരമായ സവിശേഷതകൾ പരിഗണിക്കാതെ പ്രവൃത്തികൾക്കായി കിഫ്ബി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രവൃത്തിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നതിനാൽ ഇത് പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പുനരാരംഭിച്ച്, പൂർത്തിയാക്കി ഗ്രാമീണ മലയോര മേഖലയായ ഇവിടുത്തെ യാത്രാക്ലേശം പരിഹരിച്ച് നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ എത്രകാലം കൊണ്ട് പൂർത്തിയാക്കാനാകും, ഓരോ പ്രവൃത്തിയിലും ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കേണ്ടത്, ആയതിലേക്കായി എത്ര സമയം എടുക്കും എന്നീ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) അമരവിള -ഒറ്റശേഖരമംഗലം റോഡ്, മലയോര ഹൈവേ ഒന്നാം റീച്ച് എന്നീ പ്രവൃത്തികൾ കിഫ്ബിയുടെ നിർദ്ദേശാനുസരണം പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ആയതിനുള്ള കാരണം അനുബന്ധമായി ചേർക്കുന്നു*:

(ബി) സർക്കാർ പ്രഖ്യാപിക്കുന്ന കിഫ്ബി പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് (സാമൂഹികവും സാങ്കേതികവുമായ അവലോകനത്തിനുശേഷം) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്നു. അവ പരിശോധിച്ച് തൃപ്തികരമാണെങ്കിൽ കിഫ്ബി അംഗീകാരം നൽകുന്നു. കിഫ്ബി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തി 35% പൂർത്തീകരിച്ചിട്ടുണ്ട്. DBM-BC പ്രവൃത്തികൾ 50% പൂർത്തിയായി. സംരക്ഷണ ഭിത്തികളുടെയും ഓടകളുടെയും കൾവെർട്ടുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. DBM-BC പ്രവൃത്തികളുടെ ബാക്കിയും മറ്റ് അനുബന്ധ നിർമ്മാണങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. മലയോര ഹൈവേ പ്രവൃത്തി 2600 മീറ്റർ ദൂരത്തിൽ ഓടനിർമ്മാണം പൂർത്തീകരിച്ചു. 6 ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സൗജന്യമായി ഭൂമി വിട്ടുനൽകിയ 96 സ്ഥലങ്ങളിൽ ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കി ഓടകളുടെയും സംരക്ഷണ ഭിത്തിയുടെയും DBM-BC ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തിയുടെ സ്റ്റോപ്പ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന ഒബ്സർവ്വേഷന് 22-10-2019-നും മലയോര ഹൈവേ പ്രവൃത്തിയുടെ ഒബ്സർവ്വേഷന് 17-10-2019-നും മറുപടി ലഭ്യമായിട്ടുണ്ട്. എന്നാൽ വർക്ക് പുനരാരംഭിക്കുന്നതിന് വിശദമായ ഒരു കർമ്മപദ്ധതി എസ്.പി.വി. നൽകേണ്ടതായിട്ടുണ്ട്. എല്ലാ അപാകതകളും പരിഹരിച്ചശേഷം തെളിവുകളോടു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടി ഒരു "കംപ്ലിയൻസ് റിപ്പോർട്ട്" ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചുവെന്ന് ഉറപ്പു വരുത്തിയശേഷം നിർത്തിവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ടവരുമായി കിഫ്ബി അധികൃതർ ഇക്കാര്യത്തിൽ വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിക്ഷേപത്തിന് സമ്പൂർണ്ണ പ്രയോജനം ലഭിക്കുന്നതിനുംവേണ്ടി ഭരണവകുപ്പും നിർവ്വഹണ ഏജൻസികളും ബഹു. ജനപ്രതിനിധികളും കൂട്ടായി നടത്തുന്ന ഒരു പ്രക്രിയയുടെ ഭാഗമാണ് ഇപ്പോഴത്തെ നടപടിയും. കൂടുതൽ ഗുണപ്രദമായ രീതിയിൽ താമസംവിനാ പൂർത്തീകരിക്കുകതന്നെയാണ് ഇതിന്റെ ലക്ഷ്യം. ഈ പ്രവൃത്തികളുടെ കാര്യത്തിലും ലക്ഷ്യം കൈവരിക്കാനാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

## ആസ്തി വികസന ഫണ്ട് ചെലവഴിച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് വ്യാപാര സമുച്ചയം

38 (4066) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ചെലവഴിച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് വ്യാപാര സമുച്ചയം നിർമ്മിച്ചു നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് ആസ്തി വികസന ഫണ്ട് വിനിയോഗ ചട്ടങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വരുമാനം കുറവായ തദ്ദേശസ്ഥാപനങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 4-8-2018-ലെ സ.ഉ. (പി) നമ്പർ 119/2018/ധന ഉത്തരവ് പ്രകാരമുള്ള ആസ്തി വികസന നിധിയിലെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതും അടിസ്ഥാന സൗകര്യ വികസനവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ

39 (4067) ശ്രീ. ടി. എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ അനുമതി ആവശ്യമാണോ;

(ബി) 2019-20 സാമ്പത്തിക വർഷം നാളിതുവരെ ഇത്തരത്തിൽ അനുവദിച്ച ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ കൺകറൻസ് എല്ലാ നിയോജകമണ്ഡലങ്ങളിലും ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) മങ്കട നിയോജകമണ്ഡലത്തിലെ പ്രസ്തുത പ്രവൃത്തികൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ അനുമതി ആവശ്യമാണെന്ന് മലപ്പുറം ജില്ലയിലെ ദേശീയ പാത ഓഫീസിൽ നിന്നറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ അറിയിപ്പ് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നൽകിയിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ടി പ്രവൃത്തികൾക്ക് നിർബന്ധിതമായി നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ട ചുമതല അതാത് ഗുണഭോക്തൃ വകുപ്പുകൾക്കാണുള്ളത്. ആയതിനാൽ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിക്കാറില്ല.

## ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ ഫൈനൽ പേമെന്റിന് അനുമതി

40 (4068) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്തി നിർവ്വഹിച്ച പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിൽ നിന്ന് അനുമതി നൽകിവരുന്നതിന്റെ നടപടിക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പേയ്മെന്റ് അലോട്ട്മെന്റായി തന്നെ നൽകണമെന്ന പുതിയ നിബന്ധന വച്ചിട്ടുണ്ടോ; അതിന് ആധാരമാക്കിയ വസ്തുതകൾ വെളിപ്പെടുത്താമോ;

(സി) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത പേയ്മെന്റിന് ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകാമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ പേമെന്റ് LC/LOC വഴിയായിരുന്നത് കാലതാമസം വരുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതിന് മാറ്റം വരുത്തി അലോട്ട്മെന്റുവഴി അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പേമെന്റ് അലോട്ട്മെന്റായി നൽകണമെന്ന നിബന്ധന നിലനിൽക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

41 (4069) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിനായി നിർദ്ദേശിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിലേയ്ക്ക് മണലൂർ മണ്ഡലത്തിനായി നിർദ്ദേശിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1-ലും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ലും ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിൽ ഹൈടെക് ബസ് ഷെഡ്ഡുകൾ

42 (4070) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം എത്ര ഹൈ-ടെക് ബസ്സ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയത്;

(ബി) ഏത് ഏജൻസിയെയാണ് നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) എത്ര ബസ്സ് ഷെഡ്ഡുകൾ ഇതിന്റെ ഭാഗമായി നിർമ്മിച്ചുവെന്നും ഇനി എത്രയെണ്ണം നിർമ്മിക്കുവാൻ ശേഷിക്കുന്നുവെന്നും അറിയിക്കുമോ;

(ഡി) നിർമ്മാണ ഏജൻസിയുടെ ഭാഗത്ത് ഉദാസീനത ഉണ്ടായിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കി പ്രസ്തുത വർക്കുകൾ പി.ഡബ്ല്യു.ഡി./സർക്കാർ ഏജൻസി മുഖാന്തരം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഈ സർക്കാർ കാലയളവിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം ഹൈടെക് ബസ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

## ആസ്തി വികസന ഫണ്ടിൽനിന്നും ടെണ്ടർ ബാലൻസായി മാറ്റിയ തുക

43 (4071) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ ഓരോ വർഷവും ടെണ്ടർ ബാലൻസായി വരുന്ന തുക കണക്കാക്കി വെക്കാറുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇങ്ങനെ കണക്കാക്കുന്ന തുക ബാലൻസായി പരിഗണിച്ച് പുതിയ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാധിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-ഡി) നിയമസഭാ സാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 4-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. 4-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ**

44 (4072) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2016-17 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കുമായി പദ്ധതികളുടെ നിർവ്വഹണ ഏജൻസി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവയിൽ നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതും ബില്ലുകൾ മാറി നൽകിയതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2017-18, 2018-19 എന്നീ വർഷങ്ങളിൽ അനുവദിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി ഓരോ പദ്ധതികൾക്കുമായി പദ്ധതികളുടെ നിർവ്വഹണ ഏജൻസി ചെലവഴിച്ച തുക, ഇവയിൽ നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതും ബില്ലുകൾ മാറി നൽകിയതുമായ പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക**

45 (4073) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി എത്ര തുകയുടെ ടെൻഡർ സേവിംഗ്സ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ സേവിംഗ്സ് തുക എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിശദാംശം വെളിപ്പെടുത്താമോ;

(സി) ടെൻഡർ സേവിംഗ്സ് തുകയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി എം.എൽ.എ.മാരെ അറിയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) നിയമസഭാ സാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 4-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 199/2018/ധന ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. നിയോജക മണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. 4-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

46 (4074) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ കൽപ്പറ്റ മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാനുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## മാവേലിക്കര നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

47 (4075) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന നിധിയിൽ 2014-15, 2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എത്ര രൂപ ടെൻഡർ സേവിംഗ്സ് ഉണ്ടെന്നുള്ള വിവരം വർഷവും പ്രവൃത്തികളും തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

4-8-2018-ലെ സ.ഉ. (പി) നമ്പർ 119/2018/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം ശിപാർശ ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന് മൂന്ന് വർഷംവരെ കാലാവധി നൽകിയിട്ടുണ്ട്. ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## കാസർഗോഡ് ജില്ലയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾ

48 (4076) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് ജില്ലയിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാത്ത പദ്ധതികളും തുടങ്ങിയ പദ്ധതികളും തുടങ്ങാനിരിക്കുന്ന പദ്ധതികളും ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ഇപ്പോഴും പ്രവൃത്തി ആരംഭിക്കാതെ കിടക്കുന്ന പദ്ധതികൾ എത്ര കാലമായി നീണ്ടുപോകുന്നുവെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പൂർത്തീകരിച്ചിട്ടും കരാറുകാർക്ക് ബിൽ പാസ്സാക്കി നൽകാത്ത അവസ്ഥ ജില്ലയിലുണ്ടോ; ആയതിന്റെ വിശദാംശം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗമനത്തെ സംബന്ധിച്ച 2016-17 സാമ്പത്തിക വർഷത്തെ വിവരം ശേഖരിച്ചുവരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിലെ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്*.

(ഡി) പ്രവൃത്തികൾ പൂർത്തീകരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ചുറപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നുണ്ട്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

49 (4077) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശാദാംശങ്ങൾ ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളതും പൂർത്തികരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയായി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 2016-17 വർഷത്തെ പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഇരിങ്ങാലക്കുട മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഇനിയും ആരംഭിക്കാനുള്ളതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ, നാളിതുവരെയായി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണെന്ന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നതിന് തുക ചെലവഴിക്കുന്നത് സംബന്ധിച്ച്

50 (4078) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കായിക പരിശീലനത്തിനും ഫുട്ബോൾ പരിശീലനത്തിനും മത്സരത്തിനുമായി ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിബന്ധനകളിൽ ഇളവുവരുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി ഇവയ്ക്ക് അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതു ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കായിക പരിശീലനത്തിനും ഫുട്ബോൾ പരിശീലനത്തിനും മത്സരത്തിനുമായി ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നത് ആസ്തി വികസന ഫണ്ടിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമല്ല.

(ബി) പരിഗണനയിലില്ല.

(സി) ബാധകമല്ല.

## ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികളിലെ സമയ ക്ലിപ്തത

51 (4079) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

4-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന പ്രകാരമുള്ള ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തിയാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## ഏറനാട് മണ്ഡലത്തിലെ ആസ്തി വികസന - പ്രത്യേക വികസന ഫണ്ട് പ്രവൃത്തികൾ

52 (4080) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയുടെ കീഴിൽ ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ടെണ്ടറായി; ഓരോന്നിന്റെയും ടെണ്ടർ തുക എത്രയാണ്; ആരെല്ലാമാണ് പ്രവൃത്തികൾ ചെയ്യുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ അവ എത്രയാണ്; പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2018-19-ലെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തത്;

(ഇ) ഓരോന്നിനും ടെണ്ടറായ തുക എത്രയാണ്; ആരെല്ലാമാണ് പ്രവൃത്തികൾ ചെയ്യുന്നത്; പൂർത്തീകരിച്ചവ എത്രയാണ്; ടെണ്ടർ സേവിംഗ്സ് ഉണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എടവണ്ണ പഞ്ചായത്തിലെ പത്തപ്പിരിയം-തുവ്വക്കാട് റോഡ് ബിഎം.&ബി.സി. പ്രവൃത്തി, കുഴിമണ്ണ പഞ്ചായത്തിലെ കൊട്ടക്കാട്-മേലേ കിഴിശ്ശേരിപള്ളി റോഡ്, കീഴിശ്ശേരി-കുഴിത്തോളം റോഡ് ബി.എം.&ബി.സി., ടിപ്പുസുൽത്താൻ കോട്ടാല റോഡ്, ചെട്ടിയംപാറ-മൈലം പാറ റോഡ്, അയിനിക്കുന്ന്-തച്ചറാം കല്ല് -അമ്പലക്കണ്ടി റോഡ്, കുഴിത്തോളം-വട്ടക്കണ്ടം-പറക്കാട് റോഡ്, ചെങ്ങനീരി-പെരന്തൊടി റോഡ്, എക്കാപറമ്പ്-കൈപ്പേപ്പറമ്പ്-കോട്ടത്തടം റോഡ് എന്നീ ഒമ്പത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്*.

(സി) നിയോജക മണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് / എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഇ) 2018-19 സാമ്പത്തിക വർഷത്തിൽ അമൽ കോളേജ് ഓഫ് ആർട്സ് & സയൻസ് മൈലാടി-നിലമ്പൂർ എന്ന കോളേജിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ് എന്ന പ്രവൃത്തി മാത്രമാണ് ടെണ്ടർ ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളത്. 18,00,000 രൂപയ്ക്ക് ശിപാർശ ചെയ്ത ടി പ്രവൃത്തി 17,93,900 രൂപയ്ക്കാണ് ടെണ്ടറായത്. മറ്റ് പ്രവൃത്തികളെല്ലാം അതത് ബ്ലോക്കുകളിലെ ഭരണ സമിതി തെരഞ്ഞെടുത്ത കൺവീനർ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവയുടെ വർദ്ധനവ്

53 (4081) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരക്കുകളിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ വർദ്ധിപ്പിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾ

54 (4082) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് നടത്താവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അ) നമ്പർ 161/2017/ധന ഉത്തരവിലെ ഖണ്ഡിക 3.13(i) പ്രകാരം എം.എൽ.എ. എസ്.ഡി.എഫ്.-ന് കീഴിൽ ശിപാർശ ചെയ്യുന്ന 50,000 രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന ടെണ്ടറില്ലാതെ നടപ്പിലാക്കാവുന്നതാണ്. ഖണ്ഡിക 3.13(ii) പ്രകാരം 50,000 രൂപയ്ക്ക് മുകളിൽ 5 ലക്ഷമോ അതിന് താഴെയോയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേനയോ സാധാരണ ടെണ്ടറിംഗിലൂടെയോ നടത്താവുന്നതാണ്.

(ബി) 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന ഉത്തരവിന്റെ പകർപ്പ് www.finance.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്.

**ആലത്തൂർ മണ്ഡലത്തിലെ പ്രത്യേക വികസന പദ്ധതികൾ**

55 (4083) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രത്യേക വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പൂർത്തിയാകാത്ത പദ്ധതികളുടെ ഓരോന്നിന്റേയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വൈപ്പിൻ മണ്ഡലത്തിലെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്**

56 (4084) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എം.എൽ.എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിന്റെ നിലവിലുള്ള ബാലൻസ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മുൻവർഷങ്ങളിൽ വിനിയോഗിക്കാതെ വച്ചിരിക്കുന്ന തുക ഒരു കോടി രൂപയിലധികമുണ്ടെങ്കിൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തെ ബാലൻസ് 18,12,000 രൂപയാണ്.

(ബി) 12-12-2018-ലെ സ.ഉ. (അ) നമ്പർ 194/18/ധന ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് സാമ്പത്തിക വർഷത്തിനുള്ളിൽ പുറപ്പെടുവിക്കാവുന്നതാണ്. പ്രസ്തുത ഉത്തരവിന് 12-12-2018 മുതലാണ് പ്രാബല്യമുള്ളത്. ആയതിനാൽ മുൻ വർഷങ്ങളിൽ വിനിയോഗിക്കാതെ വച്ചിരുന്ന തുക ഉപയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി

57 (4085) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എ.ഡി.എസ്. ഫണ്ട് വിനിയോഗിച്ച് ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ജി.ഇ.എം.വഴി ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാനും ആയതിന്റെ പേയ്മെന്റ് സമയബന്ധിതമായി ലഭ്യമാക്കി നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. അക്രെഡിറ്റഡ് ഏജൻസികൾക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കാവുന്നതിനാൽ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ പരിശോധന ഒഴിവാക്കിയിട്ടുണ്ട്.

2-7-2018-ലെ സർക്കുലർ നമ്പർ 60/2018/ധന പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (www.finance.kerala.gov.in). ആയതുപ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റിലെ പ്രധാന ഇനമായ ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM Portal വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. GeM Portal മുഖേനയുള്ള പർച്ചേസുകളുടെ പേമെന്റുകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

58 (4086) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലുമായി 2016-17,2017-18,2018-19 വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സായി എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) നിയമസഭാ സാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 വർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്.

## വയനാട് ജില്ലയിലെ ധനകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

59 (4087) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ധനകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും തസ്തികയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ ഡ്രൈവർ നിയമനം നടന്നിട്ടുണ്ടെങ്കിൽ എത്ര ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടെന്നും, പ്രസ്തുത നിയമനത്തിനുള്ള മാനദണ്ഡവും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ ധനകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിലവിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

**ഓഫീസുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന രീതി**

60 (4089) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ശുചീകരണം, സുരക്ഷ എന്നിവയ്ക്കായി അതത് വകുപ്പുകളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്ന രീതി ധനവകുപ്പിന്റെ ഇടപെടലുകൾ മുഖേന അവസാനിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ;

(ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന നിയമനങ്ങളും തടസ്സപ്പെടുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അത്തരം നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ 5-10-2019-ലെ സർക്കുലർ 84/2019/ധന പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. 5-10-2019-ലാണ് ടി സർക്കുലർ പ്രാബല്യത്തിൽ വന്നത്.

(സി) ശുചീകരണവും സുരക്ഷയുമായി ബന്ധപ്പെട്ട് കരാർ/ദിവസവേതന തൊഴിലാളികളെ നിയമിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സർക്കാർ അംഗീകൃത സ്ഥാപനങ്ങളും കുടുംബശ്രീ, കെക്സോൺ തുടങ്ങിയവയുമായി വാർഷികാടിസ്ഥാനത്തിൽ സേവന കരാറിലേർപ്പെട്ട് ഇക്കാര്യം സത്വരമായി നടപ്പിലാക്കുന്നതിനുമാണ് ഇത്തരമൊരു നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നത്.

(ഡി) ഇല്ല.

## ജി.ഐ.എസ്. ക്ലെയിം അപേക്ഷ തീർപ്പാക്കൽ

61 (4090) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ എത്ര ജി.ഐ.എസ്. ക്ലെയിം അപേക്ഷകളാണ് ഒക്ടോബർ 30-ന് മുൻപ് ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കിയതെന്ന് അറിയിക്കുമോ;

(ബി) അവയുടെ വിശദാംശം ജില്ലതിരിച്ച് അറിയിക്കുമോ;

(സി) എത്ര ക്ലെയിം അപേക്ഷകളാണ് ബാക്കി തീർപ്പാക്കാനുള്ളത് എന്ന് അറിയിക്കുമോ;

(ഡി) അവയുടെ വിശദാംശം ജില്ലതിരിച്ച് അറിയിക്കുമോ;

(ഇ) ന്യൂനതകളില്ലാത്ത ക്ലെയിം അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനകം തീർപ്പാക്കുന്നതിനാണ് സേവനാവകാശ നിയമപ്രകാരം നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇപ്രകാരം ക്ലെയിം തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

### ഉത്തരം

(എ) ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒക്ടോബർ 30-ന് മുമ്പായി 9017 ജി.ഐ.എസ്. ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി)

| ജില്ല | ഒക്ടോബർ 30-ന് മുമ്പ് തീർപ്പാക്കിയ ജി.ഐ.എസ്. ക്ലെയിമുകളുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 1299 |
| കൊല്ലം | 572 |
| പത്തനംതിട്ട | 297 |
| ആലപ്പുഴ | 635 |

| 1 | 2 |
|---|---|
| കോട്ടയം | 267 |
| ഇടുക്കി | 353 |
| എറണാകുളം | 1369 |
| തൃശ്ശൂർ | 1103 |
| പാലക്കാട് | 356 |
| മലപ്പുറം | 494 |
| കോഴിക്കോട് | 1128 |
| വയനാട് | 97 |
| കണ്ണൂർ | 756 |
| കാസർഗോഡ് | 291 |
| ആകെ | 9017 |

(സി) ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒക്ടോബർ 30 വരെ 2337 ജി.ഐ.എസ്. ക്ലെയിമുകൾകൂടി തീർപ്പാക്കാനുണ്ട്.

(ഡി)

| ജില്ല | തീർപ്പാക്കാനുള്ള ജി.ഐ.എസ്. ക്ലെയിമുകളുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 283 |
| കൊല്ലം | 164 |
| പത്തനംതിട്ട | 29 |
| ആലപ്പുഴ | 69 |
| കോട്ടയം | 182 |
| ഇടുക്കി | 37 |

| 1 | 2 |
|---|---|
| എറണാകുളം | 383 |
| തൃശ്ശൂർ | 358 |
| പാലക്കാട് | 63 |
| മലപ്പുറം | 248 |
| കോഴിക്കോട് | 161 |
| വയനാട് | 10 |
| കണ്ണൂർ | 244 |
| കാസർഗോഡ് | 6 |
| ആകെ | 2237 |

(ഇ) ജി.ഐ.എസ്. ക്ലെയിം തീർപ്പാക്കുന്നതിന് 20 ദിവസമാണ് സേവനാവകാശ നിയമപ്രകാരം നിശ്ചയിച്ചിരിക്കുന്നത്.

(എഫ്) സേവനാവകാശ നിയമപ്രകാരം ജി.ഐ.എസ്. ക്ലെയിം തീർപ്പാക്കാൻ 20 ദിവസമെന്ന് നിശ്ചയിച്ചിട്ടുള്ളത് നിലവിലെ സാഹചര്യത്തിൽ വകുപ്പിൽ പ്രായോഗികമല്ല. എസ്.എൽ.ഐ. പോളിസികളുടെയും എസ്.എൽ.ഐ./ജി.ഐ.എസ്. ക്ലെയിമുകളുടെയും ഭീമമായ വർദ്ധനവുമൂലം സേവനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഇടപാടുകാർക്ക് സേവനം നൽകാൻ വകുപ്പിന്റെ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം സാധിക്കാതെ വരുന്നു. അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സേവനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽത്തന്നെ ഇടപാടുകാർക്ക് സേവനം നൽകുന്നത് സാധ്യമാക്കുന്നതിനുമായി വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നിരുന്നാലും നിലവിലുള്ള ജീവനക്കാരുടെ സേവനം അവധി ദിവസങ്ങളിലും പ്രവൃത്തി ദിവസങ്ങളിൽ അധികമായും ഉപയോഗപ്പെടുത്തി കുടിശ്ശിക തീർക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ്.

## ദേശീയ പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി

62 (4091) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി പി.എഫ്.ആർ.ഡി.എ., എൻ.പി.എസ്. ട്രസ്റ്റ്, എൻ.എസ്.ഡി.എൽ. എന്നീ ഓഫീസുകളിലെ ഉദ്യോഗസ്ഥരുമായി ഏതെങ്കിലും വിധത്തിലുള്ള ചർച്ചകളോ, കത്തിടപാടുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദേശീയ പെൻഷൻ പദ്ധതി പുനഃപരിശോധനാ കമ്മിറ്റിയുടെ ഇമെയിൽ ഐഡി ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓഫീസിന്റെ നടത്തിപ്പിനായി ഒരു മാസം ചെലവാക്കുന്ന തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി പി.എഫ്.ആർ.ഡി.എ., എൻ.എസ്.ഡി.എൽ. എന്നീ ഓഫീസുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) cprckerala@gmail.com

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയിലെ ചെയർമാനും രണ്ട് അംഗങ്ങൾക്കുമായി 75,000 രൂപ വീതം പ്രതിമാസം 2,25,000 രൂപ ഓണറേറിയം ഇനത്തിലും 81,000 രൂപ മൂന്ന് വണ്ടികൾ സമിതിയുടെ ആവശ്യത്തിനായി വാടകയ്ക്ക് എടുത്ത ഇനത്തിലും ഓഫീസ് വാടകയിനത്തിൽ 22,500 രൂപയും ഓഫീസ് ശുചീകരണ പ്രവർത്തനത്തിനായി പ്രതിമാസം 8,000 രൂപയും ചെലവ് വരുന്നതാണ്. എന്നാൽ നിലവിൽ യാതൊരു തുകയും സമിതിക്കായി അനുവദിച്ച ശീർഷകത്തിൽനിന്നും ചെലവഴിച്ചിട്ടില്ല.

## പുതിയതായി സൃഷ്ടിച്ച തസ്തികകൾ

63 (4092) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവും കയറും വകുപ്പ് മന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ വകുപ്പിലും പുതിയതായി സൃഷ്ടിച്ച തസ്തികയുടെ വിവരം, വകുപ്പിന്റെ പേര്, എണ്ണം എന്നിവ തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

64 (T* 4093) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1-ന് മുമ്പ് സർവ്വീസിൽ പ്രവേശിക്കുകയും എന്നാൽ അതിന് ശേഷം നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണോ നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവരെക്കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ അതിന് ശേഷവും ഈ വിഭാഗത്തിൽ ഉൾപ്പെട്ട അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് മാറ്റിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തൽ ചെയ്ത് എല്ലാ ജീവനക്കാരെയും സ്റ്റാറ്റ്യൂട്ടറി പദ്ധതിയിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 31-3-2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായുള്ള വിഭാഗങ്ങൾ 1-4-2013-നോ അതിനുശേഷമോ റെഗുലർ തസ്തികയിൽ സ്ഥിര നിയമനം ലഭിക്കുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുന്നതിനായി സർക്കാർ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പങ്കാളിത്ത പെൻഷൻ പദ്ധതി

65 (4094) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട് വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം, പൂർണ്ണ മേൽവിലാസം എന്നിവ ലഭ്യമാക്കുമോ;

(ബി) സർക്കാരിനുവേണ്ടി സേവനം അനുഷ്ഠിച്ച് വിരമിച്ച പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാരിൽ എത്രപേർക്ക് പ്രതിമാസ ആന്വിറ്റി ലഭിച്ചുതുടങ്ങിയെന്നും ആന്വിറ്റി ലഭിച്ചവരുടെ മേൽവിലാസവും ഇവർ 2019 ഒക്ടോബർ മാസം വാങ്ങിയ ആന്വിറ്റി സംഖ്യ എത്രയെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി കേന്ദ്രസർക്കാർ ഉത്തരവുകൾക്ക് വിധേയമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും നടപ്പാക്കിയതിന് വ്യത്യസ്തമായി കേരളത്തിൽ മാത്രം പ്രത്യേകമായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; സാധിക്കുമെങ്കിൽ ആയത് തെളിയിക്കുന്ന രേഖ ലഭ്യമാക്കുമോ;

(ഇ) കേന്ദ്ര സർക്കാരുകളും മറ്റ് സംസ്ഥാന സർക്കാരുകളും അനുവദിച്ച് നൽകിയ കുടുംബ പെൻഷൻ, ഡി.സി.ആർ.ജി. എന്നിവ കേരളത്തിൽ നടപ്പാക്കേണ്ടതില്ല എന്ന് തീരുമാനിക്കുന്നതിന് ആധാരമാക്കിയ ചട്ടം /ഉത്തരവ് ഏതാണ്; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ റിപ്പോർട്ട് പ്രകാരം 2019 സെപ്റ്റംബർ 30 വരെ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 58 സർക്കാർ ജീവനക്കാർ വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. സ്പാർക്ക് ഡേറ്റാബെയ്സിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്കുള്ള ആന്വിറ്റി സർക്കാരല്ല നൽകുന്നത്. ആയതിനാൽ ആന്വിറ്റിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ഉത്തരവുകൾക്കും പി.എഫ്.ആർ.ഡി.എ. നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

(ഡി) ഇല്ല.

(ഇ) കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും അനുവദിച്ച് നൽകിയിട്ടുള്ള കുടുംബ പെൻഷൻ, ഡി.സി.ആർ.ജി. ആനുകൂല്യങ്ങൾ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്ക് അനുവദിക്കുന്ന വിഷയം പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സമിതി**

66 (4095) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിയമിച്ചത്;

(സി) സമിതിയുടെ പ്രവർത്തനത്തിന് ഓഫീസ് എന്നാണ് അനുവദിച്ചത്;

(ഡി) പ്രസ്തുത സമിതിയിലെ അംഗങ്ങൾക്ക് ഓരോരുത്തർക്കും ശമ്പളം, വണ്ടിവാടക എന്നീ ഇനങ്ങളിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ 7-11-2018-ലെ സ.ഉ. (പി)നമ്പർ 172/2018/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി നിയമിച്ച സമിതിക്ക് ഓഫീസ്, GIFT (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ)-ൽ അനുവദിച്ചുകൊണ്ട് 2019 ജൂൺ മാസം വകുപ്പ് GIFT-മായി കരാറിലേർപ്പെട്ടു.

(ഡി) പ്രസ്തുത സമിതിയിലെ അംഗങ്ങൾക്ക് ഓരോരുത്തർക്കും ശമ്പളം, വണ്ടിവാടക എന്നീ ഇനങ്ങളിൽ നാളിതുവരെ യാതൊരുവിധ തുകയും ചെലവഴിച്ചിട്ടില്ല.

## പങ്കാളിത്ത പെൻഷൻ പദ്ധതി

67 (4096) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും ഡി.സി.ആർ.ജി. അനുവദിച്ച് ഉത്തരവായിട്ടും കേരളത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കേണ്ട എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതിയിൽ വരുത്തുന്ന മാറ്റങ്ങൾ സംസ്ഥാനത്ത് നടപ്പാക്കേണ്ട എന്ന് സംസ്ഥാനത്തിന് പി.എഫ്.ആർ.ഡി.എ.യിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് പഠിക്കുന്നതിനായി സമിതിയെ നിയമിച്ചതിന് ശേഷവും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടില്ലായെങ്കിൽ ജീവനക്കാരുടെ ശമ്പളം തടയുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ധനകാര്യ വകുപ്പിന്റെ സ.ഉ.(അച്ചടി) നമ്പർ 84/2019, സ.ഉ.(അച്ചടി) നമ്പർ 132/2019, സ.ഉ.(അച്ചടി) നമ്പർ 133/2019 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നത് പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് പഠിക്കുന്നതിനായി സർക്കാർ നിയമിച്ചിരിക്കുന്ന പുനഃപരിശോധനാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് അറിയിക്കാമോ; ഉത്തരവുകൾ പുറപ്പെടുവിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്ന വിഷയം പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഇല്ല.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടില്ലാത്ത

ജീവനക്കാർ സമയബന്ധിതമായി ടി പദ്ധതിയിൽ അംഗങ്ങളാകാത്തപക്ഷം ടി ജീവനക്കാരുടെ ശമ്പളം തടയുമെന്ന് അറിയിച്ചുകൊണ്ട് 30-9-2019-ലെ സ.ഉ.(അച്ചടി) നമ്പർ 132/2019, സ.ഉ.(അച്ചടി) നമ്പർ 133/2019 എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് Terms of Reference-ൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയെ നിയോഗിച്ചിട്ടുള്ളത്. സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചാവും സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുക.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർ**

68 (4097) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക് എത്ര രൂപ വെച്ച് പെൻഷൻ ലഭിക്കുന്നുണ്ടെന്ന കണക്ക് സർക്കാരിന്റെ കൈവശം ഉണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നാളിതുവരെ പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട് സർവ്വീസിൽനിന്ന് വിരമിച്ച ജീവനക്കാർ ഒടുവിലെ മാസം വാങ്ങിയ ആന്വിറ്റി എത്രയാണെന്ന് അറിയിക്കാമോ;

(സി) പങ്കാളിത്ത പെൻഷൻകാരായ വിരമിച്ച ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന തുച്ഛമായ ആന്വിറ്റി(പെൻഷൻ), മരിച്ചവരുടെ കുടുംബങ്ങൾക്ക് ലഭിക്കേണ്ട തുച്ഛമായ സമാശ്വാസ ധനസഹായം എന്നിവപോലും ഒരു വർഷത്തിന് മുകളിലായിട്ടും ലഭിക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട് സർവ്വീസിൽ ഇരുന്ന് മരിച്ച ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് എൻ.പി.എസ്.-ൽ അടച്ച പൈസ തിരികെ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്രപേർക്ക് ആശ്വാസ ധനസഹായം ലഭ്യമായിട്ടുണ്ടെന്നും ഓരോരുത്തർക്കും ലഭിച്ച ആശ്വാസ ധനസഹായം എത്രയാണെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക് സർക്കാർ പെൻഷൻ നൽകുന്നില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം+ ക്ഷാമബത്ത) 10%-ഉം തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയുടെ 60 ശതമാനം വരെ ഒറ്റത്തവണയായി പിൻവലിക്കാവുന്നതും 40 ശതമാനം തുക ആന്വിറ്റിക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപിച്ചിരിക്കുന്ന 40 ശതമാനം തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക.

(സി) ഇല്ല.

(ഡി) സ്പാർക്ക് ഡാറ്റാബെയ്സിലെ കണക്ക് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിൽ ഇരിക്കെ മരണപ്പെട്ട 101 ജീവനക്കാരുണ്ട്. ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ റിപ്പോർട്ട് പ്രകാരം എൻ.പി.എസ്. തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരിൽ 2019 ഒക്ടോബർ 10 വരെ 36 പേർക്ക് തുക ലഭ്യമായിട്ടുണ്ട്. 2019 ഒക്ടോബർ 31 വരെ 19 പേർക്ക് ആശ്വാസ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

## പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട് വിരമിച്ചവർ

69 (4098) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക് എത്ര രൂപ വെച്ച് പെൻഷൻ ലഭിക്കുന്നുണ്ടെന്ന കണക്ക് സർക്കാരിന്റെ കൈവശം ഉണ്ടോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി ചെയ്യവേ മരണമടഞ്ഞ ഹിതയുടെ കുടുംബത്തിന് മരണാനന്തര ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക് സർക്കാർ പെൻഷൻ നൽകുന്നില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം+ക്ഷാമബത്ത) 10 ശതമാനവും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയുടെ 60 ശതമാനം വരെ ഒറ്റത്തവണയായി പിൻവലിക്കാവുന്നതും 40% തുക ആന്വിറ്റിയ്ക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപിച്ചിരിക്കുന്ന 40% തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാക്കുക.

(ബി) ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ 31-8-2016-ൽ സ.ഉ.(പി)നമ്പർ 126/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മരണമടഞ്ഞ ഹിതയുടെ ആശ്രിതർ ആശ്വാസ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പിൻവലിക്കൽ**

70 (4099) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് നിയമമനുസരിച്ചാണ് പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി. ഒഴിവാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പിൻവലിക്കുവാൻ എൻ.പി.എസ്. ട്രസ്റ്റ്, എൻ.എസ്.ഡി.എൽ. എന്നിവരുമായി സർക്കാർ എത്ര തവണ ചർച്ച നടത്തി; ചർച്ചയിൽ എന്തൊക്കെ വിഷയങ്ങളാണ് ഉൾപ്പെടുത്തിയത്; ചർച്ചയിൽ എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ കമ്മിറ്റി എന്നു മുതൽ സർവ്വീസ് സംഘടനകളുമായിട്ടുള്ള ചർച്ചകൾ ആരംഭിക്കും; സമിതിയുടെ മുമ്പാകെ വിശദീകരണങ്ങൾ നൽകുവാനുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അത് എങ്ങനെ മറികടക്കാനാകും എന്ന് അറിയിക്കുമോ;

(ഇ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി രൂപീകരിച്ച് ഇതുവരെയായി എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി അംഗങ്ങൾക്ക് ഇതുവരെ നൽകിയ ശമ്പളം എത്ര; കമ്മീഷനു വേണ്ടി ഇതുവരെ ചെലവാക്കിയ മൊത്തം തുക വെളിപ്പെടുത്താമോ;

(ജി) പങ്കാളിത്ത പെൻഷൻ നയം പുനഃപരിശോധന നടത്താൻ സമിതിയെ നിയമിക്കുകയും എന്നാൽ സമിതി റിപ്പോർട്ട് വരുന്നതിനുമുമ്പ് നിർബ്ബന്ധപൂർവ്വം ജീവനക്കാരെ എൻ.പി.എസ്.-ൽ ചേരാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പി.എഫ്.ആർ.ഡി.എ. നിയമം പിൻവലിച്ചാൽ മാത്രമേ പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ സാധിക്കുകയുള്ളൂ എന്നത് ശരിയായ വസ്തുതയാണോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്ന വിഷയം പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഇക്കാര്യത്തിൽ സർക്കാർ എൻ.പി.എസ്. ട്രസ്റ്റ്, എൻ.എസ്.ഡി.എൽ. എന്നിവരുമായി ചർച്ചകളൊന്നും തന്നെ നടത്തിയിട്ടില്ല.

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘടനകൾക്ക് സമിതിക്കുമുമ്പാകെ നേരിട്ടും ഇ-മെയിൽ/കത്ത് മുഖാന്തിരവും വിശദീകരണങ്ങൾ നൽകാവുന്നതാണ്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച സാമ്പത്തിക നിയമവശങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുള്ളത്.

(ഇ) പരിഗണനാ വിഷയങ്ങൾ പ്രകാരമുള്ള പ്രാഥമിക ചർച്ചകൾ ബന്ധപ്പെട്ട എല്ലാവരുമായി നടത്തുന്നതിനായി തീരുമാനമെടുത്ത് നടപടികൾ പുരോഗമിക്കുകയാണ്.

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി അംഗങ്ങൾക്ക് ഇതുവരെ ശമ്പളം നൽകിയിട്ടില്ല. കൂടാതെ കമ്മീഷനുവേണ്ടി ഇതുവരെ തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

(ജി) 31-3-2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമാകുന്ന വിഭാഗങ്ങളിൽ 1-4-2013-നോ അതിനുശേഷമോ നിയമിതരാകുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. ഈ വിഷയം പുനഃപരിശോധിക്കുന്നതിനായി നിയമിച്ചിട്ടുള്ള സമിതിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുവരെ തൽസ്ഥിതി തുടരുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ നടന്ന പണിമുടക്ക്**

71 (4100) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പണിമുടക്ക് ഒത്തുതീർപ്പാക്കിയ അവസരത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒത്തുതീർപ്പ് വ്യവസ്ഥകൾ മുൻ സർക്കാരിന്റെ കാലയളവിൽ പാലിക്കപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പണിമുടക്ക് ഒത്തുതീർപ്പാക്കിയ അവസരത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു:

(i) എൻ.പി.എസ്.-ൽ അംഗമായ ജീവനക്കാരൻ സർവ്വീസിനിടയിൽ മരണപ്പെട്ടാൽ പ്രസ്തുത കുടുംബത്തിന് ആശ്രിതനിയമനം ലഭിക്കുന്നത് വരെ ടിയാൾ അവസാനം വാങ്ങിയ ശമ്പളം അനുവദിക്കും.

(ii) പി.എഫ്. സംവിധാനം നിലനിർത്തുന്നത് പരിഗണിക്കും.

(iii) പി.എഫ്.ആർ.ഡി.എ. ബിൽ നിലവിൽ വരുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ജി.പി.എഫ്. സംവിധാനംകൂടി നിലനിർത്തിക്കൊണ്ടാണ് സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. മറ്റ് ഒത്തുതീർപ്പ് വ്യവസ്ഥകൾ സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് അന്തിമ തീരുമാനം കൈക്കൊണ്ടിരുന്നില്ല.

## പങ്കാളിത്ത പെൻഷൻകാർക്കുള്ള ആനുകൂല്യം

72 (4101) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്കുള്ള ഇരുപത് ലക്ഷം രൂപവരെയുള്ള വിരമിക്കൽ പെൻഷൻ ആനുകൂല്യം പങ്കാളിത്ത പെൻഷൻകാർക്ക് കൂടി ബാധകമാക്കി കേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പങ്കാളിത്ത പെൻഷൻ ബാധകമായുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കൂടി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്ര സർക്കാർ പങ്കാളിത്ത പെൻഷൻകാർക്കും കുടുംബ പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; സംസ്ഥാനത്ത് ഇത് ഇതുവരെ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) പങ്കാളിത്ത പെൻഷൻ നടപ്പിൽ വരുന്നതിന് മുമ്പ് വന്ന വിജ്ഞാപനത്തിലൂടെ നിയമനം നേടിയവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന് സുപ്രീംകോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്ന വിഷയം പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

(സി) കേന്ദ്രസർക്കാർ സർവ്വീസിൽ ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്നപക്ഷം അവരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്നപക്ഷം ഈ ജീവനക്കാരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ അനുവദിക്കുന്ന വിഷയം പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

(ഡി) പങ്കാളിത്ത പെൻഷൻ നടപ്പിൽ വരുന്നതിനുമുമ്പ് വന്ന വിജ്ഞാപനത്തിലൂടെ നിയമനം നേടിയവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന വിഷയം പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

## സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സാ പദ്ധതി

73 (4102) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സാ പദ്ധതിയിൽ നിന്നും സ്വകാര്യ സംരംഭകരെ ഒഴിവാക്കി സർക്കാർ നേതൃത്വത്തിലുള്ള എസ്.എൽ. ഐ. യെ ചുമതലപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

ഉത്തരം

30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന ധനകാര്യ വകുപ്പിന്റെ പ്രോജക്ടാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്). സംസ്ഥാന സർക്കാർ ജീവനക്കാർക്കായി എസ്.എൽ.ഐ. മുഖേന നടപ്പിലാക്കുന്ന മറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണ്ണമാണ്. ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണ്ണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നത് അഭികാമ്യമല്ല.

## പൊതുമരാമത്ത് വകുപ്പിൽ സ്പെഷ്യൽ റൂൾ ലംഘിച്ച് സ്ഥാനക്കയറ്റം

74 (4103) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ ലംഘിച്ച് സ്ഥാനക്കയറ്റം നൽകിയതിലൂടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ധനകാര്യ വകുപ്പ് പരിശോധന വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകാത്തത് മൂലം താഴ്ന്ന തസ്തികയിലുള്ള ജീവനക്കാർ ഉയർന്ന ഗ്രേഡിലുള്ള ശമ്പളം വാങ്ങുന്നത് കൊണ്ടുള്ള വാർഷിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സാമ്പത്തിക ബാദ്ധ്യതക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധന നടത്തിയിട്ടില്ല.

(സി & ഡി) ബാധകമല്ല.

## സർക്കാർ ജീവനക്കാർക്കുള്ള ഹയർ ഗ്രേഡ്

75 (4104) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പളം നിർണ്ണയിച്ചശേഷം ഓഡിറ്റ് തടസ്സം കാരണം ശമ്പളക്കുറവ് ഉണ്ടായ ജീവനക്കാർക്ക് മാത്രമായി സമയബന്ധിത ഹയർഗ്രേഡിന് റീ ഓപ്ഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എന്ന് മുതലാണ് റീ ഓപ്ഷന് പ്രാബല്യം നൽകുന്നത്; ഓഡിറ്റ് തടസ്സം കാരണം ശമ്പളക്കുറവ് ഉണ്ടായവർക്ക് മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തുന്നത് എന്തുകൊണ്ടാണ്; അർഹതയുള്ള എല്ലാ ജീവനക്കാർക്കും ഈ ആനുകൂല്യം അനുവദിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന്മേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡിന് റീ-ഓപ്ഷൻ അനുവദിച്ചുകൊണ്ട് സ.ഉ.(അച്ചടി) നമ്പർ 129/2019/ധന തീയതി 23-9-2019 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റീ-ഓപ്ഷന് പ്രാബല്യം നൽകുന്നത് റീ-ഓപ്ഷൻ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമാണ്. 8-8-2008-ലെ 46/2008/ധന സർക്കുലറിലെ ഖണ്ഡിക 11 പ്രകാരം സമയബന്ധിത ഹയർ ഗ്രേഡുകാർക്ക് ഒരിക്കൽ സമർപ്പിക്കുന്ന ഓപ്ഷൻ അന്തിമവും റീ-ഓപ്ഷൻ അനുവദനീയമല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലെ ഉത്തരവുകളിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നം ശമ്പളം ഫിക്സ് ചെയ്ത് വർഷങ്ങൾക്കുശേഷം അന്ന് അനുവദിച്ച ഓപ്ഷൻ തെറ്റാണ് എന്ന് ഓഡിറ്റ് ഒബ്ജക്ഷനിലൂടെ കണ്ടുപിടിക്കുകയും വലിയ തുകകൾ തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്ന നിർദ്ദേശങ്ങൾ അനേകം കോടതി വ്യവഹാരങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ഭരണപരമായി സംഭവിക്കുന്ന തെറ്റിന് ജീവനക്കാരൻ വിലനൽകേണ്ടിവരുന്നു. അതേസമയം ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യതകളും പരിഗണിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന്മേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളക്കുറവ് ഉണ്ടായവർക്കുമാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തി അനുവദിച്ചു നൽകിയത്.

## ധനകാര്യ സെക്രട്ടേറിയറ്റിലെ വാഹനങ്ങൾ

76 (4106) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ സെക്രട്ടേറിയറ്റിൽ എത്ര സർക്കാർ വാഹനങ്ങളുണ്ട്; പ്രസ്തുത വാഹനങ്ങൾ ആർക്കൊക്കെയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

ധനകാര്യ സെക്രട്ടേറിയറ്റിൽ ആകെ 44 സർക്കാർ വാഹനങ്ങളുണ്ട്. (ധന ദേശീയ സമ്പാദ്യ വകുപ്പ് ഒഴികെ)

പ്രസ്തുത വാഹനങ്ങൾ ചുവടെ ചേർക്കും പ്രകാരം അനുവദിച്ചിരിക്കുന്നു.

| അനുവദിച്ചുനൽകിയ ഓഫീസ് | വാഹനങ്ങളുടെ എണ്ണം |
|---|---|
| ധനകാര്യ മന്ത്രിയുടെ ഓഫീസ് | 2 |
| സെക്രട്ടറിമാരുടെ ഓഫീസ് | 4 |
| സ്പെഷ്യൽ സെക്രട്ടറി | 1 |
| അഡീഷണൽ സെക്രട്ടറി (ഭരണം) | 1 |
| ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) | 3 |
| ഇൻസ്പെക്ഷൻ വിംഗ് | 2 |
| സ്പാർക്ക് | 1 |
| സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (CTFM) | 1 |
| ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം | 14 |
| ജനറൽ | 15 |
| ആകെ | 44 |

## കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക

77 (4108) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കുമോ;

(സി) ഓരോ പ്രവൃത്തിയുടെയും വേർതിരിച്ചുള്ള സേവിംഗ്സ് എത്ര വീതമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തിരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്കുമാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/ എക്സസ് ഇനത്തിലുണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിയമസഭാ സാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 വർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്.

**ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ**

78 (4111) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷന്റെ ആകെ ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ക്ഷേമ പെൻഷനിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18,003.74 കോടി രൂപയാണ് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചത്. ക്ഷേമനിധി ബോർഡ് പെൻഷന്റെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷന്റെ ആകെ ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 493071 | 18655070384 |
| കൊല്ലം | 409454 | 14994020684 |
| പത്തനംതിട്ട | 179460 | 6967844034 |
| ആലപ്പുഴ | 328331 | 12475043314 |
| കോട്ടയം | 264022 | 10073167633 |
| ഇടുക്കി | 153139 | 5819538283 |
| എറണാകുളം | 419740 | 16009598973 |
| തൃശ്ശൂർ | 459246 | 18082095483 |
| പാലക്കാട് | 420588 | 16614970573 |
| മലപ്പുറം | 481530 | 18945849833 |
| കോഴിക്കോട് | 412098 | 15627862538 |
| വയനാട് | 112569 | 4220708058 |
| കണ്ണൂർ | 378640 | 14838709860 |
| കാസർഗോഡ് | 174746 | 6712917750 |
| ആകെ | 4686634 | 180037397400 |

ക്ഷേമനിധി ബോർഡ് പെൻഷന്റെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

79 (4112) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതടക്കം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ എത്ര കോടി രൂപ കൊടുത്തു; അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയിനത്തിൽ 1473.67 കോടി രൂപ നൽകുവാനുണ്ടായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 1,473.67 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2019 ജൂലൈ മാസംവരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. അങ്ങനെ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 2019 സെപ്റ്റംബർ 30 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലായി 18,003.74 കോടി രൂപ നൽകിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വർദ്ധനവും വിതരണവും

80 (4113) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ക്ഷേമ പെൻഷനുകളുടെയും സാമൂഹിക സുരക്ഷാ പെൻഷനുകളുടെയും തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ സാമൂഹിക സുരക്ഷാ പെൻഷനുകൾക്കായി ചെലവഴിച്ച തുകയേക്കാൾ അധികമായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ പെൻഷൻ ഉപഭോക്താക്കളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ;

(ഡി) ക്ഷേമ പെൻഷനുകൾ ഉപഭോക്താക്കൾക്ക് ചിട്ടയായും കൃത്യമായും വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15-7-2016-ലെ G.O.(MS)282/2016/Fin ഉത്തരവുപ്രകാരം 1-6-2016 മുതൽ 1,000 രൂപയായും 23-3-2017-ലെ G.O.(MS)204/2017/Fin ഉത്തരവുപ്രകാരം 1-4-2017 മുതൽ 1100 രൂപയായും തുടർന്ന് 18-2-2019-ലെ G.O.(MS)91/2019/Fin ഉത്തരവുപ്രകാരം 1-4-2019 മുതൽ പ്രതിമാസം 1,200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കും ഈ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 21-2-2018-ലെ G.O.(MS)61/2018/Fin ഉത്തരവുപ്രകാരം 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ വികലാംഗ പെൻഷൻ തുക 1,100 രൂപയിൽനിന്നും 1,300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സരക്കാരിന്റെ കാലത്ത് 9,311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനായി 2019 സെപ്റ്റംബർ 30 വരെ ആകെ 18,003.74 കോടി രൂപ നൽകിയിട്ടുണ്ട്. അപ്രകാരം 8,692.52 കോടി രൂപ അധികമായി ഈ സർക്കാർ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3443414 ഗുണഭോക്താക്കൾക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നത്. എന്നാൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം 4677043 ആണ്. ആകയാൽ 1233629 എണ്ണം വർദ്ധിച്ചിട്ടുണ്ട്.

(ഡി) നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. ഗുണഭോക്താക്കളുടെ താൽപ്പര്യാർത്ഥം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് നൽകുകയോ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുകയോ ആണ് ചെയ്തുവരുന്നത്. പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഈ കമ്പനിവഴിയാണ് ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തുവരുന്നത്.

## കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ധനസഹായം

81 (4114) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ധനസഹായം സ്വീകരിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് അനുഗുണമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച ഉപയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 2861.75 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 75.81 കോടി രൂപ മാത്രമെ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളൂ. ബാക്കി 2785.94 കോടി രൂപ ശമ്പളം, പെൻഷൻ, വിവിധ സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക നൽകുന്നതിനുമാണ് വിനിയോഗിച്ചിരിക്കുന്നത്. മേൽ തുകയുടെ ഉപയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

## ശ്രീമതി ഗിരിജാ ദേവിയുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ

82 (4115) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ൽ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിൽ നിന്ന് വിരമിക്കുകയും 25-7-2019-ൽ മരണമടയുകയും ചെയ്ത കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പാപ്പൻ പി.വി., പുളയോരത്ത്, ചാവക്കാല, കോതനെല്ലൂർ, കോട്ടയം, എന്നയാളുടെ കുടുംബത്തിന് പെൻഷൻ ഒഴികെ മറ്റ് ആനുകൂല്യങ്ങൾ ഒന്നും കിട്ടിയിട്ടില്ല എന്ന് കാണിച്ച് ഭാര്യ ഗിരിജാ ദേവി ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഗിരിജാ ദേവിക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മരണപ്പെട്ട പി.വി. പാപ്പന്റെ ഡി.സി.ആർ.ജി. അനുവദിക്കുന്നത് സംബന്ധിച്ച് അംഗീകാരം നൽകിയതായി 1-2-2019-ലെ പി.1/2/2101653219/214 നമ്പർ കത്തുപ്രകാരം എ.ജി. അറിയിച്ചിട്ടുണ്ട്. പി. വി. പാപ്പൻ കമ്മ്യൂട്ടേഷന് അപേക്ഷിക്കാത്തതിനാൽ കെ.എസ്.ആർ. പാർട്ട് 3

അനുബന്ധം 10 പാർട്ട് സി 5 പ്രകാരം ടിയാൾക്ക് കമ്മ്യൂട്ടേഷന് അർഹതയില്ല. നിലവിൽ ശ്രീമതി ഗിരിജാദേവി സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിഷയം പെൻഷൻ കുടിശ്ശിക സംബന്ധിച്ചതാണ്. സേവനത്തിലിരിക്കെ അച്ചടക്ക നടപടി നേരിട്ട ശ്രീ. പാപ്പൻ, പെൻഷൻ അനുവദിക്കുന്നതിലേയ്ക്കായി ഫയൽ ചെയ്ത OA(EKM)No.957/2016 ഹർജിയിന്മേലുള്ള 21-2-2017-ലെ വിധിയുമായി ബന്ധപ്പെട്ട് 6-4-2017-ലെ സ.ഉ.(സാധാ)3230/2017 ധന. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ 31-8-2005-ൽ വിരമിച്ച ടിയാൻ 1-11-2013-ലാണ് പെൻഷന് അപേക്ഷിച്ചിരിക്കുന്നത് എന്നതിനാൽ വിരമിക്കൽ തീയതി മുതൽ പെൻഷൻ അനുവദിക്കാനാവില്ലെന്ന് കെ.എസ്.ആർ. പാർട്ട് 3 ചട്ടം 120 പ്രകാരം തീരുമാനമാകുകയും തുടർന്ന് പെൻഷൻ കുടിശ്ശിക അനുവദിക്കാൻ ടിയാൾ OA(EKM)1001/2017 നമ്പർ ഹർജി ഫയൽ ചെയ്യുകയും ആയതിന്റെ 19-12-2018-ലെ വിധിയിൽ മേൽ പരാമർശിത സർക്കാർ ഉത്തരവ് റദ്ദാക്കുന്നതായും ഹർജിക്കാരന് വിരമിക്കൽ തീയതി മുതൽ പെൻഷൻ നൽകാനും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് കെ.എസ്.ആർ. പാർട്ട് 3-യിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാകയാൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും വിധിക്കായി കാത്തിരിക്കുകയുമാണ്. ടി ഹർജിയിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്കുമാത്രമെ ശ്രീമതി ഗിരിജാദേവിയുടെ നിലവിലെ അപേക്ഷ പരിശോധിക്കാനാകൂ എന്ന വിവരം 5-11-2019-ലെ 1135157/പെൻ-ബി2/2019/ധന. നമ്പർ കത്ത് പ്രകാരം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്.

(ബി) ശ്രീമതി ബി. ഗിരിജാദേവി ആനുകൂല്യങ്ങൾക്കായി കടുത്തുരുത്തി എം.എൽ.എ. ശ്രീ. മോൻസ് ജോസഫ് മുഖേന ധനകാര്യ വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിരിക്കുന്നത് 28-8-2019-ലാണ്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.

പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനായി പാപ്പൻ പി. വി. ഫയൽ ചെയ്ത OA(EKM)1001/2017 നമ്പർ ഹർജിയുടെ 19-12-2018-ലെ വിധി കെ.എസ്.ആർ. പാർട്ട് 3-യിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാകയാൽ ധനകാര്യ വകുപ്പ് അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും വിധിക്കായി കാത്തിരിക്കുകയുമാണ്. നിലവിലുള്ള ചട്ടപ്രകാരം ശ്രീമതി ഗിരിജാദേവിക്ക് കുടിശ്ശിക സംബന്ധിച്ച് അർഹതയില്ല.

(സി) ഈ ഫയൽ നിലവിൽ ധനകാര്യവകുപ്പിലാണുള്ളത്.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ

83 (4116) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) നോട് ഏതൊക്കെ വിഷയങ്ങളിൽ പഠിച്ച് റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഗിഫ്റ്റ് നിലവിൽ എത്ര റിപ്പോർട്ടുകൾ ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഗിഫ്റ്റ്-ന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുകയാണ് പഠന റിപ്പോർട്ടുകൾ സമർപ്പിച്ചതിനുള്ള ഫീസിനത്തിൽ ധനവകുപ്പ് നൽകിയിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഇനി നൽകുവാനുള്ള തുകയുടെ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ സ്കീമിനെക്കുറിച്ച് പഠിക്കുവാൻ ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ഏൽപ്പിച്ച ഏക പഠന വിഷയത്തിന്മേലുള്ള റിപ്പോർട്ട് ഗിഫ്റ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ സ്കീമിനെക്കുറിച്ച് പഠിക്കുവാൻ ഫീസിനത്തിൽ 1 കോടി 24 ലക്ഷം രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായി 62 ലക്ഷം രൂപ ഇതിനകം നൽകിയിട്ടുണ്ട്.

## നിത്യനിധി ഡെയ്‌ലി ഡെപ്പോസിറ്റ് സ്കീം

84 (4117) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള മണി ലെൻഡേഴ്സ് നിയമപ്രകാരം നിത്യ നിധി ഡെയ്‌ലി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനാവശ്യമായ ലൈസൻസുകൾ ഏതെല്ലാമാണ്; ഇത്തരം ലൈസൻസുകൾ ഇല്ലാതെ ചില സംഘടനകൾ സംസ്ഥാനത്ത് എൻ.എൻ.ഡി. കളക്ഷൻ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതി ആർക്കാണ് സമർപ്പിക്കേണ്ടതെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ അനുമതി ഇല്ലാതെ എൻ.എൻ.ഡി. കളക്ഷൻ നടത്തുന്ന സംഘടനകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെന്നും ശിക്ഷകളെന്തെന്നും വ്യക്തമാക്കാമോ;

(സി) നിത്യ സമ്പാദ്യ നിധി, അനധികൃത ചിട്ടികൾ എന്നിവ ചില സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്നതായി പരാതിപ്പെട്ടാൽ സർക്കാർ അവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ധനകമ്മി കുറച്ച് വരുമാന വളർച്ച സാധ്യമാക്കി ധനദൃഢീകരണം**

85 (4118) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കാതെ നികുതി-നികുതിയേതര വരുമാന വളർച്ചയിലൂടെ കമ്മി കുറയ്ക്കുകയെന്ന സംസ്ഥാനത്തിന്റെ തന്ത്രം, രാജ്യം നേരിടുന്ന സാമ്പത്തിക തകർച്ചയും തത്ഫലമായി ഉപഭോഗത്തിലും കേന്ദ്ര നികുതി വിഹിതത്തിലും ഉണ്ടാകാനിടയുള്ള കുറവും കാരണം ഫലപ്രദമാകാതെ പോകാനിടയുണ്ടോ; ഈ പ്രശ്നം എങ്ങനെ മറികടക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) ഈ പശ്ചാത്തലത്തിൽ സംസ്ഥാന താല്പര്യം പരിഗണിക്കാതെ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങളിൽ മാറ്റംവരുത്തിയത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ടോ;

(സി) സംസ്ഥാനത്ത് ധനദൃഢീകരണം സാധ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കാതെ നികുതി-നികുതിയേതര വരുമാന വളർച്ചയിലൂടെ കമ്മി കുറയ്ക്കുകയെന്നതാണ് സംസ്ഥാനത്തിന്റെ നയം. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ

ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവുമൂലം കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വരാനിടയുണ്ട്. ഇതേത്തുടർന്ന് കേന്ദ്ര സർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും. പദ്ധതി പദ്ധതിയേതര ചെലവുകളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇത് ഒരു പരിധിവരെ മറികടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഉണ്ട്. കേന്ദ്രനികുതി വിഹിതത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകേണ്ട നികുതി വിഹിതം മാറ്റിവയ്ക്കാതെ രാജ്യരക്ഷാ പ്രവർത്തനങ്ങൾക്കും ആഭ്യന്തര സുരക്ഷയ്ക്കുമായുള്ള ചെലവ് മാറ്റിയതിനുശേഷം നികുതി വിഭജനം നടത്തുന്നതും സംസ്ഥാനങ്ങൾക്ക് ലഭിക്കാനുള്ള നികുതി വിഹിതം സാരമായി കുറയുന്നതിന് കാരണമാകും.

(സി) വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് പ്രവർത്തിക്കുന്നത്.

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

86 (4121) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ചെലവ് ചുരുക്കുവാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോൾ തന്നെ പ്രതിമാസം ലക്ഷക്കണക്കിന് രൂപ ചെലവു വരുന്ന ക്യാബിനറ്റ് റാങ്കോടുകൂടിയ നിയമനങ്ങൾ സംസ്ഥാനത്ത് നടക്കുന്നത് നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അനാവശ്യ ചെലവുകളും ദൂർത്തും ഒഴിവാക്കി സംസ്ഥാനത്തിന്റെ അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിലും സംസ്ഥാനത്ത് ആയത് പ്രകടമല്ലാത്തത് സർക്കാർ നടത്തുന്ന മേൽ പ്രവർത്തനങ്ങളുടെ വിജയംകൂടിയാണ്. അതേസമയം സംസ്ഥാനത്തിന്റെ പൊതുതാത്പര്യം മുൻനിർത്തി കാബിനറ്റ് റാങ്കോടുകൂടിയ ചില നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വികസനം ലക്ഷ്യമിട്ടാണ് ഇത്തരം നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി

അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുവാനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കികൊണ്ട് സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാന തിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. മേൽ നടപടികളുടെ ഫലമായി സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

87 (4122) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് എത്രയെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക സേവിംഗ്സ്/എക്സസ് ഇനത്തിലുണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ

88 (4123) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-ന് ശേഷം ധനകാര്യ വകുപ്പിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

2016-നുശേഷം ധനകാര്യ വകുപ്പ് ബജറ്റ് ഹാൾ വിപുലീകരണവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണവും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സോസൈറ്റി വഴി നടപ്പിലാക്കി. ധനകാര്യ വകുപ്പിലെ ബഡ്ജറ്റ് ഹാൾ നവീകരിച്ചതിന്റെ അസൽ ബില്ലുകൾ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് സൂക്ഷ്മ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്കുശേഷം തിരികെ ലഭ്യമായിട്ടില്ലാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരിച്ചതിൽ നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## പൊതുമരാമത്ത് റോഡുകളിലെ മരങ്ങളുടെ ലേലം

89 (4124) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് 21-8-2019-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പൊതുമരാമത്ത് റോഡുകളിലെ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന മരങ്ങളുടെ ലേലം അംഗീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർമാർക്കുണ്ടായിരുന്ന അധികാര പരിധി കുറച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(ബി) ലേലം അംഗീകരിച്ചുകിട്ടാൻ ബന്ധപ്പെട്ട ഭരണവകുപ്പിലും തുടർന്ന് ധനകാര്യ വകുപ്പിലും ഫയലുകൾ പരിശോധിക്കണമെന്ന അവസ്ഥ അനാവശ്യ കാലതാമസത്തിനിടയാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 21-8-2019-ലെ സ.ഉ.(അ)നമ്പർ 111/2019/ധന ഉത്തരവുപ്രകാരം 'Sanction Lease of usufructs of trees and land'-ന് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള നിലവിലെ അധികാരം 7 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുളന്തുരുത്തി ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന് ധനാനുമതി

90 (4125) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റോഡ് ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായുള്ള ധന വകുപ്പിന്റെ അനുമതി സംബന്ധിച്ച ധനവകുപ്പ് ഫയൽ നമ്പർ 1124475-ന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി ധനാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മുളന്തുരുത്തി റോഡ് ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രോപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## ദേശീയ മഹിളാ പ്രധാൻ സേവിംഗ്സ്

91 (4126) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മഹിളാ പ്രധാൻ ഏജന്റ് അപ്രതീക്ഷിതമായി മരണപ്പെട്ടാൽ സേവിംഗ്സ് പദ്ധതി തുടരാൻ കഴിയാത്ത അവസ്ഥയാകുന്നതും പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഏജൻസി മരണപ്പെട്ടയാളുടെ ബന്ധുക്കൾക്ക് നിശ്ചിത കാലയളവിൽവരെ തുടർന്ന് കൊണ്ടുപോകുന്നതിനുള്ള സാധ്യത പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഹിളാ പ്രധാൻ ഏജന്റ് അപ്രതീക്ഷിതമായി മരണപ്പെട്ടാൽ പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നില്ല. നിക്ഷേപകർക്ക് തുക നേരിട്ട് പോസ്റ്റോഫീസിൽ അടയ്ക്കുകയോ മറ്റ് ഏജന്റുമാർ മുഖേന നിക്ഷേപം നടത്തുകയോ ചെയ്യാവുന്നതാണ്.

(ബി) പരിഗണനയിലില്ല. മഹിളാപ്രധാൻ ഏജൻസി അനുവദിക്കുന്നത് കേന്ദ്ര സർക്കാർ രൂപകൽപ്പന ചെയ്തിട്ടുള്ള ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ASLASS-3 പ്രകാരമുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത കരാറിൽ ഏജൻസി കൈമാറ്റം അനുവദിക്കുന്നില്ല. ഏജന്റ് മരണപ്പെടുന്നതോടുകൂടി പ്രസ്തുത കരാർ റദ്ദാകുന്നു.

## ജി.എസ്.ടി. റീഫണ്ടും വാറ്റ് നികുതി കുടിശ്ശികയും

92 (4127) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതിനെ തുടർന്ന് 2017 ജൂൺ 30 വരെയുള്ള വാറ്റ് നികുതി കുടിശ്ശികയിൽ കേന്ദ്ര ജി.എസ്.ടി.വകുപ്പ് ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എന്തൊക്കെ ഇളവുകളാണ് പ്രഖ്യാപിച്ചത്;

(ബി) ജി.എസ്.ടി. റീഫണ്ട് ഇനത്തിൽ ചെറുകിട ഇടത്തരം സംരംഭകർക്ക് തുക ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ചരക്കുസേവന നികുതി വകുപ്പ് വാറ്റ് നികുതി കുടിശ്ശികയ്ക്ക് ഇളവുകൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ആംനസ്റ്റി പദ്ധതി നടപ്പിലാക്കി പലിശ, പിഴ എന്നിവയിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ലഭിച്ച 3903 റീഫണ്ട് അപേക്ഷകളിൽ 3001 അപേക്ഷകൾ തീർപ്പാക്കുകയുണ്ടായി. ചില കേസുകളിൽ വ്യാപാരികൾ ആവശ്യമായ രേഖകൾ യഥാസമയം സമർപ്പിക്കുവാനുണ്ടായ കാലതാമസം കാരണമാണ് റീഫണ്ട് പ്രോസസ് ചെയ്യുന്നതിന് താമസമുണ്ടായത്.

(സി) 23-8-2019 വരെ ലഭിച്ച എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനും തുടർന്ന് ലഭിക്കുന്ന അപേക്ഷകൾ 60 ദിവസത്തിനകം തീർപ്പാക്കുന്നതിനും എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## നികുതി കുടിശ്ശിക

93 (4128) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പിന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള നികുതിയുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത്രയധികം തുക പിടിച്ചെടുക്കാതെ കുടിശ്ശിക ആയി കിടക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2019-ലെ കണക്കനുസരിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 13305.87 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. ഇതിൽ പിരിച്ചെടുക്കാവുന്ന തുക 3807.60 കോടി രൂപയാണ്. ബാക്കി തുക വിവിധതരം സ്റ്റേയിലും മറ്റ് നടപടികളിലും ഉൾപ്പെട്ടതാണ്.

(ബി) വിവിധ അപ്പീൽ അധികാരികളുടെയും കോടതികളുടെയും സ്റ്റേകൾമൂലം നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കാതെ വരുന്നുണ്ട്. കൂടാതെ റവന്യൂ റിക്കവറി സാധ്യമല്ലാത്തതിനാൽ റവന്യൂ അധികാരികൾ റിക്വിസിഷൻ തിരിച്ചയച്ച കേസുകളും ഉൾപ്പെടുന്നു.

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ബഹു.ധനകാര്യ മന്ത്രിയുടെയും ബഹു.റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. കൂടാതെ നികുതി സെക്രട്ടറിയും നികുതി കമ്മീഷണറവും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറി അവലോകനം നടത്തി.

3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്.

**ജി.എസ്.ടി. സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

94 (4129) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നെറ്റ് വർക്ക് സംവിധാനം കാര്യക്ഷമമല്ലാത്തത് വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നു സമാഹരിക്കുന്ന നികുതിപ്പണം മുഴുവനായും സർക്കാരിലേക്ക് അടയ്ക്കുന്നുണ്ടോ എന്ന പരിശോധന ഫലപ്രദമല്ലാതാക്കി തീർത്തിരിക്കുന്നതിന് എന്തു പരിഹാര മാർഗമാണുള്ളത്;

(ബി) മുമ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചുമത്തിയിരുന്ന വിവിധ തീരുവ-നികുതികളെക്കാൾ കുറവാണ് ജി.എസ്.ടി. നികുതി ഭാരമെങ്കിലും ആ കുറവ് ഉപഭോക്തൃ വിലയിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാനം കാര്യക്ഷമമാണോ; പല അവശ്യ വസ്തുക്കളിന്മേലുള്ളതിനേക്കാൾ നികുതി നിരക്കു കുറവായിരുന്നിട്ടും സ്വർണ വ്യാപാരമേഖലയിൽ നിന്ന് വ്യാപാരത്തിനാനുപാതികമായി നികുതി ലഭിക്കാത്ത പ്രശ്നം ഉണ്ടോ;

(സി) സംസ്ഥാനങ്ങൾക്കുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കിലെടുത്ത് കേന്ദ്രസർക്കാരിനോട് സി.എ.ജി. ചൂണ്ടിക്കാട്ടിയിട്ടുള്ള പിഴവ് തീർത്ത് ജി.എസ്.ടി. സംവിധാനം അടിയന്തരമായി കാര്യക്ഷമമാക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം വിഭാവനം ചെയ്ത റിട്ടേൺ ഫയലിംഗ് സംവിധാനം (ജി.എസ്.ടി.ആർ 1, ജി.എസ്.ടി.ആർ 2, ജി.എസ്.ടി.ആർ 3) പൂർണ്ണമായും നടപ്പാക്കുന്നത് ഇതുവരെയും സാധ്യമായിട്ടില്ല. ഇതുകാരണം വ്യാപാരികളുടെ കൈമാറ്റങ്ങളെ സംബന്ധിച്ച സൂക്ഷ്മവും കാര്യക്ഷമവുമായ പരിശോധന നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. എന്നിരുന്നാലും നിലവിൽ ലഭ്യമായ ജി.എസ്.ടി.ആർ 3, ബി.ജി.എസ്.ടി.ആർ 1 വിവരങ്ങളുടെ അടിസ്ഥാനത്തിലും ഇ-വേ ബിൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പ് നടത്തിവരുന്നു. കൂടാതെ രണ്ട് കോടി രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ 2017-18-ലെ വാർഷിക റിട്ടേൺ സമർപ്പിക്കാനുള്ള അവസാന തീയതി 2019 നവംബർ 30 ആണ്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് കാര്യക്ഷമമായ പരിശോധന നടത്താവുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ ലളിതമായ രീതിയിലുള്ള പുതിയ റിട്ടേൺ സംവിധാനം നടപ്പിലാക്കുമെന്ന് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇത് വ്യാപാര കൈമാറ്റങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായേക്കും.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സാധന സേവനങ്ങൾക്ക് മേൽ നികുതി നിരക്ക് കുറച്ചതുമായി ബന്ധപ്പെട്ട് അതിന്റെ പ്രയോജനം ഉപഭോക്താക്കളിലേയ്ക്ക് എത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിലേയ്ക്കായി ജി.എസ്.ടി. നിയമം 171-ാം വകുപ്പ് പ്രകാരമാണ് ആന്റി പ്രോഫിറ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഉപഭോക്താക്കളിൽനിന്നും ലഭിക്കുന്ന പരാതികൾ കുറവായതിനാൽ സംസ്ഥാന ചരക്ക് സേവനനികുതി വകുപ്പ് കണ്ടുപിടിച്ച കേസുകൾ കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് കമ്മിറ്റി മുമ്പാകെ

അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ പലതിലും പിഴ ചുമത്തിയിട്ടുണ്ട്. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സ്വർണ വ്യാപാര മേഖലയിലെ നികുതി ഘടന വാറ്റ് സമ്പ്രദായത്തിലും ജി.എസ്.ടി.-യിലും വ്യത്യസ്തമാണ്. ആയതിനാൽ ഈ മേഖലയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു.

(സി) ഈ വിഷയത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് സി.എ.ജി. റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഇതിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. സി.എ.ജി. ചൂണ്ടിക്കാട്ടിയിട്ടുള്ള പിഴവുകൾ ജി.എസ്.ടി. കൗൺസിലിൽ പലപ്പോഴായി സംസ്ഥാനങ്ങൾ ഉന്നയിച്ചിട്ടുള്ളവയാണ്.

## വാറ്റ് കുടിശ്ശിക ബില്ലുകൾ

95 (4130) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾ കൃത്യസമയത്ത് വിറ്റുവരവ് വിവരങ്ങൾ നൽകിയിട്ടും അവർക്ക് വാറ്റ്കുടിശ്ശിക ബില്ലുകൾ നൽകാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ എത്ര പേർക്ക് വാറ്റ് കുടിശ്ശിക ബിൽ നൽകിയിട്ടുണ്ട് അറിയിക്കാമോ;

(സി) വാറ്റ് കുടിശ്ശിക ബിൽ നൽകുന്നത് സർക്കാർ പിൻവലിച്ചോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) വാറ്റ് കുടിശ്ശിക ബിൽ ലഭിച്ചതിനെ തുടർന്ന് പത്തനംതിട്ടയിൽ ഒരു വ്യാപാരി മരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) KVATIS-ൽ വിവിധ മോഡ്യൂളുകളിൽ ലഭ്യമായ വിവരങ്ങൾ സ്കൂട്ടിണിക്ക് വിധേയമാക്കി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇപ്രകാരം ഓരോ സാമ്പത്തിക വർഷങ്ങളിലും സ്വയം നികുതി നിർണ്ണയം നടത്തിയ റിട്ടേണുകൾ, ചെക്ക് പോസ്റ്റ് വിവരങ്ങൾ, വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ, റയിൽവേ പോർട്ട് വഴി ചരക്കുകൾ കൊണ്ടുവന്ന വിവരങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന വിശദാംശങ്ങൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അപാകതകളുണ്ടെങ്കിൽ നികുതി നിർണ്ണയം നടത്തുന്നതിലേയ്ക്കായി നോട്ടീസ് നൽകും. വാറ്റ് നിയമപ്രകാരമുള്ള നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് പ്രത്യേകമായി തയ്യാറാക്കിയ മൊഡ്യൂൾ വഴി നോട്ടീസുകൾ ജനറേറ്റ് ചെയ്ത് വ്യാപാരികൾക്ക് അയച്ചത്.

(ബി) നാളിതുവരെയുള്ള കണക്കനുസരിച്ച് സ്കൂട്ടിനി മോഡ്യൂൾ വഴി 24,347 കേസുകളിലാണ് പ്രീ-അസസ്മെന്റ് നോട്ടീസുകൾ ജനറേറ്റ് ചെയ്തിട്ടുള്ളത്.

(സി) വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ ജനറൽ സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകളിൽ നിയമ വകുപ്പുമായി ആലോചിച്ചുമാത്രമെ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, എ.ജി.-യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്മെന്റ് നടപടികൾ തുടരുന്നതാണ്.

(ഡി) പത്തനംതിട്ട ചരക്കുസേവന നികുതി കാര്യാലയത്തിൽ ശ്രീ. കെ. മത്തായി ഡാനിയേൽ, കുന്നത്ത് റബ്ബേഴ്സ് ആന്റ് ഹിൽ പ്രൊഡ്യൂസ് എന്ന വ്യാപാരിയുടെ 2013-14 മുതൽ 2016-17 വരെയുള്ള സ്വയം നിർണ്ണയം നടത്തിയ റിട്ടേണുകൾ സ്കൂട്ടിണിക്ക് വിധേയമാക്കി അപാകതകൾ കണ്ടതിനെത്തുടർന്ന് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. പ്രസ്തുത നോട്ടീസിന് രേഖാമൂലം മറുപടി നൽകുന്നതിനും ഹിയറിംഗിനും അവസരം ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത വ്യാപാരിയുടെ മരണത്തിന് ഇതുമായി യാതൊരു ബന്ധവുമില്ല. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ട ആവശ്യമില്ല.

## വാറ്റ് കുടിശ്ശിക തിരിച്ചുപിടിക്കാനായുള്ള ജനറൽ സ്കൂട്ടിണി സോഫ്റ്റ്‌വെയർ

96 (4131) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് കുടിശിക തിരിച്ചുപിടിക്കാനായി വാണിജ്യവകുപ്പ് രൂപകല്പന ചെയ്ത ജനറൽ സ്കൂട്ടിനി സോഫ്റ്റ് വെയർ തയ്യാറാക്കിയിത് ആരുടെ നിർദ്ദേശപ്രകാരമാണ്;

(ബി) വ്യാപകമായ തെറ്റുകൾ ഉണ്ടായിട്ടുള്ള ഈ സോഫ്റ്റ് വെയറിന് ചെലവായ തുക എത്ര എന്ന് അറിയിക്കുമോ;

(സി) ഇത് തയ്യാറാക്കിയ കമ്പനി ഏതാണെന്നും കമ്പനിയെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത സോഫ്റ്റ് വെയറിന്റെ നടപടിക്രമവുമായി സർക്കാർ മുന്നോട്ട് പോകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-2-2016-ൽ ചേർന്ന ജി.എസ്.ടി. സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റിട്ടേൺ സ്ക്രൂട്ടിണി സോഫ്റ്റ്‍വെയർ തയ്യാറാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ G.O.(Rt)No.834/2017/Taxes dated 11-10-2017 എന്ന ഉത്തരവുപ്രകാരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് സ്ക്രൂട്ടിണി മോഡ്യൂൾ തയ്യാറാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്ക്രൂട്ടിണി മൊഡ്യൂൾ തയ്യാറാക്കുന്നതിന് 5,41,500 രൂപ ചെലവായിട്ടുണ്ട്.

(സി) KVATIS ആപ്ലിക്കേഷൻ വികസിപ്പിക്കുകയും പിന്നീട് അതിന്റെ തുടർപരിപാലനം നിർവ്വഹിക്കുകയും ചെയ്തിരുന്ന ടാറ്റ കൺസൾട്ടൻസി സർവീസ് ലിമിറ്റഡ് (ടി.സി.എസ്.) എന്ന കമ്പനിയാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറുടെ നേരിട്ടുള്ള നിർദ്ദേശപ്രകാരം മൊഡ്യൂൾ തയ്യാറാക്കിയത്.

(ഡി) വ്യാപാരികളുടെ പ്രതിനിധികളുമായി 30-10-2019-ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇനിമുതൽ ജനറൽ സ്ക്രൂട്ടിണി മൊഡ്യൂൾ വഴി നോട്ടീസുകൾ നൽകേണ്ടതില്ലെന്നും ഇതുവരെ നൽകിയ നോട്ടീസുകളെ സംബന്ധിച്ച് നിയമവകുപ്പുമായി ചർച്ച ചെയ്ത് തുടർനടപടികൾ കൈക്കൊള്ളാമെന്നും തീരുമാനം എടുത്തിട്ടുണ്ട്.

**കടലാസ് രഹിത ട്രഷറി**

97 (4132) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള ബില്ലുകൾ ഐ.റ്റി. സംവിധാനം ഉപയോഗിച്ച് സ്പാർക്കിലൂടെയാണോ തയ്യാറാക്കുന്നത്; അറിയിക്കാമോ;

(ബി) പ്രസ്തുത ബില്ലിന്റെ പകർപ്പ് ബന്ധപ്പെട്ട ട്രഷറിക്ക് നൽകണമെന്ന വ്യവസ്ഥ വേണ്ടെന്ന് വച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പേപ്പർ രഹിത ശമ്പള ബില്ലിലേക്ക് മാറുന്നതിന് വേണ്ടിയാണോ ഈ വ്യവസ്ഥ ഒഴിവാക്കിയത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ.

(ബി&സി) നിലവിൽ ഡി.ഡി.ഒ. ഒപ്പിട്ട കടലാസ് ബില്ലുകൾ ട്രഷറിക്ക് സമർപ്പിക്കണമെന്ന വ്യവസ്ഥ വേണ്ടെന്ന് വച്ചിട്ടില്ല. എന്നാൽ 4-10-2019-ലെ G.O.(P)No.135/2019/Fin പ്രകാരം ധനകാര്യ ട്രഷറി വകുപ്പുകളിലെ 10/2019 മുതലുള്ള ശമ്പള ബില്ലുകൾ കടലാസുരഹിതമാക്കി ഡി.ഡി.ഒ.- മാരുടെ ഡിജിറ്റൽ സിഗ്നേച്ചർ സഹിതം ഓൺലൈനായി മാത്രം സമർപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥലപരിമിതിക്ക് പരിഹാരം**

98 (4133) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം പള്ളുരുത്തി സബ് ട്രഷറി ഓഫീസിലെ സ്ഥല സൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ട്രഷറി സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇത് എവിടെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെട്ടിടത്തിൽ കൂടുതൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനാവശ്യമായ സ്ഥലസൗകര്യം ലഭ്യമല്ല. ട്രഷറി അങ്കണത്തോട് ചേർന്നുള്ള സ്ഥലം ഷീറ്റിട്ട് പെൻഷൻകാർക്കും ഇടപാടുകാർക്കും ആവശ്യമായ വിശ്രമസ്ഥലം ഒരുക്കിയിട്ടുണ്ട്. അതിൽ ആവശ്യമായ കസേരകളും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽ റീസർവ്വേ 616/2, 616/10 എന്നീ നമ്പറുകളിൽ ഉള്ള 5.5 സെന്റ് സ്ഥലം ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തുകയും ടി സ്ഥലം ട്രഷറി വകുപ്പിന് കൈമാറ്റം ചെയ്യാനുള്ള അപേക്ഷ വകുപ്പ് ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം കൈമാറി കിട്ടിയാലുടൻതന്നെ ട്രഷറി അടിസ്ഥാന വികസന പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ട്രഷറി ക്യൂ സിസ്റ്റത്തിലേയ്ക്ക് മാറ്റിയ ബില്ലുകൾ

99 (4134) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾ ട്രഷറിയിൽ സമർപ്പിച്ചതും ,ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയതുമായ ബില്ലുകൾ എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയ ബില്ലുകളിൽ എത്ര തുക ഈ സാമ്പത്തിക വർഷം അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തുക ഈ വർഷത്തെ വിഹിതത്തിൽ നിന്നും ആണോ അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അപ്രകാരമാണ് തുക അനുവദിച്ചതെങ്കിൽ പ്രാദേശിക സർക്കാരുകളുടെ ഈ വർഷത്തെ വികസന പ്രവർത്തനങ്ങളെ അത് ദോഷകരമായി ബാധിക്കുകയില്ലേ;വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം 837.66 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകളിൽ 825.23 കോടി രൂപയുടെ ബില്ലുകൾ ഈ സാമ്പത്തിക വർഷം 6-11-2019 വരെ മാറി നൽകിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽനിന്നാണ് പ്രസ്തുത തുകകൾ അനുവദിച്ചിട്ടുള്ളത്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 20 ശതമാനത്തിനുമുകളിൽ വരുന്ന സ്പിൽ ഓവർ പദ്ധതികൾക്ക് തുക ആവശ്യമായി വരുന്നപക്ഷം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ സബ്ട്രഷറികൾക്ക് സ്വന്തം കെട്ടിടം

100 (4135) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശ്രീകണ്ഠപുരം, ആലക്കോട് എന്നീ സബ്ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ട്രഷറി വകുപ്പിനുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണം ഈ സർക്കാരിന്റെ ഭരണകാലത്തുതന്നെ പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീകണ്ഠപുരം സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ശ്രീകണ്ഠപുരം വില്ലേജിൽ 8.75 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടനിർമ്മാണം ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിനായി വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ ഭരണാനുമതി ലഭ്യമാക്കി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. ആലക്കോട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സജീവ പരിഗണനയിലാണ്. സ്ഥലം കൈമാറ്റ നടപടികൾ പൂർത്തിയായതിനുശേഷം കെട്ടിട നിർമ്മാണം ഭരണാനുമതിക്കുവിധേയമായി ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) ഉണ്ട്. കെട്ടിട നിർമ്മാണവും പുനരുദ്ധാരണവും എന്ന ഘടകത്തിലായി 13 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ട്രഷറി വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടങ്ങളുടെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ പ്രതീക്ഷിത ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) രണ്ട് കെട്ടിടങ്ങളുടെയും പദ്ധതികൾ പ്രാരംഭദിശയിലാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന സമയം കണക്കാക്കാനാകുകയുള്ളൂ.

**പള്ളിക്കത്തോട് ട്രഷറിയുടെ പുതിയ കെട്ടിടം**

101 (4136) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പള്ളിക്കത്തോട് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പള്ളിക്കത്തോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള 15 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് വിട്ടുനൽകുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമായിട്ടുണ്ട്. ജില്ലാ കളക്ടർ മുഖാന്തരം സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതിക്കുവിധേയമായി പ്രസ്തുത സ്ഥലത്ത് പള്ളിക്കത്തോട് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതാണ്.

(സി) ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജില്ലാ കളക്ടറിൽനിന്നും ഭൂമി കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ലോട്ടറി വിൽപ്പനയിലെ വർദ്ധനവ്**

102 (4137) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലോട്ടറി വില്പനയിൽ എത്ര കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വ്യാപകമായ തോതിൽ നടക്കുന്ന ലോട്ടറി ചൂതാട്ടം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ)

| സാമ്പത്തിക വർഷം | വരുമാനം (കോടിയിൽ) | വരുമാനത്തിലെ വർദ്ധനവ് (കോടിയിൽ) |
|---|---|---|
| 2016-17 | 7,394.91 | 1,077.18 |
| 2017-18 | 9,034.25 | 1,639.35 |
| 2018-19 | 9,262.70 | 228.45 |

(ബി) സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പലപ്പോഴും ലോട്ടറി ചൂതാട്ടം നടക്കുന്നുവെന്ന വിഷയം മാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ലോട്ടറി നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ജില്ലാ ഭരണാധികാരി അദ്ധ്യക്ഷനായി മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത ലോട്ടറി ചൂതാട്ടം, വ്യാജ ലോട്ടറി വിപണനം എന്നിവ നടത്തുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ വ്യാജ ലോട്ടറികളുടെ നടത്തിപ്പ് ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് പോലീസിനെ അറിയിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ ലോട്ടറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ നമ്പർ നൽകിയിട്ടുള്ളതും ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾ, സ്റ്റേറ്റ് മോണിറ്ററിംഗ് സെൽ എന്നിവർക്ക് അറിയിപ്പ് നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ലോട്ടറി വകുപ്പിന്റെ നവീകരണവും ആധുനികവൽക്കരണവും**

103 (4138) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വിൽപ്പനയിലൂടെയുള്ള വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളും അതുവഴി കൈവരിക്കാനായ വരുമാന ലാഭം സംബന്ധിച്ചും വെളിപ്പെടുത്തുമോ;

(ബി) ലോട്ടറി വകുപ്പിന്റെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും ഈ സർക്കാർ കൈക്കൊണ്ടുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം സമ്മാനങ്ങളുടെ തുകയിലും എണ്ണത്തിലും വർദ്ധനവുവരുത്തി സമ്മാന ഘടന നിരവധി തവണ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. 30 രൂപ മുഖവിലയുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ നിലവിൽ 105.6 ലക്ഷം വരെ അച്ചടിക്കുന്നുണ്ട്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ഓഫീസുകൾക്കുപുറമേ 18 സബ് ഓഫീസുകൾകൂടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നവകേരള (NK-1) എന്ന പേരിൽ ഒരു ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തുകയും അറ്റാദായമായി 16.57 കോടി രൂപ സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ലാഭം (കോടിയിൽ) |
|---|---|
| 2016-17 | 1691.05 |
| 2017-18 | 1695.05 |
| 2018-19 | 1673.11 |

(ബി)

1. സംസ്ഥാനത്ത് പുതുതായി 18 സബ് ലോട്ടറി ഓഫീസുകൾ ആരംഭിക്കുകയും പ്രസ്തുത ഓഫീസുകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ഉൾപ്പെടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയും ചെയ്തു.

2. കപ്പാസിറ്റി സർവറുകളുടെ അഭാവത്തിൽ വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നിർവ്വഹിക്കുന്നതിനും ഏജന്റുമാർക്ക് സമയബന്ധിതമായി സർവ്വീസുകൾ ലഭ്യമാക്കുന്നതിനും രണ്ട് ഹൈ എൻഡ് സർവറുകൾ KSITM മുഖേന വാങ്ങുകയുണ്ടായി.

3. വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലും hardware enhancement, Network revamping എന്നിവ നടപ്പിലാക്കി.

4. വലിയ തോതിലുള്ള പണമിടപാട് നടത്തുന്ന ഓഫീസുകളായതിനാൽ വകുപ്പിനുകീഴിലുള്ള 19 ഓഫീസ് ലൊക്കേഷനുകളിൽ സി.സി.ടി.വി.

ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഓഫീസുകളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

5. വകുപ്പിന്റെ ബിസിനസ് ട്രാൻസാക്ഷനുകൾ സമയബന്ധിതമായി ഓഡിറ്റ് നിർവ്വഹിക്കുന്നതിന് കോഴിക്കോട് കേന്ദ്രമായി ഒരു ഇന്റേണൽ ഓഡിറ്റ് വിംഗ് ഓഫീസ് ആരംഭിച്ചു.

6. ടിക്കറ്റുകളിൽ കൂടുതൽ സെക്യൂരിറ്റി ഫീച്ചറുകൾ സി-ഡിറ്റിന്റെ സഹായത്തോടെ നടപ്പിൽവരുത്തുകയും ഭാഗ്യക്കുറി ടിക്കറ്റുകളുടെ രൂപകൽപ്പന സ്റ്റാന്റേർഡൈസ് ചെയ്യുന്നതിന് സി-ഡിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ലാബ് ഡയറക്ടറേറ്റിൽ ആരംഭിക്കുകയും ചെയ്തു.

7. തിരുവനന്തപുരം ജില്ലാ ലോട്ടറി ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയുണ്ടായി. കൂടാതെ ആലപ്പുഴ, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, താമരശ്ശേരി ഭാഗ്യക്കുറി സബ് ഓഫീസ് എന്നിവിടങ്ങളിൽ ഫർണിഷിംഗ് പുരോഗമിക്കുന്നു.

8. വകുപ്പിന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന പഴയ കെൽട്രോൺ സോഫ്റ്റ്‌വെയറിന് പകരം പുതിയ സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യാൻ തീരുമാനിക്കുകയും എൻ.ഐ.സി. പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ച് സെക്യൂരിറ്റി ഓഡിറ്റിംഗ് നിർവ്വഹിക്കുന്നതിനായി STQC-ക്ക് കൈമാറുകയും ചെയ്തു.

9. ടിക്കറ്റ് genuiness പരിശോധിക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, പോർട്ടൽ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## ലോട്ടറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കാൻ നടപടി

104 (4139) ശ്രീ. പി. ഉണ്ണി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറി നടത്തിപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും വർദ്ധിച്ച സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതരസംസ്ഥാന ലോട്ടറികളെ ശക്തമായി പ്രതിരോധിക്കുന്നതിന് വേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ലോട്ടറി ക്ഷേമനിധി ആനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലോട്ടറിയുടെ സമ്മാനഘടന പരിഷ്കരിച്ച ഘട്ടങ്ങളിൽ പ്രതിവാര ഭാഗ്യക്കുറികൾക്കായി പൊതുപരസ്യങ്ങൾ ആകർഷകമായി രൂപകൽപ്പന ചെയ്ത് പത്രമാധ്യമങ്ങൾ വഴി നൽകിയിട്ടുണ്ട്. കൂടാത കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികൾക്കായി പ്രത്യേക പരസ്യവും പ്രചരിപ്പിച്ചിട്ടുണ്ട്. വർഷത്തിൽ ആറ് നറുക്കെടുപ്പുകൾ വരുന്ന ബമ്പർ ഭാഗ്യക്കുറികൾ വിപണിയിൽ ഇറക്കുമ്പോൾ നറുക്കെടുപ്പിന് മുന്നോടിയായി അച്ചടി മാധ്യമങ്ങളെക്കൂടാതെ ടെലിവിഷൻ ചാനലുകൾ, റേഡിയോ ചാനലുകൾ, പി.ആർ.ഡി. നിരക്കുള്ള മറ്റ് പ്രചാരണ മാധ്യമങ്ങൾ എന്നിവയിലും പരസ്യം നൽകാറുണ്ട്. സവിശേഷ സാഹചര്യങ്ങളിൽ ടിക്കറ്റുകളുടെ ഡിമാന്റ് കണക്കിലെടുത്ത് തിയേറ്റർ കമ്പനികൾ, ഓൺലൈൻ പോർട്ടലുകൾ, LED Walls, റെയിൽവേ ജിംഗിൾസ് എന്നിവ വഴിയും പരസ്യം ജനങ്ങളിലെത്തിക്കാറുണ്ട്.

നവകേരള നിർമ്മിതിക്കായി വകുപ്പ് നടപ്പിലാക്കിയ നവകേരള ലോട്ടറിയുടെ പ്രചരണാർത്ഥം മേൽപ്പറഞ്ഞ അച്ചടി, ദൃശ്യ-ശ്രാവ്യ നവമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, കൂടാതെ കുടുംബശ്രീ നേതൃത്വത്തിലുള്ള രംഗശ്രീ ഗ്രൂപ്പുകൾ മുഖേന ജില്ലകൾ തോറും തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുകയും ബ്രോഷറുകൾ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വിപുലമായ പരസ്യ പ്രചാരണത്തിന്റെ ഭാഗമായി തിരുവോണം ബമ്പർ ഉൾപ്പെടെയുള്ള ഭാഗ്യക്കുറികൾക്ക് പുതിയ പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് ചാനലുകൾ, തിയേറ്ററുകൾ എന്നിവ മുഖേന പ്രദർശിപ്പിക്കുകയും ഡാംഗ്ലറുകൾ അച്ചടിച്ച് ഏജന്റുമാർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ലോട്ടറി നറുക്കെടുപ്പ് സുതാര്യമാക്കുന്നതിനായി ജനപ്രതിനിധികൾ, പൊതു പ്രവർത്തകർ, അഭിഭാഷകർ, സാഹിത്യ-സാംസ്കാരിക രംഗത്തെ പ്രമുഖർ, പത്ര-ദൃശ്യ മാധ്യമ പ്രതിനിധികൾ, ഉന്നത തസ്തികകളിൽനിന്നും വിരമിച്ചവർ എന്നിവരടങ്ങുന്ന ആറംഗ ജഡ്ജിംഗ് പാനലാണ് നറുക്കെടുപ്പ് നിയന്ത്രിക്കുന്നത്. ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് സുതാര്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ള മെഷീനാണ് നറുക്കെടുപ്പിനായി ഉപയോഗിക്കുന്നത്. ഓരോ നറുക്കെടുപ്പിനുമുമ്പും ജഡ്ജിംഗ് കമ്മിറ്റി അംഗങ്ങളുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിൽ ടി മെഷീൻ പരിശോധിച്ച് ട്രയൽ റൺ നടത്തിയ ശേഷമാണ് നറുക്കെടുപ്പിന് ഉപയോഗിക്കുന്നത്. സുതാര്യത ജനങ്ങളെ

ബോധ്യപ്പെടുത്തുന്നതിനായി നറുക്കെടുപ്പ് നടപടികൾ പൂർണ്ണമായും കൈരളി, കൗമുദി, ജയ്ഹിന്ദ്, ജീവൻ എന്നീ ചാനലുകളിലൂടെ തൽസമയം സംപ്രേഷണം നടത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് നറുക്കെടുപ്പ് വീക്ഷിക്കുന്നതിനും അനുവാദമുണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പും സി-ഡിറ്റുമായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കുകയും ടിക്കറ്റുകളിൽ Microletters Pattern, Guilloche Pattern, Opaque text pattern, Relief Pattern, Voild Photograph pattern, Invert microline pattern എന്നീ ആറ് സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന ഓരോ ഘട്ടത്തിലും സൂക്ഷ്മമായ നിരീക്ഷണവും പരിശോധനയും ഉണ്ടാകണമെന്ന് പ്രസ്സുകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) നിയമാനുസൃതമല്ലാത്ത ഇതര സംസ്ഥാന ലോട്ടറികളുടെ വിൽപ്പന പ്രതിരോധിക്കാൻ കർക്കശ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ലോട്ടറി റെഗുലേഷൻ ഭേദഗതി റൂൾസ് പ്രകാരം കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന ആരംഭിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ ഇതുസംബന്ധിച്ച് പുറത്തിറക്കിയിരിക്കുന്ന റൂൾ, ഭേദഗതികൾ, വിജ്ഞാപനങ്ങൾ എന്നിവ അനുസരിച്ച് മാത്രമേ കേരളത്തിൽ ഇതര സംസ്ഥാന ഭാഗ്യക്കുറി വിൽപ്പന സാധിക്കുകയുള്ളൂ. പ്രസ്തുത നിയമങ്ങൾ ലംഘിച്ച് വിൽപ്പന നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധന സാമഗ്രികൾ പിടിച്ചെടുക്കുന്നതിനും മേൽ ഭേദഗതികൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. 2017 ജൂലൈ മാസത്തിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ മിസോറാം ലോട്ടറി ടിക്കറ്റുകൾ കേരളത്തിനുള്ളിൽ വിൽപ്പന നടത്താനുള്ള ശ്രമം നിയമ നടപടികളിലൂടെ പരാജയപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡ് മുഖേന വിതരണം ചെയ്യുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

| ഓണം ഉത്സവബത്ത | | |
|---|---|---|
| വർഷം | ക്ഷേമനിധി അംഗങ്ങൾക്കുള്ള ഉത്സവബത്ത (രൂപ) | പെൻഷൻകാർക്കുള്ള ഉത്സവബത്ത (രൂപ) |
| 2015 | 4,000 | 700 |

| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം | | |
|---|---|---|
| വർഷം | ക്ഷേമനിധി അംഗങ്ങൾക്കുള്ള ഉത്സവബത്ത (രൂപ) | പെൻഷൻകാർക്കുള്ള ഉത്സവബത്ത (രൂപ) |
| 2016 | 5,000 | 1,000 |
| 2017 | 5,500 | 1,500 |
| 2018 | 6,000 | 2,000 |
| 2019 | 6,000 | 2,000 |

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് അനുവദിച്ചുവന്നിരുന്ന 500 രൂപ പെൻഷൻ (ക്ഷേമനിധി പെൻഷനുകൾ ഏകീകരിച്ചതുവഴി) 1,100 രൂപയാക്കി വർദ്ധിപ്പിച്ചു. പ്രസ്തുത പെൻഷൻ തുക 2019 ഏപ്രിൽ മുതൽ 1,200 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് യൂണിഫോം, മോട്ടോറൈസ്ഡ് ട്രൈ സ്കൂട്ടർ, ബീച്ച് അംബ്രല്ല എന്നിവ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ ക്ഷേമനിധി അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പത്താംതരം വിജയിച്ചിട്ടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സംയോജിച്ച് പത്താംതരം തുല്യത പഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി നടപ്പിലാക്കി.

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങളായവരും പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിൽ ദുരിതത്തിൽപ്പെട്ടവരുമായ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ടിക്കറ്റുകൾ നഷ്ടപ്പെടുകയോ/കേടുപാടുകൾ സംഭവിക്കുകയോ, വിൽക്കാൻ സാധിക്കാതെ വരികയോ ചെയ്തതുമൂലം സാമ്പത്തിക നഷ്ടം സംഭവിച്ചവർക്കും ആശ്വാസ ധനസഹായം നൽകുകയുണ്ടായി.

**ഭാഗ്യക്കുറി സമ്മാനത്തുക ലഭ്യമാകുന്നതിലെ കാലതാമസം**

105 (4140) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുള്ളവർക്ക് ഭാഗ്യക്കുറി ലഭിച്ചാൽ സമ്മാനത്തുക ലഭിക്കുവാൻ മാസങ്ങൾ എടുക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) 2017-ലെ കാരുണ്യ ലോട്ടറി ഒന്നാം സമ്മാനമായ ഒരു കോടി രൂപ അടിച്ച കോയമ്പത്തൂർ സ്വദേശിക്ക് ഇനിയും തുക കൈമാറാത്ത സാഹചര്യം എന്താണെന്ന് പരിശോധിക്കുമോ;

(സി) 2018-ലെയും 2019-ലെയും ആറ് ഒന്നാം സമ്മാന ടിക്കറ്റിലേതുൾപ്പെടെ ഇതര സംസ്ഥാനക്കാർക്ക് അടിച്ച 8.02 കോടിയുടെ സമ്മാനത്തുക ഇനിയും കൈമാറാനായിട്ടുണ്ടോ;

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനിടെ നറുക്കെടുത്ത ലോട്ടറികളിൽ പൂജാ ബംബറും സമ്മർ ബംബറും വിഷു ബംബറും കാരുണ്യയും ഉൾപ്പെടെ എഴുപത്തിനാല് ലോട്ടറികളുടെ ഒന്നാം സമ്മാനങ്ങൾ നേടിയത് ഇതര സംസ്ഥാനത്തുള്ളവരാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവർക്ക് സമ്മാനത്തുക കയ്യിൽ ലഭിക്കുന്നത് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന് പുറത്ത് താമസിക്കുന്നവർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റുകളുടെ സമ്മാന വിതരണം വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് നടത്തുന്നത്. സമ്മാന വിതരണത്തിന് ആവശ്യമായ രേഖകളെല്ലാം സമ്മാന ടിക്കറ്റിനൊപ്പം സമർപ്പിക്കുകയാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ ചെയ്യുന്ന മുറയ്ക്ക് സമ്മാനത്തുക അനുവദിച്ചുവരുന്നു. രേഖകൾ ഹാജരാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് സമ്മാനത്തുക വിതരണം വൈകുന്നതിന് കാരണം.

(ബി) കോയമ്പത്തൂർ സ്വദേശിയായ വ്യക്തി കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനർഹമായ ടിക്കറ്റുകൾ തുടർച്ചയായി ഹാജരാക്കുന്ന സംശയാസ്പദമായ സാഹചര്യത്തിലാണ് തുക വിതരണം നടത്താത്തത്.

(സി) അന്യസംസ്ഥാന സമ്മാനർഹർ സമ്മാന വിതരണത്തിന് ആവശ്യമായ രേഖകൾ എല്ലാം നോട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയാൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സമ്മാന വിതരണം നടത്തിവരുന്നു. ടി തുകയിൽ ഒരു കോടി രൂപ മാത്രമേ വിതരണം ചെയ്യാൻ ബാക്കിയുള്ളൂ.

(ഡി) ഉണ്ട്. പ്രസ്തുത സമ്മാനാർഹരിൽ ഭൂരിഭാഗവും കേരളത്തിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാനക്കാരാണ്.

(ഇ) ലോട്ടറി ചട്ടങ്ങൾക്കനുസരിച്ചുമാത്രമേ സമ്മാനവിതരണം നടത്താൻ നിർവ്വാഹമുള്ളൂ. നോട്ടറി സാക്ഷ്യപ്പെടുത്തിയ ആവശ്യമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് സമ്മാനവിതരണം നടത്തിവരുന്നു. സമ്മാന വിതരണത്തിന് ആവശ്യമായ രേഖകളുടെ കുറവുകൊണ്ടോ കോടതി കേസുകൾകൊണ്ടോ ആണ് സമ്മാനത്തുക വിതരണം വൈകുന്നത്.

## ലോട്ടറി വിൽപ്പനയിലൂടെ ലഭിച്ച വരുമാനം

106 (4141) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി വിൽപ്പനയിലൂടെ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ സമ്മാനത്തുകയായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| സാമ്പത്തിക വർഷം | വരുമാനം (കോടിയിൽ) |
|---|---|
| 2016-17 | 7,394.91 |
| 2017-18 | 9,034.25 |
| 2018-19 | 9,262.7 |

(ബി)

| സാമ്പത്തിക വർഷം | സമ്മാന ഇനത്തിൽ ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2016-17 | 3,016.71 |
| 2017-18 | 4,303.17 |
| 2018-19 | 4,587.70 |

## കെ.എഫ്.സി.-യുടെ റവന്യൂ റിക്കവറി നടപടികൾ

107 (4142) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ റവന്യൂ റിക്കവറി നടപടികൾ റവന്യൂ വകുപ്പിൽ നിന്നും മാറ്റി സ്വകാര്യ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) അസറ്റ് റിക്കവറി ചുമതല റിലയൻസ് എന്ന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി ഉടമകളുമായി കെ.എഫ്.സി.യോ സർക്കാരോ ചർച്ച നടത്തിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂ റിക്കവറി നടപടികൾക്കായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി കളക്ടർ അടക്കമുള്ള തസ്തികകൾ നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കെ.എഫ്.സി. റവന്യൂ റിക്കവറിക്ക് സർഫാസി ആക്ട് ഉപയോഗിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) സർക്കാർ അധീനതയിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും റവന്യൂ റിക്കവറിക്ക് നിലവിലുള്ള സംവിധാനത്തിനുപകരം അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താനും സർഫാസി ആക്ട് നടപ്പിലാക്കുന്നതിനും സർക്കാരിന് ഉദ്ദേശ്യമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(എഫ്) റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ നാളിതുവരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കെ.എഫ്.സി. അടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളും സർഫാസി, ഡെറ്റ്സ് റിക്കവറി ട്രിബ്യൂണൽ (DRT) വഴിയുള്ള റിക്കവറി നടപടികളും നിലവിലുണ്ട്. റവന്യൂ ഉദ്യോഗസ്ഥരെ കെ.എഫ്.സി.-യിൽ നിലനിർത്തി ആർ.ആർ. നടപടികൾ ചെയ്യുന്നതിനുപകരം ബാങ്കുകൾ ചെയ്യുന്നതുപോലെ നേരിട്ട് ജില്ലാ കളക്ടർ വഴി ആർ.ആർ. നടപടികൾ തുടരാനാണ് കെ.എഫ്.സി. ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല. സർഫാസി നിയമം അനുസരിച്ച് നിഷ്ക്രിയ ആസ്തികൾ അസറ്റ് റീ കൺസ്ട്രക്ഷൻ (ARC) കമ്പനികൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ കെ.എഫ്.സി.-യിൽ നിലവിലുണ്ടെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(സി) ഇല്ല. 24-10-2019-ാം തീയതിയിലെ പി.യു.എ. 1/90/2015-ധന നമ്പർ സർക്കാർ കത്തുപ്രകാരം കെ.എഫ്.സി.-യിൽ ജോലി ചെയ്യുന്ന റവന്യൂ ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യാൻ കെ.എഫ്.സി.-ക്ക് നിർദ്ദേശം നൽകി.

എന്നാൽ റവന്യൂ റിക്കവറി ജീവനക്കാരെ പുനർ വിന്യസിപ്പിക്കുന്നതിനും ഓഫീസുകളിലെ ഫയലുകൾ റവന്യൂ വകുപ്പ് ഏറ്റെടുക്കുന്നതിനും മറ്റു നടപടികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി 31-1-2020 വരെ സാവകാശം നൽകിയിട്ടുണ്ട്.

(ഡി) വായ്പാ കുടിശ്ശിക ഈടാക്കാൻ 2011-12 സാമ്പത്തിക വർഷം മുതൽ തന്നെ സർഫാസി നിയമം കെ.എഫ്.സി.-യിൽ നടപ്പിലാക്കിയിട്ടുണ്ട്. കെ.എഫ്.സി. ഉദ്യോഗസ്ഥർതന്നെയാണ് സർഫാസി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നത്. ഇവരെ നിയമപരമായി സഹായിക്കുന്നതിനായി താഴെപ്പറയുന്ന ഏജൻസികളെയും നിയമിച്ചിട്ടുണ്ട്.

(1) കെ. സി. പി. കൺസൾട്ടൻസ് തിരുവനന്തപുരം (2) ശ്രീ. ആന്റണി വർഗ്ഗീസ്, കൊച്ചി (3) സിനർജി അസോസിയേറ്റ്സ്, കണ്ണൂർ (4) പ്രിവിറ്റി സർവ്വീസ് പ്രൊവൈഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി.

(ഇ) തീരുമാനമെടുത്തിട്ടില്ല.

(എഫ്) 2013-14 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒടുക്കിയിട്ടുണ്ട്. 2014-15 മുതൽ 2018-19 വരെയുള്ള റവന്യൂ റിക്കവറി ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് തുക ഇനത്തിൽ കോർപ്പറേഷൻ കണക്കാക്കിയിട്ടുള്ള തുകയും കോർപ്പറേഷനിലെ റവന്യൂ റിക്കവറി സെക്ഷൻ കണക്കാക്കിയ തുകയും തമ്മിൽ വലിയ പൊരുത്തക്കേട് ഉള്ളതിനാൽ ആയത് റവന്യൂ വകുപ്പുമായി ചർച്ച ചെയ്ത് തീർപ്പാക്കി തുക അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വകാര്യ കമ്പനി

108 (4143) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിലവിലുള്ള റവന്യൂ വകുപ്പിനെ ഒഴിവാക്കി സ്വകാര്യ കമ്പനിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിനെ ഒഴിവാക്കേണ്ടി വന്ന സാഹചര്യവും ആയതിന് ചുതലപ്പെടുത്തിയ പുതിയ സ്വകാര്യ കമ്പനിയുടെ വിശദാംശങ്ങളും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2014 മുതൽ 2018 വരെയുള്ള കാലയളവിൽ ആകെ 34.84 ലക്ഷം രൂപയാണ് റവന്യൂ റിക്കവറി വിൽപ്പന വഴി കെ.എഫ്.സി.-ക്ക് ലഭിച്ചത്.

ഈ കാലയളവിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് ചെലവുകൾക്കുമായി 540 ലക്ഷം രൂപയാണ് കെ.എഫ്.സി.-യോട് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്ര വലിയ ഒരു ചെലവിൽ ആർ.ആർ. ഉദ്യോഗസ്ഥരെ നിലനിർത്തുന്നത് കെ.എഫ്.സി.-യുടെ സാമ്പത്തിക ബാധ്യത കൂട്ടുന്നതിനാലാണ് കെ.എഫ്.സി.-യിൽ പ്രത്യേകമായി റവന്യൂ സ്റ്റാഫിന്റെ സേവനം വേണ്ടെന്ന് കെ.എഫ്.സി.-യുടെ ബോർഡ് തീരുമാനിച്ചത്. റവന്യൂ റിക്കവറി ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നതിനും ഓഫീസുകളിലെ ഫയലുകൾ റവന്യൂ വകുപ്പ് ഏറ്റെടുക്കുന്നതിനും മറ്റ് നടപടികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി 31-1-2020 വരെ സാവകാശം നൽകിയിട്ടുണ്ട്. കെ.എഫ്.സി.-യുടെ റിക്കവറി നടപടികൾക്ക് സ്വകാര്യ കമ്പനികളെ ചുമതലപ്പെടുത്തിയിട്ടില്ല.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ മീഡിയ കൺസൾട്ടന്റ്

109 (4144) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ പ്രവാസി ചിട്ടി ഓഫീസിൽ മീഡിയ കൺസൾട്ടന്റ് ആയി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമനം നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ നിയമനത്തിന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; ഈ നിയമനത്തിന് കെ.എസ്.എഫ്.ഇ. ബോർഡിന്റെ അംഗീകാരം ഉണ്ടോ എന്നറിയിക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. യിലെ നിയമനങ്ങൾ പി.എസ്.സി. യും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖേന ആയിരിക്കേ മീഡിയ കൺസൾട്ടന്റ് എന്ന പേരിൽ പിൻവാതിൽ നിയമനം നടത്താൻ ഉത്തരവ് നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(ഇ) മീഡിയ കൺസൾട്ടന്റ് ആയി നിയമിച്ച വ്യക്തിയുടെ സേവന വേതന വ്യവസ്ഥകൾ എന്താണ്; പ്രസ്തുത വ്യക്തി എന്ത് ജോലിയാണ് കെ.എസ്.എഫ്.ഇ. യ്ക്ക് വേണ്ടി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ തസ്തികയിൽ പ്രസ്തുത വ്യക്തി എന്നാണ് ജോലിയിൽ പ്രവേശിച്ചത്; ഇതിനോടകം ശമ്പളവും മറ്റ് അലവൻസുകളുമായി എത്ര രൂപ കൈപ്പറ്റിയിട്ടുണ്ടെന്ന് പറയാമോ;

(ജി) കെ.എസ്.എഫ്.ഇ.-യിലെ നിയമന വ്യവസ്ഥകൾക്ക് വിരുദ്ധമായി നിയമനം നേടിയ വ്യക്തിയുടെ നിയമനം റദ്ദാക്കി ടിയാൾക്ക് നൽകിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മീഡിയ കൺസൾട്ടന്റായി ആരെയും കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി ഓഫീസിൽ നിയമിച്ചിട്ടില്ല.

(ബി-ജി) ബാധകമല്ല.

## കെ.എസ്.എഫ്.ഇ.-യുടെ ഡൊമസ്റ്റിക് ചിട്ടികളിൽ മൊബൈൽ ആപ്പ്

110 (4145) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ ഡൊമസ്റ്റിക് ചിട്ടികളിൽ മൊബൈൽ ആപ്പ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി കരാർ എടുത്തത് ആരാണ്; എത്ര രൂപയ്ക്കാണ് ഈ കരാർ നൽകിയത്;

(സി) കരാർ നൽകിയ കമ്പനി സോഫ്റ്റ്‌വെയർ വികസനരംഗത്ത് മുൻപരിചയമുള്ള കമ്പനിയാണോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഓർഡർ നൽകിയിട്ടുണ്ട്.

(ബി) M/s Aiwire Technology Systems Private Limited and Consortium Partners (Through Ripples Technologies Pvt Ltd., and VST Mobility Solutions), 9A, Carnival Technopark, Thiruvananthapuram എന്നീ സ്ഥാപനങ്ങൾക്ക് 67,14,800 രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്.

(സി) Consortium പങ്കാളിക്ക് സോഫ്റ്റ്‌വെയർ വികസനരംഗത്ത് മുൻ പരിചയമുണ്ട്.

**കെ.എസ്.എഫ്.ഇ. ചിട്ടികൾ**

111 (4146) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾ കൂടുതൽ ആധുനികവത്കരിക്കുന്നതിനായി ചിട്ടി തുക ഓൺലൈനായി അടയ്ക്കുന്നതിന് സൗകര്യമൊരുക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ ഡിജിറ്റൽ പണമിടപാട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചിട്ടിത്തുക ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യമൊരുക്കിക്കഴിഞ്ഞു. ഓരോ വരിക്കാരനും അവരുടെ കസ്റ്റമർ ഐ.ഡി.-യും ശാഖയുടെ അക്കൗണ്ടുള്ള ബാങ്കിന്റെ വിവരങ്ങളും ശേഖരിച്ച് ചിട്ടിത്തുക ഓൺലൈനായി അടയ്ക്കാവുന്നതാണ്. മൊബൈൽ ആപ്പും വെബ് പോർട്ടൽ വഴിയും പണമിടപാടുകൾ നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ 2020 ജനുവരിയോടെ സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ**

112 (4147) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുടെ പ്രധാന സോഫ്റ്റ്‌വെയർ ആയ കോൾ ആപ്ലിക്കേഷനിൽ ഇനി ഏതൊക്കെ മൊഡ്യൂളുകളാണ് വികസിപ്പിക്കാനുള്ളത്;

(ബി) ചിട്ടി ഇടപാട് സംബന്ധമായ എല്ലാ വിവരങ്ങളും ഈ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോർ ആപ്ലിക്കേഷനിൽ ചിറ്റാൾ നീക്കം ചെയ്യൽ, സബ്സ്റ്റിറ്റ്യൂഷൻ, നിക്ഷേപങ്ങൾ പുതുക്കുന്നത്, ചിട്ടി ബാലൻസ് ഷീറ്റ് ഓൺലൈനായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഫയൽ ചെയ്യുന്നത്, റിക്കവറി, കാലാവധി പൂർത്തിയാക്കിയ ചിട്ടികൾ അവസാനിപ്പിച്ച് ജാമ്യ നിക്ഷേപം തിരികെ വാങ്ങുന്നത് എന്നീ മൊഡ്യൂളുകൾ വികസിപ്പിക്കാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) കൂടുതൽ ഉപഭോക്തൃ സൗഹൃദം ആക്കുന്നതിന്റെ ഭാഗമായി നിരന്തരമായ കൂട്ടിച്ചേർക്കലുകൾ ആപ്ലിക്കേഷനിൽ നടത്തിവരുന്നു.

**കെ.എസ്.എഫ്.ഇ. ഇടപാടുകാരുടെ നഷ്ടപരിഹാരം**

113 (4148) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കെ.എസ്.എഫ്.ഇ. എത്ര കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്;

(ബി) ഇനി എത്ര രൂപ നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നൽകിയ തുക എങ്ങനെ തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന് എന്തെങ്കിലും ഗ്യാരന്റി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 15 കോടി രൂപ 4% വാർഷിക പലിശ നിരക്കിൽ 18 മാസ കാലാവധിയിലേയ്ക്ക് വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ.-ക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ ആദ്യ ഗഡുവായ 7.5 കോടി രൂപ 3-3-2018-ന് നൽകുകയുണ്ടായി. രണ്ടാമത്തെ ഗഡു നൽകുന്നതിനുമുമ്പായി പണാപഹരണത്തിന് ഉത്തരവാദിയായവരിൽനിന്ന് 50% തുക തിരികെ പിടിച്ചതിനുശേഷം മാത്രമെ നൽകാവൂയെന്ന് ഗവൺമെന്റ് ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തതിനാൽ രണ്ടാമത്തെ ഗഡു ഇതുവരെ നൽകിയിട്ടില്ല.

(സി) കെ.എസ്.എഫ്.ഇ.-യും കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും തമ്മിൽ 20-2-2018-ന് ഒപ്പിട്ട MoU-ന്റെ അടിസ്ഥാനത്തിൽ 7.5 കോടി രൂപ 4% വാർഷിക പലിശയോടെ 18 മാസ കാലാവധിയിൽ തിരിച്ചടയ്ക്കാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. വായ്പയ്ക്ക് കേരള ഗവൺമെന്റ് സഹകരണ വകുപ്പ് സെക്രട്ടറി 18 മാസ കാലാവധിയിലേയ്ക്കുള്ള ഒപ്പിട്ട സോപാധിക ഗ്യാരണ്ടി ഡീഡ് ഉണ്ട്. നിലവിലെ ഗ്യാരണ്ടി ഡീഡിന്റെ കാലാവധി കഴിഞ്ഞതിനാൽ ഒരു വർഷത്തേയ്ക്കുകൂടി കാലാവധി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിലും ഓഫീസുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ

114 (4149) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിലും ഓഫീസുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനുള്ള കരാർ നൽകിയത് ആർക്കാണ്; എത്ര രൂപയ്ക്കാണ് കരാർ നൽകിയത്;

(സി) ഈ ഓഫീസുകളിൽ എത്ര സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. ഓഫീസുകളിൽ സി.സി.ടി.വി. സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 4-11-2019-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 144 ബ്രാഞ്ച് ഓഫീസുകളിലും 7 റീജിയണൽ ഓഫീസുകളിലുമാണ് ആദ്യഘട്ടമെന്ന നിലയിൽ സി.സി.ടി.വി. സംവിധാനങ്ങൾ സ്ഥാപിക്കുന്നത്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനാണ് (കെൽട്രോൺ) കരാർ നൽകിയിട്ടുള്ളത്. യൂണിറ്റ് ഒന്നിന് 1,46,500 രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്.

(സി) ബ്രാഞ്ച് ഒന്നിന് 7 ക്യാമറകൾ വീതം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കെ.എസ്.എഫ്.ഇ.-യുടെ ലാഭം

115 (4150) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ. എത്ര രൂപയുടെ ലാഭം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.-യുടെ ഇടപാടുകാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ 2018-19 സാമ്പത്തിക വർഷത്തിലെ നികുതിക്കുമുമ്പുള്ള ലാഭം 122 കോടി രൂപയും നികുതിക്കുശേഷമുള്ള ലാഭം 81 കോടി രൂപയും ആണ്.

(ബി) കെ.എസ്.എഫ്.ഇ. ചിട്ടിയുടെ തവണ സംഖ്യകൾ ഏത് ശാഖയിൽ വേണമെങ്കിലും അടയ്ക്കാനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ വീട്ടിലിരുന്ന് ഓൺലൈനായി പണമടയ്ക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. മൊബൈൽ ആപ്പും വെബ് പോർട്ടൽ വഴിയും പണമിടപാടുകൾ നടത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ 2020 ജനുവരിയോടെ സാധ്യമാക്കാനാണുദ്ദേശിക്കുന്നത്.

## കെ.എസ്.എഫ്.ഇ.-യുടെ ഹെഡ് ഓഫീസ് നവീകരണം

116 (4151) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ ഹെഡ് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക നൽകിയതെന്ന് വെളിപ്പെടുത്താമോ;

(സി) ടെൻഡർ ക്ഷണിച്ചാണോ പ്രസ്തുത പ്രവൃത്തിക്ക് കരാർ നൽകിയത്; ഇല്ലെങ്കിൽ ടെൻഡർ ക്ഷണിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ ഹെഡ് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 13.48 കോടി രൂപയുടെ കരാറാണ് നൽകിയിട്ടുള്ളത്. ആയതിൽ 7.95 കോടി രൂപ ഇതുവരെ അഡ്വാൻസായി നൽകിയിട്ടുണ്ട്.

(ബി) അന്തിമ ബില്ലുകൾ നിലവിൽ ലഭിച്ചിട്ടില്ല. ആയതിനാൽ 7.95 കോടി രൂപ അഡ്വാൻസ് ഇനത്തിലാണ് നൽകിയിട്ടുള്ളത്.

(സി) ജി.ഒ.(പി)122/2017 ഫിൻ തീയതി 18-09-2017, ജി.ഒ.(പി)95/2017 ഫിൻ തീയതി 25-07-2017 എന്നീ ഉത്തരവുകളുടെ പിൻബലത്തിലാണ് അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ നൽകിയിട്ടുള്ളത്.

## പുന്നമടക്കായൽ ബോട്ട് ലീഗിന് കെ.എസ്.എഫ്.ഇ. വിനിയോഗിച്ച ഫണ്ട്

117 (4152) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പുന്നമടക്കായലിൽ നടക്കുന്ന ബോട്ട് ലീഗുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ എത്ര ലക്ഷം രൂപ നൽകി; ഏത് ഇനത്തിലാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഫണ്ട് വിനിയോഗിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവോ; ഇതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇതുകൊണ്ട് കെ.എസ്.എഫ്.ഇ.-ക്ക് എന്ത് പ്രയോജനമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആലപ്പുഴ പുന്നമടക്കായലിൽ നടക്കുന്ന ബോട്ട് ലീഗുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ. 40 ലക്ഷം രൂപയുടെ സ്പോൺസർഷിപ്പിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. ആയതിൽ ഇതുവരെ 20 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പ് 8-8-2019-ലെ ഇ-മെയിൽ പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 27-8-2019-ലെ 528-ാമത്തെ ബോർഡ് യോഗത്തിൽ 8785 നമ്പർ പ്രകാരം ഇതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) കേരളത്തിൽ മാത്രമല്ല ആഗോലതലത്തിൽ ജനശ്രദ്ധയാകർഷിക്കുന്ന ഇത്തരം സംരംഭങ്ങളിൽ പരസ്യം നൽകുന്നതുവഴി കെ.എസ്.എഫ്.ഇ.-ക്ക് ആഗോളതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുണ്ട്.

## മെഡിസെപ്പ് പദ്ധതി

118 (4153) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്നുമുതൽ ആരംഭിക്കുമെന്നും ജീവനക്കാരിൽ നിന്നും എന്ന് മുതൽ പ്രീമിയം സ്വീകരിച്ച് തുടങ്ങുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ മന്ത്രി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24-04-2017-ലെ സർക്കാർ ഉത്തരവ് (പി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാല കളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/ പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകളെ അടിസ്ഥാനമാക്കിയാണ് മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ വ്യവസ്ഥകളും പട്ടികയും നിരക്കുകളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ നിശ്ചിത ചികിത്സാ പ്രക്രിയകൾക്ക് പണരഹിത ചികിത്സാ സൗകര്യം (cashless facility) ലഭ്യമാക്കുക എന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജീവന് ഭീഷണിയുള്ള

അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്. ഔട്ട് പേഷ്യന്റ് (ഒ.പി.) വിഭാഗ ചികിത്സകൾ പദ്ധതിയിൽ ഉൾപ്പെടുന്നതല്ല. അതിനാൽ കേരള ഗവൺമെന്റ് സർവന്റ് മെഡിക്കൽ അറ്റന്റഡ് ചട്ടങ്ങൾക്ക് (KGSMA Rules, 1960) വിധേയരായ എല്ലാ സർക്കാർ ജീവനക്കാർക്കും റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി (SCTIMST), മലബാർ കാൻസർ സെന്റർ (MCC), കൊച്ചിൻ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രിയിലെയും ഔട്ട് പേഷ്യന്റ് ചികിത്സയ്ക്ക് നിലവിലെ പ്രതിപൂരണ സമ്പ്രദായം (Medical Reimbursement) തുടരുന്നതാണ്.

(ബി) പദ്ധതി നടത്തിപ്പിനായി പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ടുപ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ എന്നിവകൂടി പരിഗണിച്ച് ആർ.എഫ്.പി. (Request fof Proposal) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 1-1-2019-ന് ഇ-ടെണ്ടർ (Tender ID 2019-FIN-2587051) ആയി ആർ.എഫ്.പി. പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48 രൂപ (18% ജി.എസ്.ടി. ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയും 01-08-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ 87/2019/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുകയും ചെയ്തു. എന്നാൽ ആർ.എഫ്.പി. (Request fof Proposal)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദുചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

(സി) റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി എന്നുമുതൽ ആരംഭിക്കുമെന്നും ജീവനക്കാരിൽനിന്നും എന്നുമുതൽ പ്രീമിയം സ്വീകരിച്ച് തുടങ്ങുമെന്നുള്ള വിവരങ്ങൾ ലഭ്യമാകും.

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

119 (4154) ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) അതിന് എന്തെല്ലാം പരിഹാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ മൊത്തം എന്ത് തുക ഒരു വർഷം അടയ്ക്കേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത തുകയ്ക്കുള്ള ഇൻഷുറൻസ് ആനുകൂല്യം ഗുണഭോക്താക്കൾക്ക് ഇൻഷുറൻസ് കമ്പനി നൽകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 1-8-2019 മുതൽ മെഡിസെപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (Request fof Proposal)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദുചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

(സി) റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പ്രീമിയം ഇനത്തിൽ ഒരുവർഷം മൊത്തം അടയ്ക്കേണ്ടിവരുന്ന തുക സംബന്ധിച്ച പദ്ധതി വിവരം ലഭ്യമാകുകയുള്ളൂ.

(ഡി) പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ഡേ കെയർ ചികിത്സാ പ്രക്രിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ബെനിഫിറ്റ് പാക്കേജിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിലെ നിരക്കുപ്രകാരം പരിരക്ഷ ലഭിക്കുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ. പോളിസികൾ**

120 (4155) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന് ഓരോ തവണ മിനിമം പ്രീമിയം തുകയുടെ സ്ലാബിൽ മാറ്റം വരുത്തുമ്പോഴും ജീവനക്കാർ അധികരിപ്പിച്ച തുകയ്ക്ക് വേണ്ടി പ്രത്യേക പോളിസി എടുക്കേണ്ടിവരുന്നതിനാൽ ഒരു ജീവനക്കാരന് തന്നെ നിരവധി പോളിസികൾ എടുക്കേണ്ടത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറ്റ പോളിസി നമ്പറിൽ തന്നെ വർദ്ധിപ്പിക്കുന്ന തുക അടയ്ക്കാൻ സാധ്യമാകുന്ന വിധം എസ്.എൽ.ഐ. സംവിധാനം പരിഷ്കരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ഇൻഷ്വറൻസ് ചട്ടങ്ങൾ പ്രകാരം ഓരോ എസ്.എൽ.ഐ. പോളിസിയും അപേക്ഷകന്റെ ജനനത്തീയതി, വിരമിക്കൽ തീയതി, ഒടുക്കുന്ന പ്രീമിയം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഒരു ഉറപ്പുതുക വാഗ്ദാനം ചെയ്യുന്ന എൻഡോവ്മെന്റ് പോളിസിയാണ്. ഐ.ആർ.ഡി.എ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വിഭാവനചെയ്ത പോളിസിയായതിനാൽ പ്രസ്തുത രീതിയിൽ പരിഷ്കരിക്കാൻ സാധിക്കുകയില്ല.

**ഇൻഷ്വറൻസ് പോളിസി വിതരണം**

121 (4156) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഒക്ടോബർ 30-ന് മുൻപ് എത്ര പോളിസികൾ വിതരണം ചെയ്തു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം ജില്ല തിരിച്ച് നൽകുമോ;

(സി) ഇനി എത്ര പോളിസികളാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

(ഇ) ആദ്യ പ്രീമിയം ഒടുക്കി നിശ്ചിത അപേക്ഷയോടൊപ്പം ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നവർക്ക് പ്രസ്തുത ദിവസം തന്നെ പോളിസി, പാസ്ബുക്ക് എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) എത്ര ജില്ലകളിൽ ഇത് നടപ്പിലാക്കി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഫയൽ തീർപ്പാക്കൽ പദ്ധതിപ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഒക്ടോബർ 30-ന് മുമ്പായി 1,25,727 പോളിസികൾ വിതരണത്തിനായി തയ്യാറാക്കിയതിൽ നാളിതുവരെ 13,894 പോളിസികൾ പോളിസി ഉടമകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശം ഇതോടൊപ്പം ചേർക്കുന്നു.*

(സി) വിതരണത്തിന് തയ്യാറായ 1,11,833 പോളിസികൾ ഉണ്ട്. ശേഷിക്കുന്ന 7,411 പോളിസികൾ വിതരണത്തിനായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) ജില്ലതിരിച്ചുള്ള വിവരം ഇതോടൊപ്പം ചേർക്കുന്നു.*

(ഇ&എഫ്) ആദ്യ പ്രീമിയം ഒടുക്കി നിശ്ചിത അപേക്ഷയോടൊപ്പം ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നവർക്ക് പ്രസ്തുത ദിവസംതന്നെ പോളിസി, പാസ് ബുക്ക് എന്നിവ നൽകുന്നതിന് നിലവിൽ 8 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിലും ഈ സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കയർ ഭൂവസ്ത്ര പദ്ധതി**

122 (4157) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയിട്ടുള്ള കുളങ്ങളുടെയും തോടുകളുടെയും നിലവിലെ അവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കിയ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ എത്രത്തോളം സംരക്ഷിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉപരിജല സ്രോതസ്സുകളെ സംരക്ഷിക്കുന്ന തരത്തിൽ പദ്ധതി ഫലപ്രദമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ ഭൂവസ്ത്ര പദ്ധതിപ്രകാരം സംരക്ഷിക്കപ്പെടുന്ന കുളങ്ങളും തോടുകളും ബന്ധപ്പെട്ട പഞ്ചായത്തിന്റെ ആസ്തിയാണ്. ഭൂവസ്ത്രവിതാനത്തിനുശേഷം സസ്യവൽക്കരണവും ജൈവ പരിപാലനവും തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ വിജയകരമായി നടപ്പിലാക്കുവാൻ കഴിയുന്നുണ്ട്. എന്നാൽ സംസ്ഥാനം രണ്ട് കടുത്ത പ്രളയം അഭിമുഖീകരിച്ചിട്ടുണ്ട്. രൂക്ഷമായ പ്രളയം ബാധിച്ച ജില്ലകളിൽ പദ്ധതിപ്രകാരം സംരക്ഷിക്കപ്പെട്ട തോടുകളും കുളങ്ങളും റോഡുകളുമെല്ലാം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ള ജലസ്രോതസ്സുകളിൽ 75% സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. കയർഭൂവസ്ത്രം കൃത്യമായ രീതിയിൽ വിരിച്ച് മുളയാണി തറച്ചതിനുശേഷം അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിലുള്ള പുൽച്ചെടികൾ നട്ടുപിടിപ്പിക്കുകയാണ് ചെയ്യുന്നത്. പുൽച്ചെടികൾ തിട്ടയിൽപ്പടരുന്നതോടെ തിട്ടകൾ ഇടിയാനുള്ള സാധ്യത ഇല്ലാതാകുകയും അതുവഴി അമൂല്യമായ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും സാധിക്കും. ഭൂവസ്ത്രം വിതാനിക്കുന്നതിന് ആവശ്യമായ പരിപാലനം സിദ്ധിച്ചവരാണ് പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിലെ തൊഴിലാളികൾ എന്നതിനാൽ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കഴിയുന്നുണ്ട്.

(സി) കയർ ഭൂവസ്ത്ര പദ്ധതി, ചകിരി ഉൽപ്പാദനം, കയർപിരി ഉൽപ്പന്ന നിർമ്മാണം എന്നീ മൂന്ന് മേഖലകളിൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതിന് പര്യാപ്തമാണ്. 2016-17 വർഷത്തിൽ സംസ്ഥാനത്ത് കയർ കെട്ടികിടക്കുന്ന അവസ്ഥ നിലവിലുണ്ടായിരുന്നു. മാത്രമല്ല, വിറ്റഴിക്കുന്നതിന് ഉയർന്ന തോതിലുള്ള ഡിസ്കൗണ്ടും നൽകേണ്ടിവന്നു. എന്നാൽ 2017-18 കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലായതോടെ ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കുകയും അതോടൊപ്പം വിപണി വിപുലപ്പെടുകയും ചെയ്തു.

| വർഷം | കയർ ഉത്പാദനം | കയർ സംഭരണം |
|---|---|---|
| 2015-16 | 86702.44 ക്വി. | 78820.40 ക്വി. |
| 2018-19 | 164580 ക്വി. | 157000 ക്വി. |
| വർദ്ധനവ് | 90% | 99.19% |

മേൽ സൂചിപ്പിച്ചതിൽനിന്നും കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉപരിതല ജലസ്രോതസ്സുകളെ സംരക്ഷിക്കുന്ന തരത്തിൽ ഈ പദ്ധതി ഫലപ്രദമാണെന്ന് വ്യക്തമാണ്.

## കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ

123 (4158) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്രം പദ്ധതി വ്യാപകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കയർ ഭൂവസ്ത്രം നിലവിൽ എന്തിനെല്ലാമാണ് ഉപയോഗിക്കുന്നത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കയർ കേരള 2017-നോടനുബന്ധിച്ച് എം.ജി.എൻ.ആർ.ഇ. ജി.എസ്., തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് വിവിധ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 120 കോടി രൂപയുടെ കയർ ഭൂവസ്ത്രം തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മണ്ണ്, ജലസംരക്ഷണ റോഡുനിർമ്മാണ പ്രവർത്തനങ്ങളിൽ വിനിയോഗിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി.

ഇപ്രകാരം ലഭിച്ച ഓർഡറുകളിൽനിന്ന് കയർ കോർപ്പറേഷൻ കയർഫെഡ്, ഫോം മാറ്റിംഗ്സ് എന്നിവയിലൂടെ 43 കോടി രൂപയുടെ 65,11,060 സ്ക്വ.മീറ്റർ കയർ ഭൂവസ്ത്രം നാളിതുവരെ 14 ജില്ലകളിലായി വിതരണം നടത്തിയിട്ടുള്ളതാണ്. ഇതിന് മുന്നോടിയായി കയർ ഭൂവസ്ത്രം സംബന്ധിച്ച് പഞ്ചായത്തിലെ

ജീവനക്കാർക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനായി എൻ.സി.ആർ.എം.ഐ.-യുടെയും കയർഫെഡിന്റെയും നേതൃത്വത്തിൽ ആലപ്പുഴയിൽ ജിയോ ടെക്സ്റ്റൈൽസ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ തൊഴിലാളികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്.

കയർഭൂവസ്ത്രം പി.ഡബ്ല്യു.ഡി. മാന്വലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് സാധ്യമാകും. ഈ വർഷത്തെ കയർ കേരള 2019-മായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ കയർ ഭൂവസ്ത്രപദ്ധതികളുടെ എം.ഒ.യു. ഒപ്പുവയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രാഥമികമായി കയർഭൂവസ്ത്ര സെമിനാറുകൾ ഇതിനോടകംതന്നെ പൂർത്തീകരിച്ചുവരികയാണ്. 7-12-2019-ൽ കയർ കേരളയിലെ ഒരു ദിവസത്തെ സെമിനാർ കയർഭൂവസ്ത്ര പദ്ധതിയെ സംബന്ധിച്ചാണ്. അന്നേ ദിവസംതന്നെ ധാരണാപത്രം ഒപ്പുവയ്ക്കലും നടക്കുന്നതാണ്.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലും കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും ഭൂവസ്ത്രവിതാനത്തിന് ആവശ്യമായ സാങ്കേതിക സഹായവും പരിശീലനവും കയർ കോർപ്പറേഷൻ മുഖേന നൽകിവരികയും ചെയ്യുന്നു. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് താലൂക്ക് അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിൽ കയർ വകുപ്പിന്റെ സഹകരണത്തോടുകൂടി വർക്ക്ഷോപ്പുകളും ട്രെയിനിംഗുകളും വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി ഫോമിൽ മുഖേന നടത്തിവരുന്നുണ്ട്. കയർഫെഡ് വഴി മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സെമിനാറുകൾ, യോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. ആയതുവഴി കയർ ഭൂവസ്ത്രം പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട്.

(സി) മണ്ണ് സംരക്ഷണം, കുളങ്ങളുടെയും തോടുകളുടെയും പാർശ്വഭിത്തി സംരക്ഷണം, മൺകയ്യാല നിർമ്മാണം, റോഡുകളുടെ നിർമ്മാണം, പാടശേഖരങ്ങളുടെ ബണ്ട് സംരക്ഷണം, തീരസംരക്ഷണം, നീർച്ചാലുകളുടെ സംരക്ഷണം, ജലാശയങ്ങളുടെയും മൈനുകളുടെയും സംരക്ഷണം, റെയിൽവേ ട്രാക്കുകളുടെ ചരിവുകളുടെ സംരക്ഷണം എന്നിവയ്ക്കാണ് കയർ ഭൂവസ്ത്രം പ്രധാനമായും ഉപയോഗിക്കുന്നത്.

## വനിതാ കയർ സംഘങ്ങൾക്ക് നൽകുന്ന സഹായം

124 (4159) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വനിത കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ വനിത സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകി വരുന്ന വിവിധ തരത്തിലുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ അപേക്ഷ സമർപ്പിച്ചിട്ട് ഇതുവരെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവാത്ത എത്ര അപേക്ഷകൾ ഉണ്ടെന്നും അവ എതെല്ലാമാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കയർ വികസന വകുപ്പിന്റെ കീഴിലുള്ള ആലപ്പുഴ പ്രോജക്ടിന്റെ പരിധിയിൽ 5 വനിതാ കയർ സഹകരണ സംഘങ്ങളും കായംകുളം പ്രോജക്ടിന്റെ പരിധിയിൽ 2 വനിതാ കയർ സഹകരണ സംഘങ്ങളും ഉൾപ്പെടെ ആകെ 7 വനിതാ കയർ സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങൾക്ക് ചുവടെ ചേർത്തിരിക്കുന്ന സ്കീമുകൾ പ്രകാരം ധനസഹായം നൽകിവരുന്നു:

1. വരുമാനം ഉറപ്പാക്കൽ പദ്ധതി
2. മാനേജീരിയൽ സബ്സിഡി
3. പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ്
4. അടിസ്ഥാന സൗകര്യ വികസനം
5. വർക്കിംഗ് ക്യാപ്പിറ്റൽ
6. സർക്കാർ ഓഹരി പങ്കാളിത്തം
7. കയർഫെഡ് വഴി സബ്സിഡി നിരക്കിൽ ചകിരി വിതരണവും ന്യായവില ഉറപ്പാക്കി കയർ സംഭരണവും.

(ബി) കോഴിക്കോട് ജില്ലയിൽ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ച എലങ്കമൽ വനിത കയർ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകാനുണ്ട്. ടി അപേക്ഷയിൽ സംഘത്തിന്റെ കരട് ബൈലാ ഉൾപ്പെട്ടിട്ടില്ലതാത്തതിനാൽ ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

## ആഗോള വ്യവസായ നിക്ഷേപസംഗമം

125 (4160) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനതലത്തിൽ ആഗോള വ്യവസായ നിക്ഷേപസംഗമം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

ASCEND 2020 എന്ന പേരിൽ ഒരു ആഗോള വ്യവസായ നിക്ഷേപ സംഗമം 2020 ജനുവരിയിൽ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കൂടിയാലോചനകൾ തുടർന്നുവരുന്നു.

## നിർമ്മാണ വസ്തുക്കൾക്ക് കൃത്രിമക്ഷാമം

126 (4161) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കരിങ്കല്ല്, പാറമണൽ, സിമന്റ് തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് കൃത്രിമക്ഷാമം ഉണ്ടാക്കി യാതൊരു നിയന്ത്രണവുമില്ലാതെ തോന്നുന്നപോലെ വിലവർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കൃത്രിമമായി ഉണ്ടാക്കുന്ന വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിർമ്മാണ മേഖലയിലെ വസ്തുക്കൾക്ക് കൃത്രിമമായി വിലക്കയറ്റം ഉണ്ടാകുന്ന പ്രവണത തടയുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ കരിങ്കല്ല്, പാറ, മണൽ, സിമന്റ് തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ക്വാറി ഉടമകളുമായി ചർച്ച നടത്തിവരുന്നുണ്ട്.

(ബി&സി) ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുവാനുള്ള നടപടി സ്വീകരിച്ച് ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തണമെന്ന് ജില്ലാ കളക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വ്യവസായ സൗഹൃദാന്തരീക്ഷം

127 (4162) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശക്തമായ വ്യവസായ സൗഹൃദാന്തരീക്ഷമാണ് നിലനിൽക്കുന്നതെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് ഏതൊക്കെ വൻകിട കമ്പനികൾ വ്യവസായം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിൽ പ്രശ്നങ്ങളിലും നോക്കുകൂലി പ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെട്ട് സമാധാനാന്തരീക്ഷം ഉണ്ടാക്കുന്നതിന് സാധിക്കുന്നുണ്ടോ; തൊഴിൽ പ്രശ്നംമൂലം ഏതെങ്കിലും വൻകിട കമ്പനികൾ ഈ സർക്കാർ വന്നശേഷം പൂട്ടേണ്ട സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിലവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" നിലവിൽ വന്നു.

വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽനിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമെടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. കൂടാതെ സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്ന കാര്യം പരിശോധിക്കാനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായാനുകൂല സാഹചര്യമുള്ള മുൻനിര

സംസ്ഥാനമാക്കാനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന വൻകിട വ്യവസായ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.

1. ഇൻഡ്യ മിഡിൽ ഈസ്റ്റ് ബ്രോഡ്കാസ്റ്റിംഗ് നെറ്റ്വർക്ക് പ്രൈവറ്റ് ലിമിറ്റഡ് (59.39 കോടി)

2. മലബാർ ഇസ്പാറ്റ് ലിമിറ്റഡ് (34.25 കോടി)

3. സൺ പവർ സിമന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (എക്സ്പാൻഷൻ) (24.68 കോടി)

കൂടാതെ കിൻഫ്ര താഴെപ്പറയുന്ന വ്യവസായ പാർക്കുകളിൽ വൻകിട നിക്ഷേപങ്ങൾക്ക് പശ്ചാത്തലമൊരുക്കിവരുന്നു:

- പെട്രോകെമിക്കൽ പാർക്ക്
- ഡിഫൻസ് പാർക്ക്
- മെഗാഫുഡ് പാർക്ക്

(സി) തൊഴിൽ പ്രശ്നംമൂലം വൻകിട കമ്പനികൾ പൂട്ടേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംരംഭങ്ങൾക്കുള്ള കെ.എസ്.ഐ.ഡി.സി. സഹായം

128 (4163) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പത്ത് കോടി രൂപയിൽ കൂടുതൽ നിക്ഷേപം ആവശ്യമുള്ള സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്ത് കോടി രൂപവരെ മുതൽമുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി നേടുന്നതിൽ മൂന്നുവർഷംവരെ സർക്കാർ ഇളവ് നൽകുന്നതിനായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ 7-11-2019-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽനിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമെടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തിരം വ്യവസായം തുടങ്ങാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി. സംരംഭകർക്കായുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിനു വേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ പ്രസ്തുത ഐ.പി.എഫ്.സി.-യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ വരുന്ന സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിനും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വേണ്ട സഹായം നൽകുക, കെ-സ്വിഫ്റ്റിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുക തുടങ്ങിയവയാണ് ഇവരുടെ പ്രധാന ജോലികൾ.

കൂടാതെ സംസ്ഥാനത്തിന്റെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായികാനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഇൻവെസ്റ്റ്മെന്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

എന്നാൽ നിലവിലുള്ള സംരംഭകരിൽ 15 കോടി രൂപയിൽ താഴെയുള്ള സംരംഭങ്ങൾക്ക് ആവശ്യമായി വരുന്ന ലൈസൻസുകൾ, അനുവാദങ്ങൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, പരിശോധനകൾ എന്നിവ ലഭിക്കുന്നതിനായി കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനെയും 15 കോടി രൂപയിന്മേലുള്ള സംരംഭങ്ങൾക്ക് ആവശ്യമായിവരുന്ന ലൈസൻസുകൾ, അനുവാദങ്ങൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, പരിശോധനകൾ എന്നിവ ലഭിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനെയും സമീപിച്ച് ലഭ്യമാക്കാവുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് ഇടത്തരം/വൻകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി 3,500 ലക്ഷം രൂപവരെയുള്ള ലോണുകൾ കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു.

## ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ നിർണ്ണയിച്ച റാങ്ക്

129 (4164) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.) വ്യവസായ നിക്ഷേപസാധ്യത കണക്കിലെടുത്ത് നിർണ്ണയിച്ചിട്ടുള്ള റാങ്കിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണ്; പ്രസ്തുത റാങ്ക് നിർണ്ണയിച്ചിട്ടുള്ളത് എപ്രകാരമാണ് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് നിലവിലുള്ള കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 പരിഷ്കരിച്ച് ഒരു പുതിയ നിയമം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.) ആണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ റാങ്കിംഗ് നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ഡി.ഐ.പി.പി. നിർണ്ണയിക്കുന്നത്.

2018-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 21 ആണ്. പ്രസ്തുത റാങ്കിംഗിൽ കേരളം 44.79 ശതമാനം മാർക്ക് നേടിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി അതിവേഗം സുതാര്യമായി ലഭ്യമാകുന്നതിന് നിലവിലുള്ള 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിക്കുകയും 7-11-2019-ൽ ഇത് ബില്ലായി കേരള നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഇ-ആട്ടോകൾ**

130 (4165) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്ലാന്റ് നവീകരിക്കുന്നതിനും കമ്പനിയെ നഷ്ടത്തിൽ നിന്ന് കരകയറ്റുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ബി) പ്രസ്തുത കമ്പനി ഇ-ആട്ടോകൾ വിപണിയിൽ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇ-ആട്ടോകൾ എന്നത്തേക്ക് വിപണിയിൽ ഇറക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ വിപണി വില എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ കാലപ്പഴക്കമുള്ള പ്ലാന്റ് നവീകരിക്കുന്നതിനായി സർക്കാരിന് പദ്ധതി സമർപ്പിക്കുകയും സർക്കാർ അനുവദിച്ചുനൽകിയ ഏഴ് കോടി രൂപ ഉപയോഗപ്പെടുത്തി പ്ലാന്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കമ്പോളത്തിൽ സ്വീകാര്യമായ ഉൽപ്പന്നം ഇല്ലാത്തതുകാരണം ഉൽപ്പാദന-വിപണനരംഗം ഏകദേശം നിലച്ച് നഷ്ടത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരുന്ന സ്ഥാപനത്തെ കരകയറ്റുന്നതിനായി ഇലക്ട്രിക് ആട്ടോ നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്തു. അതോടൊപ്പം ഇ-ആട്ടോ നിർമ്മാണ നടപടികൾ ആരംഭിക്കുകയും വിപണിയിലിറക്കുന്നതിനാവശ്യമായ എ.ആർ.എ.ഐ.-യുടെ സാക്ഷ്യപത്രം നേടുകയും ചെയ്തു.

(ബി) ഉണ്ട്. ഇ-ആട്ടോ നിർമ്മാണത്തിനുവേണ്ടി സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തി പ്ലാന്റ് ആധുനിവത്കരിക്കുകയും വാഹനം വിപണിയിലിറക്കാനാവശ്യമായ എ.ആർ.എ.ഐ.-യുടെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) ഇ-ആട്ടോകൾ 2019 ഡിസംബർ- 2020 ജനുവരി മാസത്തോടെ വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലെത്തിക്കാൻ സാധിക്കും. അതിന് മുന്നോടിയായി സംസ്ഥാനത്തിനകത്തും പുറത്തും സർവ്വീസ് സെന്ററുകളും സെയിൽസ് ഔട്ട്‌ലെറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിച്ചു.

(ഡി) ഇ-ആട്ടോയുടെ ഏകദേശവില ഇപ്പോൾ രണ്ട് ലക്ഷത്തി എൺപതിനായിരം രൂപയായാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വാഹനം വിപണിയിലിറക്കുന്ന സമയത്തുള്ള അസംസ്കൃത വസ്തുക്കളുടെ വില വ്യതിയാനത്തിനനുസൃതമായി നേരിയ മാറ്റം വരാവുന്നതാണ്.

**ആസ്ട്രൽ വാച്ചസ് കമ്പനി**

131 (4166) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബീച്ച് റോഡിൽ ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്നത് വ്യവസായ വകുപ്പിന്റെ കീഴിലായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനം തുടങ്ങിയതും പൂട്ടിയതും ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം തുടങ്ങിയ സമയത്തും പൂട്ടുന്ന സമയത്തും ഇവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; അവർക്ക് ലഭിച്ചിരുന്ന ശമ്പളം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥാപനം പൂട്ടിയപ്പോൾ ജീവനക്കാരുടെ മുഴുവൻ ആനുകൂല്യങ്ങളും നൽകിയിരുന്നോ; വിശദാംശം നൽകാമോ;

(ഇ) സ്ഥാപനം പ്രവർത്തിച്ചിരുന്നത് എത്ര ഏക്കർ സ്ഥലത്താണെന്നും അന്നും ഇന്നും ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ സ്ഥലം സാമൂഹ്യദ്രോഹികളുടെ താവളമായി മാറാൻ ഏറെ സാധ്യതയുള്ളതിനാൽ അത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ജി) ഇവിടെ ഇപ്പോൾ സെക്യൂരിറ്റി ജീവനക്കാരുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ സ്ഥലത്ത് മറ്റേതെങ്കിലും സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ജി) കാസർഗോഡ് ബീച്ച് റോഡിൽ കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമുള്ള 1.99 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്തിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി, വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ സബ്സിഡിയറി കമ്പനിയായാണ് പ്രവർത്തിച്ചിരുന്നത്.

പ്രസ്തുത സ്ഥാപനം 1978-ൽ പ്രവർത്തനമാരംഭിച്ച് 2002-ൽ പ്രവർത്തന രഹിതമായി സ്ഥാപനം തുടങ്ങിയ സമയത്തും പൂട്ടുന്ന സമയത്തും ഇവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണം, തസ്തിക, ശമ്പളം എന്നിവയെ സംബന്ധിച്ച് വിവരം ലഭ്യമല്ല. സ്ഥാപനം പൂട്ടിയപ്പോൾ ഒരു വിഭാഗം തൊഴിലാളികൾ വി.ആർ.എസ്. പ്രകാരവും മറ്റ് തൊഴിലാളികൾ അർഹമായ എല്ലാ ആനുകൂല്യങ്ങൾ കൈപ്പറ്റിയും പിരിഞ്ഞുപോയിട്ടുള്ളതാണ്. കെ.എസ്.ഐ.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലത്ത് ഒരു സെക്യൂരിറ്റി ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. ആ സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നവീകരണവും വൈവിധ്യവൽക്കരണവും

132 (4167) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിൽ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇവ നടപ്പിലാക്കിയതെന്നും അതിലൂടെ പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും അവിടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) വൈവിധ്യവൽക്കരണത്തിന് ശേഷം ഏതെങ്കിലും സ്ഥാപനം നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ; അതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾ :

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
3. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
4. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)
6. കെൽട്രോൺ കംപൊണെന്റ് കോംപ്ലക്സ് ലിമിറ്റഡ്
7. ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്
8. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
9. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ്

10. ആട്ടോകാസ്റ്റ് ലിമിറ്റഡ്
11. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
12. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
13. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്
14. കേരള സിറാമിക്സ് ലിമിറ്റഡ്
15. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)
16. കെൽപാം
17. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
18. ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
19. ഹാൻടെക്സ്
20. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി.)
21. ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
22. ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
23. ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
24. ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
25. ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
26. മാൽക്കോടെക്സ്.

വൈവിധ്യവത്ക്കരണ നടപടികൾ സ്വീകരിച്ച് വരുന്ന സ്ഥാപനങ്ങൾ :

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
2. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
3. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)

4. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

5. ആട്ടോകാസ്റ്റ് ലിമിറ്റഡ്

6. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

7. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്

8. കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

9. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് - കേരളാ സോപ്പ് യൂണിറ്റ്

10. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

11. ഹാൻവീവ്.

നവീകരണവും വൈവിധ്യവത്ക്കരണവും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതികളെല്ലാം പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം പൂർണ്ണതോതിൽ ആരംഭിച്ച് വിപണനം ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയായെങ്കിലേ ലാഭകരമായ പ്രവർത്തനം ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ. അതിനനുസൃതമായിട്ടായിരിക്കും പുതിയതായി നേരിട്ടും അല്ലാതെയുമുള്ള തൊഴിലവസരങ്ങൾ ഉണ്ടാകുകയുള്ളൂ.

(സി) ഉണ്ട്. സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുത്തിരിക്കുന്നു:

1. കെൽപാം

2. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)

3. ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

4. മാൽക്കോടെക്സ്

5. ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

6. ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

7. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്

8. കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

9. ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്

10. ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

11. ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

12. കേരള സ്റ്റേറ്റ് ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

13. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

14. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

15. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ്

16. ഹാൻടെക്സ്

17. ആട്ടോകാസ്റ്റ് ലിമിറ്റഡ്

18. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്.

നവീകരണവും വിപുലീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കി വരുന്ന പദ്ധതികൾ വിവിധ ഘട്ടത്തിലാണ്. മേൽപ്പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണത്തോടുകൂടി മാത്രമേ കമ്പനികളെ ലാഭത്തിലെത്തിക്കുവാൻ കഴിയുകയുള്ളൂ.

### പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

133 (4168) ശ്രീ. വി. എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ ലാഭവും നഷ്ടവും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മില്ലുകളുടെ തലപ്പത്ത് നിലവിൽ ഇരട്ടപദവി വഹിക്കുന്ന എം.ഡി.-മാർ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം റിയാബിന്റെ മേൽനോട്ടത്തിൽ എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. നിലവിൽ സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വിലക്കൂടുതൽ ഉള്ളതിനാലും ഉല്പന്നങ്ങൾക്ക് വിപണിയിൽ ഡിമാന്റ് കുറയുകയും ചെയ്യുന്നതിനാൽ ഉല്പാദന ചെലവിനെക്കാൾ കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ വിൽക്കേണ്ട സാഹചര്യമുള്ളതിനാലാണ് സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്.

കേരളത്തിലെ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് തയ്യാറാക്കിയ പഠന റിപ്പോർട്ട 6-8-2019-ൽ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അവലോകനം ചെയ്യുകയുണ്ടായി.

(ബി) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്പന്നിംഗ് മില്ലുകളായ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 43.88 കോടി രൂപയും ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് 126.21 ലക്ഷം രൂപയും സീതാറാം ടെക്സ്റ്റൈൽസിന് 727.48 ലക്ഷം രൂപയുമാണ് 2018-19 വർഷത്തെ നഷ്ടമായി കണക്കാക്കിയിട്ടുള്ളത്.

(സി) കൈത്തറി & വസ്ത്ര ഡയറക്ടറായ ശ്രീ. കെ. സുധീറാണ് പ്രസ്തുത മില്ലുകളുടെ എം.ഡി.-യായി അധിക ചുമതല വഹിക്കുന്നത്.

## പൊതുമേഖലാ മില്ലുകളിൽ നിയമവിരുദ്ധമായി ഡെപ്യൂട്ടേഷൻ

134 (4169) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ മില്ലുകളിൽ വിവിധ തസ്തികകളിൽ നിയമവിരുദ്ധമായി ഡെപ്യൂട്ടേഷൻ കാലയളവ് നീട്ടി നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനെ തുടർന്ന് കോടതി ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാധാരണയായി എത്ര കാലയളവ് വരെയാണ് ചട്ടപ്രകാരം ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്; അധികചുമതല നൽകുന്ന പക്ഷം ഡെപ്യൂട്ടേഷന്റെ കാലാവധി പരമാവധി എത്രയാണ് അനുവദിക്കാൻ കഴിയുകയെന്ന് വിശദമാക്കുമോ; ഇപ്രകാരം അനുവദനീയമായ പരിധി കഴിഞ്ഞും അധികചുമതല നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വയം വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയശേഷം ഈ വിവരം മറച്ചുവച്ച് പിന്നീട് പുതിയ നിയമനം ആരെങ്കിലും നേടിയതായി കണ്ടെത്തിയോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളായ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, സീതാറാം ടെക്സ്റ്റൈൽസ് എന്നിവിടങ്ങളിൽ നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും ജോലി ചെയ്യുന്നില്ല. കെ.എസ്.ആർ. ചട്ടം ബാധകമായ ജീവനക്കാർക്ക് കെ.എസ്.ആർ. ചട്ടം 140-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സാധാരണയായി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്.

(സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, സീതാറാം ടെക്സ്റ്റൈൽസ് എന്നിവിടങ്ങളിൽ സ്വയം വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയ ആരും പുതിയ നിയമനം നേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടങ്ങൾ**

135 (4170) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കും 2018-19 സാമ്പത്തിക വർഷത്തെ ലാഭവിവര കണക്കുകളും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം പ്രവർത്തന ലാഭമുണ്ടാക്കിയ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരവും അവയുടെ ലാഭത്തിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരവും അവയുടെ നഷ്ടത്തിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

136 (4171) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് എതിരെ ചർച്ച ചെയ്യുവാനും പരിഹാരമാർഗ്ഗങ്ങൾ തേടുവാനും രാഷ്ട്രീയ പാർട്ടികളുടെ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ചർച്ചകളോ കത്തിടപാടുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, HLL ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവന്നതിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങൾ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് നിരവധി കത്തുകളിലൂടെ മുഖ്യമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും കേന്ദ്ര സർക്കാരിനോട് കേരളം അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.)നെ സ്വകാര്യവത്കരിക്കുന്ന നടപടികളിൽനിന്ന് പിന്മാറണമെന്ന് കേരളം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്ക്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ 2017 മാർച്ച് 13-ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം വഴി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

നിലവിൽ എച്ച്.എൻ.എൽ.ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം ഡൽഹിയിലെ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ എടുത്ത് ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. സർക്കാർ എച്ച്.എൻ.എൽ. ഏറ്റെടുക്കാൻ താല്പര്യം കാണിച്ച് ഒഫിഷ്യൽ ലിക്വിഡേഷന് കത്തയച്ചിട്ടുണ്ട്.

കാസർഗോഡുള്ള ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിൽ ഭെല്ലിന്റെ കൈവശമുള്ള 51% ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനുള്ള കരട് Agreement for Sale, 7-9-2019-ലെ ജി.ഒ.(എം.എസ്.) നം.78/2019/ഐ.ഡി. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഇതിന്റെ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതതല സമിതിയുടെ ശിപാർശയനുസരിച്ച് ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 52/2018/ഐ.ഡി. തീയതി 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് 16-11-2018-ൽ കേന്ദ്ര-സംസ്ഥാന സെക്രട്ടറിമാർ തമ്മിൽ നടത്തിയ ചർച്ചയുടെ ഫലമായി തയ്യാറാക്കിയ കരട് ധാരണാപത്രം കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരതതിനായി നൽകിയിരുന്നുവെങ്കിലും കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യമാണ് ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിരിക്കുന്നത്.

നീതി ആയോഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിററഡിലെ കേന്ദ്ര സർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട് എന്നാണ് ലഭ്യമായ വിവരം.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

137 (4173) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ലാഭം 2018-19-ൽ എത്ര കോടിയായിരുന്നു എന്നറിയിക്കാമോ; നഷ്ടം എത്ര കോടി; വ്യക്തമാക്കുമോ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെ; എത്ര കോടിയുടെ നഷ്ടത്തിലാണ് ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നഷ്ടത്തിലോടുന്ന ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്ര; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് എത്രയെണ്ണം ലാഭത്തിലായിരുന്നു; എത്രയെണ്ണം നഷ്ടത്തിലായിരുന്നു; എത്രയെണ്ണം അടച്ചു പൂട്ടിയിരുന്നു; അറിയിക്കുമോ;

(ഇ) കഴിഞ്ഞ സർക്കാർ അടച്ചു പൂട്ടിയ എത്ര സ്ഥാപനങ്ങൾ ഈ സർക്കാർ കാലയളവിനുള്ളിൽ തുറന്ന് പ്രവർത്തിപ്പിച്ചു; ആയത് ഏതൊക്കെ സ്ഥാപനങ്ങൾ; ഇതുവഴി എത്രപേർക്ക് തൊഴിൽ നൽകാനായി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന ലാഭം 155.80 കോടി രൂപയാണ്. ഇതിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മാത്രം മൊത്തം പ്രവർത്തന നഷ്ടം 116.24 കോടി രൂപയാണ്.

(ബി & സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം പ്രവർത്തന നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും അവയുടെ നഷ്ടത്തിന്റെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയം 2015-16-ലെ കണക്കുകൾപ്രകാരം 8 സ്ഥാപനങ്ങൾ ലാഭത്തിലും 32 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സുരക്ഷ**

138 (4174) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ജോലിക്കിടയിലുണ്ടായിട്ടുള്ള അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജീവനക്കാരുടെ സുരക്ഷ കൂട്ടുതൽ ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**ലാപ്ടോപ് നിർമ്മാണത്തിന് കോകോണിക്സ് എന്ന സ്ഥാപനം**

139 (4175) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെൽട്രോൺ, കെ.എസ്.ഐ.ഡി.സി., യു.എസ്.ടി. ഗ്ലോബൽ എന്നീ സ്ഥാപനങ്ങൾ സഹകരിച്ച് ലാപ്ടോപ്പ് കമ്പ്യൂട്ടർ നിർമ്മാണത്തിനായി കോകോണിക്സ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ വിശദമാക്കുമോ;

(ബി) 'കോകോണിക്സ് ' എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്ന സർക്കാർ വക സ്ഥലം എന്തു വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് യു.എസ്.റ്റി. ഗ്ലോബൽ കമ്പനിക്ക് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരും കമ്പനികളും അംഗീകരിച്ച് പ്രാബല്യത്തിൽ വന്നിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് മൺവിള വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിച്ചു വരുന്ന കെൽട്രോൺ അനുബന്ധ യൂണിറ്റുകൾ ആയ സി.പി.ജി., ടി.എസ്.ടി., എ.ഐ.എസ്.എൻ. എന്നീ യൂണിറ്റുകൾ ഉൾപ്പെടുത്തി ബാങ്ക് വായ്പ എടുക്കുന്നതിന് പ്രസ്തുത കമ്പനിക്ക് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ലാപ്ടോപ് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) കോകോണിക്സ് പ്രവർത്തിച്ചുവരുന്ന സ്ഥലം യു.എസ്.ടി. ഗ്ലോബൽ കമ്പനിക്ക് കൈമാറിയിട്ടില്ല. കെൽട്രോൺ മൺവിള യൂണിറ്റിന്റെ കീഴിലുള്ള ഈ സ്ഥലം 'കോകോണിക്സ് ' പ്രൈവറ്റ് ലിമിറ്റഡിന് മൂന്ന് ലക്ഷം രൂപ മാസ വാടകയ്ക്ക് 3 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്.

(സി) പാട്ടക്കരാർ ഉണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോകോണിക്സിന്റെ പ്രവർത്തനത്തിനായി മൺവിള വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റുകൾ ഉൾപ്പെടുത്തി ബാങ്ക് വായ്പ എടുക്കാൻ കോകോണിക്സിന് സാധിക്കുന്നതല്ല. കോകോണിക്സ് സ്ഥിതിചെയ്യുന്ന മൺവിളയിലെ 63 സെന്റ് (റീസർവ്വേ നമ്പർ 463/1) സ്ഥലത്തിനും കെട്ടിടത്തിനുമുള്ള പാട്ടകരാർ കാലാവധിക്കുള്ളിലെ പാട്ട അവകാശം മാത്രമേ ബാങ്ക് വായ്പയ്ക്കായി ഈട് വയ്ക്കാൻ അവർക്ക് കഴിയുകയുള്ളൂ.

**സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷത്തിന് നടപടി**

140 (4176) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം തുടങ്ങുവാൻ ഇറങ്ങുന്ന വ്യവസായി ആത്മഹത്യ ചെയ്യേണ്ട രീതിയിലുള്ള നിഷേധാത്മകമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) ആന്തൂരിൽ സാജൻ എന്ന പ്രവാസിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യവും അതിന് ശേഷം പ്രസ്തുത പ്രവാസിയുടെ കുടുംബത്തെപ്പോലും അവഹേളിക്കുന്ന രീതിയിൽ പ്രവർത്തനം ഉണ്ടായതും, പ്രവാസികളുടെ നിക്ഷേപത്തിന് എത്രമാത്രം ദോഷകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പുനലൂരിൽ ഒരു പ്രവാസി ഒരു രാഷ്ട്രീയ പാർട്ടിയുടെ നിഷേധാത്മകമായ നിലപാട്മൂലം ആത്മഹത്യ ചെയ്തിട്ടും അദ്ദേഹത്തിന്റെ കുടുംബത്തിന് സ്ഥാപനം തുടങ്ങുവാൻ ഒരു വർഷം കഴിഞ്ഞിട്ടും ലൈസൻസ് നൽകാതെ അവരെ ബുദ്ധിമുട്ടിച്ചത് സംസ്ഥാനത്തെ പ്രവാസി നിക്ഷേപകരോട് കാട്ടുന്ന അവഗണനയല്ലേ;

(ഡി) 2018 ജൂണിൽ തിരുവനന്തപുരത്ത് ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം നിസ്സാൻ കമ്പനിയുമായി കേരള സർക്കാർ ഒപ്പിട്ടുണ്ടോ, ഏകദേശം 16 മാസം കഴിഞ്ഞിട്ടും അവർ ആവശ്യപ്പെട്ട കാര്യങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കമ്പനി അധികൃതർ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത കത്തിലെ പരാമർശങ്ങൾ എന്തൊക്കെയാണ്;

(ഇ) സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷത്തിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപിക്കുമ്പോഴും തദനുസൃതമായി നടപടിക്രമങ്ങളിൽ വേഗത ഉണ്ടാകുന്നില്ലായെന്നത് വാസ്തവമാണോ; എങ്കിൽ ഇത് കൂടുതൽ ചലനാത്മക മാക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് തികച്ചും വ്യവസായ സൗഹാർദ്ദാന്തരീക്ഷമാണ് നിലവിലുള്ളത്. നമ്മുടെ സംരംഭകർ ലോക ജനതയ്ക്ക് മുന്നിൽ നമ്മുടെ വ്യവസായിക പ്രതിനിധികളാണ്. ആയതിനാൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും മനസ്സിലാക്കി അതനുസരിച്ച് വ്യവസായ സൗഹൃദ നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

കൂടാതെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ / വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്

വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. നിർണ്ണായകമായ ചില മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ പിന്തുണ അഭ്യർത്ഥിച്ച് നിസ്സാൻ ഡിജിറ്റൽ ഇന്ത്യ, മാനേജിംഗ് ഡയറക്ടർ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര, പ്രാദേശിക വിമാന കണക്ടിവിറ്റി ഉടനടി വിന്യസിക്കാൻ കഴിയുന്ന പ്രഗത്ഭരുടെ ലഭ്യത, അപര്യാപ്തമായ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് കത്തിലെ പരാമർശങ്ങൾ. മേൽപ്രകാരം നൽകിയ കത്തിലെ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചുകൊണ്ട് വിവിധ തലങ്ങളിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈസ് ഓഫ് ഡൂയിംഗ് നടപടിക്രമങ്ങൾ സംസ്ഥാനത്ത് ആദ്യമായി തുടങ്ങിയതേയുള്ളൂ. വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ ഏകീകരിച്ച് ഒരു ഒറ്റ നിയമം പാസ്സാക്കിയ രാജ്യത്തെ ആദ്യത്തെ ഏക സംസ്ഥാനം കേരളമാണ്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിവിധ വാണിജ്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഇൻവെസ്റ്റേഴ്സ് എന്നിവർക്കായി സംസ്ഥാനത്തുടനീളം 150-ഓളം പരിശീലന ക്ലാസ്/ബോധവൽക്കരണ സെമിനാറുകൾ നടത്തിയിട്ടുണ്ട്. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായ പുതിയ നിയമനിർമ്മാണവും നിലവിലുള്ള 1999-ലെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ടിൽ ആവശ്യമായ ഭേദഗതികൾക്കുള്ള നിയമനിർമ്മാണ നടപടികളും ഈ സഭാ സമ്മേളനത്തിൽ ആരംഭിച്ചിട്ടുണ്ട്.

**എം.എസ്.എം.ഇ.കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

141 (4177) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർദ്ധിച്ച് വരുന്ന ജനസാന്ദ്രതയും സ്ഥലദൗർലഭ്യവും പരിഗണിച്ച് വൻകിട വ്യവസായങ്ങളെക്കാൾ അനുയോജ്യമായത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് നടത്തിവരുന്ന പ്രവർത്തനത്തിന്റെ ഫലമായുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(ബി) എം.എസ്.എം.ഇ.-കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി നിലവിലുണ്ടായിരുന്ന എന്തെല്ലാം നിയമങ്ങളും ചട്ടങ്ങളുമാണ് ഭേദഗതി വരുത്തുന്നതിന് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരള "സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ഓൺലൈൻ" സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത് എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-10-2019 വരെ സംസ്ഥാനത്ത് 50909 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 4577.47 കോടി രൂപയുടെ നിക്ഷേപവും 1,78,120 തൊഴിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കാലയളവിൽ വകുപ്പ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിലൂടെ 179.68 കോടി രൂപയുടെ നിക്ഷേപ സഹായം 4003 സംരംഭകർക്ക് നൽകിയിട്ടുണ്ട്.

(ബി) വ്യവസായം കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും സുഗമമാക്കുന്നതിനായി ആവശ്യമായ അനുമതികൾക്ക് മൂന്ന് വർഷത്തെ ഇളവ് വരുത്തുന്നതിനായി സംസ്ഥാനത്ത് ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുമ്പോൾ ചുവടെപ്പറയുന്ന ആറ് നിയമങ്ങളുടെ മേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13)
2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20)
3. 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്ട് (1960-ലെ 34)
4. 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട് (2013-ലെ 18)
5. 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് (1955-ലെ 16)
6. 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് (1939-ലെ 3).

(സി) വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റർ

ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

പൂർണ്ണ രൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുവാനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ സാധിക്കും.

കെ-സ്വിഫ്റ്റ് സംവിധാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താവാനും ഇത് സംബന്ധിച്ചുള്ള പരാതികൾ, സംശയങ്ങൾ എന്നിവ ദൂരീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സംരംഭകർ തുടങ്ങിയവർക്ക് ട്രെയിനിംഗ് നൽകി സുഗമമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും കോർ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്ന മുറയ്ക്ക് നിലവിലുള്ളതും പുതിയതുമായ വ്യവസായികൾക്ക് ആവശ്യമുള്ള എല്ലാ അനുമതികളും അതിവേഗം ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

## ബാംബൂ കോർപ്പറേഷന്റെ കൂടപ്പുഴ സബ് ഡിപ്പോ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

142 (4178) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി നഗരസഭയിലെ കൂടപ്പുഴയിലുണ്ടായിരുന്ന ബാംബൂ കോർപ്പറേഷന്റെ സബ് ഡിപ്പോ കഴിഞ്ഞ കുറച്ച് വർഷങ്ങളായി അടച്ചുപൂട്ടി പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ പാരമ്പര്യ ഈറ്റത്തൊഴിലാളികളായ സാംബവ സമുദായത്തിൽപ്പെട്ടവർക്കടക്കം ഈറ്റ യഥാസമയം ലഭ്യമാക്കുന്നതിന് കൂടപ്പുഴ ഡിപ്പോ തുറന്നു പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൂടപ്പുഴയിലുണ്ടായിരുന്ന ബാംബൂ കോർപ്പറേഷന്റെ സബ് ഡിപ്പോ തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് വന്നതിനാലും ആരുംതന്നെ വരാതെ വരികയും ചെയ്ത സാഹചര്യത്തിൽ സ്വമേധയാ അടച്ച് പൂട്ടേണ്ടതായി വന്നു. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പാരമ്പര്യ ഈറ്റത്തൊഴിലാളികളായ സാംബവ സമുദായത്തിൽപ്പെട്ടവർക്കടക്കം ഈറ്റ യഥാസമയം ലഭ്യമാക്കുന്നതിന് ചാലക്കുടിയിലുള്ള റീഡ്സ് ഡിസ്ട്രിബ്യൂഷൻ സെന്ററിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെനിന്നും ഈറ്റ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കടക്കെണിയിലായ സംരംഭകരെ സഹായിക്കാൻ പദ്ധതി**

143 (4179) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ സംരംഭങ്ങൾ തകർന്ന് കടക്കെണിയിലായ സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വായ്പ എടുത്ത് വ്യവസായം തുടങ്ങിയിട്ട് തിരിച്ചടവിൽ മുടക്കം വരുമ്പോൾ പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനായി സമയപരിധി പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പീഡിത എം.എസ്.എം.ഇ. മേഖലയെ പുനരുദ്ധരിക്കുക വഴി തൊഴിലും നിക്ഷേപവും ഉറപ്പുവരുത്തുന്നതിനായി ജി.ഒ.(എം.എസ്.) നമ്പർ 38/2018/ഐഡി തീയതി 15-5-2018 പ്രകാരം കേരള സ്റ്റേസ്ഡ് എം.എസ്.എം.ഇ. റിവൈവൽ ആന്റ് റിഹാബിലിറ്റേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിലുള്ള ലോൺ റീസ്ട്രക്ചർ ചെയ്യുന്നതിന് മാർജിൻമണി ഗ്രാന്റ്, പലിശ ഇളവ് എന്നിവയും റീസ്റ്റാർട്ട് എക്സ്പെൻസ്, ക്ലിയറൻസ് ഓഫ് സ്റ്റാറ്റ്യൂട്ടറി ഡ്യൂസ്, റിവൈവൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവ് എന്നീ സഹായങ്ങളും നൽകിവരുന്നു.

(ബി & സി) മാർജിൻ മണി വായ്പ കുടിശ്ശികക്കാർക്കായി പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ജി.ഒ.(ആർ.റ്റി.) നമ്പർ 764/19/ഐഡി തീയതി 8-8-2019 പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം വായ്പാ കുടിശ്ശിക തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന സംരംഭകർ ഉത്തരവ് തീയതിയായ 8-8-2019 മുതൽ 3 മാസങ്ങൾക്കകം അതായത് 7-11-2019-ന് മുൻപായി അപേക്ഷ നൽകുകയും ആദ്യ ഗഡുവായ 50% തുക അടച്ചിരിക്കേണ്ടതുമാണ്. അടുത്ത രണ്ട് ഗഡുക്കൾ ഒരു വർഷത്തിനകം അടച്ചാൽ മതിയാകും.

## യുവ വീവ് പദ്ധതി

144 (4180) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ വേതനവും തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി-നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിനു വേണ്ടി നടപ്പിലാക്കിവരുന്ന യുവ വീവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ വേതനവും തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) തൊഴിൽരഹിതരായ 18-നും 40-നും മദ്ധ്യേ പ്രായമായ യുവതീ യുവാക്കൾക്ക് കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "യുവ വീവ് "പദ്ധതി. കുടുംബശ്രീയുമായി ചേർന്ന് അതത് ജില്ലകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നു. കണ്ടെത്തുന്ന ഗുണഭോക്താക്കളെ 20 പേരടങ്ങുന്ന ഗ്രൂപ്പുകളിലായി 3 മാസം നീണ്ടുനിൽക്കുന്ന നെയ്ത്തിലും നെയ്ത്ത് അനുബന്ധ തൊഴിലിലും പരിശീലനം നൽകുന്നു. പരിശീലന കാലത്ത് ഒരു ദിവസം 200 രൂപ വീതം സ്റ്റൈപ്പന്റും നൽകുന്നു. പരിശീലനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തിയാക്കുന്നതോടുകൂടി 20 പേർക്കും ഓരോ തറി വീതം സൗജന്യമായി വിതരണം ചെയ്യുന്നു. തറികൾ വിതരണം ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനമായ കാഡ്കോയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പരിശീലനത്തിനുശേഷം ഉത്പാദനത്തിലേർപ്പെടുന്നവർക്ക് മൂന്ന് മാസത്തേയ്ക്ക് വേതന ശോഷണത്തിനായി പ്രതിദിനം 125 രൂപ വീതം നൽകിവരുന്നു. പദ്ധതിയിൽ ഇതുവരെ 15 ബാച്ചുകളിലായി 300 പേർക്ക് പരിശീലനം നൽകുകയും തുടർ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. പരിശീലനം ലഭിച്ചവർ മുഴുവനും വനിതകളാണ്.

## ഈറ്റ മേഖലയ്ക്കായുള്ള വികസന പദ്ധതികൾ

145 (4181) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഈറ്റ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈറ്റയുടെ കുറവും ഈ രംഗത്ത് തൊഴിലാളികളെ കിട്ടാത്തതും ഈ മേഖലയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളത്;

(സി) ബാംബൂ കോർപ്പറേഷൻ ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈറ്റ മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈറ്റ വെട്ട് - പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ ഉന്നമനവും പുരോഗതിയും സാമൂഹ്യ സുരക്ഷിതത്വവും ലക്ഷ്യമിട്ട് രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ. ഈറ്റയുടെ ലഭ്യതക്കുറവും തൊഴിലാളികളുടെ കുറവുംമൂലം കോർപ്പറേഷന്റെ പ്രധാന ഉല്പന്നമായ പനമ്പിന്റെ ഉല്പാദനത്തിൽ സാരമായ കുറവുകൾ ഉണ്ടാകുന്നുണ്ട്. ക്ലോഷർ പിരീഡ് ആയ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ വെട്ടുന്നതിനുള്ള പരിമിതികൾ കാരണം കോർപ്പറേഷനെ ആശ്രയിച്ച് ഉപജീവനം

നടത്തുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾ, കോർപ്പറേഷനിൽ നിന്നും ഈറ്റ ഉപയോഗിച്ച് കുട്ട, വട്ടി, മുറം എന്നിവ നെയ്യുന്നവർ എന്നിവർക്കെല്ലാം ഈറ്റ ആവശ്യത്തിന് ലഭ്യമല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. സർക്കാർ പ്രഖ്യാപിച്ച മിനിമം വേജസ് ഈ സ്ഥാപനത്തിൽ നടപ്പിലാക്കിവരുന്നു. എന്നാൽ ഈ തൊഴിലാളികൾക്ക് സാമ്പത്തിക ലഭ്യതക്കനുസരിച്ച് ഡി.എ. നൽകിവരുന്നു.

(സി) വനം വകുപ്പിൽനിന്നും അനുവദിച്ച് നൽകുന്ന ഈറ്റ വനത്തിൽ നിന്ന് ശേഖരിച്ച് കോർപ്പറേഷന്റെ ഡിപ്പോകൾ വഴി നെയ്ത്തുകാർക്ക് നൽകി അതിൽനിന്ന് പനമ്പ് ശേഖരിച്ച് ബാംബൂ പ്ലൈ ഉല്പാദിപ്പിച്ച് വിപണനം നടത്തി അതിലൂടെയാണ് കോർപ്പറേഷന്റെ വരുമാനം കണ്ടെത്തുന്നത്. കൂടാതെ ബാംബൂ ഫ്ലാറ്റന്റ് ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. സംസ്കരിച്ച മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി. ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സർക്കാർ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി എക്കോ ഹബ്ബുകൾ, ബാംബൂ ഹട്ടുകൾ, ബാംബൂ ഫർണിച്ചർ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബോട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തിവരുന്നു. കേരള മത്സ്യബന്ധന സമുദ്ര ഗവേഷണ സർവ്വകലാശാല-(KUFOS)യുടെ മാൻഗ്രോവ് ഡെമോൺസ്ട്രേഷൻ സെന്ററിന്റെ നിർമ്മാണം സംസ്കരിച്ച മുളയും കോർപ്പറേഷന്റെ മറ്റ് ഉല്പന്നങ്ങളും ഉപയോഗിച്ച് നടന്നുവരുന്നു.

(ഡി) കേന്ദ്ര സർക്കാർ അംഗീകരിച്ച് സംസ്ഥാന ബാംബൂ മിഷൻവഴി വിവിധ പദ്ധതികളിലൂടെ 25.41 കോടി രൂപയുടെ പ്രോജക്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതോടെ ഈ പരമ്പരാഗത വ്യവസായത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കാനാകുന്നതാണ്.

**മാന്നാർ പൈതൃക പദ്ധതി**

146 (4182) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മാന്നാർ പൈതൃക പദ്ധതിക്കായി മാന്നാർ അലിൻഡ് എന്ന സ്ഥാപനത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന അഞ്ചേക്കർ സ്ഥലം കരകൗശല കോർപ്പറേഷന് കൈമാറുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## ഉത്തരം

അലുമിനീയം ഇൻഡസ്ട്രീസ് ലിമിറ്റഡ് (അലിൻഡ്), കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ട്രാൻസ്ഫോർമർ, സ്വിച്ച് ഗിയർ, സ്വീച്ചുകൾ മുതലായവ ഉൽപ്പാദിപ്പിക്കുന്നതുമായ സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിന് മാനേജിംഗ് ഡയറക്ടറും ഏഴംഗ ഡയറക്ടർ ബോർഡും ഉണ്ട്. 1000 ഓഹരികൾ വഴിയാണ് മൂലധനം സ്വരൂപിച്ചിരിക്കുന്നത്. ഗവൺമെന്റ് ഷെയർ 0.01 ശതമാനത്തിന് താഴെയാണ്. സ്ഥാപനത്തിൽ 350 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കമ്പനിക്ക് നിലവിൽ 45 ഏക്കർ സ്ഥലം ചെങ്ങന്നൂർ താലൂക്കിലെ മാന്നാർ വില്ലേജിൽ 147/4, 148/2, 151/2, 181/2, 181/3 എന്നീ സർവ്വേ നമ്പരുകളിൽ സ്വന്തമായിട്ടുണ്ട്. ഇതിൽ കുറേഭാഗം മുൻപ് കാട് പിടിച്ചുകിടന്നിരുന്നു. എന്നാൽ ഇപ്പോൾ കമ്പനി ഒരു നവീകരണത്തിന്റെ പാതയിലാണെന്നും അതിന്റെ ഭാഗമായി ഈ വസ്തുക്കൾ ഉപയോഗയോഗ്യമാക്കി വിവിധ പ്രോജക്ടുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായും സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കേണ്ടത് കമ്പനിയുടെ ഡയറക്ടർ ബോർഡാണെന്നും കമ്പനി സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാന്നാർ പൈതൃക പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നതിനുള്ള കമ്പനിയുടെ അഭിപ്രായം ഡയറക്ടർ ബോർഡിൽനിന്നും ലഭ്യമാക്കുന്നതിനായി അലിൻഡ് കമ്പനിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## വ്യവസായ എസ്റ്റേറ്റുകളുടെ ആധുനികവൽക്കരണം

147 (4183) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കീഴിലെ വ്യവസായ എസ്റ്റേറ്റുകൾ ആധുനികവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) വ്യവസായ വകുപ്പിന്റെ ഏകജാലക ക്ലീയറൻസ് സംവിധാനമായ കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; കെ-സ്വിഫ്റ്റിന്റെ പ്രവർത്തനത്തിൽ സാങ്കേതിക തകരാർ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) വ്യവസായ വകുപ്പ് അദാലത്തുകൾ നടത്തുന്നുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് അദാലത്ത് ഇതിനകം നടത്തിയത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത അദാലത്തുകളിൽ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ കീഴിൽ 39 വികസന ഏരിയ/വികസന പ്ലോട്ടുകൾ നിലവിലുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം ഇവയുടെ ആധുനികവൽക്കരണത്തിനായി 69.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യത, ജലവിതരണം, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജന സംവിധാനം, ആന്തരിക റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, കാന്റീൻ നിർമ്മാണം എന്നിവയെല്ലാം ഉൾപ്പെടുത്തി 'നിലവിലുള്ള വികസന പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം' എന്ന പേരിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) ഉണ്ട്. കെ-സ്വിഫ്റ്റിന്റെ പ്രവർത്തനത്തിൽ സംഭവിച്ചിട്ടുള്ള സാങ്കേതിക തകരാർ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## കഞ്ചിക്കോട്ടെ വ്യവസായ മേഖലയുടെ പുനരുജ്ജീവനം

148 (4184) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ യൂണിറ്റുകൾ നഷ്ടത്തിലായതിനെത്തുടർന്ന് പൂട്ടികൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഞ്ചിക്കോട്ടെ വ്യവസായ മേഖല സംരക്ഷിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രതികൂല സാഹചര്യങ്ങളിൽ ബുദ്ധിമുട്ട് അനുഭവിച്ച് പ്രവർത്തനം നിർത്തേണ്ടിവന്ന നൂറുകണക്കിന് ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ കഞ്ചിക്കോട് വ്യവസായ മേഖലയെ ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്കി മാറ്റി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി യോജിച്ച് ഒരു പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഈ നടപടിയുടെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കഞ്ചിക്കോട്ടെ വ്യവസായ മേഖല സംരക്ഷിക്കുന്നതിനായി മാത്രം പ്രത്യേക പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

**വ്യവസായ മേഖലയിൽ വൻകിട നിക്ഷേപം**

149 (4185) <u>ശ്രീ. ടി. ജെ. വിനോദ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഇതിനകം സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ബി) വൻകിട നിക്ഷേപങ്ങൾക്ക് പശ്ചാത്തലം ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും അവയിലേക്ക് വലിയ കമ്പനികളെ ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ വൻകിട കമ്പനികളാണ് ഇതിനകം മുതൽ മുടക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിലൂടെ എത്ര പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം ഫലപ്രദമായി മുന്നോട്ട് പോവുകയാണ്. ടി സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ ധാരാളം സംരംഭകർ രജിസ്റ്റർ ചെയ്യുകയും 324 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 144 ക്ലിയറൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. പാലക്കാട് ജില്ലയിൽ വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. കൂടാതെ കിൻഫ്ര താഴെപ്പറയുന്ന വ്യവസായ പാർക്കുകളിൽ വൻകിട നിക്ഷേപങ്ങൾക്ക് പശ്ചാത്തലമൊരുക്കി വരുന്നു.

- പെട്രോകെമിക്കൽ പാർക്ക്
- ഡിഫൻസ് പാർക്ക്
- മെഗാഫുഡ് പാർക്ക്.

(സി) നിലവിൽ കെ.എസ്.ഐ.ഡി.സി. വ്യവസായ പാർക്കുകളിൽ ഏകദേശം 9 കമ്പനികളോളം മുതൽമുടക്കിയിട്ടുണ്ട്. ഈ കമ്പനികിൽ 2250 ഓളം തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. ബി.പി.സി.എൽ. മുതൽമുടക്ക് നടത്താൻ താല്പര്യം കാണിച്ചിട്ടുള്ള പെട്രോകെമിക്കൽ പാർക്ക് പദ്ധതി പൂർത്തിയാക്കുമ്പോൾ ഏകദേശം പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് കിൻഫ്ര വിലയിരുത്തുന്നത്.

## നിസ്സാൻ ഡിജിറ്റൽ ഹബ്ബ്

150 (4186) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിസ്സാൻ കമ്പനി കേരളത്തിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത കരാറിൽ ഒപ്പിട്ടതെന്നും അതിനുശേഷം ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) നിസ്സാൻ കമ്പനിക്ക് എവിടെയാണ് സ്ഥലം അനുവദിച്ചത്; അനുവദിച്ച സ്ഥലത്തിന് പകരം കിൻഫ്ര പാർക്കിൽ അവർ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യം അനുവദിച്ചിട്ടുണ്ടോ;

(സി) സ്ഥലത്തിനു പുറമെ പ്രസ്തുത കമ്പനി എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചത്; അതിന്മേലുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും, ദേശീയ അന്തർദ്ദേശീയ വിമാന സർവ്വീസുകൾ കൂടുതലായി വേണമെന്ന പ്രസ്തുത കമ്പനിയുടെ ആവശ്യം കേന്ദ്ര ഏവിയേഷൻ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്താണ്;

(ഇ) നിസ്സാൻ നോളേജ് സിറ്റിയിൽ എത്ര പേർക്ക് ജോലി ലഭിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിനുവേണ്ടി ടെക്നോപാർക്കും നിസ്സാനുമായി 28-6-2018-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിസ്സാനുവേണ്ടി അനുവദിച്ച ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) നിസ്സാൻ കമ്പനിക്ക് ടെക്നോപാർക്കിന്റെ പള്ളിപ്പുറം ടെക്നോസിറ്റി പദ്ധതിയിലാണ് പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമി അനുവദിക്കാൻ ധാരണയായത്. കൂടാതെ നിസ്സാൻ ഡിജിറ്റൽ ഹബ്ബിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിലെ ഗംഗ-യമുന കെട്ടിട സമുച്ചയത്തിൽ 25034 ച.അടി സ്ഥലവും നൽകിയിട്ടുണ്ട്.

നിസ്സാൻ കമ്പനിക്ക് അവരുടെ സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് കഴക്കൂട്ടത്തുള്ള കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലുള്ള ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയിലുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

(സി) സ്ഥലത്തിനുപുറമേ സാമ്പത്തിക ഇൻസെന്റീവായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ ഒഴിവാക്കൽ, നിസ്സാന്റെ സ്വന്തം സംവിധാനം നിർമ്മിച്ച് കഴിയുന്നതുവരെ താൽക്കാലിക സൗകര്യം ലഭ്യമാക്കൽ, ഐ.ടി. പ്രദേശത്ത് പോലീസ് പെട്രോളിംഗ് വർദ്ധിപ്പിച്ച് ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കൽ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ, ട്രാൻസ്പോർട്ടേഷൻ ഇൻഫ്രാസ്ട്രക്ചർ എന്നിവ വികസിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ കമ്പനി ഉന്നയിച്ചിട്ടുണ്ട്.

നിസ്സാന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവയിൽ 100% ഇളവ് നൽകിയിട്ടുണ്ട്. നിസ്സാന്റെ സ്വന്തം ക്യാമ്പസ് കെട്ടിടം വരുന്നതുവരെ നിസ്സാന്റെ 'കസ്റ്റമർ എക്സ്പീരിയൻസ് സെന്റർ' പ്രവർത്തിക്കാൻ യമുന ബിൽഡിംഗിൽ 27000 ച.അടി സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രധാന സ്ഥലങ്ങളിൽ പോലീസ്, ഫയർ, ആംബുലൻസ് സംവിധാനങ്ങളൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടെക്നോസിറ്റിയിൽ ഒരു വാക് ടു വർക്ക് സംവിധാനത്തിൽ സ്കൂൾ, ഷോപ്പിംഗ് മാൾ, ഹോട്ടൽ, ക്ലിനിക്ക് എന്നിവ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) നിസ്സാന്റെ അഭ്യർത്ഥന കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ടോക്കിയോ, സിംഗപ്പൂർ, ബാങ്കോക്ക് തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 10-8-2019-ൽ ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര വ്യോമയാന സെക്രട്ടറി, വിവിധ എയർലൈൻ ഓപ്പറേറ്റർമാർ എന്നിവരുമായി 31-8-2019-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂറോപ്പ്, യു.കെ., യു.എസ്., ജപ്പാൻ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് കരുതുന്നു. 31-8-2019-ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂറോപ്പ്, യു.കെ., ജപ്പാൻ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) നിസ്സാൻ നോളേജ് സിറ്റിയിൽ ആദ്യ മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം 3000 പേർക്ക് നേരിട്ട് ജോലി ലഭിക്കുമെന്നാണ് കണക്കാക്കുന്നത്.

## അമ്പലമുകളിൽ പെട്രോകെമിക്കൽ ആന്റ് ഫാർമ പാർക്ക്

151 (4187) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ നേതൃത്വത്തിൽ അമ്പലമുകളിൽ പെട്രോകെമിക്കൽ ആന്റ് ഫാർമ പാർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും എന്ത് തുക ആവശ്യമായി വരും; ഇത് എപ്രകാരം കണ്ടെത്തുവാനാണ് പദ്ധതിയിടുന്നത്;

(സി) ഈ പദ്ധതി സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വികസനത്തിന് എപ്രകാരം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രാവർത്തികമാകുമ്പോൾ എത്ര പേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

### ഉത്തരം

(എ) പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. എന്നാൽ, ഫാർമാ പാർക്കിന്റെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

കൊച്ചിയിലെ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു.

സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 1022/2019/ഐ.ഡി. തീയതി 11-10-2019 പ്രകാരം 481 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്രക്ക് അനുമതി നൽകിയിട്ടുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20-12-2017-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എൽ.-ന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യും. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പ്രസ്തുത പദ്ധതിക്കുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻസിനെ നിയമിക്കുകയും അവർ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് 977 കോടി രൂപ ആവശ്യമായിവരും. പെട്രോകെമിക്കൽ പാർക്ക് വികസിപ്പിക്കുന്നതിന് മോത്തത്തിൽ 300 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് പെട്രോകെമിക്കൽ മേഖലയിലും അതിന്റെ അനുബന്ധ വ്യവസായങ്ങൾക്കും ഉല്പന്നങ്ങൾക്കും ഏറെ സാധ്യതകളാണുള്ളത്.

(ഡി) പദ്ധതി പ്രാവർത്തികമാകുമ്പോൾ പ്രത്യക്ഷമായി 5000 പേർക്കും പരോക്ഷമായി 5000 പേർക്കും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കെ.എസ്.ഐ.ഡി.സി.യിൽ ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II ഒഴിവുകൾ

152 (4188) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)യിൽ കാറ്റഗറി നമ്പർ 654/2012 (ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II) പ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് നിലവിലുണ്ടോ; എത്ര തസ്തികകളിൽ ഒഴിവുണ്ട്; വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു, എത്ര ഒഴിവുകൾ ബാക്കിയുണ്ട്, എത്ര പേർക്ക് നിയമനം ലഭിച്ചു എന്നിവ അറിയിക്കാമോ;

(സി) 2018-ൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും പ്രസ്തുത തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ പുതിയ തസ്തികകൾ എത്ര എണ്ണം ഉണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-യിൽ കാറ്റഗറി നമ്പർ 654/2012 (ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II) പ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റ് 23-10-2018-ൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ഉണ്ടായ 3 ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിച്ച 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒരു ഒഴിവിലേക്ക് പി.എസ്.സി.-യിൽനിന്നുള്ള നിയമന ശിപാർശ പ്രതീക്ഷിച്ചിരിക്കുന്നു. ആ ഒരു ഒഴിവിലേക്ക് പി.എസ്.സി.-യിൽനിന്നുള്ള ഉദ്യോഗാർത്ഥി എത്തുന്നതുവരെ താൽക്കാലിക അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ട്.

## ഗെയ്ൽ പ്രകൃതിവാതക പൈപ്പ് ലൈൻ

153 (T*4189) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം മുതൽ കൊച്ചി വരെ നീളുന്ന ഗെയ്ൽ പ്രകൃതിവാതക പൈപ്പ് ലൈൻ ശൃംഖല എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ;

(സി) പൈപ്പ് ലൈൻ കടന്നുവരുന്ന ജില്ലകളിൽ ഈ പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷനുകൾ നൽകുന്ന കാര്യം ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രീതിയിലാണ് അത് പ്രാവർത്തികമാക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ 2019 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്.

(ബി) ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിലൊന്നാണ് ഗെയിൽ നടപ്പിലാക്കുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വാതക പൈപ്പ്ലൈൻ പദ്ധതി. ഗെയിലിന്റെ കേരളത്തിലെ പൈപ്പ്ലൈൻ പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹികാവശ്യങ്ങൾക്കും വാഹനങ്ങൾക്കും വ്യവസായശാലകൾക്കുമായി ലഭ്യമാവുന്നതാണ്. ഇതുകൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധനചെലവ് വളരെയധികം ലാഭിക്കാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യവസായിക കുതിപ്പിന് ഉപോൽബലകമായി തീരുകയും ചെയ്യുന്നതാണ്. ഈ ഗ്യാസ് പൈപ്പ്ലൈൻ വരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചെലവുകുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടാൻ സാധിക്കുകയും ചെയ്യും. പ്രകൃതി വാതക ഉപയോഗംമൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയും എന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല, സംസ്ഥാനത്തിന് പ്രകൃതിവാതക ഉപയോഗത്തിന് അനുസൃതമായി നികുതി വരുമാനം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പിലായാൽ ടാങ്കർ മൂലമുണ്ടാകുന്ന അപകടങ്ങൾ, എൽ.പി.ജി. സിലിണ്ടർ അപകടങ്ങൾ, എൽ.പി.ജി. ക്ഷാമം എന്നിവ ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

(സി) പൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിൽ വീടുകളിലേയ്ക്കും വാഹനങ്ങൾക്കും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. വീടുകളിലേക്ക് പാചക ആവശ്യത്തിനായി പൈപ്പുകളിലൂടെ പ്രകൃതി വാതകം (PNG) എത്തിക്കുന്ന പദ്ധതി IOAGPL എറണാകുളം ജില്ലയിൽ 2015 ഡിസംബറിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും ആരംഭിച്ചുകഴിഞ്ഞു. കൊച്ചി-മംഗലാപുരം പൈപ്പ്ലൈൻ കടന്നുപോകുന്ന എല്ലാ പ്രദേശങ്ങളിലും വീടുകളിലേക്കും വാഹനങ്ങൾക്കും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനാവശ്യമായ Tap Off സംവിധാനം ഗെയിൽ പൂർത്തിയാക്കിക്കഴിഞ്ഞു. കേരളത്തിലെ Tap Off സ്റ്റേഷനുകളിൽനിന്നും ചെറുപൈപ്പുകൾ സ്ഥാപിച്ച് പ്രകൃതി വാതകം വീടുകളിൽ വിതരണം ചെയ്യേണ്ട IOAGPL അതിനാവശ്യമായ നടപടികളുമായി മുന്നോട്ട് പോവുകയാണ്.

## ഗെയിൽ പൈപ്പ്ലൈൻ പദ്ധതിയിൽ നൽകിയ നഷ്ടപരിഹാര തുക

154 (4190) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയ്ൽ പദ്ധതിയിൽ സംസ്ഥാനത്ത് ആകെ ഇതുവരെ എത്ര രൂപ നഷ്ടപരിഹാരം നൽകി എന്നറിയിക്കാമോ;

(ബി) നഷ്ടപരിഹാരത്തിന് കൃഷിയില്ലാത്ത ഭൂമി, കൃഷിയുള്ള ഭൂമി, നാണ്യവിളകൾ, വൃക്ഷങ്ങൾ തുടങ്ങി ഓരോന്നിനും നിശ്ചയിച്ച നഷ്ടപരിഹാര നിരക്ക് വെളിപ്പെടുത്താമോ;

(സി) ഗെയ്ൽ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നാളിതുവരെ എത്ര രൂപ നഷ്ടപരിഹാരമായി നൽകിയെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) ഗെയിലിന്റെ കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ്ലൈൻ പദ്ധതിക്കായി കേരളത്തിൽ ഉപയോഗാവകാശ ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമിയിലെ നാശനഷ്ടങ്ങൾക്കുമായി 325.54 കോടി രൂപ അവാർഡ് പാസ്സാക്കിയിട്ടുണ്ട്.

(ബി) ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം.പി. ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10% നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ കേരള സർക്കാർ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ്ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ 100% ന്യായവിലയും നൽകിവരുന്നു. കൂടാതെ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ അവരുടെ ഉടമസ്ഥതയിൽ മറ്റ് ഭൂമിയൊന്നുമില്ലെങ്കിൽ പൈപ്പ്ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി (വിളകൾക്ക് നൽകിയ നഷ്ടപരിഹാരത്തിനുപുറമേ) നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതാണ്. ഇതിനുപുറമേ കേരള സർക്കാർ ഉത്തരവിൻ പ്രകാരം നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകിവരുന്നു.

(സി) മലപ്പുറം ജില്ലയിലെ പൈപ്പ്ലൈനിന്റെ മൊത്തം നീളം 58 കി.മീറ്ററാണ്. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കും മറ്റ് നിർമ്മാണ പ്രവർത്തികളുടെ നാശനഷ്ടങ്ങൾക്കുമായി നഷ്ടപരിഹാരമായി 42.48 കോടി രൂപ കോംപീറ്റന്റ് അതോറിറ്റി പാസ്സാക്കിക്കഴിഞ്ഞു. 10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് 5 ലക്ഷം രൂപ പാക്കേജ് ഇനത്തിൽ ആകെ 1.10 കോടി രൂപയും കോംപീറ്റന്റ് അതോറിറ്റി പാസ്സാക്കിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ

155 (4191) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യങ്ങൾ കൈപ്പറ്റി സ്വയം വിരമിച്ചവരും താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്നവരും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉയർന്ന തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## കണ്ണൂർ സൈബർ പാർക്ക് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ

156 (4192) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ആരംഭിക്കാനിരുന്ന കണ്ണൂർ സൈബർ പാർക്ക് പദ്ധതി ഉപേക്ഷിക്കുകയും ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് ആക്കാൻ തീരുമാനിക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കലിന്റെ തുടർ നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ എരമത്ത് സൈബർ പാർക്ക് സ്ഥാപിക്കുന്നതിനായി നിശ്ചയിച്ചിരുന്ന ഭൂമിയിൽ കിൻഫ്ര വ്യവസായ പാർക്ക് വികസിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തിയെങ്കിലും ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കിൻഫ്ര വ്യവസായ പാർക്ക്

157 (4193) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് മാവൂർ വില്ലേജിൽപ്പെട്ട സ്ഥലം ഏറ്റെടുക്കാൻ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കിൻഫ്ര പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചത് ഏതുതരം പദ്ധതിയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കിൻഫ്ര എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിൽ മാവൂരിൽ 110 ഏക്കർ ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതി ഉണ്ടായിരുന്നു. എന്നാൽ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലം വ്യവസായത്തിന് അനുയോജ്യമല്ല എന്ന് കിൻഫ്ര കണ്ടെത്തിയതിനെ തുടർന്ന് മാവൂരിലെ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

(സി) മാവൂരിലെ സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കിൻഫ്ര എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സിഡ്കോ ഉടമസ്ഥതയിലുള്ള ഭൂമി

158 (4194) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിനഗർ, പച്ചാളം തുടങ്ങിയ സ്ഥലങ്ങളിലെ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി കാടു പിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപമായ സിഡ്കോയുടെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിൽ കടവന്ത്ര, ഗാന്ധിനഗറിൽ 5.06 ഏക്കർ ഭൂമിയും പച്ചാളത്ത് 0.82 ഏക്കർ ഭൂമിയുമുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ഇതുവരെയും വ്യവസായ ആവശ്യത്തിന് ഉപയുക്തമാക്കിയിട്ടില്ല. ഗാന്ധിനഗറിൽ ഒരു ഇൻഡസ്ട്രിയൽ എക്സിബിഷൻ സെന്ററും പച്ചാളത്ത് പൊതുമേഖലാ എണ്ണകമ്പനികളുമായി സഹകരിച്ച് ഒരു ഫ്യൂവൽ സ്റ്റേഷനും ആരംഭിക്കാനുള്ള പദ്ധതിയും നിലവിലുണ്ട്.

## പുതിയതായി സൃഷ്ടിച്ച തസ്തികകൾ

159 (4195) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുകൾക്ക് കീഴിലുള്ള വകുപ്പുകൾ (പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഓരോ വകുപ്പിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിവരം, വകുപ്പിന്റെ പേര്, എണ്ണം എന്നീ ക്രമത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ചാലക്കുടിയിൽ വ്യവസായ വികസന ഓഫീസ്

160 (4196) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ താലൂക്ക് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും വ്യവസായ വകുപ്പിന്റെ ഓഫീസ് ഇവിടെ അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചാലക്കുടിയിൽ വ്യവസായ വികസന ഓഫീസ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചാലക്കുടി ഉൾപ്പെടെ ഇനിയും താലൂക്ക് തല വ്യവസായ വികസന ഓഫീസുകൾ നിലവിലില്ലാത്ത കേരളത്തിലെ താലൂക്കുകളിൽ വ്യവസായ വികസന ഓഫീസ് അനുവദിക്കുന്നതിലെ അനിവാര്യത പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മാടായി കേരള ക്ലേ ആന്റ് സിറാമിക്സ് പുറംതള്ളുന്ന വെള്ളം**

161 (4197) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിലെ കേരള ക്ലേ ആന്റ് സിറാമിക്സ് കമ്പനി പഴയങ്ങാടി യൂണിറ്റിൽനിന്നും ഖനനം ചെയ്ത മണലിന്റെ അവശിഷ്ടങ്ങൾ ശുദ്ധീകരിച്ച് കാവിലെ വളപ്പ് തോട് വഴി പുറംതള്ളുന്ന വെള്ളം പരിസരവാസികൾക്ക് കുടിവെള്ളത്തിനും ആരോഗ്യത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യൂണിറ്റിൽനിന്നും ക്ലേ ഖനനം ചെയ്ത് ഇപ്പോൾ വെള്ളം കാവിലെ വളപ്പ് തോടുവഴി ഒഴുക്കിവിടുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തോട് ശുദ്ധീകരിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യവും കുടിവെള്ളവും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. കേരള ക്ലെയ്സ് ആന്റ് സെറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ പഴയങ്ങാടി യൂണിറ്റിൽ ഖനനവും ക്ലേ ശുദ്ധീകരിക്കലും അനുബന്ധ ഖനന പ്രവർത്തനങ്ങളും 2015 ജൂലൈ മാസംമുതൽ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഇല്ല.

(സി) 2015 മുതൽ കമ്പനിയുടെ പഴയങ്ങാടി യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. തോട് ശുദ്ധീകരിക്കുന്നതിനുള്ള നടപടി നിലവിൽ കമ്പനിയുടെ പരിഗണനയിലില്ല.

## കുറ്റ പനമ്പ് നെയ്ത്ത് കേന്ദ്രം

162 (4198) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്റ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പനമ്പ് നെയ്ത്ത് വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്റ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ വികസനത്തിനായി ഉല്പാദനത്തിനാവശ്യമായ ഈറ്റ ശേഖരിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ പനമ്പിന്റെ സംഭരണ വില 20% പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ അംഗീകൃത പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതിയുടെ ഭാഗമായി 20% കൂലി വർദ്ധനവ് വരുത്തുകയും തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി.എ. ആനുകൂല്യങ്ങളും നൽകിവരുന്നു. കൂടാതെ മെഡിക്കൽ ആനുകൂല്യങ്ങൾ, മരണാനന്തര ആനുകൂല്യങ്ങൾ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നുണ്ട്. ഇതിനുപുറമേ ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുള്ളതാണ്. തൊഴിലാളികൾക്ക് സെന്ററുകളിൽ വന്നുപോകുന്നതിന് ബസ് കൂലി, ചായ മുതലായ ആനുകൂല്യങ്ങളും ഓണത്തോട് അനുബന്ധിച്ച് ഇൻസെന്റീവ്, ബോണസ് എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നു. ഈ ആനുകൂല്യങ്ങൾ എല്ലാംതന്നെ കുറ്റ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിലെ തൊഴിലാളികൾക്കും നൽകിവരുന്നു.

(സി) 1. കോർപ്പറേഷന്റെ അംഗീകൃത പരമ്പരാഗത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതിയുടെ ഭാഗമായി 20% കൂലി വർദ്ധനവ് വരുത്തുകയും തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി.എ. ആനുകൂല്യങ്ങളും നൽകിവരുന്നു.

2. പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

3. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

4. ഈറ്റയിൽനിന്നും അളി കീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽ നിന്നും മാറിനിൽക്കുന്ന തൊഴിലാളികളെ തിരിച്ച് കൊണ്ടുവരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പ് നെയ്യാൻവേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അളി വിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതുവഴി അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കാനും കഴിയുന്നു.

## നിലമ്പൂർ താലൂക്കിൽ പ്രളയത്തിൽ ഉണ്ടായ നഷ്ടം - വ്യാപാരികൾക്ക് ധനസഹായം

163 (4199) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിൽ നിലമ്പൂർ താലൂക്കിൽ പ്രളയത്തിൽ പൂർണ്ണമായും മുങ്ങി നാശനഷ്ടം നേരിട്ട വ്യാപാരികൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ അല്ലാത്തവർക്ക് പ്രളയ നഷ്ടപരിഹാരം നൽകുന്നതിന് സാധിക്കുമോ; വിശദമാക്കാമോ;

(സി) പ്രളയ നഷ്ടം നേരിട്ടവർക്ക് ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് നടപ്പാക്കിയ ഉപജീവന സഹായ പദ്ധതിയുടെ പ്രയോജനം നിലമ്പൂർ താലൂക്കിലും ലഭ്യമാക്കുമോ; പദ്ധതിയുടെ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഡി) നിലമ്പൂർ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഉണ്ടായ നഷ്ടം (വ്യാപാര മേഖലയിൽ) സർക്കാർ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2019 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതികൾ നിലവിലില്ല. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യവസായ സ്ഥാപനങ്ങളുടെ (എം.എസ്.എം.ഇ.) പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് മാത്രമേ പദ്ധതികൾ നിലവിലുള്ളൂ.

(സി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് പുനരുദ്ധാരണത്തിനായി സർക്കാർ ഉജ്ജീവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2018-ലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായ സ്ഥാപനങ്ങൾക്ക് അവയുടെ പുനരുദ്ധാരണത്തിനായി ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് ആനുപാതികമായി വായ്പയുടെ 25 ശതമാനമോ പരമാവധി 2 ലക്ഷം രൂപ വരെയോ മാർജിൻ മണിയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാങ്കുകൾക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) കണക്കാക്കിയിട്ടുണ്ട്.

2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ വ്യാപാര മേഖലയിൽ ഉണ്ടായ നാശനഷ്ടം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സർവ്വേയിലൂടെ ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വേ പ്രകാരം വ്യാപാര മേഖലയിൽ ആകെ 521 യൂണിറ്റുകൾക്കായി 4,406.3 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

## നിർമ്മാണ സാമഗ്രികളുടെ ക്ഷാമം

164 (4200) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ ക്ഷാമംമൂലം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തീരസംരക്ഷണം ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കൊല്ലം ജില്ലയിൽ ഇപ്പോൾ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും ഇതിൽനിന്നും ലഭിക്കുന്ന പാറയും മറ്റും ജില്ലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പര്യാപ്തമാണോ എന്നും വിശദീകരിക്കുമോ;

(സി) ഇവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ ഇതരസംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ നിലവിൽ ക്വാറികൾക്ക് പ്രവർത്തനാനുമതി ഉള്ളതിനാൽ നിർമ്മാണ സാമഗ്രികൾക്ക് ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൊല്ലം ജില്ലയിൽ നിലവിൽ 26 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ടി ക്വാറികളിൽനിന്നുള്ള ഉൽപ്പന്നങ്ങൾ ജില്ലയിലെ നിർമ്മാണ ആവശ്യങ്ങൾക്ക് പര്യാപ്തമാണ്. കൂടാതെ ടി ജില്ലയിലേക്ക് അയൽ ജില്ലകളിൽനിന്നും ധാതുക്കൾ കൊണ്ടുവരാവുന്നതുമാണ്.

(സി) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ, മെറ്റൽ എന്നീ വസ്തുക്കൾ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിന് നിയമ തടസ്സമില്ല. ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ 20-2-2018-ലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 6-3-2018-ലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കരിങ്കല്ലും അതിന്റെ ഉല്പന്നങ്ങളും കേരളത്തിൽ കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

## സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി

165 (4201) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ടൗൺ വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ S.IND(R)228-ലെ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ വകുപ്പ് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ സൂപ്പർവൈസർ എച്ച്.എൽ.ടി.സി.ആർ ആയിരുന്ന ബിന്ദു.എസ്സ്.നെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

തൃശ്ശൂർ ടൗൺ വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ S. IND(R)228-ലെ വ്യവസായ സഹകരണ സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി എസ്. ബിന്ദു നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ ജില്ലാ

വ്യവസായ കേന്ദ്രം ജനറൽ മാനേജർ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 23-10-2018-ലെ DIC/15842/2018/ED1 നമ്പർ നടപടിക്രമം പ്രകാരം ടിയാരിയെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. തന്നെ സസ്പെന്റ് ചെയ്തതിനെതിരെയും തനിക്ക് ഉപജീവന ബത്ത നൽകുന്നതിലെ അപാകതക്കെതിരെയും ശ്രീമതി ബിന്ദു എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന ഒ.എ. നമ്പർ 410/2019, ഒ.എ. നമ്പർ 748/2019 എന്നീ കേസുകളിലെ 22-8-2019-ലെ അന്തിമ വിധിയിൽ ശ്രീമതി ബിന്ദുവിന് സർക്കാരിൽ അപ്പീൽ നൽകുവാനും പ്രസ്തുത അപ്പീൽ പരിഗണിച്ച് ടിയാരിയെ നേരിൽ കേട്ട് അപ്പീൽ തീർപ്പാക്കാൻ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു.തുടർന്ന് 5-10-2019-ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ DIC/15842/2018/ED1 നടപടിക്രമം പ്രകാരം ശ്രീമതി എസ്. ബിന്ദുവിനെ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലെ വടകര താലൂക്കിലെ കുന്നമ്മേൽ ബ്ലോക്കിൽ വ്യവസായ വികസന ഓഫീസറായി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് വകുപ്പുതല അച്ചടക്ക നടപടികൾ തുടരാൻ ഉത്തരവായി.

22-8-2019 തീയതിയിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി എസ്. ബിന്ദു സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് സർക്കാർ 1-1-2019-ൽ ടിയാരിയെ നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**ഇടക്കൊച്ചി സുസ്ഥിര വികസനം**

166 (4202) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി പ്രദേശത്തെ സുസ്ഥിര വികസന മേഖലയാക്കുന്നതിന് 2009-10 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് യോഗം വിളിച്ചു ചേർക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഇടക്കൊച്ചി സുസ്ഥിര വികസന മേഖല ആക്കുന്നതിനുവേണ്ടി ഇൻകെൽ (Inkel) സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൽ 51 ഏക്കർ ഭൂമി ആവാസത്തിനും വാണിജ്യ കാര്യങ്ങൾക്കുമായി വികസിപ്പിക്കുന്നതിനുള്ള രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയും ഇതിനോട് ചേർന്ന് കിടക്കുന്ന സെന്റ് ഡൊമിനിക് കോൺവെന്റ്, അവഷരിചേരിൽ ജോ, വിക്ടാലിസ് കുടുംബം എന്നിവരുടെ കൈവശമുള്ള വസ്തുക്കളും ചേർന്നുള്ള പ്രദേശത്താണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിക്കുവേണ്ടി ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് അതിലേക്ക് സ്ഥലം ഉടമകൾ സ്ഥലം നൽകി പദ്ധതിക്ക് തുടക്കം കുറിക്കാനാണ് റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു. പദ്ധതിയുടെ ആകെ അടങ്കൽ തുക 1,500 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണെന്ന് സംബന്ധിച്ച് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്തിയാലേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാം എന്നത് സംബന്ധിച്ച് വീണ്ടും ഒരു വിശദമായ സാങ്കേതിക സാമ്പത്തിക പഠനം നടത്തേണ്ടതുണ്ട്.

(സി) ഇൻകെലിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന് മാത്രമായി ഈ വിഷയത്തിൽ നടപടി കൈക്കൊള്ളാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഒരു യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് ജനറൽ മാനേജർ കത്ത് നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക്

167 (4203) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക് അനുവദിക്കുന്നതിനായി 2019-20 വർഷത്തെ ബജറ്റിൽ 20 കോടി രൂപ പ്രഖ്യാപിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇതു സംബന്ധിച്ച പ്രാരംഭനടപടികൾ ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ലാപ്സാകാതെ ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി ആരംഭിക്കാൻ നടപടികളുണ്ടാകുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക് അനുവദിക്കുന്നതിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ 4885-01-200-95-(പദ്ധതി) എന്ന ശീർഷകത്തിൽ കാസർഗോഡ് ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ഇൻഡസ്ട്രിയൽ സ്പേസ് എന്ന പുതിയ പദ്ധതിക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ പാറമടകൾക്ക് ലൈസൻസ്**

168 (4204) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പാറമടകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) 2019 ൽ പുതുതായി ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; പുതിയ ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് പരിസ്ഥിതി ആഘാതം, ഭൂഗർഭ ജലവിതാനം എന്നിവ സംബന്ധിച്ച പഠനമെന്തെങ്കിലും നടത്താറുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് അറിയിക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണാവശ്യത്തിലേക്ക് അദാനി ഗ്രൂപ്പിന് കരിങ്കല്ല് ലഭ്യമാക്കുവാൻ ക്വാറി ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| ജില്ല | അനുമതിയോടുകൂടി പ്രവർത്തിക്കുന്നവ |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 58 |
| കൊല്ലം | 27 |
| പത്തനംതിട്ട | 41 |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 31 |
| ഇടുക്കി | 18 |
| എറണാകുളം | 97 |
| തൃശ്ശൂർ | 28 |

| 1 | 2 |
|---|---|
| പാലക്കാട് | 72 |
| മലപ്പുറം | 88 |
| കോഴിക്കോട് | 62 |
| വയനാട് | 10 |
| കണ്ണൂർ | 69 |
| കാസർഗോഡ് | 12 |

(ബി) 2019-ൽ പുതുതായി ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പുതിയ ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) നിന്നുള്ള പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടതുണ്ട്. സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി പാരിസ്ഥിതികാഘാതം സംബന്ധിച്ച് വിലയിരുത്തിയതിന് ശേഷമാണ് പാരിസ്ഥിതികാനുമതിക്ക് ശിപാർശ ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ജില്ല | അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടത് |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 15 (നിലവിലില്ല) |
| ഇടുക്കി | 5 (സ്റ്റോപ്പ് നോട്ടീസ് നൽകി നിർത്തിവച്ചു.) |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | 12 (നിലവിലില്ല) |
| പാലക്കാട് | 35 (നിലവിലില്ല) |
| മലപ്പുറം | 44 (നോട്ടീസ് നൽകി നിർത്തി വയ്പ്പിച്ച് തുടർ നടപടി സ്വീകരിച്ചു.) |
| കോഴിക്കോട് | 4 (നിലവിലില്ല) |
| വയനാട് | 1 (നിലവിലില്ല) |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 56 (നിലവിലില്ല; കണ്ടെത്തി നടപടി സ്വീകരിച്ചു.) |

(ഡി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നഗരൂർ വില്ലേജിൽ സർവ്വേ നമ്പർ 555/2-ൽപ്പെട്ട 3.6630 ഹെക്ടർ സർക്കാർ ഭൂമിയിൽനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അദാനി വിഴിഞ്ഞം പോർട്ട് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ക്വാറീയിംഗ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

## ഖനന യൂണിറ്റുകൾ

169 (4205) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 5 ഹെക്ടറോ അതിൽ കുറവോ വിസ്തീർണ്ണമുള്ളതും ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതുമായ എത്ര ഖനന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന വിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഖനന യൂണിറ്റുകളിൽ പരിസ്ഥിതി അനുമതിയുള്ളവയുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് 5 ഹെക്ടറോ അതിൽ കുറവോ വിസ്തീർണ്ണമുള്ള 568 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

| ജില്ല | എണ്ണം | പാരിസ്ഥിതികാനുമതിയുള്ളവ |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 50 | 43 |
| കൊല്ലം | 27 | 27 |
| പത്തനംതിട്ട | 37 | 34 |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 31 | 22 |
| ഇടുക്കി | 25 | 9 |
| എറണാകുളം | 90 | 67 |
| തൃശ്ശൂർ | 22 | 19 |
| പാലക്കാട് | 67 | 58 |

| 1 | 2 | 3 |
|---|---|---|
| മലപ്പുറം | 75 | 74 |
| കോഴിക്കോട് | 57 | 54 |
| വയനാട് | 9 | 2 |
| കണ്ണൂർ | 66 | 63 |
| കാസർഗോഡ് | 12 | 12 |

**അംഗീകൃത പാറമടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നടപടി**

170 (4206) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകൃത പാറമടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും അനധികൃത പാറമടകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുമായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കൊല്ലം ജില്ലയിൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന ക്വാറികൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനധികൃത ക്വാറി പ്രവർത്തനം തടയുന്നതിനായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 പ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലീസ്/പെർമിറ്റ് ഏരിയ ലംഘിച്ച് ഖനനം നടത്തുകയാണെങ്കിൽ അനധികൃതമായി ഖനനം ചെയ്തെടുത്ത ധാതുവിന്റെ അളവ് കണക്കാക്കി ചട്ടപ്രകാരമുള്ള റോയൽറ്റിയും വിലയും ചേർത്ത് പിഴ ഈടാക്കുന്നുണ്ട്. അനധികൃത ഖനനത്തിൽ ഏർപ്പെടുന്ന വ്യക്തികൾക്കെതിരെ കോടതിയിൽ നിയമ നടപടി സ്വീകരിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അനധികൃത കരിങ്കല്ല് ഖനനം തടയുന്നതിന് സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടഞ്ഞാൽ മതിയാകും. സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിമാർക്ക് മൈനിംഗ് & ജിയോളജി ഡയറക്ടർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത ഖനനം തടയുന്നതിനായി പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ സംസ്ഥാന പോലീസ് മേധാവി

വരെയുള്ളവർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്കും ഈ അധികാരം നൽകിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ മൈനിംഗ് പ്ലാനിലെ നിബന്ധനകൾ ലംഘിച്ചതിന് രണ്ട് ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആക്കവിള സജീനൻ അഗ്രിഗേറ്റ്സ്, മുഖത്തല, കൊല്ലം എന്നിവരിൽ നിന്നും ഒരു ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

2. മെ. ഷാ ക്വാറി, തേക്കുവിള, മേലതിൽ, കുടവട്ടൂരിൽനിന്നും ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. കൂടാതെ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. സലീം., സലീം മൻസിൽ, നീലേശ്വരം പി.ഒ. നടുവത്തൂരിന്റെ ക്വാറി പ്രവർത്തനങ്ങൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തെ ക്വാറികൾ**

171 (*T4207) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലകളിലും എത്ര ക്വാറികൾ പ്രവർത്തിക്കുന്നു എന്നും അവയിൽ സർക്കാർ അനുമതിയോടുള്ളവ എത്രയെന്നും അല്ലാതുള്ളവ എത്രയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ പ്രളയവും ഉരുൾപൊട്ടലും നടന്ന പ്രദേശമുൾപ്പെടെയുള്ള ദുരന്ത സാധ്യതാ മേഖലകളിൽ എത്ര ക്വാറികൾ അനുമതിയോടും അല്ലാതെയും പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഇത്തരം മേഖലകളിൽ എത്ര ക്വാറികൾ പൂട്ടുന്നതിന് വിവിധ ജില്ലാ ഭരണകൂടങ്ങൾ നിർദ്ദേശം നൽകി എന്നും അതു ധിക്കരിച്ച് നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും എത്ര എണ്ണത്തിന് വീണ്ടും പ്രവർത്തനാനുമതി ജില്ലാ ഭരണകൂടങ്ങൾ നൽകി എന്നും എന്തടിസ്ഥാനത്തിൽ നൽകിയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ)

| ജില്ല | അനുമതിയോടുകൂടി പ്രവർത്തിക്കുന്നവ | അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടത് |
|---|---|---|
| തിരുവനന്തപുരം | 58 | 2 |
| കൊല്ലം | 27 | ഇല്ല |
| പത്തനംതിട്ട | 41 | ഇല്ല |
| ആലപ്പുഴ | ഇല്ല | ഇല്ല |
| കോട്ടയം | 31 | 15 (നിലവിലില്ല) |
| ഇടുക്കി | 18 | 5 (സ്റ്റോപ്പ് നോട്ടീസ് നൽകി നിർത്തിവച്ചു.) |
| എറണാകുളം | 97 | ഇല്ല |
| തൃശ്ശൂർ | 28 | 12 (നിലവിലില്ല) |
| പാലക്കാട് | 72 | 35 (നിലവിലില്ല) |
| മലപ്പുറം | 88 | 44 (നോട്ടീസ് നൽകി നിർത്തി വയ്പ്പിച്ച് തുടർ നടപടി സ്വീകരിച്ചു.) |
| കോഴിക്കോട് | 62 | 4 (നിലവിലില്ല) |
| വയനാട് | 10 | 1 (നിലവിലില്ല) |
| കണ്ണൂർ | 69 | ഇല്ല |
| കാസർഗോഡ് | 12 | 56 (നിലവിലില്ല; കണ്ടെത്തി നടപടി സ്വീകരിച്ചു.) |

(ബി)

| ജില്ല | പ്രവർത്തിക്കുന്ന ക്വാറികൾ |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 2 |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | 14 |
| കോഴിക്കോട് | ഇല്ല |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | ഇല്ല |

(സി)

| ജില്ല | പൂട്ടുന്നതിന് നിർദ്ദേശം നൽകിയ ക്വാറികളുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | ഇല്ല |

| 1 | 2 |
|---|---|
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | 14; ഇതിൽ 4 എണ്ണം തുടർന്ന് പ്രവർത്തിപ്പിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ച സുരക്ഷാ ക്രമീകരണങ്ങൾ നടപ്പാക്കിയതിനാൽ തുടരനുമതി നൽകി. |
| കോഴിക്കോട് | ഇല്ല |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | ഇല്ല |

**ക്വാറികളുടെ പ്രവർത്തനം**

172 (4208) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികളുടെ പ്രവർത്തനം നിർത്തി വച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ക്വാറികളുടെ പ്രവർത്തനം നടക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്വാറികളുടെ പ്രവർത്തനം നിർത്തി വച്ചതിനാൽ എം.എൽ.എ.ഫണ്ട്, സംസ്ഥാന ബഡ്ജറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ നിലച്ചിരിക്കുന്ന സാഹചര്യത്തിൽ ക്വാറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബഹു. കേരള ഹൈക്കോടതി 1201/2018 നമ്പർ റിട്ട് അപ്പീലിന്മേൽ 26-05-2018 തീയതിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയിൽ നിന്നും 10 കി.മീ. ദൂരപരിധിക്കുള്ളിൽ ഖനനാനുമതി നൽകുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണ്. അപ്രകാരം വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുടെ 10 കി.മീ. ചുറ്റളവിൽ പ്രവർത്തിച്ചുവന്നിരുന്ന ക്വാറികൾക്ക് സ്റ്റോപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്.

പരിസ്ഥിതിലോല പ്രദേശങ്ങളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ ക്വാറി പ്രവർത്തനത്തിന് നിലവിൽ ഖനനാനുമതി നൽകുന്നില്ല. നിലവിലുണ്ടായിരുന്ന ക്വാറികളുടെ പ്രവർത്തനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ഓഫീസ് മെമ്മോറാണ്ട പ്രകാരം 2018-ൽ നിർത്തിയിട്ടുള്ളതുമാണ്. 2019-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ എല്ലാ ക്വാറികളുടെയും പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. കൂടാതെ ഇപ്രകാരം മലപ്പുറം ജില്ലയിൽ 13 ക്വാറികളും പാലക്കാട് ജില്ലയിൽ ഒരു ക്വാറിയും പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. ശക്തിയായി മഴ പെയ്യുന്ന അവസരത്തിൽ ദുരന്ത നിവാരണ വകുപ്പ് ഓറഞ്ച്, റെഡ് അലെർട്ട് പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇടയ്ക്കിടെ ക്വാറികളുടെ പ്രവർത്തനം നിൽത്തിവയ്പ്പിക്കാറുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലെ ചട്ടങ്ങൾ പ്രകാരവും കോടതി ഉത്തരവുകൾ പ്രകാരവും ഖനനം അനുവദിക്കാവുന്ന സ്ഥലങ്ങളിൽ എല്ലാംതന്നെ ഖനനാനുമതി നൽകിയിട്ടുണ്ട്. നിയമപരമായി ഖനനം നിർത്തിവയ്ക്കേണ്ട സ്ഥലങ്ങളിൽ മാത്രമാണ് ഖനനം നിർത്തിവയ്പിച്ചിട്ടുള്ളത്.

**കാരക്കുത്ത് പ്രദേശത്ത് കരിങ്കൽ ക്വാറി ആരംഭിക്കാനുള്ള ശ്രമം**

173 (4209) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറി ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്നും ഏതൊക്കെ വകുപ്പുകളുടെ സമ്മതം ആവശ്യമാണെന്നും വിശദീകരിക്കാമോ;

(ബി) പട്ടാമ്പി താലൂക്കിലെ മുതുതല പഞ്ചായത്തിലെ കാരക്കുത്ത് പ്രദേശത്ത് ക്വാറി ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ എവിടം വരെയായി എന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ പ്രളയത്തിൽ ആളപായം ഇല്ലെങ്കിൽ കൂടിയും ഉരുൾപൊട്ടൽ നടന്ന പ്രദേശത്താണ് പ്രസ്തുത ക്വാറി ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർദ്ദിഷ്ട സ്ഥലം ഒരു വിദഗ്ദ്ധ സംഘത്തെ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇനിയും ഉരുൾപൊട്ടാൻ വലിയ സാധ്യത നിലനില്ക്കുന്ന പ്രസ്തുത പ്രദേശത്ത് ഒരു ക്വാറി ആരംഭിക്കുന്നത് വലിയ ദുരന്തത്തിന് കാരണമാകുമെന്നുള്ളത് കൊണ്ട് ഈ കരിങ്കൽ ക്വാറി ആരംഭിക്കുന്നതിന് അനുമതി നൽകാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കരിങ്കൽ ക്വാറി തുടങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി/സ്ഥാപനം, കരിങ്കല്ല് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ റവന്യൂ രേഖകളായ കൈവശാവകാശ സർട്ടിഫിക്കറ്റ്, അപേക്ഷ സ്ഥലം മറ്റാവശ്യങ്ങൾക്ക് പതിച്ച് നൽകിയതല്ലായെന്ന് വ്യക്തമാക്കുന്ന വില്ലേജ് ആഫീസർ അനുവദിച്ച നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്, കരിങ്കല്ല് ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് ചുറ്റും കോൺക്രീറ്റ്/അയൺ പില്ലറുകൾ നാട്ടി അപേക്ഷാ സ്ഥലം ഡീമാർക്കേറ്റ് ചെയ്തിട്ടുണ്ടെന്ന റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ്, തഹസീൽദാർ മേലൊപ്പുവച്ച അപേക്ഷാ സ്ഥലത്തിന്റെ സർവ്വെ മാപ്പ്, അപേക്ഷാ സ്ഥലം മറ്റൊരാളുടേതാണെങ്കിൽ വസ്തു ഉടമയുടെ സമ്മതപത്രം, ഇൻകം ടാക്സ് അടയ്ക്കുന്നത് സംബന്ധിച്ച് അഫിഡവിറ്റ് എന്നീ രേഖകളുമായി ബന്ധപ്പെട്ട മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ ജിയോളജിസ്റ്റ് സ്ഥല പരിശോധന നടത്തി വിശദമായ സ്ഥലപരിശോധന റിപ്പോർട്ട് തയ്യാറാക്കി ഒരു ഹെക്ടറിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള സ്ഥലമാണെങ്കിൽ ജില്ലാ ആഫീസിൽനിന്നും നടപടി സ്വീകരിക്കുകയും ഒരു ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലമാണെങ്കിൽ ദീർഘകാല അടിസ്ഥാനത്തിൽ ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിനായി മൈനിംഗ് & ജിയോളജി ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ

വ്യവസ്ഥകൾക്കനുസൃതമായി ക്വാറി പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം നിലവിലുണ്ടെങ്കിൽ, മറ്റ് വകുപ്പുകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ സമ്പാദിക്കുന്നതിലേക്ക് ലെറ്റർ ഓഫ് ഇന്റന്റ് (LOI) അനുവദിക്കുകയാണ് ആദ്യം ചെയ്യുന്നത്. ഒരു ക്വാറിക്ക് ലൈസൻസ് അനുവദിക്കുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) നിന്നുള്ള പാരിസ്ഥിതികാനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നും അനുവദിക്കുന്ന കൺസന്റ് റ്റു ഓപ്പറേറ്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, പെട്രോളിയം ആന്റ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) അനുവദിക്കുന്ന എക്സ്പ്ലോസീവ്സ് ലൈസൻസ്, റെകഗ്നൈസ്ഡ് ക്വാളിഫൈഡ് പേഴ്സൺ (RQP) തയ്യാറാക്കുന്ന മൈനിംഗ് പ്ലാൻ എന്നിവ ഹാജരാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ക്വാറിക്ക് ലൈസൻസ് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പട്ടാമ്പി താലൂക്കിലെ മുതുതല വില്ലേജിൽ റീ സർവ്വേ നമ്പർ 25/2, 37/3, 38/3, 38/4, 38/11-ൽപ്പെട്ട 5.0878 ഹെക്ടർ സ്ഥലത്ത് ക്വാറി ആരംഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ട്. തുടർന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ സമ്പാദിക്കുന്നതിലേക്ക് ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചിരുന്നു. എന്നാൽ തുടർ നടപടികൾക്ക് ആവശ്യമായ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ അപേക്ഷകൻ ഹാജരാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘം നിർദ്ദിഷ്ട ക്വാറി സ്ഥലം പരിശോധന നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 26-10-2017-ൽ മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചശേഷം രണ്ട് വർഷത്തോളമായിട്ടും ക്വാറീയിംഗ് ലീസ് അനുവദിക്കുന്നതിന് ആവശ്യമായ മറ്റ് സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ അപേക്ഷകൻ ഹാജരാക്കിയിട്ടില്ല. പ്രസ്തുത ലൈസൻസുകൾ ഹാജരാക്കിയാൽ മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ക്വാറിയിംഗ് ലീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

## സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി വസ്ത്രം നൽകുന്ന പദ്ധതി

174 (4210) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി വസ്ത്രം നൽകുന്ന പദ്ധതി പ്രകാരം അടുത്ത വർഷത്തെ ആവശ്യത്തിനുള്ള കൈത്തറി തുണിയുടെ അളവും കളർ കോഡും സംബന്ധിച്ച വിശദാംശം വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഉണർവ് നൽകിയിട്ടുണ്ടോ;

(സി) അടുത്ത അധ്യയന വർഷം എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോമിനുള്ള തുണി വിതരണം ചെയ്യുവാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ യൂണിഫോം തുണികൾക്ക് മികച്ച നിലവാരം ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ആവശ്യമായ തുണി ഉല്പാദിപ്പിക്കുവാൻ നിലവിൽ ഹാന്റെക്സിനും ഹാൻവീവിനും സംവിധാനമുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ വർഷം കൈത്തറി തുണി നെയ്ത് നൽകിയ തൊഴിലാളികൾക്ക് സമയബന്ധിതമായി കൂലി നൽകാത്തത് അവരെ ബുദ്ധിമുട്ടിച്ചുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ തൊഴിലാളികൾക്ക് കൃത്യമായി കൂലി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ കൈത്തറി നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ മേഖലയിൽ 5000-ത്തിലധികം നെയ്ത്തുകാർക്കും അതിലധികം അനുബന്ധ തൊഴിലാളികൾക്കും സ്ഥിര വരുമാനമുണ്ടാക്കുന്നതിനും സംരക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 3 വർഷംകൊണ്ട് 98 ലക്ഷത്തോളം മീറ്റർ തുണി നെയ്തെടുക്കുകയും ആയതിൽ

124.80 കോടി രൂപ നെയ്ത്തുകൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. നൂല്പും കൂലിയും സർക്കാർ നൽകുന്ന ഈ പദ്ധതിയിൽ പുതുതായി 1026 പേരും നെയ്ത്ത് ജോലി ഉപേക്ഷിച്ചുപോയ 1300 ഓളം പേരും ഈ മേഖലയിൽ തിരികെ വന്ന് ജോലി ചെയ്തുവരുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല നെയ്ത്ത് സഹകരണ സംഘങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാനും കഴിഞ്ഞു. ഏറെ പ്രായം ചെന്ന കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കാനും കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് കൈവരിക്കുന്നതിനും ഈ പദ്ധതി മുഖേന കഴിഞ്ഞിട്ടുണ്ട്.

(സി) 2020-21 അധ്യയന വർഷം സംസ്ഥാനത്തെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി ആകെ 9.39 ലക്ഷം കുട്ടികൾക്ക് കൈത്തറി സ്കൂൾ യൂണിഫോം തുണി വിതരണം ചെയ്യാനാണ് വിദ്യാഭ്യാസ വകുപ്പിൽനിന്നും നിർദ്ദേശം ലഭ്യമായിട്ടുള്ളത്.

(ഡി) സ്കൂൾ യൂണിഫോം തുണി നെയ്യുന്നതിന് ആവശ്യമായ നൂലിന്റെ സിംഹഭാഗവും കേരളത്തിലെ വിവിധ മില്ലുകളിൽനിന്നും ഉല്പാദിപ്പിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷൻ (NHDC) മുഖേന വിവിധ യാൺ ബാങ്കുകൾ വഴിയുമാണ് സംഘങ്ങൾക്ക് ലഭ്യമാക്കുന്നത്. ഈ നൂലിന്റെ ഗുണനിലവാര പരിശോധന CARDT (സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ഓൺ ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ്) എന്ന സ്ഥാപനം ഉറപ്പുവരുത്തിയതിന്ശേഷമാണ് നെയ്ത്തിന് ഉപയോഗിക്കുന്നത്. നെയ്ത തുണികൾ വിവിധ കളർ കോഡുകളിൽ ചായം മുക്കിയതിനുശേഷം തുണിയുടെ സാമ്പിൾസ് കേന്ദ്ര വസ്ത്ര മന്ത്രാലയത്തിന്റെ കീഴിലുള്ള ടെക്സ്റ്റൈൽസ് കമ്മിറ്റി ടെസ്റ്റ് ചെയ്യുകയും ഗുണനിലവാരം ഉറപ്പ് വരുത്തിയതിന് ശേഷമാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത രീതിയിൽ എല്ലാ യൂണിഫോം തുണികൾക്കും മികച്ച നിലവാരം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമായ തുണി ഹാൻവീവ് നെയ്ത്ത് തൊഴിലാളികൾ മുഖേന ഉല്പാദിപ്പിക്കുന്നുണ്ട്. അവർ സംഭരണവും വിതരണവും നടത്തുന്നുണ്ട്. ഹാന്റക്സ് ഉല്പാദിപ്പിക്കുന്നില്ല. എന്നാൽ സംഭരണവും വിതരണം നടത്തുന്നുണ്ട്.

(ഇ) സ്കൂൾ യൂണിഫോം തുണി നെയ്യുന്ന തൊഴിലാളികൾക്ക് സമയ ബന്ധിതമായി കൂലി നൽകാൻ ശ്രമിക്കുന്നുണ്ട്. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് ആവശ്യമായ തുക വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് ലഭ്യമാകുന്നത്. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തൊഴിലാകൾക്ക് കൃത്യമായി കൂലി നൽകുന്നുണ്ട്.

**ഓണകാലത്ത് കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് അനുവദിച്ച റിബേറ്റ് തുക**

175 (4211) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഓണക്കാലത്ത് കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് അനുവദിച്ച റിബേറ്റ് തുക എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സംഘങ്ങൾക്കാണ് റിബേറ്റ് ലഭിച്ചതെന്ന് തുക സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വോട്ട് ഓൺ അക്കൗണ്ട് നിബന്ധന പ്രകാരം സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് 1,79,41,970 രൂപയുടെ 70% തുകയായ 1,25,59,379 രൂപ വിതരണം ചെയ്തിട്ടുണ്ട്. 2019 ജൂൺ 30-ന് വോട്ട് ഓൺ അക്കൗണ്ട് കാലാവധി അവസാനിച്ചതിൽ അർഹമായ 1,79,41,970 രൂപയിൽ വിതരണം ചെയ്ത 1,25,59,379 രൂപ കിഴിച്ച് ബാക്കിവരുന്ന 53,82,591 രൂപ ഓണക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഓണക്കാലത്ത് നൽകിയ തുക |
|---|---|---|
| 1 | കൊല്ലം | 8,987 |
| 2 | കോട്ടയം | 11,245 |
| 3 | ഇടുക്കി | 11,649 |
| 4 | എറണാകുളം | 14,32,495 |
| 5 | തൃശ്ശൂർ | 2,67,262 |
| 6 | പാലക്കാട് | 8,38,699 |
| 7 | കോഴിക്കോട് | 5,61,539 |
| 8 | വയനാട് | 64,084 |
| 9 | കണ്ണൂർ | 17,62,953 |
| 10 | കാസർഗോഡ് | 4,23,678 |
| ആകെ | | 53,82,591 |

(ബി) തിരുവനന്തപുരം ജില്ലയിൽനിന്നും അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല.

## സഹകരണ മില്ലുകളിലെ നൂൽ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് ഓർഡർ

176 (4212) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന നൂൽ വിദേശത്തേക്ക് കയറ്റി അയക്കുന്നതിന് ഓർഡർ ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് ഇതിനകം ഓർഡർ ലഭിച്ചത്; ഇതിലൂടെ എന്ത് വരുമാനം ഉണ്ടായിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന് വിയറ്റ്നാം, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്ന് ഓർഡർ ലഭിക്കുകയും 1617.93 ലക്ഷം രൂപ കയറ്റുമതിയിലൂടെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് മ്യാൻമാർ, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നും ഓർഡർ ലഭിച്ചിട്ടുണ്ട്. 1753.774 ലക്ഷം രൂപ മ്യാൻമാറിലേക്കുള്ള കയറ്റുമതിയിലൂടെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീലങ്കയിലേക്കുള്ള കയറ്റുമതിക്കുള്ള പ്രാരംഭ നടപടി ആരംഭിച്ചുകഴിഞ്ഞു.

## വ്യാജ കൈത്തറിയുടെ കടന്നുകയറ്റം

177 (4213) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ കൈത്തറിയുടെ കടന്നുകയറ്റം പരമ്പരാഗത വ്യവസായത്തെ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ടോ;

(ബി) കൈത്തറി വസ്ത്രമെന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള പവർലൂം വസ്ത്രം വില്പന നടത്തുന്നത് പരമ്പരാഗത കൈത്തറി വ്യവസായത്തെ എത്ര മാത്രം ദോഷകരമായി ബാധിച്ചു എന്നറിയിക്കാമോ;

(സി) കൈത്തറി മേഖലയുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ കൈത്തറി വസ്ത്രനിർമ്മാണ മേഖലയുമായി ബന്ധമില്ലാത്തവർ തട്ടിയെടുക്കുന്ന അവസ്ഥ മാറ്റുന്നതിന് എന്ത് ഇടപെടലാണ് നടത്തുന്നത്;

(ഡി) വ്യാജ കൈത്തറി വസ്ത്രങ്ങളുടെ വില്പന തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; അത് ഫലപ്രദമാണോ;

(ഇ) ഇല്ലെങ്കിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പരമ്പരാഗത കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന കൈത്തറി/യന്ത്രത്തറി വസ്ത്രങ്ങളുടെ വിൽപ്പന കേരളത്തിലെ പരമ്പരാഗത കൈത്തറി വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൈത്തറി വസ്ത്രമെന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പവർലൂം വസ്ത്രം വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൈത്തറി ഉല്പന്നങ്ങൾ വിപണിയിൽ വിൽക്കുമ്പോൾ കൈത്തറി മാർക്ക് ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൈത്തറി അല്ലാത്ത വസ്ത്രങ്ങൾ വ്യാജ കൈത്തറി മാർക്ക് ഉപയോഗിച്ച് വിപണം നടത്തിയാൽ ശിക്ഷിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ കൈത്തറിയിൽ മാത്രം നിർമ്മിക്കുന്നതിന് നിയന്ത്രിച്ചിട്ടുള്ള വസ്ത്രങ്ങൾ യന്ത്രത്തറിയിൽ നിർമ്മിക്കുന്നതും 1985-ലെ RAP Act (റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രൊഡക്ഷൻ) അനുസരിച്ച് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യമാണ്.

(ഇ) പരമ്പരാഗത കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കൈത്തറി തുണികളിലെ വൈവിധ്യവൽക്കരണം

178 (4214) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തുണികളുടെ വില്പനയിൽ നേട്ടമുണ്ടാക്കുന്നതിന് ഹാൻടെക്സിനും ഹാൻവീവിനും സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കഴിഞ്ഞ ഓണം സീസണിൽ എത്ര കോടി രൂപയുടെ വില്പനയാണ് നടന്നത്;

(സി) കൈത്തറി തുണികളിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കൈത്തറി തുണികളുടെ വിൽപ്പനയിൽ നേട്ടമുണ്ടാക്കുന്നതിന് Hantex-നും Handveev-നും സാധിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഗുണഫലമായി കൈത്തറി മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഉത്പാദനവും വിൽപ്പനയും വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ഉത്സവകാലങ്ങളിൽ റിബേറ്റ് അനുവദിച്ചും എക്സിബിഷനുകൾ സംഘടിപ്പിച്ചും കൈത്തറി തുണികളുടെ വില്പനയും പ്രചാരവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

1-4-2019 മുതൽ 31-10-2019 വരെ Hantex-ൽ 16,11,19,709 രൂപയുടെയും Handveev-ൽ 19,24,00,094 രൂപയുടെയും ആകെ വിൽപ്പന നടന്നിട്ടുണ്ട്.

2018-19 ഓണക്കാലത്തെ അപേക്ഷിച്ച് 2019-20 ഓണക്കാലത്ത് Hantex-ൽ 1.07 കോടി രൂപയുടെയും Handveev-ൽ 1.50 കോടി രൂപയുടെയും വില്പന വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഈ കഴിഞ്ഞ ഓണം സീസണിൽ Hantex-ൽ 10,55,98,568 രൂപയുടെയും Handveev-ൽ 5,25,10,000 രൂപയുടെയും വിൽപ്പന നടന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം ഒരാൾക്ക് സ്വന്തമായോ പങ്കാളിത്തമായോ കമ്പനി ആയോ സ്വയം സഹായ സംഘമായോ കൈത്തറി മേഖലയിൽ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനും അതുവഴി നെയ്ത്തുകാർക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും പുതിയ ഡിസൈനുകൾ, ഉൽപ്പന്നങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും സാധിക്കുന്നു. കൈത്തറി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി വ്യവസായ സംരംഭകർക്ക് മാർജിൻ മണി സഹായം, ട്രെയിനിംഗ് & മാർക്കറ്റിംഗ് സഹായം എന്നിവ ലഭ്യമാക്കുന്നതിനും ടി പദ്ധതി പ്രകാരം സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ധനസഹായമായി നൽകിവരുന്നു. കൂടാതെ ഓർഗാനിക് കോട്ടൺ ഉപയോഗിച്ച് കൈത്തറി തുണികൾ ഉണ്ടാക്കുന്നതിന് 20 പേർക്ക് പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്. ആധുനിക ഡിസൈനുകളിൽ കൈത്തറി തുണി തയ്യാറാക്കുന്നതിന് Hantex, Handveev സ്ഥാപനങ്ങളിൽ പ്രത്യേകം ഡിസൈനേഴ്സിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

Hantex, ബാലരാമപുരം മുണ്ട്, കുത്താംപള്ളി സാരി, കണ്ണൂർ ഷർട്ടിംഗ് തുടങ്ങിയ കൈത്തറി ഉൽപ്പന്നങ്ങൾ പ്രീമിയം പ്രോഡക്ട് എന്ന നിലയിൽ കൈത്തറി സുരക്ഷ പദ്ധതിയിൻ കീഴിൽ ഉല്പാദനം നടത്തി വിൽപ്പന നടത്തിവരുന്നു.

**അമരവിള ചൂടുകൽ ഉൽപ്പാദക ക്രയവിക്രയ സഹകരണ സംഘം**

179 (4215) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിളയിൽ വ്യവസായ വകുപ്പിനുകീഴിൽ ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ചൂടുകൽ ഉൽപാദക ക്രയവിക്രയ സഹകരണ സംഘം ഭരണസമിതിയുടെ സാമ്പത്തിക ഇടപാടുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ആഡിറ്റ് റിപ്പോർട്ടിലും ഖാദി ബോർഡിന്റെ എൻക്വയറിയിലും കണ്ടെത്തിയിട്ടും എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) അന്വേഷണത്തിൽ കണ്ടെത്തിയ ക്രമകേടുകൾ രേഖാമൂലം വിശദീകരിക്കാമോ;

(സി) സംഘത്തിന്റെ തുടർപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് വ്യവസായ വകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) സംഘവുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകി മൽസരിച്ച അംഗത്തിനെതിരെ ഹൈക്കോടതിയിൽ ഉള്ള കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അമരവിള ചൂടുകൽ ഉൽപ്പാദക ക്രയവിക്രയ സഹകരണ സംഘത്തിനെ സംബന്ധിച്ചുള്ള പരാതി അന്വേഷിക്കുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും പ്രസ്തുത അന്വേഷണത്തിൽ ഭരണസമിതി നിരവധി ക്രമരഹിത നടപടികൾ ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അന്ന് നിലവിലുണ്ടായിരുന്ന ഭരണസമിതിയെ പിരിച്ചുവിടുകയും അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തു. എന്നാൽ പിരിച്ചുവിട്ട ഭരണസമിതി <u>ബഹു.</u> ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 14434/18 എന്ന കേസിൽ

ഭരണസമിതിക്ക് തുടരാൻ അനുവാദം നൽകുകയുംചെയ്തു. തുടർന്ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ വേണ്ടിയുള്ള ഇലക്ഷൻ നടപടികൾ നിയമാനുസരണം പൂർത്തീകരിച്ച് 17-11-2018-ൽ പുതിയ ഭരണ സമിതി ഭരണം ഏറ്റെടുക്കുകയും ചെയ്തു.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി സമർപ്പിക്കുന്നു.*

(സി & ഡി) സംഘത്തിന്റെ ഇലക്ഷനോടനുബന്ധിച്ച് വ്യാജ ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചുവെന്ന് ആരോപിച്ച് WP(C) No. 36044/18 നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യപ്പെട്ടു. എന്നാൽ 15-11-2018-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഹർജിക്കാരനായ ശ്രീ. അരുൺ ബീ. എസ്. എന്നയാൾക്ക് SC/ST ക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റിലേക്ക് പ്രൊവിഷണലായി മൽസരിക്കാൻ അനുമതി നൽകി. ടി കേസിന്റെ അന്തിമവിധി വന്നിട്ടില്ല. ആയത് ലഭ്യമായതിനുശേഷമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകൂ.

### ചേലക്കുളം ഖാദി ബോർഡ് പുനരാരംഭിക്കാൻ നടപടി

180 (4216) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കുളം ഖാദി ബോർഡിന്റെ കീഴിലുള്ള ഫയൽ ബോർഡ്, നോട്ട്ബുക്ക്, റോയൽ ഇന്ത്യൻ ബാർ സോപ്പ് എന്നിവയുടെ നിർമ്മാണം പുനരാരംഭിച്ച് ജീവനക്കാർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ലാഭകരമായി വിപണനം ചെയ്യാവുന്ന മറ്റുൽപന്നങ്ങൾ നിർമ്മിച്ച് കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയുടെ ചാർജ്ജുള്ള ഖാദി ബോർഡ് മെമ്പർ, ഡയറക്ടർ (ഗ്രാമ വ്യവസായം), ജില്ലാ പ്രോജക്ട് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി വ്യവസായ സമുച്ചയത്തിന്റെ പുനരുദ്ധാരണത്തിനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായിക മേളകളിൽ വോളന്റിയർമാരായി കുട്ടികളെ നിയമിക്കുന്ന പ്രവണത

181 (4217) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലായിൽ വച്ച് നടന്ന സംസ്ഥാന ജൂനിയർ മീറ്റിൽ ഹാമർത്രോ മത്സരത്തിനിടെ ഉണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നടക്കുന്ന കായിക മേളകളിൽ വോളന്റിയർമാരായി കുട്ടികളെ നിയമിക്കുന്ന പ്രവണത എന്നേയ്ക്കുമായി അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ കായിക മത്സരങ്ങൾ അപകടങ്ങളില്ലാതെ സുഗമമായി നടത്താൻ സുരക്ഷാചട്ടം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പാലായിൽ സംസ്ഥാന ജൂനിയർ മീറ്റിനിടെ ഉണ്ടായ ഹാമർത്രോ അപകടത്തെക്കുറിച്ച് അന്വേഷിക്കുന്ന സമിതി കായിക വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചുവോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കായിക മേളകളിൽ കുട്ടികളെ വോളന്റിയർമാരായി നിയോഗിക്കരുതെന്ന് വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പോർട്സ് അസോസിയേഷനുകൾ സംസ്ഥാനത്ത് നടത്തുന്ന കായിക മത്സരങ്ങളിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാനുള്ള ക്രമീകരണങ്ങൾ നടത്താൻ കായിക അസോസിയേഷനുകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

(ബി) കേരളത്തിലെ കായിക മത്സരങ്ങൾ അപകടങ്ങളില്ലാതെ സുഗമമായി നടത്തുന്നതിന്റെ ഭാഗമായി അതാത് കായിക ഇനത്തിന്റെ അംഗീകൃത നിയമം നിഷ്കർഷിക്കുന്ന സുരക്ഷാക്രമീകരണങ്ങൾ കർശനമായും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്ന ഭാവിയിലേക്കുള്ള മുൻകരുതലുകൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനതല ഏജ് ഗ്രൂപ്പ് മത്സരങ്ങൾ ഇപ്പോൾ മൂന്ന് ദിവസമായിട്ടാണ് നടക്കുന്നത്. അത് ദേശീയ മത്സരങ്ങൾ നടത്തുന്നതുപോലെ തന്നെ അഞ്ച് ദിവസങ്ങളിലായി നടത്തുക. ആയതിനാൽ മത്സര ഇടവേളകൾക്ക് കൂടുതൽ സമയം ലഭിക്കുന്നു.

2. ദീർഘദൂര ത്രോയിംഗ് ഇവന്റായ ജാവലിൻ, ഡിസ്ക്, ഹാമർത്രോ എന്നിവ ഒരേ ദിശയിൽനിന്ന് നടത്താതിരിക്കുക. അങ്ങനെ നടത്തേണ്ടിവരുന്ന എങ്കിൽ നിർബന്ധമായും ഒരു മത്സര ഇനം പൂർത്തീകരിച്ചതിനുശേഷം മാത്രം അടുത്തത് തുടങ്ങുക.

3. ഓർഡർ ഓഫ് ഈവന്റ് തയ്യാറാക്കുമ്പോൾ ഒരേ ദിശയിൽനിന്ന് ഒരേ സമയത്ത് രണ്ട് ദീർഘദൂര ത്രോ ഇനങ്ങൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

4. നിയമം അനുശാസിക്കുന്നത് മത്സര നടത്തിപ്പിന് യോഗ്യത നേടിയ ടെക്നിക്കൽ ഒഫിഷ്യൽസിനെ തന്നെ ഉപയോഗിക്കണമെന്നാണ്. വോളന്റിയർമാരെ സംഘടന ചുമതലകൾക്കല്ലാതെ സാങ്കേതിക നടത്തിപ്പിന് ഉപയോഗിക്കുവാൻ പാടില്ല. ട്രെയിൻഡ് ഒഫിഷ്യൽസിനെ മാത്രമേ ഫീൽഡ് മത്സരങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ.

5. മഴ സമയത്ത് ത്രോയിംഗ് മത്സരങ്ങൾ യാതൊരു കാരണവശാലും നടത്തരുത്. നടത്തുന്നത് കാരണം കായിക താരം വഴുതി വീഴാനും ഇംപ്ലിമെന്റ് കൈയിൽ നിന്നും വഴുതി പോകാനും ഒഫിഷ്യൽസിനെ ഇംപ്ലിമെന്റിന്റെ ദിശ ശരിക്കും കാണാനും കഴിയാതെ അപകടമുണ്ടാകാനുള്ള സാധ്യതയുണ്ട്.

6. ഡിസ്ക്, ഹാമർ എന്നീ ത്രോയിംഗ് ഇനങ്ങൾക്ക് കേജ് ഉണ്ടെങ്കിലും ഇംപ്ലിമെന്റ് പുറത്തേയ്ക്കുപോയി ട്രാക്കിൽ വീഴാനുള്ള സാധ്യതയുള്ളതിനാൽ ട്രാക്കിൽ മത്സരങ്ങൾ നടക്കുമ്പോൾ താൽക്കാലികമായി ത്രോയിംഗ് മത്സരങ്ങൾ നിർത്തിവയ്ക്കേണ്ടതാണ്.

7. മത്സരത്തിന് മുമ്പായി ട്രയൽ എറിഞ്ഞ് നോക്കുന്ന അവസരത്തിൽ ഇംപ്ലിമെന്റ് തിരികെ എത്തിക്കുന്നത് ഉത്തരവാദിത്വപ്പെട്ട ഒഫിഷ്യൽസ് തന്നെ ആയിരിക്കണം. മത്സരാർത്ഥികൾ ഇംപ്ലിമെന്റ് എടുക്കാൻ പോകരുത്. ഇംപ്ലിമെന്റ് തിരികെ കൊണ്ടുവന്നതിന് ശേഷമേ അടുത്ത മത്സരാർത്ഥി ട്രയൽ ചെയ്യാൻ പാടുള്ളൂ.

8. പോൾവാൾട്ട്, ഹൈജമ്പ് എന്നീ മത്സരങ്ങൾ നടത്തുമ്പോൾ പലപ്പോഴും കായിക താരങ്ങൾ പിറ്റിന് വെളിയിൽ വീഴാനുള്ള സാധ്യതയുള്ളതിനാൽ അപ്രോച്ച് റൺ ഒഴികെയുള്ള മറ്റ് മൂന്ന് വശങ്ങളിലും ജംപിംഗ് പിറ്റിന് വെളിയിലായി പ്രത്യേകം മാറ്റ് ഇട്ട് സുരക്ഷ ഉറപ്പാക്കേണ്ടതാണ്.

## കായിക മത്സരങ്ങൾ അപകടരഹിതവും സുതാര്യവുമാക്കുന്നതിന് നടപടി

182 (4218) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന കായിക മത്സരങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ടി ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽപ്പെട്ടവരുടെ ഒരു വിവരശേഖരണം അവരുടെ തന്നെ സേവനം ഉപയോഗിച്ച് തയ്യാറാക്കി കായിക മത്സരങ്ങൾ അപകടരഹിതവും സുതാര്യവും ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അംഗീകാരമില്ലാത്ത കായിക പരിശീലന സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ഒഫീഷ്യലുകൾ ആയി കായികമത്സരങ്ങൾ നിയന്ത്രിക്കുന്നവരെ കണ്ടുപിടിക്കുവാൻ എന്തൊക്കെ നടപടികൾ കായിക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഓരോ കായിക ഇനത്തിന്റെയും ജില്ലാ അസോസിയേഷനുകളെ പ്രതിനിധീകരിച്ച് സംസ്ഥാനത്ത് നടക്കുന്ന കായിക മത്സരങ്ങളുടെ നടത്തിപ്പ് ചുമതല വഹിക്കുന്നത് അതാത് കായിക ഇനങ്ങളുടെ സംസ്ഥാന അസോസിയേഷനുകളാണ്. സംസ്ഥാനത്ത് നടക്കുന്ന കായിക മത്സരങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽ പ്പെട്ടവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സ്പോർട്സ് അസോസിയേഷനുകൾ പ്രതിനിധീകരിച്ച് സംസ്ഥാനത്ത് നടത്തുന്ന കായിക മത്സരങ്ങളുടെ ഒഫീഷ്യൽസിനെ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട് കായിക ഇനത്തിന്റെ സംഘടനകളാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കായിക സംഘടനകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകിവരുന്നുണ്ട്.

## എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം

183 (4219) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ വശമില്ലാത്തതിനാൽ ജലാശയങ്ങളിലെ ഒഴുക്കിൽപ്പെട്ട് കുട്ടികൾ ഉൾപ്പെടെയുള്ളവർ അകാലത്തിൽ മരണമടയുന്നതിന്റെ തോത് സംസ്ഥാനത്ത് കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് കായിക വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്കൂളിലും കോളേജിലും സ്പോർട്സ് കൗൺസിലിന്റെയും മറ്റിതര സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും യുവജനങ്ങൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ഡി) ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഇതിനായി പദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ജലാശയ അപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നതിന്റെ തോത് കുറയ്ക്കുന്നതിനായി 12 വയസ് മുതൽ 18 വയസുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികളെ ദേശീയ / അന്തർദ്ദേശീയ തലത്തിലുള്ള കായിക താരങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത് ഉയർന്ന നിലവാരത്തിലുള്ള നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇത് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് (കൊപ്പം സ്വിമ്മിംഗ് പൂൾ പട്ടാമ്പി), ഇടുക്കി (വണ്ടമറ്റം സ്വിമ്മിംഗ് പൂൾ, തൊടുപുഴ), തൃശ്ശൂർ (ജെ. ജെ. അക്വാട്ടിക് സെന്റർ, കൊടുങ്ങല്ലൂർ), കാസർഗോഡ് (പനവയൽ സ്വിമ്മിംഗ് പൂൾ, തൃക്കരിപ്പൂർ), വയനാട് (സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്വിമ്മിംഗ് പൂൾ, സുൽത്താൻബത്തേരി) എന്നിവിടങ്ങളിലാണ് നടപ്പിലാക്കുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പും ജില്ലാ സ്പോർട്സ് അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് വിദഗ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനവും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നീന്തൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന അനുവദിച്ചുവരുന്നുണ്ട്.

ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. നീന്തൽ പഠനം കരിക്കുലം പരിഷ്കരിക്കുമ്പോൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## കായിക താരങ്ങൾക്ക് നൽകുന്ന ടി.എ., ഡി.എ. റൂം റെന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിന് നടപടി

184 (4220) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടീമുകളിലേയ്ക്ക് സെലക്ട് ചെയ്യുന്ന കായികതാരങ്ങൾക്ക് ടി.എ., ഡി.എ., റൂം റെന്റ് എന്നീ ഇനങ്ങളിൽ ക്യാമ്പുകളിലും ടീം മറ്റ് സംസ്ഥാനങ്ങളിൽ പോകുമ്പോഴും നൽകുന്ന തുക പലപ്പോഴും ലഭിക്കുന്നത് അതാത് കായിക അസോസിയേഷനുകൾക്ക് ആയതിനാൽ പ്രസ്തുത തുക കായികതാരങ്ങൾക്ക് കിട്ടുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കായിക അസോസിയേഷനുകൾ വഴി നൽകുന്ന മുഴുവൻ തുകയും കൃത്യമായി കായികതാരങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കായികതാരങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന ടീമിലേയ്ക്ക് സെലക്ട് ചെയ്യുന്ന കായിക താരങ്ങൾക്ക് നിലവിൽ നൽകിവരുന്ന ടി.എ., ഡി.എ., റൂം റെന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) നിലവിൽ കായികതാരങ്ങൾക്ക് ദിനംപ്രതി ടി.എ, ഡി.എ, റൂം റെന്റ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷനുകളാണ് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും കേരള ടീമിനെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതും. ഇതിനാവശ്യമായ ഗ്രാന്റ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേനയാണ് കായിക താരങ്ങൾക്ക് നൽകിവരുന്നത്. എന്നാൽ ഇതുസംബന്ധിച്ച് ചില അസോസിയേഷനുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ സ്പോർട്സ് കൗൺസിൽ നേരിട്ട് അസോസിയേഷനുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) പ്രസ്തുത വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സംസ്ഥാന ടീമിലേയ്ക്ക് സെലക്ട് ചെയ്യുന്ന കായിക താരങ്ങൾക്ക് നിലവിൽ നൽകിവരുന്ന ടി.എ., ഡി.എ., റൂം റെന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷൻ സംഘടിപ്പിക്കുന്ന കോച്ചിംഗ് ക്യാമ്പുകളിൽ പങ്കെടുക്കുന്ന കായിക താരത്തിന് പ്രതിദിനം 300 രൂപ ഡി.എ. ഇനത്തിലും 150 രൂപ ലോഡ്ജിംഗ് ഇനത്തിലും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരത്തിന് പ്രതിദിനം 400 രൂപ ഡി.എ. ഇനത്തിലും നൽകിവരുന്നുണ്ട്. കൂടാതെ അർഹമായ യാത്രാബത്തയും അനുവദിച്ചുവരുന്നുണ്ട്.

## ക്ലബ്ബുകളെയും മറ്റ് കായിക സംഘടനകളെയും പരിപോഷിപ്പിക്കുന്ന നടപടികൾ

185 (4221) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കായിക മേഖലയുടെ വളർച്ചയ്ക്ക് വളരെ പ്രാധാന്യം കൊടുക്കുന്ന ക്ലബ്ബുകളേയും മറ്റ് കായിക സംഘടനകളേയും പരിപോഷിപ്പിക്കുന്ന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ, കായിക മേഖലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, കായിക സംഘടനകൾ എന്നിവയ്ക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിന്, കളിസ്ഥല നവീകരണത്തിന്, തുടങ്ങിയ ആവശ്യത്തിലേക്കായി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. എല്ലാ വർഷവും നിശ്ചിത മാതൃകയിലുള്ള അപേക്ഷ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അർഹരായവർക്ക് സാമ്പത്തിക സഹായം നൽകിവരികയും ചെയ്യുന്നു. സ്പോർട്സ് കൗൺസിൽ നെഹ്റു യുവകേന്ദ്ര, യൂത്ത് വെൽഫെയർ ബോർഡ് എന്നിവയിൽ അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകൾക്ക് മുൻഗണന നൽകിവരുന്നുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം അർഹമായ ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു.

## ഇ.എം.എസ്. സ്റ്റേഡിയം

186 (4222) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം പണി എന്ന് പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കാസർഗോഡ് ജില്ലയിലെ ഇ.എം.എസ്. നീലേശ്വരം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട സിവിൽ പ്രവൃത്തികൾ ജനുവരി 2020-ലും സിന്തറ്റിക് പ്രതലത്തിന്റെ നിർമ്മാണം ഏപ്രിൽ 2020-ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) കിഫ്ബി പദ്ധതികളിലുൾപ്പെട്ട കാസർഗോഡ് ജില്ലാ സ്റ്റേഡിയത്തിന്റെ (എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം, തൃക്കരിപ്പൂർ) സിവിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നു. ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് തുകയെക്കാൾ ഉയർന്നതായിരുന്നതിനാൽ റീ-ടെണ്ടറുകൾ ക്ഷണിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത് ജി.എസ്.ടി. കണക്കിലെടുക്കാത്ത തുകയ്ക്കാണ്. മാത്രമല്ല, സർക്കാർ ഡി.എസ്.ആർ. കോസ്റ്റ് ഇൻഡക്സ് നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഡി.എസ്.ആർ. കോസ്റ്റ് ഇൻഡക്സ് അനുസരിച്ച് പരിഷ്കരിച്ച് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പന്തളത്തെ ചേരിക്കലിൽ സ്റ്റേഡിയം

187 (4223) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ പന്തളം ചേരിക്കൽ പ്രദേശത്ത് സ്റ്റേഡിയം അനുവദിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) തികച്ചും ഗ്രാമീണ മേഖലയായ ഈ പ്രദേശത്ത് ഒരു കളിസ്ഥലം സത്വരമായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) അടൂർ നിയോജകമണ്ഡലത്തിലെ പന്തളം ചേരിക്കൽ പ്രദേശത്ത് സ്റ്റേഡിയം അനുവദിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായി വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തിയെങ്കിലും ചേരിക്കൽ പട്ടികജാതി കോളനിയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഓങ്ങല്ലൂർ സ്റ്റേഡിയം നിർമ്മാണം

188 (4224) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബജറ്റിൽ അനുവദിച്ച ഓങ്ങല്ലൂർ സ്റ്റേഡിയം പ്രാവർത്തികമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ നല്ല സ്റ്റേഡിയങ്ങളുടെ അഭാവം പരിഗണിച്ച് ഈ പദ്ധതി എത്രയും പെട്ടന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) 2019-20 ബഡ്ജറ്റിൽ 1907 ബഡ്ജറ്റ് ക്രമനമ്പരായി പട്ടാമ്പി ഓങ്ങല്ലൂർ പഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം പൊതുമരാമത്ത് വകുപ്പ് മുഖേന നവീകരിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബീച്ച് ഗെയിംസ്

189 (4225) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മേഖലയിലെ കായിക താരങ്ങളുടെ കായിക മികവുകൾ വളർത്തിയെടുക്കുന്നതിന് ബീച്ച് ഗെയിംസ് സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. കേരളത്തിലെ തീരദേശ മേഖലയിലെ കായിക വികസനത്തിന് പുത്തനുണർവ് നൽകുന്നതിനായി സംസ്ഥാന കായിക വകുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന സംഘടിപ്പിക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലെ കായിക താരങ്ങളും മത്സ്യത്തൊഴിലാളികളും പൊതുജനങ്ങളും ഗുണഭോക്താക്കളാകുന്ന പദ്ധതിയിൽ ഫുട്ബോൾ, വോളീബോൾ, കബഡി, വടംവലി എന്നീ കായിക ഇനങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം തീരദേശവാസികൾക്കായി പ്രത്യേകം ഫുട്ബോൾ, വടംവലി മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. ജില്ലാതല മത്സരങ്ങൾ 2019 ഡിസംബർ 31-ന് മുമ്പായി പൂർത്തിയാക്കി ജനവരിയിൽ സംസ്ഥാനതല മത്സരങ്ങൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## നെടുമങ്ങാട് മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ

190 (4226) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചുവെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2018-19 ബഡ്ജറ്റിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽ സ്റ്റേഡിയം പണിയുന്നതിന് 5 കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും ഒരു കോടി രൂപ ടോക്കൺ പ്രൊവിഷനായും ഉൾപ്പെടുത്തിയിരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത പദ്ധതിക്കായി റീ അപ്രോപ്രിയേഷൻ മുഖേന 5-11-2018-ലെ സ.ഉ.(സാധാ) നമ്പർ 9128/2018/ധന പ്രകാരം 65 ലക്ഷം രൂപ അനുവദിക്കുകയും ഫണ്ടിന്റെ കൺട്രോളിംഗ് ഓഫീസറായി കായികയുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സ്ഥലം സംബന്ധിച്ച സർവ്വേ ഡ്രോയിംഗും വിശദമായ പ്ലാനുമില്ലാത്തതിനാൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്ലാൻ, കെട്ടിടങ്ങളുടെയും മറ്റ് അനുബന്ധ സ്ട്രക്ചറുകളുടെയും അളവുകൾ രേഖപ്പെടുത്തിയ ഡ്രോയിംഗ് ഉൾപ്പെടെ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് സർവ്വേ പ്ലാനും 5.40 കോടി രൂപയുടെ എസ്റ്റിമേറ്റും സമർപ്പിക്കുകയുണ്ടായി. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

### കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ജി.എച്ച്.എസ്.എസ്.-ൽ ഫുട്ബോൾ ടർഫ്

191 (4227) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ജി.എച്ച്.എസ്.എസ്.-ൽ ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് റദ്ദാക്കേണ്ടി വന്നതെന്നറിയിക്കാമോ;

(സി) അതിനോടൊപ്പം തുക അനുവദിച്ച മറ്റ് ഏതൊക്കെ പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ വരെയെത്തിയ പദ്ധതി എന്നത് പരിഗണിച്ച് ഈ വർഷം തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാഞ്ഞിരപ്പള്ളി ഗവ. എച്ച്.എസ്.എസ്. സ്കൂളിൽ സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ നിർമ്മാണത്തിനായി 2.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജന കാര്യാലയത്തിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത പ്രവൃത്തികൾക്കായി ടെണ്ടറുകൾ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് തുകയെക്കാൾ കൂടിയ തുകയുള്ള ടെണ്ടറുകൾ ലഭിച്ചതിനാൽ റീ-ടെണ്ടർ ചെയ്യുന്ന നടപടികൾ പുരോഗമിക്കവെ 2018 ആഗസ്റ്റിൽ കേരളത്തെ ബാധിച്ച പ്രളയ ദുരന്തത്തെ തുടർന്ന് സർക്കാർ സ്വീകരിച്ച സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി 19-2-2019-ലെ സ.ഉ.(സാധാ) നമ്പർ 36/2019/ കാ.യു.വ. പ്രകാരം പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തു.

(സി) 2018 ആഗസ്റ്റിൽ കേരളത്തെ ബാധിച്ച പ്രളയ ദുരന്തത്തെ തുടർന്ന് സർക്കാർ സ്വീകരിച്ച സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ വകുപ്പിന്റെ റദ്ദ് ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. ആലപ്പുഴ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസിലെ നിലവിലുള്ള ബാസ്കറ്റ് ബോൾ കോർട്ട് പുനരുദ്ധാരണ പ്രവൃത്തി.

2. വിവിധ സ്റ്റേഡിയങ്ങളിലേയ്ക്കായി ടർഫ് പ്രൊട്ടക്ഷൻ ടൈൽ വാങ്ങുന്ന പ്രവൃത്തി.

3. ഗ്രാസ് റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി നടപ്പിലാക്കുന്ന പ്രവൃത്തി.

4. കൊച്ചി എളമക്കര സ്റ്റേഡിയത്തിൽ നടപ്പാതയും ഫുട്ബോൾ കോർട്ടും നിർമ്മിക്കുന്ന പ്രവൃത്തി.

5. എറണാകുളം രാജീവ് ഗാന്ധി ഇൻഡോർ സ്പോർട്സ് കോംപ്ലക്സിലെ താമസസൗകര്യങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി

(ഡി) പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സാഹസിക കായിക വിനോദ പരിപാടി

192 (4228) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടിക്ക് കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അഡ്വഞ്ചർ അക്കാദമി മൂന്നാർ, ഉപകേന്ദ്രം കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ എന്തെല്ലാം പരിപാടികൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സാഹസിക കായിക വിനോദ പരിപാടികൾക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല.

(ബി) കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന് കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച യുവാക്കളുടെ സന്നദ്ധ സേവന സേനയായ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിലെ 1500-ൽപ്പരം അംഗങ്ങൾക്കുള്ള ട്രെയിനിംഗ് രണ്ട് ഘട്ടങ്ങളിലായി ദേവികുളം ദേശീയ സാഹസിക അക്കാഡമി മുഖേന നൽകിയിരുന്നു. മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രം മുഖേന കണ്ണൂർ ജില്ലയിലെ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്ക് കടലിൽ നീന്തൽ പരിശീലനം നൽകുന്ന പദ്ധതി 2019 നവംബർ മാസം സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**വൈക്കം മണ്ഡലത്തിൽ സാഹസിക കായിക പരിപാടികൾ**

193 (4229) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കോട്ടയം ജില്ലയിൽ 2016-ന് ശേഷം നടത്തിയ സാഹസിക കായിക പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കായലും പുഴകളും മറ്റ് ജലാശയങ്ങളുമുള്ള വൈക്കം മണ്ഡലത്തിൽ യുവജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ വാട്ടർസ്പോർട്ട്സ് പരിപാടി നടത്തുവാൻ യുവജനക്ഷേമ ബോർഡ് വഴി നടപടി സ്വീകരിക്കുമോ;

(സി) സാഹസിക കായിക വിനോദ പരിപാടികൾക്കായി നടപ്പു സാമ്പത്തികവർഷം എത്ര രൂപ ഏതൊക്കെ ഇനങ്ങളിലായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2016-നുശേഷം കോട്ടയം ജില്ലയിൽ വച്ച് സാഹസിക കായിക പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.

(ബി & സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി വഴിയാണ് സാഹസിക കായിക പരിപാടികൾ സംഘടിപ്പിച്ചുവരുന്നത്. സാഹസിക അക്കാഡമി ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ ഇത്തരം പരിപാടികൾ നിലവിൽ സംഘടിപ്പിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

**സംസ്ഥാന യുവജന കമ്മീഷൻ**

194 (4230) <u>ശ്രീ. എ. എൻ. ഷംസീർ</u> :

<u>ശ്രീ. കെ. ജെ. മാക്സി</u> :

<u>പ്രൊഫ. കെ. യു. അരുണൻ</u> :

<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് യുവജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനായി എല്ലാ ജില്ലകളിലും സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനും യുവജന കമ്മീഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ യുവജനങ്ങൾക്ക് ബോധവൽക്കരണം നൽകുക, ഭരണഘടനാ സംരക്ഷണ സദസ്സുകൾ

2. എസ്.സി./എസ്.റ്റി. കോളനികളിലെയും മറ്റ് പിന്നോക്ക മേഖലകളിലെയും യുവജനങ്ങൾക്കായി ആരോഗ്യ ക്യാമ്പുകൾ ഉൾപ്പെടെയുള്ള വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ

3. വിവിധ മേഖലകളിലെ മികവ് കണ്ടെത്തി യുവജനങ്ങൾക്ക് ഏർപ്പെടുത്തിയ യൂത്ത് ഐക്കൺ അവാർഡ്

4. യുവജനങ്ങളുടെ പ്രശ്നപരിഹാരത്തിനായി ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും

5. ദേശീയ സെമിനാർ / ജില്ലാ സെമിനാർ

6. പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി ഗ്രീൻ യൂത്ത്/വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതികൾ, ജോബ് ഫെസ്റ്റ്

7. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ - യുവാക്കൾക്ക് സൗജന്യ നിയമസഹായം നൽകാൻ

8. ദേശീയ യുവജന ദിനാഘോഷം

9. സാംസ്കാരിക വിനിമയ പരിപാടികൾ

10. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം.

(ബി) ഉണ്ട്. ഇതിനായി സംസ്ഥാനത്തുള്ള വിവിധ കോളേജുകൾ, ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങി യുവാക്കൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, ബോധവത്ക്കരണ ഹ്രസ്വ ചിത്രങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജന കമ്മീഷൻ കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി സഹകരിച്ച് സംസ്ഥാനത്തുടനീളം ട്രൈബൽ ലൈബ്രറികൾ

ഉൾപ്പെടെയുള്ള സംസ്ഥാന ലൈബ്രറികളിൽ ഭരണഘടനാ സദസ്സുകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നതും ടി സന്നദ്ധ പ്രവർത്തകരുടെ ചുമതലയാണ്.

(സി) യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനുമായി എല്ലാ മാസവും കമ്മീഷൻ ഓഫീസിൽ നേർവിചാരണകളും സംസ്ഥാനത്തുടനീളം അദാലത്തുകളും സംഘടിപ്പിക്കുന്നതിന് പുറമേ യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയമ വിദഗ്ദ്ധരുടെ സൗജന്യ നിയമസഹായം യുവജനങ്ങൾക്ക് ടോൾഫ്രീ നമ്പർ മുഖാന്തിരം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണിത്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന നഷ്ടം കുറയ്ക്കാൻ നടപടി

195 (4231) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.ഇ.എൽ.-ന്റെ പ്രവർത്തന നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവർത്തന നഷ്ടം കുറച്ചുകൊണ്ടുവരുവാൻ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തം കെ.എസ്.ഇ.ബി.എൽ.-ന് എന്ത് അധിക ബാധ്യതയാണ് ഉണ്ടാക്കിയത്; അറിയിക്കാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന നഷ്ടം കൂടാൻ ഇത് ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് 2016-17-ൽ 1494.63 കോടി രൂപയായിരുന്ന പ്രവർത്തന നഷ്ടം 2017-18-ൽ 784.09 കോടി രൂപയായും 2018-19-ൽ 290 കോടി രൂപയായും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തന നഷ്ടം കുറയ്ക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.

(ii) മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്താൻ ശ്രമിക്കുന്നുണ്ട്.

(iii) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

(iv) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിൽ പങ്കാളിയായതിലൂടെ AT & C loss-ഉം നഷ്ടവും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(v) ബോർഡിന് കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(vi) DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതു നിമിത്തം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

(vii) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ആഭ്യന്തര ഉല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2018-19-ൽ 2087 ദശലക്ഷം യൂണിറ്റ് കൂട്ടാൻ സാധിച്ചു. വൈദ്യുതി കമ്പോളത്തിൽ ഉയർന്ന വില ലഭ്യമായപ്പോൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് വൈദ്യുതി വിൽപ്പന നടത്തിയ വകയിൽ 339.34 കോടി രൂപ ലഭ്യമായി. ഈ വർഷം വൈദ്യുത പ്രസരണ നഷ്ടം 13.07 ശതമാനത്തിൽനിന്ന് 12.47 ശതമാനമായി കുറച്ച് ഏകദേശം 73 കോടി രൂപ ലാഭിച്ചതും വലിയ നേട്ടമാണ്.

(സി) 2018-ലെ പ്രകൃതി ദുരന്തത്തിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് 351.60 കോടി രൂപയും 2019-ലെ പ്രകൃതി ദുരന്തത്തിൽ 243.05 കോടി രൂപയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഡി) മൂന്ന് തരത്തിൽ നഷ്ടമുണ്ടായി. ആസ്തികൾ പുനർ നിർമ്മാണത്തിന് ചെലവുണ്ടായി. അറ്റകുറ്റപ്പണികളുടെ ചെലവ് കൂടി. സംസ്ഥാനത്തിനുള്ളിലെ വൈദ്യുത വിൽപ്പനയിൽ കുറവുണ്ടായത് വരുമാനത്തിൽ കുറവുണ്ടാക്കി.

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ബാധ്യത

196 (4232) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നുമുതലാണ് ലിമിറ്റഡ് കമ്പനി ആക്കി മാറ്റിയത്; പുതുതായി രൂപീകരിച്ച ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ബാധ്യത എത്രയായിരുന്നു; ഇപ്പോൾ ബാധ്യത എത്രയാണ്; വ്യക്തമാക്കാമോ;

(ബി) ബാധ്യത കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചിരിക്കുന്നത്; വൈദ്യുതി ചാർജ്ജ് ഇനത്തിൽ വർദ്ധന വരുത്താൻ ഇപ്പോൾ കമ്പനി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 1956-ലെ കമ്പനി നിയമത്തിൻ കീഴിൽ "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് " എന്ന കമ്പനി 14-01-2011-ൽ രജിസ്റ്റർ ചെയ്തു. 31-10-2013-ലെ കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം (ഉത്തരവ് നമ്പർ 46/2013/ഊ.വ.) തീയതിയായ 31-10-2013-ൽ പൂർണ്ണ അർത്ഥത്തിൽ കമ്പനിയായി രൂപപ്പെട്ടു.

1-11-2013-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ബാധ്യത 5470.95 കോടി രൂപയായിരുന്നു. ഇത് ദീർഘകാല വായ്പയും ഹ്രസ്വകാല വായ്പയും ഓവർ ഡ്രാഫ്റ്റും ചേർന്നതാണ്. 31-03-2019-ൽ കടബാധ്യത 7792.55 കോടി രൂപയാണ്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ബാധ്യത കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.

(ii) മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്താൻ ശ്രമിക്കുന്നുണ്ട്.

(iii) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

(iv) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിൽ പങ്കാളിയായതിലൂടെ AT & C loss ഉം നഷ്ടവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(v) വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

(vi) DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതു നിമിത്തം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്ന അക്കൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് കമ്പനിയുടെ ബാധ്യതയും നിരക്ക് വർദ്ധനയും തമ്മിൽ ബന്ധമില്ല.

നിലവിൽ വൈദ്യുതി ചാർജജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 8-7-2019-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 8-07-2019 മുതൽ പരിഷ്കരിച്ചിട്ടുണ്ട്.

## ഗാർഹിക ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി. എൽ.പണം ഈടാക്കുന്നത് സംബന്ധിച്ച്

197 (4233) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന പുനർ നിർമ്മാണത്തെ തുടർന്ന് വൈദ്യുതി ഉപഭോഗം വർദ്ധിക്കുകയും സിംഗിൾ ഫേസ് കണക്ഷനിൽ നിന്നും ത്രീ ഫേസ് കണക്ഷനിലേയ്ക്ക് മാറ്റം ആവശ്യമായി വരികയും ചെയ്യുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്നും സ്ലാബ് മാറ്റുന്ന ഇനത്തിൽ വാങ്ങുന്ന 5,000 രൂപ കൂടാതെ വൈദ്യുതി പോസ്റ്റ്, ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും പണം ഈടാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതിയുടെ ഉപയോഗത്തിന് അനുസരിച്ച് പണം അടച്ചുവരുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വീണ്ടും വൈദ്യുതി പോസ്റ്റ്, ലൈൻ എന്നിവ സ്ഥാപിക്കുന്ന ഇനത്തിൽ പണം വാങ്ങുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഭവന പുനർനിർമ്മാണത്തെ തുടർന്ന് സിംഗിൾ ഫേസിൽ നിന്നും ത്രീ ഫേസിലേയ്ക്ക് മാറുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സ്ലാബ് മാറുന്ന ഇനത്തിൽ വാങ്ങുന്ന തുകയ്ക്ക് പുറമെ, സിംഗിൾ ഫേസിൽ നിന്നും ത്രീ ഫേസിലേയ്ക്ക് മാറുന്നതിനുവേണ്ടി പുതുതായി ലൈൻ വലിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഉപഭോക്താവിനുവേണ്ടി ചെയ്യുന്ന പ്രവൃത്തി ആയതിനാൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസൃതമായുള്ള തുക കൂടി അടയ്ക്കേണ്ടതായി വരും.

## സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

198 (4234) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ഗുണമേന്മയുടേയും വിശ്വാസ്യതയുടേയും നിലവിലെ സ്ഥിതി എന്താണ് എന്നും ആയത് മറ്റു സംസ്ഥാനങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ കേരളം എത്രാം സ്ഥാനത്ത് എന്നതും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പല സ്ഥലങ്ങളിലുമുള്ള വോൾട്ടതാ പ്രശ്നങ്ങളും നീണ്ടു നിൽക്കുന്ന വൈദ്യുതി തടസ്സങ്ങളും സമഗ്രമായ ആസൂത്രണത്തിന്റെ അഭാവവും ആസൂത്രണങ്ങളിലെ തുടർച്ചയില്ലായ്മയും സമയബന്ധിതമായ വിഭവലഭ്യതയില്ലായ്മയും മനുഷ്യവിഭവശേഷിയുടെ അശാസ്ത്രീയ വിനിയോഗവും ഈ രംഗത്തെ പ്രധാന ന്യൂനതകളാണ് എന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുന്നതോടൊപ്പം ഇവ പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതരംഗത്ത് വോൾട്ടത, ആവൃത്തി, ഹാർമോണിക്സ്, ന്യൂട്രൽ വോൾട്ടത എന്നിവയുടെ തോത് എത്ര എന്നും ആയത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ളത് എത്ര എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാഷണൽ പവർ പോർട്ടൽ (NPP) ഊർജ്ജ ആപ്പ് 2019 ജൂലൈ മാസത്തെ കണക്കുകൾ പ്രകാരം അന്തർദ്ദേശീയ തലത്തിൽ സംസ്ഥാനത്തിന്റെ സ്ഥിതി ചുവടെ ചേർത്തിരിക്കുന്നു:

| ഇനം | റാങ്ക് | തോത് |
|---|---|---|
| വൈദ്യുതി കണക്ഷൻ (Pending) | 2 | 0.8% |
| പ്രതിമാസ ശരാശരി വൈദ്യുതി തടസ്സം എണ്ണം | 4 | 4.1 പ്രാവശ്യം |
| പ്രതിമാസ ശരാശരി വൈദ്യുതി തടസ്സം ദൈർഘ്യം | 7 | 4.28 മണിക്കൂർ |
| ഉപഭോക്തൃ പരാതികൾ തീർപ്പാക്കൽ | 7 | 1.2% (Pending) |
| ഉപഭോക്താക്കളുടെ ഇ-പേമെന്റ് | 12 | 21.3% |

(ബി) സംസ്ഥാനത്തെ വോൾട്ടതാ പ്രശ്നങ്ങളും വൈദ്യുതി തടസ്സങ്ങളും പൂർണ്ണമായി പരിഹരിക്കുവാൻ സമഗ്രമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ കേരള മിഷൻ പദ്ധതികളിൽ ട്രാൻസ്ഗ്രിഡ്, ദ്യുതി എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്താൻ KIIFB/PSDF ഫണ്ട് ഉപയോഗിച്ച് പതിനായിരം കോടി രൂപ മുതൽമുടക്കി രണ്ട് ഘട്ടങ്ങളായി നടപ്പാക്കുന്ന പദ്ധതിയാണ് 'ട്രാൻസ്ഗ്രിഡ്'. ആദ്യഘട്ടം 2017-2022 കാലയളവിലും രണ്ടാം ഘട്ടം 2019-2024 കാലയളവിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിതരണശൃംഖല ശക്തിപ്പെടുത്താൻ 4,036.30 കോടി രൂപ മുതൽമുടക്കി 'ദ്യുതി 2021' എന്ന പദ്ധതി ഇരുപത്തിയഞ്ച് സർക്കിളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) വഴി നടപ്പാക്കിവരുന്നു. സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-2022 കാലയളവിൽ പൂർത്തിയാക്കാനാണ് ഈ പദ്ധതികൾ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സംസ്ഥാനത്ത് വൈദ്യുതി ശൃംഖലയിൽ നിലവിലുള്ള വോൾട്ടേജ് 230/400 V, 11 kV, 22 kV, 33 kV, 66 kV, 110 kV, 220 kV, 400 kV എന്നിങ്ങനെയാണ്. ആവൃത്തി 50 Hertz ആകുന്നു. ഹാർമോണിക്സ്, ന്യൂട്രൽ വോൾട്ടേജ് എന്നിവ രേഖപ്പെടുത്തുന്നില്ല. സംസ്ഥാനത്ത് വോൾട്ടേജ് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തോതിനകത്ത് നിർത്താൻ സാധിക്കുന്നുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത് ഇത് നിലനിർത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ്. ഇതിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തോത് 33 kV മുതൽ 400 kV വരെയാണ്. ഇവ ചുവടെ ചേർത്തിരിക്കുന്നു:

1. വോൾട്ടേജ്

| വോൾട്ടേജ് (kV) | പരമാവധി (kV) | കുറഞ്ഞത് (kV) |
|---|---|---|
| 400 | 420 | 380 |
| 220 | 245 | 198 |
| 110 | 121 | 99 |
| 66 | 72 | 60 |
| 33 | 36 | 30 |

2. ആവൃത്തി 49.2 മുതൽ 50.3 വരെ ആകുന്നു.

3. ഹാർമോണിക്സ്

| സിസ്റ്റം വോൾട്ടേജ് (kV) | Total Harmonic Distortion | Individual Harmonics of any particular frequency (%) |
|---|---|---|
| 400 | 2 | 1.5 |
| 220 | 2.5 | 2.0 |
| 33 to 132 | 5.0 | 3.0 |

4. വോൾട്ടേജ് അസന്തുലിതാവസ്ഥ : 33 kV 132 kV-3%, 220 kV-2%, 400 kV 765 kV-3%

## കെ.എസ്.ഇ.ബി. എൽ. ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

199 (4235) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിജില്ലയിലെ പൊൻമുടി അണക്കെട്ടിന് സമീപമുള്ള കെ.എസ്.ഇ.ബി.എൽ. കൈവശം വെച്ചിരിക്കുന്ന ഭൂമി പാട്ടത്തിന് നൽകുവാൻ കെ.എസ്.ഇ.ബി.എൽ. ഫുൾബോർഡ് യോഗം തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സഹകരണബാങ്കിന് പാട്ടത്തിന് നൽകാനാണ് തീരുമാനം എടുത്തതെന്നും കെ.എസ്.ഇ.ബി.എൽ. ഫുൾ ബോർഡ് യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാമാണെന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഇതിനുവേണ്ടി നടത്തിയ ടെൻഡറിൽ പങ്കെടുത്ത സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവർ ക്വാട്ട് ചെയ്ത തുക എത്രയാണെന്നുമുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.എൽ. കൈവശം വച്ചിരിക്കുന്ന ഭൂമി പാട്ടത്തിന് നൽകുന്നതിന് ഫുൾബോർഡ് യോഗം തീരുമാനമെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

**കെ.എസ്.ഇ.ബി.എൽ.-നെ കെട്ടുറപ്പുള്ളതായ സ്ഥാപനമാക്കി മാറ്റുന്നതിന് നടപടി**

200 (4236) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-നെ പൊതുമേഖലയിൽത്തന്നെ നിലനിർത്തിക്കൊണ്ട് സാങ്കേതികമായി മികവുറ്റതും സാമ്പത്തികമായി കെട്ടുറപ്പുള്ളതുമായ സ്ഥാപനമാക്കി മാറ്റുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനച്ചെലവുകളും വൈദ്യുതി വാങ്ങൽചെലവുകളും കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) മിതമായ നിരക്കിൽ ദീർഘകാലത്തേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്നും, അതിനായുള്ള ക്രമീകരണങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കുമോ;

(ഡി) ദീർഘകാലത്തേക്ക് വൈദ്യുതി കരാർ ചെയ്യുന്നതിനുള്ള ഡി.ബി.എഫ്.ഒ.ഒ. രീതിയിൽ സംസ്ഥാനം പങ്കാളിയായിട്ടുണ്ടോ;

(ഇ) കെ.എസ്.ഇ.ബി. ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതിനും സാങ്കേതികമായി മികവുറ്റ ഒരു തൊഴിൽ ശക്തി ആക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. ഇതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്കുപുറമേ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു. അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30% മാത്രമേ ആഭ്യന്തര ഉത്പാദനത്തിൽനിന്ന് നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. ഇതിൽ താരതമ്യേന ചെലവ് കുറഞ്ഞ ജലവൈദ്യുതി മഴക്കാലത്ത് ഉത്പാദനം കുറച്ചും ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് ഉത്പാദനം വർദ്ധിപ്പിച്ചും ഉപയോഗിക്കുന്നു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ സംരംഭകരിൽനിന്ന് കെ.എസ്.ഇ.ആർ.സി. അംഗീകരിച്ച നിരക്കുകൾ പ്രകാരമാണ് വൈദ്യുതി വാങ്ങുന്നത്.

അവശേഷിക്കുന്ന 70% വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്ന് താഴെപ്പറയുന്ന പ്രകാരമാണ് വാങ്ങുന്നത് :

(a) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾ മുഖേനയും.

(b) ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള മത്സരാധിഷ്ഠിത ടെണ്ടർ മുഖേന തീരുമാനിച്ച നിരക്കുകളുള്ള ദീർഘകാല കരാർ മുഖേന സ്വകാര്യ ഉത്പാദകരിൽനിന്നും (ഡി.ബി.എഫ്.റ്റി.) ഇവ കൂടാതെ ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് അന്യസംസ്ഥാനങ്ങളിലെ ഉല്പാദകരുമായി ബാങ്കിംഗ്

കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങിയും വർഷകാലത്ത് തിരിച്ചുനൽകിയും ഉപഭോഗം നിറവേറ്റുന്നു. ദൈനംദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേന താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാറുണ്ട്. ഇപ്രകാരം 2018-19 കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ശരാശരി വൈദ്യുതി വാങ്ങൽ നിരക്ക് ₹ 4.36/Unit ആയി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ആയത് (2013-14) കാലയളവിൽ ₹ 5.01/Unit ആയിരുന്നു.

മേൽപ്പറഞ്ഞ യുക്തിസഹമായ നടപടികളിലൂടെയാണ് കെ.എസ്.ഇ. ബി.എൽ. വൈദ്യുതി വാങ്ങൽ ചെലവുകൾ കുറയ്ക്കുന്നത്.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.

ii. മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്താൻ ശ്രമിക്കുന്നുണ്ട്.

iii. ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

iv. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT & C LOSS-ഉം നഷ്ടവും കുറയ്ക്കാൻ കഴിയുന്നതാണ്.

v. DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതുനിമിത്തം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

(സി) മിതമായ നിരക്കിൽ ദീർഘകാലത്തേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന പ്രകാരമുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്.

(a) സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ സംരംഭകരിൽനിന്ന് കെ.എസ്.ഇ.ആർ.സി. അംഗീകരിച്ച നിരക്കുകൾ പ്രകാരം വൈദ്യുതി വാങ്ങുന്നുണ്ട്.

(b) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾ മുഖേനയും വൈദ്യുതി വാങ്ങുന്നുണ്ട്.

(c) ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള മത്സരാധിഷ്ഠിത ടെണ്ടർ മുഖേന തീരുമാനിച്ച നിരക്കുകളുള്ള ദീർഘകാല കരാർ മുഖേന സ്വകാര്യ ഉത്പാദകരിൽനിന്നുമാണ് വൈദ്യുതി വാങ്ങുന്നത്.

വരുംവർഷങ്ങളിൽ മിതമായ നിരക്കിൽ ദീർഘകാലത്തേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന വൈദ്യുതി വാങ്ങൽ കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (മെഗാവാട്ട്) | നിരക്ക് (രൂപ/യൂണിറ്റ്) |
|---|---|---|---|
| 1 | മാലിന്യ സംസ്കരണ പദ്ധതി, ബ്രഹ്മപുരം | 9.76 | 6.17 |
| 2 | സോളാർ എനർജി കോർപ്പറേഷൻ ഇന്ത്യ (SECI)- കാറ്റാടി | 200 | 2.83 + 0.7 (trading margin) |
| 3 | സോളാർ എനർജി കോർപ്പറേഷൻ ഇന്ത്യ (SECI)-കാറ്റാടി | 100 | 2.81 + (trading margin) |
| 4 | NTPC ഫ്ലോട്ടിംഗ് സോളാർ പദ്ധതി-കായംകുളം | 92 | 3.16 |

ഇവ കൂടാതെ താഴെപ്പറയുന്ന പദ്ധതികളുമായുള്ള വൈദ്യുതിവാങ്ങൽ കരാറിൽ ഏർപ്പെടുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്:

| | പദ്ധതി | മെഗാവാട്ട് | നിരക്ക് (രൂപ/യൂണിറ്റ്) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | NHPC ഫ്ലോട്ടിംഗ് സോളാർ വെസ്റ്റ് കല്ലട | 10 | 3.43 |
| 2 | സോളാർ പദ്ധതി-THDCIL നെല്ലിത്തടം, കാസർഗോഡ് | 6 | 3.10 |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | സോളാർ പദ്ധതി-THDCIL പൈവേളിക, കാസർഗോഡ് | 50 | 3.10 |
| 4 | അരിപ്പാറ, ചെറുകിട ജലവൈദ്യുതി പദ്ധതി | 4.5 | KSERC തീരുമാനിക്കുന്ന നിരക്ക് |
| 5 | മേവിയാർ മൈക്രോ ജലവൈദ്യുത പദ്ധതി | 0.05 | |

മേൽപ്പറഞ്ഞ വൈദ്യുതി നിരക്കുകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചാലേ അന്തിമമാകുകയുള്ളൂ. ഇവകൂടാതെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് 200 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി മത്സരാധിഷ്ഠിത ടെണ്ടർ മുഖേന കരാർ ചെയ്യുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുകയാണ്.

(ഡി) ഉണ്ട്.

(ഇ) കെ.എസ്.ഇ.ബി.എൽ.-ൽ കാര്യക്ഷമമായ സേവനം നൽകുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും വേണ്ട പുനഃക്രമീകരണം നടത്തുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഐ.എ.എം. കോഴിക്കോടിനെ നിയോഗിച്ചിരുന്നു. ഐ.എ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കുന്നതിലേക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുൻപാകെ സമർപ്പിക്കുകയും ചെയ്തു.

അതിനെത്തുടർന്ന് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ കരട് റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി നാല് വിദഗ്ദ്ധ സമിതികളെ ബോർഡ് നിയോഗിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതികൾ അവരുടെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയുണ്ടായി. വിദഗ്ദ്ധ സമിതികളുടെ ശിപാർശകൾകൂടി പരിഗണിച്ച് ഈ വിഷയത്തിൽ ബോർഡ് അന്തിമരൂപം നൽകുന്നതാണ്.

ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുാനുതകുന്ന വ്യക്തമായ ഒരു പരിശീലനനയം കെ.എസ്.ഇ.ബി.എൽ.-ന് നിലവിലുണ്ട്. ഇതിൻപ്രകാരം അതത് സാമ്പത്തിക വർഷങ്ങളിൽ ട്രെയിനിംഗ് കലണ്ടർ രൂപീകരിച്ച്, കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രധാന പരിശീലന കേന്ദ്രങ്ങളായ പെറ്റാർക്കിലും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ പവർ ട്രെയിനിംഗ് സെന്ററുകളിലും ജീവനക്കാർക്ക് അവരുടെ തൊഴിൽ മേഖലയിലെ പ്രകടനം മെച്ചപ്പെടുത്താൻ ആവശ്യമായ നൂതനമായ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ലെ മുഴുവൻ ജീവനക്കാരെയും കണക്കിലെടുത്ത് ഓരോരുത്തർക്കും അനുയോജ്യമായ പരിശീലന പരിപാടിയാണ് ആസൂത്രണം ചെയ്യുന്നത്. അതായത് പ്രധാനമായും സാങ്കേതികമായ പരിശീലനം, സാമ്പത്തിക പരിശീലനം, ഭരണ പരിശീലനം മുതലായവ. ഇതിനുപരിയായി ജീവനക്കാരുടെ വ്യക്തിത്വ വികസനത്തിനുള്ള പരിശീലന പരിപാടിയും നടത്തിവരുന്നുണ്ട്.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം

201 (4237) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇതുവരെയുള്ള സഞ്ചിത നഷ്ടം എത്രയാണെന്നാണ് വൈദ്യുതി റെഗുലേറ്ററി ബോർഡ് കണ്ടെത്തിയിട്ടുള്ളത്;

(ബി) സഞ്ചിത നഷ്ടം കുറച്ചുകൊണ്ടുവരുവാൻ എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത്; അത് വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി നിയമം-2003, കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ദേശീയ വൈദ്യുതി നയം-2006, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ, ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, അതിന്റെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ കമ്മീഷൻ മുമ്പാകെ ഓരോ സാമ്പത്തിക വർഷത്തിലും അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. ഇതിനുപുറമെ ഇവ (വരവും ചെലവും)

തമ്മിലുള്ള അന്തരം, താരിഫ് പരിഷ്കരണത്തിലൂടെ നികത്തിതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള താരിഫ് പെറ്റീഷനും സമർപ്പിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നിജപ്പെടുത്തുന്ന കമ്മി (gap) മുഴുവനായും താരിഫ് പരിഷ്കരണത്തിലൂടെ അനുവദിച്ചുതരുന്നില്ല. ഇവ പിൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കപ്പെടുന്നു. സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് വർദ്ധനവ് മൂലമുണ്ടാകുന്ന താരിഫ് ഷോക്ക് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്.

കമ്മീഷൻ പുറപ്പെടുവിച്ച 8-7-2019-ലെ ARR & ERC ഉത്തരവ് പ്രകാരം 2018-19-ലെ തുടക്കത്തിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ സഞ്ചിത റവന്യൂ കമ്മി 5693.25 കോടി രൂപയാണ്. ഇത് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, ട്രൂ അപ്പ് (True-up) ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള (2016-17 സാമ്പത്തിക വർഷം വരെയുള്ള) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ വരവുചെലവ് കണക്കുകൾ പ്രകാരമാണ്. 2014-15 സാമ്പത്തിക വർഷത്തെ കമ്മി, റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ലഭ്യമാകാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 2016-ലെ ദേശീയ വൈദ്യുതി നയത്തിൽ മുൻകാലങ്ങളിൽ നിജപ്പെടുത്തിയതും പിൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കപ്പെട്ടതുമായ കമ്മി (Regulatory Asset) 7 വർഷംകൊണ്ട് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 31-10-2018-ൽ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 2018-22 വർഷത്തേയ്ക്ക് സമർപ്പിച്ച ARR & ERC പെറ്റീഷനിൽ അടുത്ത 7 വർഷത്തേയ്ക്ക് 806.47 കോടി രൂപവച്ച് സഞ്ചിത കമ്മിയിൽ കുറവ് വരുത്തണമെന്ന് (amortise) ആവശ്യപ്പെടുകയുണ്ടായി. ഇതിൻപ്രകാരം 2018-19, 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 400 കോടി, 1000 കോടി, 850 കോടി രൂപ വീതം ഋണമോചനം (Amortise) ചെയ്യാൻ 8-7-2019-ലെ ARR & ERC ഉത്തരവിലൂടെ കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. ഇത് വസൂലാക്കാനുള്ള (അതാതു വർഷങ്ങളിൽ) നടപടികൾ സ്വീകരിച്ച് നികത്തപ്പെടാത്ത സഞ്ചിത റവന്യൂ കമ്മി ഘട്ടംഘട്ടമായി കുറയ്ക്കുന്നതായിരിക്കും.

## വൻകിട സ്ഥാപനങ്ങളുടെ വൈദ്യുതി തുക കുടിശ്ശിക

202 (4238) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട സ്ഥാപനങ്ങൾ വലിയതോതിൽ ഒട്ടേറെ കാലങ്ങളായി വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഏതൊക്കെ വൻകിട സ്ഥാപനങ്ങളാണ് വൈദ്യുതി തുക കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും അവ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) പൊതുമേഖല ഉൾപ്പെട്ട വൻകിട സ്ഥാപനങ്ങളുടെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനും കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ബിൽ കുടിശ്ശിക ഇനത്തിൽ എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽനിന്നും 30-9-2019 വരെ 882.32 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ആയതിന്റെ വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് കുടിശ്ശിക സംബന്ധിച്ചുള്ള നോട്ടീസുകൾ നൽകിയും വലിയ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപന മേധാവികൾക്ക് കത്തുകൾ നൽകിയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കോടതി വ്യവഹാരങ്ങളിൽപ്പെട്ടുകിടക്കുന്ന കുടിശ്ശിക തുകകളിൽ ബഹുമാനപ്പെട്ട കോടതികളുടെ അന്തിമ തീർപ്പ് അനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## പുരപ്പുറ സോളാർ പദ്ധതി

203 (4239) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയാണ്;

(ബി) കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പുരപ്പുറ സോളാർ പദ്ധതി പ്രകാരം പ്രതിദിന ഉപഭോഗത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിവരിക്കാമോ;

(സി) പുരപ്പുറ സോളാർ പദ്ധതി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 68.38603 ദശലക്ഷം യൂണിറ്റാണ്. പീക്ക് ഡിമാൻഡ് 4242 മെഗാവാട്ട് ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുരപ്പുറത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളിൽ നിന്നായി 200 മെഗാവാട്ട് ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ഇ.ബി.എൽ. വഴി ആകെ 54 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റിൽനിന്നും ഏകദേശം 4 യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ലഭിക്കുന്നത്.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട് ഉത്പാദിപ്പിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഭാഗഭാക്കാകാൻ താൽപ്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കൾ ആദ്യഘട്ടത്തിൽതന്നെ തൽപ്പരരായി മുന്നോട്ടുവരികയും ഇവരിൽനിന്ന് തെരഞ്ഞെടുത്ത 42,000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽനിന്നായി 200 മെഗാവാട്ട് ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## വൈദ്യുതരംഗം കാര്യക്ഷമമാക്കാൻ നടപടി

204 (4240) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുന്ന ദ്യുതി, ട്രാൻസ്ഗ്രിഡ്, സൗര എന്നീ വലിയ മുതൽ മുടക്കുള്ള പദ്ധതികളുടെ ചെലവുകൾ യുക്തിസഹമായി നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ വൈദ്യുതരംഗം സ്വകാര്യ മേഖലയിലേക്ക് വഴിമാറുമ്പോൾ സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യെ പൊതുമേഖലയിൽ നിലനിർത്താനും ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കാനും സാങ്കേതികമായി മികവുറ്റതാക്കാനും സാമ്പത്തികമായി കെട്ടുറപ്പ് ഉറപ്പുവരുത്താനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മുൻ സർക്കാർ കാലയളവിൽ വൈദ്യുതി ചാർജ് എത്ര പ്രാവശ്യം കൂട്ടുകയുണ്ടായിയെന്നും അത്എത്രയെന്നും ഈ സർക്കാർ കാലയളവിൽ ആയത് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) വൈദ്യുതമേഖല ശക്തമാക്കി കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുവാനായി സ്വീകരിച്ച മറ്റു പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്. വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന ദ്യുതി 2021 നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരിക്കാനും വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനും വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനുമായാണ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 ആവിഷ്കരിച്ചിട്ടുള്ളത്. RoW-യുടെ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് കേരളത്തിൽ ഇപ്പോഴുള്ള 220 കെ.വി., 110 കെ.വി. ലൈനുകളുടെതന്നെ RoW ഉപയോഗിച്ച് മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സ്പെഷ്യൽ ടവറുകൾ ഉപയോഗിച്ച് നിലവിലുള്ള ചെറിയ വോൾട്ടതയിലുള്ള ലൈനുകളിൽക്കൂടി വിശേഷപ്പെട്ട കണ്ടക്ടറുകൾ ഉപയോഗിച്ച് അധിക വോൾട്ടതയുള്ള ലൈനുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഒന്നിലധികം നിലകളുള്ള ടവറുകളും ശേഷികൂടിയ കണ്ടക്ടറുകളും ഘനം കുറഞ്ഞ ഇൻസുലേറ്ററുകളും ഉപയോഗിച്ച് നിലവിലുള്ള ഇടനാഴിയിലൂടെ വോൾട്ടത കൂടിയ വൈദ്യുതി പ്രവഹിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. ഇതുവഴി കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതു മൂലമുണ്ടാകുന്ന അധിക ചെലവ് കുറയുന്നതോടൊപ്പം compensation ഇനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതുമാണ്. കൂടാതെ കോടതി വ്യവഹാരങ്ങൾ കുറയുകയും തന്മൂലം പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസം ഒഴിവാകുകയും ചെലവ് കുറയുകയും ചെയ്യുന്നതാണ്.

കൂടാതെ ദർഘാസ് നടപടികൾ Bid Process Co-ordinators വഴി നടപ്പാക്കിയതുമൂലം നടപടികൾ സുതാര്യമാക്കാനും മത്സരം കൂട്ടാനും അതുവഴി ചെലവ് കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നടത്തിപ്പിലേക്കായി പ്രത്യേകം ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും റീജിയണൽ തലത്തിൽ രണ്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ അക്കൗണ്ടിംഗിനായി ഷൊർണ്ണൂർ കേന്ദ്രീകരിച്ച് ഒരു അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസ കണക്കുകളുടെ പരിശോധനയും ദ്വൈവാര പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തലും പ്രസ്തുത ഓഫീസിൽ നടന്നുവരുന്നു.

സൗര പദ്ധതി നടത്തിപ്പിലേയ്ക്കായി ഒരു സ്പെഷ്യൽ പ്രോജക്ട് വെഹിക്കിൾ (SPV) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ മാനേജ്മെന്റ് കമ്മിറ്റിയിലേക്ക് കെ.എസ്.ഇ.ബി.എൽ. അഞ്ച് അംഗങ്ങളെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത മാനേജ്മെന്റ് കമ്മിറ്റിയിലെ കൺവീനറെ സൗര പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ ആയി നിയമിച്ചിരിക്കുന്നു. കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സെക്ഷനിലും ഒരാളിന് സോളാർ കോ-ഓർഡിനേറ്റർ ആയി പരിശീലനം നൽകിയിട്ടുണ്ട്.

(ബി) വൈദ്യുത രംഗത്ത് വൻതോതിലുള്ള സ്വകാര്യവത്കരണത്തിന്റെ കടന്നുകയറ്റം സംസ്ഥാനത്തെ വൈദ്യുത മേഖലയെ വലിയ തോതിൽ ബാധിക്കാതിരിക്കാൻ പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം.

ഇലക്ട്രിസിറ്റി ആക്ട് 2003-നെ തുടർന്ന് മറ്റ് സംസ്ഥാനങ്ങളിൽ ബഹുഭൂരിപക്ഷവും സംസ്ഥാന വൈദ്യുതി ബോർഡുകൾ പ്രത്യേകം പ്രത്യേകം ഉത്പാദന, പ്രസരണ, വിതരണ കമ്പനികൾ ആയി മാറിയപ്പോഴും സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകൾമൂലം കേരളത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് വിഭജിക്കാതെതന്നെ സർക്കാർ ഉടമസ്ഥതയിൽ ഒറ്റ കമ്പനിയായി നിലനിർത്താൻ സാധിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ വിഭജനത്തിന് ശേഷവും മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കാതെ വന്നപ്പോൾ കേരളത്തിൽ ഒറ്റകമ്പനി ആയി നിലനിർത്തിക്കൊണ്ടുതന്നെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു എന്നത് എടുത്തുപറയേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കാൻപോലും സാധിക്കാത്ത സാഹചര്യങ്ങളിൽ കേരളത്തിൽ വാസയോഗ്യമായ എല്ലാ ഭവനങ്ങളിലും വൈദ്യുതി

എത്തിച്ചു. അപ്പോഴും വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടു വരുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. വിജയകരമായി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.എൽ.-ന്റെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാൻ ആയി. ഗുണമേന്മയുള്ള വൈദ്യുതി 24x7 ഉപഭോക്താക്കൾക്ക് തടസ്സം കൂടാതെ നൽകുവാനും സാധിക്കുന്നു. രാജ്യത്തെ മറ്റ് വിതരണ കമ്പനികൾ വൈദ്യുതി ഉത്പാദന കമ്പനികൾക്ക് ഭീമമായ കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. തങ്ങൾക്ക് വൈദ്യുതി നൽകുന്ന എല്ലാ പൊതുമേഖലാ, സ്വകാര്യ കമ്പനികൾക്കും കുടിശ്ശിക ഒന്നുംകൂടാതെ, സമയബന്ധിതമായിത്തന്നെ പണം നൽകിവരുന്നു. കൂടാതെ രാജ്യത്തെ ഒരു ബാങ്കിംഗ്, ബാങ്കിംഗ് ഇതര പണമിടപാട് സ്ഥാപനങ്ങളുടെയും എൻ.പി.എ. പട്ടികയിൽ തങ്ങളുടെ പേര് പരാമർശിക്കപ്പെടുന്നില്ല എന്ന മട്ടിൽ സാമ്പത്തിക ഭദ്രത നിലനിർത്താനും കെ.എസ്.ഇ.ബി.എൽ.-ന് സാധിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽതന്നെ ദേശീയ തലത്തിൽ വൈദ്യുതി മേഖലയിലെ നിരീക്ഷണ സംവിധാനങ്ങളായ നാഷണൽ പവർ പോർട്ടലിലും കേരളത്തിന് വളരെ മെച്ചപ്പെട്ട സ്ഥാനമാണുള്ളത്.

കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാകുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമേ ദീർഘകാല കരാറുകൾവഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. അടിസ്ഥാന സൗകര്യ വികസന

മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച നടപ്പിലാക്കിവരുന്നു.

(സി) മുൻസർക്കാരിന്റെ കാലത്ത് (2011 മുതൽ 2016 വരെയുള്ള കാലയളവിൽ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നുതവണ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പട്ടിക-1-ൽ കൊടുത്തിരിക്കുന്നു:

| വർഷം | റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ച തീയതി | വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി | അധിക വരുമാനം (കോടി രൂപയിൽ ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|
| 2012-13 | 25-7-2012 | 1-7-2012 | 1257.63 | 22.66 |
| 2013-14 | 30-4-2013 | 1-5-2013 | 595.1128 | 7.31 |
| 2014-15 | 14-8-2014 | 16-8-2014 | 615.493 | 7.10 |

ഈ സർക്കാർ കാലയളവിൽ രണ്ട് തവണ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 17-4-2017-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18-4-2017 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. 4.77 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയ താരിഫ് പരിഷ്കരണംമൂലം 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്.

രണ്ടാമത്തെ താരിഫ് പരിഷ്കരണം റെഗുലേറ്ററി കമ്മീഷന്റെ 8-7-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തിയത്. ഇതിന് 8-7-2019 മുതൽ തന്നെ പ്രാബല്യമുണ്ട്. 6.81 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന ടി പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, സംസ്ഥാനത്തെ ഊർജ്ജ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി, ഗവൺമെന്റ് ആവിഷ്കരിച്ച ഊർജ്ജ കേരളാ മിഷൻ പദ്ധതി, വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

സാമ്പത്തിക പരിമിതിയുണ്ടെങ്കിലും വ്യക്തമായ ആസൂത്രണത്തോടെ പദ്ധതികൾ റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായും നിർദ്ദേശാനുസരണവും സമയബന്ധിതമായും നടപ്പിലാക്കിവരുന്നു. എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ എത്തിക്കുന്നതിന് നിലവിലുള്ള വൈദ്യുതി പ്രസരണ വിതരണ ശൃംഖലയും പുന നവീകരണീയ ഊർജ്ജസ്രോതസ്സുകളും വൻതോതിൽ വികസിപ്പിക്കേണ്ട തായിട്ടുണ്ട്. അതിനായി പ്രസരണമേഖലയിൽ സർക്കാർ സഹായത്തോടെ 10000 കോടി രൂപമുടക്കുമുതലുള്ള 'ട്രാൻസ്ഗ്രിഡ് 2-0' പദ്ധതി, 20201-ഓടെ വിതരണമേഖല അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നാലായിരം കോടി രൂപ മുടക്കുമുതലുള്ള 'ദ്യുതി' പദ്ധതി, പുനർ നവീകരണീയ ഊർജ്ജ സ്രോതസ്സുകളുടെ വികാസത്തിനുവേണ്ടിയുള്ള 'സൗര' പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം കഴിഞ്ഞ കുറെ നാളുകളിലായി വലിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ പ്രകടമാക്കിയെങ്കിലും ഇത് മുൻകൂട്ടി കണ്ട് വളരെ മുമ്പുതന്നെ കരാറിലേർപ്പെട്ടിരുന്ന വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വൈദ്യുതി വാങ്ങൽതുക ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഹ്രസ്വകാല വൈദ്യുതി വാങ്ങൽ പ്രക്രിയയിൽ വിപണിയിലെ ദൈനംദിന ചലനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തും, ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പരിശോധിച്ചും ഫലപ്രദമായ ഇടപെടൽ നടത്തി, താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കിവരുന്നു. വിതരണ പ്രസരണ മേഖലകളിൽ ആവശ്യംവേണ്ട വികസന പ്രവർത്തനങ്ങൾ നടത്തി പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തത്ഫലമായി വൈദ്യുതി വാങ്ങലിന്റെ അളവും ആനുപാതികമായി വൈദ്യുതി നിരക്കിലും കുറവ് വരുന്നു.

കൂടാതെ മാനവശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തിയും തസ്തികകൾ പുനഃക്രമീകരിച്ചും പ്രവർത്തന പരിപാലന ചെലവിൽ ഗണ്യമായ കുറവ് വരുത്തിയും വൈദ്യുത ചാർജ്ജ് പിരിച്ചെടുക്കുന്നതിൽ റവന്യൂ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും കേടായ എനർജി മീറ്ററുകൾ, സമയബന്ധിതമായി മാറ്റിയും കിട്ടാകടങ്ങൾ പിരിച്ചെടുക്കുന്നതിനായി കമ്മീഷന്റെ അനുമതിയോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയും ഗവൺമെന്റ് സ്ഥാപനങ്ങളുടെ കുടശ്ശിക തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ വിജിലൻസ്, റവന്യൂ ആഡിറ്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തി

വൈദ്യുതി ദുരുപയോഗം/മോഷണം എന്നിവ കണ്ടെത്തി റവന്യൂ നഷ്ടം ഒഴിവാക്കി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ നടത്തിപ്പിനായുള്ള കരാറുകൾ

205 (4241) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ കരാറുകളിലാണ് ഊർജ്ജ വകുപ്പും കെ.എസ്.ഇ.ബി. യും ഏർപ്പെട്ടിട്ടുള്ളത്; എല്ലാ കരാറുകളുടെയും വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി.-ക്ക് ബാധകമാണെന്ന് പറയുമ്പോൾ സർക്കാരിന്റെ ഉത്തരവുകൾ ഒന്നും ബാധകമല്ലെന്ന് കെ.എസ്.ഇ.ബി പറയുന്നത് എന്തുകൊണ്ടാണ്;

(സി) നിയമപരമായി ഉണ്ടാക്കിയ കരാർ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാൻ കെ.എസ്.ഇ.ബി.-ക്ക് ബാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ ഭരണഘടനയുടെ പന്ത്രണ്ടാം വകുപ്പിൽ സ്റ്റേറ്റ് എന്ന നിർവചനത്തിൽപ്പെടുന്ന സർക്കാർ കമ്പനിയായ കെ.എസ്.ഇ.ബി.-ക്ക് സർക്കാർ ഉത്തരവുകൾ ബാധകമല്ലാത്തത് ഏത് നിയമത്തിന്റെ പിൻബലത്തിലാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, കേരള ഗവൺമെന്റ്, കിഫ്ബി എന്നീ കക്ഷികൾ ഉൾപ്പെടുന്ന ഒരു ത്രികക്ഷി കരാറിലാണ് കെ.എസ്.ഇ.ബോർഡ് മിലിറ്റഡ് ഒപ്പുവച്ചിട്ടുള്ളത്. 17-7-2017-ൽ ഒപ്പുവച്ച പ്രസ്തുത കരാറിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഒന്നാം കക്ഷിയും കേരള ഗവൺമെന്റ്, കിഫ്ബി എന്നിവർ യഥാക്രമം രണ്ടും മൂന്നും കക്ഷികളുമാണ്.

(ബി) സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ബാധകമായ ഉത്തരവുകൾ അനുസരിച്ച് പദ്ധതി നടപ്പാക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ നിലപാടും ഇതുതന്നെയാണ്.

(സി) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഒപ്പുവച്ചിട്ടുള്ള ത്രികക്ഷി കരാറിലെ നിബന്ധനകൾ പാലിക്കാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ബാധ്യതയുണ്ട്.

(ഡി) സർക്കാർ ഉത്തരവുകൾ ബാധകമല്ല എന്ന നിലപാട് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സ്വീകരിച്ചിട്ടില്ല.

## കെ.എസ്.ഇ.ബി.എൽ.-ന്റെ കേരള ഫൈബർ ഒപ്ടിക് നെറ്റ്‌വർക്ക് പദ്ധതി

206 (4242) ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ., ഐ.റ്റി. മിഷനുമായി ചേർന്ന് കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിന്റെ വിപുലമായ നെറ്റ് വർക്ക് സംവിധാനം ഈ പദ്ധതിയ്ക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) കെ-ഫോൺ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെ സേവനം എപ്രകാരമാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി.എൽ.യുടെ പോസ്റ്റ് ഉൾപ്പെടെയുള്ളവ ഉപയോഗിക്കുന്നതിന് എന്ത് ഫീസ് ഈടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.ഡി.എഫ്. സഹായത്തോടെ കെ.എസ്.ഇ.ബി.എൽ.-നടപ്പിലാക്കുന്ന റിലയബിൾ കമ്മ്യൂണിക്കേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പ്രസ്തുത കേരള ഫൈബർ ഒപ്ടിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പ്രോജക്ടിന്റെ പാക്കേജ് ബി-യുടെ ഭാഗമായി ഉൾപ്പെടുത്തി ചെയ്തുവരുന്നു. ഈ

പദ്ധതിയുടെ ഭാഗമായി നിലവിലുള്ള പ്രസരണ ശൃംഖലയുടെ റൈറ്റ് ഓഫ് വേയിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ ഗ്രൗണ്ട് വയർ (O.P.G.W.) വലിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വലിക്കുന്ന 48 ഫൈബറിൽ 24 എണ്ണം പാക്കേജ് ബി-യിൽ ഉൾപ്പെട്ട റിലയബിൾ കമ്മ്യൂണിക്കേഷൻ പ്രോജക്ടിനുവേണ്ടി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപയോഗത്തിന് വേണ്ടിയുള്ളതാണ്. ബാക്കിയുള്ള 24 ഫൈബർ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ)-ന് റിക്വസ്റ്റ് ഓഫ് യൂസ് അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്.

(സി) കെ-ഫോൺ പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ. ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ സേവനം ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിലും തങ്ങളുടെ സേവനം ഈ പദ്ധതിക്കായി ലഭ്യമാക്കിവരുന്നു. പദ്ധതിയുടെ ആവിഷ്കരണഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ മേൽനോട്ടം വഹിക്കുന്നതാണ്.

(ഡി) ഈ പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ പോസ്റ്റ് ഉപയോഗിക്കുന്നതിനും നിലവിലുള്ള നിരക്കിൽ പോൾ റെന്റ് ഈടാക്കാനും തീരുമാനിച്ചിട്ടുള്ളതാണ്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ സേവനങ്ങൾ ആധുനികീകരിക്കുന്നതിനുള്ള നടപടി

207 (4243) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്സ്ഥിതിയുടെ വികസനത്തിനനുസൃതമായി ഊർജ്ജാവശ്യം നിറവേറ്റുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ പ്രാപ്തമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പുനഃസംഘടിത ത്വരിത ഊർജ്ജ വികസനവും പരിഷ്കാരവും പദ്ധതി പ്രകാരം സംസ്ഥാനത്തു നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമ്പത്തിക സ്ഥിതി ഭേദമില്ലാതെ ഗ്രാമ-നഗര പ്രദേശങ്ങളിലെ എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമാക്കിയ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന വിതരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ നയങ്ങളും നിയമഭേദഗതിയും സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം അറിയിക്കാമോ;

(ഡി) പുതിയ കണക്ഷനുവേണ്ടി അപേക്ഷിക്കുന്നതുൾപ്പെടെയുള്ള ഉപഭോക്തൃ സേവനങ്ങൾ ആധുനികീകരിക്കുന്നതിനും ലളിതവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് അനുസൃതമായി ഊർജ്ജാവശ്യം നിറവേറ്റുന്നതിനായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും, വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ ത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമേ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, 1000 മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപ്പാദനം ലക്ഷ്യമിടുന്ന സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും 466 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. വിവിധ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കമതി ശേഷിയിൽ ഏകദേശം 500 MW വർദ്ധനവ് ഉണ്ടാക്കിയ ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ പൂർത്തീകരിച്ച് 25-9-2019-ൽ ലൈൻ ചാർജ്ജ് ചെയ്തു. കൂടാതെ ഇറക്കുമതി ശേഷിയിൽ 2000 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടാകുന്ന പുഗലൂർ-മാടക്കത്തറ HVDC ലൈൻ നിർമ്മാണം 2020-ൽ പൂർത്തീകരിക്കുന്ന നിലയിൽ പുരോഗമിക്കുന്നു.

(ബി) ഊർജ്ജനഷ്ടം 15% ആയി കുറയ്ക്കുക എന്ന ലക്ഷ്യമുള്ള പുനഃസംഘടിത ത്വരിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.) 31-3-2018-ൽ പൂർത്തീകരിച്ചു (പദ്ധതി ചെലവ് 1,115.18 കോടി രൂപ). ഇതിൽ നഗര പ്രദേശങ്ങളിലെ ഉപപ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുക, കൺസ്യൂമർ/ഫീഡർ/ട്രാൻസ്ഫോർമർ മീറ്ററിംഗ്, തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ടതാണ് ആർ.എ.പി.ഡി.ആർ.പി. പദ്ധതി.

(സി) കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമം പ്രാവർത്തികമാക്കിയാൽ അത് വൈദ്യുതി മേഖലയെ പ്രതിസന്ധിയിൽ ആക്കാനിടയുണ്ട്. വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുമ്പോൾ വീലിംഗ് ചാർജ്ജ് മാത്രം ഈടാക്കിയാൽ മതി എന്ന വ്യവസ്ഥ നിലവിലുള്ള ക്രോസ് സബ്സിഡി സമ്പ്രദായം അതിവേഗം ഇല്ലാതാക്കുന്നതും സാധാരണക്കാരുടെ വൈദ്യുതി നിരക്കുകൾ കുത്തനെ ഉയർത്താനും ഇടയാക്കും. വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കുന്നതിനും തദ്വാരാ സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം കെ.എസ്.ഇ.ബി.എൽ.-ന്റെ ചുമതലയിലുള്ള പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ നഗര പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേയ്ക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ഇടയാകാം. ക്രോസ് സബ്സിഡി ഒഴിവാക്കി പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി സമീപഭാവിയിൽത്തന്നെ ഉപയോഗിക്കാൻ ആകാത്ത സ്ഥിതിയിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ.-നെ കൊണ്ടെത്തിക്കും. അങ്ങനെയായാൽ കരാർ പ്രകാരമുള്ള സ്ഥിര വിലയുടെ ബാധ്യത സ്ഥാപനത്തിന് താങ്ങാനാകില്ല. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ, ഊഹക്കച്ചവടത്തിന് ഇടയാക്കുമെന്നതും സ്ഥാപനത്തിന്റെ നിലനിൽപ്പിനെ ഹനിച്ചേക്കാം.

(ഡി) പുതിയ കണക്ഷനുവേണ്ടി അപേക്ഷിക്കുന്നത് ഉൾപ്പെടെയുള്ള ഉപഭോക്തൃ സേവനങ്ങൾ ആധുനീകരിക്കുന്നതിനും ലളിതവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ താഴെക്കൊടുക്കുന്നു:

(1) കെ.എസ്.ഇ.ബി.എൽ. ഐ.ടി. വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമ നെറ്റ് സോഫ്റ്റ്വെയറിലൂടെ മികച്ച എൽ.ടി.

ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ് വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തിക്കഴിഞ്ഞു. കൂടാതെ എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

(2) എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക്, ഐ.സി.ഐ.സി. ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

(3) ഉപഭോക്താക്കൾക്ക് ഏത് സെക്ഷനാഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

(4) ഫ്രണ്ട്സ്, അക്ഷയ ഇവ മുഖേനയും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. കൂടാതെ അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവും കെ.എസ്.ഇ.ബി. ലിമിറ്റഡുമായും വിനിമയ സമന്വയം സാദ്ധ്യമാക്കി. തൽഫലമായി അപ്ലാ സി.എസ്.സി.-യുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും.

(5) ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പേയ്മെന്റ് വെബ് സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

(6) ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ വഴി ലഭ്യമാണ്. വൈദ്യുതി സംബന്ധമായ അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും

അറിയിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1912 എന്ന നമ്പരിൽ ടോൾ ഫ്രീ സംവിധാനം കാൾ സെന്ററിൽ ലഭ്യമാണ്. കൂടാതെ 0471-2555544 എന്ന ടെലി ഫോൺ നമ്പർ വഴിയും പരാതികൾ സ്വീകരിക്കുന്നു.

(7) വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഊർജ്ജദൂത്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ അപ്രകാരവും അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന അതേ സമയത്തും ഉപഭോക്താക്കളെ അറിയിക്കുന്നതിനാണ് ഊർജ്ജദൂത് പദ്ധതി. വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ആശങ്കയും എപ്പോൾ വൈദ്യുതി തിരികെ ലഭിക്കുമെന്ന സംശയവും മറ്റും ദൂരീകരിക്കാൻ ഈ പദ്ധതിക്കാകും.

(8) വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി. വൈദ്യുതി ബിൽ, മീറ്റർ റീഡർമാർ മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ, ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ എസ്.എം.എസ്.-ആയി മൊബൈൽ ഫോൺ വഴി അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയാണ് ഊർജ്ജ-സൗഹൃദ. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ബില്ലിൽ വ്യത്യാസം വരുന്നുവെന്ന പരാതിയും ബിൽ തന്നെ ലഭ്യമാകുന്നില്ല എന്നുള്ള പരാതിയും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. കൂടാതെ പണമടയ്ക്കുന്നതിനുള്ള അവസാന തീയതി ഓർമ്മപ്പെടുത്തുന്ന എസ്.എം.എസ്.-ഉം ഉപഭോക്താക്കൾക്ക് ലഭിക്കും. കെ.എസ്.ഇ ബി.എൽ.-ന്റെ വെബ്സൈറ്റ് www.kseb.in.

വഴിയോ നേരിട്ട് സെക്ഷൻ ഓഫീസ് മുഖേനയോ കസ്റ്റമർ കെയർ സെന്റർ (1912) മുഖേനയോ ഉപഭോക്താവിന് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(9) പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈൻ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ടി ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാനും കഴിയും. അപേക്ഷയും പ്രിന്റൗട്ടും അപേക്ഷകന്റെ ഫോട്ടോയും മറ്റ് രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ടി ചെലവും സ്ഥലപരിശോധനയ്ക്ക് ശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ്. വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതുമുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ്. വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

(10) കെ.എസ്.ഇ.ബി.എൽ. എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ, ടാബ് ലെറ്റ് മുതലായ ഉപകരണങ്ങൾ വഴി ഏതുസമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽതുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസകരമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേസ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

(11) ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തയ്യാറാക്കുന്നതിനുവേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു. കൈകൊണ്ട് എഴുതി

നൽകുമ്പോൾ വൈദ്യുതി ബില്ലിൽ വന്നിരുന്ന തെറ്റുകൾ പൂർണ്ണമായും ഒഴിവാക്കാൻ ഇതുവഴി സാധിച്ചു.

(12) കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻവേണ്ടിയുള്ള ഡാറ്റാസെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

(13) മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

(14) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള സ്കാഡ പദ്ധതി നടപ്പാക്കി വരുന്നു.

(15) ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

(16) വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി. എൽ. ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള അനായാസകരമായ ഈ പദ്ധതി നാഷണൽ ആട്ടോമാറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻ.എ.സി.എച്ച്.) സംവിധാനം വഴിയാണ് നടപ്പിലാക്കിയത്. എൻ.പി.സി.ഐ. അഥവാ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് ഈ സംവിധാനം ഒരുക്കുന്നത്. കോർപ്പറേഷൻ ബാങ്ക് സ്പോൺസർ ബാങ്കായി പ്രവർത്തിക്കുന്നു.

(17) പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെടുത്തി ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ വഴി വൈദ്യുതി ബിൽ തുക പേ.റ്റി.എം.-ന്റെ മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് കെ.എസ്.ഇ.ബി.എൽ.-ലേയ്ക്ക് നേരിട്ട് അടയ്ക്കാൻ കഴിയും. കൂടാതെ മറ്റ് മൊബൈൽ വാലറ്റ് സർവ്വീസ് വഴി ബി.ബി.പി.എസ്. സംവിധാനത്തിലൂടെയും പണമടയ്ക്കാൻ കഴിയും.

(18) സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് ഓഫീസിന് പുറത്ത് ജോലിക്ക് മേൽനോട്ടം വഹിക്കുമ്പോഴും മറ്റും ഉപഭോക്തൃ സേവനത്തിന് വേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഒരുമാനെറ്റ് മൊബൈൽ ആപ്ലിക്കേഷൻ വഴി കാര്യം നിർവ്വഹിക്കാൻ സാധിക്കും.

(19) കേരളത്തില 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെ തന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി. ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡിപ്പോസിറ്റ് മെഷീനുകൾ, കസ്റ്റമർ കെയർ സെന്റർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.

(20) സോഷ്യൽ മീഡിയ സംവിധാനമായ Whatsapp വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി

സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒക്ടോബർ 2016 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ദിവസേന ശരാശരി 100 പരാതിയോളം ഈ രീതിയിൽ ലഭിച്ചുവരുന്നു.

(21) കെ.എസ്.ഇ.ബി. ലിമിറ്റഡ് വികസിപ്പിച്ച സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് ആന്റ് ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ, സ്ഥാപനത്തിലെ ജോലി സുരക്ഷയും വൈദ്യുതി അപകടങ്ങളും സംബന്ധിച്ച കാര്യങ്ങളെ നിരീക്ഷിച്ച് മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സഹായിക്കുന്നു. അപകട സാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർനടപടിക്ക് ആരംഭം കുറിക്കാനുള്ള സംവിധാനം ഈ സോഫ്റ്റ്‌വെയറിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിതരണ മേഖലയിലെ ഓഫീസുകളിൽ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും വിലയിരുത്താനും തുടർ നടപടി കൈക്കൊള്ളുന്നതിനും ഈ സോഫ്റ്റ്‌വെയർ സഹായിക്കുന്നു.

(22) ഉപഭോക്താക്കളുടെ സംശയ നിവാരണത്തിനും കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

(23) ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ആവശ്യമായി ഫീസ് അടയ്ക്കുന്നതിനും കാലതാമസമില്ലാതെ കണക്ഷൻ ലഭിക്കുന്നതിനായുള്ള ഗ്രീൻ ചാനൽ സംവിധാനം.

(24) പ്രതിവർഷം ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് സാങ്കേതിക സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്, ഐ.റ്റി.ഐ. (ITI), വി.എച്ച്.എസ്.ഇ.(VHSE) തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾക്കായി വൈദ്യുതി ബോർഡിൽ എത്തിക്കൊണ്ടിരിക്കുന്നത്. പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും വിദ്യാർത്ഥികൾ വൈദ്യുതി ബോർഡിന്റെ ഓഫീസ് സന്ദർശിക്കേണ്ടിവരാറുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ എല്ലാംതന്നെ ഇന്റർനെറ്റ് വഴി

ഓൺലൈനായി എവിടെനിന്നും ചെയ്യാൻ കഴിയുന്ന തരത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. ഓൺലൈനായി ഫീസ് അടയ്ക്കുന്നതിന് പുറമേ, അപേക്ഷ സമർപ്പിക്കുന്നതിനും വിവിധ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈൻ പോർട്ടൽ വഴി കഴിയും.

## കേരള ഊർജ്ജ മിഷന്റെ പ്രവർത്തനങ്ങൾ

208 (4244) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഊർജ്ജ മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ സ്വപ്നപദ്ധതിയാണ് 'ഊർജ്ജ കേരള മിഷൻ'. വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന 'ട്രാൻസ്ഗ്രിഡ് 2.0', മൂന്ന് വർഷത്തിനുള്ളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 'സൗര', ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കുംപകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം', വൈദ്യുതി അപകടരഹിത കേരളം എന്ന് ലക്ഷ്യമിടുന്ന 'ഇ-സേഫ്', തടസ്സരഹിതമായി വൈദ്യുതി നൽകുക, വിതരണ നഷ്ടം കുറയ്ക്കുക, സുരക്ഷിതമായ വൈദ്യുതി ശൃംഖല ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിടുന്ന 'ദ്യുതി 2021' എന്നിവയാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ. ഇതിൽ ദ്യുതി 2021, ട്രാൻസ്ഗ്രിഡ്2.0 പദ്ധതികൾ കെ.എസ്.ഇ.ബി. എൽ.നേരിട്ടും ഫിലമെന്റ് രഹിത കേരളം പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ ഇ.എം.സി.യുമായി ചേർന്നും സൗര പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ അനെർട്ടുമായി ചേർന്നും ഇ-സേഫ് പദ്ധതി സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി സഹകരിച്ചുമാണ് നടപ്പാക്കുന്നത്.

പ്രസരണ വിഭാഗത്തിൽ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കി വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400/220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 400 കെ.വി. നിലവാരത്തിലുള്ള പ്രസരണശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുനലൂർ-മാടക്കത്തറ 2000 MW HVDC ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും CEA-യുടെ planning നിലവാരമനുസരിച്ചുള്ള പ്രസരണശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 10,000 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും 5,200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. കൂടാതെ കേന്ദ്ര ഏജൻസിയായ PSDF-ൽനിന്നും രണ്ട് പദ്ധതികൾക്കായി ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാംഘട്ട പദ്ധതിയിൽ അഞ്ച് സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. 4,745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1,630 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന സൗര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ സോളാർ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ സർക്കാർ അധീനതയിലുള്ള ഭൂമിയിൽ 200 MW ശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഹോസ്ദുർഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിൽ ലഭ്യമായ 250 ഏക്കർ സ്ഥലത്ത് 50MW ശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിച്ചു. അതിൽനിന്നും 14-9-2017 മുതൽ വൈദ്യുതി ഉത്പാദിപ്പിച്ചുവരുന്നു. കൂടാതെ ഇവിടെനിന്നുതന്നെ 5 MW ശേഷിയുള്ള ഒരു സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ പൈവളിഗൈയിൽ 250 ഏക്കർ ഭൂമി പുതുതായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 50MW ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന 100MW ശേഷിയുള്ള പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദനം വ്യാപകമാക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ അനർട്ട് മുഖേന ചെയ്തിട്ടുണ്ട് :

<u>പൊതുസ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു:</u>

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കാനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ഏറ്റെടുത്ത് നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അനെർട്ട് ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

<u>സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ:</u>

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് ഒരു കിലോവാട്ട് മുതൽ 3 കിലോവാട്ട് വരെയും സ്ഥാപനങ്ങൾക്ക് ഒരു കിലോവാട്ട്

മുതൽ 5 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ഒരു കിലോവാട്ടിൽനിന്നും പ്രതിദിനം മൂന്ന് യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. രണ്ട് കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

**ഊർജ്ജ മേഖലയിലെ പുതിയ പദ്ധതികൾ**

209 (4245) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡ് ഊർജ്ജ മേഖലയിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഊർജ്ജോത്പാദനരംഗത്ത് പ്രസ്തുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; ഈ തുക എപ്രകാരം സമാഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. അവതരിപ്പിച്ച വീടുകളിൽ സോളാർ പാനൽ പദ്ധതി സംസ്ഥാനത്ത് എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജമേഖലയിൽ പല പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി നാല് ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 39.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽനിന്നും 131.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. നിലവിലുള്ള ഇടുക്കി

ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ സ്വപ്ന പദ്ധതിയാണ് ഊർജ്ജ കേരള മിഷൻ. വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമുള്ള ദ്യുതി 2021, പ്രസരണ ശൃംഖല മെച്ചപ്പെടുത്തലിനും പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന 'ട്രാൻസ്ഗ്രിഡ് 2.0', മൂന്ന് വർഷത്തിനുള്ളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 'സൗര' ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും വിതരണം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ ഇ.എം.സി.-യുമായി ചേർന്നും സൗര പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ അനെർട്ടുമായി ചേർന്നും ഇ-സേഫ് പദ്ധതി സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി സഹകരിച്ചുമാണ് നടപ്പാക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചു. (15.7 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 Mwp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽനിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ബാണാസുരസാഗർ റിസർവ്വോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽനിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ്-2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രസരണ മേഖലയിൽ 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലേയ്ക്കുള്ള വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എല്ലായിടത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുകയുംചെയ്യും. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി KIIFB-യുടെ സഹായത്തോടുകൂടിയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ദ്യുതി പദ്ധതിയിൽ വിതരണ മേഖലയിൽ 4,036.3 കോടി രൂപയുടെ പ്രവൃത്തികളാണ് PMU മുഖേന വിഭാവന ചെയ്തിട്ടുള്ളത്.

കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് 45.54 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ബോർഡിന്റെ ഫണ്ടിൽനിന്നും തുക ചെലവഴിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ബാണാസുര സാഗർ റിസർവ്വോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതിക്കായി ഏകദേശം 7.78 കോടി രൂപ ചെലവായി.

(ഡി) സർക്കാർ വിഭാവന ചെയ്തിട്ടുള്ള ഊർജ്ജ കേരള മിഷന്റെ ഭാഗമായ സൗര പദ്ധതിയുടെ ഒന്നാംഘട്ടമായ 200 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും 2020-21-ഓടെ ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| എണ്ണം | ജില്ല | രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം | അനുയോജ്യമായി തെരഞ്ഞെടുത്ത മേൽക്കൂരകളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | തിരുവനന്തപുരം | 12,976 | 3701 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2. | കൊല്ലം | 16,707 | 2794 |
| 3. | പത്തനംതിട്ട | 7948 | 1378 |
| 4. | ആലപ്പുഴ | 16,910 | 2500 |
| 5. | കോട്ടയം | 13,606 | 2241 |
| 6. | ഇടുക്കി | 11,184 | 870 |
| 7. | എറണാകുളം | 25,981 | 4589 |
| 8. | തൃശ്ശൂർ | 40,163 | 7549 |
| 9. | മലപ്പുറം | 25,955 | 2824 |
| 10. | കോഴിക്കോട് | 20,863 | 2155 |
| 11. | വയനാട് | 20,190 | 959 |
| 12. | പാലക്കാട് | 24,784 | 4680 |
| 13. | കണ്ണൂർ | 22,316 | 3283 |
| 14. | കാസർഗോഡ് | 16,155 | 2935 |

## ചെറുകിട ജലവൈദ്യുത പദ്ധതി

210 (4246) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; വിശദമാക്കാമോ;

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുവാൻ നിലവിൽ എത്ര തുക ആവശ്യമായിവരുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ചെറുകിട ജലവൈദ്യുത പദ്ധതികളായ പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി ആകെ 39.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ സാധിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർവഴി 8 MW-ന്റെ പാതംകയം വൈദ്യുത പദ്ധതിയും 4.5 MW കാരിക്കയം രണ്ടാം ഘട്ടവും വൈദ്യുതി ഉത്പാദനം ആരംഭിച്ചു.

47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ "ബൂട്ട്" (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതിയും നൽകിയിട്ടുണ്ട്.

ഇ.എം.സി. തിരുവനന്തപുരം നഗരത്തിൽ കാട്ടുവെട്ടി മൈക്രോ ജലവൈദ്യുത പദ്ധതി (20 MW) നിർമ്മാണം പൂർത്തിയാക്കി ഗ്രിഡിൽ കണക്ട് ചെയ്ത് ട്രയൽ റൺ നടക്കുകയാണ്.

(ബി) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഒരു മെഗാവാട്ടിന് 3.5 കോടി രൂപ വച്ച് പരമാവധി 20 കോടി രൂപയോ, ആകെ നിർമ്മാണത്തുകയുടെ 90 ശതമാനം തുകയോ, ഇതിൽ കുറഞ്ഞത് ഏതോ, Ministry of New & Renewable Energy (MNRE) ഗ്രാന്റായി ലഭിക്കും.

(സി) ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദന ചെലവ് മെഗാവാട്ടിന് ഏകദേശം 10 മുതൽ 12 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഭൂപ്രകൃതിയും രൂപരേഖയും അനുസരിച്ച് ഇതിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതാണ്.

**നെന്മാറ നിയോജകമണ്ഡലത്തിലെ ജലവൈദ്യുത പദ്ധതികൾ**

211 (4247) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നിലവിൽ സർവ്വെ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ കാരപ്പാറ, കുരിയാർകുറ്റി വിവിധോദ്ദേശ ജലവൈദ്യുത പദ്ധതി (84 മെഗാവാട്ട്)-ന്റെ സർവ്വേ നടത്തി വിശദമായ പദ്ധതിരേഖ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി പദ്ധതിയുടെ രൂപരേഖ പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശാനുസരണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പുതുക്കി നൽകാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**നാദാപുരം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

212 (4248) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന വൈദ്യുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കുമോ;

(സി) വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിയിൽ നാദാപുരത്ത് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം മണ്ഡലത്തിൽ ചാത്തൻകോട്ടുനട-II (6 MW) ജലവൈദ്യുത പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തിയുടെ 63% പണികൾ പൂർത്തിയായി. 30-3-2019-ൽ കരാർ നൽകിയ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ തുടർ നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി 2021 മാർച്ചിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) നാദാപുരം മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതിയായ ചാത്തൻകോട്ടുനട-I (5MW)-ന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നാദാപുരത്ത് 2886 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

സൗര പദ്ധതിയിലെ രജിസ്ട്രേഷൻ ഇലക്ട്രിക്കൽ സർക്കിൾ തലത്തിലാണ് ശേഖരിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമല്ല.

## വർക്കല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

213 (4249) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ വിതരണശൃംഖല ശക്തി പ്പെടുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS-ൽ ഉൾപ്പെടുത്തിയും വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെടുത്തിയും താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു:

1. LT ABC വലിക്കുന്ന പ്രവൃത്തി - 15.621 കി.മീ.
2. HT ABC വലിക്കുന്ന പ്രവൃത്തി-19.05 കി.മീ.
3. 11 കെ.വി. UG cable ഇടുന്ന പ്രവൃത്തി - 6.5 കി.മീ.
4. 11 കെ.വി ലൈൻ വലിക്കുന്ന പ്രവൃത്തി - 5.9 കി.മീ.
5. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/മാറ്റി സ്ഥാപിക്കൽ - 5 എണ്ണം
6. എൽ.ടി. ലൈനിന്റെ റീ കണ്ടക്ടറിംഗ് പ്രവൃത്തി - 317.2 കി.മീ.

പ്രസരണ മേഖലയിൽ വിളക്കുളം 33 കെ.വി. സബ്സ്റ്റേഷന്റെയും 33 കെ.വി. ലൈനിന്റെയും വർക്കല 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് വിളക്കുളം സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. ഫീഡർ ലേയുടെയും നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി പൂർത്തിയായെങ്കിലും പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് കാരണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തിയും വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെടുത്തിയും കേന്ദ്രാവിഷ്കൃത പദ്ധതികളായ IPDS, DDUGJY എന്നിവയിലുൾപ്പെടുത്തിയും കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

- സർവ്വീസ് കണക്ഷനുകൾ നൽകിയത് - 2202 എണ്ണം (BPL-971 എണ്ണം)
- എൽ.ടി. ലൈൻ നിർമ്മിച്ചത് - 52.868 കി.മീ.
- ഡി.ടി.ആർ. മീറ്ററുകൾ സ്ഥാപിച്ചത് - 260 എണ്ണം
- 11 കെ.വി. ലൈൻ നിർമ്മിച്ചത് - 9.804 കി.മീ.
- HT ABC നിർമ്മിച്ചത് - 27 കി.മീ.
- 11 കെ.വി. UG cable നിർമ്മിച്ചത് - 4 കി.മീ.
- ട്രാൻസ്ഫോർമർ സ്ഥാപിച്ചത്/മാറ്റി സ്ഥാപിച്ചത് - 2 എണ്ണം
- LT ABC നിർമ്മിച്ചത് - 14.8 കി.മീ.

വിളക്കുളം 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും വർക്കല 110 കെ.വി. സബ്സ്റ്റേഷനിലെ വിളക്കുളം 33 കെ.വി. ബേയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കല 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും വിളക്കുളം സബ്സ്റ്റേഷനിലേക്കുള്ള 33 കെ.വി. ലൈനിന്റെ നിർമ്മാണം നാട്ടുകാരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 8.29 കോടി രൂപയാണ്.

(സി) വിതരണ മേഖലയിൽ ഓരോ പദ്ധതിക്കും വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | പദ്ധതിയുടെ നിലവിലെ സ്ഥിതി | വകയിരുത്തിയ തുക |
|---|---|---|
| സമ്പൂർണ്ണ വൈദ്യുതീകരണം | പൂർത്തീകരിച്ചു | Rs. 110.63 ലക്ഷം |
| ദ്യുതി | നടന്നുവരുന്നു | Rs. 2,098.82 ലക്ഷം |
| IPDS | നടന്നുവരുന്നു | Rs. 6,06.862 ലക്ഷം |
| DDUGJY | പൂർത്തീകരിച്ചു | Rs. 327.958 ലക്ഷം |

## ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കാൻ നടപടി

214 (4250) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട സർക്കാർ കേന്ദ്രങ്ങളിൽ ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കോതമംഗലം മിനി സിവിൽസ്റ്റേഷൻ കേന്ദ്രീകരിച്ച് ചാർജിംഗ് പോയിന്റ് സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. ഖനിജ ഇന്ധനങ്ങളുടെ (fossil fuel) ദൗർലഭ്യവും അവ ഉപയോഗിക്കുന്ന വാഹനങ്ങൾ പുറന്തള്ളുന്ന വാതകങ്ങൾ അന്തരീക്ഷത്തിലെ ഓസോൺ പാളികൾക്ക് വരുത്തുന്ന ഹാനിയും കണക്കിലെടുത്ത് ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറാൻ സംസ്ഥാനം നടത്തുന്ന തയ്യാറെടുപ്പിൽ കെ.എസ്.ഇ.ബി.എൽ.-ഉം പങ്കാളിയായിട്ടുണ്ട്. ഈ ഉദ്യമത്തിൽ കെ.എസ്.ഇ.ബി.എൽ.-നെ സംസ്ഥാന നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തി. ആദ്യ ഘട്ടത്തിൽ കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്ത പ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ന്റെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ആയതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്താൻ ശ്രമമാരംഭിക്കുകയും ചെയ്തു. ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 64 ചാർജ്ജിംഗ്

സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താൽപ്പപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ആറ് കോർപ്പറേഷനുകളിലെ സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരളത്തിലെ ആദ്യ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനുള്ളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി ഇലക്ട്രിക് വാഹനം ചാർജ് ചെയ്യുന്നതിനുള്ള സ്ഥല ലഭ്യതയുണ്ടെങ്കിൽ കോതമംഗലം മിനി സിവിൽ സ്റ്റേഷനിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കിഫ്ബി വഴി ഊർജ്ജ വകുപ്പ് നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

215 (4251) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായി ഊർജ്ജ വകുപ്പ് കെ.എസ്.ഇ.ബി, കിഫ്ബി എന്നിവരുമായി ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നിയമപരമായി ഉണ്ടാക്കിയിട്ടുള്ള ഈ ത്രികക്ഷി കരാർ പാലിക്കാനുള്ള കടമ വൈദ്യുതി ബോർഡിനില്ലേയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ ലംഘനമുണ്ടായാൽ ഊർജ്ജ വകുപ്പിനാണോ അത് ചൂണ്ടികാണിക്കാനുള്ള നിയമപരമായ ഉത്തരവാദിത്വമെന്ന് വിശദമാക്കുമോ;

(സി) ഊർജ്ജ വകുപ്പ് ഒപ്പുവച്ചിരിക്കുന്ന പ്രസ്തുത കരാറിലെ ടെൻഡർ നടപടികളിൽ സർക്കാരിന്റെ ഉത്തരവുകൾ പാലിക്കണമെന്ന വ്യവസ്ഥയുണ്ടായിട്ടും അത് പാലിക്കാത്തത് കരാറിന്റെ ലംഘനമാണോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 17-8-2017-ൽ ഒപ്പുവച്ചിട്ടുള്ള പ്രസ്തുത കരാറിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള ഗവൺമെന്റ്, കിഫ്ബി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും കക്ഷികളാണ്. ട്രാൻസ് ഗ്രിഡ് പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിനായാണ് പ്രസ്തുത കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(ബി) കരാർ പാലിക്കുന്നതിനുള്ള കടമ കരാറിലുൾപ്പെട്ടിട്ടുള്ള എല്ലാ കക്ഷികൾക്കുമുണ്ട്. അതുപോലെ തന്നെ കരാർ ലംഘനമുണ്ടായാൽ ചൂണ്ടിക്കാണിക്കുന്നതിനുള്ള ഉത്തരവാദിത്വവും എല്ലാ കക്ഷികൾക്കുമുണ്ട്.

(സി) സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമായ ഉത്തരവുകൾക്കനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് ബാധകമായ എല്ലാ സർക്കാർ വ്യവസ്ഥകളും പാലിച്ചുതന്നെയാണ് കെ.എസ്.ഇ.ബി.എൽ. കരാറുകൾ നൽകിയിട്ടുള്ളത്.

**ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം**

216 (4252) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലെ ജലവൈദ്യുത പദ്ധതികളിൽനിന്ന് നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് ആകെ ഉപഭോഗത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ ആകെ ഉത്പാദനശേഷി 2124.91 മെഗാവാട്ട് ആണ്. വെള്ളത്തിന്റെ ലഭ്യത, വൈദ്യുതിയുടെ ഉപഭോഗം എന്നിവ അനുസരിച്ച് ഉത്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

(ബി) 2018-19 കാലയളവിലെ കണക്കനുസരിച്ച് ആകെ വൈദ്യുതി ഉപഭോഗത്തിന്റെ 30.78% ആണ് സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ ആകെ ഉത്പാദനശേഷി.

## മലപ്പുറം-നിലമ്പൂർ പ്രസരണ ലൈൻ

217 (4253) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം - നിലമ്പൂർ പ്രസരണ ലൈൻ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ ലൈൻ എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം-നിലമ്പൂർ 66 കെ.വി. ലൈൻ (38 കി.മീ.) ശേഷി വർദ്ധിപ്പിച്ച് 110 കെ.വി. ആക്കുന്നതിന്റെ ജോലികൾ പുരോഗമിക്കുന്നുണ്ട്. ഇതിൽ മലപ്പുറം മുതൽ മഞ്ചേരി വരെ (ലൊക്കേഷൻ 1 മുതൽ 38 എ) ലൈനിന്റെ പ്രവൃത്തി 2017-ൽ പൂർത്തീകരിച്ച് ചാർജ് ചെയ്തിട്ടുണ്ട്. മഞ്ചേരി മുതൽ ഇളങ്കൂർ സബ്സ്റ്റേഷൻ വരെയുള്ള (ലൊക്കേഷൻ 38 മുതൽ 41) ഭാഗങ്ങളിൽ ടവർ സ്ഥാപിക്കുന്ന ജോലി പൂർണ്ണമായിട്ടുണ്ട് (1.7 കി.മീ.). ഈ ഭാഗങ്ങളിൽ കമ്പികൾ വലിക്കുന്ന ജോലികളും ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്. ഇളങ്കൂർ മുതൽ നിലമ്പൂർ ബൈപ്പാസ് (ലൊക്കേഷൻ 42 മുതൽ 93) വരെയുള്ള ഭാഗങ്ങളിൽ (17.1 കി.മി.) ടവർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിലമ്പൂർ ബൈപ്പാസ് മുതൽ നിലമ്പൂർ സബ്സ്റ്റേഷൻ വരെ ലൊക്കേഷൻ 93 മുതൽ 114 വരെയുള്ള (5.2 കി.മീ.) ഭാഗങ്ങളിൽ പി.ഡബ്ല്യു.ഡി. പുതിയ ബൈപ്പാസ് റോഡ് (നിലമ്പൂർ) നിർമ്മിക്കുന്നതിനായി ടവറുകൾ മാറ്റി മോണോപോൾ സ്ഥാപിച്ച് ലൈൻ വലിക്കേണ്ടതുണ്ട്. ഇതിനായി ചെലവ് വരുന്ന തുക അടയ്ക്കാൻ ആവശ്യപ്പെട്ട് റോഡ് വിഭാഗത്തിന് അറിയിപ്പ് കൊടുത്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റോഡ് വിഭാഗം തുക അടയ്ക്കുന്ന മുറയ്ക്ക് ഈ ഭാഗത്തെ ജോലികൾ തുടങ്ങാനാകും.

(ബി) ഈ പ്രവൃത്തി 2019-20 കാലയളവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തിയിലുണ്ടായ ഭേദപ്പെടുത്തലുകൾക്കുള്ള അധിക തുക അടയ്ക്കുന്നതിനായി 3-4-2019-ന് പി.ഡബ്ല്യു.ഡി. അധികൃതർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതുവരെ തുക അടച്ചിട്ടില്ല. പ്രസ്തുത തുക അടയ്ക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. അതിനുശേഷം ഏകദേശം ഒരു വർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തേവരയിൽ റോഡിലെ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

218 (4254) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന മൂന്ന് ട്രാസ്ഫോർമറുകൾമൂലം നേരിടുന്ന അപകടങ്ങളും ഗതാഗത പ്രശ്നങ്ങളും കണക്കിലെടുത്ത് പ്രസ്തുത ട്രാൻസ്ഫോർമറുകൾ ഇവിടെ നിന്നും മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ജല അതോറിറ്റിയുടെ വക സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത അപേക്ഷയിൽ ജല അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്ത് സ്ഥിതിചെയ്യുന്ന രണ്ട് ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി-ഡി) ഇപ്പോൾ ട്രാൻസ്ഫോർമറുകൾ സ്ഥിതി ചെയ്യുന്നതിന് പിറകിലായുള്ള KWA-യുടെ സ്ഥലത്തേയ്ക്ക് ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുവാൻ പ്രസ്തുത സ്ഥലം വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് KWA-യുടെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എറണാകുളം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 19-8-2019-ന് കത്ത് നൽകിയിട്ടുണ്ട്. അപേക്ഷയിന്മേൽ ജല അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല.

## ജലവൈദ്യുത പദ്ധതികളുടെ നവീകരണം

219 (4255) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളിൽനിന്ന് എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് പരമാവധി ഉൽപ്പാദിപ്പിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) മഹാപ്രളയം മൂലം സംസ്ഥാനത്തെ എത്ര ജല വൈദ്യുത പദ്ധതികൾക്കാണ് കേടുപാടുകൾ വന്നത്; ഇവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ എത്ര രൂപയാണ് ഓരോ പദ്ധതിക്കും ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇനി ഏതെങ്കിലും പദ്ധതിയുടെ പണി പൂർത്തിയാക്കാൻ ഉണ്ടോ; ഉണ്ടെങ്കിൽ കാലതാമസം നേരിട്ടതിന് കാരണം വ്യക്തമാക്കാമോ;

(ഡി) പണികൾ പൂർത്തിയാക്കി പദ്ധതികൾ എന്ന് പ്രവർത്തിപ്പിക്കാനാകും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ ആകെ ഉല്പാദനശേഷി 2124.91 MW ആണ്. 2018-19 കാലയളവിലെ കണക്കനുസരിച്ച് 7682.31 MU വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. (വെള്ളത്തിന്റെ ലഭ്യത, വൈദ്യുതിയുടെ ഉപഭോഗം എന്നിവ അനുസരിച്ച് ഉത്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.)

(ബി) 2018-ൽ ഉണ്ടായ മഹാപ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായതായി കണക്കാക്കുന്നു. ഇവയുടെ അറ്റകുറ്റപ്പണികൾക്കായി ഇതുവരെ 547.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമനമ്പർ | നിലയം | ശേഷി (MW) | പ്രളയാനന്തര നവീകരണങ്ങൾക്കായി ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 2018-19 | | | |
| 1 | 2 | 3 | 4 |
| 1 | ലോവർ പെരിയാർ | 180 | 20.56 |
| 2 | ഇടമലയാർ | 75 | 3.06 |
| 3 | ശബരിഗിരി | 340 | 4.03200 |
| 4 | റാന്നി പെരിനാട് | 4 | 92.54183 |
| 5 | പന്നിയാർ | 32.40 | 115.38643 |
| 6 | മാട്ടുപ്പെട്ടി | 2 | 22.32093 |
| 7 | വെള്ളത്തൂവൽ | 3.6 | 14.68485 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | നേര്യമംഗലം | 52.65 | 2.69676 |
| 9 | പെരിങ്ങൽക്കുത്ത് | 36 | 186.20611 |
| 10 | ആഡ്യൻപാറ | 3.5 | 6.47717 |
| 11 | ഉറുമി I | 3.75 | 10 |
| 12 | ഉറുമി II | 2.4 | |
| 13 | പൂഴിത്തോട് | 4.8 | 10 |
| 14 | കക്കയം | 225 | 6.67585 |
| 15 | ചെമ്പുകടവ് I | 2.7 | 52.67491 |
| 16 | ചെമ്പുകടവ് II | 3.75 | |
| | ആകെ | 971.55 | 547.32 |

ഇ.എം.സി. വഴി/ഇ.എം.സി.-യുടെ ഇടപെടലിൽക്കൂടി നടപ്പിലാക്കിയ പദ്ധതികളിൽ മഹാപ്രളയംമൂലം കേട്ടുപാടുകൾ വന്ന പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഇരുട്ടുകാനം | - | 4.5 MW |
| പാതംകയം | - | 8 MW |
| കാരിക്കയം | - | 15 MW |
| അള്ളുങ്കൽ | - | 7 MW |
| കല്ലാർ | - | 50 KW |
| ദേവിയാർ | - | 50 KW |

കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ്. ദേവിയാർ മൈക്രോ ജലവൈദ്യുത പദ്ധതി own land category-യിൽപ്പെട്ടതും മറ്റ് എല്ലാ പദ്ധതികളും സ്വകാര്യ സംരംഭകർക്ക് ബൂട്ട് അടിസ്ഥാനത്തിൽ നൽകിയ പദ്ധതികളുമാണ്.

മഹാപ്രളയംമൂലം വിവിധ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുവാൻ ഭൂരിഭാഗം പദ്ധതികളും സ്വകാര്യ സംരംഭകരുടേതായതിനാൽ സർക്കാരിന് നേരിട്ട് ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല. ആ പദ്ധതികളുടെ നാശനഷ്ട ചെലവുകൾ സ്വകാര്യ സംരംഭകരാണ് വഹിച്ചത്. ഇടുക്കി ജില്ലാ പഞ്ചായത്ത്

നടപ്പിലാക്കിയ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി പുനരാരംഭിക്കുവാനുള്ള പ്രാരംഭ ഘട്ടത്തിലാണ്. ഒരു കോടി രൂപ വരെ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി&ഡി) വെള്ളത്തൂവൽ ചെറുകിട വൈദ്യുത പദ്ധതി പണി പൂർത്തിയാക്കാനുണ്ട്. പ്രളയംമൂലം ഡാമിൽ നിറഞ്ഞിരിക്കുന്ന മണ്ണ് നീക്കം ചെയ്യുന്ന ജോലി പ്രതികൂല കാലാവസ്ഥമൂലം തടസ്സം നേരിടുന്നതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ജോലി പൂർത്തീകരിച്ച് 31.05.2020-ന് മുൻപ് പവർ ഹൗസ് പ്രവർത്തനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ഇ.എം.സി. മുഖേന നടപ്പിലാക്കുന്ന കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതിയുടെ പണികൾ ആരംഭിക്കാനുണ്ട്. ഫണ്ട് തയ്യാറാക്കുന്ന മുറയ്ക്ക് പുനർ നിർമ്മാണത്തിനുള്ള നടപടികൾ ഇടുക്കി ജില്ലാ പഞ്ചായത്ത് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഫണ്ട് ലഭിക്കുന്നപക്ഷം 2020 നവംബറോടുകൂടി ടർബൈൻ പുനഃസ്ഥാപിക്കാവാൻ ഇടുക്കി ജില്ലാ പഞ്ചായത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സബ്സിഡി

220 (4256) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംസ്ഥാനത്തിന് എത്ര മാത്രം ഗുണകരമാണെന്ന് വിശദമാക്കുമോ;

(സി) കേന്ദ്രസഹായം പ്രയോജനപ്പെടുത്തി പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിൽ പുറത്തുനിന്നു വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ഒരു വർഷം എന്ത് തുകയാണ് ചെലവഴിക്കുന്നത്;

(ഇ) പുതിയ അണക്കെട്ടുകൾ നിർമ്മിക്കാതെ നിലവിലുള്ള പവർ ഹൗസുകളിൽ കൂടുതൽ ജനറേറ്ററുകൾ സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര അധിക വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഒരു മെഗാവാട്ടിന് 3.5 കോടി രൂപവച്ച് പരമാവധി 20 കോടി രൂപയോ, ആകെ നിർമ്മാണ തുകയുടെ 90% തുകയോ, ഇതിൽ കുറഞ്ഞത് ഏതോ, ആ തുക Ministry of New & Renewable Energy (MNRE) ഗ്രാൻഡ് ആയി ലഭിക്കും.

(ബി) പാരിസ്ഥിതികാഘാതങ്ങൾ കുറച്ചുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ മുഖേന ലാഭകരമായി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഇത്തരം സാമ്പത്തിക സഹായം പ്രേരകമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2018-19-ലെ കണക്ക് പ്രകാരം പുറത്തുനിന്നും വൈദ്യുതി വാങ്ങിയതിന് 7,869 കോടി രൂപയാണ് ചെലവാക്കിയത്.

(ഇ) പരിശോധിച്ചുവരുന്നു. വ്യക്തമായി കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

## സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം

221 (4257) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന കുറവുമൂലം അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ് ഷെഡിംഗോ ഏർപ്പെടുത്തേണ്ടിവരുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പവർ കട്ട് ഏർപ്പെടുത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിലെ ഉത്പാദനത്തിനു പുറമെ, കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകളിലൂടെ സംസ്ഥാനത്തിന് പുറത്തുനിന്നും സംസ്ഥാനത്തെ സ്വതന്ത്ര ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തെ ഉപഭോഗം നിറവേറ്റുന്നത്. സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളുടെ ജലസംഭരണശേഷി 6-11-2019-ലെ കണക്കുകൾ പ്രകാരം 79 ശതമാനമാണ്. ഇവയുടെ ഉത്പാദനം ക്രമീകരിച്ചിട്ടാണ് വേനൽക്കാലത്തെ ഉപഭോഗം നിറവേറ്റുന്നത്.

ഇവ കൂടാതെ ബാങ്കിംഗ് സംവിധാനത്തിലൂടെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി എത്തിച്ചും ഹ്രസ്വകാല അടിസ്ഥാനത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ വിളിച്ചും ന്യായമായ നിരക്കിൽ വൈദ്യുതി വാങ്ങി ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനവ് നിറവേറ്റാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഇതിനു പുറമെയുള്ള ദൈനംദിനാവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ച് മുഖേന വാങ്ങിയും വർദ്ധിച്ച ഉപഭോഗം നിറവേറ്റാമെന്ന് പ്രതീക്ഷിക്കുന്നു. അതിനാൽ അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ടിവരില്ലെന്ന് പ്രതീക്ഷിക്കുന്നു.

**ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ**

222 (4258) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിച്ചതും പകരം സ്ഥാപിച്ചതും ഏതെല്ലാം പ്രദേശത്താണെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ ഇനി ഏതെല്ലാം സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രദേശങ്ങളിലായി 30 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കുകയും 5 ട്രാൻസ്ഫോർമറുകൾ ശേഷി കൂട്ടുകയും ചെയ്തിട്ടുണ്ട്.

പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലം |
|---|---|
| 1 | 2 |
| 1 | മതിക്കുന്ന് ടെമ്പിൾ റോഡ് |
| 2 | കല്ലംകുന്ന് |
| 3 | ഇളംതുരുത്തി |

| 1 | 2 |
|---|---|
| 4 | അമ്പിളിക്കുന്ന് |
| 5 | ഫ്രഞ്ച് ഡയറി ഐസ് ക്രീം |
| 6 | തോട്ടപ്പടി |
| 7 | അഞ്ചേരി പോസ്റ്റോഫീസ് |
| 8 | വൃന്ദാവൻ റോഡ് |
| 9 | തിരുപാട് |
| 10 | സൈലന്റ് വാലി |
| 11 | കണ്ടോളി ടെമ്പിൾ |
| 12 | മാധവപുരം |
| 13 | ഇമ്മട്ടിപറമ്പ് |
| 14 | ചൂലിപ്പാടം |
| 15 | പൂവൻചിറ |
| 16 | ചന്തുവരൻ |
| 17 | കുറ്റിക്കാട് NBPGR |
| 18 | പടവരാട് |
| 19 | നിലയാറ്റിങ്കൽ |
| 20 | ഡി ടൈൽ |
| 21 | ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - 4 എണ്ണം |
| 22 | കമ്പനിപ്പടി |
| 23 | താമരമൂല |
| 24 | മടവക്കര ക്ലബ് |
| 25 | വള്ളിശ്ശേരി |
| 26 | കെ.എസ്.ഇ.ബി. ഓഫീസ് |
| 27 | കോൺഫിഡന്റ് എലൈറ്റ് |

ശേഷി കൂട്ടിയ ട്രാൻസ്ഫോർമറുകൾ

| ക്രമനമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലം |
|---|---|
| 1 | ടെൻസ് മണ്ണുത്തി |
| 2 | വട്ടക്കല്ല് |
| 3 | ആൽപ്പാറ |
| 4 | ചുലിപ്പാടം |
| 5 | പൂവൻചിറ |

(സി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം |
|---|---|
| 1 | 2 |
| 1 | മക്കാട്ടിച്ചാൽ ബാങ്ക് ജംഗ്ഷൻ |
| 2 | ഗാന്ധിഗ്രാം |
| 3 | സെന്റ് ജോസഫ് സ്ട്രീറ്റ് |
| 4 | അഞ്ചേരി |
| 5 | മേലെച്ചിറ |
| 6 | മരക്കൽ |
| 7 | നെല്ലങ്കര |
| 8 | മണ്ണുത്തി സെന്റർ |
| 9 | വെട്ടിക്കൽ |
| 10 | തോട്ടപ്പടി |
| 11 | പട്ടാളക്കുന്ന് |

| 1 | 2 |
|---|---|
| 12 | ഒല്ലൂക്കര |
| 13 | തോട്ടപ്പടി |
| 14 | അമൃതപുരി |
| 15 | കുഞ്ഞനംപ്പാറ |
| 16 | പുഴംപ്പള്ളം |
| 17 | പാലിയേക്കര |
| 18 | വിളക്കുംക്കാൽ |
| 19 | ലാൽ പ്രെസ് |
| 20 | ചക്കൻകുളങ്ങര |
| 21 | എസ്.എൻ.ഡി.പി. |
| 22 | എം.ജി. മോട്ടോർ |
| 23 | അഭാ ക്രിസ്റ്റഫർ |

## മങ്കട മണ്ഡലത്തിൽ സ്ട്രീറ്റ് മെയിനുകൾ വലിക്കുന്ന അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ

223 (4259) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ക്ക് അപേക്ഷകൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ നൽകിയ അപേക്ഷകൾ പ്രകാരം സ്ട്രീറ്റ് മെയിനുകൾ വലിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട്, മക്കരപ്പറമ്പ, മങ്കട, കുറുവ, കൂട്ടിലങ്ങാടി, അങ്ങാടിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ മങ്കട, അങ്ങാടിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനു വേണ്ടി അടച്ച തുകയ്ക്കുള്ള പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തികരിക്കുകയും മൂർക്കനാട്, മക്കരപ്പറമ്പ, കുറുവ, കൂട്ടിലങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകൾ അടച്ച തുകയ്ക്കുള്ള പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. സ്ട്രീറ്റ് മെയിൻ വലിക്കുന്ന പ്രവൃത്തികളുടെ പുരോഗതി താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | അടച്ച തുക | സ്ട്രീറ്റ് മെയിനിന്റെ ദൂരം (കി.മീ.) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൂർക്കനാട് | 10,00,000 | 19 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 2 | മക്കരപറമ്പ് | 14,51,518 | 11 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 3 | കുറുവ | 7,50,000 | 7.5 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 4 | കൂട്ടിലങ്ങാടി | 13,92,582 | 17.4 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| | | 17,05,572 | 13.5 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 5 | മങ്കട | 8,15,959 | 7.4 | പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | അങ്ങാടിപ്പുറം | 20,00,000 | 20 | പൂർത്തീകരിച്ചിട്ടുണ്ട് |

പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

224 (4260) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമാക്കുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി വിവിധ വകുപ്പുകൾ മുഖാന്തരം ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമാക്കുന്നതിനായി 1,36,89,985 രൂപ ചെലവഴിച്ചു.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|
| 1 | ഡി.ഡി.യു.ജി.ജെ.വൈ പദ്ധതി (DDUGJY) | 47,93,079 |
| 2 | എം.എൽ.എ.എ.ഡി.എസ്. ഫണ്ട് (MLA ADS) | 26,00,000 |
| 3 | തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട് (LSGD) | 14,13,350 |
| 4 | പട്ടികജാതി വകുപ്പ് (SC) | 23,48,588 |
| 5 | പട്ടികവർഗ്ഗ വകുപ്പ് (ST) | 1700 |
| 6 | ബോർഡിന്റെ തനത് ഫണ്ട് | 25,33,268 |
| മൊത്തം | | 1,36,89,985 |

**കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ വൈദ്യുതി വിതരണം**

225 (4261) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട്ടെ വ്യവസായ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന വൈദ്യുതി പ്രതിസന്ധികളും തുടർച്ചയായി ഉണ്ടാകുന്ന വൈദ്യുതി വിതരണ തടസ്സങ്ങളും കാരണം വ്യവസായ യൂണിറ്റുകൾ സാമ്പത്തിക നഷ്ടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അഡീഷണൽ സബ് സ്റ്റേഷൻ, അണ്ടർ ഗ്രൗണ്ട് കേബിളിംഗ് എന്നിവ ആരംഭിക്കുന്ന കാര്യത്തിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കഞ്ചിക്കോട്ടെ ഇൻഡസ്ട്രിയൽ ഫോറവുമായി നടത്തിയ മീറ്റിംഗിൽ പാലക്കാട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിലുള്ള പാലക്കാട് റബ്ബർ എന്ന സ്ഥാപനത്തിന്റെ പരിസര പ്രദേശങ്ങളിൽ ആവശ്യപ്പെടുന്ന ലോഡ് നൽകാൻ നിലവിലുള്ള സാഹചര്യംവച്ച് ബുദ്ധിമുട്ടുള്ളതിനാൽ പ്രസ്തുത പ്രദേശത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ പണിയണമെന്ന് നിർദ്ദേശം വന്നിരുന്നു. ഇതിനായി ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിനെ സമീപിച്ചുവെങ്കിലും ലാന്റ് നൽകാൻ സമ്മതം അറിയിക്കാത്തതുകൊണ്ട് ഈ പദ്ധതിയുടെ പ്രൊപ്പോസൽ ബോർഡിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ നിലവിലുള്ള 22 കെ.വി. ലൈനുകളുടെ പ്രസരണ തടസ്സങ്ങൾ ഒഴിവാക്കാൻ കിൻഫ്രയുടെ സ്ഥലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ കൂടി പണിയണമെന്ന നിർദ്ദേശവും പരിഗണനയിലുണ്ട്. ഈ പ്രൊപ്പോസലുകൾ എല്ലാം ഉൾക്കൊള്ളിച്ച് ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## തൃശ്ശൂർ ജില്ലയിലെ സൗര പദ്ധതി

226 (4262) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരപദ്ധതിയുടെ ഭാഗമാകുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്നും നിലവിൽ എത്ര അപേക്ഷകൾ കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അർഹരായ ഗുണഭോക്താക്കൾക്കായി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 'സൗര' പദ്ധതിയുടെ ഭാഗമാകുന്നതിന് തൃശ്ശൂർ ജില്ലയിൽനിന്നും 40,163 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത അപേക്ഷകരിൽനിന്നും സാങ്കേതിക പഠനത്തിനു ശേഷം തെരഞ്ഞെടുത്ത അർഹരായ ഗുണഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതാണ്. അതിനായുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2020 ജനുവരി മാസം മുതൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാനാവുമെന്നാണ് കരുതുന്നത്.

## വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി

227 (4263) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ ഓഫീസുകൾ, സ്വകാര്യ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. 5.7 മെഗാവാട്ടും ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. 9.5 മെഗാവാട്ടും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1.12 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയും 3.1 മെഗാവാട്ടിന്റെ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതിയും കെ.എസ്.ഇ.ബി.എൽ. ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഓഫീസുകളിലെ മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 8 കളക്ടറേറ്റുകളിലെ മേൽക്കൂരകളിൽ 380 KWP ശേഷിയുള്ള സൗരോർജ്ജ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആകെ 4.45 മെഗാവാട്ടിന്റെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സൗരോർജ്ജ വൈദ്യുതി

228 (4264) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതിയുടെ ഉല്പാദനം കൂട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതിയുടെ ഉത്പാദനം കൂട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. 5.7 മെഗാവാട്ടും ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി പ്രകാരം 9.5 മെഗാവാട്ടും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1.12 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയും 3.1 മെഗാവാട്ടിന്റെ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതിയും കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഭാഗഭാക്കാകാൻ താൽപ്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കൾ ആദ്യഘട്ടത്തിൽതന്നെ തത്പരരായി മുന്നോട്ടുവരികയും ഇവരിൽനിന്ന് തെരഞ്ഞെടുത്ത 42,000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽനിന്നായി 200 MW ആദ്യഘട്ടത്തിൽ കൂട്ടി ച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 MW വൈദ്യുതി വാങ്ങാനും കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ പദ്ധതികളിൽ നിന്ന് 200 MW വൈദ്യുതി റിവേഴ്സ് ബിഡിംഗ്ഗിലൂടെ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു.

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഓഫീസുകളിലെ മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 8 കളക്ടറേറ്റുകളിലെ മേൽക്കൂരകളിൽ 380 KWP ശേഷിയുള്ള സൗരോർജ്ജ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആകെ 4.45 മെഗാവാട്ടിന്റെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

അനെർട്ട്

സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതിയുടെ ഉത്പാദനം കൂട്ടുന്നതിനായി അനെർട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

(1) ഊർജ്ജ കേരള മിഷൻ :

പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ - സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) പൊതുസ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു :

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കാനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ഏറ്റെടുത്ത് നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അനെർട്ട് ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(3) സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ :

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി

ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് ഒരു കിലോവാട്ട് മുതൽ 3 കിലോവാട്ട് വരെയും സ്ഥാപനങ്ങൾക്ക് ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ഒരു കിലോവാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

## അനെർട്ടിന്റെ പ്രവർത്തന വിപുലീകരണം

229 (4265) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനർട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത വിപുലീകരണം വഴി സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ട്.

1. അക്ഷയ ഊർജ്ജ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് അനെർട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്ഥാപനത്തിന്റെ ഘടനയും സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. അക്ഷയ ഊർജ്ജ വ്യാപനത്തിനും അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വ്യാപകമായ ഉപയോഗത്തിനുംവേണ്ടി അനെർട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

3. അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി ആവശ്യക്കാർക്ക് അത് ലഭ്യമാക്കുന്നതിനുവേണ്ടി www.buymysun.com എന്ന ഇ-മാർക്കറ്റ് പ്ലേസ് ഏർപ്പെടുത്തി.

4. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിനും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചു.

5. അക്ഷയ ഊർജ്ജ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനുമായി സംസ്ഥാനതല അക്ഷയ ഊർജ്ജ അവാർഡുകൾ 2017 മുതൽ അനെർട്ട് മുഖേന സർക്കാർ നൽകിവരുന്നു.

6. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 MW ഹൈബ്രിഡ് പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിവരുന്നു.

7. കോഴിക്കോട് പേരാമ്പ്രയിലെ സുഭിക്ഷ നാളികേര ഉല്പാദക സഹകരണ സംഘത്തിൽ അനെർട്ട് സ്ഥാപിച്ച 'സൗരോർജ്ജ ശീതീകരണി', സൗരോർജ്ജം ഉപയോഗപ്പെടുത്തി കാർഷിക ഉത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കാർഷിക മേഖലയ്ക്കുള്ള മാതൃകാ പദ്ധതിയാണ്.

8. പരമ്പരാഗത കയർ മേഖലയുടെ യന്ത്രവത്കരണത്തിന്റെ ഭാഗമായി വൈക്കം താലൂക്കിലെ രണ്ട് കയർ സൊസൈറ്റികളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് കയർ റാട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് അനെർട്ട് സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു.

9. സംസ്ഥാനത്ത് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും മാതൃകാ പദ്ധതിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അനെർട്ട് പൂർത്തിയാക്കിവരുന്നു.

(ബി) അനെർട്ടിന്റെ www.buymysun.com എന്ന ഇ-മാർക്കറ്റ് പ്ലേസിലൂടെ ഇതുവരെ 33 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 6.4 MW പുരപ്പുറ സൗരോർജ്ജ നിലയങ്ങളും (Rooftop Solar Power Plant) ഉൾപ്പെടുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പുരപ്പുറ സൗരോർജ്ജ രംഗത്ത് ആകെ 20 MW അധികശേഷി കൈവരിക്കാൻ അനെർട്ടിന് സാധിച്ചിട്ടുണ്ട്. 2017 മുതൽ സർക്കാർ നൽകിവരുന്ന അക്ഷയ ഊർജ്ജ അവാർഡുകൾ ഈ മേഖലയുടെ വികസനത്തിന് വലിയ പ്രോത്സാഹനം നൽകുന്നുണ്ട്.

## കെട്ടിടങ്ങളിൽ സോളാർ പവർപ്ലാന്റ്

230 (4266) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി സർക്കാർ പ്രോത്സാഹിപ്പിച്ചുവരികയാണ്.

(ബി) വൈദ്യുതി ഉത്പാദനത്തിന് അക്ഷയ സ്രോതസ്സുകളെ ആശ്രയിക്കുന്നതിന്റെ ഭാഗമായി അന്തരീക്ഷത്തിലേക്കുള്ള കാർബൺ ബഹിർഗമനം കുറയുന്നു. ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നു. പ്രസരണനഷ്ടം കുറയ്ക്കാൻ സഹായിക്കുന്നു, ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തുക കുറയാൻ കാരണമാകുന്നു എന്നിവയാണ് പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ. പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനായി സർക്കാർ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവ ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്. പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന സൗര പദ്ധതി കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

ഇതുകൂടാതെ മറ്റ് വൈദ്യുത ഉത്പാദന രീതികളെ അപേക്ഷിച്ച് സോളാർ പവർ പ്ലാന്റ് ഉപയോഗിച്ചുള്ള വൈദ്യുത ഉത്പാദനം കാരണം അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും ഉണ്ടാകുന്നില്ല, ഗ്രിഡ് കണക്ടഡ് സൗര നിലയം സ്ഥാപിക്കുന്നതുകൊണ്ട് ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകി അധിക വരുമാനം നേടാം, സൗര നിലയം സ്ഥാപിക്കുന്നതുകൊണ്ട് തൊഴിൽ സൃഷ്ടിക്കപ്പെടുന്നു, അധികമായി ഉത്പാദിപ്പിക്കുന്ന സൗര വൈദ്യുതി ബാറ്ററിയുടെ സഹായത്താൽ സംഭരിച്ച് വയ്ക്കുന്നതിന് സാധിക്കും എന്നീ നേട്ടങ്ങളുമുണ്ട്.

സർക്കർ സഹായങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ബാറ്ററി സംഭരണത്തോടുകൂടിയ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റും ബാറ്ററി സംഭരണത്തോടുകൂടി അല്ലാതെ ഉപയോഗശേഷമുള്ള സോളാർ വൈദ്യുതി കെ.എസ.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്ന ഓൺ ഗ്രിഡ് സോളാർ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ്ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അനെർട്ട്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ചുമതല പ്പെടുത്തിയിട്ടുള്ളത്.

## വൈദ്യുതി മോഷണം തടഞ്ഞ് ബോർഡിന്റെ നഷ്ടം കുറയ്ക്കാൻ നടപടി

231 (4267) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര വൻകിട, ചെറുകിട വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര രൂപ ഫൈൻ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) വൈദ്യുതി മോഷണം തടയാനും അതിലൂടെ ബോർഡിന്റെ നഷ്ടം കുറയ്ക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 804 വൈദ്യുത മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 6,30,53,449 രൂപ ഫൈൻ ലഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി മോഷണം തടയുന്നതിനായി ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ

എ.പി.റ്റി.എസ്. മൂന്ന് മേഖലകളിലായി (സൗത്ത്, സെൻട്രൽ, നോർത്ത്) എക്സിക്യൂട്ടിവ് എഞ്ചിനീയർമാരുടെ കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല സ്ക്വാഡുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഉദ്യോഗസ്ഥർ അവർക്ക് ലഭ്യമാകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അല്ലാതെയും നിർദ്ദിഷ്ട സ്ഥലങ്ങളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തി മോഷണം കണ്ടുപിടിക്കുന്നു. കൂടാതെ എല്ലാ മാസവും ചീഫ് വിജിലൻസ് ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രത്യേക ഗ്രൂപ്പുകളായി മറ്റ് ജില്ലകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും മീറ്റർ റീഡർമാർക്ക് വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള അവബോധ ക്ലാസ്സുകൾ ചീഫ് വിജിലൻസ് ഓഫീസറുടെ സാന്നിധ്യത്തിൽ നടത്തുകയും നല്ല പ്രവർത്തനം കാഴ്ചവച്ച മീറ്റർ റീഡർമാർക്കും ജീവനക്കാർക്കും പ്രോത്സാഹനം നൽകുകയുംചെയ്യുന്നു. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസുകളുടെ ടെലഫോൺ നമ്പറുകൾ സെക്ഷൻ ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട ഓഫീസുകളുടെ നമ്പരുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്. വൈദ്യുതി മോഷണം അറിയിക്കുന്ന സാധാരണ ജനങ്ങൾക്ക് അവരുടെ പേര് വെളിപ്പെടുത്താതെതന്നെ പാരിതോഷികം നൽകുകയും ചെയ്യുന്നുണ്ട്.

## ഇ-സേഫ് പദ്ധതി

232 (4268) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വിഭാഗവുമായി ചേർന്ന് ആവിഷ്ക്കരിച്ച ഇ-സേഫ് പദ്ധതിയുടെ വിശദവിവരം നൽകാമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഫീൽഡ് വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഡ്യൂട്ടിക്കിടെ അപകടമരണം സംഭവിക്കുന്ന ജീവനക്കാരുടെ ബന്ധുക്കൾക്ക് എന്ത് തുകയാണ് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്നതിന് പൊതുജനങ്ങളുടെ ഇടയിൽ സുരക്ഷിതമായി വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള വിപുലമായ പ്രചാരണം സംഘടിപ്പിക്കുകയാണ് ഇ-സേഫ് പദ്ധതിയുടെ ലക്ഷ്യം. വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലെയും ഗാർഹിക മേഖലയിലേയും വൈദ്യുത അപകടം ഒഴിവാക്കുന്നതിനായി ലൈൻ നവീകരണം, ഉപകരണങ്ങളുടെ Quality check, സേഫ്റ്റി ഓഡിറ്റ്, ഡിജിറ്റൽ സുരക്ഷാ സേഫ് കരിയർ, സേഫ്റ്റി ട്രെയിനിംഗ്, സേഫ്റ്റി മോണിറ്ററിംഗ് തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി)

1. എല്ലാ ലൈൻമാൻമാർക്കും സേഫ്റ്റി കിറ്റ്

വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗോടുകൂടി ഉപയോഗിക്കുന്നതിനായി നൽകുന്ന പദ്ധതിയാണിത്. ഇതുപ്രകാരം എല്ലാ സെക്ഷനുകളിലെയും ലൈൻമാൻമാർക്ക് സേഫ്റ്റി കിറ്റ് വിതരണം പൂർത്തിയായിട്ടുണ്ട്.

2. കരാർ ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകുന്ന പദ്ധതി

കേരളത്തിലെ എല്ലാ സെക്ഷനുകളിലും പണിയെടുക്കുന്ന പെറ്റി കരാർ ജീവനക്കാർക്ക് ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമറ്റ്, ഗ്ലൗസ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

3. പരിശീലന പ്രവർത്തനങ്ങൾ

ഡി.ഒ.ഫ്യൂസ് കെട്ടുന്നതിനും Equi potential bonding എന്നീ പ്രവൃത്തികൾ പൂർണ്ണ സുരക്ഷയിൽ ചെയ്യുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകി, ലൈൻ ഡയഗ്രം അടക്കമുള്ള procedure എല്ലാ സെക്ഷൻ ഓഫീസുകളിലും സ്ഥാപിച്ചു.

4. മേയ് ആദ്യ ആഴ്ച സുരക്ഷാ വാരമായി സ്ക്രോൾ ന്യൂസ് കാണിച്ചു. കൂടാതെ ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും 2019 മേയ് 1 മുതൽ 7 വരെ

"വൈദ്യുതി സുരക്ഷാ വാരാചരണം" ആചരിച്ചു. "സമ്പൂർണ്ണ സുരക്ഷാ വർഷം 2019" എന്ന ലോഗോ, "വൈദ്യുതി സുരക്ഷാ നടപടികൾ പാലിക്കു, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കു" എന്ന ബോർഡ് എല്ലാ ഓഫീസിലും സ്ഥാപിച്ചു.

5. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ ബോർഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകട മരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാർക്ക്/കരാർ തൊഴിലാളിക്ക് കെ.എസ്.ഇ.ബി.ലിമിറ്റഡ് കാലാകാല ങ്ങളിൽ പ്രത്യേക ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിനും ശവസംസ്കാര ചെലവിനായി 5,000 രൂപ ലഭിക്കുന്നതിനും പരേതരുടെ ആശ്രിതർക്ക് അർഹതയുണ്ട്.

## വൈദ്യുതി കമ്പി പൊട്ടിവീണുള്ള മരണങ്ങൾ

233 (4269) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കമ്പി പൊട്ടി വീണ് ഷോക്കേറ്റുള്ള ദാരുണ മരണങ്ങൾ പതിവായിട്ടും കെ.എസ്.ഇ.ബി. ഇത് അവഗണിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ കോട്ടയം ജില്ലയിൽ വൈദ്യുതി കമ്പി പൊട്ടി വീണ് രണ്ടു പേർ മരിച്ച സംഭവം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ വൈദ്യുതി നിയമം, 1956 അനുശാസിക്കുന്ന എല്ലാ സുരക്ഷാ നടപടികളും ആറ് മാസത്തിനകം സ്വീകരിക്കുമെന്ന് കെ.എസ്.ഇ.ബി. ഹൈക്കോടതിയിൽ ഉറപ്പു നൽകിയിട്ട് വർഷങ്ങളായി എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വൈദ്യുതി ലൈനിൽ ഷോർട്ട് സർക്യൂട്ട് ഉണ്ടായാൽ താനേ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന സർക്യൂട്ട് ബ്രേക്കർ സംവിധാനം ലോ ടെൻഷൻ വിതരണ ലൈനുകളിൽ ഏർപ്പെടുത്തുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുമോ; വ്യക്തമാക്കുമോ;

(ഇ) ലൈനുകളിൽ ഇൻസുലേഷൻ കമ്പികൾ ഉപയോഗിക്കുക, ഭൂഗർഭ കേബിളുകളിലേക്ക് മാറുക എന്നിവയാണ് ഇപ്പോഴത്തെ ആശങ്കകൾക്ക് പരിഹാരമെന്ന് കെ.എസ്.ഇ.ബി. കരുതുന്നുണ്ടോ; എങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വൈദ്യുതി കമ്പി പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ കെ.എസ്.ഇ.എൽ. ബോർഡ് ലിമിറ്റഡ് അവഗണിക്കുന്നില്ല. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ചുവടെ ചേർത്തിട്ടുള്ള നടപടികൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് കൈക്കൊണ്ടുവരുന്നു.

(1) ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു. (പ്രോജക്ട് മാനേജ്മെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. AAC/AAAC കമ്പികളുടെ വാങ്ങൽ 1998 മുതൽ കെ.എസ്.ഇ.ബോർഡ് മിലിറ്റഡ് നിർത്തിവച്ചു. പകരം പൊട്ടാൻ സാധ്യതയില്ലാത്ത ACSR കമ്പികൾ ഉപയോഗിച്ചുവരുന്നു.

(2) കമ്പികൾ കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും സ്പേസറുകൾ സ്ഥാപിക്കുന്നു.

(3) കമ്പി പൊട്ടിവീഴുന്നതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ പൊതു ജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് 9496010101 എന്ന നമ്പരിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പി പൊട്ടിയാൽ ഉടൻ അറിയിക്കുവാൻ 9496010101 എന്ന നമ്പറിൽ ബന്ധപ്പെടാനുള്ള നിർദ്ദേശം ഓരോ സെക്ഷൻ കാര്യാലയത്തിന്റെ കീഴിലുള്ള 1000 പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(4) കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റ് പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(6) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള കുടുംബശ്രീ യൂണിറ്റുകൾ വഴി ബോധവത്കരണ ക്യാമ്പയിന്റെ ഭാഗമായി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

(7) വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുത സുരക്ഷയെക്കുറിച്ച് ബോധവത്കരിക്കുന്നതിനുള്ള വിവിധ പരിപാടികൾ ഫീൽഡ് ഓഫീസുകൾ വഴി തുടർച്ചയായി നടത്തിവരുന്നു. പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴിയുള്ള ബോധവത്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൽ.റ്റി., എച്ച്.റ്റി. വിതരണ ലൈനുകളിൽ ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

(8) ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് 1912 എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റ് പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവത്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(9) കൂടാതെ എല്ലാ വർഷവും മേയ് ആദ്യവാരം വൈദ്യുതി സുരക്ഷാ വാരം ആചരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സുരക്ഷയെ മുൻനിർത്തി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എഫ്.എം. റേഡിയോ ചാനലുകളിലൂടെ

വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക, സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും പ്രത്യേകിച്ച് ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്ക്യൂട്ട് ബ്രെയ്ക്കറുകളെക്കുറിച്ച് അവബോധം നൽകുക.

(ബി) പരിശോധിച്ചിരുന്നു. 2019 ഒക്ടോബർ മാസം ഇരുപത്തൊന്നാം തീയതി കോട്ടയം ജില്ലയിലെ തലയാഴം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലും 2019 ഒക്ടോബർ മാസം പതിമൂന്നാം തീയതി കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലുമാണ് അപകടങ്ങളുണ്ടായത്.

ഈ രണ്ട് അപകടങ്ങൾക്കും ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ആവശ്യപ്പെട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പത്തനംതിട്ട, പ്രക്കാനംകുളങ്ങരയിൽ ശ്രീ. ബിജി കുളങ്ങര മാത്യു, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത പൊതുജന താൽപ്പര്യ ഹർജിയിൽ (OP No. 5812 of 2002 (S).) തീർപ്പുകൽപ്പിച്ച് 2006 ജൂൺ 2-ന് പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാനത്തെ ഇലക്ട്രിക് ലൈനുകളിലുണ്ടാകുന്ന ഷോർട്ട് സർക്യൂട്ട് ആറ് മാസത്തിനുള്ളിൽ പരിഹരിച്ചുകൊള്ളാമെന്നുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ ഉറപ്പ് രേഖപ്പെടുത്തുകയാണുണ്ടായത്. ഇന്ത്യൻ വൈദ്യുതി നിയമം 1956-ൽ, 74 മുതൽ 93 വരെയുള്ള സെക്ഷനുകളിലാണ് ഓവർഹെഡ് ലൈനുകളെക്കുറിച്ചും അവയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ഉപയോഗിക്കുന്ന സാധനങ്ങൾക്ക് ആവശ്യം വേണ്ടുന്ന ഗുണനിലവാരത്തെക്കുറിച്ചും ലൈനുകൾ നിർമ്മിക്കുമ്പോൾ പാലിക്കപ്പെടേണ്ട ക്ലിയറൻസ്, ജോയിന്റ്, ഗാർഡിംഗ്, എർത്തിംഗ് തുടങ്ങി സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത നിയമം പ്രാബല്യത്തിലില്ല. Central Electricity Authority (Measures relating to Safety and Electric Supply) Regulations, 2010 ആണ് സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(ഡി) ലോ ടെൻഷൻ വിതരണ ലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ലോ ടെൻഷൻ ലൈനുകളിൽ മറ്റ് സാങ്കേതിക വിദ്യ നിലവിലുണ്ടെങ്കിലും ഉപയോഗിക്കുന്നത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടേറിയതുമാണ്.

എന്നിരുന്നാലും ഇലക്ട്രിക്കൽ ഉപകരണ നിർമ്മാതാക്കളിൽനിന്നും ഇലക്ട്രിക്കൽ പ്രൊട്ടക്ഷൻ സിസ്റ്റം ആർക്കിടെക്ചറുകളിൽനിന്നും ഇന്നവേറ്റേഴ്സിൽനിന്നും മുതൽമുടക്ക് കുറഞ്ഞതും കൂടുതൽ ഫലപ്രാപ്തിയുള്ളതുമായ പരിഹാരം കണ്ടെത്തുവാൻ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ഇ) ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ഗാർഡിംഗ് നിർമ്മിക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 156.09 കോടി രൂപയുടെ 942.37 കി.മീ. HT എബിസി കണ്ടക്ടറും 240.95 കോടി രൂപയുടെ 2498 കി.മീ. LT എബിസി കണ്ടക്ടറും 242.29 കോടി രൂപയുടെ 1406.516 കി.മീ. ഭൂഗർഭ കേബിളുകളും 35.173 കോടി രൂപയുടെ 228.5 കി.മീ. കവേർഡ് കണ്ടക്ടറും സ്ഥാപിക്കാനും 291.255 കോടി രൂപയ്ക്ക് 1968.325 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എബിസി കണ്ടക്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**വൈദ്യുതി അപകടങ്ങൾ**

234 (4270) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടങ്ങൾ സമീപ കാലത്ത് കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ വർഷം എത്ര വൈദ്യുതി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; സംസ്ഥാനതല കണക്കുകൾ വിശദമാക്കാമോ;

(ഡി) ലൈൻ പൊട്ടി വീണാൽ വൈദ്യുതി ബന്ധം ആട്ടോമാറ്റിക്കായി ഓഫ് ആകുന്ന സംവിധാനം നടപ്പിലാക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സമീപകാലത്ത് തുടരെയുണ്ടായ കാലവർഷക്കെടുതി, പ്രകൃതിക്ഷോഭം, പ്രളയം തുടങ്ങിയവമൂലം കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുമ്പോഴും സൂക്ഷ്മതക്കുറവ്, അശ്രദ്ധ, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിലെ വിമുഖത എന്നിവമൂലവും വൈദ്യുതി ലൈനിൽനിന്നും അബദ്ധവശാൽ വൈദ്യുതാഘാതമേറ്റ് പൊതുജനങ്ങൾക്ക് സംഭവിച്ചിട്ടുള്ള അപകടങ്ങളിലും നേരിയ വർദ്ധനവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ:

1. AAC/AAAC കമ്പികളുടെ വാങ്ങൽ 1998 മുതൽ കെ.എസ്.ഇ.ബി.എൽ. നിർത്തിവച്ചു. പകരം പൊട്ടാൻ സാധ്യതയില്ലാത്ത ACSR കമ്പികൾ ഉപയോഗിച്ചുവരുന്നു. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു. (പ്രോജക്ട് മാനേജ്മെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനക്രമത്തിൽ AAC കണ്ടക്ടർ ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽപ്പോലും താഴോട്ട് വീഴാതിരിക്കാനും സ്പേസറുകൾ സ്ഥാപിക്കുന്നു.

3. കമ്പി പൊട്ടിയാൽ ഉടൻ അറിയിക്കാൻ 9496010101 എന്ന നമ്പറിൽ ബന്ധപ്പെടാനുള്ള നിർദ്ദേശം ഓരോ സെക്ഷൻ കാര്യാലയത്തിന്റെ കീഴിലുള്ള 1000 പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

4. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റ് പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

6. കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള കുടുംബശ്രീ യൂണിറ്റുകൾവഴി ബോധവത്കരണ കാമ്പെയിന്റെ ഭാഗമായി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

7. വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുതി സുരക്ഷയെക്കുറിച്ച് ബോധവത്കരിക്കുന്നതിനുള്ള വിവിധ പരിപാടികൾ ഫീൽഡ് ഓഫീസുകൾവഴി തുടർച്ചയായി നടത്തിവരുന്നു.

പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ കലാപരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രാവ്യ/പത്ര മാധ്യമങ്ങൾ വഴിയുള്ള ബോധവത്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

8. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏതു രാത്രിയും നേരിട്ട് അറിയിക്കുന്നതിന് 1912 എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റ് പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

9. കൂടാതെ എല്ലാ വർഷവും മേയ് ആദ്യവാരം വൈദ്യുതി സുരക്ഷാവാരം ആചരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സുരക്ഷയെ മുൻനിർത്തി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എഫ്.എം. റേഡിയോ ചാനലുകളിലൂടെ വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക, സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്കുമുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും പ്രത്യേകിച്ച് ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രെയ്ക്കറുകളെക്കുറിച്ച് അവബോധം നൽകുന്നുണ്ട്.

(സി) ഈ വർഷം ഉണ്ടായ (2019 ജനുവരി മുതൽ 2019 ഒക്ടോബർ വരെയുള്ള) വൈദ്യുതി അപകടങ്ങളുടെ സംസ്ഥാനതല വിശദാംശം :-

(a) വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽനിന്ന് 2019 ജനുവരി മുതൽ 2019 ഒക്ടോബർ വരെയുള്ള മാസങ്ങളിലെ പൊതുജനങ്ങൾക്കും മൃഗങ്ങൾക്കും ഉണ്ടായ അപകടങ്ങൾ

- പൊതുജനങ്ങൾക്കുണ്ടായ അപകടങ്ങൾ -

  മാരകം (Fatal)-57; മാരകമല്ലാത്തത് (Non Fatal)-60

- മൃഗങ്ങൾക്കുണ്ടായ അപകടങ്ങൾ-

  മാരകം (Fatal)-15; മാരകമല്ലാത്തത് (Non Fatal)-2

(b) 2019 ജനുവരി മുതൽ 2019 ഒക്ടോബർ വരെയുള്ള മാസങ്ങളിലെ ബോർഡ്/കരാർ ജീവനക്കാർക്കുണ്ടായ അപകടങ്ങൾ

- ബോർഡ് ജീവനക്കാർക്കുണ്ടായ അപകടങ്ങൾ-

  മാരകം (Fatal)-3; മാരകമല്ലാത്തത് (Non Fatal)-45

- കരാർ ജീവനക്കാർക്കുണ്ടായ അപകടങ്ങൾ-

  മാരകം (Fatal)-8; മാരകമല്ലാത്തത് (Non Fatal)-34

(c) 2019 ജനുവരി മുതൽ 2019 ഒക്ടോബർ വരെയുള്ള മാസങ്ങളിലെ കൺസ്യൂമർ പ്രെമിസസിൽനിന്നുമുള്ള അപകടങ്ങൾ

- പൊതുജനങ്ങൾക്കുണ്ടായ അപകടങ്ങൾ -

  മാരകം (Fatal)-79; മാരകമല്ലാത്തത് (Non Fatal)-15

- മൃഗങ്ങൾക്കുണ്ടായ അപകടങ്ങൾ-

  മാരകം (Fatal)-8; മാരകമല്ലാത്തത് (Non Fatal)-0

(ഡി) ഉണ്ട്. വൈദ്യുതി ലൈൻ പൊട്ടിയാൽ ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ചുള്ള തനിയെ ഓഫാകുന്ന സംവിധാനം നിലവിൽ 11 കെ.വി. മുതൽ മുകളിലേക്കുള്ള ലൈനുകളിലാണുള്ളത്. എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതിബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്.

## കെ.എസ്.ഇ.ബി. എൽ.-ന്റെ സെക്ഷനുകൾ പുനഃക്രമീകരിക്കാൻ നടപടി

235 (4271) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ കെ.എസ്.ഇ.ബി.എൽ. സെക്ഷനുകളുടെ പരിധിയിലെ ഉപഭോക്താക്കളുടെ എണ്ണത്തിലെ അന്തരവും പ്രാദേശികമായ സൗകര്യവും പരിഗണിച്ച് സെക്ഷനുകൾ പുനഃക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

ഉപഭോക്താക്കളുടെ എണ്ണം, ഉപഭോക്താക്കൾക്ക് ഓഫിസിൽ എത്താനുള്ള ഗതാഗത സൗകര്യം, സേവനം നൽകുന്നതിനും തടസ്സങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനുമുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ, മറ്റ് പ്രാദേശിക പ്രത്യേകതകൾ തുടങ്ങിയവ പരിഗണിച്ച് വിതരണ വിഭാഗത്തിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും ചീഫ് എഞ്ചിനീയർമാരും ഡയറക്ടറും തങ്ങളുടെ അധികാരപരിധിക്കനുസരിച്ച് ഇലക്ട്രിക്കൽ സെക്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഒരു പുനഃക്രമീകരണ കമ്മിറ്റി രൂപീകരിച്ച് ഉത്പാദന പ്രസരണ വിതരണ കോർപ്പറേറ്റ് മേഖലയിലെ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പാക്കാൻവേണ്ട നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരികയാണ്.

## വർക്കല ഇലക്ട്രിക്കൽ സബ്ഡിവിഷന് പുതിയ കെട്ടിടം

236 (4272) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഇലക്ട്രിക്കൽ സബ്ഡിവിഷൻ, സെക്ഷൻ ഓഫീസ് എന്നിവിടങ്ങളിലെ സ്ഥലപരിമിതി പ്രസ്തുത ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിലെ സ്ഥലപരിമിതിയും സൗകര്യകുറവും പരിഹരിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പുതിയ കെട്ടിടത്തിന് രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി ആയത് നിർമ്മിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ഓഫീസിലെ സ്ഥലപരിമിതിയും സൗകര്യക്കുറവും പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കെ.എസ്.എ.എൽ. ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലാണ്. ടി നിർദ്ദേശം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചട്ടഞ്ചാൽ കെ.എസ്.ഇ. ബി. എൽ.ഓഫീസിന് സ്ഥലം**

237 (4273) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ കെ.എസ്.ഇ.ബി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന തെക്കിൽ വില്ലേജിൽ റോഡ് സൗകര്യമുള്ള റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഓഫീസിനായി പാട്ടവ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) സാധാരണഗതിയിൽ കെ.എസ്.ഇ.ബി.എൽ.-ന് സ്വന്തമായി സ്ഥലം ലഭ്യമായിരിക്കുകയോ അല്ലെങ്കിൽ അനുയോജ്യമായ സ്ഥലം സൗജന്യമായി ലഭിക്കുകയോ ചെയ്യുമ്പോഴാണ് സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത്. കുറഞ്ഞത് 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാകുകയാണെങ്കിൽ, ചട്ടഞ്ചാൽ സെക്ഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## നെല്ലിക്കുഴി കെ.എസ്.ഇ.ബി. എൽ.സെക്ഷൻ ഓഫീസിന്റെ വാടക

238 (4274) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പുതുതായി ആരംഭിച്ച കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ വാടക പഞ്ചായത്താണ് നല്കിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്ന് വർഷത്തെ കരാറിൽ ആണ് പഞ്ചായത്ത് വാടകക്കെട്ടിടം ലഭ്യമാക്കിയിട്ടുള്ളതെന്നും 2019 നവംബർ മാസത്തോടെ പ്രസ്തുത കരാർ അവസാനിക്കുകയാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസിന്റെ വാടകക്കരാർ കാലാവധി അവസാനിക്കുന്നത് ചൂണ്ടിക്കാട്ടി സെക്ഷൻ ഓഫീസിന്റെ വാടക കെ.എസ്.ഇ.ബി.എൽ. വഹിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് നല്കിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പഞ്ചായത്തുമായുള്ള വാടകക്കരാർ അവസാനിക്കുന്ന സാഹചര്യത്തിൽ സെക്ഷൻ ഓഫീസിന്റെ വാടക കെ.എസ്.ഇ.ബി.എൽ. വഹിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) 24-2-2016-ലെ ഉത്തരവ് പ്രകാരം പുതിയതായി അനുവദിക്കുന്ന സെക്ഷനോഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭ്യമാകുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനാണ് ബോർഡ് അനുമതി നൽകിയിരുന്നത്. അതിൻപ്രകാരം നെല്ലിക്കുഴിയിൽ അനുവദിച്ച പുതിയ ഓഫീസിനുവേണ്ടി ഒരു കെട്ടിടം കണ്ടെത്തി നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും വാടക നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിൽ ആരംഭിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നതുകൊണ്ട് 2019 ഡിസംബർ മാസം വാടക അയടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം വൈദ്യുതി വകുപ്പ് ഏറ്റെടുക്കണമെന്ന് കാണിച്ച് പഞ്ചായത്ത് കത്ത് നൽകിയിരുന്നു. പ്രസ്തുത കാര്യം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചുവരുന്നു.

## പാറശ്ശാലയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം

239 (4275) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) വെള്ളറട സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലമുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പാറശ്ശാല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വക സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഇ) പരിമിതമായ സൗകര്യങ്ങളിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം പണിയുന്നതിന് പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിക്കായി പാറശ്ശാല ഗ്രാമപഞ്ചായത്ത് സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ സെക്ഷൻ ഓഫിസ് കെട്ടിടം നിർമ്മിക്കുന്നതിനായി കുറഞ്ഞത് 10 സെന്റ് സ്ഥലമാണ് ആവശ്യമുള്ളത്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളറട 33 കെ.വി. സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ വെള്ളറട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പണിയുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വൈദ്യുതി ബോർഡിന്റെ സംഭാവന

240 (4276) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലെ പ്രളയ ദുരന്ത ബാധിതർക്ക് സഹായം എത്തിക്കുവാൻ വൈദ്യുതി ബോർഡ് ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നോ; എങ്കിൽ എത്ര തുകയാണ് സംഭാവനയായി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ലഭിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് എന്നാണ് നൽകിയത്;

(സി) 2018-ലെ പ്രളയ സഹായമായി വൈദ്യുതി ബോർഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകിയിരുന്നോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) 2019-ലെ പ്രളയത്തിൽ ബോർഡിന്റെ സഹായമായി ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുകയാണ് സംഭാവന നൽകിയതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 2019 ആഗസ്റ്റിലെ പ്രളയ ദുരിതബാധിതർക്ക് സഹായം എത്തിക്കുവാൻ വൈദ്യുതി ബോർഡ് ജീവനക്കാരിൽനിന്നും ഒരു ദിവസത്തെ വേതനം സംഭാവനയായി നൽകുവാനാണ് തീരുമാനിച്ചത്.

(ബി) കേരളമൊട്ടാകെയുള്ള ഓഫീസുകളിലെ ജീവനക്കാരുടെ വേതനത്തിൽനിന്നും കിഴിവു വരുത്തിയ തുകകളുടെ കണക്കെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറുന്നതാണ്.

(സി) 2018-ലെ പ്രളയസഹായമായി വൈദ്യുതി ബോർഡ് ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത 124.73 കോടി രൂപയും പെൻഷൻകാരിൽനിന്നും പിരിച്ചെടുത്ത 20.54 കോടി രൂപയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വകയായി 35 കോടി രൂപയും നൽകിയിട്ടുണ്ട്.

(ഡി) 2019-ലെ പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി പിരിച്ചെടുത്ത തുക കണക്കെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കൽ

241 (4277) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ സബ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സബ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ അമ്പലവയൽ 66 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷംതന്നെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ കുത്തുമുണ്ട, മാനന്തവാടി, അഞ്ചുകുന്ന്, സുൽത്താൻബത്തേരി സബ്സ്റ്റേഷനുകൾ 110 കെ.വി. സബ്സ്റ്റേഷനുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

## ഏരൂരിൽ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച ജി.ഐ.എസ്. സബ്സ്റ്റേഷൻ

242 (4278) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഏരൂരിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ച ജി.ഐ.എസ്.എൽ. സബ്സ്റ്റേഷന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കാൻ എത്ര കാലാവധിയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) എത്ര മാസം കൊണ്ടാണ് നിർമ്മാണം പൂർത്തിയാക്കിയതെന്ന് അറിയിക്കുമോ; ഇതിലൂടെ എന്ത് നേട്ടം കെ.എസ്.ഇ.ബി.എൽ. കൈവരിക്കാനായെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി എത്ര തുകയാണ് ചെലവായത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1. ജി.ഐ.എസ്. സബ്സ്റ്റേഷന് വളരെ കുറച്ച് സ്ഥലം മാത്രമാണ് ആവശ്യമായി വന്നത്.

2. വൈറ്റില സബ്സ്റ്റേഷനിൽനിന്നും ഈ സബ്സ്റ്റേഷന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതുമൂലം ആളില്ലാ സബ്സ്റ്റേഷൻ ആയി നിർമ്മിച്ചിരിക്കുന്നു.

3. ജി.ഐ.എസ്. സബ്സ്റ്റേഷന്റെ നിർമ്മാണം വളരെ ചുരുങ്ങിയ സമയംകൊണ്ട് പൂർത്തീകരിക്കാൻ സാധിച്ചു.

4. അറ്റകുറ്റപ്പണികൾ തീരെ കുറവാണ്.

(ബി) ഒരു വർഷം

(സി) പത്തുമാസം സമയത്തിനുള്ളിൽ പൂർത്തിയാക്കി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് സാധിച്ചു. മെട്രോ നഗരമായി മാറുന്ന തൃപ്പൂണ്ണിത്തുറയിലും സമീപപ്രദേശങ്ങളിലും ഉണ്ടാകാറുള്ള വൈദ്യുതി തടസ്സങ്ങൾക്ക് ശാശ്വത പരിഹാരമാവുകയും ഭാവിയിലുള്ള വൈദ്യുതി ഉപയോഗത്തിനും ഈ സബ്സ്റ്റേഷന്റെ നിർമ്മാണത്തിലൂടെ സാധിച്ചു.

(ഡി) കേബിൾ ഇടുന്ന പ്രവൃത്തികൾ ഉൾപ്പെടെ ഇരുപത്തിയഞ്ച് കോടി രൂപ ചെലവായിട്ടുണ്ട്.

**തമ്പലമണ്ണ സബ്സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കാൻ നടപടി**

243 (4279) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പലമണ്ണ 33 കെ.വി. സബ് സ്റ്റേഷന്റെ സ്ഥാപിതശേഷി വർധിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തമ്പലമണ്ണ 33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനായി 2017-ൽ 33.25 കോടി രൂപയുടെ ഭരണാനുമതി കെ.എസ്.ഇ.ബി.എൽ. നൽകുകയുണ്ടായി. അഗസ്ത്യമൂഴി സബ്സ്റ്റേഷനിൽനിന്നും 12 കി.മീ. 110 കെ.വി. കേബിൾ വലിച്ച് 2x16 എം.വി.എ. 110/33 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതായുള്ള പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരുന്നു. 65% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2020 മാർച്ച് മാസത്തിൽ 110 കെ.വി. തമ്പലമണ്ണ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കല്ലറയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്സ്റ്റേഷൻ

244 (4280) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ കേന്ദ്രമാക്കി കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നറിയിക്കാമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ കേന്ദ്രമാക്കി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സാങ്കേതിക പഠന (ലോഡ് ഫ്ലോ സ്റ്റഡി) അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ആനിമൽ ഹസ്ബെന്ററി ഡയറക്ടറുടെ പേരിലാണ്. പ്രസ്തുത സ്ഥലം കൈമാറുന്നതിനുവേണ്ടി ആനിമൽ ഹസ്ബെന്ററി വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം

245 (4281) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സ്ഥാപിക്കുന്ന ശ്രീകണ്ഠാപുരം, ചെമ്പേരി സബ് സ്റ്റേഷനുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തിയായില്ലെങ്കിൽ എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രീകണ്ഠാപുരം സബ്സ്റ്റേഷൻ അപ്ഗ്രഡേഷൻ 98% പൂർത്തിയായി. സബ്സ്റ്റേഷനിലേയ്ക്കുള്ള 12.38 കി.മീ. ദൈർഘ്യമുള്ള ഒരു ലൈൻ 110 കെ.വി. ആയി 9-8-2019-ന് ചാർജ്ജ് ചെയ്തു. രണ്ടാമത്തെ സർക്യൂട്ടിന്റെ 7.5 കി.മീ. പൂർത്തിയായി. സബ്സ്റ്റേഷനും 12.38 കി.മീ. ഡബിൾ സർക്യൂട്ട് ലൈനും 110 കെ.വി. ആയി ഒരു മാസത്തിനുള്ളിൽ ചാർജ്ജ് ചെയ്യാൻ സാധിക്കുന്നതാണ്. ചെമ്പേരി സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ഏകദേശം 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ചിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

246 (4282) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന്അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് തുക അനുവദിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണാനുമതി ലഭിച്ചു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സ്ഥലം ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ കോട്ടയം ജില്ലാകളക്ടർ ഓഫീസ് മുഖേന പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

## ജലവൈദ്യുത പദ്ധതികൾ കേന്ദ്രീകരിച്ച് അമ്യൂസ്മെന്റ് പാർക്കുകൾ

247 (4283) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ കേന്ദ്രീകരിച്ച് അമ്യൂസ്മെന്റ് പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ ബാണാസുരസാഗർ ഡാം, ഇടുക്കി ജില്ലയിലെ കണ്ടള, പൊൻമുടി, ചെങ്കളം, ആനയിറങ്കൽ, തിരുവനന്തപുരം ജില്ലയിലെ ലോവർ മീൻമുട്ടി തുടങ്ങിയ ഡാം പ്രദേശങ്ങളിലാണ് അമ്യൂസ്മെന്റ് പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ പൊൻമുടി ഡാം പ്രദേശത്ത് അമ്യൂസ്മെന്റ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബാക്കി സ്ഥലങ്ങളിൽ അമ്യൂസ്മെന്റ് പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## പ്രകൃതിദുരന്തം കെ.എസ്.ഇ.ബി.എൽ.-ന് വരുത്തിയ നഷ്ടം

248 (4284) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലുണ്ടായ പ്രകൃതി ദുരന്തം കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാക്കിയ നഷ്ടം എത്രയാണ്; വിശദാംശം നൽകുമോ;

(ബി) പ്രളയം സംഭവിച്ച സ്ഥലങ്ങളിലെ ജനങ്ങളുടെ ദുരിതം മാറ്റുന്നതിന് കെ.എസ്.ഇ.ബി.എൽ. നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്;

(സി) ഈ ശ്രമത്തിൽ കെ.എസ്.ഇ.ബി ജീവനക്കാർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരുടെ കുടുംബത്തിന് എന്ത് ആശ്വാസ നടപടിയാണ് നൽകിയത് വിശദമാക്കാമോ?

ഉത്തരം

(എ) 2019-ലെ പ്രളയം പ്രധാനമായും പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ വൈദ്യുതി വിതരണം താറുമാറാക്കുകയും ഏകദേശം 66 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം തടസ്സപ്പെടുകയും ചെയ്തിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം വിവിധ ജില്ലകളിലായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 17.074 കി.മീ. ലൈനുകൾക്കും 31.129 പോളുകൾക്കും 445 ട്രാൻസ്ഫോർമറുകൾക്കും കേടുപാടുകൾ ഉണ്ടായതുമൂലം 243.05 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

2019-ൽ സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തംമൂലം വൈദ്യുതി പ്രസരണ മേഖലയിൽ 4.15 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ജില്ല | നഷ്ടം (ലക്ഷത്തിൽ) |
|---|---|
| ആലപ്പുഴ | 28.40 |
| എറണാകുളം | 0.30 |
| തൃശ്ശൂർ | 286.35 |
| പാലക്കാട് | 16.46 |
| മലപ്പുറം | 35.00 |
| കോഴിക്കോട് | 34.66 |
| വയനാട് | 6.00 |
| കണ്ണൂർ | 7.26 |
| കാസർഗോഡ് | 1.29 |
| ആകെ തുക | 415.72 |

(ബി) പ്രളയക്കെടുതയിൽ പ്രതിഷ്ഠാപനങ്ങൾക്ക് ഉണ്ടായ കേടുപാടുകൾ തീർത്ത് പ്രളയ പൂർവ്വസ്ഥിതി കൈവരിക്കുന്നതിന് 2018-ൽ വിജയകരമായി നടപ്പിലാക്കിയ "മിഷൻ റീ കണക്ട്" പദ്ധതി 2019-ൽ ആഗസ്റ്റ് 9-നുതന്നെ ആരംഭിച്ചിരുന്നു. പ്രളയംമൂലം വൈദ്യുതിബന്ധം പൂർണ്ണമായും പുനഃസ്ഥാപിക്കാൻ സാധിക്കാത്ത വീടുകളിൽ ഒരു ലൈറ്റും പ്ലഗ് പോയിന്റുമുള്ള വൈദ്യുതി കണക്ഷൻ ഉറപ്പുവരുത്താനുള്ള നടപടികൾ കൈക്കൊണ്ടിരുന്നു. മിഷൻ റീ കണക്ട് 2019-ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വാസയോഗ്യമായ എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും 20-8-2019-ൽത്തന്നെ വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ പ്രളയംമൂലം ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറേണ്ടിവന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കാൻ ജനുവരി 2020 വരെ സാവകാശം നൽകുകയും ആവശ്യമെങ്കിൽ എൽ.ടി. ഉപഭോക്താക്കൾക്ക് തവണകൾ അനുവദിക്കാനുള്ള അധികാരം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രളയത്തിൽ തകർന്ന 110 കെ.വി. ടവർ പുനഃസ്ഥാപിക്കുന്ന ജോലിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന വിയ്യൂർ ലൈൻ മെയിന്റനൻസ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ബൈജു കെ. എ. 9-8-2019-ൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ചെറുവഞ്ചിയിൽനിന്നും വെള്ളത്തിൽ വീണ് മരണപ്പെടുകയുണ്ടായി. പരേതന്റെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 6,82,760 രൂപയും പ്രത്യേക ദുരിതാശ്വാസ ആനുകൂല്യമായി 5 ലക്ഷം രൂപയും അനുവദിച്ച് 24-9-2019-ൽ ഉത്തരവായിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

249 (4285) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കുന്ന വാടകനിരക്ക് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) വിനോദ സഞ്ചാരികൾക്ക് പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വാടകയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി ക്രമം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവുകൾക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യമുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഇല്ലായെങ്കിൽ അതേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ബി.ഗ്രേഡ് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ബോർഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കുന്ന വാടക നിരക്ക് ചുവടെ ചേർക്കുന്നു:

(ഒരു ബെഡിന് ഒരു ദിവസത്തെ വാടക)

(a) A/c മുറി - 400

(b) Non A/c മുറി - 300

(c) ഡോർമിറ്ററി - 150

(ബി) വിനോദസഞ്ചാരികൾക്ക് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വാടകയ്ക്ക് ലഭിക്കുന്നതിനുള്ള നടപടിക്രമം ഇപ്രകാരമാണ്:

(a) സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)ന് അപേക്ഷ അയയ്ക്കുക, തിരിച്ചറിയൽ കാർഡിന്റെ പകർപ്പുകൂടി ഹാജരാക്കുക

(b) ലഭ്യതയനുസരിച്ച് ബി. ഗ്രേഡ് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ അനുവദിക്കുന്നതാണ്.

(സി) ഇൻസ്പെക്ഷൻ ബംഗ്ലാവുകൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിലില്ല. അതേർപ്പെടുത്താനുള്ള നടപടി ആലോചനയിലാണ്.

## വൈദ്യുത പ്രസരണ രംഗത്തെ നഷ്ടം കുറയ്ക്കാൻ നടപടി

250 (4286) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുത പ്രസരണ രംഗത്തെ നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വൈദ്യുത പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, നിലവിലുള്ള പ്രസരണലൈനുകൾ ഉയർന്ന വോൾട്ടേജിലേക്ക് ഉയർത്തൽ, ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. 'ട്രാൻസ്ഗ്രിഡ് 2.0' എന്ന വിപുലമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ ഭാഗമായി മൂന്ന് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിമൂന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 4390 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളും നിർമ്മിക്കും.

പ്രസ്തുത പദ്ധതിയുടെയും അനുബന്ധ പദ്ധതികളുടെയും പൂർത്തീകരണത്തോടെ കേന്ദ്ര സ്ഥാപനമായ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്ലാനിംഗ് നിലവാരമനുസരിച്ചുള്ള പ്രസരണ ശൃംഖല സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങൾ ഏറെ പുരോഗമിക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ വൈദ്യുത ഇടനാഴികളിലെ തിരക്ക് കുറയ്ക്കുന്നതിനോടൊപ്പം വൈദ്യുത തടസ്സത്തിന്റെ തോത് കുറയുകയും കൂടാതെ പ്രസരണ നഷ്ടം കുറയുകയും ചെയ്യും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു.

സബ്സ്റ്റേഷനുകൾ

1. 2016-17-ൽ മൂന്ന് 110 കെ.വി. സബ്സ്റ്റേഷനുകളും ഏഴ് 33 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടെ ആകെ പത്തെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

2. 2017-18-ൽ രണ്ട് 220 കെ.വി., അഞ്ച് 110 കെ.വി., മൂന്ന് 66 കെ.വി., ആറ് 33 കെ.വി. സബ്സ്റ്റേഷനുകൾ എന്നിവ പൂർത്തികരിച്ചിട്ടുണ്ട്.

3. 2018-19-ൽ മൂന്ന് 110 കെ.വി., ഒരു 66 കെ.വി., അഞ്ച് 33 കെ.വി. എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

4. 2019-20-ൽ അഞ്ച് 110 കെ.വി., ഒരു 66 കെ.വി., നാല് 33 കെ.വി. സബ്സ്റ്റേഷനുകൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ലൈനുകൾ

1. 2016-17-ൽ 67.66 കി.മീ. 110 കെ.വി. ലൈനും 75.77 കി.മീ. 33 കെ.വി. ലൈനും നിർമ്മിച്ചിട്ടുണ്ട്.

2. 2017-18-ൽ 54.1 കി.മീ. 220 കെ.വി. ലൈനും 79.76 കി.മീ. 110 കെ.വി. ലൈനും 0.44 കി.മീ. 66 കെ.വി. ലൈനും 41.08 കി.മീ. 33 കെ.വി. ലൈനും നിർമ്മിച്ചിട്ടുണ്ട്.

3. 2018-19-ൽ 134.2 കി.മീ. 110 കെ.വി. ലൈനും 29.5 കി.മീ. 66 കെ.വി. ലൈനും 60.9 കി.മീ. 33 കെ.വി. ലൈനും നിർമ്മിച്ചിട്ടുണ്ട്.

4. 2019-20-ൽ 92 കി.മീ. 400 കെ.വി. ലൈനും 101 കി.മീ. 220 കെ.വി. ലൈനും 93.88 കി.മീ. 110 കെ.വി. ലൈനും 11.4 കി.മീ. 66 കെ.വി. ലൈനും 53.15 കി.മീ. 33 കെ.വി. ലൈനും നിർമ്മിച്ചിട്ടുണ്ട്.

അതായത് നാല് സാമ്പത്തിക വർഷങ്ങളിലുമായി ആകെ 894.84 കി.മീ. ലൈൻ പൂർത്തീകരിച്ചിട്ടുണ്ട്.

ഇതിനെല്ലാംപുറമേ ദീർഘകാലമായി പണിമുടങ്ങിക്കിടന്നിരുന്ന കേന്ദ്ര പദ്ധതിയായ ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം ഈ സർക്കാരിന്റെ സമയോചിതമായ ഇടപെടലുകൾ കാരണം പുനരാരംഭിക്കുകയും 2019 സെപ്റ്റംബർ മാസം പൂർത്തീകരിക്കുകയും ചെയ്തതോടെ പ്രസരണ നഷ്ടത്തിൽ സാരമായ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിവിധ ക്യാപ്പിറ്റൽ വർക്കുകൾക്കായി പ്രസരണ മേഖലയിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | തുക കോടിയിൽ |
|---|---|
| 2016-17 | 374.81 |
| 2017-18 | 449.90 |
| 2018-19 | 502.35 |

**ചേലക്കര നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ**

251 (4287) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചേലക്കര, ചെറുതുരുത്തി, ദേശമംഗലം എന്നീ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് പരിധികളിലായി എത്ര ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലത്തിന്റെ പേരുവിവരം സെക്ഷൻ ആഫീസ് തലത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചേൽക്കര, ചെുതുരുത്തി, ദേശമംഗലം എന്നീ സെക്ഷം ഓഫീസ് പരിധികളിലായി നാളിതുവരെ ആകെ 100 kVA-യുടെ 25 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

| സെക്ഷന്റെ പേര് | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| 1 | 2 | 3 | 4 |
| പഴയന്നൂർ | 1. വെള്ളപ്പാറ | 1. കുന്നത്തറ<br>2. കോണ്ടഴി ഹോമിയോ ഹോസ്പിറ്റൽ<br>3. പള്ളിമുക്ക്<br>4. ബ്ലോക്ക് ഓഫീസ് | നീലിച്ചിറ<br>അന്തംകുളത്തുർ |
| ചേലക്കര | 1. തൊന്നൂർക്കര<br>2.യൂക്കാലിക്കാട്<br>3. വെണ്ണൂർ സ്കൂൾ<br>4. വെങ്ങാനെല്ലൂർ മൂപ്പൻ തെരുവ്<br>5. മംഗലാംകുന്ന്<br>6.കുഴിക്കാല കുളമ്പ് | 1. പുളച്ചോട്<br>2. ഏച്ചാടി<br>3. അംബേദ്കർ കോളനി | ചേപ്പാ |

| 1 | 2 | 3 | 4 |
|---|---|---|---|
| ചെറുതുരുത്തി | 1. ചേരീപ്പറമ്പ്<br>2. പന്നിയാടി | 1. പള്ളത് കോളനി<br>2. ബൈബിൾ കോമ്പൗണ്ട് | |
| ദേശമംഗലം | 1. വീരോളിപ്പടി<br>2. ദേശമംഗലം മനപ്പടി | 1. ഉണ്ണിക്കുന്ന് കോളനി<br>2. രാമൻകുളം | |
| ആകെ | 11 | 11 | 3 |

## വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി

252 (4288) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്ന ഭാഗത്തെ എത്ര വൈദ്യുത പോസ്റ്റുകൾ ഇതുവരെ മാറ്റി സ്ഥാപിച്ചുവെന്നും ഇനി എത്ര പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട അയ്യന്തോൾ സെക്ഷന്റെ പരിധിയിലുള്ള 160 പോസ്റ്റുകളും അരിമ്പൂർ സെക്ഷന്റെ പരിധിയിൽ 15 പോസ്റ്റുകളും ഇതുവരെ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. മാറ്റി സ്ഥാപിക്കാൻ ബാക്കിയുള്ള 112 പോസ്റ്റുകൾ അരിമ്പൂർ സെക്ഷന്റെ പരിധിയിലാണ്.

പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന ജോലി പി.ഡബ്ല്യു.ഡി. റോഡ് വിഭാഗമാണ് ചെയ്യുന്നത്. സാധന സാമഗ്രികൾ ലഭ്യമാക്കുകയും മേൽനോട്ട ചുമതലയുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിക്ഷിപ്തമായിട്ടുള്ളത്.

## കായംകുളം ഈസ്റ്റ് സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മാണം

253 (4289) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കായംകുളം ഈസ്റ്റ് സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മാണപ്രവർത്തനങ്ങൾ തികച്ചും മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി കോൺട്രാക്ടറുമായി ചർച്ച നടത്തുകയും നിർമ്മാണ ജോലികൾ ഈ മാസം അവസാനത്തോടെ ആരംഭിച്ച് ഒൻപതുമാസം കൊണ്ട് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

254 (4290) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2019-20 സാമ്പത്തിക വർഷം മണ്ഡലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ 33.99 കി.മീ. HT ലൈനും 59.72 കി.മീ. LT ലൈനും നിർമ്മിക്കുകയും 99.54 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 26.16 കി.മീ. 11 KV ലൈനും 366.23 കി.മീ. എൽ.ടി. ലൈനിന്റെ റീ-കണ്ടക്റ്ററിംഗ് നടത്തുകയും 45 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 7732 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് പ്രസരണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

(1) 33 കെ.വി. വള്ളിക്കുന്നം സബ്സ്റ്റേഷനിൽ 5 എം.വി.എ.-യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചു. വള്ളിക്കുന്നം സബ്സ്റ്റേഷനിൽ പുതിയതായി രണ്ട് 11 കെ.വി. ഫീഡറുകൾ സ്ഥാപിച്ചു.

(2) 220 കെ.വി. ഇടപ്പോൺ സബ്സ്റ്റേഷനിൽ 16 എം.വി.എ.-യുടെ 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

(3) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ്.-ൽപ്പെടുത്തി 110 കെ.വി. മാവേലിക്കര സബ്സ്റ്റേഷനിൽ പുതിയതായി 66 കെ.വി. ബമ്പ് PT-യും CT-യും സ്ഥാപിക്കുകയും ചെയ്തു. നിലവിലുള്ള 66 കെ.വി. എർത്തിംഗ് സംവിധാനം മെച്ചപ്പെടുത്തി.

(4) കൂടാതെ ഇടപ്പോൺ സബ്സ്റ്റേഷനിൽ 75 KWP-യും മാവേലിക്കര സബ്സ്റ്റേഷനിൽ 20 KWP-യും ശേഷിയുള്ള സോളാർ പാനലുകൾ സ്ഥാപിച്ചു.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ 17 കി.മീ. എച്ച്.ടി. ഓവർഹെഡ് ലൈനും 1 കി.മീ. എൽ.ടി. 3 ഫേസ് ലൈനും പുതുതായി നിർമ്മിക്കാനും 2 കി.മീ. ഏരിയൽ ബഞ്ച്ഡ് കണ്ടക്ടറും (ABC) 2 കി.മീ. 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കാനും 24 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റാനും 40 കി.മീ. 11 കെ.വി. ലൈനിന്റെയും 305 കി.മീ. എൽ.ടി. ലൈനിന്റെയും റീ-കണ്ടക്ടറിംഗ് നടത്താനും 2 പുതിയ ട്രാൻസ്ഫോർമറുകളും 82 പുതിയ AB സ്വിച്ചുകളും സ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. മേൽസൂചിപ്പിച്ച പ്രവൃത്തികൾ കൂടാതെ പഞ്ചായത്ത്, MLA ADS/SDF ഫണ്ടുകളിൽനിന്നും തുക അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികളും പൂർത്തീകരിക്കുന്നതാണ്.

2019-20 സാമ്പത്തിക വർഷം വൈദ്യുതി വകുപ്പ് പ്രസരണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാവേലിക്കര 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള 66 കെ.വി. ബേ സംവിധാനം അപ്ഗ്രേഡ് ചെയ്ത് 110 കെ.വി. ആക്കുന്ന പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മാവേലിക്കര സബ്സ്റ്റേഷനിലേക്ക് ഇടപ്പോൺ സബ്സ്റ്റേഷനിൽനിന്നും വരുന്ന 66 കെ.വി. ഡബിൾ സർക്യൂട്ട് ഫീഡറുകൾ 110 കെ.വി. ആക്കുന്ന പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷനിലെ 66 കെ.വി. ബേ 110 കെ.വി. ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷം തുടങ്ങുന്നതാണ്.

## കോട്ടയ്ക്കൽ പുന്നംചോല പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

255 (4291) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ പുന്നംചോല നിവാസികൾ നൽകിയ അപേക്ഷ വൈദ്യുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വേണ്ടി തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഇലക്ട്രിക്കൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ പുന്നംചോല നിവാസികൾ നൽകിയ അപേക്ഷ പരിശോധിക്കുകയും ടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനായി എടയൂർ സെക്ഷന്റെ പരിധിയിൽ 600 മീറ്റർ, 11 കെ.വി. ലൈൻ വലിച്ച് പുന്നംചോല പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ തീരുമാനിച്ച പ്രകാരം, 10,14,500 രൂപയുടെ പ്രവൃത്തിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ടി പ്രവൃത്തിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ഡി.പി. സ്ട്രക്ച്ചറിന്റെ പണികൾ പൂർത്തിയായി. 11 കെ. വി. ലൈൻ വലിക്കുന്ന വർക്ക് പുരോഗമിച്ചുവരുന്നു.

## കോട്ടയ്ക്കൽ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ

256 (4292) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സെക്ഷനുകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസുകളിലും നിലവിലുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്ന് ത്രീഫേസ് ലൈനുകളാക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

(സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസിന്റെ കെട്ടിടനിർമ്മാണം സംബന്ധിച്ച് സർക്കാരിലും ബോർഡിലും ഉള്ള ഫയലിന്റെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ; പ്രസ്തുത കെട്ടിടനിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് പ്രൊപ്പോസലുകൾ പരിശോധിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ സെക്ഷനു കീഴിൽ പാണ്ടമാഗലം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. എടൂർ സെക്ഷന് കീഴിൽ പുറമണ്ണൂർ ആശാരിക്കടവ് ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി&സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ എടയൂർ, കോട്ടയ്ക്കൽ സെക്ഷനുകളിലായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്നതിന് രണ്ട് അപേക്ഷകൾ പ്രദേശവാസികളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ പുറമണ്ണൂർ ആശാരിക്കടവ് ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. മുഖേനയും നിവേദനം ലഭിച്ചിട്ടുണ്ടായിരുന്നു.

2018-19-ൽ പ്രദേശവാസികളിൽനിന്നും ലഭിച്ച അപേക്ഷ പ്രകാരം പൂക്കിട്ടിരി-അഴകത്തുകുളം ഭാഗത്ത് 100 മീറ്റർ ത്രീഫേസ് ലൈൻ നിർമ്മിക്കുകയും 500 മീറ്റർ നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കിമാറ്റുകയും ചെയ്തിട്ടുണ്ട്. ചേലക്കോടുനിന്നും 7-10-2019-ൽ ലഭിച്ച അപേക്ഷയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ പുരോഗമിക്കുന്നു.

ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന ലഭിച്ച നിവേദനത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുറമണ്ണൂർ ആശാരിക്കടവ് ഭാഗത്ത് 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ കോട്ടയ്ക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി. 2019-20-ൽ താഴെപ്പറയുന്ന പ്രവൃത്തികളും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു:

- പാണ്ടമംഗലത്ത് 100 കെ.വി.എ. (KVA) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 100 മീറ്റർ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുന്ന പ്രവൃത്തിയും 400 മീറ്റർ ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.

• ചേലക്കാട് ഭാഗത്ത് 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ റ്റു ത്രീ ഫേസ് ലൈൻ കൺവേർഷൻ, 400 മീറ്റർ ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.

• 300 മീറ്റർ 11 കെ. വി. ലൈൻ വലിച്ച്, പള്ളിപ്പുറത്ത് 100 കെ.വി.എ. (KVA) ട്രാൻസ്ഫോർമർ സ്ഥാപിക്കാനും 300 മീറ്റർ ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.

• 400 മീറ്റർ 11 കെ.വി. ലൈൻ വലിച്ച്, ചിറാപുഞ്ചി എന്ന സ്ഥലത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനും 100 മീറ്റർ ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.

(ഡി) കാടാമ്പുഴ മലറോഡിനു സമീപം കാടാമ്പുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച റി.സ.180/തനി എന്ന നമ്പറിൽപ്പെട്ട മേൽക്കുറി വില്ലേജിന്റെ പരിധിയിൽ വരുന്ന റവന്യൂ ഭൂമിയിലെ ബാക്കി ഭാഗത്തിൽനിന്നും 15 സെന്റ് സ്ഥലം കാടാമ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി വിട്ടുനൽകാൻവേണ്ടി നടപടികൾ സ്വീകരിക്കുന്നതിനായി 25-5-2019-ൽ ബഹുമാനപ്പെട്ട മലപ്പുറം കളക്ടറുടെ ഓഫീസിലേയ്ക്ക് അനുമതിക്കായി കത്തയച്ചിട്ടുണ്ട്.

## പോത്താനിക്കാട് കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം

257 (4293) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പോത്താനിക്കാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണവും ആയത് എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പോത്താനിക്കാട് കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 8-10-2018-ൽ നാൽപ്പത്തിയെട്ട് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പോത്താനിക്കാട് കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 25-10-2019-ൽ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടി ടെണ്ടർ തുറക്കാൻ നിശ്ചയിച്ചിരുന്ന തീയതി 15-11-2019 ആണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞാൽ 6 മാസത്തിനകം പണി പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## സഹകരണ വകുപ്പ് നിർമ്മിച്ച് നൽകിയ വീടുകൾ

258 (4294) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനർനിർമ്മിതിയുടെ ഭാഗമായി സഹകരണ വകുപ്പ് മുഖേന എത്ര വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്;

(ബി) ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി; എത്ര രൂപ ഇതിനു വേണ്ടി ചെലവഴിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) 2152 (രണ്ടായിരത്തി ഒരുനൂറ്റി അൻപത്തി രണ്ട്)വീടുകൾ.

(ബി) 2019 സെപ്തംബർ 30 വരെ 1838 (ആയിരത്തി എണ്ണൂറ്റി മുപ്പത്തിയെട്ട്) വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വീടുകളുടെ നിർമ്മാണത്തിന് വേണ്ടി നാളിതുവരെ 91,35,29,782 (തൊണ്ണൂറ്റിയൊന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

## സംസ്ഥാന സഹകരണ നിയമത്തിന്റെ ഭേദഗതി

259 (4295) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമത്തിന്റെ അമ്പതാം വർഷം പ്രമാണിച്ച് ഈ നിയമം സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് ലക്ഷ്യമുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സഹകരണ നിയമത്തിൽ ഏതൊക്കെ തരത്തിലുള്ള ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആദായനികുതി നിയമത്തിൽ 194 (എൻ) എന്ന വകുപ്പ് കൂട്ടിച്ചേർത്തതുമൂലം സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രശ്നങ്ങൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന് നിവേദനം നല്കിയിട്ടുണ്ടോ;

(ഡി) ആദായ നികുതി നിയമ വകുപ്പ് 80(പി) അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നല്കുന്ന വരുമാന നികുതി ഇളവ് സംബന്ധിച്ച കോടതി കേസുകളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സഹകരണ നിയമത്തിന്റെ അമ്പതാം വർഷം പ്രമാണിച്ച് സഹകരണ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് സ.ഉ.(സാധാ) നമ്പർ 418/2019 സഹ. തീയതി 2-7-2019 പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) സമഗ്ര നിയമ ഭേദഗതിയാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽനിന്നും 2% ആദായ നികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന അഭിപ്രായത്തോട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും മേൽ പരാമർശിക്കുംവിധം ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകകയും 3-10-2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ടി നിയമ ഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം

4295(ഡി) ചിറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റും തമ്മിലുള്ള കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ വിധിയനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സംഘം നിയമാവലിയും പരിശോധിച്ച് പി.എ.സി.എസ്.

ആണെങ്കിൽ 80 (പി) പ്രകാരം ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് വിധി നൽകുകയുണ്ടായി. പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്കും ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റും തമ്മിലുള്ള കേസിൽ ഇൻകം ടാക്സ് അസസ്സിംഗ് ആഫീസർ സംഘങ്ങൾക്ക് നൽകുന്ന റിട്ടേൺ പരിശോധിച്ച് 80(പി) അനുവദിച്ചാൽ മതിയെന്ന നിലയിലും വിധി നൽകുകയുണ്ടായി. (കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച്) മേൽ വിവരിച്ച രണ്ട് കേസ്സിലെയും വിധികൾ പരസ്പരവിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ച് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് കേരള ഹൈക്കോടതിയിൽ മറ്റൊരു കേസ് ഫയൽ ചെയ്യുകയുണ്ടായി. രണ്ട് കേസ്സുകളിലെ ഡിവിഷൻ ബഞ്ചിന്റെ വിധി സംബന്ധിച്ച് തർക്കമായതിനാൽ ഇതുസംബന്ധിച്ച് അന്തിമ തീർപ്പ് കൽപ്പിക്കുന്നതിന് കേരള ഹൈക്കോടതിയുടെ ഫുൾ ബഞ്ചിലേക്ക് റഫർ ചെയ്യുകയും ഫുൾ ബഞ്ച്, ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ നിലപാട് സാധൂകരിച്ചുകൊണ്ട് സംഘങ്ങൾ ഫയൽ ചെയ്യുന്ന റിട്ടേൺ പരിശോധിച്ച് 80 (പി) അനുവദിച്ചാൽ മതിയെന്ന് തീർപ്പാക്കുകയുണ്ടായി. ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ അസസ്സിംഗ് ആഫീസർമാർ സംഘങ്ങൾ ഫയൽ ചെയ്യുന്ന റിട്ടേൺസ് പരിശോധിച്ച് സഹകരണ സംഘങ്ങളിൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്നതിനാൽ നികുതി അടയ്ക്കണം എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് 80(പി) യുടെ ആനുകൂല്യം സഹകരണ സംഘങ്ങൾക്ക് നിഷേധിക്കുകയും 2007-08 സാമ്പത്തിക വർഷം മുതലുള്ള നികുതി കുടിശ്ശിക അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സഹകരണ സംഘങ്ങൾക്ക് നോട്ടീസ് നൽകിവരികയാണ്. കേരള ഹൈക്കോടതിയുടെ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന് അനുകൂലമായ വിധിയ്ക്കെതിരെ സഹകരണ സംഘങ്ങൾ സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ കോടതിയുടെ പരിഗണനയിലാണ്.

<u>കൊല്ലം</u>

പ്രാഥമിക സഹകരണ സംഘങ്ങൾ സംയുക്തമായിട്ടുള്ള SLO(C) No. 27628/19 ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുണ്ട്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

<u>പത്തനംതിട്ട</u>

പത്തനംതിട്ട ജില്ലയിലെ ഏതാനും പ്രാഥമിക സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസ്സുകൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതും തീർപ്പ് ലഭ്യമായിട്ടില്ലാത്തതുമാണ്.

ആലപ്പുഴ

ആദായനികുതി നിയമ വകുപ്പ് 80 (പി) അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നൽകുന്ന വരുമാന നികുതി ഇളവ് സംബന്ധിച്ച കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സംഘം ഫയൽ ചെയ്തിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

കോട്ടയം

കോട്ടയം ജില്ലയിൽ ആദായനികുതി നിയമ വകുപ്പ് 80 (സി) അനുസരിച്ച് വരുമാന നികുതി ഇളവ് സംബന്ധിച്ച് 13 സംഘങ്ങൾ നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

എറണാകുളം

ടി വിഷയവുമായി ബന്ധപ്പെട്ട് ബാങ്കുകൾ നേരിട്ട് കേസ് നൽകിയിട്ടില്ല. എന്നാൽ സഹകരണ പ്രൊട്ടക്ഷൻ കൗൺസിൽ വഴി നൽകിയ കേസ്സുകൾ സുപ്രീം കോടതിയുടെ പരിഗണനയിലാണെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

തൃശ്ശൂർ

തൃശ്ശൂർ ജില്ലയിൽ കല്ലൂർ എസ്.സി.ബി., തലോർ എസ്.സി.ബി. എന്നീ സംഘങ്ങൾക്ക് ഇൻകം ടാക്സ് അടയ്ക്കുന്നതിനുവേണ്ടി നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സംഘങ്ങൾ ടാക്സ് കമ്മീഷണർക്ക് അപ്പീൽ നൽകി വിധിയായിട്ടില്ല. പൂമംഗലം എസ്.സി.ബി., എടതിരിഞ്ഞി എസ്.സി.ബി. എന്നീ സംഘങ്ങൾക്ക് 7 വർഷത്തെ ഇൻകം ടാക്സ് അടയ്ക്കുന്നതിനുവേണ്ടി നോട്ടീസ് ലഭിക്കുകയും ആയതിനെതിരെ സംഘം ഇൻകം ടാക്സ് കമ്മീഷണർക്ക് അപ്പീൽ നൽകുകയും ചെയ്തു. കൂടാതെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇൻകം ടാക്സ് കമ്മീഷണർക്ക് സമർപ്പിച്ച അപ്പീൽ തീരുമാനം ആകുന്നതുവരെ ഹൈക്കോടതിയിൽനിന്നും സ്റ്റേ ലഭിക്കുകയും ചെയ്തു. വിയ്യൂർ എസ്.സി.ബി., വെള്ളാനിക്കര എസ്.സി.ബി., പറപ്പൂർ എസ്.സി.ബി. എന്നീ സംഘങ്ങൾ സ്റ്റേ പെറ്റീഷൻ ഫയൽ ചെയ്യുകയും സ്റ്റേ ലഭിക്കുകയും ചെയ്തു. തൊട്ടിപ്പാൾ എസ്.സി.ബി.-ക്കും ഇൻകം ടാക്സ് അടയ്ക്കുന്നതിനുവേണ്ടി നോട്ടീസ് ലഭിച്ചതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 88405/19 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അവിട്ടത്തൂർ എസ്.സി.ബി.-ക്ക് 23-9-2019 മുതൽ 2 മാസത്തേയ്ക്ക് ഇൻകം ടാക്സ് അടയ്ക്കുന്നതിൽനിന്നും സ്റ്റേ ലഭിച്ചിട്ടുണ്ട്. പുത്തൻചിറ എസ്.സി.ബി.-ക്ക് 2008-09, 2016-17 വർഷങ്ങളിൽ ഇൻകം ടാക്സ് അടയ്ക്കുന്നതിന് നോട്ടീസ് ലഭിച്ചതിനെതിരെ 28-10-2019 മുതൽ 6 മാസത്തേയ്ക്ക്

ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. പുതുക്കാട് എസ്.സി.ബി.-ക്ക് ഇൻകംടാക്സ് അടയ്ക്കുന്നതിനുവേണ്ടി നോട്ടീസ് ലഭിച്ചതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. വിധി ആയിട്ടില്ല. തിരൂർ എസ്.സി.ബി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം റീഅസസ്മെന്റിന് അയച്ചിട്ടുണ്ട്. തൃശ്ശൂർ എസ്.സി.ബി. ഫയൽ ചെയ്ത ഇൻകം ടാക്സ് അപ്പീൽ തള്ളിയതിന്റെ അടിസ്ഥാനത്തിൽ റീ അസസ്മെന്റിലാണ്. കുർക്കഞ്ചേരി എസ്.സി.ബി. ആയതിനെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഏറിയാട് എസ്.സി.ബി. റ്റി.ഡി.എസ്. പിടിച്ചതിനെതിരെ സ്റ്റേ വാങ്ങുകയും ടി സംഖ്യ തിരികെ കിട്ടുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റേ നിലനിൽക്കുന്നു. അപ്പലേറ്റ് അതോറിറ്റിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. പൂവച്ചുംകടവ് എഫ്.എസ്.സി.ബി.-ക്ക് 2009-10, 2010-11, 2013-14, 2015-16, 2016-17 വർഷങ്ങളിലെ വരുമാന നികുതി അടയ്ക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻകം ടാക്സ് കമ്മീഷണറുടെ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. മേത്തല എസ്.സി.ബി. 2009-10, 2010-11, 2012-13, 2016-17 വർഷങ്ങളിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പാപ്പിനിവട്ടം എസ്.സി.ബി. ആദായ നികുതി വകുപ്പിന്റെ 2012-13, 2013-14, 2015-16 വർഷങ്ങളിലെ ആദായനികുതി അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ള നോട്ടീസിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. കല്ലംകുന്ന് എസ്.സി.ബി.-ക്ക് ഇൻകം ടാക്സ് അടയ്ക്കുന്നതിന് നോട്ടീസ് ലഭിക്കുകയും കോടതിയിൽ നിന്നും ആയതിനെതിരെ സ്റ്റേ വാങ്ങുകയും ചെയ്തിട്ടുണ്ട്. നോട്ടീസിനെതിരെ ഇൻകം ടാക്സ് കമ്മീഷണർക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഹിയറിംഗ് നടന്നിട്ടില്ല. വള്ളിവട്ടം എസ്.സി.ബി.-ക്ക് ഇൻകം ടാക്സ് അടയ്ക്കുന്നതിലേയ്ക്കായി നോട്ടീസ് ലഭിക്കുന്നതിനെതിരെ ഇൻകം ടാക്സ് കമ്മീഷണർക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഹിയറിംഗ് നടന്നിട്ടില്ല. പുല്ലൂർ എസ്.സി.ബി. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കരുവന്നൂർ എസ്.സി.ബി. ഹൈക്കോടതിയിൽനിന്ന് സ്റ്റേ ഓർഡർ വാങ്ങിയിട്ടുണ്ട്.

പാലക്കാട്

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ആദായനികുതി നിയമ വകുപ്പ് 80 (പി) പ്രകാരം ആനുകൂല്യം ലഭിക്കണമെങ്കിൽ സഹകരണ വകുപ്പ് നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുപുറമേ ആദായനികുതി വകുപ്പിലെ അസസ്സിംഗ് ആഫീസറുടെ ബോധ്യപ്പെടൽ കൂടി ആവശ്യമാണ് എന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ PACS അസോസിയേഷൻ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.

കോഴിക്കോട്

2007 ആദായനികുതി നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ആദായനികുതി വകുപ്പ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുകയും ആദായ നികുതി അടപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കാർഷികവായ്പാ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി വകുപ്പ് 80 (പി) പ്രകാരം ആദായ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവുള്ളതുകൊണ്ട് അടച്ച നികുതി തിരികെ ലഭിക്കുന്നതിനായി ഇൻകംടാക്സ് ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ട്രിബ്യൂണൽ അവാർഡ് പ്രകാരം അടച്ച നികുതി തിരികെ വാങ്ങുകയും ചെയ്തുവരുന്നു. 80 (പി) വകുപ്പ് പ്രകാരമുള്ള ആനുകൂല്യത്തിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് അർഹതയുണ്ടെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ ആദായനികുതി വകുപ്പ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള അനുവാദത്തിനായി Special Leave Petition ഫയൽ ചെയ്തിട്ടുണ്ട്.

മലപ്പുറം

37 സംഘങ്ങൾ ഹൈക്കോടതിയിൽ കക്ഷി ചേർന്നിട്ടുണ്ട്. 3 സംഘങ്ങൾ ഇൻകം ടാക്സ് ട്രൈബ്യൂണലിൽ അപ്പീൽ നൽകിയിട്ടുണ്ട്. ഒരു സംഘം തിരൂർ ആദായ നികുതി ഓഫീസിൽ വാർഡ് 3-ൽ അപ്പീൽ നിലവിലുണ്ട്.

വയനാട്

വയനാട് ജില്ലയിലെ ചില പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ നികുതി ഇളവിനുവേണ്ടി കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

കണ്ണൂർ

ബഹുമാനപ്പെട്ട ഹൈക്കോടതി ഇൻകംടാക്സ് നിയമത്തിലെ സെക്ഷൻ 80 (പി) വകുപ്പ് പ്രകാരം നടന്നുവന്ന കേസിൽ സംഘങ്ങൾക്ക് എതിരായി ഫുൾ ബെഞ്ച് വിധിയുണ്ടായ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഹൈക്കോടതി വിധിക്കെതിരായി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

കാസർഗോഡ്

ആദായ നികുതി നിയമ വകുപ്പ് 80 (പി) അനുസരിച്ച് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകുന്ന വരുമാന നികുതിയിളവ് സംബന്ധിച്ച് കാസർഗോഡ് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സ്വന്തമായി കേസ് ഫയൽ ചെയ്യുകയോ കക്ഷി ചേരുകയോ ചെയ്തിട്ടില്ല.

## കണ്ണൂർ ജില്ലയിലെ കെയർ ഹോം പദ്ധതി

260 (4296) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ എത്രപേരെയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ;

(ബി) അതിൽ എത്ര ഭവനങ്ങൾ പൂർത്തിയായിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൽ വീട് അനുവദിച്ചവരുടെ പേരും വിവരങ്ങളും നൽകാമോ?

ഉത്തരം

(എ) 20 (ഇരുപത്) പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 20 ഭവനങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി) കെയർ ഹോം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വീട് അനുവദിച്ച് നൽകിയവരുടെ പേരും വിവരങ്ങളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ വിലാസം | നിർമ്മാണ മേൽനോട്ടം വഹിച്ച സഹകരണ സ്ഥാപനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ബിജു | കീരികുന്നൻ, മുടയരഞ്ഞി, കിളിയന്തറ പി. ഒ. | ഇരിട്ടി സഹകരണ റൂറൽ ബാങ്ക് |
| 2 | നാരായണൻ | കാഞ്ഞിരപ്പൊക്കിൽ, മുണ്ടയാം പറമ്പ് | ഇരിട്ടി സഹകരണ റൂറൽ ബാങ്ക് |
| 3 | ഏലിക്കുട്ടി | നടക്കൽ ഹൗസ്, 29-ാം മൈൽ, കുന്നോത്ത്, കിളിയന്തറ പി. ഒ. | കിളിയന്തറ എസ്.സി.ബി. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ചാലാടൻ സരോജിനി | പുതുശ്ശേരി ഹൗസ്, കോളിക്കടവ്, പായം പി.ഒ. | കിളിയന്തറ എസ്.സി.ബി. |
| 5 | സരസു | കാക്കാട്ടുശ്ശേരിയിൽ മഞ്ഞളാംപുരം, കേളകം | കൊട്ടിയൂർ എസ്.സി.ബി. |
| 6 | നങ്ങ | കൊക്കോട്ടു കുടുംബിൽ, ചെടിക്കുളം, ആറളം.പി.ഒ. | ആറളം എസ്.സി.ബി. |
| 7 | ശാന്ത ഒടുക്കൻ | ആറളം ഫാം ബ്ലോക്ക്-13 | ആറളം ഫാം & പബ്ലിക് എംപ്ലോയീസ് സഹകരണ സംഘം |
| 8 | മറിയം | കായക്കുൽ ഹൗസ്, ആറളം പി.ഒ. | ആറളം എസ്.സി.ബി. |
| 9 | ശാന്ത കെ.സി. | കുനൻപള്ള കുറിച്ച്യ കോളനി | കൊട്ടിയൂർ എസ്.സി.ബി. |
| 10 | അന്നാമ്മ | മംഗലത്ത് ഹൗസ്, പടിയൂർ പി.ഒ., പടിയൂർ | കല്ല്യാട് എസ്.സി.ബി. |
| 11 | മേരി | അറക്കുന്നേൽ കല്ലുവയൽ പി.ഒ. കല്ലുവയൽ | ഉളിക്കൽ എസ്.സി.ബി. |
| 12 | അന്നമ്മ | പാറശ്ശേരി, തായ്ക്കുണ്ടം കൊശവൻ വയൽ | ഉളിക്കൽ എസ്.സി.ബി. |
| 13 | ആലക്കാടൻ നളിനി | സോളിന നിവാസ്, കൊമ്മേരി, നിടുമ്പൊയിൽ.പി.ഒ. | കോളയാട് എസ്.സി.ബി. |
| 14 | കുഞ്ഞാമി. കെ.കെ | സാജിതമൻസിൽ, കൊമ്മേരി, നിടുമ്പൊയിൽ.പി.ഒ. | കോളയാട് എസ്.സി.ബി. |
| 15 | ആർ. റുഖിയ | പുത്തൻവളപ്പിൽ ഇരിവേരി.പി.ഒ. | മൗവ്വൻചേരി സഹകരണ റൂറൽ ബാങ്ക് |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | പി.കെ. സജിത് | പുത്തൻവീട്ടിൽ കടംമ്പൂർ | ചൊവ്വ സഹകരണ റൂറൽ ബാങ്ക് |
| 17 | സരോജിനി പുലിക്കിരി | മൈലംപെട്ടി വെള്ളാട്.പി.ഒ. | നടുവിൽ എസ്.സിബി. |
| 18 | കെ.സി. സുധാകരൻ | കോളച്ചേരി ചിറമ്മൽ ഹൗസ്, നടുവള്ളൂർ, ഇരിക്കൂർ പി.ഒ. | മയ്യിൽ എസ്.സിബി. |
| 19 | നിമ്മി ഏലിയാസ് | തേൻപള്ളിയിൽ ഹൗസ്, പ്രാപൊയിൽ, വയക്കര | പെരിങ്ങോം എസ്.സിബി. |
| 20 | ലത. കെ. വി. | കണിശൻവീട്ടിൽ വാർഡ് നം. 14, രാമന്തളി.പി.ഒ. | രാമന്തളി എസ്.സിബി. |

## സഹകരണ ക്രാഫ്റ്റ് വില്ലേജുകൾ

261 (4297) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും ഉല്പാദനക്ഷമത കൈവരിക്കുന്നതിനും സഹകരണ ക്രാഫ്റ്റ് വില്ലേജുകളിലൂടെ സാധ്യമാകുമെന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സഹകരണ ക്രാഫ്റ്റ് വില്ലേജുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പുരോഗതിയും അറിയിക്കുമോ;

(സി) പുതുതായി എവിടെയെല്ലാം സഹകരണ ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്;

(ഡി) സംസ്ഥാനത്തെ ടൂറിസം മേഖലകളിൽ ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിനും അത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല അതതു പ്രദേശത്തെ ടൂറിസം സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) പരമ്പരാഗത-പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി പ്രത്യേക പരിഗണന നൽകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രാഫ്റ്റ് വില്ലേജുകൾ പ്രവർത്തിക്കുന്നില്ല. ആകയാൽ വിലയിരുത്തിയിട്ടില്ല.

(ബി) ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിയന്ത്രണത്തിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ഇരങ്ങിൽ സർഗ്ഗാലയ ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. എല്ലാ വർഷവും ടി ക്രാഫ്റ്റ് വില്ലേജിന്റെ നേതൃത്വത്തിൽ അന്തർദ്ദേശീയ കരകൗശലമേള നടന്നുവരുന്നുണ്ട്. അന്യംനിന്നുപോകുന്ന കരകൗശല മേഖലയെ നിലനിർത്തുകയും പുതുതലമുറയ്ക്ക് ഇതിന്റെ പ്രാധാന്യം കൈമാറി കൊടുക്കുന്നതിന്റെയും ഭാഗമായി കരകൗശല നിർമ്മാണ പരിശീലനവും ഇവിടെ നിന്നും നൽകിവരുന്നു.

(സി) ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരുവനന്തപുരം ജില്ലയിലെ കോവളത്തിനടുത്ത് വെള്ളാർ എന്ന സ്ഥലത്ത് പുതുതായി ഒരു ക്രാഫ്റ്റ് വില്ലേജിന്റെ പണി പൂർത്തീകരിച്ചുവരുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പരമ്പരാഗത-പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി വരും സാമ്പത്തിക വർഷങ്ങളിൽ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ കെയർ ഹോം പദ്ധതി

262 (4298) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർഹോം പദ്ധതി പ്രകാരം വിവിധ സഹകരണ സംഘങ്ങൾ വഴി പാലക്കാട് ജില്ലയിൽ എത്ര വീടുകളാണ് നിർമ്മിച്ച് നൽകാൻ പദ്ധതിയിട്ടതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്നവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) 206 (ഇരുന്നൂറ്റിയാറ്) വീടുകൾ. മണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മണ്ഡലം | എണ്ണം |
|---|---|---|
| 1 | ആലത്തൂർ | 3 |
| 2 | പാലക്കാട് | 62 |
| 3 | മലമ്പുഴ | 42 |
| 4 | കോങ്ങാട് | 38 |
| 5 | ചിറ്റൂർ | 27 |
| 6 | നെന്മാറ | 3 |
| 7 | മണ്ണാർക്കാട് | 1 |
| 8 | ഷൊർണ്ണൂർ | 4 |
| 9 | ഒറ്റപ്പാലം | 6 |
| 10 | പട്ടാമ്പി | 11 |
| 11 | തൃത്താല | 9 |
| | ആകെ | 206 |

(ബി) കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ചുനൽകേണ്ട 206 വീടുകളിൽ 201 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 5 വീടുകളുടെ നിർമ്മാണം 2019 നവംബർ 15-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സഹകരണ സ്ഥാപനങ്ങളുടെ ട്രഷറിയിലെ നിക്ഷേപങ്ങൾ**

263 (4299) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പല ഘട്ടങ്ങളിലായി സഹകരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നടത്തിയ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശയിൽ നിന്നും റ്റി.ഡി.എസ് ഈടാക്കുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം ഈടാക്കുന്ന 'റ്റി.ഡി.എസ് ' ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറി നിക്ഷേപങ്ങളിലുള്ള വാർഷിക പലിശ 5,000 രൂപ അധികരിച്ചാൽ ഡിഡക്റ്റർ എന്ന നിലയിൽ ട്രഷറി ഓഫീസർമാർ ആദായനികുതി നിയമത്തിലെ റൂൾ 194-എ പ്രകാരം നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ സഹകരണ സൊസൈറ്റികളുടെ നിക്ഷേപങ്ങളിലും സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള നിക്ഷേപങ്ങളിലും വാർഷിക പലിശ 5,000 രൂപ അധികരിച്ചാൽ ആദായ നികുതി കുറവ് വരുത്താറുണ്ട്. എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെ ബാങ്കിംഗ് ബിസിനസ് നടത്തുന്ന സൊസൈറ്റികൾക്കും ആദായ നികുതി വകുപ്പിൽനിന്നും ലഭ്യമാക്കുന്ന ഇൻകം ടാക്സ് ആക്ട് 197 അനുസരിച്ചുള്ള നോൺ ഡിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്ന സൊസൈറ്റികൾക്കും ആദായ നികുതി ഇളവ് ലഭിക്കാറുണ്ട്.

(ബി) ഇൻകം ടാക്സ് നിയമം കേന്ദ്ര സർക്കാർ നിയമമാണ്. ഇതിൽ ഭേദഗതി കൊണ്ടുവരുന്നതിനും ഇളവ് അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ.

## കേരള ബാങ്ക് നിലവിൽ വരുമ്പോഴുള്ള മാറ്റങ്ങൾ

264 (4300) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ;

(ബി) കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജില്ലാ ബാങ്കുകളുടെ എല്ലാ ബ്രാഞ്ചുകളെയും നിലനിർത്താൻ സാധിക്കുമോ; ബ്രാഞ്ചുകൾ വെട്ടിക്കുറക്കേണ്ട സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കേരള ബാങ്കിന് അന്തിമാനുമതി ലഭിക്കാൻ റിസർവ് ബാങ്കിന് നൽകിയ അണ്ടർടേക്കിംഗിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും കരഗതമാകാൻ കേരള ബാങ്ക് രൂപീകരണം വഴി തെളിക്കും.

കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ വായ്പ ലഭ്യമാക്കാൻ സാധിക്കുന്നതിലൂടെ അംഗ സംഘങ്ങളുടെ ലാഭക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ ആനുകൂല്യങ്ങൾ ഗ്രാമീണ ഉപഭോക്താക്കളുടെ അംഗസംഘങ്ങളിലെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും.

കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമായതാകയാൽ നബാർഡിൽ നിന്നുള്ള പുനർവായ്പ തുക വർദ്ധിപ്പിക്കുന്നതിന് കഴിയും. അതുവഴി കാർഷിക വായ്പ തോത് വർദ്ധിപ്പിക്കാനാവും.

അധിക ഫണ്ട് കൂടുതൽ ആദായകരമായി നിക്ഷേപിക്കാൻ കഴിയും.

കേരളബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് കൂടുതൽ ഉയർന്ന ലാഭവിഹിതം അംഗസംഘങ്ങൾക്ക് നേടിയെടുക്കാൻ കഴിയും.

മൈക്രോ ഫിനാൻസ് രംഗത്ത് ഉൾപ്പെടെ സംഘങ്ങൾക്ക് ഫലപ്രദമായ ഇടപെടൽ നടത്താൻ സാധിക്കും.

ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവ് ഈടാക്കി നൽകാൻ കഴിയുന്നതിലൂടെ സംഘങ്ങളുടെ അംഗങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസം നേടിയെടുക്കാൻ സാധിക്കും.

(ബി) കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ എല്ലാ ശാഖകളും നിലനിർത്താൻ സാധിക്കും.

ബ്രാഞ്ചുകൾ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യം നിലവിലില്ല.

(സി) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14 എ-യുമായി ബന്ധപ്പെട്ട കേസ്സുകളിൽ കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി എത്രയും വേഗം ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അന്തിമ അനുമതിക്ക് റിസർവ് ബാങ്ക് ചുവടെ പറയുന്ന നിബന്ധനകളാണ് മുന്നോട്ടുവച്ചിട്ടുള്ളത്:

(1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുമ്പ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9 ശതമാനം മൂലധന പര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.

(2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.

(3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.

(4) ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗ നിർദ്ദേശത്തിന് അനുസരിച്ചാവണം.

(5) ലയനശേഷം ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

(6) അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം.

**കേരള ബാങ്ക് ജീവനക്കാരായി പരിഗണിക്കപ്പെടുന്നവർ**

265 (4301) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജിവനക്കാരെ കേരള ബാങ്കിലെ ജീവനക്കാരായി പരിഗണിക്കുമെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കിലെ കളക്ഷൻ ജീവനക്കാരെ കേരള ബാങ്കിലെ ജീവനക്കാരാക്കുവാൻ പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെയും കേരളാ ബാങ്കിലെ ജീവനക്കാരായി പരിഗണിച്ച് സ്ഥിരനിയമനം നൽകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ സഹകരണ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും എല്ലാ തസ്തികകളിലും ജോലി നോക്കിവരുന്ന സ്ഥിരം ജീവനക്കാരും കേരള ബാങ്കിലെ ജീവനക്കാരായി മാറുന്നതാണ്.

(ബി&സി) കേരള ബാങ്ക് രൂപീകരണ സമയത്ത് എല്ലാ വിഷയങ്ങളും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

266 (4302) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം വീണ്ടും നീട്ടി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;പ്രസ്തുത ബാങ്കുകളിൽ എന്നു മുതലാണ് അപ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഭരണം ആരംഭിച്ചത്;

(ബി) ചട്ടപ്രകാരം എത്ര കാലയളവുവരെയാണ് സഹകരണ സംഘങ്ങളെ ഉദ്യോഗസ്ഥഭരണത്തിലാക്കാൻ വ്യവസ്ഥയുള്ളത്; വിശദമാക്കുമോ;

(സി) സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച് ചട്ടം മറികടന്നു കൊണ്ട് അപ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഭരണം നീട്ടി നൽകുന്നതിനാധാരമായ ഏതു സാഹചര്യമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം വീണ്ടും നീട്ടി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 11-4-2017-മുതലാണ് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ആരംഭിച്ചത്.

(ബി) ചട്ടപ്രകാരം രണ്ട് വർഷംവരെയാണ് സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താൻ കഴിഞ്ഞത്. എന്നാൽ സംഘങ്ങളിലെ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 101 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റർ ഭരണം രണ്ടു വർഷത്തിലധികരിച്ചും തുടരാവുന്നതാണ്.

(സി) സഹകരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചാണ് സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും അഡ്മിനിസ്ട്രേറ്റർ ഭരണം നീട്ടിനൽകിയിട്ടുള്ളത്.

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ മേഖല റിസർവ് ബാങ്കും നബാർഡും നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം ജില്ലാ ബാങ്കുകളുടെ ലയനത്തിനുള്ള അന്തിമ നടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിലാണ് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 101 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കുകളിൽ ഭരണസമിതി നിലവിലില്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഭരണസമിതി രൂപീകരിക്കാനാകാത്ത സാഹചര്യമുണ്ടായതിനാലാണ് കേരള സംസ്ഥാന സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

## കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ അനധികൃത നിയമനം

267 (4303) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ മുൻ ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ അനധികൃത നിയമനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബഹു. കേരള ഹൈക്കോടതിയിലെ 14599/2019/റിട്ട് പെറ്റീഷന്റെ വിധി ന്യായം നടപ്പിലാക്കിയതിലൂടെ കണ്ടെത്തിയ, മുൻ ഭരണസമിതിയുടെ തെറ്റായ നിയമന നടപടിക്രമങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് 14-8-2019-ന് EM(1)109208/19/നമ്പർ പ്രകാരം കേരള സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; ഈ ഉത്തരവിന്റെ പകർപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിന് പ്രസ്തുത ഉത്തരവ് ലഭ്യമായത് എപ്പോഴാണെന്ന് അറിയിക്കുമോ;

(സി) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹതപ്പെട്ട നൂറ്റി മുപ്പത് ഒഴിവുകൾ വന്നതിൽ പ്രസ്തുത അനധികൃത നിയമനം കാരണം നാല്പത്തി ഏഴ് പേരുടെ നിയമനം മാത്രമാണ് നടന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അനധികൃത നിയമനങ്ങൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) അനധികൃത നിയമനം മൂലം അവസരം നഷ്ടപ്പെടുന്ന കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ നിലവിലുള്ള ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 30-7-2014-നുശേഷം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് 30-07-2014-ന് കാലാവധി അവസാനിച്ച കാറ്റഗറി നമ്പർ 20/2006, 21/2006 എന്നീ റാങ്ക് ലിസ്റ്റുകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയ കാരണത്താൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ റിട്ട്പെറ്റീഷൻ നമ്പർ 14599/2019-ലുള്ള വിധിന്യായം നടപ്പിലാക്കി സഹകരണ സംഘം രജിസ്ട്രാർ 14-8-2019-ന് പുറപ്പെടുവിച്ച ഉത്തരവ് 9-10-2019-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(സി-ഇ) ഈ വിഷയത്തിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച സഹകരണ സംഘം രജിസ്ട്രാറുടെ 27-9-2019-ലെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

## സഹകരണ അർബൻ ബാങ്കുകളിൽ സൂപ്പർ ഗ്രേഡ്

268 (4304) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്കുകളിൽ സൂപ്പർ ഗ്രേഡ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലേതുപോലെ സഹകരണ അർബൻ ബാങ്കുകളിലും സൂപ്പർ ഗ്രേഡ് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം ഇപ്പോൾ സഹകരണ വകുപ്പിന്റെ പരിഗണനയിലില്ല.

## പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം

269 (4305) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ സംഘങ്ങളെ കാലഘട്ടത്തിനനുസൃതമായി ആധുനികവത്കരിക്കുന്നതിനും പുതിയ തലമുറ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ സർക്കാർ നടത്തിയ നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

പ്രാഥമിക സഹകരണ സംഘങ്ങളുടെ കംപ്യൂട്ടർവത്ക്കരണം, കോർബാങ്കിംഗ്, എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കുവേണ്ടി പ്രാഥമിക സഹകരണ

സംഘങ്ങൾക്ക് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി പരമാവധി 10 ലക്ഷം രൂപവരെ പദ്ധതി ധനസഹായം നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ കാലഘട്ടത്തിനനുസൃതമായി ആധുനികവത്ക്കരിക്കുന്നതിനും പുതിയ തലമുറ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള കോ-ഓപ്പറേറ്റീവ് എന്ന പേരിലുള്ള ടി ബാങ്ക് രൂപീകരണത്തിലൂടെ കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല സമ്പൂർണ്ണമായി നവീകരിക്കപ്പെടും. സ്വാഭാവികമായും കേരള ബാങ്കിലെ അംഗസംഘങ്ങൾക്കും പുത്തൻ തലമുറ ബാങ്കിഗ് സേവനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആധുനിക സൗകര്യങ്ങളും പ്രദാനം ചെയ്യാൻ കഴിയുന്ന സ്ഥിതി ഉണ്ടാകും. സഹകരണ ബാങ്കുകളിൽ കോമൺ സോഫ്റ്റ്വെയർ, കോർബാങ്കിംഗ്, ഡിജിറ്റലൈസേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിലെ അന്വേഷണം

270 (4306) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതൊക്കെ സർവ്വീസ് സഹകരണ ബാങ്കുകളിലാണ് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ പേരിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽ അന്വേഷണം നടക്കുന്നില്ല. ചെങ്കൽ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

## കേരള ഗഡറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘത്തിൽ അംഗത്വം

271 (4307) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വഴുതക്കാടുള്ള കേരള ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘത്തിൽ അംഗത്വം ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഉള്ളത്; വിശദമാക്കാമോ;

(ബി) 2013 മുതൽ 2018 വരെ അംഗത്വം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) നിലവിൽ അംഗത്വത്തിന് എത്ര അപേക്ഷകൾ സൊസൈറ്റിയിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന സർവ്വീസിലുള്ള ഏതൊരു ഗസറ്റഡ് ഉദ്യോഗസ്ഥനും സംഘത്തിൽ അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. അംഗത്വത്തിനുള്ള അപേക്ഷകൾ സംഘത്തിൽനിന്നും ലഭിക്കുന്നതാണ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ നിലവിലുള്ള ഒരു അംഗത്തിന്റെ ശിപാർശയോടൊപ്പം സംഘത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ വയ്ക്കുകയും ഭരണസമിതി തീരുമാനപ്രകാരം അംഗത്വം അനുവദിക്കുകയും ചെയ്യുന്നു.

(ബി) 2013-മുതൽ 2018- വരെ അംഗത്വം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 630 |
| 2 | കൊല്ലം | 50 |
| 3 | പത്തനംതിട്ട | 15 |
| 4 | ആലപ്പുഴ | 16 |
| 5 | കോട്ടയം | 18 |
| 6 | ഇടുക്കി | 18 |
| 7 | എറണാകുളം | 13 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 29 |
| 9 | പാലക്കാട് | 10 |
| 10 | കോഴിക്കോട് | 249 |
| 11 | മലപ്പുറം | 40 |
| 12 | വയനാട് | 64 |
| 13 | കണ്ണൂർ | 19 |
| 14 | കാസർഗോഡ് | 8 |
| | ആകെ | 1179 |

(സി) 18 അപേക്ഷകൾ സംഘത്തിൽ ലഭ്യമായിട്ടുണ്ട്.

**പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ**

272 (4308) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന് കീഴിൽ എത്ര പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കാമോ;

(ബി) എത്ര ജീവനക്കാർ ഇപ്പോൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സഹകരണ വകുപ്പിനുകീഴിൽ 12,850 പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. 72060 ജീവനക്കാർ ഇപ്പോൾ നിലവിലുണ്ട്.

**പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

273 (4309) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നിലവിലുള്ള പ്രവർത്തനങ്ങളിൽ പുതിയ നിയന്ത്രണങ്ങൾ എന്തെങ്കിലും ഉണ്ടാകുമോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കേരള ബാങ്ക് രൂപീകരിക്കുന്നത് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ചുകൊണ്ടാണ്.

ഇപ്രകാരം കേരള ബാങ്ക് രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ തുടർന്നും നടത്താൻ കഴിയുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

274 (4310) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സഹകരണ സംഘങ്ങളിലാണ് 2015 ഏപ്രിൽ 1-ന് ശേഷം സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015 ഏപ്രിൽ 1-ന ശേഷം നാളിതുവരെയായി സാമ്പത്തിക ക്രമക്കേടുകൾ കണ്ടത്തിയ കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. മജ്ബെയിൽ സർവ്വീസ് സഹകരണ ബാങ്ക്

2. മുഗ സർവ്വീസ് സഹകരണ ബാങ്ക്

3. മംഗൽപാടി-പൈവളികെ അർബൻ സഹകരണ സംഘം

4. പീലിക്കോട് സർവ്വീസ് സഹകരണ ബാങ്ക്

5. ഉദുമ പനയാൽ അർബൻ സഹകരണ സംഘം

6. മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക്

7. വെസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക്

8. കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്ക്

9. മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക്

10. പെർളട്ടുക്കം അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ആന്റ് പ്രൊസസിംഗ് സഹകരണ സംഘം

11. കാടകം വനിതാ സർവ്വീസ് സഹകരണ സംഘം

12. നെക്രാജെ സർവ്വീസ് സഹകരണ ബാങ്ക്

(ബി) ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ ഇന്റേണൽ ഓഡിറ്റിംഗ്, ഇന്റേണൽ ചെക്കിംഗ് എന്നിവ ശക്തിപ്പെടുത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മേൽ സംഘങ്ങളിൽ സഹകരണ നിയമം വകുപ്പ് 65,66 എന്നിവ പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

## അടൂരിൽ സഹകരണ പരിശീലന കേന്ദ്രം

275 (4311) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ ഒരു സഹകരണ പരിശീലന കേന്ദ്രം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അടൂർ കേന്ദ്രമാക്കി ഒരു സഹകരണ പരിശീലന കേന്ദ്രം സമയബന്ധിതമായി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അടൂർ മണ്ഡലത്തിൽ സഹകരണ പരിശീലന കേന്ദ്രം നിലവിലില്ല. അടൂർ മണ്ഡലം ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ ആറന്മുള സഹകരണ പരിശീലന കോളേജിൽ 2010-11 അദ്ധ്യയന വർഷം മുതൽ ജെ.ഡി.സി. കോഴ്സുകൂടി ആരംഭിച്ച് നടത്തിവരുന്നുണ്ട്.

(ബി) അടൂരിൽ ഒരു സഹകരണ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരു നിവേദനം 2015-ൽ ലഭിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു സഹകരണ പരിശീലന കേന്ദ്രത്തിനാണ് സാധാരണയായി അനുമതി നൽകുന്നത്. പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒരു സഹകരണ പരിശീലന കേന്ദ്രം അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത നിവേദനത്തിന്മേൽ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) പത്തനംതിട്ട ജില്ലയ്ക്കായി ആറന്മുളയിൽ ഒരു സഹകരണ പരിശീലന കേന്ദ്രം നിലവിലുള്ളതിനാൽ ഇനിയും ഒരു സഹകരണ പരിശീലന കേന്ദ്രംകൂടി ആരംഭിക്കേണ്ട ആവശ്യകത കാണുന്നില്ല എന്നതിനാൽ ഇക്കാര്യം സംസ്ഥാന സഹകരണ യൂണിയന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

**സ്ഥിര നിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിച്ച പരാതി**

276 (4312) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മൂത്തേടത്ത് വീട്ടിൽ ശ്രീ. എം. പി. സിദ്ധാർത്ഥൻ, യു. ബി. ബീന എന്നിവർ തൃശ്ശൂർ ജില്ലയിലെ കേച്ചേരി പ്രിയദർശിനി സഹകരണ ആശുപത്രി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിച്ച പരാതി സഹകരണസംഘം രജിസ്ട്രാർ തീർപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മൂത്തേടത്ത് വീട്ടിൽ ശ്രീ. എം.പി. സിദ്ധാർത്ഥൻ, യു. ബി. ബീന എന്നിവർ തൃശ്ശൂർ ജില്ലയിലെ കേച്ചേരി പ്രിയദർശിനി സഹകരണ ആശുപത്രി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിച്ച പരാതി പരിശോധിച്ച് മുതൽ ഇനത്തിൽ ശ്രീ. എം. പി. സിദ്ധാർത്ഥന് 1,13,000 രൂപയും യു. ബി. ബീന-യ്ക്ക് 1,00,000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ നിക്ഷേപത്തിന് പലിശ നൽകിയിട്ടില്ല.

പരാതിക്കാർ രണ്ടുപേരും ടിയാൻമാരുടെ നിക്ഷേപത്തിന് നിക്ഷേപ രസീതിൽ സൂചിപ്പിച്ച 14 ശതമാനം പലിശ വാർഷിക കൂട്ടുപലിശയായി ലഭിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. സാമ്പത്തിക തകർച്ച നേരിട്ട പ്രിയദർശിനി സഹകരണ ആശുപത്രി പ്രവർത്തനരഹിതമായതിനെ തുടർന്ന്

സംഘത്തിന്റെ കൈവശമുള്ള 2 ഏക്കർ സ്ഥലവും കെട്ടിടവും ടി സംഘത്തിന്റെ ബാദ്ധ്യതകളും കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്തിരുന്നു. സഹകരണ സംഘത്തിലെ മറ്റ് എല്ലാ നിക്ഷേപകർക്കും നിക്ഷേപ കാലാവധി കഴിയുന്നതുവരെ രസീത് പ്രകാരമുള്ള പലിശയും തുടർന്ന് കൺസ്യൂമർ ഫെഡ് ഏറ്റെടുക്കുന്നതുവരെ മുതൽ സംഖ്യയ്ക്ക് 8 ശതമാനം സാധാരണ പലിശയുമാണ് നൽകിയിട്ടുള്ളത്. നിക്ഷേപകർക്ക് തുക ലഭിച്ചില്ലെന്ന പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി 26-6-2013-ന് തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ഹിയറിംഗ് നടത്തുകയും പ്രസ്തുത ഹിയറിംഗിൽ ഹർജിക്കാരായ ശ്രീമതി. യു. ബി. ബീനയും ഭർത്താവ് സിദ്ധാർത്ഥനും ഒഴികെ ഹാജരായ മറ്റെല്ലാ നിക്ഷേപകരും ഫിക്സഡ് ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്നതുവരെ നിക്ഷേപ രസീതിലെ പലിശയും ആയതിനുശേഷം മുതൽ സംഖ്യ തിരികെ നൽകുന്നതുവരെ 8 ശതമാനം പലിശ സ്വീകരിച്ച് കണക്ക് അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ടി. ഹിയറിംഗിൽ മേൽ ഹർജിക്കാർക്കുവേണ്ടി ഹാജരായ വ്യക്തി മേൽപ്രകാരമുള്ള തുക കൈപ്പറ്റുന്നതിന് സമ്മതമല്ലെന്ന് അറിയിച്ചിരുന്നു. ആയതിനാൽ കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്ത ബാധ്യതയുടെ പട്ടികയിൽ ശ്രീമതി യു.ബി. ബീനയ്ക്ക് നൽകാനുള്ള തുക ഉൾപ്പെട്ടിരുന്നില്ല. മറ്റ് നിക്ഷേപകർക്ക് നൽകിയപോലെ 8 ശതമാനം സാധാരണ പലിശ മാനദണ്ഡത്തിൽ തുക സ്വീകരിക്കാൻ പരാതിക്കാർ തയ്യാറാണെങ്കിൽ കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ) പ്രിയദർശിനി ആശുപത്രി സഹകരണ സംഘത്തിന്റെ സെക്രട്ടറി എന്നിവരടങ്ങിയ ബാധ്യത തിട്ടപ്പെടുത്തുന്നതിനായി രൂപീകരിച്ച സബ്കമ്മിറ്റി വിളിച്ചുചേർത്ത് തീരുമാനം കൈക്കൊണ്ട് തുക നൽകാൻ കഴിയുന്നതാണ്.

## കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം

277 (4313) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് കർഷകർക്ക് ഈ സാമ്പത്തിക വർഷം എത്ര തുകയാണ് വായ്പയായി ഇതിനകം അനുവദിച്ചത്;

(ബി) സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ നബാർഡ് നൽകുന്ന തുകയാണോ വായ്പാ വിതരണത്തിനായി ബാങ്ക് ഉപയോഗിക്കുന്നത്;

(സി) ഇതിന് സർക്കാർ ഗ്യാരന്റി കമ്മീഷൻ ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം; പ്രസ്തുത തുക കുറയ്ക്കണമെന്ന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) ഒരു വർഷത്തിൽ കുറവുള്ള നിക്ഷേപം സ്വീകരിക്കുവാൻ ഗ്രാമവികസന ബാങ്കുകൾക്ക് അനുമതിയുണ്ടോ; ഇല്ലെങ്കിൽ അനുമതി നൽകുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഈ സാമ്പത്തിക വർഷം 83,642.27 ലക്ഷം രൂപയാണ് വായ്പയായി ഇതിനകം അനുവദിച്ചത്.

(ബി) സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ നബാർഡ് നൽകുന്ന തുകയാണ് ബാങ്ക് വായ്പ വിതരണത്തിനായി ഉപയോഗിക്കുന്നത്.

(സി) സർക്കാർ ഗ്യാരന്റി കമ്മീഷൻ ഈടാക്കുന്നുണ്ട്. വർഷാന്ത്യം ബാക്കി നിൽപ്പ് വായ്പാ തുകയുടെയും അതിന്റെ പലിശയുടെയും 0.75 ശതമാനമാണ് ഗ്യാരന്റി കമ്മീഷനായി ഈടാക്കുന്നത്.

ഗ്യാരന്റി കമ്മീഷൻ നിരക്ക് കുറയ്ക്കണമെന്ന് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 2003-ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റി ആക്ടിലെ വ്യവസ്ഥ പ്രകാരമാണ് ഗ്യാരന്റി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്.

(ഡി) പ്രാഥമിക ബാങ്കുകൾക്ക് നിലവിൽ നിക്ഷേപം സ്വീകരിക്കാൻ അനുമതി നൽകിയിട്ടില്ല.

## തിരുവനന്തപുരം ജില്ലയിൽ റിസ്ക് ഫണ്ട് വഴി നൽകിയ ആനുകൂല്യങ്ങൾ

278 (4314) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം ജില്ലയിൽ റിസ്ക് ഫണ്ട് വഴി എത്ര പേർക്ക് ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ റിസ്ക് ഫണ്ട് മുഖേന ആനുകൂല്യം നൽകിയത് എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ 30-9-2019-വരെ വഴി 1874 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. റിസ്ക് ഫണ്ട് 30-9-2019-വരെ 18,18,64,591 രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

## റിസ്ക് ഫണ്ട്

279 (4315) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് തിരിച്ചടവ് പൂർത്തിയാവുന്നതിന് മുമ്പ് വായ്പക്കാരൻ മരണപ്പെടുന്നപക്ഷം ആറ് മാസത്തിലധികം കുടിശ്ശിക വരുത്തിയ വായ്പക്കാരുടെ കാര്യത്തിൽ ആശ്വാസമായി റിസ്ക് ഫണ്ടിൽ നിന്ന് തുക അനുവദിക്കരുതെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ബി) സാമ്പത്തിക പ്രയാസമോ ഗുരുതര രോഗമോ പിടിപെട്ടതിന്റെ പേരിൽ കുടിശ്ശിക വന്നവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് വായ്പാകാലവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ ആറ് മാസത്തിലധികരിച്ചും വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി ആറ് മാസത്തിലധികരിച്ചും വായ്പാമുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് റിസ്ക്ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (കുടിശ്ശിക എന്നാൽ കേരള സഹകരണ നിയമത്തിനും ചട്ടത്തിനും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിനും വിധേയമായിരിക്കുന്നതാണ്). റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 13(6)-ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സ ധനസഹായത്തിന് ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നതിന് വായ്പ കുടിശ്ശിക ബാധകമായിരിക്കുന്നതല്ലായെന്ന് റിസ്ക് (സി) ഫണ്ട് നിയമാവലി ഖണ്ഡിക 4(സി)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**റിസ്ക് ഫണ്ട് പ്രകാരം അനുവദിച്ച തുക**

280 (4316) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര പേർക്ക് സഹായധനം അനുവദിച്ച നൽകിയിട്ടുണ്ട്; ഇത് എത്ര കോടി രൂപ വരും; അറിയിക്കാമോ;

(ബി) മാനദണ്ഡങ്ങൾ കൂടുതൽ ഉദാരവൽക്കരിച്ച് റിസ്ക് ഫണ്ട് പ്രകാരം അനുവദിക്കുന്ന തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 26388 പേർക്ക് 201.48 കോടി രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) 20-9-2019-മുതൽ പ്രാബല്യത്തിൽ വന്ന സ.ഉ (കൈ) നം 35/2019/സഹ നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് ബൈലോ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് മരണപ്പെടുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി നൽകിവരുന്ന ധനസഹായം 1,50,000 രൂപയിൽനിന്നും 2,00,000 രൂപയായും ചികിത്സ ധനസഹായമായി നൽകിവരുന്ന ധനസഹായം 75000 രൂപയിൽ നിന്നും 1,00,000 രൂപയായും ഉയർത്തിയിട്ടുണ്ട്.

**നാദാപുരം മണ്ഡലത്തിൽ റിസ്ക് ഫണ്ടിൽനിന്ന് തുക**

281 (4317) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നിന്ന് കഴിഞ്ഞ രണ്ട് വർഷം റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്തടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ബി) അതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; അവർക്ക് നൽകിയ തുക എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ 10 പഞ്ചായത്തുകളിൽ നിന്നുമായി 2 വർഷത്തിനിടയിൽ 75 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ചെക്യാട് | 8 |
| 2 | എടച്ചേരി | 12 |
| 3 | കാവിലുംപാറ | 6 |
| 4 | മരുതോങ്കര | 5 |
| 5 | നാദാപുരം | 8 |
| 6 | നരിപ്പറ്റ | 0 |
| 7 | തൂണേരി | 24 |
| 8 | വളയം | 1 |
| 9 | വാണിമേൽ | 2 |
| 10 | കായക്കൊടി | 9 |
| | ആകെ | 75 |

(ബി) ലഭ്യമായ അപേക്ഷകളിൽ തീർപ്പുകല്പിച്ച അപേക്ഷകൾ, അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

282 (4318) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ടിൽ മാവേലിക്കര മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷയിൽ ആനുകൂല്യം അനുവദിക്കുവാൻ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഫണ്ട് പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽനിന്നുള്ള 26 അപേക്ഷകളിൽ ഇനി നടപടികൾ പൂർത്തീകരിക്കാനുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അതാത് സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. മേൽ പ്രകാരം 26 അപേക്ഷകളിൽ 23 എണ്ണത്തിൽ ന്യൂനതകൾ പരിഹരിച്ച് കിട്ടാത്തതുമൂലമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

## പ്രഥമ അന്തർദ്ദേശീയ സഹകരണ വ്യാപാരമേള

283 (4319) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിൽ വച്ച് നടന്ന പ്രഥമ അന്തർദ്ദേശീയ സഹകരണ വ്യാപാരമേള ഏതൊക്കെ തരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് പ്രയോജനപ്രദമായെന്ന് അറിയിക്കാമോ; സംസ്ഥാനത്തെ സംഘങ്ങൾക്ക് അവാർഡ് ലഭിച്ചിരുന്നോ;

(ബി) ഉല്പാദക സഹകരണ സംഘങ്ങളെയും വിപണന സഹകരണ സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനം അറിയിക്കാമോ; ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിൽ കൊണ്ടു വരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കൃഷിയടിസ്ഥാനമാക്കിയുള്ള സംസ്കരണ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയിലെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ, അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിലേയ്ക്കായി NCDC-യുടെ ആഭിമുഖ്യത്തിൽ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ചാണ് പ്രഥമ അന്തർദേശീയ സഹകരണ വ്യാപാരമേള (IICTF-2019) നടന്നത്. ടി ഫെയറിൽ കേരളത്തിൽ നിന്നും അന്തർദ്ദേശീയ തലത്തിൽ അംഗീകാരമുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, മാർക്കറ്റ്ഫെഡ്, ഹോസ്പിറ്റൽ ഫെഡറേഷൻ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, സംസ്ഥാന സഹകരണ ബാങ്ക്, ആശുപത്രി സഹകരണ സംഘങ്ങളായ പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രി, കൊല്ലം എൻ.എസ്.സ്മാരക സഹകരണ ആശുപത്രി (ഫെഡറേഷന് കീഴിൽ), ഫെഡറൽ സംഘങ്ങളായ റെയ്ഡ്കോ, റബ്കോ, കൂടാതെ 16 പ്രാഥമിക സംഘങ്ങൾ ഉൾപ്പെടെ 27 സംഘങ്ങൾ പങ്കെടുത്തിരുന്നു. വിവിധ ബ്രാന്റുകളിലായി 170 ഉല്പന്നങ്ങളാണ് പ്രദർശനത്തിന് എത്തിച്ചത്. ഇതിൽ "ഭൗമസൂചികാ പദവി" ലഭിച്ച കേരളത്തിന്റെ ഉല്പന്നങ്ങളായ പൊക്കാളി അരി, മറയൂർ ശർക്കര, പാലക്കാടൻ മട്ട, നവര അരി, രക്തശാലി അരി, കാസർഗോഡ് സാരി, ചേന്ദമംഗലം, ബാലരാമപുരം കൈത്തറി എന്നിവ ഉൾപ്പെടുന്നു. ഇതിനുപുറമേ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം നാളികേര ഉല്പന്നങ്ങൾ, എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ ആയുർവ്വേദ ഔഷധങ്ങൾ, കേരളത്തിന്റെ സുഗന്ധദ്രവ്യ ഉല്പന്നങ്ങൾ, ജൈവ അരി ഉല്പന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ, ഫർണീച്ചറുകൾ, ഹെർബൽ എണ്ണ, ചക്ക ഉല്പന്നങ്ങൾ എന്നിവയും ഉൾപ്പെടുന്നു. സംസ്ഥാന സഹകരണ ബാങ്ക്, കേരളത്തിലെ സഹകരണ മേഖലയെ സംബന്ധിച്ച സേവനങ്ങൾ, ഊരാളുങ്കൽ ലേബർ സഹകരണ സംഘത്തിന്റെ പ്രവർത്തനം എന്നിവയും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വിജയഗാഥകൾ പറയുന്ന ഡോക്യുമെന്ററികളും മേളയിൽ പ്രദർശിപ്പിച്ചിരുന്നു. ടി വ്യാപാരമേളയിലൂടെ കേരളത്തിന്റെ ഉല്പന്നങ്ങൾക്ക് ദേശീയ, അന്താരാഷ്ട്ര വിപണി തുറന്നുകിട്ടുകയുണ്ടായി. അഞ്ചരക്കണ്ടി ഫാർമേഴ്സ് സഹകരണ സംഘം തെലുങ്കാന

മാർക്കറ്റിംഗ് ഫെഡറേഷനുകളുമായും ധാരണപത്രം ഒപ്പിട്ടു. ബീഹാർ മാർക്കറ്റിംഗ് ഫെഡറേഷൻ മാർക്കറ്റ്ഫെഡ് വഴി നാളികേരം വാങ്ങും. സുഗന്ധവ്യഞ്ജനങ്ങളുടെ വിപണനത്തിന് കേരളാ മാർക്കറ്റിംഗ് ഫെഡറേഷനും ഗുജറാത്ത് മാർക്കറ്റിംഗ് ഫെഡറേഷനും തമ്മിൽ ധാരണയായി. പകരം അവിടെനിന്ന് ഗോതമ്പ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ കേരളത്തിനു നൽകും. എസ്.സി./എസ്.റ്റി ഫെഡറേഷന്റെ ആയുർവ്വേദ ഉല്പന്നങ്ങളിൽ ഫിലിപ്പൈൻസിൽ നിന്നുള്ള വ്യാപാരികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ താൻസാനിയായിലെ ബാസുര ഫാർമസ്യൂട്ടിക്കൽസുമായി ചർച്ച നടത്തുകയുണ്ടായി. നോർത്ത് മലബാർ ഡിസ്ട്രിക് സഹകരണ സംഘത്തിൽനിന്നും ഉത്തരാഖണ്ഡിലെ സുവിധ സഹകരണ സംഘങ്ങൾ സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങാനും ധാരണയായി.

ടി വ്യാപാരമേളയിൽ കേരളത്തിന് 3 അവാർഡുകൾ ലഭിക്കുകയുണ്ടായി. മികച്ച പ്രദർശനത്തിന് സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, മത്സ്യഫെഡ് എന്നിവർക്കാണ് പ്രസ്തുത അവാർഡുകൾ ലഭിച്ചിട്ടുള്ളത്.

(ബി) വിവിധ കാർഷിക ഉത്പന്നങ്ങളുടെ വിപണന അടിസ്ഥാന സൗകര്യ വികസനത്തിനായി, സാമ്പത്തികമായി ലാഭകരമായ പദ്ധതികൾ രൂപീകരിച്ചുകൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്താൻ വിപണന സഹകരണ സംഘങ്ങൾക്ക് സഹായം നൽകിവരുന്നു. സംഘങ്ങളുടെ പ്രവർത്തനം, പദ്ധതികളുടെ പ്രായോഗികത എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ടാണ് സഹായം നൽകുന്നത്. വിപണനം നൽകുന്ന എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതാണ്. ഇതിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വിപണനം ശക്തിപ്പെടുത്തുന്നതിനായി ഒരു ഗുണനിലവാര ടെസ്റ്റിംഗ് ലാബും അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കിക്കൊണ്ട് അമാർക്ക് മാതൃകയിൽ ഒരു സഹകരണ ബ്രാന്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി 2020-21-ലെ ബഡ്ജറ്റിൽ (5 കോടി) തുക വകയിരുത്തുന്നതിന് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കൃഷി അടിസ്ഥാനമാക്കിയുള്ള സംസ്കരണ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി അടിസ്ഥാനമാക്കി തോട്ട വിളകൾ സംസ്കരിക്കൽ (തേയില, കാപ്പി, കശുവണ്ടി, അടയ്ക്ക, സുഗന്ധവ്യഞ്ജനങ്ങൾ), ഭക്ഷ്യവിളകളുടെ സംസ്കരണം (അരി, പരിപ്പ് എന്നിവയ്ക്കായുള്ള മില്ലുകൾ, ബേക്കറി, ചോളം/പഞ്ചസാര പ്ലാന്റുകൾ), എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ, മറ്റു വിധത്തിലുള്ള സംസ്കരണ യൂണിറ്റുകൾ (ഘടകങ്ങൾ അടിസ്ഥാനമാക്കിയുള്ളവ, പേപ്പർ ബോർഡ് പ്രോജക്ടുകൾ) എന്നിവയ്ക്ക് സഹായം നൽകുന്നതിനുവേണ്ടി എൻ.സി.ഡി.സി., ഒരു കോർപ്പറേഷൻ സഹായ/കേന്ദ്ര ധനസഹായ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:

I. പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ

II. നിലവിലുള്ള യൂണിറ്റുകളുടെ വ്യാപനം, നവീകരണം, പുനരുദ്ധാരണം.

III. ഓഹരി മൂലധന അടിസ്ഥാനം ശക്തിപ്പെടുത്തൽ.

IV. സംസ്ഥാനതല കമ്മോഡിറ്റി ഫെഡറേഷനും ചരക്ക് സഹകരണ സ്ഥാപനങ്ങൾക്കും വ്യാപാരം മെച്ചപ്പെടുത്തുന്നതിനുമായി പ്രവർത്തന മൂലധന നൽകുന്നതിനുള്ള സഹായം.

സഹകരണാടിസ്ഥാനത്തിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50 ശതമാനം വായ്പയായി ദേശീയ സഹകരണ വികസന കോർപ്പറേഷൻ നൽകിവരുന്നു. സംസ്ഥാന സർക്കാർ ബ്ലോക്ക് കോസ്റ്റിന്റെ 30 ശതമാനം ഓഹരി മൂലധനമായും ബ്ലോക്ക് കോസ്റ്റിന്റെ 10 ശതമാനം സബ്സിഡിയായും ധനസഹായം നൽകുന്നു. ബാക്കി 10 ശതമാനം തുക സംഘങ്ങൾ നേരിട്ട് വഹിക്കേണ്ടതുമാണ്. അനുയോജ്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ധ സമിതി പ്രോജക്ടുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. 40 ശതമാനം സംസ്ഥാന വിഹിതമായാണ് തുക വകയിരുത്തിയിരിക്കുന്നത്.

സംസ്കരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എൻ.സി.ഡി.സി. സഹായം അനുവദിക്കുന്നുണ്ട്. കാർഷിക സംസ്കരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബ്ലോക്ക് കോസ്റ്റിന്റെ 10 ശതമാനം തുക സർക്കാർ സബ്സിഡിയായി നൽകുന്നതാണ്.

## സഹകരണ ജീവനക്കാർക്ക് മെഡിസെപ്പ് പദ്ധതി

284 (4320) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മെഡിസെപ്പ് പദ്ധതിയിൽ സഹകരണ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ;

(ബി) പദ്ധതിയിൽ ജീവനക്കാരെ ഉൾപ്പെടുത്തുവാൻ കഴിയുന്നില്ലെങ്കിൽ സഹകരണ ജീവനക്കാർക്ക് സമാന രൂപത്തിൽ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ധനകാര്യ വകുപ്പുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്.

## അർബൻ ബാങ്കുകളിലെ പാർട്ട്ടൈം സ്വീപ്പർമാർക്ക് ഹയർ ഗ്രേഡ്

285 (4321) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്കുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് ഹയർ ഗ്രേഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സർവ്വീസ് സംഘടനകൾ നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സ്വീപ്പർമാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട്-ടൈം സ്വീപ്പർ ജീവനക്കാർക്ക് സർക്കാരിന്റെ 23-10-2017-ലെ സഹ.സി3/211/2016/സഹ നമ്പർ കത്ത് പ്രകാരം ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. സഹകരണ അർബൻ ബാങ്കിലെ പാർട്ട്-ടൈം സ്വീപ്പർമാർക്കും ഹയർ ഗ്രേഡ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിരുന്നു. ടി വിഷയം അർബൻ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## കളക്ഷൻ ജീവനക്കാർക്കുണ്ടായിട്ടുള്ള ആശങ്കകൾ

286 (4322) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ സഹകരണ ബാങ്കുകളിലെ കളക്ഷൻ ജീവനക്കാർക്കുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളക്ഷൻ ജീവനക്കാരുടെ തസ്തിക, ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(സി) ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരുടെ മിനിമം വേതനവും മറ്റും നിശ്ചയിച്ച് സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) നോട്ടുനിരോധനവും ജി.എസ്.ടി.യും പ്രളയവും സൃഷ്ടിച്ച സാമ്പത്തിക പ്രത്യാഘാതത്തിൽ ഉഴലുന്ന കളക്ഷൻ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) കേരള ബാങ്ക് രൂപീകരണ വേളയിൽ ഈ വിഷയം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## ഇതര സംസ്ഥാനങ്ങളിൽ കേരളത്തിന്റെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ

287 (4323) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് ഇതരസംസ്ഥാനക്കാർക്ക് അറിവ് നൽകുന്നതിനായി ഇതരസംസ്ഥാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിന് പുറത്തുള്ള ആസ്തിവകകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വസ്തുവകകൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ സംസ്ഥാന ടൂറിസം വകുപ്പ് ഗോവ, മംഗലാപുരം, മൈസൂർ, ചെന്നൈ, കൊൽക്കത്ത, ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ നടത്തിവരുന്നുണ്ട്.

(ബി) കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിൽ കന്യാകുമാരിയിൽ കേരള ഹൗസ് ഉൾപ്പെടുന്ന സ്ഥലം കന്യാകുമാരി വില്ലേജിൽ 599/2 എന്ന സർവ്വേ നമ്പരിൽ 1.645 ഹെക്ടറിലാണ് വ്യാപിച്ചുകിടക്കുന്നത്. ചെന്നൈ നുങ്കമ്പാക്കം വില്ലേജിൽ തുള്ളോക്ക് ഗാർഡനിൽ ഗ്രിൻസ് റോഡിൽ 0.55 ഏക്കർ സ്ഥലം ഹോട്ടൽ നിർമ്മിക്കുന്നതിന് കെ.റ്റി.ഡി.സി.-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(സി) കന്യാകുമാരി കേരള ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലം കാടുവെട്ടിത്തെളിച്ചും മതിൽ കെട്ടിയും പരിപാലിച്ചിട്ടുണ്ട്. ചെന്നൈ നുങ്കമ്പാക്കം വില്ലേജിൽ ഗ്രിൻസ് റോഡിൽ കെ.റ്റി.ഡി.സി.-യുടെ ഹോട്ടൽ പ്രവർത്തിച്ചുവരുന്നു.

## ടൂറിസം മന്ത്രിമാരുടെ ദേശീയ കോൺക്ലേവ്

288 (4324) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വളർച്ചക്ക് ഉയർന്ന നികുതിയും വിമാനയാത്രാ നിരക്കും ഗണ്യമായി കുറയ്ക്കണമെന്ന് ടൂറിസം മന്ത്രിമാരുടെ ദേശീയ കോൺക്ലേവ് അഭിപ്രായപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 7,500 രൂപയ്ക്ക് മുകളിൽ ദിവസ വാടകയുള്ള ഹോട്ടലുകൾ ഈടാക്കുന്ന ജി.എസ്.ടി. നിലവിൽ 28 ശതമാനവും 2,500 രൂപ വരെ വാടകയുള്ള ഹോട്ടലുകൾ ഈടാക്കുന്ന ജി.എസ്.ടി. 18 ശതമാനവുമാണോ;

(സി) എങ്കിൽ മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്നതായ ഈ നിരക്ക് വെട്ടിക്കുറയ്ക്കണമെന്ന് യോഗം അഭിപ്രായപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേരളം മുൻകൈയെടുത്ത് കോവളത്ത് നടത്തിയ കോൺക്ലേവിനോട് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തണുപ്പൻ പ്രതികരണമായിരുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) ടൂറിസം മേഖലയുടെ വളർച്ചക്ക് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രധാനമായും യോഗത്തിൽ ഉയർന്നു വന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) അഭിപ്രായമുണ്ടായി. ഈ രണ്ട് വിഷയങ്ങളെയും ആസ്പദമാക്കി ദേശീയ കോൺക്ലേവ് ചർച്ച ചെയ്യുകയും പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 7,500 രൂപയ്ക്ക് മുകളിൽ ദിവസ വാടകയുള്ള ഹോട്ടലുകൾ ഈടാക്കുന്ന ജി.എസ്.ടി. 18 ശതമാനമായും 1,000 രൂപയ്ക്ക് മുകളിൽ 7,500 രൂപവരെ ദിവസ വാടകയുള്ള ഹോട്ടലികൾക്ക് ജി.എസ്.ടി. 12 ശതമാനമായും നിജപ്പെടുത്തി 1-10-2019 മുതൽ പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ടായി. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും ക്ഷണിച്ചിരുന്നുവെങ്കിലും കേന്ദ്ര ടൂറിസം വകുപ്പുമന്ത്രിയും 4 സംസ്ഥാനങ്ങളിലെ ടൂറിസം മന്ത്രിമാരും 4 സംസ്ഥാനങ്ങളിലെ ടൂറിസം സെക്രട്ടറി/ഡയറക്ടർമാരും കോൺക്ലേവിൽ പങ്കെടുത്തു. വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പും മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുമുണ്ടായിരുന്നതിനാലാണ് മറ്റു സംസ്ഥാനങ്ങളിൽനിന്നും പ്രാതിനിധ്യം ഉണ്ടാകാതിരുന്നത്.

(ഇ) അന്തർസംസ്ഥാന ടൂറിസ്റ്റ് വാഹനങ്ങൾക്കുമേൽ ചുമത്തുന്ന നികുതിയുടെ വിഷയവും കോൺക്ലേവ് ചർച്ച ചെയ്തു. അയൽസംസ്ഥാനങ്ങൾ ചേർന്ന് 'മേഖലാ ടൂറിസം കൗൺസിൽ' രൂപീകരിച്ച്, സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാനും കോൺക്ലേവിൽ നിർദ്ദേശിക്കപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലെ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി അന്താരാഷ്ട്ര ടൂറിസം വിപണികളിൽ സംയുക്ത പ്രചാരണം നടത്താൻ കോൺക്ലേവ് നിർദ്ദേശിച്ചു.

## ഇരിക്കൂർ മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

289 (4325) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ പാലക്കയംതട്ട്, പൈതൽമല, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, കാഞ്ഞിരക്കൊല്ലി ശശിപ്പാറ തുടങ്ങിയവയുടെ വികസനത്തിന് 2019-20 വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ നവീകരണത്തിന് ആവശ്യമായ തുക വകയിരുത്തുമോ;

(സി) പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അഭിവൃദ്ധിപ്പെടുത്തലിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തുക വകയിരുത്തിയിട്ടില്ല.

(ബി&സി) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

290 (4326) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി രൂപീകരിക്കപ്പെട്ട ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിന് ശേഷം എന്തെല്ലാം ടൂറിസം പാക്കേജുകളാണ് പുതുതായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും മിഷൻ നടത്തിവരുന്ന ജില്ലാതല പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഘടന എപ്രകാരമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.

(ബി) സാധാരണ ടൂർപാക്കേജുകളിൽനിന്നും തികച്ചും വ്യത്യസ്തമായ ടൂർ പാക്കേജുകളാണ് ആർ.ടി. മിഷൻ നടത്തുന്നത്. കേരളത്തിലെ മനോഹരമായ ഗ്രാമങ്ങളാണ് ഏറ്റവും വലിയ ടൂറിസം ആകർഷണം. പൂർണ്ണമായും കേരളത്തിലെ ഗ്രാമീണ ജീവിതം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്നത്. ടൂറിസം ഭൂപടത്തിൽ ഇടംപിടിച്ചിട്ടില്ലാത്ത പലയിടങ്ങളിലും ഉത്തരവാദിത്ത ടൂറിസം മിഷൻ ടൂർ പാക്കേജുകൾ നടത്തുന്നു. അവിടത്തെ വീടുകളിൽ പപ്പടം ഉണ്ടാക്കുന്നതും ഓലമെടയുന്നതും കാണാൻ വിദേശ സഞ്ചാരികൾ വരുന്നു. അതിലൂടെ അവർ വരുമാനം നേടിത്തുടങ്ങിയിരിക്കുന്നു. കുമരകത്തും, തേക്കടിയിലും, വയനാട്ടിലും നേരത്തെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഇന്ന് കേരളത്തിലുടനീളം വ്യാപിപ്പിച്ചിരിക്കുകയാണ്. അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് (Experiential tour packages) എന്ന പുതിയ ടൂറിസം ഉൽപ്പന്നം കേരളത്തിന് സമ്മാനിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസവും ഉത്തരവാദിത്ത ടൂറിസ മിഷനും വഹിച്ച പങ്ക് ചെറുതല്ല. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധങ്ങളായ 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഇപ്പോൾ ലഭ്യമാണ്.

1. വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ ടൂർപാക്കേജുകൾ-120

- കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ-8

- സ്റ്റോറി ടെല്ലിങ് പാക്കേജുകൾ-2

- സൈക്കിൾ ടൂറുകൾ-2

- ഗ്രാമ യാത്രകൾ-3

- ഉത്സവകാല ടൂർ പാക്കേജുകൾ-5

ഈ പാക്കേജുകളുമായി 850 കുടുംബങ്ങൾ പ്രത്യക്ഷമായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും ഈ

പാക്കേജുകൾ ഇപ്പോൾ ലഭ്യമാണ്. ഇതിൽനിന്ന് ഒരു രൂപപോലും ഉത്തരവാദിത്ത ടൂറിസം മിഷൻ എടുക്കുന്നില്ല എന്നുമാത്രമല്ല തീർത്തും പാവപ്പെട്ട പരമ്പരാഗത തൊഴിലാളികൾക്ക് ഈ പാക്കേജുകൾ ഒരു ജീവനോപാധിയാകുന്നുമുണ്ട്. തെങ്ങിൽക്കയറി സെൽഫി എടുക്കുന്ന വിദേശിയും മൺപാത്ര നിർമ്മാണവും നെയ്ത്തും തഴപ്പായനെയ്ത്തും ഓലമെടയലും മീൻപിടിത്തവും കാണാൻ നാട്ടിലെത്തുന്ന സഞ്ചാരികളും ഇന്ന് കേരളീയ ഗ്രാമങ്ങളിലെ കാഴ്ചയാണ്. ഒപ്പം നാട്ടിലെ പാവപ്പെട്ടവരുടെ വരുമാനമാർഗ്ഗവും ആണത്. ആകെ 870 പാക്കേജുകൾ രണ്ടുവർഷംകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയപ്പോൾ 5800 വിദേശ ടൂറിസ്റ്റുകളും 26032 ഡൊമസ്റ്റിക് ടൂറിസ്റ്റുകളും ഈ പാക്കേജുകളുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ എത്തി. അതുവഴി 2 കോടി രൂപയുടെ വരുമാനം തീർത്തും സാധാരണക്കാരായ പരമ്പരാഗത തൊഴിലാളികൾക്ക് ലഭിച്ചു. ഇവർ സ്വന്തം കൈത്തൊഴിലല്ലാതെ മറ്റൊന്നും ടൂറിസത്തിനുവേണ്ടി നിക്ഷേപം നടത്തിയിട്ടില്ല. ഈ നാട്ടിലെ അസംഖ്യം ഉൽസവങ്ങളും പെരുന്നാളുകളും മറ്റിതര കലാപ്രവർത്തനങ്ങളും സഞ്ചാരികൾക്ക് രാത്രികാല ജീവിതം ആസ്വദിക്കാൻ കഴിയുംവിധം കൂട്ടിയിണക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) 1. <u>പരിശീലനങ്ങൾ</u>

ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം രണ്ടുവർഷംകൊണ്ട് പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചിനിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം, എന്നിങ്ങനെയുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിങ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ 5432 ആളുകൾക്ക് പരിശീലനം നൽകി. തദ്ദേശവാസികൾക്ക് ടൂറിസവും അനുബന്ധ മേഖലകളിലും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ പരിശീലനം നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

2. <u>യൂണിറ്റുകളുടെ രൂപീകരണം</u>

ഒരു വർഷത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്തരവാദിത്ത ടൂറിസം എന്ന ആശയം പ്രചരിപ്പിക്കാനും അതിന്റെ ഭാഗമായി യൂണിറ്റുകളുടെ എണ്ണത്തിൽ കുതിച്ചുകയറ്റം നടത്താനും മിഷന് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി

നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി യൂണിറ്റുകൾ മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശീക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പാരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 16345 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്തടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. കോഴിക്കോട് ജില്ലയിലെ നടുത്തുരുത്ത് എന്ന ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിൽ വിവിധ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്തിരിക്കുന്നു. ആർ.ടി. മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 30549 ആളുകളും പരോക്ഷമായി 59763 ആളുകളും വിനോദസഞ്ചാരമേഖലയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്. ഉത്തര വാദിത്തടൂറിസം പ്രവർത്തനങ്ങളുടെ 2008 മുതൽ 2018- ജൂലൈ വരെ ഏതാണ്ട് 197 ഉത്തരവാദിത്തടൂറിസം യൂണിറ്റുകൾ ആണ് പ്രവർത്തിച്ചിരുന്നത്. ഇതിലൂടെ 1680 പേർക്ക് പ്രത്യക്ഷമായും 3200 പേർക്ക് പരോക്ഷമായും വരുമാനം ലഭിച്ചിരുന്നു.

3. <u>ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളുടെ നെറ്റ് വർക്കിംഗ്</u>

ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകളെ നെറ്റ് വർക്ക് ചെയ്യുന്നതിനായി 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മിഷൻ തയ്യാറാക്കിയിട്ടുണ്ട്. രജിസ്റ്റേഡ് ആർ.ടി. മിഷൻ യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിന് ഈ പ്ലാറ്റ്ഫോമുകൾ ഉപകരിക്കുന്നു.

- വിവിധ കലാപ്രവർത്തകർക്കായി ആർ.ടി.ആർട്ട് ആൻഡ് കൾച്ചറൽ ഫോറം.

- വിവിധ പ്രാദേശിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി കേരള റെസ്പോൺസിബിൾ ടൂറിസം നെറ്റ് വർക്ക്

- പ്രാദേശിക തൊഴിൽ സേവനങ്ങളെ ബന്ധിപ്പിക്കുന്നതിനായി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി.

4. <u>നാട്ടിൻപുറങ്ങളിൽ ഓണമുണ്ണാം ഓണസമ്മാനങ്ങൾ വാങ്ങാം</u>

ആർ.ടി. മിഷന്റെ ഈ നൂതന പദ്ധതി ചെറുതല്ലാത്ത ചലനമാണ് കേരളത്തിൽ സൃഷ്ടിച്ചത്. 2017-ൽ ഓണക്കാലത്താണ് പദ്ധതി ആദ്യമായി നടപ്പിലാക്കിയത്. ഓണക്കാലത്ത് മലയാളികൾ അടക്കമുള്ള തദ്ദേശ ടൂറിസ്റ്റുകളുടെയും വിദേശ ടൂറിസ്റ്റുകളുടെയും യാത്രകളെ ഗ്രാമങ്ങളുമായി ബന്ധിപ്പിച്ച്, ഗ്രാമീണ ഭവനങ്ങൾ, കുടുംബശ്രീ റെസ്റ്റോറന്റുകൾ, വീട്ടിൽ ഊണ് സംരംഭങ്ങൾ,

സാധാരണ ചായക്കടകൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, എന്നിവയിൽനിന്ന് ഓണസദ്യ കഴിപ്പിക്കാനും പ്രാദേശിക തൊഴിലുകളായ ഓല നെയ്ത്ത്, പായ നെയ്ത്ത്, പട്ടുസാരി നെയ്ത്ത്, കൈത്തറിനെയ്ത്ത്, കള്ളുചെത്ത്, തെങ്ങുകയറ്റം, മൺപാത്ര നിർമ്മാണം തുടങ്ങിയ ഒട്ടേറെ പരമ്പരാഗത തൊഴിലുകൾക്ക് വരുമാനം ലഭിക്കാനും പ്രാദേശിക തൊഴിൽ സംരംഭങ്ങൾക്ക് വരുമാനം ലഭിക്കാനും ലക്ഷ്യം വച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഓണം ഗ്രാമയാത്രകളും ഗ്രാമ ജീവിതം പരിചയപ്പെടുത്തുന്ന പാക്കേജുകളുമായിരുന്നു ഈ പരിപാടിയുടെ മുഖ്യ ആകർഷണം. നാട്ടിൻപുറങ്ങളിലെ ക്ലബുകൾ, വായന ശാലകൾ, യുവജന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ നടത്തുന്ന വിവിധ ഓണാഘോഷ പരിപാടികളിൽ ടൂറിസ്റ്റുകൾക്ക് പങ്കെടുക്കാനുള്ള അവസരവും നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി കുമരകത്ത് സംഘടിപ്പിച്ച നാടൻ ചെറുവള്ളങ്ങളുടെ മൽസരം കാണാൻ മാത്രം ധാരാളം ടൂറിസ്റ്റുകളാണ് അന്നേ ദിവസം പരിപടിക്ക് എത്തിച്ചേർന്നത്. കുമരകം, വയനാട്, കോവളം, ബേക്കൽ, വൈക്കം എന്നീ പ്രദേശങ്ങളെ ബന്ധപ്പെടുത്തിയാണ് ഗ്രാമ ജീവിതം പരിചയപ്പെടുത്തുന്ന പാക്കേജുകൾ ആവിഷ്കരിച്ചത്. ഓണ സദ്യക്കൊപ്പം വിവിധ സമ്മാനങ്ങളും ഈ പാക്കേജിൽ ടൂറിസ്റ്റുകൾക്ക് നൽകി. വയനാട്ടിലെ ചെകാടി, ചേരുവയൽ, ചെറ്റിയാലത്തൂർ, നെല്ലറച്ചാൽ, വൈക്കത്തെ മറവന്തുരുത്ത്, ചെമ്പ്, കോവളത്തിനടുത്ത് ബാലരാമപുരം, കുമരകത്തെ മാഞ്ചിറ, വരമ്പിനകം വിരിപ്പുകാല, കാസർഗോട്ടെ ബേക്കൽ, വലിയപറമ്പ, പടന്ന, തൃക്കരിപ്പൂർ, എന്നീ ഗ്രാമങ്ങളെയാണ് ഗ്രാമയാത്ര പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്. വലിയ പങ്കാളിത്തം പദ്ധതിക്കുണ്ടായി. ആകെ 164 പാക്കേജുകളിലായി 573 സ്വദേശ വിദേശ ടൂറിസ്റ്റുകൾ ഈ പദ്ധതിയിൽ പങ്കാളികളായി. ഇതിനുപുറമേ 880 ഓണസദ്യകൾ പ്രത്യേകമായി നടന്നു. ആകെ ഈ പദ്ധതിയിൽനിന്ന് 7,27,600 (ഏഴ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അറുനൂറ് രൂപ) രൂപ പ്രദേശ വാസികൾക്ക് പദ്ധതി നടപ്പാക്കിയ സ്ഥലങ്ങളിൽ ലഭ്യമായി.

2018-ൽ സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കിയെങ്കിലും ആ വർഷത്തെ പ്രളയക്കെടുതികൾമൂലം പദ്ധതി കാര്യമായി മുൻപോട്ടുപോയില്ല.

എന്നാൽ 2019-ൽ 'നാട്ടിൽപുറങ്ങളിൽ ഓണമുണ്ണാം ഓണ സമ്മാനങ്ങൾ വാങ്ങാം പദ്ധതി' നിരവധി ആളുകളെ ആകർഷിച്ച ഒന്നായിരുന്നു. നാല് തരത്തിലുള്ള പാക്കേജുകളാണ് ഈ വർഷം ആർ. ടി. മിഷൻ നടപ്പിലാക്കിയത്.

- ഓണസദ്യ പാക്കേജുകൾ-സെപ്റ്റംബർ 1 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ അതിഥികൾക്കായി ഓണസദ്യ നൽകുന്ന പാക്കേജ്.

• സ്പെഷ്യൽ ഹോം സ്റ്റേ പാക്കേജ്- രജിസ്റ്റർ ചെയ്ത ഹോം സ്റ്റേകളിൽ ഒരു ദിവസത്തെ താമസവും ഓണസദ്യയും ഉൾപ്പെടുന്ന പാക്കേജ്.

• ഓണം ഗ്രാമയാത്രകൾ-ഓണസദ്യയോടൊപ്പം തനതു ഗ്രാമീണ ഭംഗി ആസ്വദിക്കാനും വിവിധ ഓണ പരിപാടികളിൽ പങ്കെടുക്കാനുമുള്ള അവസരമൊരുക്കുന്ന ഓണം ഗ്രാമ യാത്ര പാക്കേജുകൾ.

• ഓണം വില്ലജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്-ആർ.ടി. മിഷന്റെ വി. എൽ. ഇ. പാക്കേജിനൊപ്പം ഓണ സദ്യ ചേർന്നുള്ള പാക്കേജ്.

എല്ലാ പാക്കേജുകളും ഓണക്കാലത്ത് പ്രത്യേക നിരക്കിലാണ് നടത്തിയത്. ഇത് വളരെയധികം അതിഥികളെ പാക്കേജിലേയ്ക്ക് ആകർഷിച്ചു. 2398 അതിഥികൾ വിവിധ പാക്കേജിൽ ഭാഗഭാക്കാകുകയും 16,86,495 രൂപയുടെ വരുമാനം തദ്ദേശ വാസികൾക്ക് ലഭിക്കുകയും ചെയ്തു.

5. <u>എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യൂസിൻ</u>

കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും ഉറപ്പുവരുത്തുന്നതിനുമായി ആർ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണിത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. എത്തിക് ക്യൂസിൻ നെറ്റ് വർക്കിൽ ഉൾപ്പെടുന്ന യൂണിറ്റുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമായും എടുത്തിരിക്കണം. ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് ടോയ്‌ലെറ്റ് സൗകര്യം, പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ കുടിവെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പു വരുത്തണം. പദ്ധതിയുടെ ഭാഗമായി 6 ജില്ലകളിലെ പരിശീലനം പൂർത്തിയായി, ബാക്കി ജില്ലകളിലെ പരിശീലനം പുരോഗമിക്കുന്നു.

(ഡി) ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വകുപ്പിലെ ഒരു പ്രത്യേക വിഭാഗമായിട്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്. ടൂറിസം ഡയറക്ടറുടെ അനുമതിക്ക് വിധേയമായി ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതും നിയന്ത്രിക്കുന്നതും സ്റ്റേറ്റ് ആർ. ടി. മിഷൻ കോർഡിനേറ്ററാണ്. സംസ്ഥാന മിഷനിൽ സ്റ്റേറ്റ് ആർ. ടി. മിഷൻ കോർഡിനേറ്റർക്കുപുറമെ ഒരു ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇക്കോണമിക് ആൻഡ് സോഷ്യൽ റെസ്പോൺസിബിലിറ്റി പാർട്ട് നോക്കുന്നതിനായി ഒരു മിഷൻ കോ-ഓർഡിനേറ്റർ എൻവയോൺമെന്റ് റെസ്പോൺസിബിലിറ്റി പാർട്ട് നോക്കുന്നതിനായി ഒരു മിഷൻ കോർഡിനേറ്റർ എന്നിങ്ങനെയും ജില്ലകളിൽ ഒരു ജില്ലാ മിഷൻ കോർഡിനേറ്റർ/കോർഡിനേറ്റർ ഇൻ ചാർജ്ജ് എന്നിങ്ങനെയുമാണ് നിലവിലെ ആർ.ടി. മിഷൻ ഘടന.

## സമഗ്ര ടൂറിസം വികസനം

291 (4327) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിനോദ സഞ്ചാര ഭൂപടത്തിൽ ഗണനീയ സ്ഥാനം നേടാൻ കഴിഞ്ഞതോടെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിലേയ്ക്ക് വിദേശ സഞ്ചാരികളുടെ വരവ് വർദ്ധിച്ചത് ഏതെല്ലാം തരത്തിൽ അഭിവൃദ്ധി യുണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളതെന്നും അവ ഓരോന്നിനും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള കേന്ദ്രസഹായം എത്ര വീതമെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയെയും സംബന്ധിച്ച് വ്യക്തമാക്കാമോ;

(സി) ഈ മേഖലയിലെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ടൂറിസം വികസന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ പുരോഗതി എന്താണ്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം സാക്ഷാത്കരിക്കുന്നതിനായി കേന്ദ്രസഹായം ലഭിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ വർഷങ്ങളിലെ സ്ഥിതിവിവരക്കണക്ക് പരിശോധിക്കുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ വരവിന് ആനുപാതികമായി വിദേശനാണ്യ വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച പദ്ധതികളുടെ വിശദ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ടൂറിസം പദ്ധതികൾ നിലവിൽ ഒന്നും തന്നെയില്ല.

(ഡി) സംസ്ഥാനത്തിന്റെ ടൂറിസം വികസനം സാക്ഷാത്കരിക്കുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നതിനായി ചുവടെ പറയുന്ന ടൂറിസം പദ്ധതി പ്രൊപ്പോസലുകളാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്.

<u>സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾ</u>

1. കാലടി മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്

2. അതിരപ്പിള്ളി നേച്വർ ബേസ്ഡ് ടൂറിസം സർക്യൂട്ട്

3. കേരളാ കോസ്റ്റൽ സർക്യൂട്ട്

4. നാലമ്പലം സർക്യൂട്ട്

5. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്

6. പന്തിരുകുലം പദ്ധതി.

<u>പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾ</u>

1. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്

2. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രയിൻ

3. ചേരമാൻ ജൂമാ മോസ്ക്, കൊടുങ്ങല്ലൂർ

4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങന്നൂർ ശ്രീ മഹാശിവ ക്ഷേത്ര വികസനം.

**സാഹസിക വിനോദസഞ്ചാര സാധ്യതകൾ**

292 (4328) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാഹസിക വിനോദസഞ്ചാര സാധ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സാഹസിക വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ പ്രയോജന പ്പെടുത്തുന്നതിൽ ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) അഡ്വഞ്ചർ ടൂറിസം സൊസൈറ്റി, അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) അഡ്വഞ്ചർ ടൂറിസം സൊസൈറ്റിക്ക് ഏതൊക്കെ മേഖലകളിൽ നിന്നാണ് വരുമാനം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജന പ്പെടുത്തുന്നതിനായി അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) അഡ്വഞ്ചർ ടൂറിസം അക്കാദമി എവിടെ സ്ഥാപിക്കുമെന്നും, എന്നേക്ക് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശാലമായ കടൽത്തീരവും പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദ സഞ്ചാരത്തിന് ഏറ്റവും അനുയോജ്യമായതാണ്.

(ബി) അപകട രഹിത സാഹസിക ടൂറിസം നടപ്പിൽ വരുത്തുന്നതിനായി 14-10-2019-ലെ സഉ(കൈ) നമ്പർ 18/2019/ടൂറിസം പ്രകാരം "കേരള അഡ്വഞ്ചർ ആന്റ് ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസം സേഫ്റ്റി ആന്റ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഗൈഡ് ലൈനിൽ രണ്ടാംഭാഗമായി സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ട രജിസ്ട്രേഷൻ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ ചെയ്യുന്നതിനായുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന്റെ അവസാനഘട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

സാഹസിക ടൂറിസം മത്സരങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി International Mountain Bike Challenge MTB Kerala, മലബാർ റിവർ ഫെസ്റ്റിവൽ തുടങ്ങിയ മത്സരങ്ങൾ ലോകനിലവാരത്തിൽ നടത്തുകയുണ്ടായി.

അഡ്വഞ്ചർ ടൂറിസം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുണ്ടായി.

കേരളത്തിലെ സാഹസിക ടൂറിസം മേഖലയെ മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡിഫൻസ് മിനിസ്ട്രിയുടെ കീഴിലുള്ള DGQA(quality assurance) മുപ്പതോളം വരുന്ന സംഘത്തെ 5 ദിവസം നീണ്ടുനിന്ന സാഹസിക ക്യാമ്പ് സംഘടിപ്പിക്കാൻ സാധിച്ചു.

(സി) സാഹസിക ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാര മേഖലയായി "

ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി " ആരംഭിച്ചത്. അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി " ക്ക് പ്രത്യേകമായ ഒരു ബഡ്ജറ്റ് ഹെഡ് നിലവിലില്ല. അതുകൊണ്ട് തന്നെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സ്വന്തമായി വരുമാനം കണ്ടെത്തുക എന്നതാണ് സൊസൈറ്റിയുടെ ലക്ഷ്യം. താഴെപ്പറയുന്ന മേഖലകളിൽ നിന്നാണ് സൈറ്റിയുടെ വരുമാനം

(ഇ&എഫ്) സാഹസിക ടൂറിസത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയില 12 ഏക്കറോളം വരുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി. അക്കാദമി തുടങ്ങാനുള്ള തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അക്കാഡമി പ്രാവർത്തികമായാൽ കര, വ്യോമ, ജലമേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ ആദ്യ അക്കാദമിയാവും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് അക്കാദമിയുടെ തുടർ നടപടികൾ വേഗത്തിൽ നടപ്പിലാക്കുന്നതാണ്. അക്കാദമിയുടെ ഒന്നാംഘട്ടം 2020 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വ നിർദ്ദേശങ്ങൾ

293 (4329) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് സാഹസിക ടൂറിസം മേഖലയിൽ അപകടസാധ്യത ഒഴിവാക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ടൂറിസം വകുപ്പിന്റെ കീഴിൽ സാഹസിക ടൂറിസം മേഖലയിൽ പരിശീലനവും കോഴ്സുകളും നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നത് പരിഗണിക്കുമോ;

(ഡി) സാഹസിക ടൂറിസം മേഖലയിൽ സുരക്ഷിതത്വത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സാഹസിക ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ അപകടരഹിത സാഹസിക ടൂറിസം നടപ്പിൽ വരുത്തുന്നതായി 14-10-2019-ലെ സഉ (കൈ)നം. 18/2019/ടൂറിസം പ്രകാരം "കേരള അഡ്വഞ്ചർ ആന്റ് ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസം സേഫ്റ്റി ആന്റ് സെക്യൂരിറ്റി ഗൈഡ് ലൈൻസ് "പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഗൈഡ് ലൈൻസിൽ രണ്ടാംഭാഗമായി സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ട രജിസ്ട്രേഷൻ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ചെയ്യുന്നതിനായുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന്റെ അവസാനഘട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) അപകടരഹിത സാഹസിക ടൂറിസം എന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. കേന്ദ്ര ടൂറിസം മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ള "സാഹസിക ടൂറിസം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുക" എന്ന നിർദ്ദേശമാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുള്ളത്. അതേ സമയം സംസ്ഥാന തലത്തിൽ സാഹസിക ടൂറിസം പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ തയ്യാറായി കഴിഞ്ഞു. ഇതോടൊപ്പം തന്നെ സാഹസിക ടൂറിസം മേഖലയിൽ രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു. അത് ഉടൻ തന്നെ സാഹസിക ടൂറിസം മേഖലയിൽ നടപ്പിൽ വരുന്നതാണ്.

(സി) ടൂറിസം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (KITTS) സാഹസിക ടൂറിസം മേഖലയിലെ മാനവ വിഭവശേഷി ഉറപ്പുവരുത്തുന്നതിനാവശ്യമായ കോഴ്സുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) അതേ ലക്ഷ്യത്തോടെ സമഗ്രമായ രീതിയിലുള്ള ഒരു "അഡ്വഞ്ചർ ടൂറിസം അക്കാദമി" സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. ഇതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. പ്രസ്തുത സ്ഥലം നിലവിൽ പഞ്ചായത്തിന്റെ കീഴിൽ ആയതിനാൽ സ്ഥലം ലഭ്യമാകുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അക്കാദമി സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ കൈകൊള്ളുന്നതാണ്.

(ഡി) ഉണ്ട്. സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വത്തിന് ഈ ഗവൺമെന്റ് പ്രാധാന്യം നൽകുന്നു. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് "കേരള അഡ്വഞ്ചർ ആന്റ് ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസം സേഫ്റ്റി ആന്റ് സെക്യൂരിറ്റി ഗൈഡ് ലൈസൻസ് " അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ടൂറിസം സംസ്കാരം കെട്ടിപ്പടുക്കുന്നതിന് നടപടി

294 (4330) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച ടൂറിസം സംസ്കാരം കെട്ടിപ്പടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉയർന്ന ശുചിത്വവും ഹരിതപ്രോട്ടോക്കോളും പാലിച്ച് ടൂറിസം പദ്ധതികൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ടൂറിസം മേഖലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള അതിഥി മന്ദിരങ്ങളിലെ ശുചിത്വപരിപാലനം കാര്യക്ഷമമാണെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടൂറിസം വളർച്ചയ്ക്കായി പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മികച്ച ടൂറിസം സംസ്കാരം കെട്ടിപ്പടുക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനും ഇതിലൂടെ ടൂറിസ്റ്റുകൾക്ക് സുരക്ഷിതത്വവും വൃത്തിയും ശുചിത്വമുള്ളതുമായ വിനോദസഞ്ചാരം അനുഭവവേദ്യമാക്കുന്നതിനും വേണ്ടി ഈ സർക്കാർ പുതിയ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവയാണ് പുതിയ ടൂറിസം നയത്തിലൂടെ ലക്ഷ്യമിടുന്നത്. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെൽ ടൂറിസം നയത്തിന്റെ കാതലാണ്. ടൂറിസം മേഖലയിൽ വിവിധ സേവനങ്ങൾ നൽകുന്നതിനായും സംരംഭമേഖലയിൽ സംരംഭകരടക്കം വിവിധ സേവനങ്ങൾ നൽകുന്നതിനും കുടുംബശ്രീ മിഷൻ, ആർ.റ്റി. മിഷൻ എന്നിവ മുഖേന വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കകരിച്ചുവരുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വൃത്തിയും ശുചിത്വവുമുള്ള പരിസരം, അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ് ലെറ്റുകൾ, ശുദ്ധജല ലഭ്യത, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക സജ്ജീകരണങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ, പാർക്കുകൾ, ടോയ്ലെറ്റ്, കോംപ്ലെക്സുകൾ, കഫറ്റീരിയ, മനോഹരമായ നടപ്പാതകൾ, ഫെസിലിറ്റേഷൻ സെന്റർ, കുട്ടികളുടെ പാർക്ക്, വിശ്രമസ്ഥലങ്ങൾ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സൗന്ദര്യവൽക്കരണം എന്നിവ വകുപ്പ് നടപ്പിലാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള "ബാരിയർ ഫ്രീ ടൂറിസം പദ്ധതി" വകുപ്പ് നടപ്പിലാക്കിവരികയാണ്. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനായുള്ള വിവിധ പദ്ധതികളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ശുചിത്വത്തിന് മുൻതൂക്കം നൽകി തന്നെയാണ് ടൂറിസം വകുപ്പ് ഓരോ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടു വരുന്നത്. ഹരിത പൊരുമാറ്റചട്ടം നിലവിൽ വന്നതോടെ ഒരു പരിധിവരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി മൂന്നുവർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട

വിഷയമാണെങ്കിലും കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യസംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടത്തിവരുന്നത്. മാലിന്യസംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള "ഗ്രീൻ കാർപ്പറ്റ് സ്കീം" കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജന പ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ.-കൾ പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് വകുപ്പ് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.-യെ ഉപയോഗപ്പെടുത്തി ചെയ്യുന്ന തുടർ മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവ്വീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേയ്സ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള സർക്കാർ അതിഥി മന്ദിരങ്ങളിലെ ശുചിത്വ പരിപാലനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി അതിഥി മന്ദിരങ്ങളിൽ സ്വീപ്പർ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 520-ഓളം പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്, ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി, മുസിരീസ് ബിനാലെയ്ക്ക് സ്ഥിരം വേദിക്കായി സ്ഥലം ഏറ്റെടുക്കൽ എന്നീ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പിൽഗ്രിം ടൂറിസം പദ്ധതി

295 (4331) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം നിലവിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പിൽഗ്രിം ടൂറിസം പദ്ധതിപ്രകാരം അംഗീകാരം നൽകിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഹെറിറ്റേജ് ടൂറിസം സാധ്യതകൾ

296 (4332) <u>ശ്രീമതി ഇ. എസ്.ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെറിറ്റേജ് ടൂറിസം നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെയും തീർത്ഥാടനകേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരളത്തിന്റെ ഹെറിറ്റേജ് ടൂറിസം സാധ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അത് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തിന്റെ ഹെറിറ്റേജ് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്, ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൽ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിൽ മൃദംഗ ശൈലേശ്വരി ക്ഷേത്രം, വള്ളിയൂർക്കാവ് ക്ഷേത്രം, പഴശ്ശി സർക്യൂട്ട്-കൊട്ടിയൂർ ടെമ്പിൾ, സെന്റ് ജോൺസ് ആംഗ്ലിക്കൽ ചർച്ച്, തൊടീകുളം ടെമ്പിൾ എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുന്നു.

മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽ കൊടുങ്ങല്ലൂർ ടെമ്പിൾ, ചേരമാൻ ജുമാ മസ്ജിദ്, സെന്റ് സെബാസ്റ്റ്യൻ പാർസനേജ്, ഹോളിക്രോസ് ചർച്ച് എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുന്നു.

(ബി) പൈതൃക മേഖലകളെ കോർത്തിണക്കിയുള്ള ടൂറിസം പദ്ധതികൾക്ക് അന്താരാഷ്ട്ര തലത്തിൽ പ്രാധാന്യമുള്ളതിന് പുറമെ സന്ദർശകരും ധാരാളമുണ്ട്. ഇത് മനസ്സിലാക്കി ഹെറിറ്റേജ് ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.

(സി) തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് രണ്ടാം ഘട്ടം, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് എന്നീ പദ്ധതികൾ മികച്ച രീതിയിൽ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് പദ്ധതിക്ക് രൂപം നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു.

ട്രാവൻകൂർ ഹെറിറ്റേജ് ടൂറിസം പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

297 (4333) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്തെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് ആദ്യമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി ആരംഭിച്ചത് എവിടെയാണ്;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി. 2008-ൽ പരിക്ഷണാടിസ്ഥാനത്തിൽ കേരളത്തിലെ നാല് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ (കുമരകം, കോവളം, വൈത്തിരി, തേക്കടി) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളാരംഭിച്ചു. 2011-ൽ പ്രവർത്തനങ്ങൾ 3 സ്ഥലങ്ങളിലേയ്ക്കു (ബേക്കൽ, അമ്പലവയൽ, കുമ്പളങ്ങി) കൂടി വ്യാപിപ്പിച്ചു. 2017-ൽ ഉത്തരവാദിത്ത ടൂറിസം സംസ്ഥാന വ്യാപകമാക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകൃതമാവുകയും 2017 ഒക്ടോബർ 20-ന് ബഹു. കേരള മുഖ്യമന്ത്രി കുമരകത്ത് വച്ച് ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഇപ്പോൾ ജില്ലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) നിലവിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ജില്ലാ അടിസ്ഥാനത്തിലാണ് നടത്തിവരുന്നതെങ്കിലും മുൻപ് നിലവിലുണ്ടായിരുന്ന ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിലും പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരിയിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പൊതുവായ പരിശീലനങ്ങൾ യൂണിറ്റ് രൂപീകരണം, അവയെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കൽ, എക്സ്പീരിയൻസ് എത്തിക് ക്യുസിൻ പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

## ഹെറിറ്റേജ് ടൂറിസം സാധ്യതകൾ

298 (4334) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതികളിലൂടെ കർഷകർക്കും തൊഴിലാളികൾക്കും വീട്ടമ്മമാർക്കും വരുമാനം നേടുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ സ്ഥാപിച്ചതിലൂടെ ഗ്രാമീണ ടൂറിസം മേഖലയിൽ ഉണർവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ആദ്യഘട്ടങ്ങളിൽ ചില പ്രത്യേക ടൂറിസം കേന്ദ്രങ്ങൾ മാത്രം കേന്ദ്രീകരിച്ച് നടപ്പിലാക്കിയിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കാൻ സർക്കാർ തീരുമാനിക്കുകയും സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരികയും ചെയ്യുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ എല്ലാ പ്രവർത്തനങ്ങളും കർഷകർ, തൊഴിലാളികൾ, വീട്ടമ്മമാർ എന്നിങ്ങനെ തദ്ദേശീയ ജന സമൂഹത്തിലെ സാധാരണക്കാരായ ആളുകളെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളതാണ്. അതിനായി അവർ ചെയ്തുകൊണ്ടിരിക്കുന്ന ഉപജീവന മാർഗ്ഗത്തെ അധിക മുതൽമുടക്കില്ലാതെ എങ്ങനെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കാം എന്നുള്ളത് പരിശോധിച്ചശേഷം ആവശ്യമായ പരിശീലനങ്ങൾ നൽകി അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് അധിക വരുമാനം ഉറപ്പുവരുത്തുന്നു. അതോടൊപ്പംതന്നെ വിവിധ ടൂറിസം സംരംഭകർക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും നല്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. താഴെപ്പറയുന്നവയെല്ലാം ആർ.ടി. മിഷന്റെ ഇത്തരത്തിലുള്ള പദ്ധതികളിൽ ചിലതാണ്.

1. എക്സ്പീരിയൻസ് എത്തിക് ക്യൂസീൻ

2. എക്സ്പീരിയൻസ് ടൂർ പാക്കേജ്

3. നാട്ടിൻ പുറങ്ങളിൽ ഓണമുണ്ണാം ഓണസമ്മാനങ്ങൾ വാങ്ങാം

4. ആർ.ടി. ആർട്ട് ആൻഡ് കൾച്ചറൽ ഫോറം

5. കേരള ആർ.ടി. നെറ്റ് വർക്ക്

6. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി മുതലായവ.

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ഗ്രാമീണ മേഖലയിലെ സാധാരണക്കാരായ ആളുകളെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. അതിനായി അവർ ചെയ്തുകൊണ്ടിരിക്കുന്ന ഉപജീവന മാർഗ്ഗത്തെ അധിക മുതൽമുടക്കില്ലാതെ എങ്ങനെ വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമായ ടൂർ പാക്കേജുകളാക്കി മാറ്റാം എന്ന് പരിശോധിച്ചശേഷം ആവശ്യമായ പരിശീലനങ്ങൾ നൽകി എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ മാർക്കറ്റ് ചെയ്യുന്നു. ഇത്തരത്തിലുള്ള 140 പാക്കേജുകൾ നിലവിൽ ആർ.ടി. മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷൻ നിലവിൽ വന്നു പ്രവർത്തനങ്ങൾ ആരംഭിച്ച 2017 ആഗസ്റ്റ് മാസംമുതൽ 2019 ഒക്ടോബർ 31 വരെ ആകെ 870 പാക്കേജുകൾ നടത്തിയപ്പോൾ 58000 വിദേശ ടൂറിസ്റ്റുകളും 26032 ഡൊമസ്റ്റിക് ടൂറിസ്റ്റുകളും ഈ പാക്കേജുകളുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ എത്തി. അതുവഴി 2 കോടി രൂപയുടെ വരുമാനം തീർത്തും സാധാരണക്കാരായ പരമ്പരാഗത തൊഴിലാളികൾക്ക് ലഭിച്ചു. ഇവർ സ്വന്തം കൈത്തൊഴിലല്ലാതെ മറ്റൊന്നും ടൂറിസത്തിനുവേണ്ടി നിക്ഷേപം നടത്തിയിട്ടില്ല. അതോടൊപ്പംതന്നെ ടൂറിസം സംരംഭകർക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും നല്കുന്നതിനുള്ള പരിശീലനങ്ങൾ തദ്ദേശീയരായ ജനങ്ങൾക്ക് നൽകി. അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## എക്സ്പീരിയൻസ് എത്തിക് ക്യൂസിൻ പദ്ധതി

299 (4335) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വീട്ടമ്മമാരുടെ പാചക നൈപുണ്യം ഉപയോഗപ്പെടുത്തി വിദേശ വിനോദ സഞ്ചാരികൾക്ക് മലയാള നാടിന്റെ സ്വന്തം പാചക വിഭവങ്ങൾ പങ്കുവച്ച് വീട്ടമ്മമാർക്ക് സ്വന്തമായി വരുമാനം നേടാൻ സഹായകമാവുന്ന വിധത്തിൽ 'എക്സ്പീരിയൻസ് എത്നിക് ക്യൂസിൻ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധ ജില്ലകളിൽ ഈ പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാചക കാര്യത്തിൽ അതിവിദഗ്ധരായ മലബാറിലെ വീട്ടമ്മമാർക്കിടയിൽ പദ്ധതിക്ക് വേണ്ടത്ര പ്രചാരം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ തനതുവിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ മുക്കിലുംമൂലയിലും ഉറപ്പുവരുത്തുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണിത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം,കോഴിക്കോട്,വയനാട്, ആലപ്പുഴ ജില്ലകളിൽ പരിശീലനം പൂർത്തിയായി. മറ്റു ജില്ലകളിലെ പലിശീലനങ്ങൾ നവംബർ 30-നകം പൂർത്തിയാകും

(ബി) കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട്, വയനാട്, ആലപ്പുഴ ജില്ലകളിൽ പരിശീലനം പൂർത്തിയായി. മറ്റ് ജില്ലകളിലെ പരിശീലനങ്ങൾ നവംബർ 30-നകം പൂർത്തിയാകും.

(സി) ആദ്യ ഘട്ടങ്ങളിൽ ലഭിച്ചിരുന്ന അപേക്ഷകർക്കുള്ള പരിശീലനങ്ങൾക്കു ശേഷം രണ്ടാം ഘട്ടത്തിൽ കൂടുതൽ പ്രചരണം നടത്തുമ്പോൾ മലബാർ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകുന്നതായിരിക്കും.

## കോതമംഗലം മണ്ഡലത്തിൽ ഇക്കോ ടൂറിസം

300 (T* 4336) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ, തുണ്ടം, കുട്ടമ്പുഴ റേഞ്ചുകളിലെ പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്നുള്ള ആവശ്യം പരിഗണനയിലുണ്ടോ;

(ബി) മേൽപ്പറഞ്ഞ റേഞ്ചുകളിൽപ്പെട്ട പ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) സാധ്യത പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) നടപടി പ്രാരംഭ ഘട്ടത്തിലാണ്.

## സെന്തുരുണി ഇക്കോ ടൂറിസം

301 (4337) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്തുരുണി ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി സഞ്ചാരികൾക്ക് നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇവർക്കായി സെന്തുരുണിയിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മിതമായ നിരക്കിൽ ആയത് ഒരുക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത ഇക്കോ ടൂറിസം പ്രോജക്ടിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) സെന്തുരുണി ഇക്കോ ടൂറിസം പ്രവർത്തിക്കുന്നത് വനം വകുപ്പിലെ സെന്തുരുണി വൈൽഡ് ലൈഫ് വാർഡന്റെ കീഴിലാണ്. എങ്കിലും ഈ പദ്ധതിയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി 2014-15 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വിനോദസഞ്ചാര വകുപ്പ് അനുവദിച്ചിരുന്നു.

(ബി) വിനോദസഞ്ചാര വകുപ്പ് അനുവദിച്ചിരുന്ന 8 ലക്ഷം രൂപ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കാനാണ് വിനിയോഗിച്ചത്. സെന്തുരുണി ഇക്കോ ടൂറിസം പ്രവർത്തിക്കുന്നത് വനം വകുപ്പിലെ സെന്തുരുണി വൈൽഡ് ലൈഫ് വാർഡന്റെ കീഴിൽ ആയതിനാൽ താമസ സൗകര്യം സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് വനം വകുപ്പാണ്.

(സി) സെന്തുരുണി ഇക്കോ ടൂറിസം പ്രോജക്ടിൽ ഫൈവ് ഡി തിയേറ്ററിനായി 73.13 ലക്ഷം രൂപയുടെ പദ്ധതി വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഇക്കോ ടൂറിസം സാധ്യത പരിശോധിച്ചു വരികയാണ്.

## കെ.ടി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

302 (4338) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.ടി.ഡി.സി യുടെ പ്രീമിയം ഹോട്ടലുകൾ സംബന്ധിച്ച വിശദാംശങ്ങളും ഇവയുടെ വരുമാനം, ലാഭം എന്നിവ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.ടി.ഡി.സി യുടെ ഏതെല്ലാം ഹോട്ടലുകൾക്ക് സ്റ്റാർ പദവി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവെന്നും ഏതെല്ലാം ഹോട്ടലുകൾക്ക് സ്റ്റാർ പദവി ലഭ്യമായെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കെ.ടി.ഡി.സി.-യുടെ പ്രോപ്പർട്ടികളുടെ പുനർ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കെ.ടി.ഡി.സി. കുമരകം റിസോർട്ട് പുതുക്കിപ്പണിയുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. കെ.ടി.ഡി.സി.-യുടെ എല്ലാ പ്രീമിയവും ബഡ്ജറ്റും ആയ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.

2. മസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും പഞ്ചനക്ഷത്ര പദവി ലഭിക്കുകയും ചെയ്തു.

3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു.

4. കുമരകത്തെ വാട്ടർസ്കേപ്പ് എന്ന ഹോട്ടലിന്റെ നവീകരണം 12.65 കോടി രൂപയുടെ സർക്കാർ സഹായത്തോടെ നടന്നുവരികയാണ്.

5. തേക്കടിയിൽ 120 പേരെ കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.

6. പൊന്മുടിയിൽ സർക്കാരിന്റെ സഹായത്തോടെ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മീഷൻ ചെയ്തു.

7. തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ ഒരു സ്ത്രീസൗഹൃദ ഹോട്ടലിന്റെ തറക്കല്ല് ഇടുകയും അതിന്റെ പണി നടന്നുവരികയും ചെയ്യുന്നു.

8. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ നവീകരണത്തിന് 292 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പൂർത്തിയായി.

9. മസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് സർക്കാരിന്റെ 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിന്റെ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

10. ആലപ്പുഴയിൽ 2 കോടി രൂപ മുതൽമുടക്കിൽ ടമറിന്റ് ഈസി ഹോട്ടൽ നവീകരണത്തിന് സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയും അതിന്റെ പണി ആരംഭിക്കുകയും ചെയ്തു.

11. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 1.47 കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ ഉൾപ്പെട്ട ഒരു സോളാർ ബോട്ടൊഴിച്ച് എല്ലാ ബോട്ടുകളും കമ്മീഷൻ ചെയ്തുകഴിഞ്ഞു.

12. വേളിയിൽ ഫ്ലോട്ടിംഗ് റെസ്റ്റാറന്റ് നവീകരിക്കാൻ 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പണി നടന്നുവരുന്നു.

13. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.

14. കണ്ണൂരിലെ മുഴപ്പിലങ്ങാടിയിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്വിസിഷൻ നടപടികൾ തീർന്നു. ഉടനെ തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

15. തണ്ണീർമുക്കം റിസോർട്ടിനൊടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിനുള്ള കരാർ ആയിട്ടുണ്ട്.

16. കെ.ടി.ഡി.സി.-യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടെൻഡർ നടപടി പൂർത്തിയാക്കുകയും ചെയ്തു.

17. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റിൽ കെ.ടി.ഡിസി.-യെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

18. കെ.ടി.ഡി.സി.-യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണ ട്രെയിനിംഗ് കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചു.

19. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടി കൗണ്ടി റിസോർട്ട് നവീകരിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രീമിയം ഹോട്ടലുകളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി കൊടുക്കുന്നു.

(സി) കെ.ടി.ഡി.സി.-യിലെ പ്രീമിയവും ബഡ്ജറ്റുമായ ഹോട്ടലുകൾ പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് തീരുന്ന മുറയ്ക്ക് സ്റ്റാർ ക്ലാസ്സിഫിക്കേഷൻ അപേക്ഷ കൊടുക്കുന്നതാണ്. നിലവിൽ മസ്കറ്റ് ഹോട്ടലിനുമാത്രമാണ് ഫൈവ് സ്റ്റാർ പദവി ലഭ്യമായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ മലമ്പുഴ, ഗാർഡൻ ഹൗസ് നവീകരണത്തിനായി 1.50 കോടി രൂപ നൽകി. വാട്ടർസ്കേപ്പ്, കുമരകത്തിന് 12.69 കോടി രൂപ ഭരണാനുമതി നൽകുകയും 10.15 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. ഹോട്ടൽ ചൈത്രത്തിന് 7.2 കോടി രൂപ നൽകി. പൊന്മുടിയിൽ 15 പുതിയ കോട്ടേജുകൾക്കായി 3.2 കോടി രൂപ വകയിരുത്തുകയും 2.56 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. കോവളം ഹോട്ടലിന്റെ നവീകരണത്തിനായി 3.05 കോടി രൂപ ഭരണാനുമതി നൽകുകയും 1.5 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. തേക്കടിക്ക് 2.6 കോടി രൂപ ഭരണാനുമതി നൽകുകയും 1.32 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ) നവീകരണത്തിലുൾപ്പെട്ട കോട്ടേജുകളുടെ സിവിൽ വർക്കിന്റെ ടെൻഡർ 2017 മാർച്ചിൽത്തന്നെ പൂർത്തിയാക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. പ്രാദേശിക തൊഴിൽ പ്രശ്നം കാരണം 2017 ജൂലൈയിൽ മാത്രമാണ് തുടങ്ങാൻ സാധിച്ചത്. 2017 ആഗസ്റ്റിൽ ഇലക്ട്രിക്കൽ വർക്കുകളുടെ ടെൻഡർ പൂർത്തിയാകുകയും വർക്ക് ഓർഡർ നൽകുകയും ഉണ്ടായി. 2017 ഒക്ടോബറോടുകൂടി കനാലുകളുടെ പുനരുജ്ജീവനത്തിന് ടെൻഡർ നടപടി പൂർത്തിയാക്കുകയും ആരംഭിക്കുകയും ചെയ്തു.

തുടർന്നുള്ള ലോബിയുടെ വർക്കിന് ടെൻഡർ വിളിക്കുകയും നിശ്ചിത സമയത്തിലോ അധികരിച്ച് നൽകിയ സമയത്തിലോ ആരുംതന്നെ ടെൻഡർ നടപടികളിൽ പങ്കെടുത്തിരുന്നില്ല. എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കുന്നതിനുവേണ്ടി ബാക്കിയുള്ള മുഴുവൻ വർക്കുകളും ഏതെങ്കിലും ഒരു സർക്കാർ അംഗീകൃത നോൺ പി.എം.സി.-യെ ഏല്പിക്കാൻ കെ.ടി.ഡി.സി.-യുടെ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തു. ഇതിനോടനുബന്ധിച്ച് കെ.ടി.ഡി.സി., M/s. ULCCS & M/s. TDLCCS എന്ന രണ്ട് ഏജൻസികളെ സമീപിക്കുകയും M/s. ULCCS-ന് ജോലിഭാരം കൂടുതലായതിനാൽ ഒഴിവാക്കിത്തരാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ആകയാൽ ടി പണി M/s. TDLCCS-നെ ഏല്പിക്കുകയുണ്ടായി.

എന്നാൽ 2018 ജൂണോടുകൂടി ആരംഭിച്ച പേമാരിയെ തുടർന്ന് ടി പ്രവൃത്തികൾ മന്ദഗതിയിലാകുകയും അതേ തുടർന്നുവന്ന പ്രളയത്തിൽ മുഴുവൻ പണികളും 2018 സെപ്റ്റംബർവരെ നിർത്തിവയ്ക്കേണ്ട അവസ്ഥ വരികയും ചെയ്തു.

M/s. TDLCCS-ന് ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസത്താൽ പ്രവൃത്തികൾ പൂർണ്ണമായി നിന്നുപോകുന്ന സാഹചര്യം ഉണ്ടായി. പ്രളയത്തോടനുബന്ധിച്ച് വിറ്റുവരവിലുണ്ടായ ഭീമമായ കുറവ് കെ.ടി.ഡി.സി., M/s. TDLCCS-ന് അംഗീകരിച്ച അഡ്വാൻസ് നൽകാൻ സാധിക്കാതെയും വന്നു. എന്നാൽ 18-6-2019-ൽ സൈറ്റിലെ എല്ലാ പ്രവൃത്തികളും സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവച്ചു. അനന്തരം 29-6-2019-ൽ M/s. TDLCCS-മായിട്ടുള്ള കോൺട്രാക്ട് അവസാനിപ്പിക്കുകയും ബാക്കിയുള്ള പ്രവൃത്തികൾക്കായി ടെൻഡർ നടപടികളുമായി മുന്നോട്ട് പോകുകയും ചെയ്തു.

ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 22-8-2019-ൽ 120 ദിവസംകൊണ്ട് പ്രവൃത്തി പൂർത്തിയാകുന്ന തരത്തിൽ കാലാവധി നിജപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി തുടങ്ങിയപ്പോഴും പ്രാദേശിക തൊഴിൽ പ്രശ്നം ഉണ്ടായെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## കെ.ടി.ഡി.സി. ഹോട്ടലുകൾ

303 (4339) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-യുടെ ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) നിലവിൽ കെ.റ്റി.ഡി.സി.ക്ക് ത്രീ സ്റ്റാറിന് മുകളിലുള്ള എത്ര ഹോട്ടലുകളുണ്ടെന്നും പ്രസ്തുത ഹോട്ടലുകളിലെ ഒക്യുപെൻസി എത്ര ശതമാനമാണെന്നും അറിയിക്കാമോ;

(സി) സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് ഉതകുന്ന വിധത്തിൽ കെ.റ്റി.ഡി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ഡി) മസ്കറ്റ് ഹോട്ടലിൽ പുതിയ കൺവെൻഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ എല്ലാ റിസോർട്ടുകൾക്കും അനുയോജ്യമായ സ്റ്റാർ പദവി നേടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റാർ പദവി കരസ്ഥമാക്കുന്നതിനായി ഹോട്ടലുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചുവരുന്നു.

(ബി) നിലവിൽ മാസ്കറ്റ് ഹോട്ടലിനുമാത്രമാണ് ഫൈവ് സ്റ്റാർ ക്ലാസ്സിഫിക്കേഷനുള്ളത്. ഇതിന്റെ ഈ വർഷത്തെ ഓക്കുപ്പെൻസി 29.87 ശതമാനമാണ്.

(സി) സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് ഉതകുന്ന വിധത്തിൽ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിന് കെ.ടി.ഡി.സി.-ക്ക് സാധിക്കുന്നുണ്ട്. ഇത് മെച്ചപ്പെടുത്തുന്നതിനായി തുടർച്ചയായി ട്രെയിനിംഗ് കൊടുക്കുന്നതാണ്.

മത്സരാധിഷ്ഠിതമായി കെ.ടി.ഡി.സി.-യെ പ്രാപ്തമാക്കുന്നതിന് താഴെ പ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. കേരളത്തിലെ വിനോദസഞ്ചാരികളിൽ ഏറ്റവും കൂടുതലുള്ളത് കേരളത്തിന് പുറത്തുള്ളവരും കേരളത്തിൽ താമസിക്കുന്നവരുമായ മലയാളികൾ തന്നെയാണ്. അതിനാൽ ഏറ്റവും കൂടുതൽ കേരളീയർ ഉപയോഗിക്കുന്ന മലയാള മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവയുടെ ഓൺലൈൻ എഡിഷനുകളിൽ കെ.ടി.ഡി.സി.ഹോട്ടലുകളെ ഡെസ്റ്റിനേഷനുമായി ബന്ധപ്പെടുത്തി ലേഖനങ്ങൾ/ വിവരണങ്ങൾ/ ചിത്രങ്ങൾ/വീഡിയോകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ നൽകിവരുന്നുണ്ട്. ഇതുമൂലം ലോകമാകമാനമുള്ള മലയാളികളുടെ യിടയിൽ കെ.ടി.ഡി.സി. ഹോട്ടലുകളെക്കുറിച്ചും/ഡെസ്റ്റിനേഷനുകളെക്കുറിച്ചും വിവരണങ്ങളെത്തിക്കുന്നതിനും പ്രചരണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി പുറം നാട്ടിൽ താമസിക്കുന്ന മലയാളികളെ വിവിധ ഡെസ്റ്റിനേഷനുകളുടെയും കെ.ടി.ഡി.സി.ഹോട്ടലുകളുടെയും പ്രചാരകരാക്കി മാറ്റാൻ കഴിയുന്നുണ്ട്.

2. പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മേക്ക് മൈ ട്രിപ്പ്, ഗോഐബിബോ, ട്രാവൽ ഗുരു, യാത്രാ തുടങ്ങിയവയിലും പ്രമുഖ വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ് ഡോട്ട് കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെയെല്ലാം പ്രചരണവും വിൽപ്പനയും നടക്കുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്.

3. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പരമ്പരാഗതമായ ട്രാവൽ ഏജൻസികളുമായി നിരന്തരം ബിസ്സിനസ്സ് ബന്ധം സ്ഥാപിച്ചിട്ടുണ്ട്. അതുവഴി കെ.ടി.ഡി.സി ഹോട്ടലുകൾക്കും ഡെസ്റ്റിനേഷനുകൾക്കും പ്രചാരണം കിട്ടുന്നുണ്ട്.

4. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.ടി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ തുടങ്ങിയവരുമായി നേരിട്ട് സമ്പർക്കം സ്ഥാപിക്കുന്നതിനും പ്രചരണം നടത്താനും കഴിഞ്ഞിട്ടുണ്ട്.

5. കെ.ടി.ഡി.സി.-യുടെ വെബ്സൈറ്റുവഴി പ്രചാരണം ലഭിക്കുന്നുണ്ട്.

6. ഓരോ വർഷത്തിലും ഇറക്കുന്ന ബ്രോഷറുകൾ, വിവിധ ടൂറിസം മേളകൾ/കെ.ടി.ഡി.സി. ഹോട്ടലുകൾ തുടങ്ങിയവയിലൂടെ ഉപഭോക്താക്കൾക്കും പ്രചരിപ്പിക്കാൻ സാധ്യതയുള്ളവർക്കും നൽകി പ്രചാരണം നടത്തുന്നുണ്ട്.

7. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തത്സമയം എടുക്കുന്നതിനുവേണ്ടി ചാനൽ മാനേജർ സോഫ്റ്റ് വെയർ സൗകര്യം കെ.ടി.ഡി.സി.-യുടെ മിക്കവാറും ഹോട്ടലുകളിൽ നടപ്പിലാക്കിക്കഴിഞ്ഞു.

8. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും താങ്ങാവുന്ന നിരക്കിൽ കെ.ടി.ഡി.സി. ഹോട്ടൽമുറികൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി റവന്യൂ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) മസ്കറ്റ് ഹോട്ടലിൽ പുതിയ കൺവെൻഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഇപ്പോഴത്തെ കൺവെൻഷൻ ഹാൾ നവീകരിക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

**വൈക്കം നിയോജകമണ്ഡലത്തിൽ പെപ്പർ ടൂറിസം പദ്ധതി**

304 (4340) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പെപ്പർ ടൂറിസം പദ്ധതിക്ക് അനുവദിച്ചതും ഇതുവരെ ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) വൈക്കത്ത് നടപ്പിലാക്കുന്ന പെപ്പർ ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പെപ്പർ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷമാണ് "പെപ്പർ" (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) ടൂറിസം പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചതും പൈലറ്റ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ വൈക്കം താലൂക്കിനെ തെരഞ്ഞെടുത്ത് ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചതും, ആദ്യഘട്ടത്തിൽ 8 തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളെയാണ് (വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്,

മറവന്തുരുത്ത്, ടി.വി. പുരം, ഉദയനാപുരം, കല്ലറ, വെച്ചൂർ, തലയാഴം എന്നീ പഞ്ചായത്തുകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പദ്ധതി ഉദ്ഘാടനം, പഞ്ചായത്തുകളിലെ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, അതിനാവശ്യമായ ഹൈറെസലൃൂഷൻ ഫോട്ടോകൾ, സ്റ്റേക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്, പരിശീലനങ്ങൾ, റിസോഴ്സ് ഡയറക്ടറി പ്രസിദ്ധീകരണം, ഡോക്യുമെന്റേഷൻ, എന്നിങ്ങനെ ആദ്യ ഘട്ടത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി 20,00,000 രൂപയാണ് വകയിരുത്തിയിരുന്നത്.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട വെള്ളൂർ, തലയോലപ്പറമ്പ് ഉൾപ്പെടെ 10 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ റിസോഴ്സ് ഡയറക്ടറികളുടെ കരട് പഞ്ചായത്തുകളുടെയും, പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ആർ.ടി. മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനുവദിച്ച 20,00,000 രൂപയിൽ റിസോഴ്സ് ഡയറക്ടറി പ്രസിദ്ധീകരണത്തിന് ഒഴികെയുള്ള തുക 17,00,000 രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. 2019-ഡിസംബർ ആദ്യവാരത്തിൽ റിസോഴ്സ് ഡയറക്ടറി പ്രസിദ്ധീകരണവും നടത്തുന്നതായിരിക്കും.

2018-19 സാമ്പത്തിക വർഷം ആരംഭിച്ച രണ്ടാം ഘട്ടത്തിൽ വെള്ളൂർ, തലയോലപ്പറമ്പ് പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പഞ്ചായത്തുകളിലെ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറകടറി തയ്യാറാക്കൽ, അതിനാവശ്യമായ ഹൈറെസലൃൂഷൻ ഫോട്ടോസ്, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയാണ് രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ. ഇതിനായി അനുവദിച്ച ആകെ തുക 6,52,359 രൂപയാണ്. അനുവദിച്ച തുകയ്ക്കുള്ളിൽ ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) വൈക്കം പ്രദേശത്തെ "പെപ്പർ" പദ്ധതി ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കി മൂന്നാം ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഗ്രാമസഭകളിൽ വിവിധ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നുവന്നെങ്കിലും അവ പദ്ധതികളായി സമർപ്പിക്കുക, പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങളും മറ്റും നൽകുക തുടങ്ങിയ കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ച സ്ഥലങ്ങൾ കോട്ടയം ജില്ലാ ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പ്രോജക്റ്റ് എഞ്ചിനീയർ, സ്റ്റേറ്റ് ആർ.ടി. മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. തദ്ദേശവാസികൾക്കാവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും പദ്ധതിയുടെ ഭാഗമായി നിലവിൽ വന്നിരിക്കുന്ന യൂണിറ്റുകളെ പൂർണ്ണമായും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

(സി) ഒരു പ്രദേശത്തിന്റെ ടൂറിസം വളർച്ചയിൽ തുടക്കം മുതലേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശവാസികൾ, ജനപ്രതിനിധികൾ എന്നിങ്ങനെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാദിത്തപൂർണ്ണമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടുവരിക, ടൂറിസത്തിലൂടെ തദ്ദേശവാസികൾക്ക് അനുയോജ്യമായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുക, അന്യം നിന്നുപോയേക്കാവുന്ന കല, സാംസ്കാരിക പ്രവർത്തനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയെല്ലാം ടൂറിസത്തിലൂടെ നില നിർത്തുക, പുനരുജ്ജീവിപ്പിക്കുക, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം എന്നിവയെല്ലാം "പെപ്പർ" പദ്ധതിയുടെ ഉദ്ദേശ്യങ്ങളാണ്.

## വയലട ടൂറിസം പദ്ധതി

305 (4341) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ ഗവി എന്നറിയപ്പെടുന്ന വയലട ടൂറിസം വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്താമോ;

(ബി) നിലവിൽ വയലടയിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) "റൂറൽ ടൂറിസം ഡെവലപ്മെന്റ് ഓഫ് വയലട ഹിൽസ് ബാലുശ്ശേരി, കോഴിക്കോട് " എന്ന പദ്ധതിക്ക് സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് 3,04,22,100 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം സ്വകാര്യ വ്യക്തിയിൽനിന്ന് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഡി.ടി.പി.സി. മുഖേന KEL(KERALA ELECTRICAL & ALLIED ENGINEERING CO.LDT) എന്ന ഏജൻസിക്കാണ് നിർമ്മാണ ചുമതല.

(ബി) 18 മാസം പൂർത്തീകരണ കാലാവധിയിലാണ് പ്രവൃത്തികളാരംഭിച്ചത്. എന്നാൽ പ്രതികൂല കാലാവസ്ഥയിൽ നിർമ്മാണ വസ്തുക്കൾ പ്രവൃത്തി സ്ഥലത്ത്

എത്തിക്കുന്നതിലെ വൈഷമ്യവും നിർമ്മാണ വസ്തുക്കളായ മെറ്റൽ മുതലായവയുടെ ലഭ്യതക്കുറവും പ്രവൃത്തിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) 2020 മാർച്ചിന് മുൻപായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്.

## പുള്ള്-മനക്കൊടി ടൂറിസം പദ്ധതി

306 (4342) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കോൾമേഖല കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പുള്ള്-മനക്കൊടി ടൂറിസം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പുള്ള്-മനക്കൊടി ടൂറിസം പദ്ധതിക്കായി 4,94,74,258 (നാല് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുനൂറ്റി അൻപത്തി എട്ട്) രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി തൃശ്ശൂർ ഡി.റ്റി.പി.സി. ടൂറിസം വകുപ്പിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള ഘടകങ്ങൾ നിർമ്മിക്കേണ്ടത് പൊതുമരാമത്ത് (റോഡ്സ് ആന്റ് ബ്രിഡ്ജസ്) വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ്. ഇതിന് പൊതുരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ഡി.റ്റി.പി.സി. നടപടി സ്വീകരിച്ചു വരുന്നു.

## ടൂറിസം വകുപ്പിന്റെ ഇരിങ്ങാലക്കുട മണ്ഡലത്തിലെ പദ്ധതികൾ

307 (4343) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

**കോവളത്തെ സൺ ബാത്ത് പാർക്ക്**

308 (4344) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് കോവളത്ത് നിർമ്മിച്ച സൺ ബാത്ത് പാർക്ക് കാട് കയറി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര കോടി രൂപയാണ് പ്രസ്തുത പാർക്കിനായി മുടക്കിയത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഉപയോഗപ്രദമാക്കുന്നതിനായി ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ കോടിക്കണക്കിന് രൂപ മുടക്കിയുള്ള ഇത്തരം നിർമ്മിതികൾ തുടർപരിപാലനം ഇല്ലാതെ നശിക്കുന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സൺ ബാത്ത് പാർക്ക് പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4,68,00,000 (നാല് കോടി അറുപത്തി എട്ട് ലക്ഷം) രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. ടി പദ്ധതിക്കായി 2,07,38,479/- ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. അന്തിമ തുകയുടെ വിശദാംശങ്ങൾ നിർവ്വഹണ ഏജൻസിയായ സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടില്ല.

(സി&ഡി) പ്രസ്തുത പദ്ധതിയുടെ തുടർ പരിപാലനം തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ചാലക്കുടി മണ്ഡലത്തിലെ ടൂറിസം പ്രോജക്ടുകൾ

309 (4345) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമാണെന്നും ഇവ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

1. <u>തുമ്പൂർമുഴി ടൂറിസം പ്രോജക്ട്</u>

   പദ്ധതിയുടെ 85 ശതമാനം പൂർത്തിയായിട്ടുണ്ട്

2. <u>യാത്രി നിവാസ്</u>

   പദ്ധതിയുടെ 35 ശതമാനം പൂർത്തിയായി

3. <u>ഡെവലപ്മെന്റ് ഓഫ് ചാലക്കുടി മുനിസിപ്പൽ പാർക്ക്</u>

   പദ്ധതിയുടെ 30 ശതമാനം പൂർത്തിയായി

4. <u>ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മലക്കപ്പാറ</u>

   ഭൂമി ലഭ്യമായിട്ടില്ല.

5. <u>റീഹാബിലിറ്റേഷൻ ഓഫ് ചാർപ്പ ഓൾഡ് ബ്രിഡ്ജ്</u>

   പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നുണ്ട്

6. <u>റീഹാബിലിറ്റേഷൻ ഓഫ് തുമ്പൂർമൂഴി ഗാർഡൻ</u>

   പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു

7. <u>ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് അതിരപ്പിള്ളി വാട്ടർ ഫാൾസ്</u>

ഭൂപ്രകൃതിക്കനുസൃതമായ രീതിയിൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ആയത് നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചീഫ് എഞ്ചിനീയറുടെ പരിഗണനയിലുമാണ്.

## ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് ടൂറിസം വകുപ്പിന്റെ മോട്ടൽ നിർമ്മാണം

310 (4346) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം ടൂറിസം വകുപ്പിന് മോട്ടൽ നിർമ്മിക്കുന്നതിനായി കൈമാറാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ മന്ത്രിതലത്തിൽ എത്ര മീറ്റിംഗുകൾ നടന്നിട്ടുണ്ടെന്നും എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ എത്ര ഭൂമിയാണ് ടൂറിസം വകുപ്പിന് കൈമാറാൻ തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ ഉപയോഗാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി ഉപയോഗാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ഥലത്ത് ടൂറിസം വകുപ്പ് എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽത്തന്നെ നിലനിർത്തി ടൂറിസം പദ്ധതിയുടെ ലാഭവിഹിതം ടി വകുപ്പിനുകൂടി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ, നെടുമങ്ങാട് വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള സ്ഥലത്ത് ടൂറിസം വകുപ്പിന്റെ ഒരു മോട്ടൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിക്ക് ഉപയോഗാനുമതി നൽകാൻ 24-7-2019-ന് മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. 1.53 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി വിനോദസഞ്ചാര വകുപ്പിന് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഭൂമി കൈമാറ്റ പ്രക്രിയ പൂർത്തിയായതിനുശേഷമേ പദ്ധതിയുടെ അടങ്കൽ തുക ഉൾപ്പെടുന്ന രൂപരേഖ തയ്യാറാക്കുകയുള്ളൂ.

## മീൻമുട്ടി ടൂറിസം കേന്ദ്രത്തിന്റെ നവീകരണം

311 (4347) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻമുട്ടി ടൂറിസം കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടൂറിസം കേന്ദ്രത്തിന്റെ നവീകരണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഇവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വനംവകുപ്പിന്റെ അധീനതിയിലും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥലമായതിനാൽ വിനോദസഞ്ചാര വകുപ്പിന് നടപടി സ്വീകരിക്കാൻ സാധിക്കുകയില്ല.

## നെടുമങ്ങാട് മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പദ്ധതി

312 (4348) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തിരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം & ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടു മണ്ഡപം ടെമ്പിൾ" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി പദ്ധതിക്ക് 4,20,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (നാല് കോടി ഇരുപത് ലക്ഷം രൂപ മാത്രം) പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കടമ്പ്രയാർ ടൂറിസം പദ്ധതി

313 (4349) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പ്രയാർ ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിച്ച് നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കുടുംബശ്രീയെ ചുമതല ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ബോട്ടിംഗ് ഉൾപ്പെടെയുള്ള വിനോദങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കടമ്പ്രയാർ ടൂറിസം പദ്ധതിയുടെ സമഗ്ര നവീകരണത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## നെയ്യാർഡാം ടൂറിസം വികസനത്തിന്റെ രണ്ടാംഘട്ടം

314 (4350) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം ടൂറിസം വികസനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടാണോ രൂപരേഖ തയ്യാറാക്കിയത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദാംശങ്ങൾ നൽകുമോ;

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നെയ്യാർ ഡാം ടൂറിസം വികസനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുകയും ആയതിന് 4,92,00,000 (നാലുകോടി തൊണ്ണൂറ്റി രണ്ടു ലക്ഷം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(ബി) 1. ഫാമിലി സോൺ, 2. പെർഗോള റൂഫിംഗ്, 3. ടോയ്‌ലെറ്റ്, 4. കുട്ടികളുടെ പാർക്ക്, 5. അഡ്വഞ്ചർ സോൺ, 6. വാട്ടർ വാക്ക് വേ എന്നിവയാണ് പ്രധാന ഘടകങ്ങൾ.

വകുപ്പിന്റെ അംഗീകൃത എംപാനൽഡ് ആർക്കിടെക്ട് (M/s രഘുറാം അസ്സോസിയേറ്റ്സ്, ചെന്നൈ) മുഖേന ഇറിഗേഷൻ വകുപ്പ് അധികൃതരുമായി ചേർന്നാണ് മേൽ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) പദ്ധതി എത്രയുംവേഗം തുടങ്ങണമെന്നുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിയായ ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ മറ്റുപദ്ധതികൾ ഒന്നുംതന്നെ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

## തിരുവനന്തപുരം ഡി.റ്റി.പി.സി.-ക്ക് അനുവദിച്ച തുക

315 (4351) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ഡി.റ്റി.പി.സി.-ക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇന്ദ്രാൻചിറ ടൂറിസം പദ്ധതി

316 (4352) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദ്രാൻചിറ ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കുന്നതിനായി പ്രസ്തുത പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇന്ദ്രാൻചിറ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിന് 99 ലക്ഷം രൂപ അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

## ഇരിങ്ങാലക്കുട മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

317 (4353) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് വേണ്ടി നാളിതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ ടൂറിസം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. അനുയോജ്യമായ ടൂറിസം സാധ്യതയുള്ള പ്രൊപ്പോസലും സ്ഥലവും ലഭ്യമാകുന്ന മുറയ്ക്ക് സാധ്യത പരിശോധിക്കാവുന്നതാണ്.

## തുമ്പൂർമുഴി ഡി.എം.സി.-ക്ക് വാഹനങ്ങൾ അനുവദിക്കുന്നതിന് നടപടി

318 (4354) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി-വാഴച്ചാൽ തുമ്പൂർമുഴി ഡി.എം.സി.-യുടെ വിവിധ വിനോദ യാത്രകളുടെ സംഘാടന വിപുലീകരണത്തിനായി കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

നിലവിൽ ഇക്കാര്യം വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

## പിറവം മണ്ഡലത്തിലെ ആറ്റുതീരം വാക്ക് വേ നിർമ്മാണം

319 (4355) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട ആറ്റുതീരം വാക്ക്‌വേ നിർമ്മാണത്തിന്റേയും അനുബന്ധ പദ്ധതിയുടേയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതും 2019 മേയ് മാസം ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതുമാണ്.

## വള്ളംകളി ലീഗ് മാർക്കറ്റ് ചെയ്യാൻ നടപടി

320 (4356) ശ്രീമതി യു. പ്രതിഭ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന വിവിധ വള്ളംകളികൾ ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ ഒരു ടൂറിസം പ്രോജക്ടാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വള്ളംകളികൾ ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന വള്ളംകളികൾ മാർക്കറ്റ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ചാമ്പ്യൻസ് ബോട്ട് ലീഗ് ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നടക്കുന്ന പ്രധാന വള്ളംകളികളെ സംയോജിപ്പിച്ച് ലീഗ് അടിസ്ഥാനത്തിൽ മത്സരം നടത്തുന്നതിനായി "ചാമ്പ്യൻ ബോട്ട് ലീഗ്" എന്ന പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പ് ഈ വർഷം ആരംഭം കുറിച്ചിട്ടുണ്ട്.

പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് താഴെ പറയുന്ന സമയക്രമത്തിൽ നടന്നുവരുന്നു:

1. നെഹ്റു ട്രോഫി ബോട്ട് റേസ്, ആലപ്പുഴ-ആഗസ്റ്റ് 31, 2019
2. താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7, 2019
3. കരുവാറ്റ, ആലപ്പുഴ-സെപ്റ്റംബർ 14, 2019
4. പിറവം, എറണാകുളം-സെപ്റ്റംബർ 28, 2019
5. മറൈൻ ഡ്രൈവ്,എറണാകുളം-ഒക്ടോബർ 5, 2019
6. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12, 2019
7. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19, 2019

(സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി.)

8. കൈനകരി, ആലപ്പുഴ-ഒക്ടോബർ 26, 2019
9. പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2, 2019
10. കായംകുളം, ആലപ്പുഴ-നവംബർ 9, 2019
11. കല്ലട, കൊല്ലം-നവംബർ 16, 2019
12. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം-നവംബർ 23, 2019

(സി) ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ പ്രചരണം താഴെപ്പറയുന്ന മാധ്യമങ്ങൾ വഴി നടത്തിവരുന്നു:

• അച്ചടി/ഡിജിറ്റൽ നവമാധ്യമങ്ങൾ വഴിയുള്ള പ്രചരണം.

• ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചുള്ള പ്രചരണം.

• ഇന്ത്യയിലെ പ്രധാന എയർപോർട്ടുകളിൽ എൽ.ഇ.ഡി. സ്ക്രീനുകൾ വഴി പ്രചരണം.

• എഫ്.എം റേഡിയോ വഴി പ്രചരണം

• ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ വഴി പ്രചരണം

• മൊബൈൽ വാനുകൾ വഴി പ്രചരണം

• ടാക്സി കാറുകളിൽ പരസ്യം പതിച്ചുള്ള പ്രചരണം

• ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ പ്രൊമോഷൻ വീഡിയോ സ്റ്റാർ സ്പോർട്സിൽ പ്രദർശിപ്പിക്കുന്നുണ്ട്.

• ചാമ്പ്യൻസ് ബോട്ട് ലീഗ് ദേശീയ/അന്തർദേശീയ ടൂർ ഓപ്പറേറ്റർമാരുടെ യാത്രാ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിൽ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ

321 (4357) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നതിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിൽ താഴെപ്പറയുന്ന സഹകരണ സംഘങ്ങൾ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്നു:

1. കൊടുങ്ങല്ലൂർ മേഖല ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1379

2. ആയുർവ്വേദ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1495

3. ചാലക്കുടി കോ-ഓപ്പറേറ്റീവ് ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1438

4. മണലൂർ മേഖല ഇക്കോ ടൂറിസം ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1309

5. പൂമല ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1487

6. തലപ്പിള്ളി താലൂക്ക് ഇക്കോ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1280

7. തൃശ്ശൂർ ജില്ല ടൂറിസം ടൂറിസം ആന്റ് ആയുർവ്വേദ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1200

8. തൃശ്ശൂർ ജില്ല ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1239

9. ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1179.

**ദേവസ്വം നിയമനം**

322 (4358) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) ദേവസ്വം നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി പി.എസ്.സി മാതൃകയിൽ ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാർക്ക് പൂജാരിമാരായി നിയമനം നൽകിയിട്ടുണ്ടോ;

(ഡി) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിൽ പത്ത് ശതമാനം സംവരണം അനുവദിച്ചതോടൊപ്പം മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെയും സംവരണ ശതമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് പ്രകാരം, സംസ്ഥാനത്തെ 5 ദേവസ്വം ബോർഡുകളിലും പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള തസ്തികകളിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നുമാണ് നിയമനം നടത്തുന്നത്.

(ബി) ഉണ്ട്. 'ദേവജാലിക' എന്ന സോഫ്റ്റ്‌വെയർ വഴിയാണ് അപേക്ഷ സ്വീകരിച്ച് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനം നടത്തിവരുന്നത്.

(സി) ഉണ്ട്.

(ഡി) ദേവസ്വം നിയമനങ്ങളിൽ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 10 ശതമാനം മുന്നാക്കസംവരണം കൂടാതെ ഈഴവ സമുദായത്തിന് 14 ശതമാനത്തിൽനിന്നും 17 ശതമാനമായും പട്ടികജാതി വിഭാഗത്തിന് 8 ശതമാനമാനത്തിൽനിന്നും 10 ശതമാനമായും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) 3 ശതമാനത്തിൽനിന്നും 6 ശതമാനമായും സംവരണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡിലേയ്ക്ക് ഉദ്യോഗസ്ഥർ അടയ്ക്കാനുള്ള തുക

323 (4359) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുമതിയില്ലാതെ വഴിപാട് നടത്തിയ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് ഉദ്യോഗസ്ഥർ അടയ്ക്കേണ്ട തുകയിൽ ഇളവ് നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) എത്ര ശതമാനം ഇളവാണ് നൽകുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പിഴ പൂർണ്ണമായും ഈടാക്കണമെന്ന ദേവസ്വം മാന്വലിലെ നിർദ്ദേശങ്ങൾക്കും ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കും വിരുദ്ധമായി ഇത്തരമൊരു തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അനുമതിയില്ലാതെ വഴിപാട് നടത്തിയ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില ദേവസ്വങ്ങളിൽ പ്രൊപ്പോസ്സൽ അനുവാദം ഇല്ല എന്ന കാരണത്താൽ വഴിപാട് നടത്തിക്കൊടുക്കുന്നതിന് ചെലവാകുന്ന തുക ആഡിറ്റിൽ ചുമതലയായി നിജപ്പെടുത്തിയിരുന്നു. വഴിപാടുകൾ നടത്തി ക്കൊടുക്കുന്നതിന് ചെലവാക്കിയ തുക വീണ്ടും ചുമതലക്കാരിൽനിന്നും ഈടാക്കുന്നത് യുക്തിരഹിതമാണെന്ന് കണ്ടതിനെ തുടർന്ന് തുക ഒഴിവാക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്. യഥാസമയം പ്രൊപ്പോസൽ അനുവാദം വാങ്ങിയില്ല എന്നത് കണക്കിലെടുത്ത് സപ്ലൈയർ തുകയുടെ 20 ശതമാനം പിഴയായി ചുമതലക്കാരിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## പരിസ്ഥിതി സൗഹൃദ ശബരിമല തീർത്ഥാടനം

324 (4360) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്തിന് ശേഷം അവശേഷിക്കുന്ന വിവിധതരം പ്ലാസ്റ്റിക് സാധനങ്ങൾ പരിസ്ഥിതിക്ക് ദോഷകരമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീർത്ഥാടനകാലം പരിസ്ഥിതി സൗഹൃദമാക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) പരിസ്ഥിതി സൗഹൃദ തീർത്ഥാടനം എന്നത് ഒരു ക്യാമ്പയിനായി തീർത്ഥാടകർക്കിടയിൽ പ്രചരിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ശബരിമലയിൽ പൂർണ്ണമായും പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അയ്യപ്പഭക്തർക്ക് വിതരണം നടത്തുന്ന വിഭൂതി പ്രസാദം പേപ്പർ പാക്കറ്റുകളിൽ വിതരണം നടത്താൻ തീരുമാനിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാന മന്ത്രിമാരുടെ യോഗത്തിൽ അന്യസംസ്ഥാനങ്ങളിലെ അയ്യപ്പഭക്തന്മാർ ഇരുമടിക്കെട്ടിനുള്ളിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് തടയുന്നത് സംബന്ധിച്ചും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശബരിമല മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ജില്ലാ ഭരണകൂടത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശബരിമല സാനിറ്റേഷൻ സൊസൈറ്റി നിയോഗിക്കുന്ന സന്നദ്ധ സേവകർ പ്രവർത്തിക്കുന്നതാണ്. കൂടാതെ പുണ്യം പൂങ്കാവനം എന്ന പദ്ധതിയും

നടപ്പിലാക്കുന്നുണ്ട്. ഹോട്ടൽ, കച്ചവട സ്ഥാപനങ്ങൾ മുതലായവയുടെ കുത്തകലേലവുമായി ബന്ധപ്പെട്ട ടെന്റുകളിൽ പൂർണ്ണമായും പ്ലാസ്റ്റിക് ഒഴിവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം കൊണ്ടുവരുന്നത് നിരുത്സാഹപ്പെടുത്താനും പകരം കുടിവെള്ളം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശബരിമലയിലെ കടമുറികളും സ്ഥലവും ലേലം ചെയ്യുന്ന നടപടി

325 (4361) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പ്ലാപ്പള്ളി മുതൽ സന്നിധാനം വരെയുള്ള കടമുറികളും സ്ഥലവും ലേലം ചെയ്യുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ വർഷത്തെ ഇ-ടെൻഡർ നടപടികൾക്ക് ലഭിച്ച പ്രതികരണം മോശമായിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സീസണിൽ കടമുറികളും സ്ഥലവും ലേലത്തിൽ പോയത് എത്ര കോടി രൂപയ്ക്കാണ്; ഈ വർഷം എന്ത് തുക ഇതുവരെ ലഭിച്ചു; അറിയിക്കുമോ;

(ഡി) ലേലത്തിൽ കുറഞ്ഞ തുക ലഭിച്ചത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഈ പ്രതിസന്ധി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ലേലനടപടികൾ നടന്നുവരുന്നു.

(ബി) കുത്തക വിവര പ്രകാരം 213 ഇനങ്ങൾക്കായി ഇ-ടെണ്ടർ നടത്തിയതിൽ ആകെ 49 ഇനങ്ങൾ ലേലം പോയിട്ടുള്ളതാണ്. ബാക്കി ഇനങ്ങൾക്ക് 12-11-2019-ൽ ലേലം നിശ്ചയിച്ചിട്ടുണ്ട്. വരുമാനക്കുറവ് ഉണ്ടാകുമെന്ന് കരുതിയാകാം കുത്തക ഏറ്റെടുക്കാൻ വൈമനസ്യം കാണിക്കുന്നതെന്ന് കരുതുന്നു.

(സി) മുൻ വർഷം 37,81,27,889 (മുപ്പത്തിയേഴ് കോടി എൻപത്തിഒന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റി എൺപത്തിയൊൻപത്) രൂപയ്ക്കും ഈ വർഷം ഇതുവരെ 13,88,40,004 (പതിമൂന്ന് കോടി എൻപത്തി എട്ട് ലക്ഷത്തി നാല്പത്തി നാലായിരത്തി നാല്) രൂപയ്ക്കും ലേലം നടന്നിട്ടുണ്ട്.

(ഡി) ലേലം പൂർത്തിയാക്കുന്ന മുറയ്ക്ക് ലേലത്തുകയിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്.

(ഇ) ലേലം പോകാത്ത ഇനങ്ങൾക്ക് ആവർത്തന ലേല നടപടികൾ നടന്നുവരികയാണ്. 12-11-2019-നുശേഷവും കുത്തകലേലം ആരുംതന്നെ എടുക്കാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ സർക്കാർ തലത്തിൽ താല്ക്കാലിക സംവിധാനം ഒരുക്കാൻ തീരുമാനമായിട്ടുണ്ട്.

**കരുനാഗപ്പള്ളി മേജർ മഹാദേവർ ക്ഷേത്രത്തിൽ ശബരിമല ഇടത്താവളം**

326 (4362) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മേജർ മഹാദേവർ ക്ഷേത്രത്തെ ശബരിമല ഇടത്താവളമായി അംഗീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ശബരിമല ഇടത്താവളവുമായി ബന്ധപ്പെട്ട് എന്തെല്ലാം സൗകര്യങ്ങൾ ക്ഷേത്രത്തിൽ അനുവദിയ്ക്കുമെന്നും ആയതിൻപ്രകാരം ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വിശദീകരിക്കുമോ;

(സി) ഇവിടുത്തെ സേവ പന്തലിന്റെ പുനർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി മഹാദേവർ ക്ഷേത്രം ശബരിമല ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അയപ്പ ഭക്തർക്ക് വിശ്രമത്തിനുള്ള നടപ്പന്തൽ, ടോയ് ലെറ്റ്, ലൈറ്റിംഗ് സംവിധാനം, പാർക്കിംഗ് സൗകര്യം എന്നിവ എവിടെ ലഭ്യമായതിനാൽ മറ്റ് ക്രമീകരണങ്ങൾ ഏർപ്പെടുത്താറില്ല.

(സി) സേവാപ്പന്തലിന്റെ പുനർനിർമ്മാണത്തിനായി ഭരണാനുമതി നൽകി പണികൾ ആരംഭിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ ഭൂമി**

327 (4363) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ കൈവശ ഭൂമി അളന്നു തിട്ടപ്പെടുത്താൻ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുവരെ ഏതെങ്കിലും കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; കൂടുതൽ കയ്യേറ്റങ്ങൾ കണ്ടെത്തിയ പത്തു ക്ഷേത്രങ്ങളുടെ പേരും കയ്യേറിയ ഭൂമിയുടെ അളവും പട്ടിക രൂപത്തിൽ നൽകാമോ;

(സി) ഇത്തരം കയ്യേറ്റ ഭൂമികൾ തിരിച്ചു പിടിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന്, അതിന് കീഴിലുള്ള ക്ഷേത്രങ്ങളുടെമേൽ മേൽനോട്ടാധികാരം മാത്രമാണുള്ളത്. ദേവസ്വം ഭൂമിയുടെ ഉടമസ്ഥാവകാശം അതാത് ക്ഷേത്രങ്ങളിലെ ദേവൻ/ദേവിയുടെ മാനേജർ എന്ന നിലയിൽ ക്ഷേത്രഭരണാധികാരിയിൽ നിക്ഷിപ്തമാണ്. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി) ഉണ്ട്. 1123 ക്ഷേത്രങ്ങളുടെ ഭൂമി സർവ്വേ നടത്തിയതിൽ ആകെ 24693.24 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീ. പന്തല്ലൂർ ദേവസ്വം, ഏമൂർ ഭഗവതി ദേവസ്വം, പുൽപ്പള്ളി ദേവസ്വം, പുറക്കാടി ദേവസ്വം, ചാത്തൻകുളങ്ങര ദേവസ്വം, കൊട്ടിയൂർ ദേവസ്വം, തിരുവർച്ചനാംകുന്ന് ദേവസ്വം, വെള്ളാലത്ത് ശിവക്ഷേത്രം, കടന്നപ്പള്ളി തുടങ്ങിയ ക്ഷേത്രങ്ങളുടെ ഭൂമിയിൽ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്.

(സി) കയ്യേറ്റ ഭൂമിയുടെ കൃത്യമായ കണക്ക് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

## മലബാർ ദേവസ്വം ബോർഡ് ആഡിറ്റ്

328 (4364) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ നടന്ന ആഡിറ്റുകൾക്ക് ശേഷം കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തയ്യാറാക്കിയ ആഡിറ്റ് റിപ്പോർട്ടുകളിലെ ഒബ്ജക്ഷനു മേൽ ദേവസ്വം ബോർഡ് അന്വേഷണത്തിന് ശിപാർശ ചെയ്യാറുണ്ടോ; വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിൽ ശിപാർശ ചെയ്ത അന്വേഷണങ്ങളിൽ എത്രയെണ്ണം നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തയ്യാറാക്കിയ ആഡിറ്റ് റിപ്പോർട്ടുകളിലെ ഓഡിറ്റ് ഒബ്ജക്ഷനുമേൽ തുടർനടപടികൾ സ്വീകരിക്കാൻ മലബാർ ദേവസ്വം ബോർഡിന് അധികാരമില്ല. ആയതിന് തീർപ്പ് കൽപ്പിക്കേണ്ടത് നിലവിലെ നിയമപ്രകാരം ഓഡിറ്റ് വകുപ്പാണ്.

(ബി) ബാധകമല്ല.

**ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം**

329 (4365) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമന നടപടി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കൈമാറുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിൽ നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ എത്ര ശതമാനം സംവരണമാണ് നൽകുന്നത്; വ്യക്തമാക്കാമോ;

(സി) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇരുപത് ശതമാനം സംവരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊഴികെയുള്ള തസ്തികകളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവുമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങളുടെ സംവരണം 8 ശതമാനവും 10 ശതമാനമായി വർദ്ധിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ 20 ശതമാനമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

## കാടാമ്പുഴ ശ്രീദുര്‍ഗ്ഗാ ഭഗവതിക്ഷേത്രത്തില്‍ ശബരിമല ഇടത്താവളം

330 (4366) പ്രൊഫ. ആബിദ് ഹുസൈന്‍ തങ്ങള്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാടാമ്പുഴ ശ്രീദുര്‍ഗ്ഗ ഭഗവതി ക്ഷേത്രത്തില്‍ ശബരിമല ഇടത്താവളം ആരംഭിക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി തെരഞ്ഞെടുത്ത ഏജന്‍സി നടത്തിയ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഏജന്‍സി തയ്യാറാക്കിയ പ്രോജക്ട് റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഇടത്താവളം പദ്ധതി അടിയന്തരമായി ആരംഭിക്കുവാന്‍ വേണ്ട നിര്‍ദ്ദേശം നല്‍കുമോ;

(ഇ) ദേവസ്വം അധികൃതര്‍ ഇത് സംബന്ധിച്ച് സര്‍ക്കാരിന് കത്ത് നല്‍കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കാടാമ്പുഴ ശ്രീ ദുര്‍ഗ്ഗാ ഭഗവതി ക്ഷേത്രത്തില്‍ ശബരിമല ഇടത്താവളം പദ്ധതി നടപ്പാക്കുന്നതിന് സര്‍ക്കാര്‍ ഉത്തരവ് നല്‍കിയിട്ടുണ്ട്. ഇതിനായി 15.80 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നിര്‍വ്വഹിക്കുന്ന ഊരാളുങ്കല്‍ ലേബര്‍ കോണ്‍ട്രാക്ട് സൊസൈറ്റിയുടെ പരിശോധനയ്ക്ക് നല്‍കിയിട്ടുള്ളതായും പദ്ധതിയുടെ നിര്‍മ്മാണ അനുമതിക്കായി പഞ്ചായത്തില്‍ അപേക്ഷ സമര്‍പ്പിച്ചിട്ടുള്ളതായും പദ്ധതി പ്രദേശത്ത് ചെങ്കല്‍ ഖനനം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് അപേക്ഷ സമര്‍പ്പിച്ചിട്ടുണ്ടെന്നും മലബാര്‍ ദേവസ്വം ബോര്‍ഡ് കമ്മീഷണര്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്.

(ബി) 15.80 കോടി രൂപയുടെ എസ്റ്റിമേറ്റ് പദ്ധതി നിര്‍വ്വഹിക്കുന്ന ഊരാളുങ്കല്‍ ലേബര്‍ കോണ്‍ട്രാക്ട് സൊസൈറ്റി പരിശോധിച്ച് വരികയാണ്. കൂടാതെ ഫീല്‍ഡ് സര്‍വ്വേയും പൂര്‍ത്തിയാക്കിയിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോര്‍ട്ടിന്റെ സമ്മറി അനുബന്ധമായി ചേര്‍ക്കുന്നു.*

(ഡി&ഇ) പ്രസ്തുത ഇടത്താവള പദ്ധതി ആരംഭിക്കുന്നതിന് ഏകജാലക സംവിധാനത്തില്‍ കീഴിലൂടെ പദ്ധതിക്ക് ടെക്നിക്കല്‍ സാംഗ്ഷന്‍ കമ്മിറ്റിയുടെ അനുമതി, അഗ്നി രക്ഷാ വകുപ്പ്, ടൗണ്‍ പ്ലാനിംഗ് വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നീ വകുപ്പുകളുടെ ക്ലിയറന്‍സ് ലഭ്യമാക്കേണ്ടതുണ്ടെന്ന് മലബാര്‍ ദേവസ്വം ബോര്‍ഡ് അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

### കാട്ടാക്കട മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ

331 (4367) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പേരും സ്ഥലവും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ ക്ഷേത്രത്തിന്റെയും ഭൂമിയെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

### നിലമ്പൂരിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം

332 (4368) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം നേരിട്ട ദേവസ്വം ബോർഡിന് കീഴിലുള്ള കരുളായി ചെമ്മന്തിട്ട ക്ഷേത്ര പുനരുദ്ധാരണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ദേവസ്വം ബോർഡിന് കീഴിലല്ലാത്ത പോത്തുകല്ല്, ശാന്തിഗ്രാം ശിവപാർവ്വതി ക്ഷേത്രം, നിലമ്പൂർ നടുവിലക്കളം ശ്രീ സുബ്രഹ്മണ്യക്ഷേത്രം എന്നിവയുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കരുളായി ചെമ്മന്തിട്ട ക്ഷേത്രത്തിന് ജീർണ്ണോദ്ധാരണ ധനസഹായം ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലില്ല. ജീർണ്ണോദ്ധാരണ ഗ്രാന്റിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 4088, 4105, 4107, 4109, 4110, 4119, 4120, 4172, 4369 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10.00 AM]

## II അടിയന്തരപ്രമേയ നോട്ടീസ്

### ഓഡിറ്റ് നിഷേധം

മി. സ്പീക്കർ: കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലും (KIIFB), കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലും (KIAL) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിക്കുന്ന ഓഡിറ്റ് നിയമവിരുദ്ധമായി നിഷേധിക്കുന്ന സർക്കാരിന്റെ നടപടിമൂലം ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കിഫ്ബിയിൽ ഓഡിറ്റിംഗ് നിഷേധിച്ചതിന്റെ ഭാഗമായിട്ടുള്ള ആശങ്ക സംബന്ധിച്ച് ചർച്ച ചെയ്യണമെന്നതാണ് നോട്ടീസിന്റെ ഉള്ളടക്കം. ഇതേവിഷയം ഇന്ന് സഭയിൽ 331-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യവുമായി ബന്ധപ്പെട്ട് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കൂടാതെ, ഇതുമായി ബന്ധപ്പെട്ട് 4-11-2019-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 157-നം 29-10-2019-ന് ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടുന്ന മൂന്ന് പേരുടെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 34-നം സഭയിൽ വിശദമായി മറുപടി പറയുകയും സഭയുടെ മുമ്പാകെ വിശദമായി ചർച്ച ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി. ഈ നോട്ടീസിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ആശങ്ക അടിസ്ഥാനപരമായി നിഷേധിച്ചുകൊണ്ടും ഓഡിറ്റിംഗിന് അനുമതിയില്ലെന്ന പ്രശ്നംതന്നെ നിഷേധിച്ചുകൊണ്ട് സർക്കാരിന്റെ നിലപാടും ഇവിടെ വ്യക്തമാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഒരേ വിഷയം സഭയിൽ വീണ്ടും ചർച്ച ചെയ്യുന്ന സാഹചര്യം 50 (4) അനുസരിച്ച് ചട്ടപ്രകാരമല്ലാത്തതുകൊണ്ട് റൂൾ 50 അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, Question is to elicit reply from the Government. Adjournment Motion is for adjourning the House and discuss....... ഇത് രണ്ട് കാര്യമാണ്. ചോദ്യോത്തരസമയത്ത് മെമ്പർമാർ ചോദ്യങ്ങൾ ധാരാളമായി ചോദിക്കും. ഭരണഘടനാ സ്ഥാപനമായ C&AG നിർദ്ദേശിക്കുന്ന ഓഡിറ്റ് നിഷേധിച്ചുകൊണ്ട് നടത്തുന്ന ഭരണഘടനാവിരുദ്ധമായൊരു നടപടിയെപ്പറ്റി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയുന്നതും ചോദ്യം ചോദിക്കുന്നതും രണ്ടും രണ്ടാണ്. അങ്ങ് വിശദമായി പരിശോധിച്ചുനോക്കുക. What is the purpose of a question? Question is only to elicit details from the Government. Adjournment Motion means adjourn the House and discuss the very important matter. ഓഡിറ്റിംഗിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ ഞങ്ങൾക്ക് ചോദ്യത്തിലൂടെ മാത്രമേ ചോദിക്കാൻ സാധിച്ചിട്ടുള്ളൂ. ഇവിടെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അത് സഭയുടെ അധികാരമാണ്. എക്സിക്യൂട്ടീവ് എടുക്കുന്ന അധികാരങ്ങൾ ലെജിസ്ലേച്ചറിനുപോലും ചർച്ച ചെയ്യാൻ സാധിക്കാത്ത ഒന്നാണെന്ന് അങ്ങ് തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. റൂൾ 50 ഞങ്ങളുടെ അധികാരമാണ്, അവകാശമാണ്. ദയവായി അങ്ങ് അത് നിഷേധിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ചോദ്യങ്ങൾ ചോദിക്കുന്നതും അടിയന്തരപ്രമേയത്തിന് അനുമതി തേടുന്നതും രണ്ടും രണ്ടാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വിശദീകരണക്കുറിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് C & AG's Duties, Powers and Conditions of Service ആക്ടിന്റെ Section 20 (2), Section 19 എന്നിവയുടെ നിഷേധമാണ് ഇവിടെ നടന്നതെന്നാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞിരിക്കുന്നത്. C & AG's Duties, Powers and Conditions of Service ആക്ടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ രണ്ട് സെക്ഷനും ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. ആ രണ്ട് സെക്ഷനുകൾക്കും എതിരായിട്ടുള്ള ഒരു നിലപാടും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ...(ബഹളം)... നിങ്ങൾ പറയുന്ന സമയത്ത് ഞാൻ ഇടപെടാറില്ല. സ്പീക്കർ അനുവദിച്ചിട്ടാണ് ഞാനിവിടെ നിൽക്കുന്നത്. എനിക്കത് പറയാനുള്ള അധികാരമുണ്ട്. ഞാൻ നിങ്ങളെ disturb ചെയ്യാറില്ല. പറയുന്നത് തെറ്റാണോ ശരിയാണോയെന്ന് നോക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകട്ടെ. ഇവിടെ ഗവൺമെന്റ് നിഷേധിച്ചതല്ല, ഈ അധികാരം ഞങ്ങൾക്ക് വേണമെന്ന് C&AG പ്രസിഡന്റിനോട് അഭ്യർത്ഥിക്കുന്നതാണ് Section 20(2)-ൽ പറയുന്നത്. അതും ഇതുമായി യാതൊരു ബന്ധവുമില്ല. Section 19, ഇവിടെ ഒരു രൂപത്തിലും infringe ചെയ്തിട്ടില്ല. സെക്ഷൻ 14 പ്രകാരം ഏത് രൂപത്തിലും

അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. അതുകൊണ്ട് സെക്ഷൻ-19, സെക്ഷൻ 20(2)-മായി ബന്ധപ്പെട്ടുകൊണ്ട് C&AG's Duties, Powers and Conditions of Service-ന്റെ ചട്ടത്തിനും രൂപത്തിനും എതിരല്ല. അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നാലും ചട്ടം 50 (4) പ്രകാരവും അടിയന്തരപ്രമേയത്തിന് അവതരണാനുമതി ഒരു രൂപത്തിലും അനുവദിക്കാൻ പാടില്ല. എന്ത് റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയാലും ഇവിടെ ഒരു പ്രശ്നവുമില്ല, പറഞ്ഞതുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അദ്ദേഹം മെരിറ്റിലേയ്ക്കാണ് പോയത്. The Government is violating the Constitution. അതാണ് വിഷയം. All these bodies are functioning according to the Constitution of India. The Government is violating the Constitution of India. Constitution is empowering the C& AG to audit all the receipts and loans and other things. അങ്ങനെ നടത്തുമ്പോൾ അത് ചെയ്യാതിരിക്കുന്നതുവഴി the Government is violating the Constitution of India. അതാണ് ഞങ്ങളുടെ പോയിന്റ്. അത് ഞങ്ങൾ ഇവിടെ ഉന്നയിക്കാതെ പിന്നെ എവിടെയാണ് ഉന്നയിക്കേണ്ടത്?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അനുവദിക്കാതെ എനിക്ക് ഇതിന്റെ മെരിറ്റിലേയ്ക്ക് പോകാൻ കഴിയില്ല, അതുകൊണ്ട് ഞാനതിന്റെ മെരിറ്റിലേയ്ക്ക് പോകുന്നില്ല. ചോദ്യോത്തരവേളയിൽ ധാരാളം ചോദ്യങ്ങൾ ഉണ്ടാകാറുണ്ട്. ഇവിടെ അവതരിപ്പിക്കപ്പെടുന്ന റൂൾ 50 പ്രതിപക്ഷത്തിന്റെ പ്രിവിലേജ് കൂടിയാണ്. ചോദ്യോത്തര സമയത്ത് എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്യപ്പെടാറുണ്ട്. പക്ഷേ, റൂൾ 50 പ്രകാരം സഭ നിർത്തിവച്ച് ഈ വിഷയം രണ്ട് മണിക്കൂർ ചർച്ച ചെയ്യണമെന്നൊരു നോട്ടീസാണ് ഞങ്ങൾ നൽകുന്നത്. അത് ഞങ്ങൾക്കുള്ള അവകാശമാണ്. ചോദ്യോത്തര വേളയിൽ ടി വിഷയം സംബന്ധിച്ച് ചോദ്യം വന്നുവെന്നതിന്റെ പേരിൽ ഇനി വേണമെങ്കിൽ ഇതൊരു കീഴ്‌വഴക്കമായാൽ, റൂൾ 50 അനുസരിച്ചുള്ള എല്ലാ നോട്ടീസുകൾക്കും അവസരം നിഷേധിക്കാൻ സാധിക്കും. അതുകൊണ്ട് ചോദ്യോത്തര വേളയിൽ ചോദ്യം വന്നുവെന്നതിന്റെ പേരിൽ റൂൾ 50 നിഷേധിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സഭയുടെ കീഴ്‌വഴക്കമാണ്. ഇതിന്റെ പേരിൽ ഒരിക്കലും റൂൾ 50 നോട്ടീസ് നിഷേധിച്ചിട്ടില്ലെന്ന കാര്യവുംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ: അങ്ങ് ഉൾപ്പെടുന്ന നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങളുടെ പ്രധാന ആശങ്ക ഇത്തരമൊരു ഓഡിറ്റിംഗ് അനുവദിക്കാത്തതുമായി ബന്ധപ്പെട്ടുള്ളതാണ്. അത്തരമൊരു നിലപാടേ ഗവൺമെന്റിനില്ലെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായ ആശങ്കതന്നെ ഗവൺമെന്റ് ഇവിടെ ചർച്ചയിലൂടെ വ്യക്തമാക്കി. ...(ബഹളം)...Finance Minister have made it clear, there is no restriction for any type of.... കാര്യങ്ങളൊക്കെ പറഞ്ഞുകഴിഞ്ഞു. അടിസ്ഥാനപരമായി ഉന്നയിക്കപ്പെട്ട ആശങ്കതന്നെ അസ്ഥാനത്തായ

സാഹചര്യത്തിലും മൂന്ന് തവണ ചോദ്യോത്തരവേളയിൽ വന്ന സാഹചര്യത്തിലും ഉന്നയിക്കപ്പെട്ട വിഷയം വിശദമായി ചർച്ച ചെയ്യപ്പെട്ട സാഹചര്യത്തിലും ഏത് രൂപത്തിലായാലും സഭയുടെ മുന്നിൽ വന്നുകഴിഞ്ഞു. ചെയറിന്റെ നിലപാട് അതാണ്, ദയവായി സഹകരിക്കണം. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ ചർച്ച വന്നു. ദയവായി സഹകരിക്കണം. ...പ്ലീസ്... ദയവായി വാശിപിടിക്കരുത്. Rules of Procedure-ൽ ഇതെല്ലാം വളരെ വ്യക്തമാണ്. ...(ബഹളം)... whether it is question, whether it is submission, whether it is calling attention,… please… please...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ ഭരണകക്ഷിയായിരുന്നപ്പോൾ അന്നത്തെ പ്രതിപക്ഷം നിരവധി തവണ സബ്മിഷൻ അവതരിപ്പിച്ച വിഷയംതന്നെ adjournment motion-ആയി കൊണ്ടുവന്നിട്ടുണ്ട്. ചോദ്യങ്ങളിൽ വന്ന വിഷയംതന്നെ adjournment motion ആയി കൊണ്ടുവന്നിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് പറയുന്ന കാര്യം ശരിയാണ്. ...(ബഹളം)...

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമസഭയിൽ കീഴ്‌വഴക്കമുണ്ട്. എനിക്ക് അങ്ങയോട് ഒരപേക്ഷയുണ്ട്. ഗവൺമെന്റ് പറയേണ്ട കാര്യം അങ്ങ് പറയരുത്. നാട്ടിൽ ആശങ്കയില്ല എന്ന കാര്യം ഗവൺമെന്റിന് പറയാം. അത് ബഹുമാനപ്പെട്ട സ്പീക്കറല്ല ഗവൺമെന്റാണ് പറയേണ്ടത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് പ്രതിപക്ഷത്തിന്റെ കാര്യങ്ങൾകൂടി പ്രൊട്ടക്റ്റ് ചെയ്യാൻ ഉത്തരവാദിത്തമുണ്ട്.

മി. സ്പീക്കർ: തീർച്ചയായും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതും ആശങ്കയുള്ളതുമായ വിഷയത്തെ സംബന്ധിച്ച ചോദ്യത്തിന് ഒരു വാചകമല്ലേ ഉത്തരം പറയാൻ സാധിക്കൂ. ഞങ്ങൾക്ക് പറയേണ്ട പ്രധാന പോയിന്റുകൾ സഭയുടെയോ ഗവൺമെന്റിന്റെയോ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതിനുള്ള അവസരമാണ് റൂൾ 50.

മി. സ്പീക്കർ: "അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെടേണ്ടവിധം - (1) സ്പീക്കർ 50-ാം ചട്ടപ്രകാരം സമ്മതം നൽകുകയും ചർച്ച ചെയ്യപ്പെടാൻ ഉദ്ദേശിക്കുന്ന സംഗതി ക്രമപ്രകാരമുള്ളതാണെന്ന് തീരുമാനിക്കുകയും ചെയ്യുന്നതായാൽ, ചോദ്യങ്ങൾക്കുശേഷം കാര്യവിവര പ്പട്ടികയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട അംഗത്തെ വിളിക്കേണ്ടതും അദ്ദേഹം തന്റെ സ്ഥാനത്ത് എഴുന്നേറ്റുനിന്ന് സഭ തൽക്കാലം നിർത്തി

വയ്ക്കുന്നതിനുള്ള പ്രമേയം അവതരിപ്പിക്കാൻ അനുമതി ആവശ്യപ്പെടേണ്ടതുമാകുന്നു." ഇത് ക്രമപ്രകാരമുള്ളതല്ലെന്നാണ് സ്പീക്കറുടെ നിലപാട്. അതാണ് ഞാൻ പറയുന്നത്. ഇതുസംബന്ധിച്ച എല്ലാ വിശദാംശങ്ങളും സഭയിൽ വന്നു. അടിയന്തരപ്രാധാന്യമുള്ള ഒരുവിഷയവും ഇതിൽ വന്നിട്ടില്ല. ദയവായി മനസ്സിലാക്കണം ...പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, അടിയന്തരപ്രമേയം ഉന്നയിക്കാനുള്ള പ്രതിപക്ഷ അവകാശത്തെ അങ്ങ് സംരക്ഷിക്കണം. ...(ബഹളം)...

മി. സ്പീക്കർ: ഏത് അവകാശത്തെയും സംരക്ഷിക്കും. ...പ്ലീസ്... ദയവായി മനസ്സിലാക്കുക. രാവിലെ സഭയിൽ എടുത്ത മൂന്ന് ചോദ്യങ്ങളുടെയും വിശദാംശങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് തരാം. അങ്ങ് അത് പരിശോധിക്കണം. ഒക്ടോബർ 29-ാം തീയതിയും നവംബർ 4-ാം തീയതിയുമെല്ലാം ചർച്ച ചെയ്തിട്ടുള്ള ചോദ്യങ്ങളുടെ വിശദാംശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അന്ന് പറയാത്ത, പുതിയതായി ഒരുകാര്യവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ...(ബഹളം)... അടുത്ത നടപടികളിലേയ്ക്ക് കടക്കുകയാണ്. ശ്രദ്ധ ക്ഷണിക്കൽ ...(ബഹളം)... ചട്ടപ്രകാരമല്ലേ ചെയ്യാൻ സാധിക്കൂ.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുസമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) വാടക നിയന്ത്രണവും നഷ്ടപരിഹാരവും

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വ്യാപാരികൾ നേരിടുന്ന അതീവ ഗുരുതരമായ രണ്ട് വിഷയങ്ങളെ സംബന്ധിച്ചാണ് ഞാനിവിടെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിലെ നിലവിലുള്ള നിയമങ്ങൾ വാടക ക്കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്ന ചെറുകിട വ്യാപാരികൾക്ക് ഏറെ ദോഷകരമായ വ്യവസ്ഥകളടങ്ങിയതാണ്. നിലവിലുള്ള വാടക നിയന്ത്രണ നിയമങ്ങളനുസരിച്ച് ഒരു താമസസ്ഥലം വാടകയ്ക്കെടുത്ത് താമസിക്കുന്ന വ്യക്തിക്കും കച്ചവടാവശ്യത്തിന് കെട്ടിടം വാടകയ്ക്കെടുത്ത വ്യക്തിക്കും ഒരേ തരത്തിലുള്ള നിബന്ധനകളാണ്. ഇതിൽ അനീതിയുണ്ട്. ഒരു വാടകക്കാരനായ താമസക്കാരനെ സംബന്ധിച്ചിടത്തോളം താമസസ്ഥലം മാറുക എന്നത് പോലെയല്ല വ്യാപാരിയുടേത്. എന്നാൽ ഒരു വാടകക്കാരനായ വ്യാപാരിയെ

സംബന്ധിച്ചിടത്തോളം വലിയ തുക മുടക്കി സ്ഥാപനം മോടിപിടിപ്പിച്ചും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയും പരസ്യം നൽകിയും മറ്റുമാണ് കച്ചവടം പുഷ്ടിപ്പെടുത്തുന്നത്. വർഷങ്ങളുടെ അദ്ധ്വാനം കൊണ്ടാണ് ഒരു പ്രദേശത്തെ ജനങ്ങളുടെയിടയിൽ സൽപ്പേരും അനുഭാവവും വളർത്തിയെടുക്കാൻ ഒരു സ്ഥാപനത്തിന് സാധ്യമാകുന്നത്. ഒഴിപ്പിക്കപ്പെട്ടാൽ ഒരു വാടകക്കാരന് വീണ്ടും ഇതെല്ലാമുണ്ടാക്കുക പ്രയാസമാണ്. വലിയ സാമ്പത്തിക നഷ്ടത്തോടൊപ്പം ഏറെ വർഷത്തെ അദ്ധ്വാനവും ഇതുമൂലം വൃഥാവിലാകും. വ്യാപാര തുടർച്ചയ്ക്ക് ഫലപ്രദമായ നിയമം ഉണ്ടാകേണ്ടതുണ്ട്. ഇത് കെട്ടിട ഉടമയുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ടുമാവാം.

ഇതുപോലെതന്നെ പ്രധാനമാണ് വികസന പ്രവർത്തനങ്ങൾക്കായി സ്ഥലമെടുപ്പ് നടത്തുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന വാടകക്കാരായ ചെറുകിട വ്യാപാരികളുടെ സ്ഥിതി. നിലവിൽ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) 419/2011 പ്രകാരം റോഡിനും മറ്റ് വികസനാവശ്യങ്ങൾക്കും സ്ഥലമേറ്റെടുക്കുമ്പോൾ വാടകക്കാരായ വ്യാപാരികൾക്ക് പരമാവധി ലഭ്യമാക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇത് തീരെ അപര്യാപ്തമാണ് എന്നുമാത്രമല്ല ഇതുപോലും വ്യാപാരികൾക്ക് ഇന്ന് ലഭ്യമാകുന്നില്ല എന്നതാണ് വസ്തുത. മതിയായ നഷ്ടപരിഹാരം വാടകക്കാർക്കും ലഭ്യമാകണം. ഇപ്പോൾ ദേശീയപാതയ്ക്ക് സ്ഥലമേറ്റെടുക്കുന്ന പ്രക്രിയ നടക്കുകയാണ്. ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികളിൽ തൊണ്ണൂറ് ശതമാനവും കടമുറികൾ വാടകയ്ക്കെടുത്ത് കച്ചവടം നടത്തുന്നവരാണ്. വടക്കേ മലബാറിൽ മാത്രം ഏതാണ്ട് 5000 വ്യാപാരികളെ ഇത്തരത്തിൽ ഒഴിപ്പിക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്. കണ്ണൂർ എയർപോർട്ടിലേയ്ക്കുള്ള വിവിധ റോഡുകൾ വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുമ്പോൾ നൂറുകണക്കിന് ചെറുകിട വ്യാപാരികളാണ് ഒഴിപ്പിക്കപ്പെടുന്നത്. ഇതിൽ ഏറെയും വാടകയ്ക്ക് കച്ചവടം ചെയ്യുന്നവരാണ്. കണ്ണൂർ എയർപോർട്ടിനുവേണ്ടി സ്ഥലമെടുക്കുമ്പോൾ തലശ്ശേരി-കൊടുവള്ളിഗേറ്റ്-മമ്പറം എയർപോർട്ട് റോഡിൽ 24.50 കിലോമീറ്ററിനുള്ളിൽ 270 വ്യാപാരികളാണുള്ളത്. അതുപോലെ കുറ്റിയാടി പെരിങ്ങത്തൂർ-പാനൂർ-മട്ടന്നൂർ റോഡിൽ 574 വ്യാപാരികളും മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ ശിവപുരം-മട്ടന്നൂർ റോഡിൽ 700 വ്യാപാരികളും കൂട്ടുപുഴപാലം-ഇരിട്ടി-മട്ടന്നൂർ-വായന്തോട് റോഡിൽ 352 വ്യാപാരികളും തളിപ്പറമ്പ-നാണിച്ചേരി പാലം-മയ്യിൽ-ചാലോട് റോഡിൽ 299 വ്യാപാരികളും

മേലേ ചൊവ്വ-ചാലോട്-വായന്തോട് റോഡിൽ 289 വ്യാപാരികളും ഉൾപ്പെടെ ആകെ 2484 വ്യാപാരികളെയാണ് അവിടെനിന്നുമാത്രം ഒഴിപ്പിക്കപ്പെടുന്നത്. അതുപോലെ നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പയ്യന്നൂർ, മാടായി, തളിപ്പറമ്പ്, പാപ്പിനിശ്ശേരി, എടക്കാട് എന്നീ പ്രദേശങ്ങളിൽനിന്നുമാത്രം 814 വ്യാപാരികളെയാണ് ഒഴിപ്പിക്കപ്പെടുന്നത്. ആകെ 3598 വ്യാപാരികളെ കണ്ണൂർ ജില്ലയിൽനിന്നുമാത്രം ഒഴിപ്പിക്കപ്പെടുന്നു. അതുപോലെ കോഴിക്കോട് ചെറുവണ്ണൂർ-കൊളത്തറ റോഡ് പുതിയപാലം എന്നീ സ്ഥലങ്ങളിൽ വേറെയും വ്യാപാരികളെ ഒഴിപ്പിക്കപ്പെടുന്നുണ്ട്. ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് ന്യായമായ സംരക്ഷണം ലഭിക്കുന്നതിന് വാടകക്കെട്ടിട നിയമം ഭേദഗതി ബിൽ പാസ്സാക്കുക. വികസനാവശ്യത്തിന് ഒഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസ സൗകര്യത്തിന് സമഗ്രമായ ഒരു സംരക്ഷണ പാക്കേജ് പ്രഖ്യാപിക്കുക. ഈ ആവശ്യം അനുവദിക്കാൻ നടപടിയുണ്ടാവണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധ ക്ഷണിക്കലിലൂടെ ചൂണ്ടിക്കാണിച്ച ഒഴിപ്പിക്കലിന്റെ ഫലമായുണ്ടാകുന്ന പ്രയാസങ്ങൾ അനുഭവിക്കുന്ന വ്യാപാരികളുടെ പ്രശ്നങ്ങൾ ഗൗരവമുള്ളതുതന്നെയാണ്. 1965-ലെ കേരള കെട്ടിട വാടക നിയന്ത്രണ നിയമം സംസ്ഥാനത്തെ വളരെ പഴക്കംചെന്ന നിയമങ്ങളിലൊന്നാണ്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് ക്രമീകരിക്കുന്നതിനും അന്യായമായി കുടിയാന്മാരെ ഒഴിപ്പിക്കുന്നത് തടയുന്നതിനും വാടക നിയന്ത്രിക്കുന്നതിനുംവേണ്ടിയാണ് 1965-ൽ നിയമം കൊണ്ടുവന്നത്. നിലവിലുള്ള വാടക നിയന്ത്രണ നിയമം "കേരള ബിൽഡിംഗ്സ് (പാട്ടം, വാടക നിയന്ത്രണ) നിയമം 1965" പ്രാബല്യത്തിൽ വന്നിട്ട് 53 വർഷം പിന്നിടുന്നു. ഈ നീണ്ട കാലയളവിൽ സംസ്ഥാനത്ത് സാമ്പത്തികമായും സാമൂഹികമായും ഒട്ടനവധി മാറ്റങ്ങളുണ്ടായിക്കഴിഞ്ഞിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുസമീപം നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

വാടക നിയന്ത്രണം സംബന്ധിച്ചും ന്യായമായ വാടക നിശ്ചയിക്കുന്നതിനും അപ്രകാരം നിശ്ചയിച്ച വാടക കൂട്ടുന്നത് തടയുന്നതിനും ന്യായമായതോ

സമ്മതിച്ചതോ ആയ വാടകയിൽനിന്ന് അധികമായ തുക ജന്മിമാർ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും തടയുന്നതിനും മറ്റുമുള്ള 1965-ലെ കെട്ടിട വാടക നിയന്ത്രണ ആക്റ്റിലെ 5, 6, 8 എന്നീ വകുപ്പുകൾ ഭരണഘടനാപരമായി നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ അവ റദ്ദ് ചെയ്യണമെന്നും ബഹു. കേരള ഹൈക്കോടതി വിധിക്കുകയുണ്ടായി. സംസ്ഥാനത്തെ സാമൂഹ്യ വ്യവസ്ഥിതിയിലും സാമ്പത്തിക ചുറ്റുപാടുകളിലുമുണ്ടായ മാറ്റം കാരണം നിലവിലുള്ള നിയമത്തിലെ പല വ്യവസ്ഥകളും വാടകക്കാരനെയും കെട്ടിട ഉടമയെയും ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ളവയായി മാറുകയുണ്ടായി. അതിനെത്തുടർന്ന് സംസ്ഥാനത്തെ മാറിയ വ്യവസ്ഥിതിക്കനുയോജ്യവും നീതിപൂർവ്വവുമായ പുതിയ നിയമം കൊണ്ടുവരണമെന്ന പൊതുവായ ആവശ്യം ഉയർന്നുവരികയുണ്ടായി. പ്രത്യേക ആവശ്യം മുൻനിർത്തി വാടകക്കാരന്റെയും കെട്ടിട ഉടമയുടെയും അവകാശങ്ങൾ സംരക്ഷിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച പുതിയ നിയമം കൊണ്ടുവരാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു. ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ജൻറം (JNNURM) പദ്ധതി പ്രകാരം നിർദ്ദേശിച്ച പരിഷ്കരണത്തിന്റെ ഭാഗമായും കെട്ടിട ഉടമകളുടെ സംഘടനകളെയും വാടകക്കാരുടെ സംഘടനകളെയും ഉൾപ്പെടുത്തി വിവിധ തലത്തിൽ ചർച്ചചെയ്ത് അവരുടെ അഭിപ്രായംകൂടി ഉൾക്കൊണ്ടുകൊണ്ട് നിലവിലെ നിയമം റദ്ദ് ചെയ്ത് പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള കരട് ബിൽ തയ്യാറാക്കി. പ്രസ്തുത കരട് ബിൽ വീണ്ടും പലപ്രാവശ്യം ചർച്ചയ്ക്ക് വിധേയമാക്കി. 14-2-2017-ൽ കൂടിയ വ്യാപാരി വ്യവസായി സംഘടനകളുടെയും കെട്ടിട ഉടമകളുടെയും യോഗത്തിൽ കരട് ബില്ലിൽ വീണ്ടും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. അവർ മുന്നോട്ടുവച്ചതും പരിഗണിക്കപ്പെടേണ്ടവയാണെന്ന് ബോധ്യപ്പെട്ടതുമായ വിവിധ ആവശ്യങ്ങൾ ഉൾപ്പെടുത്തി കരട് ബിൽ പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും നിയമ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും അധിക ചെലവ് ഉണ്ടാകുന്നതിനാൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കി നിയമ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗീകാരത്തിനായി ഫയൽ ധനകാര്യ

വകുപ്പിലേയ്ക്ക് അയയ്ക്കുകയും ധനകാര്യ വകുപ്പിന്റെ അംഗീകാരംകൂടി ഉൾപ്പെടുത്തി ബില്ലിന് മന്ത്രിസഭയുടെ അംഗികാരം തേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയു മാണ്. വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാര സ്ഥാപന ഉടമകൾക്ക് 2013-ലെ എൽ.എ.എ.ആർ. ആക്ടിലെ ഷെഡ്യൂൾ ഒന്ന് പ്രകാരമുള്ള നഷ്ടപരിഹാരവും ഷെഡ്യൂൾ 2 പ്രകാരമുള്ള പുനരധിവാസവും അനുവദിക്കുന്നുണ്ട്. കൂടാതെ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ തുക അനുവദിച്ചുകൊണ്ട് 29-12-2017-ലെ ജി.ഒ(എം.എസ്) 448/2017/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. 2000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള ചെറുകിട സ്ഥാപനങ്ങളിലെ വാടകക്കാർക്ക് കൊമേഴ്സ്യൽ ടെനന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി രണ്ട് ലക്ഷം രൂപ അധികം നല്കുന്നുണ്ട്. കൂടാതെ 5,000 രൂപ വച്ച് 6 മാസത്തേയ്ക്ക് വാടകയിനത്തിലും നൽകുന്നുണ്ട്.

## (2) ശബരിമലയിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ

ശ്രീ. ഒ. രാജഗോപാൽ: സർ, നാല് ദിവസം കഴിഞ്ഞാൽ ശബരിമല സീസൺ തുടങ്ങുകയാണ്. ശബരിമല സീസണിന്റെ പേരിൽ ലക്ഷക്കണക്കിനാളുകൾ എല്ലാ ഭാഗത്തുനിന്നും വരുന്നു. അവരെ സ്വീകരിക്കുകയും അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതും സർക്കാരിന്റെ കടമയാണ്. പ്രവർത്തനങ്ങൾ വേണ്ടത്രയില്ല എന്നകാര്യം ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന് പ്രത്യേക ചുമതലയുണ്ട്. പക്ഷേ, 2019-20 സാമ്പത്തിക വർഷം ശബരിമല തീർത്ഥാടക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 739 കോടി രൂപ വകയിരുത്തിയെന്നും അതിൽ 200 കോടി രൂപ റോഡ് വികസനത്തിനാണ് എന്നും ബഡ്ജറ്റ് രേഖകൾ പറയുന്നു. യഥാർത്ഥത്തിൽ ശബരിമല മാസ്റ്റർ പ്ലാൻ എന്ന പേരിൽ നീക്കിവച്ചിട്ടുള്ളത് 28 കോടി രൂപ മാത്രമാണ്. കൂടാതെ കിഫ്ബിവഴി 141.75 കോടി രൂപ ശബരിമല ഇടത്താവളം പദ്ധതിക്കായി പ്രഖ്യാപിച്ചുവെന്ന് പറയുന്നു. എങ്ങനെ ചെലവാക്കുന്നു എന്ന് വ്യക്തമല്ല. കഴിഞ്ഞ സീസണിൽ അസാധാരണമായ പോലീസ് സാന്നിധ്യവും ബലപ്രയോഗവും കാരണം നൂറ് കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കുന്നുണ്ട്. സർക്കാരിന്റെ പിടിവാശിയും അമിത നിയന്ത്രണങ്ങളും ഐഡന്റിറ്റി കാർഡ് പരിശോധിച്ചുള്ള പ്രവേശനവും മറ്റും തീർത്ഥാടകരുടെ എണ്ണം മൂന്നിലൊന്നായി കുറയാൻ കാരണമായി. വിശ്വാസികൾ അല്ലാത്തവരെ ഭക്തവേഷം കെട്ടിച്ചുകൊണ്ടുവരേണ്ടതിന്റെ ആവശ്യം എന്തായിരുന്നു; യഥാർത്ഥത്തിൽ ശബരിമലയിൽ യുവതികളെ എത്തിച്ച്

പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നത് നിരീശ്വരവാദികളും മാവോയിസ്റ്റുകളും മറ്റ് തീവ്രവാദ ഇടതുഗ്രൂപ്പുകളുമാണ് എന്ന് ഇതിനോടകം ബോധ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പോലീസുകാർ തമിഴ്നാട്ടിൽ പോയി അകമ്പടി സേവിച്ച് യുവതികളെ കൊണ്ടുവരേണ്ട ആവശ്യം എന്തായിരുന്നു; ആദിവാസികൾ അവരുടെ ഉൽപ്പന്നങ്ങളും പട്ടികവിഭാഗക്കാർ വനവിഭവങ്ങൾ ശേഖരിച്ചും തീർത്ഥാടന പാതയിൽ വിൽപ്പന നടത്തി ഉപജീവനം കഴിച്ചിരുന്നു. അവരെയും പോലീസ് ദ്രോഹിക്കുകയാണ്. ശബരിമലയുടെ പേരുപറഞ്ഞ് നവോത്ഥാന പ്രസംഗം നടത്തുന്നവരോട് ഒന്നേ പറയാനുള്ളൂ, കേരളത്തിന്റെ സാമൂഹിക ചരിത്രം പരിശോധിച്ചാൽ ഇവിടെ നടന്നിട്ടുള്ള എല്ലാ നവോത്ഥാന പ്രവർത്തനങ്ങളും ആദ്ധ്യാത്മിക നവോത്ഥാനമായിരുന്നുവെന്ന് കാണാൻ സാധിക്കും. അതിൽ ഭൗതികവാദ നിരീശ്വരവാദ പ്രസ്ഥാനങ്ങൾക്ക് ഒരു പങ്കും ഇല്ലെന്നുള്ളതാണ് വസ്തുത. ഈ വിഷയങ്ങൾ നിയമസഭാ ചട്ടം 62 പ്രകാരം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സഭയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടി അങ്ങേയ്ക്ക് എഴുതിത്തന്ന കടലാസ് എന്റെ കയ്യിലുണ്ട്. അങ്ങ് ശബരിമലയിൽ ഇപ്രാവശ്യത്തെ തീർത്ഥാടനകാലം ഏറ്റവും മെച്ചപ്പെട്ട തരത്തിൽ നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച കാര്യങ്ങളെ സംബന്ധിച്ചാണ് ചോദിച്ചത്. തൽക്കാലം ഞാൻ അതിന് മറുപടി പറയാം. മറ്റ് വിഷയങ്ങൾക്കുള്ള മറുപടി അങ്ങയോട് നേരത്തേതന്നെ പറഞ്ഞിട്ടുള്ളതാണ്. അങ്ങ് ഇനിയും ഇതിന്റെ പുറകിൽ നടക്കരുത്. കഴിഞ്ഞ പ്രാവശ്യം ചെയ്തതുപോലെ അന്യായമായി സാമൂഹ്യവിരുദ്ധരെയും ക്രിമിനലുകാരെയും ശബരിമലയിലേയ്ക്ക് കൂട്ടിക്കൊണ്ടുവരരുത്. അങ്ങയെപ്പോലെ സാത്വികനായിട്ടുള്ള ഒരു മാന്യവ്യക്തിയിൽനിന്ന് സമൂഹം പ്രതീക്ഷിക്കുന്നത് ഇത്തരമൊരു സമീപനമല്ല. ദയവുചെയ്ത് ഇനിയെങ്കിലും കാര്യങ്ങൾ മനസ്സിലാക്കാൻ തയ്യാറാകണം. അയോധ്യാ കേസിന്റെ വിധി വന്നപ്പോൾ രണ്ടുകയ്യും നീട്ടി നമ്മൾ സ്വീകരിച്ചല്ലോ; അതുപോലെ രാജ്യത്ത് സുപ്രീം കോടതിയുടെ വിധിയെ മാനിച്ചും സ്വീകരിച്ചും ഒരു നിലപാട് സ്വീകരിക്കുന്നതിന് ഈ വൈകിയ വേളയിലെങ്കിലും അങ്ങേയ്ക്ക് സൽബുദ്ധി ഉണ്ടാകട്ടെ എന്ന് അയ്യപ്പനോട് പ്രാർത്ഥിക്കുകയാണ്. യഥാർത്ഥത്തിൽ അങ്ങയെപ്പോലുള്ള ആളുകൾ ഇങ്ങനെയൊന്നും പറയരുത്, പെരുമാറരുത്. ഇതിനുവേണ്ടി ഇറങ്ങി പുറപ്പെടുന്ന ആർ.എസ്.എസ്. സംഘങ്ങളോട് അങ്ങ് ഉപദേശിച്ചുകൊടുക്കണം. ....(ബഹളം)...2019-20-ലെ

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും തിരുവിതാംകൂർ ദേവസ്വം ബോർഡും തീർത്ഥാടകർക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. 1-8-2019-ൽ ദേവസ്വം വകുപ്പുമന്ത്രി തലത്തിലും 5-9-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട മന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിനിധികൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പുമേധാവികൾ എന്നിവരുടെ ഉന്നതതല യോഗം ചേർന്ന് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശങ്ങളും തീരുമാനങ്ങളും കൈക്കൊള്ളുകയുണ്ടായി.

തീർത്ഥാടകരുടെ പ്രധാന ഇടത്താവള കേന്ദ്രങ്ങളായ ഏറ്റുമാനൂർ, എരുമേലി, ചെങ്ങന്നൂർ, പന്തളം എന്നിവിടങ്ങളിൽ 2-11-2019-ൽ വകുപ്പുമന്ത്രി, ബന്ധപ്പെട്ട എം.പി., ജില്ലാ കളക്ടർമാർ, ദേവസ്വം ബോർഡ് പ്രതിനിധികൾ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേർന്ന് തീർത്ഥാടകർക്കുവേണ്ടി ഏർപ്പെടുത്തിയ സൗകര്യങ്ങൾ വിലയിരുത്തുകയുണ്ടായി. ഏറ്റവും അവസാനം 9-11-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും ചേർന്ന ഉന്നതതല യോഗത്തിൽ തീർത്ഥാടകർക്കാവശ്യമായ മുന്നൊരുക്കങ്ങളുടെ അന്തിമ അവലോകനം നടത്തുകയുണ്ടായി. ഇതുപ്രകാരം താഴെപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

സന്നിധാനത്ത് ആറായിരത്തി അഞ്ഞൂറോളം പേർക്ക് വിരിവയ്ക്കാനുള്ള സൗകര്യമൊരുക്കി കഴിഞ്ഞു. 40 കൗണ്ടറുകളിലായി ഔഷധ ചുക്കുവെള്ള വിതരണം നടത്തും. തണുത്തതും ചൂടുള്ളതുമായ കുടിവെള്ള വിതരണത്തിനായി 306 വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 1161 ശൗചാലയങ്ങൾ, 160 കുളിമുറികൾ, 150 യൂറിനൽ മുതലായവ സജ്ജീകരിച്ചിട്ടുണ്ട്. അടിയന്തര വൈദ്യസഹായ കേന്ദ്രം 5 സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. പ്രസാദ വിതരണത്തിനായി പ്രത്യേക കൗണ്ടർ സജ്ജമാക്കുകയും അരവണ കരുതൽ ശേഖരത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2 കോടി 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണികൾ സജ്ജമാക്കിയിട്ടുണ്ട്. 3 നേരം അന്നദാനം നൽകാനുള്ള അന്നദാന മണ്ഡപം സജ്ജമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി 3 ഇൻസിനറേറ്ററുകളും 600 വേസ്റ്റ് ബിന്നും 5 എം.എൽ.ഡി.-യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സജ്ജീകരിച്ചുകഴിഞ്ഞു. നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും

അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരമ്പരാഗത പാതയിൽ കാർഡിയോളജി സെന്ററുകൾ, ഓക്സിജൻ പാർലറുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് ഓഫ് റോഡ് ആംബുലൻസ് സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്.....(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ സീറ്റിലിരിക്കൂ... എന്താണിത്?.... സഭാ നടപടികളുമായി സഹകരിക്കുന്നവർ സീറ്റിലിരിക്കൂ...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശബരിമലയിൽ കുടിവെള്ളം എത്തിക്കുന്ന കുന്നാർ ഡാം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്.

തീർത്ഥാടകർക്ക് പമ്പ മുതൽ മരക്കൂട്ടം വരെ ഓക്സിജൻ പാർലർ സൗകര്യം ഉൾപ്പെടെ 10 അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചു. 3 കൗണ്ടറുകളിലായി ഔഷധ ചുക്കുവെള്ള വിതരണം സജ്ജമാക്കിയിട്ടുണ്ട്. തണുത്തതും ചൂടുള്ളതുമായ കുടിവെള്ള വിതരണത്തിനായി 404 വാട്ടർ ടാപ്പുകൾ സ്ഥാപിച്ചു. 346 ശൗചാലയങ്ങൾ, പുതിയതായി 60 ലേഡീസ് ടോയ്‌ലെറ്റുകൾ, 60 ബയോ ടോയ്‌ലെറ്റ്, 40 ബയോ യൂറിനൽസ്, പമ്പയിൽ നിന്നുള്ള തീർത്ഥാടനപാതയിൽ 36 ബയോ യൂറിനൽസ്, 10 ബയോ ടോയ്‌ലെറ്റുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന രാമമൂർത്തി മണ്ഡപത്തിന് പകരം 3000 പേർക്ക് വിരിവയ്ക്കാനുള്ള താൽക്കാലിക പന്തൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പമ്പാതീരത്ത് 550 മീറ്റർ നീളത്തിൽ കുളിപ്പടവുകൾ നിർമ്മിച്ചിട്ടുണ്ട്. അന്നദാന മണ്ഡപം സജ്ജമാക്കിയിട്ടുണ്ട്. ത്രിവേണി പാലം മുതൽ ഗണപതി ക്ഷേത്രം വരെ താൽക്കാലിക പന്തൽ സജ്ജീകരിച്ചിട്ടുണ്ട്. പമ്പയിലെ പമ്പിംഗ് സ്റ്റേഷനിൽ അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്ത് നിലയ്ക്കലിലും പമ്പയിലും സന്നിധാനത്തും ആവശ്യമായ കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. പമ്പയിലും നിലയ്ക്കലിലും ആർ.ഒ. വാട്ടർ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പമ്പയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആംബുലൻസ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

നിലയ്ക്കലിൽ 16 പാർക്കിംഗ് ഗ്രൗണ്ടുകളിലായി ചെറുതും വലുതുമായ 9000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പുതിയതായി 2000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം പൂർത്തിയായിവരുന്നു. 1090 ശൗചാലയങ്ങൾ, 60 കുളിമുറികൾ, പുതിയതായി 120 ടോയ്‌ലെറ്റുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. അന്നദാനമണ്ഡപം

സജ്ജമാക്കിയിട്ടുണ്ട്. 9000 പേർക്ക് വിരിവയ്ക്കാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. 8 കൗണ്ടറുകളിലായി ഔഷധ ചുക്കുവെള്ള വിതരണം ഒരുക്കിയിട്ടുണ്ട്. തണുത്തതും ചൂടുള്ളതുമായ കുടിവെള്ള വിതരണത്തിനായി 1200 വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി 2 ഇൻസിനറേറ്ററുകളും 2 എം.എൽ.ഡി.-യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സജ്ജീകരിച്ചു.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ കൂടാതെ പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം ജില്ലാ ആശുപത്രികളിലും എരുമേലി, മുണ്ടക്കയം ആശുപത്രികളിലും ഇന്റെൻസീവ് കെയർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കും. ഈ ആശുപത്രികളിൽ 24 മണിക്കൂറും കാർഡിയോളജി ഡോക്ടർ ഉൾപ്പെടെയുള്ളവരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ മൊബൈൽ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ശബരിമലയിലേയ്ക്കുള്ള 17 റോഡുകളുടെ അറ്റകുറ്റപ്പണികൾ നവംബർ 15-നുമുമ്പ് പൂർത്തിയാക്കുന്നതാണ്. നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിന് 250 ബസ്സുകളും മറ്റ് സ്ഥലങ്ങളിൽനിന്നും സർവ്വീസ് നടത്തുന്നതിന് 600 ബസ്സുകളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് ബസ്സുകളും സർവ്വീസ് നടത്തുന്നതാണ്. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും കാനനപാതയിലുടനീളം വെളിച്ചം സംവിധാനം ഒരുക്കുന്നതിനുള്ള എല്ലാവിധ അറ്റകുറ്റപ്പണികളും പൂർത്തിയാക്കിയിട്ടുണ്ട്. സന്നിധാനത്തും നിലയ്ക്കലിലും വന്യമൃഗശല്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ വെളിച്ചം സംവിധാനം ഒരുക്കുന്നതാണ്. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും അപകടകരമായ ലൈനുകൾക്കുപകരം ABC കേബിൾ സംവിധാനം സജ്ജമാക്കുകയും ടി പ്രദേശങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂമും പട്രോളിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. പൂങ്കാവനം ലഹരി നിരോധിത മേഖലയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മണ്ഡല മകരവിളക്ക് സീസണിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതാണ്. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും വിശുദ്ധി സേനാംഗങ്ങളെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കും. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ആവശ്യമായ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

നിലയ്ക്കലിൽനിന്നും പമ്പയിലേയ്ക്ക് കഴിഞ്ഞ പ്രാവശ്യമുണ്ടായിരുന്ന അതേ ബസ് ചാർജ്ജുതന്നെയാണ് ഇപ്രാവശ്യവും ഈടാക്കുന്നത്. അതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ചാർജ്ജ് കുറവാണ്. 40 രൂപയാണ് ബസ് ചാർജ്ജ്. എ.സി. ബസ്സുകൾക്ക് 75 രൂപയാണ് ചാർജ്ജ്.

ചെറിയ വാഹനങ്ങൾക്ക് പമ്പ വരെ പോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങൾ നിലയ്ക്കലിൽ പാർക്ക് ചെയ്യേണ്ടതാണ്. അത് പമ്പയുടെ സംരക്ഷണത്തിനായി നേരത്തെ എടുത്ത തീരുമാനമാണ്. എല്ലാ വർഷത്തേക്കാളും നല്ല രീതിയിൽ ഈ വർഷത്തെ ഉത്സവം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങയുടെ പാർട്ടിക്കാരോടും കഴിഞ്ഞ പ്രാവശ്യം ബഹളമുണ്ടാക്കാൻ വന്ന ആളുകളോടും ഈ പ്രാവശ്യം സമാധാനപരമായി ഉത്സവം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങ് അഭ്യർത്ഥിക്കണം.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രി, ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറയുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെപ്പോയി കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ? കാര്യങ്ങൾ പരിശോധിക്കുന്നതിനായി കഴിഞ്ഞ ദിവസം പാർട്ടിയുടെ ജില്ലാ പ്രസിഡന്റിനെ ഞാൻ അയച്ചിരുന്നു. പമ്പയിൽ കക്കൂസ് സൗകര്യങ്ങളൊക്കെ ഏർപ്പെടുത്തിയെന്ന് പറയുന്നുണ്ട്. അവിടെ പോയി കാണുകയുണ്ടായി. മൂക്ക് പൊത്താതെ അകത്തുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. തർക്കിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുമാത്രം നോക്കി വിധിയെഴുതരുത്. ദയവായി ആ സ്ഥലത്തുപോയി നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടാൽ കാര്യങ്ങൾ ശരിയാകും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എനിക്ക് ഇപ്പോഴാണ് കാര്യങ്ങൾ ബോദ്ധ്യമായത്. നേരത്തെ എഴുതിത്തന്ന ശ്രദ്ധ ക്ഷണിക്കലിന്റെ ഉള്ളടക്കമല്ല അദ്ദേഹം ഇവിടെ വായിച്ചത്. ജില്ലാ പ്രസിഡന്റ് എഴുതിക്കൊടുത്തതാണ് അദ്ദേഹം വായിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം അങ്ങനെ ചെയ്യുന്ന ഒരാളാണെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹം ശ്രദ്ധ ക്ഷണിക്കലിന് എഴുതിത്തന്ന കാര്യങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായി ബി.ജെ.പി.-യുടെ ജില്ലാ പ്രസിഡന്റോ മറ്റോ എഴുതിക്കൊടുത്തതാണ് വായിച്ചത്. സന്നിധാനത്തും പമ്പയിലും എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ബി.ജെ.പി.-യുടെ ജില്ലാ പ്രസിഡന്റ് അവിടെപ്പോയി മൂക്ക് പൊത്തിയിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ മൂക്കിന് എന്തോ കുഴപ്പമുള്ളതുകൊണ്ടാണ്. മൂക്ക് പൊത്താനായി അവിടെ ഇപ്പോൾ ആരും വരുന്നില്ലല്ലോ? 17-ാം തീയതി മുതലല്ലേ ആളുകൾ വരാൻ പോകുന്നത്. അപ്പോഴല്ലേ മൂക്ക് പൊത്തുന്ന സാഹചര്യം വരികയുള്ളൂ. ഇപ്പോൾ മൂക്ക് പൊത്തേണ്ട സാഹചര്യമില്ലല്ലോ? അദ്ദേഹത്തിന്റെ മൂക്കിന് എന്തോ കുഴപ്പമുണ്ടെന്ന് അങ്ങ് മനസ്സിലാക്കിയാൽ മതി. അവിടെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വേണമെങ്കിൽ നമുക്ക് ഒരുമിച്ചുപോകാം.

മി. സ്പീക്കർ: എല്ലാവരും ദയവായി സീറ്റിൽ പോയിരിക്കണം. ചട്ടപ്രകാരം മാത്രമേ സഭയ്ക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. റൂൾ 50 എല്ലാ ദിവസവും അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ദയവായി സഭാ നടപടികളുമായി സഹകരിക്കണം. ഒരുപാട് പ്രധാനപ്പെട്ട കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. രണ്ട് നിയമനിർമ്മാണങ്ങളാണ് ഇന്നുള്ളത്. പ്ലീസ്... ചെയറിനെ പ്രകോപിപ്പിച്ചിട്ട് കാര്യമില്ല. പ്രകോപിതനാകില്ല. ദയവായി സഹകരിക്കണം. ...(ബഹളം)... സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സമ്മതിക്കാത്ത സാഹചര്യം വന്നാൽ അടുത്ത ഇനത്തിലേയ്ക്ക് കടക്കേണ്ടിവരും. പ്ലീസ്........ ഇതാണോ ജനാധിപത്യം?

സബ്മിഷനുകളുടെ മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വച്ചാൽ മതി.*

## IV നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്

<u>മി. സ്പീക്കർ:</u> സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):</u> സർ, 264, 299, 345 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

264. ഖണ്ഡം 2 (ഡി)-ൽ "ബാങ്ക്, സഹകരണ ബാങ്ക്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ബാങ്കുകൾ, സഹകരണ ബാങ്കുകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

299. ഖണ്ഡം 2(ഇ) -ൽ "സ്റ്റോഴ്സും" എന്ന വാക്കിനു പകരം "സ്റ്റോറുകളും" എന്ന വാക്ക് ചേർക്കുക.

345. ഖണ്ഡം 2 (എൽ)-ൽ "വകുപ്പ്" എന്ന വാക്കിനു പകരം "വകുപ്പിലെ (1)-ാം ഉപവകുപ്പ്" എന്നീ വാക്കുകളും അക്കവും ചിഹ്നവും ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 365-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

365. ഖണ്ഡം 3-ൽ, "പ്രമാണങ്ങളിലോ" എന്ന വാക്കിനു പകരം "പ്രമാണത്തിലോ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 395, 408 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

395. ഖണ്ഡം 4-ൽ "താത്പര്യങ്ങളും" എന്ന വാക്കിനു പകരം "താൽപ്പര്യങ്ങളും" എന്ന് ചേർക്കുക.

408. ഖണ്ഡം 4-ൽ "ഏതെങ്കിലും വ്യക്തികൾക്കോ" എന്നീ വാക്കുകൾക്ക് ശേഷം "സ്ഥാപനങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ:</u> ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):</u> സർ, 533-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

533. ഖണ്ഡം 8-ൽ

(i) "ഫർണിച്ചറുകൾ" എന്ന വാക്കിന് പകരം "ഫർണിച്ചർ" എന്ന വാക്ക് ചേർക്കുക.

(ii) "ഫർണിച്ചറുകൾ" എന്ന വാക്കിന് ശേഷം "വാഹനങ്ങൾ" എന്ന വാക്ക് ചേർക്കുക.

(iii) "വന്നതിന്ശേഷം" എന്നതിന് പകരം "വന്നതിന് ശേഷം" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ:</u> മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 614, 649 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

614. ഖണ്ഡം 10 (2)-ൽ "പക്ഷം" എന്ന വാക്കിന് ശേഷം "ആയത് പരിഹരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

649. ഖണ്ഡം 10(4)-ൽ, "പ്രതിനിധികളുടേയോ" എന്നതിനു പകരം "പ്രതിനിധികളുടെയോ" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 681, 685(iii) എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

681. ഖണ്ഡം 12-ന്റെ മാർജിനൽ ശീർഷകത്തിൽ "സേവന വ്യവസ്ഥകൾ" എന്നതിനു പകരം "സേവന വേതന വ്യവസ്ഥകൾ" എന്ന് ചേർക്കുക.

685. ഖണ്ഡം 12(1)-ൽ

(iii) " സേവന വ്യവസ്ഥകൾ" എന്ന വാക്കിനു പകരം "സേവനവേതന വ്യവസ്ഥകൾ" എന്ന വാക്ക് ചേർക്കുക

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 713-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

713. ഖണ്ഡം 13(1)-ൽ "ശ്രീ."എന്നത് ഒഴിവാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 739, 740 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

739. ഖണ്ഡം 16 (1)-ൽ "ഗസറ്റ് " എന്ന വാക്ക് ഒഴിവാക്കുക.

740. ഖണ്ഡം 16 (2)-ൽ "സമ്മേളനങ്ങളിലോപെടാവുന്ന" എന്ന വാക്കിനു പകരം "സമ്മേളനങ്ങളിലോ പെടാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 742-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

742. ഖണ്ഡം 17-ൽ "ആ വൈഷമ്യം" എന്നതിനു പകരം "അത്തരം വൈഷമ്യങ്ങൾ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 764-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

764. ഖണ്ഡം 18-ന്റെ ക്ലിപ്തനിബന്ധനയിൽ "വിധേയവുമായിരിക്കും" എന്നതിന് പകരം "വിധേയവുമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 123, 160 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ "ഇപ്പോൾ" എന്ന വാക്കിന് പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

160. പീഠികയിൽ "ഇപ്പോൾ " എന്ന വാക്കിനു പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി ) ബിൽ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ :സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ): 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.47- ന് പിരിഞ്ഞു.)

## അനുബന്ധം

1. <u>പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ഈ വർഷം ആലപ്പുഴ ജില്ലയിൽ 10470 ഹെക്ടർ സ്ഥലത്ത് നെൽകൃഷി (രണ്ടാം കൃഷി) ചെയ്തിരുന്നു. 2019 ആഗസ്റ്റ് മാസമുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മടവീഴ്ചമൂലം 19 പാടശേഖരങ്ങളിൽ 1051.96 ഹെക്ടർ സ്ഥലത്തെയും ബണ്ട് കരകവിഞ്ഞൊഴുകി 47 പാടശേഖരങ്ങളിലെ 1776.8 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയും ഉൾപ്പെടെ ആകെ 66 പാടശേഖരങ്ങളിലെ 2828.14 ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിൽ 2879.18 ഹെക്ടർ സ്ഥലത്തെ നെൽകൃഷി പൂർണ്ണമായും വെള്ളത്തിനടിയിലാവുകയും 4136.76 ഹെക്ടർ സ്ഥലത്തെ നെൽകൃഷി ഭാഗികമായി വെള്ളത്തിനടിയിലാവുകയും ചെയ്തു. ഇതുവരെ 107 കോടി രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്.

വില ഇൻഷ്വറൻസ് പദ്ധതി പ്രകാരം 12 കോടി രൂപയും മട പുനഃസ്ഥാപിക്കുന്നതിന് 1 കോടി രൂപയും പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിന് 1 കോടി രൂപയും പാടശേഖരങ്ങളിലെ ചെളി നീക്കംചെയ്യുന്നതിന് 26.41 ലക്ഷം രൂപയും കൃഷിനാശത്തിന് കേന്ദ്ര വിഹിതമായി 650 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 450 ലക്ഷം രൂപയും ആവശ്യമുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

PMFBY പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളയുടെ കാലാവധിക്കുള്ളിൽ പ്രതികൂല കാലാവസ്ഥമൂലം 50 ശതമാനത്തിലധികം ഉൽപ്പാദന കുറവ് ഉണ്ടാകാവുന്ന സാഹചര്യം സംജാതമാകുമ്പോൾ നോട്ടിഫിക്കേഷൻ മുഖേന ഇൻഷ്വർ ചെയ്ത തുകയുടെ 25 ശതമാനം ഉടൻതന്നെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി സർക്കാർ പ്രത്യേക അധികാരം ഉപയോഗിച്ച് വിജ്ഞാപനം 31-10-2019-ൽ പുറപ്പെടുവിച്ചു. അടിയന്തര സഹായം നൽകുന്നതിനാണ് ഇത്തരം വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ബാക്കിയുള്ള നഷ്ടം കർഷകർ വിളവെടുക്കുന്ന സമയത്ത് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ crop cut data പ്രകാരം നഷ്ടത്തിന്റെ തോത് അനുസരിച്ച് 80 ശതമാനം വരെ വിളവെടുപ്പിനുശേഷം കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്നതാണ്. അന്തിമമായ കണക്കെടുപ്പും തുടർന്നുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കലും ചെയ്യുന്ന പ്രക്രിയയ്ക്ക് വിധേയമായാണ് 25 ശതമാനം തുക നൽകുന്നത്. ഇതിനായി കൃഷി വകുപ്പിന്റെയും ഇൻഷ്വറൻസ് കമ്പനിയുടെയും പ്രതിനിധികൾ സംയുക്ത പരിശോധന നടത്തി

ആലപ്പുഴ ജില്ലയിലെ 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള 2280.34 ഹെക്ടർ സ്ഥലവും പത്തനംതിട്ട ജില്ലയിൽ 5 പഞ്ചായത്തുകളിലായി 26.3 ഹെക്ടർ സ്ഥലവും കോട്ടയം ജില്ലയിലെ 10 പഞ്ചായത്തുകളിലായി 3411.2 ഹെക്ടർ സ്ഥലവും 40 ശതമാനം മുതൽ 100 ശതമാനം വരെ ഉൽപ്പാദന കുറവ് ഉണ്ടാകുമെന്ന കണക്കുകൂട്ടലിൽ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ഹെക്ടർ ഒന്നിന് പതിനയ്യായിരം രൂപ വരെ നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചും മണൽ ചാക്ക് അടുക്കിയും കൃഷി സംരക്ഷിക്കുന്നതിനും പുറം ബണ്ടുകളിലെ ജനജീവിതം പുനഃസ്ഥാപിക്കുന്നതിനും പാടശേഖര കമ്മിറ്റികളുടെ നേതൃത്വത്തിൽ പരമാവധി ശ്രമം നടത്തി. ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഉണ്ടായിരുന്ന 12 പമ്പ് സെറ്റുകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് കൈമാറുകയും അവ അടിയന്തരമായി പാടശേഖരങ്ങൾക്ക് നൽകുകയും ചെയ്തു. മടവീഴ്ചയെ പ്രതിരോധിച്ച് കൃഷി സംരക്ഷിക്കുന്നതിന് എല്ലാ ശ്രമങ്ങളും നടത്തി. ജില്ലാ കളക്ടർ ദുരന്ത നിവാരണ ഫണ്ടിൽനിന്നും നൽകിയ 1 കോടി രൂപ ചമ്പക്കുളം, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്, രാമങ്കരി എന്നീ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നൽകുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

2018-ലെ പ്രളയത്തിൽ പ്രകൃതിക്ഷോഭംമൂലം വിള നശിച്ച കർഷകർക്കുള്ള ആനുകൂല്യമായി 2469.50038 ലക്ഷം രൂപയും മടവീഴ്ച ഉണ്ടായ പാടശേഖരങ്ങൾക്ക് 907.3975 ലക്ഷം രൂപയും പാടശേഖരങ്ങളിലെ ചെളി നീക്കം ചെയ്യുന്നതിന് 3652 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 1308.50891 ലക്ഷം രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. പ്രളയത്തിൽ 69726 കർഷകർ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

2. <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി</u>

ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള ആരാധന സംബന്ധിച്ച തർക്ക പ്രശ്നത്തിൽ 3-7-2017-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച്,

" രണ്ട് സഭയും പിന്തുടരുന്ന വിശുദ്ധ മതത്തിന്റെ പാവനതയ്ക്കുവേണ്ടിയും ഇനിയും സ്ഥാപനത്തിന്റെ ജീർണ്ണത ഒഴിവാക്കാനായും തർക്കവും അനിഷ്ട സംഭവങ്ങളും തുടരാതിരിക്കാനായും അഭിപ്രായഭിന്നതകൾ പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ 1934-ലെ ഭരണഘടന നിയമപ്രകാരം ഭേദഗതി ചെയ്ത് ഒരു പൊതുവേദിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയാണ് വേണ്ടത്. എന്നാൽ, അത് ഒരിക്കലും പള്ളികളിൽ സമാന്തര ഭരണസംവിധാനം ഉണ്ടാക്കാനോ ക്രമസമാധാന പ്രശ്നം ഉണ്ടാക്കാനോ പള്ളികൾ അടച്ചുപൂട്ടുന്ന നിലയിൽ എത്തിക്കാനോ ആവരുത്. അത് അംഗീകരിക്കാവുന്നതല്ല." എന്നാണ് വിധിച്ചിട്ടുള്ളത്.

വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇരുസഭകളിലുംപെട്ടവരുമായി സമവായ ശ്രമം നടത്താനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ഉപസമിതി ചർച്ചയ്ക്കായി രണ്ടു വിഭാഗത്തേയും വിളിച്ചെങ്കിലും ഒരു വിഭാഗം ചർച്ചയ്ക്ക് സന്നദ്ധമായില്ല. അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുന്നതിനും ക്രമസമാധാനപാലത്തിനും ആവശ്യമായ ഘട്ടങ്ങളിൽ പോലീസ് ഇടപെടലും വേണ്ടിവന്നു.

യാക്കോബായ വിഭാഗത്തിൽപ്പെട്ട ഭരണിക്കാവ് മഞ്ഞാടിത്തറ കൊച്ചുമറിയാമ്മ 28-10-2019-ന് മരണപ്പെട്ടു. ശവസംസ്കാരം 2-11-2019-ന് അവരുടെ കുടുംബ കല്ലറ നിലനിൽക്കുന്ന കട്ടച്ചിറപ്പള്ളിയിൽ വച്ച് നടത്താൻ കുടുംബാംഗങ്ങൾ തീരുമാനിച്ചു. ഉച്ചയ്ക്ക് 3 മണിയോടുകൂടി മൃതദേഹവുമായി 150-ഓളം പേർ പള്ളിയിലേയ്ക്ക് തിരിക്കുകയുണ്ടായി. സംഘർഷ സാദ്ധ്യത കണക്കിലെടുത്ത് പോലീസ് അവരെ തടയുകയും ചെയ്തു. സുപ്രീംകോടതി വിധിയെത്തുടർന്ന് കട്ടച്ചിറ പള്ളി ഇപ്പോൾ ഓർത്തഡോക്സ് വിഭാഗത്തിന്റെ അധീനതിയിലാണ്. വിവരം ചെങ്ങന്നൂർ ഡിവൈ.എസ്.പി. അറിയിച്ചതിനെ തുടർന്ന് ചെങ്ങന്നൂർ ആർ.ഡി.ഒ. സ്ഥലത്തെത്തുകയും ഇരുവിഭാഗവുമായി സംസാരിക്കുകയും ചെയ്തു.

പള്ളിയിൽ ശവസംസ്കാര ശുശ്രൂഷ നടത്തുന്നതിന് ഓർത്തഡോക്സ് വിഭാഗം തങ്ങളുടെ വികാരിയുടെ കാർമ്മികത്വത്തിൽ മാത്രമേ ശുശ്രൂഷ നടത്താവൂ എന്ന നിബന്ധന വച്ചു. ആ തീരുമാനം അംഗീകരിക്കാനാവില്ലെന്നും തങ്ങളുടെ വിശ്വാസിയുടെ മൃതശരീരം യാതൊരു കാരണവശാലും ഓർത്തഡോക്സ് വികാരി സംസ്കരിക്കാൻ അനുവദിക്കില്ലെന്നും മരിച്ചയാളുടെ ബന്ധുക്കളും യാക്കോബായ വിഭാഗം വികാരിയും ആർ.ഡി.ഒ.-യെ അറിയിച്ചു. ആർ.ഡി.ഒ. ബന്ധുക്കളുമായി നടത്തിയ ചർച്ചയെ തുടർന്ന് മൃതദേഹവുമായി അവർ മടങ്ങിപ്പോയിട്ടുള്ളതുമാണ്. തുടർന്ന് മൃതദേഹം മൂന്നാം കുറ്റിയിലുള്ള യാക്കോബായ വിഭാഗത്തിന്റെ ചാപ്പലിൽ കൊണ്ടുവന്ന് കർമ്മങ്ങൾ നടത്തിയശേഷം രാത്രി 8.30-ഓടെ പ്രത്യേകം തയ്യാറാക്കിയ ഒരു പേടകത്തിലാക്കി വീട്ടിൽ സംസ്കരിച്ചു. മൃതദേഹവുമായി റോഡ് ഗതാഗതം തടസ്സപ്പെടുത്തിയതിന് വിവിധ വകുപ്പുകൾ പ്രകാരം വള്ളികുന്നം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം. മരിച്ചുകഴിഞ്ഞ ഒരാളുടെ ശവശരീരം മറവുചെയ്യുന്നതിൽ തടസ്സമുണ്ടാകുന്നത് ഒരു മനുഷ്യാവകാശ പ്രശ്നംതന്നെയാണ്. പ്രശ്നം രമ്യമായി പരിഹരിക്കാനുള്ള ശ്രമം തുടരും. കോടതി വിധി അതിൽ പറയുന്ന പ്രകാരവും കേസിന്റെ സവിശേഷതകൾ കണക്കിലെടുത്തു കൊണ്ടും സമാധാനപരമായി നടപ്പിലാക്കാനാണ് സർക്കാർ പരിശ്രമിച്ചിട്ടുള്ളത്.

3. ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

തീരദേശത്ത് സ്ഥിരതാമസമാക്കിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിലവിൽ അവർ മത്സ്യത്തൊഴിലാളികൾ ആണെന്ന് ഉറപ്പുവരുത്തിയും അവർക്ക് മറ്റൊരിടത്തും ഭൂമിയില്ലായെന്ന് ഉറപ്പുവരുത്തിയും സർക്കാരിന്റെ പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈവശഭൂമിക്ക് പട്ടയം അനുവദിച്ചുവരുന്നുണ്ട്. തീരദേശത്ത് കടലിൽ ഉയർന്ന ജലനിരപ്പ് രേഖപ്പെടുത്തിയിരിക്കുന്നിടത്തുനിന്നും 100 അടി (30.480 മീറ്റർ) പരിധിക്കുള്ളിൽ വീട് നിർമ്മിക്കുന്നതിന് താൽക്കാലിക പട്ടയവും അനുവദിച്ചുവരുന്നുണ്ട്. നിലവിലെ കാലാവസ്ഥാ പ്രശ്നങ്ങളും അടുത്ത കാലങ്ങളിൽ ഉണ്ടായ പ്രളയങ്ങളും കടൽക്ഷോഭവും അതുമൂലമുണ്ടായ നാശനഷ്ടവും ജീവഹാനിയുമൊക്കെ കണക്കിലെടുത്ത് തീരദേശത്ത് പട്ടയം അനുവദിക്കുന്നതിന് ഉപരിയായി മത്സ്യത്തൊഴിലാളികളുടെ സുരക്ഷിത രീതിയിലുള്ള പുനരധിവാസത്തിനായി മത്സ്യബന്ധന വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തീരദേശത്തിന് ഏറ്റവും അടുത്ത് സുരക്ഷിതമായ ഭൂമി കണ്ടെത്തി ആയതിൽ വീട്/ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

നിരന്തര കടലാക്രമണത്തിനും കടൽക്ഷോഭത്തിനും വിധേയമാകുന്ന കടൽ തീരത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18,865 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുന്ന ഒരു ബൃഹത്പദ്ധതി റീ-ബിൽഡ് കേരള (ആർ.കെ.ഐ.) പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന ഓരോ കുടുംബത്തിനും ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. പരമാവധി സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഇതിനായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അപ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ ഭൂമി കണ്ടെത്തുന്നതിനുമുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനുമായി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 25-9-2019-ൽ യോഗം ചേരുകയും തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. <u>ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

2014-15 സാമ്പത്തിക വർഷം മണലൂർ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽനിന്നും തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാമാവ് പള്ളിക്കുസമീപം വീതി കൂട്ടി പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി 23-2-2015-ലെ സ.ഉ.(സാധാ) നമ്പർ 278/2015/പൊ.മ.വ. പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ ഭൂമി ഏറ്റെടുക്കുന്നതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ആവശ്യമായ 52,50,000 രൂപ 130 ലക്ഷം രൂപയിൽനിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി 19-11-2015-ലെ സ.ഉ.(സാധാ) നമ്പർ 1693/2015/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. Direct/negotiated purchase മുഖേന ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാകാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിയാത്ത സാഹചര്യം ഉണ്ടായെന്നും തുടർന്ന് നിലവിലെ ഭരണാനുമതി ഉത്തരവ് കാലഹരണപ്പെട്ടതിനാൽ 'Asset Development Scheme 2014-15 Manalur LAC – Widening and improvement works to Thriprayar-Kanjany-Chavakkad road near Enamavu Church' എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 52,50,000 രൂപ ഉൾപ്പെടെ 130 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിക്കുകയുണ്ടായി. എന്നാൽ ധനകാര്യ വകുപ്പ് ടി പ്രൊപ്പോസലിന് അംഗീകാരം നൽകുകയുണ്ടായില്ല.

5. <u>ശ്രീ. എ. പി. അനിൽകുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

<u>മുണ്ടേങ്ങര-പുള്ളിപ്പാടം-ഓടായിക്കൽ-വീട്ടിക്കുന്ന് റോഡ്</u>

വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിൽ ഉൾപ്പെട്ട മുണ്ടേങ്ങര-പുള്ളിപ്പാടം-ഓടായിക്കൽ-വീട്ടിക്കുന്ന് റോഡ് 2001-2002-ൽ നിർമ്മിച്ചതാണ്. അതിനുശേഷം റോഡ് വളരെ ദയനീയ രൂപത്തിൽ തകർന്നിട്ടുണ്ട്. 2001-2002-നു ശേഷം പാച്ച് പ്രവൃത്തികൾ ചെയ്തു പോന്നിരുന്നെങ്കിലും ബഡ്ജറ്റിൽ അനുമതി ലഭ്യമായിരുന്നില്ല. 10-7-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 16 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി

നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 5 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 89.90 കോടി രൂപയുടെ സാമ്പത്തികാനുമതിക്കായി 5-12-2018-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. നിലവിൽ റോഡിന്റെ വീതി 8 മീറ്ററാണ്. എന്നാൽ കിഫ്ബി അനുമതിക്ക് റോഡിന് ചുരുങ്ങിയത് 10 മീറ്റർ വീതി ആവശ്യമാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം വരുന്നതിനാൽ 10 മീറ്റർ വീതിക്ക് ആവശ്യമായ അധിക ഭൂമി സൗജന്യമായി വിട്ടുനൽകുന്നതിനുള്ള കൂടിയാലോചനാ യോഗം 20-6-2019-ന് ബഹുമാനപ്പെട്ട എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഭൂവുടമകൾ എന്നിവരുമായി മമ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ യോഗം ചേരുകയുണ്ടായി. ഭൂമി സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

SLTF 2018-19-ൽ ഉൾപ്പെടുത്തി കി.മീറ്റർ 0/000 മുതൽ 2/500 വരെയുള്ള പാച്ച് വർക്ക് പ്രവൃത്തിക്കായി കരാറുകാരനെ ചുമതലപ്പെടുത്തുകയും സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 SLTF-ൽ ഉൾപ്പെടുത്തി കി.മീറ്റർ 2/500 മുതൽ 4/200 വരെയുള്ള റോഡ് അറ്റകുറ്റപ്പണി നടത്താനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിൽ കി.മീറ്റർ 4/200 മുതൽ 8/000 വരെയുള്ള പ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള കി.മീറ്റർ 8/000 മുതൽ 15/350 വരെയുള്ള റോഡ് നിലവിൽ ഗതാഗതയോഗ്യമാണ്.

## പൂളമണ്ണ-താളിക്കുണ്ട്-വാണിയമ്പലം റോഡ്

വണ്ടൂർ നിയോജകമണ്ഡലത്തിലെ പൂളമണ്ണ-താളിക്കുണ്ട്-വാണിയമ്പലം റോഡ് കി.മീറ്റർ 4/350 മുതൽ 11/900 വരെ നവീകരിക്കുന്നതിന് (പനംപറ്റചോല മുതൽ വാണിയമ്പലം ടൗൺ വരെ) 10-7-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 21.40 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. ആയതിന് 18-3-2019-ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 4,70,98,776 രൂപ ഭൂമി ഏറ്റെടുക്കലിനായി വകയിരുത്തിയിട്ടുമുണ്ട്.

പ്രവൃത്തി ചെയ്യേണ്ട ഭാഗത്ത് 10 മീറ്റർ വീതിയിൽ 90 ശതമാനം ഭൂമിയുടെ ലഭ്യതയെങ്കിലും ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ ടി.എസ്. എസ്റ്റിമേറ്റ് സമർപ്പിക്കാൻ കഴിയൂ എന്നതിനാൽ ഭൂമി ലഭ്യത ഉറപ്പുവരുത്തുന്നതിനും

ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് തിട്ടപ്പെടുത്തുന്നതിന്റെയും ഭാഗമായി ബഹുമാനപ്പെട്ട വണ്ടൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 7-3-2019-ന് യോഗം ചേരുകയും അതിൻപ്രകാരം വണ്ടൂർ, പോരൂർ, ചെമ്പ്രശ്ശേരി വില്ലേജുകളിൽനിന്നും സർവ്വേ നമ്പരുകൾ ലഭ്യമാക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ. തഹസിൽദാർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

സർവ്വേ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് അളന്നുതിരിച്ച് ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ച് റോഡ് അതിരുകൾ ഉറപ്പിക്കുന്നതും തുടർന്ന് വിശദമായ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമാണ്.

6. <u>ശ്രീ. വി. ജോയി എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

തിരുവനന്തപുരം ജില്ലയിൽ വർക്കല നിയോജകമണ്ഡലത്തിൽ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശിവഗിരിക്കു സമീപം ടി.എസ്. കനാലിനു കുറുകെ തൊട്ടുവെയിൽ പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് 2017-18 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചു. ടി പദ്ധതി കിഫ്ബി മുഖേനയാണ് നടപ്പാക്കുന്നത്. സർവ്വേ, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ റോഡ്സ് വിഭാഗം മുഖേന നടപ്പിലാക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിനു കീഴിലുള്ള പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിന് നൽകിയിരുന്നു.

തുടർന്ന് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് ബ്രിഡ്ജ് ഡിസൈൻ യൂണിറ്റിനെ ഏല്പിക്കുകയും പാലത്തിന്റെ ടെന്റേറ്റീവ് ഡിസൈൻ തയ്യാറാക്കുകയും ചെയ്തു. ഇതോടൊപ്പം 2019 ജൂലൈ മാസം ടി പ്രവൃത്തിയുടെ ഫയലുകളും രേഖകളും പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിനു കൈമാറി.

ബ്രിഡ്ജസ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ഡിസൈനിന്റെ ഫീസിബിലിറ്റി വിലയിരുത്തുകയും ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി ഡിസൈൻ വിഭാഗത്തിനു നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ഡിസൈനർ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 75 മീറ്റർ നീളത്തിൽ പാലവും ഇരു കരകരകളിലുമായി 1.300 കി.മീറ്റർ നീളത്തിൽ അനുബന്ധ റോഡുകളുമാണ് നിർമ്മിക്കേണ്ടത്. ഇതുപ്രകാരം പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. <u>ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 16 ലക്ഷത്തോളം പേർ അംഗങ്ങളാണ്. ബോർഡ് അംഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ 2011-16 കാലയളവിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. സർക്കാരിൽനിന്നും ബോർഡിന് സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കാതിരുന്ന സാഹചര്യത്തിൽ അതിവർഷാനുകൂല്യത്തിലടക്കം വിതരണം നടത്തേണ്ട കോടിക്കണക്കിന് തുക കുടിശ്ശികയായിരുന്നു. 2016-ൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇക്കാര്യങ്ങൾ ഗൗരവമായി പരിഗണിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും അടക്കം ആകെ 130 കോടി രൂപ പ്രത്യേക ധനസഹായമായി അനുവദിച്ചുനൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2011 ഏപ്രിൽ മുതൽ 2013 ഡിസംബർ വരെയുള്ള അതിവർഷാനുകൂല്യ കുടിശ്ശിക നൽകാൻ ബോർഡിന് സാധിക്കുന്നതാണ്. ഇപ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചശേഷം ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ബോർഡ് ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ ഭൂവുടമാവിഹിതം റവന്യൂ വകുപ്പിന്റെ "RELIS' സോഫ്റ്റ്‌വെയർ വഴിയാണ് പിരിക്കുന്നത്. ഈ സോഫ്റ്റ്‌വെയർ വില്ലേജ് ഓഫീസർമാർക്കുമാത്രമായി ഉപയോഗിക്കാവുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്നതിനാൽ ഭൂവുടമാവിഹിതം അടയ്ക്കേണ്ട ഭൂവുടമകളുടെ മൊത്തം പേര് വിവരങ്ങളും ഭൂവിസ്തൃതിയും ഭൂവുടമാ വിഹിതമിനത്തിൽ ബോർഡിന് ലഭ്യമാകേണ്ട തുകയുടെ കണക്കും അറിയുന്നതിലേയ്ക്കായി പ്രസ്തുത സോഫ്റ്റ്‌വെയറിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന് ബോർഡ് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. ഭൂവുടമാവിഹിതം റവന്യൂ വകുപ്പ് കരം പിരിക്കുന്ന രസീതിൽത്തന്നെ ഈടാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്ന വിഷയവും ഭൂമി വിൽക്കുന്ന സമയം വിൽക്കുന്ന ആളിൽനിന്ന് സെസ്സ് ഏർപ്പെടുത്തുന്ന വിഷയവും പരിശോധനയിലാണ്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളി അംശദായം വർദ്ധിപ്പിക്കുന്നതിനും ഭൂവുടമാവിഹിതം വർദ്ധിപ്പിക്കുന്നതിനും കേരള

കർഷക തൊഴിലാളി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ സർക്കാരിന്റെ അന്തിമ പരിശോധനയിലാണ്. ഇപ്രകാരം ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സജീവമായി സ്വീകരിച്ചുവരുന്നുണ്ട്. തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം കുടിശ്ശിക തീർത്തുകൊടുക്കാനാവശ്യമായ മേൽ നടപടികളും ഇതിനൊപ്പം സ്വീകരിക്കുന്നതാണ്.

8. <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 3-2-2007-നുമുമ്പ് 2100 സ്ഥിരം അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകൾ നിലവിലുണ്ടായിരുന്നുവെങ്കിലും 3-2-007-ലെ G.O.(Ms) No. 5/2007/FCS&CAD സർക്കാർ ഉത്തരവു പ്രകാരം ആയത് 1488 ആയി മരവിപ്പിക്കുകയുണ്ടായി. 31-12-2009-ലെ G.O.(Ms) No. 43/09/F&CSD സർക്കാർ ഉത്തരവു പ്രകാരം അസിസ്റ്റന്റ് സെയിൽസ്മാന്റെ 200 അധിക തസ്തികകളും ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 27-1-2018-ലെ G.O.(Ms) No. 05/18/F&CSD സർക്കാർ ഉത്തരവു പ്രകാരം 151 അധിക തസ്തികകളും പുതുതായി സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ അസിസ്റ്റന്റ് സെയിൽസ്മാന്മാരുടെ എണ്ണം 1839 ആണ്. ഔട്ട്ലെറ്റുകളിൽ റേഷനിംഗ് ഇൻസ്പെക്ടർ/സീനിയർ ക്ലാർക്ക്/ജൂനിയർ ക്ലാർക്ക് എന്നീ അന്യത്ര സേവന വ്യവസ്ഥയിലുള്ളവർ കൂടാതെ കോർപ്പറേഷിലെ സ്ഥിരം ജീവനക്കാരായ അസിസ്റ്റന്റ് സെയിൽസ്മാന്മാരും സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. അന്യത്ര സേവനം കുറവ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ സീനിയർ ക്ലാർക്ക്-I/സീനിയർ ക്ലാർക്ക്-II/ജൂനിയർ അസിസ്റ്റന്റ് എന്നിവർ ഔട്ട്ലെറ്റുകളിൽ സേവനമനുഷ്ഠിച്ചുവരുന്നു. പുതുതായി രൂപീകരിക്കുന്ന ഔട്ട്ലെറ്റുകൾ ഭൂരിഭാഗവും സൂപ്പർ മാർക്കറ്റുകളോ/ഹൈപ്പർ മാർക്കറ്റുകളോ ആയതിനാൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക അധികമായി സൃഷ്ടിക്കേണ്ടിവരുന്നില്ല. സപ്ലൈകോയുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ചും അസിസ്റ്റന്റ് സെയിൽസ്മാന്മാരുടെ നിലവിലെ എണ്ണം പരിഗണിച്ചും പ്രസ്തുത തസ്തികയിൽ അധിക തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല. കോർപ്പറേഷന്റെ പ്രവർത്തനവും ജോലിഭാരവും സംബന്ധിച്ച് Kerala State Productivity Council സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അനുവദിക്കുന്ന കാര്യം ആവശ്യമെങ്കിൽ പരിഗണിക്കുന്നതാണ്.

9. ശ്രീ. എം. നൗഷാദ് എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി

ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. കൊല്ലം മഹാത്മാഗാന്ധി ബീച്ചിൽ ഈ സർക്കാരിന്റെ കാലത്ത് ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി 1.5 കോടി രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകുകയും പദ്ധതി ഏകദേശം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന മുക്കം-താന്നി പ്രദേശത്ത് 68 ലക്ഷം രൂപയുടെ ഒരു ബീച്ച് ടൂറിസം പദ്ധതി ഉദ്ഘാടനത്തിന് തയ്യാറായിക്കഴിഞ്ഞു. ബീച്ചുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ നടപ്പാക്കുമ്പോൾ CRZ ഉൾപ്പെടെയുള്ള നിരവധി ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മഹാത്മാഗാന്ധി ബീച്ചും അനുബന്ധ ബീച്ചുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

10. ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി

മണ്ണാർക്കാട് ഡിവിഷനിൽ മണ്ണാർക്കാട് റെയ്ഞ്ചിലെ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലാണ് സബ്മിഷനിൽ പറഞ്ഞിട്ടുള്ള കണ്ടമംഗലം, മേക്കളപ്പാറ, പൊതുവപ്പാടം, മൈലമ്പാടം, കാരാപ്പാടം തുടങ്ങിയ പ്രദേശങ്ങൾ. സൈലന്റ്‌വാലി ദേശീയോദ്യാനം, മണ്ണാർക്കാട്, നിലമ്പൂർ എന്നീ വനം ഡിവിഷനുകളിൽ ഉൾപ്പെടുന്ന വിസ്തൃതമായ വനപ്രദേശത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള പ്രദേശമാണിത്. മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലും ഡിവിഷന്റെ മറ്റു പല ഭാഗങ്ങളിലും ആന, കാട്ടുപന്നി, പുലി തുടങ്ങിയ വന്യമൃഗങ്ങളാലുള്ള കൃഷിനാശവും വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്നതും അടുത്ത കാലത്തായി അധികരിച്ചിട്ടുണ്ട്. തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കണ്ടമംഗലം, മേക്കളപ്പാറ, പൊതുവപ്പാടം, മൈലമ്പാടം, കാരാപ്പാടം എന്നിവിടങ്ങളിൽ കഴിഞ്ഞ 2 മാസങ്ങളായി പുള്ളിപ്പുലിയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഇവിടങ്ങളിൽ രാത്രിയും പകലും പട്രോളിംഗ് ശക്തിപ്പെടുത്തിയിരുന്നു.

മേൽ പ്രദേശത്ത് നിരവധി വളർത്തുമൃഗങ്ങളെ പുലി കൊന്നതോടെ അതിനെ പിടികൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 1-11-2019-ന് മൈലമ്പാടം ഭാഗത്ത് പുലിയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുകയും. 8-11-2019-ന് അതിരാവിലെ പ്രസ്തുത പുലി കൂടിൽ കുടുങ്ങുകയുമുണ്ടായി. പിന്നീട് വിശദമായ പരിശോധനയ്ക്കുശേഷം ഉൾവനത്തിൽ കൊണ്ടുപോയി തുറന്നുവിട്ടിട്ടുള്ളതാണ്.

ഈ ഡിവിഷന്റെ വിവിധ ഭാഗങ്ങളിൽ വന്യമൃഗങ്ങളാലുള്ള കൃഷിനാശം വളരെ കൂടുതലാണ് എന്നത് വസ്തുതയാണ്. ഒട്ടേറെ ഇടങ്ങളിൽ വളർത്തുമൃഗങ്ങൾക്കും മനുഷ്യജീവനും ഭീഷണി നിലനിൽക്കുന്നുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന ആനകളെ ഉടനടി വനത്തിൽ കയറ്റി വിടാറുണ്ട്. വനപ്രദേശം വളരെ ചരിഞ്ഞതും ദുർഘടവുമായതിനാൽ ആനകളെ വനത്തിനുള്ളിൽനിന്ന് മല കയറ്റി വളരെ അകലേയ്ക്ക് വിടാൻ പ്രയാസമുണ്ട് എങ്കിലും ഇക്കാര്യത്തിൽ ഊർജ്ജസ്വലതയോടെയാണ് വനം വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്. ഡിവിഷനിലെ ഭൂരിഭാഗം ജീവനക്കാരും ഇത്തരം വന്യമൃഗങ്ങളെ കൃഷിയിടങ്ങളിൽ നിന്ന് തിരികെ വനത്തിലേയ്ക്ക് വിടുന്നതിനുള്ള പ്രവർത്തനത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു ആർ.ആർ.റ്റി., ശ്ശിക്കടവിൽ ഒരു എലിഫന്റ് സ്ക്വാഡ് എന്നിവയും ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി പ്രവർത്തിക്കുന്നുണ്ട്. ശ്ശിക്കടവിലുള്ള എലിഫന്റ് സ്ക്വാഡ് താൽക്കാലികമായി പ്രവർത്തിക്കുന്നതും ദിവസവേതനാടിസ്ഥാനത്തിലുള്ള പ്രദേശവാസികളെ ഉൾപ്പെടുത്തിയും പ്രവർത്തിക്കുന്നതാണ്. നിലവിൽ ഇവയ്ക്ക് പുറമെ മേൽ വിഷയം പരിഹരിക്കുന്നതിന് 20 പ്രദേശവാസികളെ വിവിധയിടങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. പ്രദേശത്തെ വന്യമൃഗങ്ങളാലുള്ള നാശനഷ്ടം തടയുന്നതിനായി അഗളിയിൽ ഒരു ആർ.ആർ.റ്റി. കൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.